# ക്രിസ്തുമതം : യാഥാർത്ഥ്യത്തിൽ നിന്ന് കെട്ടുകഥയിലേക്ക്

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

---

വിവ: ഏ. എം. മുഹമ്മദ് സലീം

Christhumatham : Yadharthyathil Ninnu Kettukadhayilekku
Malayalam Translation of
Christianity : A Journey from Facts to Fiction

Author :
Hadhrath Mirza Tahir Ahmad.

Translator.
Muhammed Salim. A.M.

Type Setting:
Victory creations, Calicut.

Printed:
Geethanjali offset Printers, Calicut.

Cover Design
Anas Manantheri.

Published by :
Islam International publication
Ahmadiyya Muslim Jamath, Kerala
G.H. Road, Calicut, Kerala.
Phone: 0495 5520733
First Edition. Feb. 2006.

Price : 60

# ക്രിസ്തുമതം : യാഥാർത്ഥ്യത്തിൽ നിന്ന് കെട്ടുകഥയിലേക്ക്

**ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്**

**വിവ: ഏ. എം. മുഹമ്മദ് സലീം**

**ഇസ്ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്**

അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്
ജി. എച്ച്. റോഡ്, കോഴിക്കോട്

# ക്രിസ്തുമതം : യാഥാർത്ഥ്യത്തിൽ നിന്ന് കെട്ടുകഥയിലേക്ക്

***ഈ പുസ്തകത്തെക്കുറിച്ചുള്ള***
***നിങ്ങളുടെ അഭിപ്രായങ്ങൾ അറിയിക്കുക***

**ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്**
അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്ത്
ജി. എച്ച്. റോഡ്, കോഴിക്കോട് - 1.
ഫോൺ: 0495 - 5520733

അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്ത്
സെന്റ് ബനഡിക്റ്റ് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി.

# അവതാരിക

'ക്രിസ്തുമതം: യാഥാർത്ഥ്യത്തിൽ നിന്ന് കെട്ടുകഥയിലേക്ക്' എന്ന ഈ പുസ്തകം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ നാലാം ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) എഴുതിയ Christianity: A Journey from Facts to Fiction എന്ന പുസ്തകത്തിന്റെ പരിഭാഷയാണ്. ആത്മീയവും ഭൗതികവുമായ അപാരമായ ജ്ഞാനത്താൽ അനുഗൃഹീതനും അതുല്യനുമായ ഒരു പ്രതിഭാശാലിയായിരുന്നു ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്).

മനുഷ്യന്റെ അനുഭവയാഥാർത്ഥ്യങ്ങൾക്കും യുക്തിക്കും വിരുദ്ധമായ കാര്യങ്ങൾ ഉൾക്കൊള്ളുന്ന മതത്തിൽ നിന്നും ചിന്താശീലരായ മനുഷ്യർ ക്രമേണ അകലുന്നു എന്നത് സ്വാഭാവികമാണ്. പ്രത്യേകിച്ച് യുവാക്കൾ നിർമതവാദികളും ദൈവനിഷേധികളുമായിത്തീരുന്നു. ഇസ്‌ലാമടക്കം എല്ലാ മതങ്ങൾക്കും ഇത് ബാധകമാണ്. എല്ലാ മതങ്ങൾക്കും ഇത്തരത്തിലുള്ള ജീർണ്ണതകൾ ബാധിച്ചിട്ടുണ്ട് എന്നത് ഒരു യാഥാർത്ഥ്യമാണ്. ഈ ഗ്രന്ഥത്തിൽ ക്രിസ്തുമത സിദ്ധാന്തങ്ങളെയാണ് ഗ്രന്ഥകാരൻ വിശകലന വിധേയമാക്കുന്നത്.

ലോകത്തിലെ പ്രബലങ്ങളായ മൂന്ന് മതങ്ങൾ അതായത് യഹൂദ, ക്രൈസ്തവ, ഇസ്‌ലാം മതങ്ങൾ ക്രിസ്തുവിനെ സംബന്ധിച്ച് വ്യത്യസ്ത വീക്ഷണങ്ങൾ പുലർത്തുന്നവരാണ്. യഹൂദർക്ക് മസീഹായിട്ടാണ് അഥവാ മിശിഹായായിട്ടാണ് താൻ അവതരിച്ചതെന്നായിരുന്നു ക്രിസ്തുവിന്റെ വാദം. പന്ത്രണ്ട് ഗോത്രങ്ങളായിരുന്നു യഹൂദ സമുദായം. ഈ പന്ത്രണ്ട് ഗോത്രങ്ങളിൽ യേശുവിന്റെ കാലത്ത് ഫലസ്തീനിൽ രണ്ട് ഗോത്രങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. ബാക്കി പത്ത് ഗോത്രങ്ങളും പ്രവാസികളായി വിദൂരദിക്കുകളിൽ ചിതറി പാർത്തു കഴിയുകയായിരുന്നു എന്നത് ബൈബിളും ചരിത്രവും സാക്ഷ്യം വഹിക്കുന്ന ഒരു വസ്തുതയാണ്. ദൈവിക ആജ്ഞയാൽ യേശു തന്റെ ദൗത്യം പ്രബോധനം ചെയ്തപ്പോൾ ഫലസ്തീനിലെ യഹൂദികൾ അദ്ദേഹത്തെ വ്യാജനാക്കി. വ്യാജനാണെന്ന് വരുത്തി ത്തീർക്കാൻ തിരുവെഴുത്തുകളിൽ കള്ളപ്രവാചകന്മാർക്ക് നൽകപ്പെടുന്ന കുരിശുമരണശിക്ഷ യേശുവിൽ വിധിക്കുവാൻ ന്യായാധിപനെ അവർ നിർബന്ധിക്കുകയും ക്രൂശിക്കാൻ ശ്രമിക്കുകയും ചെയ്തു. ക്രിസ്തുവിനെ കുരിശിൽ തറച്ചെങ്കിലും ഹീനമായ കുരിശുമരണത്തിൽ നിന്നും ദൈവം അദ്ദേഹത്തെ രക്ഷിച്ചു. കുരിശു സംഭവത്തിനുശേഷം 'ഇസ്രായീൽ ഗൃഹത്തിലെ

കാണാതെ പോയ ആടുകളുടെ അടുക്കലേക്കല്ലാതെ ഞാൻ അയക്കപ്പെട്ടിട്ടില്ല'. എന്ന യേശുവിന്റെ ദൗത്യപ്രഖ്യാപനം പൂർത്തീകരിക്കാൻ അദ്ദേഹം കിഴക്കൻ ദേശങ്ങളിൽ വസിച്ചിരുന്ന പത്ത് ഗോത്രങ്ങളെ തേടി ഫലസ്തീനു പുറത്ത് സഞ്ചരിക്കുകയാണുണ്ടായത്. സിറിയ, ഇറാൻ, അഫ്ഗാനിസ്ഥാൻ, ഇന്ത്യ എന്നീ രാജ്യങ്ങളിൽ ചിതറി പാർത്തു കഴിഞ്ഞിരുന്ന ഇസ്രയേൽ ഗോത്രങ്ങൾക്കിടയിലേക്കാണ് അദ്ദേഹം പിന്നീട് ദിവ്യദൗത്യവുമായി പോയത്. അഫ്ഗാനിസ്ഥാനിലും, കാശ്മീരിലുമുള്ള ഇന്നത്തെ നിവാസികൾ പുരാതന യഹൂദഗോത്രത്തിൽ പെട്ടവരാണെന്ന്, അനിഷേധ്യമായ ചരിത്രയുക്തിയോടെ അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ ഹദ്റത്ത് അഹ്മദ് (അ) തന്റെ 'മസീഹ് ഹിന്ദുസ്ഥാൻമെ' എന്ന ഗ്രന്ഥത്തിൽ തെളിയിച്ചിട്ടുണ്ടെന്ന കാര്യം ഇവിടെ സ്മരിക്കുന്നു. പിന്നീട് ഈ സത്യത്തെ പല ചരിത്രകാരന്മാരും നരവംശ ശാസ്ത്രജ്ഞന്മാരും സ്ഥിരീകരിച്ചിട്ടുണ്ട്. ഇപ്പോഴും അത് സംബന്ധമായ ഗവേഷണങ്ങൾ സജീവമായി തുടരുന്നു.

പാപികളായ മനുഷ്യരാശിയെ രക്ഷിക്കാൻ ദൈവം സ്വന്തം പുത്രനായ യേശുവിനെ അയക്കുകയും പാപത്തിനു പരിഹാരമായിക്കൊണ്ട് കുരിശിൽ ബലിയാവുകയും ചെയ്തു എന്നാണ് ക്രിസ്തീയ വിശ്വാസം. ദൈവത്തിന്റെ ഈ കുരിശുമരണത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം ക്രിസ്തുമതം പാപവിമോചനം വാഗ്ദാനം ചെയ്യുന്നു. ഈ പാപമോചനസിദ്ധാന്തം ബൈബിളിലില്ലാത്തതും യേശു പ്രബോധിക്കാത്തതും മനുഷ്യയുക്തിക്ക് നിരക്കാത്തതുമാണ്. ക്രിസ്തുമതത്തിലെ ദൈവസങ്കല്പം, യേശുവിന്റെ പുത്രത്വം, പാപപരിഹാരസിദ്ധാന്തം, ആകാശാരോഹണം, എന്നീ വിഷയങ്ങൾ അതിസൂക്ഷ്മവും, നിശിതവുമായ രീതിയിൽ സൂക്ഷ്മമായി വിശകലനം ചെയ്തുകൊണ്ട് അതിലെ യുക്തിരാഹിത്യവും പ്രമാണവൈരുദ്ധ്യങ്ങളും ഈ പുസ്തകത്തിൽ തുറന്നുകാട്ടുന്നു.

വിശുദ്ധ ഖുർആന്റെ വീക്ഷണകോണിലാണ് അഹ്മദികൾ യേശുവിനെ നോക്കിക്കാണുന്നത്. ബനീ ഇസ്രായേൽ സമുദായത്തിൽ മോസസിന്റെ ന്യായപ്രമാണത്തെ നിവർത്തിപ്പാൻ മോസസ്സിന് ശേഷം ആയിരത്തിനാന്നൂറ് വർഷങ്ങൾ കഴിഞ്ഞ് ആഗതനായ യേശു ബനീ ഇസ്രായേൽ സമുദായത്തിലേക്ക് മാത്രം അയക്കപ്പെട്ട മസീഹായിരുന്നു. പലസ്തീനിലെ യഹൂദികളിൽ ബഹുഭൂരിപക്ഷവും, അദ്ദേഹത്തെ നിരാകരിക്കുകയും കുരിശിൽ തറച്ച് കൊല്ലാൻ ശ്രമിക്കുകയും ചെയ്തു. ക്രിസ്ത്യാനികൾ വിശ്വസിക്കുന്നതുപോലെ കുരിശിൽ അദ്ദേഹം മരിച്ചിട്ടില്ല. എന്നാൽ ബോധരഹിതനാവുകയാണ് ചെയ്ത

ത്. കുരിശ് സംഭവത്തിന് ശേഷം മറ്റു ഇസ്രായേൽ ഗോത്രങ്ങൾ അധിവസിച്ചിരുന്ന കിഴക്കൻ പ്രദേശത്തേക്ക് അദ്ദേഹം വരികയും ഇന്ത്യയിലെ ഉന്നത ഭൂപ്രദേശവും ജലാശയസമ്പന്നവുമായ കശ്മീരിൽ വെച്ച് മഹാനായ ആ പ്രവാചകൻ ദിവംഗതനാവുകയുമാണുണ്ടായത്. വിശുദ്ധ ഖുർആൻ 23:51 ാം വചനത്തിൽ ഇക്കാര്യം സൂചിപ്പിക്കുന്നു. കശ്മീരിലെ ശ്രീനഗറിൽ "യൂസ് ആസഫ്" എന്ന ദിവ്യന്റെ പേരിൽ അറിയപ്പെടുന്ന കബർ യേശുവിന്റേതാണെന്ന് അഹ്മദികൾ വിശ്വസിക്കുകയും ചരിത്രപണ്ഡിതന്മാരേയും വിശ്വാസി സമൂഹത്തേയും ഇക്കാര്യത്തിൽ ഗവേഷണം നടത്താൻ അവർ ആഹ്വാനം ചെയ്യുകയും ചെയ്യുന്നു.

ഗ്രന്ഥകാരൻ ക്രിസ്തുമത സിദ്ധാന്തങ്ങൾക്കെതിരെ വെറുമൊരു വിമർശനപഠനം നടത്തുകയല്ല ചെയ്തത്. ദൈവദൂതനായ ജീസസ്സിനെക്കുറിച്ച്, ബൈബിളിൽ പറഞ്ഞ യഥാർത്ഥ അദ്ധ്യാപനങ്ങൾ കണ്ടെത്തുകയാണ് ചെയ്യുന്നത്. യഹൂദികൾക്ക് ദൈവം വാഗ്ദാനം ചെയ്ത മിശിഹാ ആയ യേശുവിനെ ഇന്നും യഹൂദികൾ വിശ്വസിച്ചിട്ടില്ല. പകരം നിന്ദ്യമായ രീതിയിൽ ഭൽത്സിക്കുകയാണ് ചെയ്യുന്നത്. യഹൂദമതസ്ഥർ യേശുവിനെ വിശ്വസിക്കാനും അതുപോലെ ബൈബിളിൽ പ്രവചനരൂപത്തിൽ പ്രതിപാദിക്കപ്പെട്ട സത്യത്തിന്റെ ആത്മാവ് കാര്യസ്ഥൻ (പാറകലീത്ത്), മോസസ് പറഞ്ഞ സഹോദരന്മാർക്കിടയിൽ നിന്നുള്ള എന്നെപ്പോലെയുള്ള പ്രവാചകൻ, പാറാൻ (അറേബ്യയിലെ) പർവ്വതത്തിൽ വെളിപ്പെടുന്ന ദൈവികപ്രകാശം, തുടങ്ങിയ പേരുകളിൽ പറയപ്പെട്ട മതപുരുഷൻ മുഹമ്മദ് നബി(സ) ആണെന്നും യഹൂദ ക്രൈസ്തവ വിശ്വാസികൾ ആ മഹാത്മാവിനെ തിരിച്ചറിയണമെന്നുമാണ് ഗ്രന്ഥകാരൻ നൽകുന്ന സന്ദേശം. ലോകത്തിലെ എല്ലാ മതങ്ങളും ദൈവത്തിൽ നിന്നുള്ളതാണ്. ഓരോ മതഗ്രന്ഥങ്ങളിലും പിൽകാലത്ത് അവതരിക്കേണ്ട മതപുരുഷന്മാരെപ്പറ്റി പ്രവചനമുണ്ട്. ഇങ്ങനെ പിൽക്കാല മതപുരുഷന്മാരെക്കൂടി തിരിച്ചറിഞ്ഞ് വിശ്വസിച്ചെങ്കിൽ മാത്രമെ സ്വന്തം മതവിശ്വാസം പൂർണ്ണമാവൂ. ഇത്തരത്തിൽ പിൽക്കാലത്തെ ദൈവനിയുക്തരെ കൂടി തിരിച്ചറിയലാണ് വിശ്വാസി സമൂഹത്തിന്റെ ബാധ്യതയെന്നുമാണ് ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നത്.

എല്ലാ മതത്തിലും അവസാനകാലത്ത് വരുമെന്ന് വാഗ്ദാനം ചെയ്യപ്പെട്ട ഒരു പരിഷ്കർത്താവിനേയും നാം തിരിച്ചറിയേണ്ടതാണ്. മനുഷ്യസമൂഹം ഒന്നായിത്തീർന്ന ഇക്കാലത്ത് ഓരോ മതസ്ഥർക്കും പ്രത്യേകം പ്രത്യേകം ദൈവനിയുക്തരായ പരിഷ്കർത്താക്കൾ വരുമെന്നല്ല ഈ പ്രവചനങ്ങളുടെ അർത്ഥം. എല്ലാ മതഗ്രന്ഥങ്ങളിലും

പ്രതിപാദിച്ച ആ വാഗ്ദത്ത ലോകോദ്ധാരകൻ ഒരാളാണെന്നും അദ്ദേഹത്തെ യഥാകാലം ദൈവം നിയോഗിച്ചിട്ടുണ്ടെന്നുമാണ് അഹ്മദികളുടെ വാദം. ആ മഹാത്മാവാണ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ). ആ മഹാത്മാവിനേയും മതവിശ്വാസികൾ തിരിച്ചറിയേണ്ടതുണ്ട്.

വളരെ വിജ്ഞേയമായ ഈ ഗ്രന്ഥം രചിച്ച ഖലീഫത്തുൽ മസീഹ് നാലാമന്റെ ആശയം വായനക്കാരിൽ എത്തുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ആ മഹാത്മാവിന് അല്ലാഹു മേൽക്കുമേൽ പ്രതിഫലം നൽകുമാറാകട്ടെ.

ഈ പുസ്തകത്തിന്റെ പരിഭാഷ നിർവ്വഹിച്ചത് സത്യദൂതൻ പത്രാധിപർ ഏ.എം. മുഹമ്മദ് സലീം സാഹിബ് അവർകളാണ്. തന്റെ പത്രാധിപർ എന്ന നിലക്കുള്ള കൃത്യനിർവ്വഹണത്തിനും മറ്റു ജോലിക്കാർക്കും പുറമെ സമയം കണ്ടെത്തി ഇത്തരത്തിൽ മധുരമായ ഭാഷയിൽ പരിഭാഷ നിർവ്വഹിച്ച അദ്ദേഹത്തെ എത്ര അഭിനന്ദിച്ചാലും മതിയാവില്ല. ഇതേ ഗ്രന്ഥകർത്താവിന്റെ Murder in the name of Allah എന്ന പുസ്തകവും നോബൽ സമ്മാന ജേതാവ് ഡോ. അബ്ദുസ്സലാം സാഹിബിന്റെ Science in Islamic Common Wealth എന്ന പുസ്തകവും ഡോ. സാലേ മുഹമ്മദ് അലാഡിന്റെ Lunar - Solar Eclipses: Sign of Imam Mahdi എന്ന പുസ്തകവും അദ്ദേഹം പരിഭാഷപ്പെടുത്തിയിട്ടുണ്ട്. അല്ലാഹു അദ്ദേഹത്തിന് ഇഹപരത്തിൽ തക്കതായ പ്രതിഫലം നൽകട്ടെ. ഈ പരിഭാഷ റിവ്യു ചെയ്ത റിവ്യു കമ്മിറ്റി പ്രസിഡണ്ട് കെ.വി. ഈസക്കോയ സാഹിബിനേയും മെമ്പർമാരായ പി.എം. അഹ്മദ് ഹസ്സൻ സാഹിബ്, കെ.വി. ഹസ്സൻ കോയ സാഹിബ് എന്നിവരും അഭിനന്ദനം അർഹിക്കുന്നു. അല്ലാഹു അവർക്കും മതിയായ പ്രതിഫലം നൽകുമാറാകട്ടെ.

ദൈവം എല്ലാ മതവിശ്വാസികളേയും അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് നയിക്കുമാറാകട്ടെ എന്ന പ്രാർത്ഥനയോടെ ഈ ഗ്രന്ഥം വായനക്കാർക്ക് സമർപ്പിക്കുന്നു.

- ഏ.പി. കുഞ്ഞാമു
അമീർ, അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്, കോഴിക്കോട്, സോൺ
ജി.എച്ച്. റോഡ്, കോഴിക്കോട്

# വിവർത്തകക്കുറിപ്പ്

ഹീനമായ ഭർത്സനങ്ങളും, ഭീഭത്സമായ പീഡനങ്ങളും അതികഠിനമായ പരീക്ഷണങ്ങളും, അഭിമുഖീകരിച്ച ദൈവത്തിന്റെ ഉജ്ജ്വലതേജസ്വിയായ ഒരു പ്രേഷിതനായിരുന്നു യേശുക്രിസ്തു. ജൂത ക്രൈസ്തവ ഇസ്ലാം എന്നീ മൂന്നു മഹാമതങ്ങളെ ബന്ധിപ്പിക്കുന്ന ഒരു കണ്ണികൂടിയാണ് മഹാനായ യേശു. ഈ മൂന്ന് മതങ്ങളും പരസ്പരവിരുദ്ധങ്ങളായ മൂന്ന് വീക്ഷണകോണുകളിലൂടെ അദ്ദേഹത്തെ നോക്കിക്കാണുന്നു. അതുകൊണ്ടുതന്നെ യേശുക്രിസ്തു മതസംവാദങ്ങളുടെ കേന്ദ്രബിന്ദുവായിത്തീരുകയാണ്. അദ്ദേഹത്തിന്റെ ജീവിതവും ജീവിത സന്ദേശവും മതവിശ്വാസികളുടെ അതീവ ശ്രദ്ധയർഹിക്കുന്ന വിഷയങ്ങളായി മാറുകയും ചെയ്യുന്നു. അതിനേക്കാളുപരി യുഗാന്ത്യസംഭവങ്ങളുടെ മുന്നോടിയായി അവസാനകാലത്ത് ആകാശത്തുനിന്നും ഇറങ്ങിവരേണ്ട മതപുരുഷനും അദ്ദേഹം തന്നെ!! അതായത് ക്രൈസ്തവ ഇസ്ലാം മതങ്ങളിലെ അവസാനകാലത്ത് സംഭവിക്കുന്ന ദൈവപ്രോക്തങ്ങളായ വിജയങ്ങളുടേയും വീണ്ടെടുപ്പിന്റേയും വിമോചനത്തിന്റേയും ഒരേയൊരു പ്രതീക്ഷ യേശുവിന്റെ രണ്ടാം വരവിലാണ്. അതുകൊണ്ട് ക്രൈസ്തവ ഇസ്ലാം മതങ്ങളിലെ കോടിക്കണക്കിന് വിശ്വാസികൾ ആ വാഗ്ദത്ത മതപുരുഷൻ ആകാശത്ത് നിന്നും അവരോഹിയാവുന്നത് കാണാൻ പ്രതീക്ഷാനിർഭരരായി ആകാശ വിജനതയിലേക്ക് നോക്കിപ്പാർത്തു കഴിയുന്നു. അങ്ങനെ യേശു നമ്മുടെ കാലത്തെ ആദ്ധ്യാത്മിക സാമൂഹ്യപ്രശ്നങ്ങളുമായി ബന്ധപ്പെട്ട മതപുരുഷനും സജീവമായൊരു ചർച്ചാവിഷയവുമായിത്തീരുന്നു. അദ്ദേഹത്തിന്റെ പേരിൽ വിശ്വസിക്കപ്പെടുന്ന ആകാശവാസവും രണ്ടായിരം കൊല്ലത്തെ ചിരഞ്ജീവിത്വവും മറ്റുപല അമാനുഷികതകളും നമ്മുടെ ചർച്ചക്ക് വിധേയമാകുന്നതിന്റെ പശ്ചാത്തലമിതാണ്.

നിർഭാഗ്യകരമെന്ന് പറയട്ടെ; ക്രിസ്തുമതത്തിലെ ക്രിസ്തു ഏറ്റവും കൂടുതൽ ഇതിഹാസവത്ക്കരിക്കപ്പെട്ട ഒരു മതപുരുഷനാണ് ഏറെക്കുറെ മുസ്ലിം ഭൂരിപക്ഷ വിശ്വാസവും അപ്രകാരം തന്നെ. ദൈവശാസ്ത്രത്തിന്റെ അയുക്തികതയും ചരിത്രപരതയുടെ സന്നിഗ്ദതയും ക്രിസ്തുമതത്തിലെ യേശുവിനെ യുക്തിബോധമുള്ള

ഒരാൾക്ക് പ്രാപിക്കാൻ കഴിയാത്ത ഒരു ഇതിഹാസ കഥാപാത്രമാക്കിയിരിക്കുന്നു. സ്വർഗ്ഗത്തിൽ നിന്നും വിലക്കപ്പെട്ട കനി ഭക്ഷിച്ച് പാപികളായി പറുദീസ നഷ്ടപ്പെട്ട് ഭൂമിയിൽ പതിച്ച ആദം ദമ്പതികളിൽ നിന്നും അതാരംഭിക്കുന്നു. പാപം ആദംദമ്പതിമാരിലൊതുങ്ങിയില്ല. അവരുടെ സന്തതികളിലേക്കും സന്തതിപരമ്പരകളിലേക്കും പാപം അനുസ്യൂതമായി സംക്രമിച്ചു. അങ്ങനെ പാപികളായിത്തീർന്ന ആദം സന്തതികളെ ശിക്ഷിക്കാൻ ദൈവത്തിന്റെ കാരുണ്യം അനുവദിച്ചില്ല. പാപികളെ ശിക്ഷിക്കാതിരിക്കുന്നത് ദൈവനീതിക്ക് നിരക്കുന്നതുമല്ല. ഈ വിഷമപ്രശ്നം പരിഹരിക്കാൻ ദൈവം ആവിഷ്കരിച്ച പദ്ധതിയാണ് തന്റെ ഏകജാതനായ പുത്രനെ ഭൂമിയിലേക്കയച്ച് പാപത്തിനുപകരം കുരിശിൽ മരിച്ച് പാപികളെ വീണ്ടെടുക്കുക എന്നത്. ഈ ദൈവിക പദ്ധതിയുടെ ഭാഗമായി രണ്ടായിരം വർഷം മുമ്പ് ക്രിസ്തു ഭൂമിയിൽ വരികയും മനുഷ്യവംശത്തിന്റെ പാപപരിഹാരാർത്ഥം കുരിശ്മരണം വരിക്കുകയും ചെയ്തു. മൂന്നാംദിവസം ഉയിർത്തെഴുന്നേറ്റ ക്രിസ്തു പിന്നീട് സ്വർഗ്ഗാരോഹണം നടത്തി പിതാവായ ദൈവത്തിന്റെ വലത് ഭാഗത്ത് ഉപവിഷ്ടനായി, ദൈവികമായ ലോകഭരണം നടത്തിവരുന്നു. അവസാനനാളിൽ വീണ്ടും ഭൂമിയിലേക്ക് അദ്ദേഹം ഇറങ്ങി വരും. ഇതിൽ വിശ്വസിക്കുന്ന പാപികളായ എല്ലാ മനുഷ്യർക്കും മോക്ഷമുണ്ടെന്ന് ക്രിസ്ത്യൻ മുക്തിശാസ്ത്രം പറയുന്നു. മതലോകം പൊതുവേ വിശ്വസിക്കുന്ന ആത്മസംസ്കരണാത്മകതയിലും കർമ്മണ്യതയിലുമധിഷ്ഠിതമായ മുക്തിമാർഗ്ഗത്തിൽ നിന്നും വ്യത്യസ്തമായ വിചിത്രവും യാന്ത്രികവുമായ ഒരു മുക്തി മാർഗ്ഗമാണിത്.

മറ്റൊരു വസ്തുത യുക്തിയുടേയും അക്കാദമീയമായ അന്വേഷണങ്ങളുടേയും നിരോധിതമേഖലയാണ് ക്രിസ്തു ചരിത്രം എന്നതാണ്. ക്രിസ്തുവിനെ സംബന്ധിച്ച് കോടിക്കണക്കിന് സാഹിത്യങ്ങൾ ഇന്നോളം എഴുതപ്പെട്ടിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ ദൈവപുത്രത്വപരമായ പ്രഘോഷണങ്ങളും, അത്ഭുതപ്രവൃത്തികളും, അതിശയങ്ങളും സ്വർഗ്ഗീയ വാഗ്ദാനങ്ങളും ഉപമാകഥകളുമാണ് അതിലെല്ലാം നിറഞ്ഞുനിൽക്കുന്നത്. ആരായിരുന്നു യേശു? എപ്പോഴായിരുന്നു അദ്ദേഹത്തിന്റെ ജനനം? അദ്ദേഹത്തിന്റെ ശൈശവ ജീവിതം എവിടെയായിരുന്നു? അദ്ദേഹത്തിന്റെ കുടുംബജീവിതമെങ്ങനെ? വിദ്യാഭ്യാസമെന്ത്? സാമൂഹ്യപരിസരം എന്തായിരുന്നു? എന്തായിരുന്നു അദ്ദേഹത്തിന്റെ ഉപജീവനമാർഗ്ഗം? ജീവിതസംഭവങ്ങളുടെ കാലാനു

ക്രമിക എന്ത്? മറ്റു ജീവിതയാഥാർത്ഥ്യങ്ങളെന്തെല്ലാം? അദ്ദേഹത്തിന്റെ മരണം എപ്പോൾ? എവിടെ വെച്ച്? ഇത്തരത്തിൽ മനുഷ്യന്റെ ചരിത്ര കൗതുകത്തെ ശമിപ്പിക്കുന്നതും അക്കാദമീയമായി വ്യക്തതയുള്ളതുമായ ഒരു ചരിത്രരചന യേശുവിനെ സംബന്ധിച്ച് ഇന്നോളമുണ്ടായിട്ടില്ല. അങ്ങനെയൊന്ന് എഴുതപ്പെട്ടിട്ടുണ്ടെങ്കിൽ തന്നെ എഴുതിയയാൾ സഭയുടെ അപ്രീതിക്ക് പാത്രവും, വിഗ്രഹഭഞ്ജകനുമായിത്തീരും. മറ്റൊരു വിചിത്രമായ കാര്യം അക്കാദമിക് ചരിത്രത്തിന്റെ കാല നിർണ്ണയം യേശുവിനെ ആധാരമാക്കിയാണ് ബി.സി.യും (ക്രിസ്തുവിന് മുമ്പ്) എ.ഡി.യും (അന്നോ ഡോമിനി = കർത്താവിന്റെ വർഷത്തിൽ)ആയി വിഭജിക്കപ്പെട്ടിരിക്കുന്നത്. ചരിത്രത്തിന്റെ ഈ വിഭാജകവ്യക്തി തന്നെ ചരിത്രത്തിന് അപ്രാപ്യനായിരിക്കുന്നത് വിരോധാഭാസമല്ലേ? ഏതായാലും ജീവിതത്തിന്റെ പൊരുളും ലക്ഷ്യവും തിരിച്ചറിയാനും മതപരമായ ജീവിതം നയിക്കാനും ദൈവം നൽകിയ ഏറ്റവും വലിയ വരദാനമാണ് യുക്തിബോധവും ചിന്താശക്തിയും. ഭൗതികലോകത്ത് സ്ഥലകാലത്തിൻ സംഭവിക്കുന്ന പ്രതിഭാസങ്ങളെല്ലാം യുക്തികൊണ്ടും ചിന്തകൊണ്ടും നമുക്ക് വിവേചിച്ചറിയാവുന്നതാണ്. ദൈവം തന്നെ മനുഷ്യന് സമ്മാനിച്ച യുക്തിക്കും ചിന്തക്കും നിരോധനമേർപ്പെടുത്തി അയുക്തികതയും അന്ധവിശ്വാസങ്ങളും മതവിശ്വാസങ്ങളായി അംഗീകരിക്കണമെന്ന് മതാധികാരികൾ പറയുന്നത് അംഗീകരിക്കാൻ സാധ്യമല്ല.

യുക്തിയും, മനുഷ്യന്റെ അനുഭവ യാഥാർത്ഥ്യങ്ങളുമുപയോഗിച്ച് ക്രിസ്തുമതത്തെ വിശകലനം ചെയ്യുന്ന ഈ കൃതി ഗൗരവമേറിയ ചിന്ത ആവശ്യപ്പെടുന്നു. വിശ്വാസത്തെ പാവനമായി കരുതുന്നവർക്കും മനുഷ്യ ധിഷണയെ ആദരിക്കുന്നവർക്കും ഇതിലുന്നയിക്കുന്ന പ്രശ്നങ്ങൾ നിസ്സാരമാക്കി തള്ളാൻ സാധ്യമല്ല. മനുഷ്യൻ കിടിലം കൊണ്ടുപോകുന്ന നിരവധി മഹാ പീഢന സഹിച്ച് ദൈവ പ്രീതിക്ക് വേണ്ടി ഉജ്വലമായ ജീവിതം കാഴ്ച വെച്ച മഹാനായ യേശുവിന്റെ ജീവിതവും സന്ദേശവും തെറ്റായി മനസ്സിലാക്കുന്നത് ആ മഹാത്മാവിനോട് നാം ചെയ്യുന്ന അപരാധമാണ്. ക്രിസ്തുവിന്റെ യഥാർത്ഥ ജീവിതവും അദ്ധ്യാപനങ്ങളും എന്താണെന്ന് ഗ്രഹിക്കാനും, അദ്ദേഹത്തിന്റെ പേരിൽ മതലോകത്ത് പ്രചരിക്കുന്ന അന്ധവിശ്വാസങ്ങൾ ത്യജിക്കാനും ഈ കൃതി സഹായകരമാവും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

**Christianity: A Journey from Facts to Fiction** എന്ന മൂല കൃതി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ നാലാം ഖലീഫാ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) രചിച്ചതാണ്. ***'ക്രിസ്തുമതം : യഥാർത്ഥ്യത്തിൽ നിന്ന് കെട്ടുകഥയിലേക്ക്'*** എന്നാണ് പുസ്തക ത്തിന്റെ പേര് മൊഴിമാറ്റം ചെയ്തിരിക്കുന്നത്. മതപ്രമാണങ്ങളുടെ അധിഷ്ഠാനത്തിൽ നിന്നുകൊണ്ട് ആധുനിക ബൗദ്ധികലോകവുമായി ഇത്ര ആർജ്ജവത്തോടെയും പ്രത്യുൽപന്നമതിത്വത്തോടെയും സംവ ദിച്ച മറ്റൊരു പ്രതിഭാശാലിയെ നമ്മുടെ കാലഘട്ടത്തിൽ കണ്ടെത്താൻ സാധ്യമല്ല. അദ്ദേഹം രചിച്ച *'Revelation Rationality Knowledge and Truth'* എന്ന പുസ്തകം അതിന്റെ ഉത്തമനിദർശനമാണ്. കൂടാ തെ, മറ്റു നിരവധി ഗ്രന്ഥങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. ആ ദിവ്യ പുരുഷന്റെ ആത്മാവിന് അല്ലാഹുവിന്റെ അനുഗ്രഹം മേൽക്കുമേൽ ലഭിക്കുമാറാകട്ടെ.

ഈ വിവർത്തനം നിർവ്വഹിക്കാൻ ഭാഗ്യം ലഭിച്ചതിന് ആദ്യമായി അല്ലാഹുവിനെ ഞാൻ സ്തുതിക്കുന്നു. ഈ പുസ്തകം തർജ്ജമ ചെയ്യാൻ എല്ലാ സഹായസഹകരണങ്ങളും ചെയ്തുതരികയും ഈ പുസ്തകത്തിന് അവതാരിക എഴുതിത്തരികയും ചെയ്ത അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് കോഴിക്കോട് മേഖലാ അമീർ ഏ.പി. കുഞ്ഞാമു സാഹിബിന് എന്റെ അകമഴിഞ്ഞ കൃതജ്ഞത രേഖപ്പെടുത്തുന്നു. വിവർത്തനത്തിന് അനുമതി നൽകിയ അഹ്മദിയ്യാ മുസ്‌ലിം ജമാ അത്ത് നശ്റോ ഇശാഅത്ത് (ഖാദിയാൻ) വകുപ്പിനെയും നന്ദിപൂർവ്വം സ്മരിക്കുന്നു. ഈ പുസ്തകത്തിന്റെ സംശോധന നിർവ്വഹിച്ചത് ജനാബ്: കെ.വി. ഈസക്കോയ സാഹിബ് പ്രസിഡണ്ടും പി.യം. അഹ്മദ് ഹസൻ സാഹിബ്, കെ.വി. ഹസ്സൻ കോയ സാഹിബ് എന്നി വർ മെംമ്പർമാരുമായ ഒരു കമ്മിറ്റിയാണ്. അവരുടെ അമൂല്യമായ സേവനം ഞാൻ ഇവിടെ നന്ദിപൂർവ്വം ഓർക്കുകയാണ്. അവർക്ക് നന്ദി പറയാൻ എനിക്ക് വാക്കുകളില്ല. സർവ്വശക്തനായ അല്ലാഹുവിനോട് അവർക്കുവേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. ഈ പുസ്തക ത്തിന്റെ പ്രൂഫ് റീഡിങ്ങ് നടത്തിയ ജ: കെ.വി. ഹസ്സൻ കോയ സാഹി ബിന് ഒരിക്കൽ കൂടി നന്ദി പ്രകാശിപ്പിക്കുന്നു.

മൂലകൃതിയുടെ 1997ലെ ഏറ്റവും പുതിയ പതിപ്പ് എനിക്ക് അയ ച്ചുതന്ന എറണാകുളം മേഖലാ അമീറും, എറണാകുളം ജമാഅത്ത്

പ്രസിഡണ്ടും എന്റെ ആത്മമിത്രവുമായ ബി.ബി. അഹ്മദ് കബീർ സാഹിബിനും അകമഴിഞ്ഞ കൃതജ്ഞത രേഖപ്പെടുത്തുന്നു. ഈ കൃതിയുടെ പ്രസിദ്ധീകരണത്തിന് ചില സാങ്കേതിക തടസ്സങ്ങൾ നേരിട്ടപ്പോൾ അത് നീങ്ങി കിട്ടാൻ കബീർ സാഹിബ് നടത്തിയ കഠിനമായ ശ്രമങ്ങൾ നന്ദി പൂർവ്വം ഞാൻ സ്മരിക്കുന്നു. അതുപോലെ ഈ വിവർത്തനം പ്രസിദ്ധീകരിക്കാൻ പല വിധത്തിലും സഹായിച്ച എം. കെ. ഇബിച്ചി കോയട്ടി സാഹിബ്, മൗലവി സൈനുദീൻ ഹാമിദ് സാഹിബ് (മദ്രസ്സാ അഹ്മദിയ്യാ, ഖാദിയാൻ) ,കൊച്ചി അഹ്മദിയ്യാ ജമാഅത്ത് പ്രസിഡണ്ട്, ജോസഫ് സാദിഖ് സാഹിബ്, മേഖലാ ഖായിദ് ഡോ. സലാഹുദ്ദീൻ സാഹിബ്ഠ അദ്ദേഹത്തിന്റെ പിതാവ് സി. ഹംസകോയ സാഹിബിനും. പി.യം. ബഷീർ അഹ്മദ് സാഹിബ്, ഐ.കെ. അഹ്മദ് കുട്ടി സാഹിബ്, യു.കെ. യൂസുഫ് സാഹിബ് (കൊടുങ്ങല്ലൂർ), കെ.പി. അബ്ദുറസ്സാക്ക് സാഹിബ് (മാത്തോട്ടം), എന്നിവർക്കും ഈകൃതിയുടെ ഡി.ടി.പി.യും ലേ ഔട്ടും നിർവ്വഹിച്ച വിക്ടറി ക്രിയേഷൻസിനോടും, നന്ദി പ്രകാശിപ്പിക്കട്ടെ. മൂലഗ്രന്ഥകാരന്റെ ആശയങ്ങൾ വായനക്കാരിൽ എത്തിക്കാൻ എന്റെ ഈ എളിയ വിവർത്തനം സഹായകരമാവട്ടെ എന്ന് സർവ്വശക്തനായ അല്ലാഹുവിനോട് പ്രാർത്ഥിച്ചുകൊണ്ട്


**ഏ. എം. മുഹമ്മദ് സലീം**

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്

ജി.എച്ച്. റോഡ്, കോഴിക്കോട്.

# ഗ്രന്ഥകർത്താവിനെപ്പറ്റി



അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ നാലാമത്തെ ഖലീഫയായിരുന്ന ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) ഈ കാലഘട്ടത്തിലെ ഏററവും സമുന്നതരായ ഇസ്ലാമിക ചിന്തകന്മാരിലൊരാളായിരുന്നു. യുഗപ്രഭാവനായ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ന്റേയും മറിയംബീഗം സാഹിബയുടേയും മകനായിക്കൊണ്ട് 1928 ൽ ഇന്ത്യയിലെ പഞ്ചാബിൽ ഖാദിയാൻ എന്ന ഗ്രാമത്തിൽ ജനിച്ച ത്വാഹിർ അഹ്മദ് തന്റെ പ്രാഥമിക വിദ്യാഭ്യാസം ഖാദിയാനിൽ തന്നെയാണ് നിർവ്വഹിച്ചത്. മാതാവിന്റെ വിയോഗത്തിന് ശേഷം 1944 ൽ ലാഹോർ ഗവൺമെന്റ് കോളേജിൽ അദ്ദേഹം പഠനം തുടർന്നു. പാകിസ്താനിൽ റബ്വയിലെ അഹ്മദിയ്യാ മിഷിനറി കോളേജിൽ നിന്നും ഡിസ്ററിംങ്ങ്ഷനോടുകൂടി ബിരുദം നേടിയ ത്വാഹിർ അഹ്മദ് പിന്നീട് പഞ്ചാബ് യൂണിവേഴ്സിററിയിൽ നിന്നും അറബിക്കിൽ ഓണേഴ്സ് ബിരുദവും സമ്പാദിച്ചു. ജ്ഞാനിയായ തന്റെ പിതാവിൽനിന്നും പകർന്നുകിട്ടിയ അപാരമായ അറിവിനു പുറമേ മിർസാ ത്വാഹിർ മൗലിക പ്രതിഭയുള്ള ഒരു വിജ്ഞാനാന്വേഷിയായിരുന്നു. 1955 ൽ അദ്ദേഹം ആദ്യമായി തന്റെ പിതാവിനോടൊപ്പം ഇംഗ്ലണ്ട് സന്ദർശിച്ചു. യൂറോപ്പിലെ ചിന്താധാരകളുമായി പരിചയപ്പെടാനും ഇംഗ്ലീഷ് സാഹിത്യത്തിൽ വ്യുത്പത്തിനേടാനും ഇംഗ്ലണ്ടിൽ തന്നെ തങ്ങുവാൻ ത്വാഹിറിനെ പിതാവ് ഉപദേശിച്ചു. തുടർന്ന് ഇംഗ്ലണ്ടിൽ താമസിച്ചു അവിടുത്തെ യൂണിവേഴ്സിററി ഓഫ് ലണ്ടനിൽ രണ്ടരവർഷക്കാലം പഠനം നടത്തി. ഇതോടെ അദ്ദേഹത്തിന്റെ ഔദ്യോഗിക വിദ്യാഭ്യാസം കഴിഞ്ഞു. പിന്നീട് ഒരിക്കലും ശമിക്കാത്ത തന്റെ വിജ്ഞാനാന്വേഷണത്തിന്റെ പ്രചോദനത്താൽ നിലക്കാത്ത സഞ്ചാരങ്ങളായിരുന്നു. യൂറോപ്പ് മുഴുവനും അദ്ദേഹം നിരന്തരം യാത്രകൾ നടത്തി. ആഴത്തിലും പരപ്പിലുമുള്ള വായനയോടൊപ്പം സുദീർഘമായ ചർച്ചകളിലും, സംവാദങ്ങളിലും അദ്ദേഹം ഏർപ്പെട്ടു. പശ്ചാത്യ ലോകത്തെ എല്ലാ നൂതന ചിന്താധാരകളും, പ്രസ്ഥാനങ്ങളുമായും മുഖാമുഖം പരിചയപ്പെടുകയും അവയിൽ നിന്നെല്ലാം അസാ

മാന്യമായ വിജ്ഞാനവും ഉൾക്കാഴ്ചയും ആർജ്ജിക്കുകയും ചെയ്തു. ഖുർആനെ അതിരററു സ്നേഹിച്ചിരുന്ന മിർസാ ത്വാഹിർ അഹ്മദ് ഇസ്ലാമിക സാഹിത്യങ്ങളിലെന്നപോലെ ആധുനികവിജ്ഞാനീയങ്ങളിലും എതിരററ പണ്ഡിതനായിരുന്നു.

1982-ൽ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ മൂന്നാം ഖലീഫ ഹദ്റത്ത് മിർസാ നാസിർ അഹ്മദ് (റ) ദിവംഗതനായതിനെ തുടർന്ന് മിർസാ ത്വാഹിർ അഹ്മദ് നാലാമത്തെ ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു.

1984 ൽ പാകിസ്താനിലെ പട്ടാള സ്വേഛാധിപതി ജനറൽ സിയാ ഉൽ ഹഖ് പുറപ്പെടുവിച്ച അഹ്മദിയ്യാ വിരുദ്ധ ഓർഡിനൻസിനെ തുടർന്ന് അദ്ദേഹം പാകിസ്താനിൽ നിന്നും വിട്ടു പോവാൻ നിർബന്ധിതനാവുകയും തന്റെ ആസ്ഥാനം ലണ്ടനിലേക്ക് മാറ്റുകയും ചെയ്തു. അതുല്യ നേതൃപാടവമുണ്ടായിരുന്ന ഊർജ്ജസ്വലനായ മിർസാ ത്വാഹിർ അഹ്മദ് ഇംഗ്ലണ്ടിലെ ആയിരക്കണക്കിന് അഹ്മദികളെ പരിശീലിപ്പിച്ച് തന്റെ ആഗോള ദൗത്യ നിർവ്വഹണത്തിൽ ഭാഗഭാക്കാക്കി. യൂറോപ്പിന്റെയും ഏഷ്യയുടെയും സംഗമസ്ഥാനമായ ലണ്ടൻ പട്ടണത്തിന്റെ നാഗരിക പ്രബുദ്ധതയും ഉന്നതമായ ശാസ്ത്രസാങ്കേതിക പശ്ചാത്തലവും ഉപയോഗിച്ച് അഹ്മദിയ്യാ മുസ്ലിം ജമാഅത്തിനെ അഭൂതപൂർവ്വമായ വളർച്ചയിലേക്കെത്തിക്കാൻ അദ്ദേഹത്തിന്നു കഴിഞ്ഞു. 178 രാജ്യങ്ങളിൽ അഹ്മദിയ്യത്ത് സ്ഥാപിക്കാൻ അദ്ദേഹത്തിനുസാധിച്ചു. 1991 ൽ മിർസാ ത്വാഹിർ അഹ്മദ് ആരംഭിച്ച മുസ്ലിം ടെലിവിഷൻ അഹ്മദിയ്യ (M.T.A) എന്ന ആഗോള മുഴുസമയ ടെലിവിഷൻ മാധ്യമം അഹ്മദിയ്യാ ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. അഹ്മദിയ്യത്തിന് നിരോധനമുള്ള മുസ്ലിംരാജ്യങ്ങളിലടക്കം ലോകമാകെ അഹ്മദിയ്യാ സന്ദേശം സംപ്രേഷണം ചെയ്യാൻ M.T.A മുഖേന സാധ്യമായി. അഹ്മദിയ്യാ ഖലീഫ വെള്ളിയാഴ്ച തോറും നടത്തുന്ന ഖുത്ബകളുടെ തൽസമയ സംപ്രേഷണം ആറു ഭാഷകളിലുള്ള വിവർത്തനത്തോടുകൂടി M.T.A സംപ്രേഷണം ചെയ്യുന്നു. ലോകമെങ്ങുമുള്ള അഹ്മദികളുടെ വെള്ളിയാഴ്ച ഖുത്ബകളിൽ ആ ഖുത്ബ വായിക്കപ്പെടുകയും ചെയ്യുന്നു. ആധുനിക ലോകത്തിലെ ഏററവും ഫലപ്രദമായ ഒരു സാങ്കേതിക സംവിധാനത്തെ ഒരു ആഗോള സമൂഹത്തിന്റെ ആത്മീയ വികാസത്തിന്നുള്ള ഉപാധിയാക്കി മാററാൻ അദ്ദേഹത്തിന് M.T.A മുഖേന സാധിച്ചു വിശുദ്ധഖുർആന് ഇംഗ്ലീഷിലും ഉറുദുവിലും പരിഭാഷകൾ നിർവ്വഹിച്ച ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഏററവും ശ്രദ്ധേയമായ കൃതി **Revelation Rationality Knowledge and Truth** എന്ന ബൃഹദ് ഗ്രന്ഥമാണ്. അതുപോലെ ഇസ്ലാമിക മതരാഷ്ട്ര മൗലികവാദത്തെ

ക്കുറിച്ച് ഉറുദുവിലെഴുതിയ **'മദ്ഹബ് കെ നാം പർ ഖൂൻ'** എന്ന പുസ്തകവും ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്. മതത്തിന്റെ പേരിൽ മനുഷ്യഹത്യ എന്ന പേരിൽ അതു മലയാളത്തിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്.

അഹ്മദിയ്യാ ഖലീഫ ആയതിന് ശേഷം ലോകവ്യാപകമായി പര്യടനം നടത്തിയ മിർസാ ത്വാഹിർ അഹ്മദ് അവിടങ്ങളിലെ മതനേതാക്കന്മാർ, ബുദ്ധി ജീവികൾ, ശാസ്ത്രവിജ്ഞാനികൾ, പത്രപ്രവർത്തകർ, എഴുത്തുകാർ, സാമൂഹ്യപ്രവർത്തകർ, സ്ത്രീവിമോചകപ്രവർത്തകർ, സാധാരണക്കാർ, വിദ്യാർത്ഥികൾ, കുട്ടികൾ മുതലായവരോടെല്ലാം സംവദിക്കുകയും ചോദ്യോത്തര സദസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തു. രേഖപ്പെടുത്തപ്പെട്ട അവയെല്ലാം തന്നെ ബഹുമുഖപ്രതിഭയായ അദ്ദേഹത്തിന്റെ അപാരമായ ജ്ഞാനത്തിന്റെ നിദർശനങ്ങളാണ്. ഹോമിയോപതി വൈദ്യസമ്പ്രദായത്തിന്റെ വക്താവും ചികിത്സകനും പ്രചാരകനുമായിരുന്നു അദ്ദേഹം. അഞ്ചു ഭൂഖണ്ഡങ്ങളിലെ രോഗികളെ ചികിത്സിച്ചിരുന്ന ചികിത്സകൻ എന്ന അത്യപൂർവ്വ ബഹുമതിയും അദ്ദേഹത്തിനുണ്ടായിരുന്നു. ഹോമിയോപതിയെപററി ആധികാരിക ഗ്രന്ഥമെഴുതിയ അദ്ദേഹം ഈ ചികിത്സാ സമ്പ്രദായത്തിൽ പല നൂതന രീതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്. 2003 ഏപ്രിൽ 19 ന് ആ മഹാമനീഷി ലണ്ടനിൽ വെച്ച് ദിവംഗതനായി.

**‘നിങ്ങൾ സത്യം അറിയും;**
**സത്യം നിങ്ങളെ സ്വതന്ത്രരാക്കും’**

***യേശുക്രിസ്തു***

***(യോഹന്നാൻ : 8:32)***

# ആമുഖം

ക്രിസ്തു എന്ന വ്യക്തിക്ക് സമകാലീന ലോകത്ത് സജീവപ്രാധാന്യമുണ്ട്. അദ്ദേഹത്തിന്റെ പ്രസക്തി ക്രിസ്തീയലോകത്ത് മാത്രം പരിമിതമല്ല. മറ്റു മുഖ്യമതങ്ങളിലേക്ക് കൂടി അദ്ദേഹത്തിന്റെ പ്രാധാന്യം അതിവർത്തിച്ചുനിൽക്കുന്നു. അതായത് ജൂതമതത്തിലും പ്രത്യേകിച്ച് ഇസ്‌ലാം മതത്തിലും. ഈ മൂന്ന് പ്രബലമായ മതങ്ങൾ ക്രിസ്തു എന്ന വ്യക്തിയുടെ ഒന്നാം വരവിനേയും വാഗ്ദാനം ചെയ്യപ്പെട്ട രണ്ടാം വരവിനേയും സംബന്ധിച്ച് ഒരു പൊതുധാരണയിൽ ഐക്യപ്പെടുകയാണെങ്കിൽ അത്തരം ഒരു ധാരണ ഇന്ന് മനുഷ്യസമൂഹം അഭിമുഖീകരിക്കുന്ന പല പ്രശ്നങ്ങൾക്കും പരിഹാരമാകുമായിരുന്നു. നിർഭാഗ്യകരമെന്നു പറയട്ടെ, യേശുവിന്റെ ജീവിതത്തെ സംബന്ധിച്ച അടിസ്ഥാന വസ്തുതകൾ, അദ്ദേഹത്തിന്റെ ഉദ്ദേശ്യം, അദ്ദേഹത്തിന്റെ വ്യക്തിത്വം എന്നിവ പൂർണ്ണമായും തെറ്റിദ്ധരിക്കപ്പെട്ടിരിക്കുകയാണ്. ഇത്തരം വിഷയങ്ങളിലുള്ള ഈ മൂന്നു മതങ്ങളുടെയും ധാരണകൾ ശക്തമായ രീതിയിൽ പരസ്പര വിരുദ്ധങ്ങളാണ്. ആയതിനാൽ ഇവർ തമ്മിൽ കടുത്ത ശത്രുത അനിവാര്യമായും ഉണ്ടാവുന്നു.

ക്രൂശീകരണത്തിലടങ്ങിയ വസ്തുതകൾ നാം നിരീക്ഷിക്കുമ്പോഴും, ക്രൂശീകരണവേളയിൽ സംഭവിച്ചത് എന്താണെന്നും, എന്തുകൊണ്ട് അവ സംഭവിച്ചുവെന്നും ആരായുമ്പോഴും അപ്രകാരം തന്നെ പാപവിമോചനവും അതുമായി ബന്ധപ്പെട്ട തത്ത്വശാസ്ത്രവും പരിശോധിക്കുമ്പോൾ വിവിധങ്ങളായ ആദിമ ക്രിസ്തീയ സ്രോതസ്സുകളിൽ നിന്നും നമുക്ക് ലഭിക്കുന്ന ഉത്തരങ്ങൾ പരസ്പര വിരുദ്ധങ്ങളായി കാണുന്നു. ഞാനീ സമസ്യകളെല്ലാം പരിശോധിക്കാൻ യുക്തിയെ അടിസ്ഥാനമാക്കിയുള്ള ഒരു വീക്ഷണകോണാണ് തിരഞ്ഞെടുത്തത്. ഫലപ്രദമായ സംവാദം നടത്തുവാൻ എല്ലാവർക്കും പൊതുവായി ബാധകമായ വേദി ഇതായിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. വൈയക്തികമായ വ്യാഖ്യാനഭേദങ്ങളോടുകൂടിയ ബൈബിൾ വചനങ്ങളെ അടിസ്ഥാനമാക്കിയുള്ള എല്ലാ ചർച്ചകളും ഒരിക്കലും പുറത്ത് കടക്കാൻ കഴിയാത്ത വിവാദങ്ങളുടെ നീർച്ചുഴിയിലേക്കായിരിക്കും നമ്മെ നയിക്കുക.

രണ്ടായിരം വർഷങ്ങൾ ഇതിനകം കടന്നുപോയി. എന്നിട്ടും മതഗ്രന്ഥങ്ങളെ മാത്രം ഉപജീവിച്ചുകൊണ്ടു എല്ലാവർക്കും സ്വീകാര്യമായ ഒരു പരിഹാരത്തിൽ എത്തിച്ചേരാൻ ആർക്കും സാധ്യമായിട്ടില്ല. കൂടുതൽ വിശദീകരിച്ച് സങ്കീർണ്ണമാക്കിത്തീർത്ത ചില മതഗ്രന്ഥങ്ങളുടെ വാദമുഖങ്ങളുടെ വിശ്വാസ്യതയാണ് പ്രശ്നത്തിന്റെ കാതൽ. കൂടാതെ ക്രിസ്തു എന്ന ചരിത്രപുരുഷനെ വലം വെച്ചുകൊണ്ട് കാലക്രമേണ

വളർന്നുവന്ന പരസ്പര വിരുദ്ധങ്ങളായ ധാരണകൾ അത്യഗാധമായ സങ്കീർണ്ണതകളാണ് ഉയർത്തുന്നത്. യേശുവിനെ സംബന്ധിച്ച ചരിത്ര പരമായ വീക്ഷണകോണിലൂടെയുള്ള ദർശനത്തിന്റെ പൊതുവേയുള്ള പ്രവണത അവ്യക്തതയും സന്നിഗ്ദ്ധതയും സൃഷ്ടിക്കപ്പെടൽ മാത്ര മാണ്. യേശുവിന്റെ കാലം പോലെ വിദൂരമായ ഒരു കാലഘട്ടത്തിൽ നടന്ന സംഭവം ഗ്രഹിക്കാൻ രണ്ടായിരം വർഷത്തെ കാലദൈർഘ്യം ഏതായാലും ഒരു സാധാരണ തടസ്സമല്ല. പിൻകാലത്ത് ആവിർഭവിച്ച ശാസ്ത്രത്തിന്റെ പിൻബലമുള്ള മനുഷ്യയുക്തിക്കും ബുദ്ധിക്കും വിശ്വാ സമോ, വർണ്ണമോ, മതമോ ഇല്ല. അത് എല്ലാ ജനതക്കും മതങ്ങൾക്കും ഒരുപോലെയാണ്. യുക്തി, ആ യുക്തിയൊന്നിനു മാത്രമാണ് സർവ്വാം ഗീകൃതമായ ഒരു അഭിപ്രായത്തിന് നിദാനമായി ത്തീരാൻ സാധിക്കു ക.

ഞാൻ ഈ പ്രശ്നത്തെ വിവിധ വീക്ഷണകോണിലൂടെ പരിശോ ധിക്കാൻ ശ്രമിക്കുന്നതാണ്. ആദ്യമായി ക്രിസ്ത്യാനികളോടൊപ്പം തന്നെ ആരംഭിക്കാൻ എന്നെ അനുവദിക്കുക. അതായത് ക്രിസ്ത്യാനികൾ ഈ പ്രശ്നത്തെ നോക്കിക്കാണുന്ന രീതിയിൽ ഞാനതിനെ വീക്ഷിക്കുന്നു. പിന്നീട് യുക്തിയുടെ ഭൂതക്കണ്ണാടിയിലൂടെ നോക്കി വിമർശനാത്മക മായി വിശകലനം ചെയ്യുന്നു. ഞാൻ തീർച്ചയായും ഊന്നിപ്പറയുന്നു, യാതൊരർത്ഥത്തിലും ഞാൻ ക്രിസ്ത്യാനികളേയോ യേശുവിനേയോ അപമാനിക്കാൻ ഉദ്ദേശിച്ചിട്ടില്ല. ഒരു മുസ്ലിം എന്ന നിലക്ക് യേശുവിന്റെ സത്യത്തിൽ വിശ്വസിക്കുക എന്നത് എന്റെ അടിസ്ഥാന വിശ്വാസ ത്തിന്റെ ഭാഗമാണ്. ദൈവം പ്രത്യേകമായി ബഹുമാനിച്ച ദൈവദൂ തനായും ഇസ്രായേലി പ്രവാചകന്മാർക്കിടയിൽ അതുല്യസ്ഥാനം അല ങ്കരിക്കുന്ന പ്രവാചകനായും മുസ്ലിം എന്ന നിലക്ക് ഞാൻ യേശുവിനെ കരുതേണ്ടതുണ്ട്. പക്ഷേ യുക്തി, സാമാന്യബോധം, മനുഷ്യധിഷണ എന്നിവയോട് നീതി പുലർത്താൻ സത്യം ആവശ്യപ്പെടുമ്പോൾ ക്രിസ്തുമതത്തെക്കുറിച്ചുള്ള ഒരാളുടെ വീക്ഷണം പുനഃപരിശോധിക്കു ന്നതിൽ നിന്നും വിട്ടുനിൽക്കാൻ ആർക്കും സാധ്യമല്ല. ക്രിസ്ത്യാനി കൾക്കും ക്രിസ്തുവിനുമിടയിൽ അകൽച്ചയുണ്ടാക്കാനല്ല എന്റെ ഉദ്ദേശ്യം. മറിച്ച് യേശുക്രിസ്തുവിന്റെ യാഥാർത്ഥ്യത്തിലേക്ക് ക്രിസ്ത്യാ നികളെ അടുപ്പിക്കുവാനും അദ്ദേഹത്തിനു ചുറ്റും നെയ്തെടുത്ത മിത്തു കളിൽ നിന്നും അവരെ അകറ്റുവാനുമാണ് ഞാനാഗ്രഹിക്കുന്നത്.

കാലത്തിന് യാഥാർത്ഥ്യങ്ങളെ മിത്തും ഇതിഹാസങ്ങളുമാക്കി മാറ്റാൻ കഴിയും. അത്തരം ഇതിഹാസങ്ങളുടെ സ്വാധീനം മനുഷ്യനെ ജീവിതയാഥാർത്ഥ്യത്തിൽ നിന്നും അകറ്റുന്നു. അതിന്റെ ഫലമായി മത വിശ്വാസം ഭാവനയും അയഥാർത്ഥവുമായി മാറുന്നു. അതേസമയം

യഥാർത്ഥ വിശ്വാസത്തിന്റെ വേരുകൾ വാസ്തവികതയുമായും ചരിത്രവസ്തുതകളുമായും ബന്ധപ്പെട്ടുനിൽക്കുന്നു. അത് തികച്ചും യാഥാർത്ഥ്യവും മനുഷ്യസമൂഹത്തിൽ നിർണ്ണായകമായ പരിവർത്തനങ്ങൾ വരുത്തുവാൻ ശേഷിയുള്ളതുമാണ്.

യേശുവിന്റെ യഥാർത്ഥ വിശ്വാസവും അദ്ധ്യാപനങ്ങളും മനസ്സിലാക്കാനുള്ള ശ്രമത്തിൽ യാഥാർത്ഥ്യത്തെ കെട്ടുകഥയിൽ നിന്നും സത്യത്തെ മിഥ്യയിൽ നിന്നും വേർതിരിച്ചെടുക്കേണ്ടതുണ്ട്. ഈ പ്രയത്നത്തിന്റെ ആത്യന്തികലക്ഷ്യം സത്യാന്വേഷണമാണ്. എന്നെ നിങ്ങൾ സഹിക്കുമെന്ന് ഞാൻ കരുതുന്നു. ഞാനാരുടേയും വിശ്വാസത്തേയും ഭാവുകത്വത്തേയും വ്രണപ്പെടുത്താനുദ്ദേശിച്ചിട്ടില്ലെന്ന് നിങ്ങൾ മനസ്സിലാക്കണം.

ക്രിസ്തുമതത്തിന്റെ ധാർമ്മികക്ഷയത്തിൽ നിന്നും അവരെ രക്ഷിക്കാൻ ഒരു വിമർശനാത്മക സമീപനം അത്യാവശ്യമാണ്. അതിന്റെ ധർമ്മക്ഷയത്തിന്റെ ഗതിയെ പിന്തിരിപ്പിക്കുക എന്നത് വളരെ പ്രയാസകരമായ കാര്യമാണ്. എന്റെ വിശകലനത്തിൽ നിന്നും എനിക്ക് മനസ്സിലായത് സമകാലീന ലോകത്തിലെ യുവാക്കൾക്ക് ദൈവത്തിലുള്ള വിശ്വാസം അതിശീഘ്രം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ് എന്നാണ്. ദൈവത്തിൽ നിന്നും ശാസ്ത്രജ്ഞന്മാർ അകന്നുപോയ ഒരു കാലമുണ്ടായിരുന്നു. അതിന്നുകാരണം ബൈബിൾ പഴയനിയമത്തിലും പുതിയനിയമത്തിലും ചിത്രീകരിക്കപ്പെട്ട യഹൂദ ക്രൈസ്തവ പ്രപഞ്ചസങ്കല്പങ്ങൾ യാഥാർത്ഥ്യമായിരുന്നില്ല എന്നതാണ്. ലോകത്തിന്റേയും ആകാശഗോളങ്ങളുടേയും അതിനപ്പുറമുള്ളതിനേയും സംബന്ധിച്ച ബൈബിൾ പഠനങ്ങളിൽ നിന്നും ലഭിക്കുന്ന ധാരണകൾ ശാസ്ത്രീയ കണ്ടുപിടുത്തങ്ങളിൽ നിന്നും ബഹുദൂരം അകലെയാണെന്ന വസ്തുത യൂറോപ്യൻ നവോത്ഥാനത്തിന്റെ തുടക്കത്തിൽ തന്നെ വെളിപ്പെടുകയുണ്ടായി. ശാസ്ത്രവും ബൈബിളും തമ്മിലുള്ള അകൽച്ച ശാസ്ത്രം പുരോഗമിക്കുന്നതിനനുസരിച്ച് വർദ്ധിച്ചുകൊണ്ടേയിരുന്നു. അതോടൊപ്പം പ്രകൃതിയെ സംബന്ധിച്ചുള്ള മനുഷ്യധാരണകൾ വിപ്ലവകരമായ ഒരു മാറ്റത്തിന് വിധേയമാവുകയും ചെയ്തു. ഇത് മറ്റു സമൂഹത്തിന്റെ വൈജ്ഞാനിക മേഖലകളിൽ ദൈവനിഷേധത്തിന് തുടക്കം കുറിച്ചു. പിൽക്കാലത്ത് വിദ്യാഭ്യാസം ആഴത്തിലും പരപ്പിലും വികസിച്ചപ്പോൾ മഹത്തായ യൂണിവേഴ്സിറ്റികളും വിദ്യാപീഠങ്ങളും നിരീശ്വരവാദത്തിന്റെ വളർത്തു കേന്ദ്രങ്ങളായി മാറി. ദൈവത്തിന്റെ വചനവും ദൈവത്തിന്റെ പ്രവൃത്തിയും തമ്മിൽ വൈരുദ്ധ്യം കാണുന്നു എന്നതായിരുന്നു  യഹൂദ ക്രൈസ്തവ മതങ്ങളുടെ പ്രപഞ്ചധാരണകൾ അഭിമുഖീകരിച്ച പ്രശ്നം.  ദൈവവിശ്വാസത്തിനെതിരെ താഴെ പറയുന്ന രീതിയിലാണ് വാദമുഖങ്ങൾ ഉന്നയിക്കപ്പെട്ടത്. അതായത് ഈ

പ്രപഞ്ചത്തിന്റെ സ്രഷ്ടാവും, പ്രപഞ്ചത്തിലുള്ളതിന്റെയെല്ലാം ഉടമസ്ഥനും പ്രപഞ്ചനിയമങ്ങളെ രൂപകല്പന ചെയ്തു പരിപാലിക്കുന്നവനും ദൈവമാണെങ്കിൽ ഗവേഷണാത്മകമായ മനുഷ്യമനസ്സുകൾ കണ്ടെത്തിയ യാഥാർത്ഥ്യങ്ങളെപ്പറ്റി ദൈവത്തിന് എന്തുകൊണ്ട് യാതൊന്നും അറിയാതെപോയി?

ആകാശവും ഭൂമിയും എങ്ങനെ സൃഷ്ടിക്കപ്പെട്ടു? പൊടിമണ്ണിൽ നിന്നും മനുഷ്യന്റെ ആവിർഭാവം എങ്ങനെയുണ്ടായി? ആദാമിന്റെ വാരിയെല്ലിൽ നിന്നും ഹവ്വയെ എങ്ങനെ സൃഷ്ടിച്ചു? മുതലായ വിഷയങ്ങളെ സംബന്ധിക്കുന്ന ബൈബിൾ പ്രതിപാദനങ്ങളെപ്പറ്റി പഠിക്കുമ്പോൾ ദൈവത്തിന്റെ വാക്കും പ്രവൃത്തിയും തമ്മിലുള്ള വിഭ്രമിപ്പിക്കുന്ന പൊരുത്തക്കേടുകൾ കണ്ട് നാം വിസ്മയിച്ചു പോകും. അതുപോലെ ഭൂമിയിൽ മനുഷ്യജീവിതം ആരംഭിച്ചതിനെക്കുറിച്ചുള്ള ശാസ്ത്രീയ വിശദീകരണവും ഉല്പത്തിയിൽ വിവരിക്കപ്പെട്ട ബൈബിൾ വിവരണങ്ങളും തമ്മിലുള്ള ഞെട്ടിപ്പിക്കുന്ന വൈരുദ്ധ്യങ്ങൾ കണ്ട് നാം അത്ഭുതപരതന്ത്രരായി അമ്പരന്നുപോകും.

ചോദ്യം ചെയ്യപ്പെടാനാവാത്ത രാഷ്ട്രീയ അധികാരം കൈയ്യാളിയിരുന്നപ്പോൾ അത്തരം വൈരുദ്ധ്യങ്ങളോടു് മർദ്ദനാത്മകമായ നയം സ്വീകരിക്കാനാണ് ക്രിസ്തുസഭ ധൃഷ്ടമായത്. ഗലീലിയോയും ക്രിസ്തുസഭയും തമ്മിൽ നടന്ന സംവാദമാണ് അക്കൂട്ടത്തിൽ ഏറ്റവും പ്രശസ്തമായത്. ഗലീലിയോ സൗരയൂഥത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കണ്ടെത്തലുകൾ പ്രസിദ്ധീകരിച്ചപ്പോൾ സഭയെ അത് പ്രകോപിതമാക്കി. കാരണം സൗരയൂഥത്തെപ്പറ്റിയുള്ള സഭയുടെ ധാരണകൾക്ക് വിരുദ്ധമായിരുന്നു അത്. കഠിനമായ ഭീഷണിയെത്തുടർന്ന് ജനമദ്ധ്യത്തിൽ തന്റെ ശാസ്ത്രീയമായ കണ്ടുപിടുത്തങ്ങളെ തള്ളിപ്പറയാൻ ഗലീലിയോ നിർബന്ധിതനായി. അല്ലെങ്കിൽ അദ്ദേഹത്തെ പീഡിപ്പിച്ചു കൊല്ലുമായിരുന്നു. എങ്കിലും അദ്ദേഹത്തെ ശിഷ്ടകാലം വീട്ടുതടങ്കലാക്കി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ നിയമിച്ച ഒരു കമ്മിറ്റിയുടെ പന്ത്രണ്ട് വർഷത്തെ സുദീർഘമായ കൂടിയാലോചനകൾക്ക് ശേഷം 1992-ലാണ് ക്രിസ്തുസഭ ഗലീലിയോവിനെതിരെയുള്ള വിധി പുനഃപരിശോധിച്ച് തിരുത്താൻ തീരുമാനിച്ചത്.

തുടക്കത്തിൽ ഈ വൈരുദ്ധ്യങ്ങളുടെ ആഘാതങ്ങളൊന്നും സമൂഹത്തിലെ സാധാരണക്കാരുടെ തലങ്ങളിലേക്ക് ആഴ്ന്നിറങ്ങിയിരുന്നില്ല. സമൂഹത്തിന്റെ ബൗദ്ധിക മണ്ഡലത്തിൽ മാത്രം കുറച്ചുകാലത്തേക്ക് അവ ഒതുങ്ങിനിന്നു. പക്ഷേ ഭൗതിക വിദ്യാഭ്യാസം വ്യാപകമായതോടെ മതവിശ്വാസത്തിന്റെ വെളിച്ചം എന്നറിയപ്പെടുന്നത് ക്രമേണ മങ്ങി ഇരുട്ടിൽ ലയിക്കാൻ തുടങ്ങി. നവോത്ഥാനത്തിന്റെ (15ാം നൂറ്റാണ്ട്) ആദ്യ

ഘട്ടങ്ങളിൽ ശാസ്ത്രജ്ഞന്മാരുടെ പ്രവർത്തനങ്ങൾ അവരുടെ ഉൽബുദ്ധ വൃത്തങ്ങളിൽ മാത്രമായിരുന്നു ഒതുങ്ങി നിന്നത്. ശാസ്ത്രജ്ഞന്മാർ തമ്മിലും പൊതുജനങ്ങളുമായും ഇന്നു കാണുന്ന രീതിയിലുള്ള വ്യാപകമായ പരസ്പരബന്ധം അക്കാലത്ത് സ്ഥാപിതമായിരുന്നില്ല. ആയതിനാൽ അവരുടെ നാസ്തികവാദം സമൂഹത്തെ മുഴുവനുമായും സ്വാധീനിച്ചിരുന്നില്ല. വികസിത രാജ്യങ്ങളിലെ യുവാക്കൾക്ക് സാർവ്വത്രിക വിദ്യാഭ്യാസം ലഭ്യമായിത്തുടങ്ങിയതോടെ കാര്യങ്ങൾ അതിവേഗതയിൽ മതങ്ങൾക്കെതിരായ ദിശയിൽ മാറിമറിയാൻ തുടങ്ങി. അതിനെത്തുടർന്ന് തത്ത്വശാസ്ത്രത്തിന്റേയും യുക്തിവാദത്തിന്റേയും കാലഘട്ടങ്ങൾ സമാഗതമായി. ശാസ്ത്രവിജ്ഞാനത്തോടെ പുതിയ സാമൂഹ്യ-മനശ്ശാസ്ത്ര തത്ത്വശാസ്ത്ര സിദ്ധാന്തങ്ങൾ അതീശീഘ്രം മുളച്ചുപൊന്തി. പ്രത്യേകിച്ച് പത്തൊമ്പത് ഇരുപത് നൂറ്റാണ്ടുകളിൽ ഭൗതികവികാസവും ഭൗതികചിന്തയുമായി കൂട്ടിക്കലർത്തി അഭിനവ ഭൗതിക തത്ത്വശാസ്ത്രജ്ഞന്മാർ മതത്തിന്റെ അടിസ്ഥാന ശിലകളിൽ അതായത് ദൈവവിശ്വാസത്തിൽ മാരകമായ പ്രഹരങ്ങളേൽപിച്ചു.

ദൈവത്തിലുള്ള ഒരാളുടെ വിശ്വാസം അയാളുടെ ധാർമ്മികതയെ എപ്പോഴും നിയന്ത്രിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു. ഈ വിശ്വാസം ദുർബലമാവുകയോ ശോഷിച്ചു പോവുകയോ അതിലെന്തെങ്കിലും പോരായ്മകൾ ഉണ്ടെങ്കിലോ അതേ അളവിൽ അത് അയാളുടെ ധാർമികതയേയും ബാധിക്കുന്നു. ഉദാഹരണത്തിന് പ്രകൃതിയെപ്പറ്റിയുള്ള ഭൗതികജ്ഞാനവും സാമാന്യബുദ്ധിയും പ്രേരണകളും ദൈവവിശ്വാസവുമായി പരസ്പര വൈരുദ്ധ്യത്തോടെ സംഘട്ടനത്തിൽ ഏർപ്പെടുകയാണെങ്കിൽ ദൈവത്തിലുള്ള ജനങ്ങളുടെ വിശ്വാസത്തിന് ക്രമാനുഗതമായി ജീർണ്ണനം സംഭവിക്കുന്നു. തദനുസൃതമായി അവരുടെ ധാർമ്മികതയിൽ നിഷേധാത്മക സ്വാധീനം അത് ചെലുത്തുകയും ചെയ്യുന്നു. എല്ലാ പ്രായോഗിക ആവശ്യങ്ങളിലും ഒരു സമൂഹം നാസ്തികതയിലേക്ക് പരിവർത്തനം ചെയ്യുമ്പോൾ എത്ര പേർക്ക് ദൈവവിശ്വാസത്തിൽ പിടിച്ചുനിൽക്കാൻ കഴിയും? ഈ പ്രശ്നം നിർണ്ണയം ചെയ്യാനും ദൈവവിശ്വാസത്തിന്റെ ഗുണം ഒരു സമൂഹത്തിൽ എത്രത്തോളമുണ്ടെന്നു കണ്ടെത്താനും യാതൊരു പ്രയാസവുമില്ല. ജനങ്ങളുടെ ദൈവവിശ്വാസം എത്ര കണ്ട് ദുർബലമാവുകയോ ശോഷിക്കുകയോ ചെയ്യുന്നുവോ അത്ര മാത്രം അത് ധാർമികതയെ ദുർബലമാക്കാൻ സ്വാധീനം ചെലുത്തും. ഈ രണ്ട് താല്പര്യങ്ങളും അതായത് ദൈവ വിശ്വാസവും അധാർമ്മികതയും തമ്മിൽ ബലാബലത്തിൽ വരുമ്പോൾ അധാർമ്മികമായ ആവശ്യങ്ങൾക്കുവേണ്ടി ദൈവവിശ്വാസം ദൂരെ കളയപ്പെടും.

ഈയൊരു മാനദണ്ഡം ലോകത്തിലെ എവിടെയുമുള്ള മതസമൂഹങ്ങളിൽ ആരോപിക്കുകയാണെങ്കിലും നമുക്ക് എപ്പോഴും കൃത്യവും വ്യക്തവുമായ നിഗമനങ്ങളിലെത്തിച്ചേരാൻ സാധിക്കും. സത്യക്രിസ്ത്യാനികൾ എന്നറിയപ്പെടുന്ന ഒരു സമൂഹത്തോട് അവരുടെ വിശ്വാസത്തെ ഒന്നു പരീക്ഷിക്കാനും അവരുടെ സമൂഹത്തിൽ ക്രൈസ്തവ മൂല്യങ്ങൾ നിലനിൽക്കുന്നുണ്ടോ ഇല്ലയോ എന്നറിയാനും വേണ്ടി ഒരാൾക്ക് ചില ചോദ്യങ്ങൾ ചോദിക്കാവുന്നതാണ്. ഉദാഹരണത്തിന് ഈ ക്രിസ്ത്യാനികൾ അവരുടെ അയൽക്കാരോട് പത്ത് കല്പനകളിൽ പറഞ്ഞതുപോലെ പെരുമാറുന്നുണ്ടോ? യുദ്ധാവസരത്തിലും ദേശീയ ദുരന്തങ്ങളുടെ അവസരത്തിലും അവരുടെ എതിരാളികളോട് ക്രിസ്തീയ മൂല്യങ്ങൾ അനുവർത്തിക്കുമോ? നിരപരാധികളായ ആളുകൾ ആക്രമിക്കപ്പെടുമ്പോഴും കൈയ്യേറ്റം ചെയ്യപ്പെടുമ്പോഴും ഒരു കവിളത്തടിച്ചാൽ മറ്റേ കവിളും കാട്ടിക്കൊടുക്കുമോ? ചോദ്യമിതാണ്: 'ഒരാളുടെ ജീവിതത്തിൽ അയാളുടെ സ്വഭാവം, അയാളുടെ വിശ്വാസത്തെ എത്രമാത്രം വരച്ചുകാട്ടുന്നു'? അങ്ങനെ വിശ്വാസത്തെ വരച്ചുകാട്ടുന്നില്ലെങ്കിൽ ദൈവത്തിലുള്ള അയാളുടെ വിശ്വാസവും അയാളുടെ തന്നെ ആവശ്യങ്ങളും തമ്മിൽ സംഘട്ടനത്തിലാണെന്ന് നമുക്ക് മനസ്സിലാക്കാം. ഒരാളുടെ ദൈവത്തിലുള്ള വിശ്വാസം ഏറ്റവും പരമോന്നതമായി നിലനിൽക്കുന്നുവെങ്കിൽ, അയാളുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും വിശ്വാസത്തിന്റെ ബലിവേദിയിൽ ഹോമിക്കപ്പെടുന്നു. അപ്പോൾ അയാളുടെ വിശ്വാസത്തിന്റെ പ്രകൃതി യഥാർത്ഥമാണെന്നും ആത്മാർത്ഥതയുള്ളതാണെന്നും ബലിഷ്ടമാണന്നും പറയാം.

ഇന്നത്തെ ക്രിസ്തീയ ലോകത്തെ നിരീക്ഷിച്ചുകൊണ്ടു ദൈവത്തിലുള്ള വിശ്വാസത്തിന്റെ ദാർഢ്യതയെപ്പറ്റി വിധിപറയാൻ ഈയൊരു പരീക്ഷണം നടത്തി നോക്കുക. അപ്പോൾ അതൊരു ശോകാത്മകവും നിരാശാജനകവുമായ അനുഭവമായിത്തീരുന്നതായിരിക്കും. ദൈവവിശ്വാസത്തിനെതിരെയുള്ള തുറന്ന കലാപമാണ് പൊതുവായി കാണുന്നത്. ചിലപ്പോൾ തുറന്ന നിഷേധങ്ങളിലേക്ക് പരാവർത്തനം ചെയ്യപ്പെടാത്ത മൂകമായ ഒരു വിപ്ലവമായിരിക്കുമത്. സത്യം വളരെ വ്യത്യസ്തമായതാണ്. ദൈവത്തിലുള്ള വിശ്വാസവും ആളുകളുടെ പ്രവർത്തനങ്ങളും തമ്മിൽ വൈരുദ്ധ്യമുണ്ട്. ഈ വൈരുദ്ധ്യം മതവിശ്വാസികളുടെ സമൂഹം എന്നത് ഒരു മിഥ്യയാക്കി മാറ്റുന്നു. ഇതുതന്നെ മറ്റെല്ലാ മതസമൂഹങ്ങളിലേക്കും വലിയ തോതിൽ ആരോപിക്കാം. എല്ലാ സമൂഹങ്ങളിലും ഒരേ കാരണം ഒരേ ഫലങ്ങൾ തന്നെ ഉല്പാദിപ്പിക്കണമെന്നില്ല. ഓരോ സമൂഹത്തിന്റെ കാര്യത്തിലും അതാതിന്റെ പ്രത്യേകതകൾ കണക്കിലെടുക്കേണ്ടതുണ്ട്. അതുകൊണ്ടാണ് ജനങ്ങളുടെ വിശ്വാസവും അവരുടെ പ്രവർത്തനങ്ങളും തമ്മിലുള്ള പരസ്പര വൈരുദ്ധ്യങ്ങളുടെ പ്രകൃതിയെപ്പറ്റി തനി

മയാർന്നതും, സ്വതന്ത്രമായതും സാവധാനത്തിലുള്ളതും അപഗ്രഥനാത്മമകവുമായ പരിശോധനകൾക്ക് പ്രാധാന്യം കൈവരുന്നത്.

ചില വിശ്വാസങ്ങൾ സ്വയം തന്നെ പ്രകൃതിക്ക് വിരുദ്ധവും കുടിലത നിറഞ്ഞതുമായിരിക്കും എന്ന കാര്യം നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഉദാഹരണത്തിന് യഹൂദരല്ലാത്ത ജാതികളോടുള്ള തൽമൂദിന്റെ അദ്ധ്യാപനങ്ങളിൽ ചിലതും ഹിന്ദുമതത്തിലെ മനുസ്മൃതി അസ്പൃശ്യരായിക്കാണുന്ന മനുഷ്യരോടുള്ള സമീപനങ്ങളുമാണത്. ചിലപ്പോൾ ചില വിശ്വാസങ്ങൾ സ്വയം തന്നെ നല്ലതായിരിക്കാം. അത് പ്രയോഗത്തിൽ വരുത്തുകയാണെങ്കിൽ നന്മയുമുണ്ടാകും. പക്ഷേ, മനുഷ്യൻ ദുഷിക്കുകയും വിശ്വാസങ്ങൾ ഉപേക്ഷിക്കപ്പെടുകയും ചെയ്താൽ അത് പാലിക്കുവാൻ പ്രയാസകരമാണ്. നമുക്ക് ക്രിസ്തുമതത്തിന്റെ പ്രശ്നങ്ങളിലേക്ക് തന്നെ തിരിച്ചുവരാം. നമുക്ക് പറയാനുള്ളത് ക്രിസ്തുമത വിശ്വാസത്തിന്റെ അടിസ്ഥാനസിദ്ധാന്തങ്ങൾ പ്രകൃതിസത്യങ്ങളുമായി സംഘട്ടനത്തിലേർപ്പെടുന്നു എന്നാണ്. യുക്തിയിലും സാമാന്യബുദ്ധിയിലുമധിഷ്ഠിതമായ മനുഷ്യന്റെ ആശയങ്ങളുമായി അത് ഒത്തുപോകുന്നില്ല. ഈയൊരു സാഹചര്യത്തിൽ ക്രിസ്ത്യാനികൾ അവരുടെ വിശ്വാസത്തെ ഗൗരവമായെടുക്കാത്തതും തങ്ങളുടെ ജീവിതം തദനുസൃതമായി രൂപപ്പെടുത്തുന്നതിൽ വിമുഖത കാട്ടുന്നു എന്നതും തികച്ചും സ്വാഭാവികമാണ്.

# ഉള്ളടക്കം


**1. യേശുവിന്റെ പുത്രത്വം** ........ 33

പിതൃത്വത്തിന്റെ ശാസ്ത്രീയാടിസ്ഥാനം ........ 34

ദൈവത്തിന് ജൈവ പുത്രൻ ഉണ്ടാവുമോ ........ 36

ഉഭയലിംഗത്വം ........ 37

പാർത്ഥനോജെനിസിസ് ........ 38

എന്താണ് അത്ഭുതങ്ങൾ? ........ 39

യേശു ദൈവത്തിന്റെ പുത്രനോ? ........ 41

**2. പാപവും പാപപരിഹാരവും** ........ 47

മനുഷ്യവംശത്തിന്റെ പാപപരിഹാരം ........ 48

ആദമിന്റെയും ഹവ്വയുടെയും പാപം ........ 49

പാപപരിഹാരത്തിനു ശേഷവും മനുഷ്യദുരിതം തുടരുന്നു .. 52

പാരമ്പര്യപാപം ........ 54

പാപത്തിന്റെ കൈമാറ്റം ........ 56

ശിക്ഷ പങ്കു വെക്കൽ തുടരുന്നു ........ 58

നീതിപാലനവും പൊറുത്തു കൊടുക്കലും ........ 64

യേശുവിന് പാപപരിഹാരം സാധ്യമല്ല ........ 69

ആഗ്രഹിക്കാത്ത ത്യാഗം ........ 70

ആരാണ് ബലിയാക്കപ്പെട്ടത്? ........ 74

യേശുവിന്റെ പ്രഹേളിക ........ 76

പിതാവായ ദൈവവും പീഡനം സഹിച്ചിരുന്നുവോ? ........ 78

അഗ്നികൊണ്ടുള്ള ശിക്ഷ ........ 79

ബലിയും ആത്മീയ ഹർഷവും ........ 80

മരണം എന്ന പദത്തിന് യേശുവിനെ സംബന്ധിച്ച അർത്ഥം . 81

അപരിമിതമായ പാപത്തിന് പരിമിതമായ ശിക്ഷ ........ 83

എന്തുകൊണ്ട് പാപപരിഹാരം മാറ്റി ? ........ 84

**3. പരിശുദ്ധാത്മാവിന്റെ പങ്ക്** ........ 86

സൃഷ്ടിപ്പിൽ പരിശുദ്ധാത്മാവിന്റെ പങ്ക് ........ 88

നിഗൂഢരഹസ്യങ്ങളോ വിരോധാഭാസമോ? ........ 90

**4. ക്രൂശീകരണം** ........ 93
യോനായുടെ അടയാളം ........ 95
ഇസ്രയേൽ ഗൃഹത്തോടുള്ള യേശുവിന്റെ വാഗ്ദാനം ........ 97
കുരിശുസംഭവം ........ 98
**5. പുനരുജീവനമോ പുനരുത്ഥാനമോ?** ........ 111
വിശുദ്ധർക്കെതിരെയുള്ള ഹീനവിമർശം ........ 121
സ്വർഗ്ഗാരോഹണം ........ 126
യേശുവിന്റെ ശരീരത്തിന് എന്തു സംഭവിച്ചു? ........ 127
അഹ്മദിയ്യാ വീക്ഷണം ........ 131
മരണത്തിൽ നിന്ന് രക്ഷപ്പെട്ട സംഭവങ്ങൾ ........ 133
**6. ത്രിത്വം** ........ 137
ത്രിത്വ സങ്കൽപത്തിലെ പരസ്പരബന്ധങ്ങൾ ........ 138
വിഭിന്ന ഭാവങ്ങളോ അവസ്ഥകളോ ഉള്ള ഏക വ്യക്തി ........ 139
അനന്തത പങ്കുവെക്കുന്ന വ്യത്യസ്ത വ്യക്തികൾ ........ 140
വ്യത്യസ്തവും വ്യതിരിക്തവുമായ വ്യക്തിത്വമുള്ള
വിഭിന്ന വ്യക്തികൾ ........ 144
തൽസമങ്ങളും പരസ്പരം തുല്യങ്ങളുമായ
ഗുണങ്ങളോടു കൂടിയ വ്യത്യസ്ത വ്യക്തിത്വങ്ങൾ ........ 149
**7. ക്രിസ്തുമതത്തിന്റെ പരിണാമം** ........ 142
യേശുവിന്റെ ആദ്യശിഷ്യന്മാർ ........ 152
സെന്റ് പോളിന്റെ പങ്ക് ........ 155
യേശുവിന്റെ യാഥാർത്ഥ്യം ........ 157
മതത്തിന്റെ തുടർച്ച ........ 159
മതവികാസത്തിന്റെ അഗ്രിമസ്ഥാനം ........ 161
**8. ക്രിസ്തുമതം ഇന്ന്** ........ 164
ക്രിസ്തുമതവും കൊളോണിയലിസവും ........ 164
യേശുക്രിസ്തുവിന്റെ പുനരാഗമനം ........ 168
വാഗ്ദത്ത മസീഹ് ........ 174
ഉപസംഹാരം ........ 182
അനുബന്ധം ക ........ 187
അനുബന്ധം കക ........ 189
ഹെർമാഫ്രഡൈറ്റിസം ........ 191

# അദ്ധ്യായം 1

# യേശുവിന്റെ പുത്രത്വം

ദൈവവും യേശുവും തമ്മിലുള്ള 'പിതൃപുത്ര' ബന്ധം ക്രിസ്തുമതത്തിന്റെ കേന്ദ്ര തത്ത്വമാകുന്നു. ഭാവനയോ അലങ്കാരോക്തിയോ കൂടാതെ 'അക്ഷരാർത്ഥത്തിൽ' പുത്രനായിരിക്കുക (literal son) എന്നതിന്റെ അർത്ഥം മനസ്സിലാക്കാൻ ആദ്യമായി നമുക്കൊന്ന് ശ്രമിച്ചു നോക്കാം. 'അക്ഷരാർത്ഥത്തിലുള്ള' ഒരു പിതാവിന്റെ 'അക്ഷരാർത്ഥത്തിലുള്ള' പുത്രനായിരിക്കുക എന്നതിന്റെ അർത്ഥത്തിൽ നാം കേന്ദ്രീകരിക്കുക. അപ്പോൾ യേശുവിന്റെ 'പുത്രത്വത്തെ'സ്സംബന്ധിച്ചുള്ള നമ്മുടെ അഭിപ്രായങ്ങൾ മാറ്റിത്തിരുത്താൻ പ്രേരിപ്പിക്കുന്ന ചില ന്യായങ്ങൾ ആവിർഭവിക്കുന്നതായി കാണാം. പുത്രൻ  എന്നാൽ എന്താണ്? ശാസ്ത്രം അത്രമാത്രം വികസിച്ചിട്ടില്ലാത്തതും കണ്ടുപിടിത്തങ്ങൾ നടത്തിയിട്ടില്ലാത്തതുമായ ഒരു കാലഘട്ടത്തിൽ ഒരു മനുഷ്യശിശു എങ്ങനെ ജന്മം കൊള്ളുന്നു എന്ന ചോദ്യത്തിന് അവ്യക്തമായ രീതിയിലായിരുന്നു ഉത്തരം നൽകപ്പെട്ടത്. ദൈവത്തിന്ന് തന്റെ ഒരു പുത്രനെ മനുഷ്യജന്മത്തിലൂടെ ജനിപ്പിക്കാൻ തികച്ചും സാധ്യമാണെന്ന് പുരാതനകാലത്തെ ജനങ്ങൾ ധരിച്ചിരുന്നു. ലോകത്തിന്റെ പല ഭാഗങ്ങളിലുണ്ടായിരുന്ന പ്രാകൃതജനവർഗ്ഗങ്ങളിലെല്ലാം തന്നെ ഇത്തരത്തിലുള്ള ഒരു വിശ്വാസം വ്യാപകമായുണ്ടായിരുന്നു. ഗ്രീക്ക് ഇതിഹാസങ്ങളിൽ ഇത്തരം കഥകൾ സുലഭമാണ്. ഹിന്ദു പുരാണങ്ങളിലും അപ്രകാരമുള്ള കഥകൾ ഒട്ടും കുറവല്ല. ദൈവങ്ങൾക്ക് ഇഷ്ടമുള്ളയത്ര പുത്രന്മാരും പുത്രികളുമുണ്ടാവാം എന്ന അവസ്ഥ വാസ്തവത്തിൽ മനുഷ്യന്റെ യുക്തിബോധത്തിനു മുമ്പിൽ ഗൗരവമായ വെല്ലുവിളികൾ അക്കാലത്ത് ഉയർത്തിയിരുന്നില്ല. എന്നാൽ മുമ്പൊരു കാലത്തുമില്ലാത്ത വിധം മനുഷ്യന്റെ ജനനപ്രക്രിയയെ സംബന്ധിച്ച് വിശദീകരിക്കാൻ ശാസ്ത്രത്തിന് ഇന്ന് സാധ്യമാവും. ദൈവത്തിന് 'അക്ഷരാർത്ഥത്തിലുള്ള' അഥവാ ദൈവികമായ പുത്രന്മാരും പുത്രിമാരും ഉണ്ടാവുക എന്നത് സാധ്യമാണെന്ന് ചിലർ ഇപ്പോഴും വിശ്വസിക്കുന്നു. ഈ വിശ്വാസം, പരിഹരിക്കപ്പെടാൻ ബുദ്ധിമുട്ടുള്ള വളരെ ഗൗരവമായ സമസ്യകളും ഉത്തരം കിട്ടാൻ പ്രയാസകരമായ ഒരുപാട് ചോദ്യങ്ങളുമുയർത്തുന്നു. അങ്ങനെ ഈ പ്രശ്നം വളരെ സങ്കീർണ്ണമായ ഒന്നായി മാറുകയാണ്.

## പിതൃത്വത്തിന്റെ ശാസ്ത്രീയാടിസ്ഥാനം

ഒരു മനുഷ്യശിശുവിന് ജന്മം നൽകുന്ന കാര്യത്തിൽ മാതാവിനും പിതാവിനും തുല്യ പങ്കാളിത്ത്വമുണ്ട് എന്ന കാര്യം ഞാൻ ആദ്യമായി ഉണർത്തട്ടെ. മനുഷ്യന്റെ കോശത്തിൽ (cell) 46 ക്രോമസോമുകളുണ്ട്. ആ ക്രോമസോമുകളിലാണ് മനുഷ്യന്റെ സ്വഭാവസവിശേഷതകൾ വഹിക്കുന്ന ജീവതന്തുക്കൾ അഥവാ ജീനു (Gene) കൾ അടങ്ങിയിരിക്കുന്നത്. മനുഷ്യമാതാവിന്റെ അണ്ഡം (ovum) 46ൽ 23 ക്രോമസോമുകൾ മാത്രമാണ് വഹിക്കുന്നത്. ഇത് മനുഷ്യരായ സ്ത്രീ പുരുഷന്മാരുടെ ഒരു കോശത്തിൽ കാണപ്പെടുന്ന മൊത്തം ക്രോമസോമുകളുടെ എണ്ണത്തിന്റെ (46) നേർ പകുതിയാണ്. മാതാവിന്റെ അണ്ഡം ബീജസങ്കലനത്തിന് തയ്യാറായി നിൽക്കുമ്പോൾ ക്രോമസോമുകളുടെ മൊത്തം എണ്ണത്തിന്റെ (46) മറുപാതി (23 ക്രോമസോം) പുരുഷന്റെ ബീജം (Sperm) ആണ് പ്രദാനം ചെയ്യുന്നത്. പുരുഷ ബീജം അണ്ഡത്തിൽ പ്രവേശിക്കുകയും ബീജസങ്കലനം നടക്കുകയും ചെയ്യുന്നു. ഇതാണ് ദൈവത്തിന്റെ സൃഷ്ടിപ്പിന്റെ രൂപകൽപന. ഇങ്ങനെയല്ലായിരുന്നുവെങ്കിൽ അതായത് പുരുഷസഹായമില്ലാതെ സ്ത്രീയുടെ അണ്ഡത്തിലെ ക്രോമസോം സ്വയം തന്നെ വിഘടിച്ചു വളരുകയാണെങ്കിൽ അത് തലമുറ തോറും ഇരട്ടിയായി പെരുകുമായിരുന്നു. തൊട്ടടുത്ത തലമുറയിലേക്ക് 46ൽ നിന്നും 92 ആയിട്ടാവും അത് വളരുക. മനുഷ്യൻ ഉടൻ തന്നെ രാക്ഷസീയ രൂപം പ്രാപിക്കുകയും വളർച്ചയുടെ എല്ലാ പ്രക്രിയകളും തകിടം മറിയുകയും ചെയ്യുമായിരുന്നു. സന്തതികളെ ഉല്പാദിപ്പിക്കാൻ പ്രത്യുല്പാദക കോശങ്ങളിൽ (Regenerative cells) പ്രജനനഘട്ടത്തിൽ തന്നെ ക്രോമസോമുകളുടെ എണ്ണം പകുതിയാക്കി വെച്ചുകൊണ്ട് ജീവികളുടെ അതിജീവന പ്രതിഭാസം ദൈവം മനോഹരമായി ക്രമപ്പെടുത്തുകയും രൂപകല്പന നിർവ്വഹിക്കുകയും ചെയ്തിരിക്കുന്നു. മാതാവിന്റെ അണ്ഡം 23 ക്രോമസോമുകൾ വഹിക്കുന്നു. അതുപോലെ പിതാവിന്റെ ബീജവും 23 ക്രോമസോമുകൾ വഹിക്കുന്നു. അതുകൊണ്ട് ഒരു ശിശുവിന്റെ സ്വഭാവസവിശേഷതകൾ നിർണ്ണയിക്കുന്ന ജീനുകളിൽ പകുതി എണ്ണം പുരുഷനും പകുതി സ്ത്രീയുമാണ് പ്രദാനം ചെയ്യുന്നത് എന്ന് ഒരാൾക്ക് ന്യായമായും പ്രതീക്ഷിക്കാവുന്നതാണ്. ഇതാണ് അക്ഷരാർത്ഥത്തിലുള്ള പുത്രൻ (ജൈവ സന്താനം) എന്നതിന്റെ അർത്ഥം. 'അക്ഷരാർത്ഥത്തിലുള്ള പുത്രൻ' എന്നതിന് ഇതല്ലാതെ മറ്റൊരു നിർവ്വചനം ഒരു മനുഷ്യശിശുവിന്റെ ജനനത്തിനും നൽകുക സാധ്യമല്ല. ജീവികൾ വിവിധ രീതികളിൽ പ്രത്യുൽപാദനം നിർവ്വഹിക്കുന്നു. എന്നാൽ മേൽ വിവരിച്ച നിയമങ്ങൾക്കോ തത്ത്വങ്ങൾക്കോ ഒരിക്കലും മാറ്റമുണ്ടാകില്ല

യേശുവിന്റെ ജനനത്തിൽ നാം ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ ഈ പ്രത്യേക ജനനത്തിൽ എന്താണ് സംഭവിച്ചിരിക്കുക എന്നതിനെ സംബ

ന്ധിച്ചു നമുക്ക് ഒരു രംഗാവിഷ്കാരം നടത്തി പരിശോധിച്ചു നോക്കാം. ശാസ്ത്രീയമായി പരിഗണിക്കപ്പെടാൻ കഴിയുന്ന ഒന്നാമത്തെ സാധ്യത ഇതാണ്. യേശുവിന്റെ ഭ്രൂണം രൂപപ്പെടുത്തുന്നതിന് വേണ്ടി ബീജസങ്കലനം നടക്കുന്നതിന്ന് മുമ്പുള്ള 23 ക്രോമസോമുകളടങ്ങിയ അണ്ഡം മാതാവിന്റെ പങ്ക് എന്ന നിലയിൽ മറിയം പ്രദാനം ചെയ്യുന്നു. അതങ്ങനെയിരിക്കട്ടെ. ചോദ്യം ഇതാണ്. ബീജസങ്കലനം നടക്കാനാവശ്യമായ ബാക്കി 23 ക്രോമസോം എവിടെ നിന്നു വന്നു? യേശുവിന്റെ കോശങ്ങൾക്ക് 23 ക്രോമസോമുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്ന് അഭിപ്രായപ്പെടാൻ സാധ്യതയില്ല. അതായത് 45 ക്രോമസോം ഉണ്ടെങ്കിൽ പോലും ഒരു മനുഷ്യശിശുവിന് ജീവനോടെ ജനിക്കുവാൻ സാധ്യമല്ല. മനുഷ്യ സൃഷ്ടിക്കാവശ്യമായ 46 ക്രോമസോമുകളിൽ ഏതെങ്കിലും ഒന്ന് കുറഞ്ഞുപോയാൽ സംഗതിയാകെ കുഴഞ്ഞുമറിഞ്ഞ് മറ്റെന്തെങ്കിലുമായിത്തിരിയലായിരിക്കും ഫലം. ശാസ്ത്രീയമായി മറിയമിന് മാത്രം 46 ക്രോമസോമുകൾ പ്രദാനം ചെയ്യുവാൻ സാധ്യമല്ല. 23 ക്രോമസോം കഴിച്ച് ബാക്കി മറ്റെവിടെനിന്നെങ്കിലും വന്നിട്ടുണ്ടാവണം.

ദൈവമാണ് യേശുവിന്റെ പിതാവെങ്കിൽ അത് മറ്റു ചില സാധ്യതകൾക്ക്ക്കുടി വഴിയൊരുക്കുന്നു. ഒന്ന്, ദൈവത്തിനും മനുഷ്യന് ഉള്ളതുപോലുള്ള ക്രോമസോമുകൾ ഉണ്ടെന്നും ഈ ക്രോമസോമുകൾ ഏതെങ്കിലും വിധേന മറിയയുടെ ഗർഭപാത്രത്തിലേക്ക് മാറ്റപ്പെട്ടിട്ടുണ്ടാവണം എന്നുമാണ്. അത് അവിശ്വസനീയവും അംഗീകരിക്കാൻ കഴിയാത്തതുമാണ്. ദൈവത്തിന് മനുഷ്യന്റെ ക്രോമസോമുകൾ ഉണ്ടെങ്കിൽ അതിനർത്ഥം അദ്ദേഹത്തിന് (ദൈവത്തിന്) ദൈവമായിരിക്കാൻ കഴിയില്ല എന്നതാണ്. ചുരുക്കത്തിൽ യേശു ദൈവത്തിന്റെ 'അക്ഷരാർത്ഥത്തിലുള്ള പുത്രനാണ്' അഥവാ ജൈവ പുത്രനാണ് എന്ന് വിശ്വസിക്കുന്നുവെങ്കിൽ പിതാവിന്റെ ദൈവത്വം അവതാളത്തിലാവുകയായിരിക്കും അതിന്റെ അനന്തര ഫലം.

രണ്ടാമത്തെ സാധ്യത പ്രകൃത്യതീതമായ പ്രതിഭാസത്തിലൂടെ ദൈവം അല്പം കൂടുതൽ ക്രോമസോമുകൾ സൃഷ്ടിച്ചുവെന്നതാണ്. മറ്റൊരു രീതിയിൽ പറയുകയാണെങ്കിൽ ആ ക്രോമസോമുകൾ ദൈവം എന്ന വ്യക്തിയിൽ നിന്നും വന്നതല്ല, പക്ഷേ, അവ അത്ഭുതകരമായി സൃഷ്ടിക്കപ്പെട്ടതാകുന്നു എന്നതാണ്. സ്വാഭാവികമായും പിതാവായ ദൈവത്തിന്റെ ഏകജാതനായ പുത്രൻ എന്ന യേശുവിന്റെ പദവിയുടെ നിഷേധത്തിലായിരിക്കും ഇത് നമ്മെ നയിക്കുക. ഈ നിഷേധത്തിന്റെ ഫലമായി പ്രപഞ്ചം മുഴുവനും വലയം ചെയ്തിരിക്കുന്ന ദൈവവവുമായുള്ള യേശുവിന്റെ സാമാന്യബന്ധം മാത്രമേ പിന്നീട് നിലനിൽക്കുന്നുള്ളൂ. എല്ലാ സൃഷ്ടവ

സ്തുക്കൾക്കും സ്രഷ്ടാവുമായുള്ള ബന്ധം. അതു പോലെയുള്ള ഒരു ബന്ധം മാത്രമായിരിക്കും യേശുവിന് ദൈവവുമായുണ്ടാവുക.

## ദൈവത്തിന് ജൈവപുത്രൻ ഉണ്ടാവുമോ?

സ്പഷ്ടമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ദൈവത്തിന് ജൈവ പുത്രൻ ഉണ്ടാവുക സാധ്യമല്ല. കാരണം പുത്രന് പകുതി പിതാവിന്റെയും പകുതി മാതാവിന്റെയും ക്രോമസോമുകൾ ലഭിച്ചിരിക്കണം. അപ്പോൾ മറ്റൊരു പ്രശ്നമുദിക്കുന്നത് പുത്രൻ പകുതി ദൈവവും പകുതി മനുഷ്യ നുമായിരിക്കണം എന്നതാണ്. പക്ഷേ ദൈവത്തിന്റെ 'അക്ഷരാർത്ഥത്തി ലുള്ള പുത്രൻ' എന്ന് യേശുവിനെ പറ്റി വിശ്വസിക്കുന്നവർ യേശു പൂർണ മനുഷ്യനും പൂർണ ദൈവവുമാണെന്ന് വാദിക്കുകയും അതിൽ ഊന്നൽ നൽകുകയുമാണ് ചെയ്യുന്നത്.

പകുതി ക്രോമസോം (23 എണ്ണം) മാത്രമേ ഒരു ശിശു ജനിക്കാൻ ആവശ്യമായി വരുന്നുള്ളുവെങ്കിൽ യാതൊരു പ്രശ്നവുമില്ലായിരുന്നു. പക്ഷേ ഒരു ശിശുവും അങ്ങനെ ജനിക്കുന്നില്ല. ഇനി അങ്ങനെ തന്നെ സംഭവിച്ചു വെന്ന് കരുതുക. എന്നാൽ ആ ശിശു പകുതി മനുഷ്യനായിട്ടായിരിക്കും ഉണ്ടാവുക. ഇവിടെ നഷ്ടപ്പെട്ട ഇരുപത്തിമൂന്ന് ക്രോമസോമു കളെക്കുറിച്ചുള്ള പരാമർശം അവിടെ നിൽക്കട്ടെ, ഒരു ക്രോമസോമിലെ ഏതെങ്കിലുമൊരു ജീനിന്ന് പോലും തകരാറ് സംഭവിച്ചാൽ അത് ശിശു വിൽ വമ്പിച്ച ജന്മജാത വൈകല്യങ്ങൾ സൃഷ്ടിക്കുമായിരുന്നു. ആ ശിശു അന്ധനോ അംഗവൈകല്യമുള്ളവനോ ബധിരനോ മൂകനോ ആയി ത്തീർന്നേക്കാം. അത്തരത്തിലൊരു ദുരന്തം സംഭവിക്കുകയാണെങ്കിൽ അതിന്റെ അനന്തര ഭവിഷ്യത്തുകൾ എണ്ണിയാലൊടുങ്ങാത്തതായിരിക്കും. അതായത് ദൈവം മനുഷ്യന്റെയോ മറ്റേതെങ്കിലും വിധത്തിലുള്ളതോ ആയ ക്രോമസോം വഹിക്കുന്നു എന്നു സങ്കൽപ്പിക്കാൻ സാധ്യമാവുകയില്ല. ഈയൊരു കാര്യത്തെപ്പറ്റി ഏതൊരാൾക്കും യാഥാർത്ഥ്യബോധമുണ്ടാവേ ണ്ടതുണ്ട്.

അതുകൊണ്ട് ദൈവത്തിന്റെ വ്യക്തിത്വപരവും കായികവുമായ ബീജ ദാനം എന്നത് നിഷേധിക്കപ്പെടുന്നു. മനുഷ്യസ്വഭാവത്തിലും ഗുണത്തിലു മുള്ള ജീനുകൾ മാത്രം ആവഹിച്ച മറിയമിന്റെ അണ്ഡകോശത്തിൽ നിന്നും ഒരു പുത്രൻ ജനിച്ചെങ്കിൽ ആ ശിശു എന്തുതന്നെ യായാലും ശരി തീർച്ച യായും അവൻ ദൈവത്തിന്റെ പുത്രനാണന്ന് പറയാൻ സാധ്യമല്ല. കൂടി വന്നാൽ നിങ്ങൾക്ക് വിശദീകരിക്കാൻ കഴിയുക അർദ്ധ മനുഷ്യൻ എന്ന നിലക്ക് അത് പ്രകൃതിയുടെ വിചിത്രമായ ഒരു പ്രതിഭാസമല്ലാതെ മറ്റൊ ന്നുമല്ല എന്നാണ്. മറിയമിന്റെ പ്രത്യുൽപ്പാദനാവയവങ്ങൾ മനുഷ്യ സ്ത്രീകളുടേത് പോലെയാണെന്നും എങ്ങനെയോ അതിൽ വെച്ച് സ്വയം

തന്നെ ബീജസങ്കലനം നടന്നു എന്നും കരുതുകയാണെങ്കിൽ തന്നെ ഒരാൾക്ക് പരമാവധി പ്രതീക്ഷിക്കാൻ കഴിയുക പകുതി മനുഷ്യനായ എന്തോ ഒരു സൃഷ്ടി എന്ന് മാത്രമാണ്. ആ എന്തോ ഒരു സൃഷ്ടിയെ 'ദൈവപുത്രനാണെന്ന്' വിളിക്കുന്നത് ഏറ്റവും നിന്ദാകരമാണ്.

പിന്നെയെങ്ങനെയാണ് ക്രിസ്തു ജനിച്ചത്? പുരുഷന്റെ പങ്കാളിത്തമില്ലാതെ മാതാവിന് മാത്രം എങ്ങനെ ഒരു കുഞ്ഞിന് ജന്മം നൽകാൻ കഴിയും എന്ന കാര്യത്തിൽ വികസിത രാജ്യങ്ങളിൽ ഗവേഷണങ്ങൾ നടന്നുകൊണ്ടിരിക്കയാണെന്ന കാര്യം നമുക്കറിയാം. പക്ഷേ ഇതുവരെ കന്യകാപ്രസവത്തെ സംബന്ധിച്ച് അനിഷേധ്യവും സുനിശ്ചിതവുമായ ഒരു തെളിവ് മനുഷ്യയുക്തിക്ക് ലഭ്യമായിട്ടില്ല. അതായത് ഇതുവരെയുള്ള ശാസ്ത്രീയ ഗവേഷണങ്ങൾ ഈ വിതാനത്തിലേക്ക് പുരോഗമിച്ചിട്ടില്ല. എന്നിരുന്നാലും അതിനുള്ള എല്ലാ സാധ്യതകളും തുറന്നു കിടക്കുന്നു.

താഴ്ന്ന ജീവികൾക്കിടയിൽ രണ്ട് വിധത്തിലുള്ള പ്രത്യുൽപ്പാദക പ്രതിഭാസങ്ങൾ ശാസ്ത്രീയമായി സുസ്ഥാപിതമാണ്. പാർത്തെനോജെനസിസ് (Parthenogenesis) ഉം ഉഭയലിംഗത്വവുമാണ് (Hermaphroditism) അവ.

മറിയം യേശുവിനെ അത്ഭുതകരമായ രീതിയിൽ പ്രസവിച്ചത് ഇതുപോലെയുള്ള പ്രകൃതിനിയമമനുസരിച്ചുള്ള രീതിയിലൂടെയായിരിക്കുമെന്ന് കരുതാവുന്നതാണ്. എന്നാൽ അത് തികച്ചും വിരളമായ ഒരു പ്രതിഭാസമായിരിക്കാം. അതിന്റെ സൂക്ഷ്മമായ മറ്റുവശങ്ങൾ ഇപ്പോഴും മനുഷ്യനു പൂർണ്ണമായും മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. ഇവിടെ വായനക്കാരന് വേണ്ടി പാർത്ഥനോജെനസിസിനെപ്പറ്റിയും, ഉഭയലിംഗത്വത്തെപ്പറ്റിയും ഹ്രസ്വമായൊരു വിവരണം നൽകിയിട്ടുണ്ട്. വായനക്കാർക്ക് ഇതുസംബന്ധിച്ച് ശാസ്ത്രീയമായി കൂടുതൽ അറിയാൻ ഈ പുസ്തകത്തിന്റെ അനുബന്ധം കക നോക്കുക.

## ഉഭയലിംഗത്വം (Hermaphroditism)

ഒരു പെൺശരീരത്തിൽ തന്നെ പുരുഷന്റേയും സ്ത്രീയുടേയും ലിംഗാവയവങ്ങളും ആൺ പെൺ ക്രോമസോമുകളും വഹിക്കുന്നതിന് സാങ്കേതികമായി ഉപയോഗിക്കുന്ന പദമാണ് ഉഭയലിംഗത്വം (Hermaphroditism) എന്നത്. ഉഭയലിംഗജീവികളായ ചില മുയലുകൾ ഒരു ഘട്ടത്തിൽ മറ്റ് പെൺമുയലുകളായി ഇണചേരുകയും ആണും പെണ്ണുമായി 250ലധികം മുയലുകളെ പ്രസവിക്കുകയും ചെയ്തു. മറ്റൊരു ഘട്ടത്തിൽ ഇണയില്ലാതെ ആ മുയലിനെ ഒറ്റപ്പെടുത്തിയപ്പോഴും ആൺ പെൺ വർഗ്ഗത്തിലുള്ള ഏഴ് ആരോഗ്യമുള്ള കുഞ്ഞുങ്ങൾക്ക് ജന്മം നൽകുകയുണ്ടായി. ആ മുയലിന്റെ മൃതദേഹം കീറി പരിശോധിച്ചപ്പോൾ അത് ഗർഭിണിയായ അവസ്ഥയിലാ

യിരുന്നു. പ്രവർത്തനക്ഷമമായ രണ്ട് അണ്ഡാശയങ്ങളും (Ovary) പ്രവർത്തനക്ഷമമല്ലാത്ത രണ്ട് വൃഷണങ്ങളും (testis) ആ മുയലിൽ കാണപ്പെടുകയുണ്ടായി. അത്തരം പ്രതിഭാസങ്ങൾ മനുഷ്യരിലും സാധ്യമാണെന്ന് അടുത്ത കാലത്തെ പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു.

## പാർത്ഥനോജെനസിസ് (Parthenogenesis)

പുരുഷ പങ്കാളിയുടെ സഹായമില്ലാതെ സ്ത്രീയുടെ അണ്ഡം അലൈംഗികമായി ( Asexual) ഒരു ശിശുവായി രൂപാന്തരപ്പെടുന്നതിനെയാണ് പാർത്ഥനോജെനസിസ് എന്ന് പറയുന്നത്. ആപിഡ് (Aphids)* (മുഞ്ഞ), മത്സ്യം എന്നീ താഴ്ന്ന തരം ജീവികളിൽ ഈ പ്രതിഭാസം നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. വളരെ കുറഞ്ഞതും അപ്രവചിതവുമായി മഴ ലഭിക്കുന്ന സാഹചര്യങ്ങളിൽ ജീവിക്കുന്ന പല്ലികളിൽ പാർത്ഥനോജെനസിസ് വിജയകരമായ ഒരു അതിജീവന തന്ത്രമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ഒരു പരീക്ഷണശാലയിലെ കൃത്രിമ പരിതഃസ്ഥിതിയിൽ എലിയുടെയും മുയലിന്റെയും ഭ്രൂണങ്ങൾ ഗർഭകാലയളവിന്റെ പകുതിഘട്ടം വരെ പാർത്ഥനോജെനസിസ് വഴി വികസിപ്പിച്ചെടുക്കുകയുണ്ടായി. പക്ഷേ അതിനുശേഷം അത് അലസിപ്പോവുകയാണുണ്ടായത്. കാൽത്സ്യം അയണോഫോർ (calcium ionophore) ഒരു രാസത്വരകമായി (catalyst) ഉപയോഗിച്ചുകൊണ്ട് പാർത്ഥനോജെനസിസ് വഴി മനുഷ്യഭ്രൂണം ചിലപ്പോൾ പ്രവർത്തനക്ഷമമാക്കാനുള്ള സാധ്യതയെപ്പറ്റി ഈയടുത്തകാലത്ത് ചില ഗവേഷണങ്ങൾ നടന്നിട്ടുണ്ട്. മനുഷ്യസ്ത്രീയിലെ ഗർഭധാരണത്തിന്റെ ആദ്യഘട്ടത്തിലെ ചില ഗർഭഛിദ്രങ്ങൾ പാർത്ഥനോജെനസിസിലൂടെ പ്രവർത്തനക്ഷമമായ ഭ്രൂണങ്ങളായിരിക്കാൻ സാധ്യതയുണ്ടെന്ന വസ്തുത ഇത്തരത്തിലുള്ള ഗവേഷണങ്ങൾ ചൂണ്ടിക്കാട്ടുന്നു.

ഈയടുത്തകാലത്ത് നടന്ന ഒരു പരീക്ഷണഗവേഷണത്തിൽ കന്യകാ പ്രസവസാധ്യത ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട് 1995 ഒക്ടോബർ Nature Genetics-se റിപ്പോർട്ടിൽ മൂന്നു വയസ്സുകാരനായ ഒരു കുട്ടിയുടെ ശരീരത്തിന്റെ ഒരു ഭാഗം ബീജസങ്കലനം നടക്കാത്ത അണ്ഡത്തിൽ നിന്നും വളർന്നുവന്ന സുപ്രധാനമായ ഒരു സംഭവം ചർച്ച ചെയ്യുന്നുണ്ട്. ഗവേഷകന്മാർ കുട്ടിയുടെ രക്തത്തിലും ത്വക്കിലുമുള്ള ത ക്രോമസോമിലെ DNA വിന്യാസം പരിശോധിക്കുകയുണ്ടായി. അവന്റെ കോശത്തിലുള്ള ത ക്രോമസോമുകളെല്ലാം പരസ്പരം തത്സമയങ്ങളായിരുന്നു. അതെല്ലാം തന്നെ അവന്റെ അമ്മയിൽ നിന്നും ലഭിച്ചതായിരുന്നു. അതുപോലെ അവന്റെ രക്തത്തിലെ മറ്റു 22 ക്രോമസോം ജോടി

***ആപിഡ്** (മുഞ്ഞ) ഹെമിപ്റ്ററ വിഭാഗത്തിൽപ്പെടുന്ന ഒരു തരം ഷഡ്പദമാണ്. മുഞ്ഞ അഥവാ ആപിഡ് സസ്യങ്ങളുടെ തണ്ട് കുത്തിത്തുളച്ച് നീര് ഊറ്റിക്കുടിക്കുന്ന ഈ ജീവിയെ തണ്ട് തുരപ്പൻ എന്നു വിളിക്കാറുണ്ട് (വിവ:)

കളും തത്സമങ്ങളായിരുന്നു. ഈ ക്രോമസോം ജോടിയിലെ ഓരോ അംഗവും അവന്റെ മാതാവിൽ നിന്നുമുള്ളതായിരുന്നു.

## എന്താണ് അത്ഭുതങ്ങൾ?

കന്യകാപ്രസവവും വിശാലമായ ഒരു സാധ്യതയാണ്. അതൊരിക്കലും അസാധ്യമോ പ്രകൃതി നിയമത്തിനെതിരോ അല്ല. യേശുവിന്റെ ജനനത്തെപ്പറ്റി പ്രകൃതി നിയമങ്ങൾക്കതീതമായ ഒരു വിശദീകരണം തേടേണ്ട ആവശ്യമെവിടെയാണ്? അതിനുമപ്പുറം അതിരുകവിഞ്ഞ നിലയിൽ ദൈവം മനുഷ്യസ്ത്രീയിലൂടെ തന്റെ ജൈവസന്താനത്തിന് ജന്മം നൽകി എന്ന് വിശ്വസിക്കേണ്ട ആവശ്യകതയെന്ത്? നാനാവിധങ്ങളായ ഈ പ്രതിഭാസങ്ങളെല്ലാം തന്നെ പ്രകൃതിയിൽ സംഭവിക്കുന്ന വസ്തുതകളാണെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ടെന്നിരിക്കെ, ദൈവത്തിന്റെ പ്രത്യേകമായൊരു രൂപകൽപന എന്ന നിലക്ക് ചുരുളഴിയാത്ത ഒരു പ്രകൃതി പ്രതിഭാസമായി യേശുവിന്റെ ജനനത്തെപ്പറ്റി വിശ്വസിക്കുന്നതിൽ എന്തുണ്ട് പ്രയാസം? പുരുഷസ്പർശമേൽക്കാതെ അസാധാരണമായ രീതിയിൽ ഗർഭധാരണം നടന്ന എന്തോ ഒരു പ്രകൃതി പ്രതിഭാസം മറിയമിൽ പ്രവർത്തിച്ചുണ്ട്. യഥാർത്ഥത്തിൽ ഇതു തന്നെയാണ് സംഭവിച്ചതെന്നാണ് അഹ്മദി മുസ്ലിംകളുടെ വിശ്വാസം. ഞങ്ങളുടെ വാദം അചഞ്ചലമാണ്. കാരണം ഒരു ശാസ്ത്രജ്ഞന്നും അത് അസംബന്ധമാണെന്ന് പറഞ്ഞ് നിരസിക്കാനോ പ്രകൃതിയുടെ അറിയപ്പെട്ട നിയമങ്ങൾക്ക് എതിരാണെന്ന് പറഞ്ഞു തള്ളിക്കളയാനോ സാധ്യമല്ല.

ഇസ്ലാം അത്ഭുതങ്ങളെ (Miracles) പ്രകൃതിക്ക് വിരുദ്ധമായ സംഭവങ്ങൾ എന്ന നിലക്കല്ല കാണുന്നത്. അത്തരം അത്ഭുതങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അക്കാലത്തെ മനുഷ്യവിജ്ഞാനത്തിന് അത് വിശദീകരിക്കാനായില്ല എന്ന് മാത്രം. പ്രകൃതി നിയമത്തിന് വിരുദ്ധമായത് സംഭവിക്കുകയാണെങ്കിൽ ദൈവത്തിന്റെ മഹത്വത്തെ സംബന്ധിച്ച് ധാരാളം ചോദ്യങ്ങൾ അത് ഉയർത്തിക്കൊണ്ടു വരുമായിരുന്നു. പ്രകൃതിനിയമം ദൈവം സ്വയം ഉണ്ടാക്കിയതാണെങ്കിൽ അത് ലംഘിക്കാതെ തന്നെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഏർപ്പാടുകൾ അവൻ ചെയ്തിട്ടുണ്ടായിരിക്കണം.

എല്ലാ നിയമങ്ങളും മനുഷ്യന് അറിയില്ല. പ്രകൃതി നിയമങ്ങൾ പലവിധത്തിലും പ്രവർത്തിക്കുന്നു. അവ പല വിതാനത്തിലും നിലകളിലുമുള്ളതാണ്. ചിലപ്പോൾ അവയുടെ ഒരു തലം മാത്രമേ മനുഷ്യന് അറിയാൻ സാധ്യമാവൂ. അതിനപ്പുറം ചൂഴ്ന്നുനോക്കാൻ മനുഷ്യന് സാധ്യമല്ല. കാലം കഴിയുന്നതനുസരിച്ച് മനുഷ്യന്റെ വിജ്ഞാനം വർദ്ധിക്കുന്നു. അതോടൊപ്പം ഇതുവരെ അവന് ഗ്രഹിക്കാൻ കഴിഞ്ഞിട്ടില്ലാത്ത പ്രകൃതിനിയമങ്ങളിലേക്ക് കൂടുതൽ ആഴ്ന്നിറങ്ങുകയും നിരീക്ഷിക്കാനുള്ള കൂടുതൽ കഴിവുകൾ

ആർജിക്കുകയും ചെയ്യുന്നു. ശാസ്ത്രപുരോഗതിയുടെ മറ്റൊരു കാലഘട്ടത്തിൽ അത്തരം നിയമങ്ങളുടെ നാനാവിധ പ്രവർത്തനങ്ങളെപ്പറ്റി കൂടുതൽ അറിയാൻ കഴിയുന്നു. ആ നിയമങ്ങളുടെ പ്രവർത്തനങ്ങൾ ശാസ്ത്രം നല്ലതുപോലെ ഗ്രഹിക്കുന്നു എന്നുമാത്രമല്ല മറ്റു നിയമങ്ങളുമായി അത് എങ്ങനെ പ്രതിപ്രവർത്തിക്കുന്നു എന്ന് മനസ്സിലാക്കുകയും ചെയ്യുന്നു.

പഴയ കാലത്ത് അത്ഭുതങ്ങളായി കരുതിയ അത്തരം കാര്യങ്ങൾ പിന്നീട് ദീർഘകാലം അത്ഭുതങ്ങളായി നിലനിന്നില്ല. അത്ഭുതങ്ങൾ എന്നത് നിശ്ചിതകാലത്തെ മനുഷ്യവിജ്ഞാനവുമായി ബന്ധപ്പെട്ടതാണ്. ദൈവത്തിന്റെ അസാധാരണമായ ഒരു പ്രതിഭാസം പ്രകടിതമാവുമ്പോൾ പ്രത്യക്ഷത്തിൽ ഒരു പ്രകൃതി നിയമം ലംഘിക്കപ്പെട്ടതായി തോന്നും. വാസ്തവത്തിൽ അത് പ്രകൃതി നിയമത്തിന് വിരുദ്ധമോ അതിന്റെ ലംഘനമോ അല്ല. ആ പ്രതിഭാസം പ്രകടിതമാക്കിയ നിയമം ഗുപ്തരൂപത്തിൽ അവിടെ ഉണ്ടായിരുന്നു. ദൈവത്തിന്റെ ആജ്ഞ വന്നെത്തിയപ്പോൾ അത് പ്രാവർത്തികമായി എന്ന് മാത്രം. ആ കാലത്തുള്ള ജനതക്ക് ആ നിയമം എന്താണെന്ന് മനസ്സിലാക്കാൻ കഴിയുമായിരുന്നില്ല. അവർക്ക് അതിന്മേൽ യാതൊരു നിയന്ത്രണവുമില്ലായിരുന്നു. ഉദാഹരണത്തിന് ഏതാനും സഹസ്രാബ്ദങ്ങൾക്ക് മുമ്പ് കാന്തശക്തിയെക്കുറിച്ച് മനുഷ്യന് അറിവുണ്ടായിരുന്നില്ല. ആരെങ്കിലും അപ്പോൾ കാന്തം യാദൃശ്ചികമായി കണ്ടെത്തുകയും, നഗ്നദൃഷ്ടിക്ക് കാണാൻ കഴിയുന്ന അവലംബങ്ങളൊന്നുമില്ലാതെ വസ്തുക്കൾ പൊങ്ങി നിൽക്കുന്ന രീതിയിൽ ഒരു വിദ്യ കണ്ടെത്തി യെന്നുമിരിക്കട്ടെ. ഈ വിദ്യ കാണുമ്പോൾ ഇതാ 'അത്ഭുതം!' സാധിച്ചിരിക്കുന്നു എന്നു പറഞ്ഞു മറ്റുള്ളവരെ അതിശയിപ്പിക്കാമായിരുന്നു. ഇക്കാലത്ത് പൊതുവേ അത്തരം വിദ്യകൾ നിസ്സാരവും സർവ്വസാധാരണവുമായി ഗണിക്കപ്പെടുന്നു. അതുകൊണ്ട് അത് അത്ഭുതമായി ഗണിക്കുന്നില്ല. മനുഷ്യന്റെ ജ്ഞാനം പരിമിതമാണ്. എന്നാൽ ദൈവജ്ഞാനം അപരിമിതമാണ്. ഒരു നിയമം പ്രാവർത്തികമാവുകയും, മനുഷ്യന്റെ അറിവിന്ന് അത് പിടികിട്ടാത്തതാവുകയും ചെയ്യുമ്പോൾ ആ പ്രതിഭാസം ഒരുഅത്ഭുതമായി പരിഗണിക്കപ്പെടുന്നു. ഭൂതകാലാനുഭവം വെച്ച് നോക്കുമ്പോൾ പ്രകൃതി നിയമങ്ങൾക്ക് അതീതമെന്ന് അക്കാലത്തെ മനുഷ്യർ കരുതിയിരുന്ന പല കാര്യങ്ങളും അവർക്ക് പൂർണമായും ഗ്രഹിക്കാൻ കഴിയാത്ത പ്രകൃതിനിയമങ്ങൾ തന്നെയായിരുന്നുവെന്ന് പിൽക്കാലത്ത് മനുഷ്യന് വിജ്ഞാനം ലഭിച്ചപ്പോൾ ബോധ്യമായിട്ടുണ്ട്. പിതാവിന്റെ സഹായമില്ലാതെ മാതാവിൽ നിന്നു മാത്രമായി ജനനം സംഭവിക്കുന്ന, പ്രകൃതിനിയമങ്ങൾക്ക് വിധേയമായ ഒരു പ്രതിഭാസം യേശുവിന്റെ ജനനത്തിൽ സംഭവിച്ചിരിക്കണമെന്നത് നാം പറയുന്നത് അതുകൊണ്ടാണ്. അക്കാലത്തെ ജനങ്ങൾക്ക് ഈ പ്രതിഭാസത്തിന്റെ പ്രകൃതിനിയമങ്ങളെക്കുറിച്ചൊന്നുമറിയില്ലായിരുന്നു. ആധുനികകാലത്ത്

പോലും ഈ പ്രതിഭാസം എങ്ങനെ സംഭവിക്കുന്നു എന്നതിനെപ്പറ്റി പൂർണ ജ്ഞാനം കൈവന്നിട്ടില്ല. ശാസ്ത്രം ആ ദിശയിലേക്ക് കുതിക്കുകയും കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. യേശുവിന്റെ ജനനം പ്രകൃതിനിയമങ്ങൾക്കതീതമായ ഒരു പ്രതിഭാസമാണെന്ന് ആർക്കും വാദിക്കാൻ കഴിയാത്ത വിധം ഒരു കാലം സമാഗതമായേക്കാം. അപ്പോൾ വളരെ അപൂർവമായി സംഭവിക്കുന്ന ഒരു പ്രകൃതി പ്രതിഭാസം തന്നെയാണ് യേശുവിന്റെ ജനനം എന്ന് സമ്മതിക്കേണ്ടി വരും. മനുഷ്യന് അപരിചിതമായ അത്യപൂർവ്വ സംഭവം.

## യേശു ദൈവത്തിന്റെ പുത്രനോ?

യേശുക്രിസ്തുവിനെസ്സംബന്ധിച്ച ക്രിസ്ത്യാനികളുടെ ധാരണയിൽ അദ്ദേഹത്തിന്റെ പ്രകൃതി, ദൈവവുമായുള്ള ബന്ധം മുതലായ മറ്റു പല പ്രശ്നങ്ങളും അന്തർഭവിച്ചിട്ടുണ്ട്. ക്രിസ്തീയ സിദ്ധാന്തങ്ങൾ വിമർശനാത്മകമായി അപഗ്രഥനം ചെയ്തു പഠിക്കുമ്പോൾ ഒരു പരിപൂർണ്ണ മനുഷ്യന്റെയും പരിപൂർണ്ണ ദൈവത്തിന്റെയും സവിശേഷ ഗുണങ്ങൾ ഉൾക്കൊള്ളുന്ന ഒരു 'ദൈവപുത്രനാണ്' ഉരുത്തിരിഞ്ഞു വരുന്നത്. ക്രിസ്ത്യാനികളുടെ സിദ്ധാന്തപ്രകാരമായാൽ പോലും പിതാവ് ഒരിക്കലും പുത്രനു തുല്യനാകുന്നില്ല. പിതാവായ ദൈവം സമ്പൂർണനായ ദൈവമാണ്, പക്ഷേ, സമ്പൂർണനായ മനുഷ്യനല്ല. എന്നാൽ പുത്രൻ സമ്പൂർണനായ ദൈവവും സമ്പൂർണനായ മനുഷ്യപുത്രനും കൂടിയാണ് എന്ന വസ്തുത നാം ഓർക്കേണ്ടതുണ്ട്. രണ്ട് വ്യത്യസ്ത സ്വഭാവഗുണങ്ങളോടു കൂടിയ രണ്ട് വ്യത്യസ്ത വ്യക്തിത്വങ്ങളാണ് ഇവർ രണ്ടുപേരും

ഈ സ്വഭാവ ഗുണങ്ങൾ പരസ്പരം മാറ്റാൻ സാദ്ധ്യമല്ല എന്ന് മനസ്സിലാക്കേണ്ടതുണ്ട്. ചില ദ്രവ്യങ്ങളുടെ ഗുണങ്ങൾ പരസ്പരം മാറ്റാൻ സാധിക്കും. ഉദാഹരണത്തിന് സത്തയിലും അതിന്റെ രാസസംയോഗത്തിലും മാറ്റം വരാതെ ജലത്തിന് ഐസാകാനും ജലബാഷ്പമാകാനും സാധിക്കും. എന്നാൽ യേശുവിന്റെയും ദൈവത്തിന്റെയും ഗുണങ്ങളിൽ വ്യത്യാസങ്ങളുണ്ട്. അവരിൽ ഒരാളുടെ ഗുണങ്ങളിൽ ചിലതു കൂടുതൽ കൂട്ടിച്ചേർക്കപ്പെട്ടിട്ടുണ്ട്. അവ പരസ്പരം ചേരുകയില്ല. ഒന്നു മറ്റൊന്നായി രൂപാന്തരപ്പെടാനും സാധ്യമല്ല. ഒന്നു മറ്റൊന്നിൽ നിന്നും തികച്ചും വ്യതിരിക്തമായി നിൽക്കുന്നു. മറ്റൊരു ഗുരുതരമായ പ്രശ്നം കൂടിയുണ്ട്. യേശു പരിപൂർണ മനുഷ്യൻ എന്ന പോലെ പരിപൂർണ ദൈവവുമായിരുന്നോ? പരിപൂർണ മനുഷ്യനാകാത്ത പിതാവായ ദൈവത്തിൽ നിന്നും അദ്ദേഹം തികച്ചും വിഭിന്നനാണ്. പിതാവായ ദൈവം പരിപൂർണ്ണ മനുഷ്യൻ പോയിട്ട് അപൂർണ മനുഷ്യൻ പോലുമായിട്ടില്ല. ഇതെന്ത് തരത്തിലുള്ള

ബന്ധമായിരുന്നു എന്ന് മനസ്സിലാവുന്നില്ല! പുത്രൻ പിതാവിനേക്കാൾ വലി യവനായിരുന്നോ? ഈ അധിക ഗുണം പുത്രനെ പിതാവിനേക്കാൾ ഉന്ന തനാക്കുന്നില്ലെങ്കിൽ പിന്നെ അതൊരു ന്യൂനഗുണമായിരിക്കണം. അങ്ങനെയാണെങ്കിൽ ന്യൂനഗുണമുള്ള പുത്രദൈവം ക്രിസ് ത്യാനികളുടെ അവകാശവാദത്തിനെതിരാണെന്ന് മാത്രമല്ല ദൈവത്തെപ്പറ്റിയുള്ള സർവ്വാം ഗീകൃതമായ ധാരണകൾക്കെതിരായിരിക്കുകയും ചെയ്യും. ദൈവം യാതൊരു ഏറ്റക്കുറച്ചിലുകളും വ്യത്യാസവുമില്ലാതെ ഒന്നിൽ മൂന്നാ ണെന്നും (Three in one) മൂന്നിൽ ഒന്നാണെന്നും (One in three) ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. നാം വിശ്വസിക്കണമെന്ന് പറയുന്ന ക്രിസ്ത്യാനികളുടെ ഈ വൈരുദ്ധ്യാത്മക സിദ്ധാന്തം ഒരാൾക്കെങ്ങനെ ഉൾക്കൊള്ളാനാവും? ഇങ്ങനെ സംഭവിക്കുന്നത്, സത്യസന്ധമായ വസ്തു തകൾക്ക് പകരം മിഥ്യാസങ്കല്പങ്ങളുടെ അടിസ്ഥാനത്തിൽ വിശ്വാസം കെട്ടിപ്പടുത്തതുകൊണ്ടാണ്.

പരിഹരിക്കപ്പെടേണ്ട മറ്റൊരു പ്രശ്നം, ദൈവത്തിന്റെ പുത്രനായ യേശു മറിയത്തിന്റെ ഗർഭപാത്രത്തിൽ നിന്നും ജനിച്ചതുകൊണ്ടാണ് ദൈവ പുത്രനായതെങ്കിൽ അതിനു മുമ്പ് അദ്ദേഹത്തിന്റെ അവസ്ഥയെന്തായി രുന്നു? മറിയത്തിന്റെ ഉദരത്തിലൂടെയുള്ള ജനനമില്ലാതെ തന്നെ അദ്ദേഹം ദൈവത്തിന്റെ അനശ്വരനായ പുത്രനായിരുന്നുവെങ്കിൽ എന്തുകൊണ്ട് അദ്ദേ ഹത്തിന് മനുഷ്യരൂപത്തിൽ ജന്മം നൽകേണ്ടിവന്നു? നശ്വരത എന്നത് പുത്രനുള്ള ഗുണത്തിന് ആവശ്യമായിരുന്നെങ്കിൽ ആ ഗുണം അദ്ദേഹം മനുഷ്യനായി ജനിച്ചതിന് ശേഷം ലഭിച്ച അധിക ഗുണമായിരിക്കും. അദ്ദേഹം ശരീരം ഉപേക്ഷിച്ച് സ്വർഗ്ഗത്തിലേക്ക് കയറിപ്പോയപ്പോൾ പുത്രൻ എന്ന ആ ഗുണവും അപ്രത്യക്ഷമായിട്ടുണ്ടാകണമല്ലോ. മനുഷ്യന്റെ സാമാ ന്യയുക്തി നിരാകരിക്കുന്ന ഈ വിശ്വാസം നിരവധി സങ്കീർണതകളു യർത്തുന്നു. യേശുവിന്റെ ജനനത്തെപ്പറ്റി കുറച്ചു കൂടി ആദരണീയവും സത്യസന്ധവുമായ ഒരു വീക്ഷണം സ്വീകരിക്കണമെന്ന കാര്യത്തിലേക്ക് ഞാൻ നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. അതായത് പ്രത്യക്ഷത്തിൽ ഒളിഞ്ഞു കിടക്കുന്ന ചില പ്രകൃതി നിയമങ്ങളുടെ പ്രവർത്തനഫലമായി പ്രത്യേകമായ ഒരു സൃഷ്ടി പ്രക്രിയയിലൂടെയാണ് യേശുവിന് ദൈവം ജന്മം നൽകിയത്. യേശു ദൈവത്തിന്റെ ആലങ്കാരികമായി മാത്രമുള്ള പുത്ര നാണ്. ദൈവം അദ്ദേഹത്തെ പ്രത്യേകമായി സ്നേഹിച്ചു. പക്ഷേ, അദ്ദേഹം എല്ലാം കൊണ്ടും ഒരു മനുഷ്യൻ മാത്രമായിരുന്നു. യേശുവിനെ ഇതിഹാസരൂപിയാക്കാൻ പുത്രപദവി മൂന്നൂറ് കൊല്ലത്തിനുശേഷം അദ്ദേ ഹത്തിൽ കൂട്ടിച്ചേർക്കപ്പെട്ടതാണ്. ഈ വിഷയം പിന്നീട് ചർച്ച ചെയ്യാം.

**യേശുവിന്റെ പുത്രത്വം**

പിതാവായ ദൈവവും മറിയമും തമ്മിലുള്ള വൈവാഹിക ബന്ധത്തെക്കുറിച്ചുള്ള പ്രശ്നമാണ് മറ്റൊന്ന്. ഇത് പച്ചയായി ചർച്ച ചെയ്യാൻ ആളുകൾ ഇഷ്ടപ്പെടുന്നില്ല. എങ്കിലും പിതാവും പുത്രനും തമ്മിലുള്ള ബന്ധത്തിൽ ഇടയാളായി വർത്തിച്ച മറിയമിന്റെ പങ്കിനെപ്പറ്റിയുള്ള ചർച്ച ഒഴിവാക്കപ്പെടാനാവാത്തതാണ്. അതായത് ഈ വിഷയം അനിവാര്യമായ ഒരു തിന്മയാണ്. ഒരു പക്ഷേ ഇതേ പ്രശ്നം തന്നെയാണ് ഫെഡറിക്ക് നീഷെയെ അലോസരപ്പെടുത്തിയത്. അദ്ദേഹം ഈ വിഷയത്തിൽ തന്നിൽ ഉറഞ്ഞു കൂടിയ അതൃപ്തി താഴെ എഴുതിയ വാക്കുകളിലൂടെ പ്രകടിപ്പിക്കുകയുണ്ടായി. ഫെഡറിക് നീഷെ തന്റെ 'Thus Spoke Narathustra' (സരതുസ്ത്രയുടെ വചനങ്ങൾ) എന്ന വിവാദ പുസ്തകത്തിൽ എഴുതുകയാണ് :

*"ആഭിചാരകന്റെ മോഹവലയത്തിൽ നിന്നും മോചിതനായി അധികം കഴിയുന്നതിന് മുമ്പ് സരതുസ്ത്ര അവന്റെ വഴിയോരത്ത് ആരോ ഒരാൾ ഇരിക്കുന്നതായി കണ്ടു. ദീർഘകായനായ മനുഷ്യൻ. വിവർണവും വിളറിയതുമായ വദനമുള്ള ഈ മനുഷ്യന്റെ ദർശനം തന്നെ സരതുസ്ത്രയിൽ അരോചകത്തമുളവാക്കി. അദ്ദേഹം ആത്മഗതം ചെയ്തു. 'ആഹോ, വേഷപ്രച്ഛന്നമായ ദുരിതം പോലെ ഒരുവനിത, ഇരിക്കുന്നു. പുരോഹിത വർഗത്തിൽപ്പെട്ട ഒരുവനാണെന്ന് തോന്നുന്നു. എന്റെ സാമ്രാജ്യത്തിൽ ഇവനെന്ത് കാര്യം?'............*

*'അല്ലയോ സഞ്ചാരീ, താങ്കൾ ആരായാലെന്ത്' അയാൾ സരതുസ്ത്രയോട് പറഞ്ഞു. 'വഴി തെറ്റിപ്പോയ ഈ വൃദ്ധ യാത്രികനെ സഹായിക്കൂ'. ദുരിതമനുഭവിക്കാനാണ് ഞാനിവിടെ വന്നത്. ഈ ലോകം എനിക്ക് അപരിചിതവും വിദൂരസ്ഥവുമാണ്. വന്യജീവികളുടെ മുരൾച്ച ഞാൻ കേൾക്കുന്നു. സ്വയം തന്നെ എന്നെ സംരക്ഷിക്കാൻ മുതിരുന്ന ഒരുവനേയും ഇവിടെ ഞാൻ കാണുന്നില്ല. ഏകാന്തനായി വനത്തിൽ വസിക്കുന്ന അവസാനത്തെ ദിവ്യനെ, പരിശുദ്ധനെ, പരിവ്രാജകനെ തിരയുകയായിരുന്നു ഞാൻ. ഇന്ന് ലോകം അറിയുന്നതൊന്നും അയാൾ കേട്ടിരിക്കാനിടയില്ല.*

*"ഇന്ന് ലോകം മുഴുവനും അറിയപ്പെടുന്ന കാര്യമെന്ത്?' സരതുസ്ത്ര അയാളോട് ചോദിച്ചു. 'ഇത് ഒരു പക്ഷെ ലോകം മുഴുവൻ ഒരിക്കൽ വിശ്വസിച്ചിരുന്ന ആ വൃദ്ധനായ ദൈവം മരിച്ചുപോയി എന്ന കാര്യമായിരിക്കും.' സരതുസ്ത്ര ആത്മഗതം ചെയ്തു.*

*"അതെ, അത് ശരിയായിരിക്കാം. വിഷാദാത്മകമായി ആ വൃദ്ധൻ പറഞ്ഞു. ഞാൻ വൃദ്ധനായ ആ ദൈവത്തെ അവസാന നിമിഷം വരെ സേവിച്ചിരുന്നു.*

**യേശുവിന്റെ പുത്രത്വം**

*"ഇപ്പോൾ ഞാൻ എന്റെ ഉദ്യോഗത്തിൽ നിന്നും വിരമിച്ചിരിക്കുന്നു. യജമാനനില്ലെങ്കിലും ഇന്ന് ഞാൻ സ്വതന്ത്രനല്ല. ഓർമ്മകളല്ലാതെ മധുരിക്കുന്ന യാതൊന്നും എന്റെതായില്ല. അതുകൊണ്ടാണ് ഞാനീ മല കയറിവന്നത്. പോപ്പോ പാതിരിയോ അഭിഷിക്തനാകുന്നത് പോലെ ഞാൻ അവസാനത്തെ ആഘോഷങ്ങൾക്കായി വന്നു ചേർന്നിരിക്കുന്നു. അറിയുക, ഞാൻ അവസാനത്തെ പോപ്പാണ്! വിശുദ്ധ സ്മരണകളുടെയും ദിവ്യശുശ്രൂഷയുടേതുമായിരിക്കും ആ ആഘോഷം.'*

*"എന്നാൽ നോക്കു, ആ വിശുദ്ധനും മരിച്ചിരിക്കുന്നു. ആ പരമസാത്വികൻ വനാന്തരത്തിൽ വെച്ചു അവന്റെ ദൈവത്തെ നിരന്തരം വാഴ്ത്തിപ്പാടുകയും മന്ത്രോച്ചാരണം നിർവ്വഹിക്കുകയും ചെയ്യുമായിരുന്നു.*

*"ഞാൻ അവന്റെ പർണ്ണശ്ശാല കണ്ടു. എന്നാൽ അവൻ അവിടെയില്ലായിരുന്നു. പക്ഷേ ഞാൻ അവിടെ രണ്ടു ചെന്നായ്ക്കളെ കണ്ടു. അവർ അവന്റെ മരണത്തിൽ ദു:ഖിച്ചു മോങ്ങുന്നുണ്ടായിരുന്നു. എല്ലാ മൃഗങ്ങളും അവനെ സ്നേഹിച്ചിരുന്നു. ഞാനും അവിടെ നിന്നും ഓടിപ്പോന്നു.*

*"ഈ കാട്ടിലേക്കും മലയിലേക്കും ഞാൻ പോയത് വൃഥാവിലായോ? പിന്നീട് എന്റെ ഹൃദയം മറ്റൊരു വിശുദ്ധനെ തേടാൻ തീരുമാനിച്ചു. ദൈവത്തിൽ വിശ്വസിക്കാത്ത പരമ സാത്വികനായ ഒരുവനെ, അതെ, സരതുസ്ത്രയെ!*

*ഇപ്രകാരം പറഞ്ഞു 'തന്റെ മുന്നിൽ നിൽക്കുന്ന സരതുസ്ത്രയെ വൃദ്ധൻ തീക്ഷ്ണമായി നോക്കി. സരതുസ്ത്ര തന്റെ മുന്നിലിരിക്കുന്ന വൃദ്ധനായ പോപ്പിന്റെ കരം ഗ്രഹിച്ച് ദീർഘനേരം ധ്യാനനിമഗ്നനായി. "നോക്കൂ, ഇതാ ബഹുമാനിതനായ ഒരുവൻ. എന്തൊരു നീണ്ട സുന്ദരമായ കരങ്ങൾ! സദാസമയവും അനുഗ്രഹങ്ങൾ ചൊരിഞ്ഞ തിരുഹസ്തങ്ങൾ! ഇപ്പോൾ നീ തേടിക്കൊണ്ടിരിക്കുന്നവന്റെ കരങ്ങളാണ് പിടിച്ചിരിക്കുന്നത്. എന്നെ അതെ സരതുസ്ത്രയെ തന്നെ. 'അത് ഞാനാണ്, ദൈവമില്ലാത്ത സരതുസ്ത്ര. അതേ, ഞാൻ പറയുന്നു: 'അവന്റെ വചനങ്ങൾ കൊണ്ട് ആഹ്ലാദചിത്തനാവുന്ന എന്നെക്കാൾ വലിയ ദൈവമില്ലാത്തവൻ ആരുണ്ട്?' ഇപ്രകാരം സരതുസ്ത്ര പറഞ്ഞു. പോപ്പിനു നേരെ തീഷ്ണമായ നോട്ടമയച്ചു. പോപ്പിന്റെ ചിന്തകളൊഴിഞ്ഞു. അയാൾ പറയാൻ തുടങ്ങി.*

*"അവനെ അഗാധമായി സ്നേഹിക്കുകയും ഹൃദയത്തിൽ കൊണ്ടു നടക്കുകയും ചെയ്തവന്റെ നഷ്ടമാണ് വലിയ നഷ്ടം. നോക്കൂ, നമ്മിൽ രണ്ടുപേരിൽ ഏറ്റവും കൂടുതൽ ദൈവമില്ലാത്തവൻ ഞാൻ തന്നെയല്ലേ? പക്ഷേ ആർക്കാണ് അതിൽ ആഹ്ലാദിക്കാൻ കഴിയുക'?!*

**യേശുവിന്റെ പുത്രത്വം**

*"നീ അവനെ അന്ത്യനിമിഷം വരെ സേവിച്ചു. അഗാധമായ ഒരു നിശ്ശബ്ദതയെ ഭേദിച്ചു വീണ്ടും സരതുസ്ത്ര മൊഴിഞ്ഞു. 'അവൻ എങ്ങനെ മരിച്ചുവെന്നു നിനക്കറിയാമോ'? കാരുണ്യം അവനെ കഴുത്തു ഞെരിച്ചുകൊന്നു എന്ന് അവർ പറയുന്നതു ശരിയാണോ?*

*"മനുഷ്യൻ കുരിശിൽ തൂങ്ങിക്കിടക്കുന്നത് എങ്ങനെയെന്ന് കണ്ട് അവന് സഹിച്ചില്ല. മനുഷ്യനോടുള്ള സ്നേഹം അവന്റെ നരകമായി അവസാനം അവന്റെ മരണവുമായി അല്ലേ?*

*വയസ്സൻ പോപ്പ് മറുപടിയൊന്നും ഉരിയാടാതെ ദൂരേക്ക് നോട്ടമയച്ച് ലജ്ജിതനായി നിന്നു. അയാളുടെ മുഖം മ്ലാനവും ദു:ഖച്ഛവി കലർന്നതുമായി കാണപ്പെട്ടു.*

*"വയസ്സൻ പോപ്പിന്റെ കണ്ണുകളിലേക്ക് നോക്കി ചിന്താമഗ്നനായി ദീർഘനേരമിരുന്ന സരതുസ്ത്ര പറഞ്ഞു:*

*'അവൻ പോവട്ടെ. അവന്റെ കഥ കഴിഞ്ഞു. മരിച്ച ഈ ദൈവത്തിന്റെ നന്മമാത്രം പറയുക എന്നത് നിങ്ങളെ ബഹുമാനിതനാക്കുന്നു. എങ്കിലും നിങ്ങൾക്ക് നല്ലതു പോലെ അറിയാമായിരുന്നു, അവൻ ആരായിരുന്നുവെന്ന്. അവൻ പിന്നിട്ട വിചിത്ര പാതയെക്കുറിച്ചും നിങ്ങൾക്കറിയാം'*

*വൃദ്ധനായ പോപ്പ് ആവേശഭരിതനായി പറഞ്ഞു: നമ്മൾ തമ്മിൽ അതായത്, നമ്മുടെ കണ്ണുകൾ തമ്മിൽ സംസാരിച്ചപ്പോൾ (പോപ്പിന്റെ ഒരു കണ്ണ് അന്ധമായിരുന്നു) ആത്മീയ കാര്യങ്ങളിൽ ഞാൻ സരതുസ്ത്രയേക്കാൾ പ്രബുദ്ധനാണ് എന്ന് ഞാൻ പറയുമായിരിക്കും, എനിക്കാണ് അതിനുള്ള അർഹതയും. എന്റെ സ്നേഹം അവനെ ഒരുപാട് കാലം ശുശ്രൂഷിച്ചു. എന്റെ ഇച്ഛ അവന്റെ ഇച്ഛക്ക് വിധേയമായിരുന്നു. ഒരു നല്ല ശുശ്രൂഷകൻ എല്ലാം അറിയുന്നു. യജമാനൻ തന്നിൽ നിന്നും മറച്ചു വെച്ച ചില കാര്യങ്ങൾ കൂടി അറിയുന്നു. 'അവൻ നിതാന്ത നിഗൂഢതയിൽ ഒളിഞ്ഞിരിക്കുന്ന ദൈവമായിരുന്നു. സത്യമായും അവൻ രഹസ്യമാർഗ്ഗേണ മറ്റേതോ തരത്തിൽ ഒരു പുത്രനായി വന്നു. അവനിലുള്ള വിശ്വാസത്തിന്റെ പടിവാതിൽക്കൽ തന്നെ വ്യഭിചാരം നിലനിൽക്കുന്നു. സ്നേഹത്തെക്കുറിച്ച് ഉന്നതാശയങ്ങൾ വെച്ചു പുലർത്തുന്നവരാരും അവനെ സ്നേഹത്തിന്റെ ദൈവമെന്ന് വാഴ്ത്തില്ല. ഈ ദൈവം അങ്ങിനെ വിധിക്കപ്പെടാതിരിക്കാനും ആഗ്രഹിച്ചതായിരുന്നില്ലേ? സ്നേഹിക്കുന്നവൻ പ്രതിഫലത്തിനും ശിക്ഷക്കും അതീതമായല്ലേ സ്നേഹിക്കാറ്? കിഴക്കൻ രാജ്യക്കാരനായ ഈ ദൈവം യുവാവായിരുന്നപ്പോൾ വളരെ കർക്കശക്കാരനും പ്രതികാരദാഹിയുമായിരുന്നു. അവന്റെ ഇഷ്ടക്കാരെ രസിപ്പിക്കുന്നതിനായി അവൻ സ്വയം ഒരു നരകമുണ്ടാക്കി. കാലം കുറെക്കഴി*

*ഞ്ഞപ്പോൾ ദൈവം വൃദ്ധനായി. മൃദുത്വമുള്ളവനും, അനുകമ്പയുള്ളവനുമായി. അച്ഛനെക്കാൾ അവനൊരു മുത്തച്ഛനായി. എത്രത്തോളമെന്നാൽ വേച്ചു വേച്ചു നടക്കുന്ന ഒരു മുത്തശ്ശിയെപ്പോലെ. പിന്നീട് ഞെരിപ്പോടിന്റെ മൂലയിൽ ദുർബ്ബലമായ പാദങ്ങളിൽ വിറകൊണ്ടിരുന്ന അയാൾ കൂനിക്കൂടിയിരുന്നു. ലോകം അവനു മടുത്തു. ആഗ്രഹങ്ങളെല്ലാം മടുത്തു. അങ്ങനെ ഒരിക്കൽ അധികരിച്ച കാരുണ്യത്താൽ അവൻ ശ്വാസം മുട്ടി ചത്തു.*[1]

O

---

1. "Thus Spoke Zarathustra' by Friedrich Nietzsche. P. 271 - 273. Translation Published by Penguin Books 1969

## അദ്ധ്യായം 2

# പാപവും പാപപരിഹാരവും

ക്രിസ്തുമതത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട രണ്ടാമത്തെ വിശ്വാസ പ്രമാണത്തിലേക്ക് നമുക്ക് കടക്കാം. എല്ലാ ക്രിസ്ത്യാനികളും താഴെ പറയുന്ന കാര്യത്തിൽ യഥാർത്ഥത്തിൽ വിശ്വസിക്കുന്നില്ല എന്ന വസ്തുത ഞാൻ വ്യക്തമാക്കട്ടെ. ചില സഭാ നേതാക്കന്മാർ തന്നെ ക്രിസ്തുമതത്തിന്റെ കർക്കശമായ നിലപാടുകളിൽ നിന്ന് വ്യതിചലിച്ചവരാണ്. എന്നിരുന്നാൽ പോലും പാപത്തിന്റെയും പാപപരിഹാരത്തിന്റെയും സിദ്ധാന്തം യാഥാസ്ഥിതിക ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന തത്ത്വമാണ്.

ക്രിസ്ത്യാനികളുടെ പാപത്തിന്റെയും പാപപരിഹാരത്തിന്റെയും സിദ്ധാന്തത്തിന്റെ ആദ്യഘടകം ദൈവം നീതിമാനും സ്വാഭാവിക നീതി നടപ്പാക്കുന്നവനുമാണ് എന്നതാണ്. പാപത്തിന് തക്കതായ ശിക്ഷ നൽകാതെ ദൈവത്തിന് പൊറുത്തു കൊടുക്കാൻ സാധ്യമല്ല. ശിക്ഷിക്കുക എന്നത് കേവല നീതിയുടെ തത്ത്വങ്ങൾക്ക് എതിരാണ് താനും. ദൈവത്തിന്റെ ഈ 'സവിശേഷ ഗുണവിശേഷമാണ്' ക്രിസ്ത്യാനികളുടെ പാപപരിഹാര സിദ്ധാന്തത്തെ രൂപപ്പെടുത്തുന്നത്.

ക്രിസ്തീയ വിശ്വാസത്തിന്റെ രണ്ടാമത്തെ ഘടകം ആദമും ഹവ്വയും പാപികളായ കാരണത്താൽ മനുഷ്യൻ പാപിയാകുന്നു എന്നതാണ്. ഇതിന്റെ ഫലമായി പാപം മനുഷ്യന്റെ പാരമ്പര്യവാഹിയായ ജീനുകളിൽ ഉൾച്ചേർന്ന് മനുഷ്യന്റെ സന്തതി പരമ്പര മുഴുവൻ കാലാകാലത്തേക്കും ജന്മനാ പാപികളായി മാറി.

ക്രിസ്തീയ വിശ്വാസത്തിന്റെ മൂന്നാമത്തെ ഘടകം പാപരഹിതനായ ഒരാൾക്കല്ലാതെ മറ്റൊരാളെ പാപത്തിൽ നിന്ന് മോചിപ്പിക്കാൻ സാധ്യമല്ല എന്നതാണ്. ഈ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ, മനുഷ്യവംശത്തെ പാപത്തിൽ നിന്ന് ശുദ്ധീകരിക്കാനോ മോചിപ്പിക്കാനോ അതിന്റെ ഭവിഷ്യത്തിൽ നിന്ന് രക്ഷിക്കാനോ ഒരു ദൈവപ്രവാചകന് പോലും സാധ്യമല്ലായിരുന്നു. ദൈവപ്രവാചകൻ ഏറ്റവും നല്ലവനും എത്രതന്നെ പൂർണതയോട് അടുത്തവനായാലും ശരി ആദമിന്റെ സന്തതിയായത് കാരണം ഒരു പ്രവാചകന് പോലും ജന്മജാതമായ പാപത്തിൽ നിന്നു രക്ഷപ്പെടാൻ സാധ്യമല്ലായിരുന്നു. ക്രിസ്തീയ സിദ്ധാന്തത്തിന്റെ ലളിത

രൂപരേഖ ഇതാകുന്നു. ഇവിടെയാണ് ക്രിസ്ത്യൻ ദൈവശാസ്ത്രികൾ പരിഹാരവുമായി രംഗത്തെത്തുന്നത്.

## മനുഷ്യവംശത്തിന്റെ പാപപരിഹാരം

അപരിഹാര്യമായി തോന്നുന്ന ഈ പ്രശ്നം പരിഹരിക്കാൻ ദൈവം അതിവിദഗ്ധമായ ഒരു പദ്ധതി കണ്ടെത്തുകയുണ്ടായി. ഈ പദ്ധതിയെ പ്പറ്റി ദൈവം പുത്രനുമായി ചർച്ച ചെയ്തിരുന്നുവോ അതല്ല അവർ രണ്ടു പേരും ഒരേ സമയം ഈ പദ്ധതി ആവിഷ്കരിച്ചതാണോ എന്നത് വ്യക്ത മല്ല. ഒരുപക്ഷേ, ഈ പദ്ധതി മുഴുവനും പുത്രന്റെ ആശയമായിരിക്കാം. പിന്നീട് ആ ആശയം പിതാവായ ദൈവം അംഗീകരിച്ചതുമാകാം. എന്താ യാലും ഈ പദ്ധതിയിലെ സംഭവങ്ങൾ ക്രിസ്തുവിന്റെ കാലത്ത് താഴെ പറയുംവിധം അരങ്ങേറുകയുണ്ടായി.

രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് ആദിയും അന്ത്യവുമില്ലാത്ത ദൈവ ത്തിന്റെ അനന്തത്വം അക്ഷരാർത്ഥത്തിൽ തന്നെ പങ്കിട്ടുകൊണ്ട് ദൈവ പുത്രൻ മനുഷ്യമാതാവിൽ ജന്മം കൊണ്ടു. ദൈവപുത്രൻ എന്ന നിലക്ക് പിതാവായ ദൈവത്തിന്റെയും മനുഷ്യന്റെയും പൂർണഗുണങ്ങൾ അദ്ദേ ഹത്തിൽ സമ്മേളിച്ചിരിക്കുന്നു. ഭക്തയും ചാരിത്ര്യവതിയുമായ മറിയം എന്നു പേരുള്ള ഒരു സ്ത്രീയാണ് ദൈവപുത്രന്റെ മാതാവാകാൻ തിര ഞ്ഞെടുക്കപ്പെട്ടത്. ദൈവവുമായുള്ള പങ്കാളിത്വത്തിൽ മറിയം ഗർഭിണി യായി. ദൈവത്തിന്റെ അക്ഷരാർത്ഥത്തിലുള്ള ജൈവസന്താനം (Literal son) എന്ന നിലക്ക് യേശു പാപരഹിതനായിട്ടാണ് ജനിച്ചത്. എങ്കിലും ഒരു പരിധി വരെ അദ്ദേഹം മാനുഷിക ഗുണവും മാനുഷിക സത്തയും നിലനിർത്തി. അങ്ങനെ, തന്നെ രക്ഷകനായി സ്വീകരിച്ച സകല ജനത്തി ന്റെയും പാപഭാരം അദ്ദേഹം സ്വയം ഏറ്റെടുക്കുകയുണ്ടായി. ഈ സമർത്ഥ മായ പദ്ധതി മുഖേന മനുഷ്യവംശത്തെ പാപത്തിൽ നിന്നു രക്ഷിക്കാൻ ദൈവത്തിന് തന്റെ 'നീതിമാൻ' എന്ന ഗുണവുമായി യാതൊരുവിധ വിട്ടു വീഴ്ചയും ചെയ്യേണ്ടിവന്നില്ല എന്ന് അവകാശപ്പെടുന്നു.

ഈ പ്രത്യേകതരം പ്രായോഗിക പദ്ധതിയിലൂടെ എത്ര അളവ് പാപി യായ മനുഷ്യനായാലും ശിക്ഷിക്കപ്പെടാതിരിക്കുന്നില്ല എന്ന കാര്യം നാം പ്രത്യേകം ഓർമ്മിക്കേണ്ടതുണ്ട്. ദൈവം നീതിമാനായിരുന്നിട്ടും പാപി യായ മനുഷ്യനോടു കർക്കശമായി പ്രതികാരം ചെയ്യുന്ന കാര്യത്തിൽ അവൻ യാതൊരുവിധ വിട്ടുവീഴ്ചയും കാണിക്കാത്തവനായി നിലകൊ ള്ളുന്നു. വാസ്തവത്തിൽ പാപികളായ ആദമിന്റെ മക്കൾക്ക് പകരം യേ ശുവിനെയാണ് ഇവിടെ ദൈവം ശിക്ഷിക്കുന്നത്. ഈ സംഭവത്തിന് മുമ്പും പിമ്പുമായുള്ള നാടകീയമായ മാറ്റത്തിന്റെ വ്യത്യാസം യേശുവിനെ

ശിക്ഷിച്ചു എന്ന കാര്യം മാത്രമാണ്. അതായത് ആദം സന്തതികളുടെ പാപത്തിന് യേശുവിന്റെ ബലിയാണ് ഇവിടെ പരിഹാരമായി വർത്തിച്ചത്.

എന്തൊരു വിചിത്രവും നിരർഥകവുമായ യുക്തി ശാസ്ത്രമാണിത്! ഇതാണ് സംഭവിച്ചതെന്നാണ് പ്രബോധിക്കപ്പെടുന്നത്. അതായത് യേശു സ്വയം ബലിയാവുകയും അങ്ങനെ അദ്ദേഹം ഒരിക്കലും ചെയ്തിട്ടില്ലാത്ത കുറ്റത്തിന് ശിക്ഷിക്കപ്പെടുകയും ചെയ്തു.

## ആദമിന്റെയും ഹവ്വയുടെയും പാപം

ആദമിന്റെ കഥ തുടക്കം മുതൽ നമുക്കൊന്ന് പുനഃപരിശോധിക്കാം. മനുഷ്യന്റെ യുക്തിബോധത്തിനും സാമാന്യബുദ്ധിക്കും ഈ കഥയിലെ ഒരു സംഗതിപോലും അംഗീകരിക്കാൻ സാദ്ധ്യമല്ല.

ആദ്യമായി ആദമും ഹവ്വയും പാപികളായ കാരണത്താൽ അവരുടെ സന്താന പരമ്പര മുഴുവനും ജനിതകപരമായി എന്നെന്നേക്കുമായി പാപത്താൽ മലിനീകരിക്കപ്പെടുകയുണ്ടായി എന്ന ആശയമാണ് നമുക്ക് ലഭിക്കുന്നത്. ഇതിനു വിരുദ്ധമായി ജനിതക ശാസ്ത്രം പറയുന്നത്, മനുഷ്യന്റെ ചിന്തയും പ്രവൃത്തിയും ഒരാളുടെ ജീവിതത്തിലുടനീളം കൂട്ടുപിരിയാതെ അവിഭാജ്യമായി നിലകൊണ്ടാലും ശരി, അത് അയാളുടെ അടുത്ത തലമുറയിലേക്ക് ജനിതക പാരമ്പര്യമായി കൈമാറ്റം ചെയ്യപ്പെടുകയില്ല എന്നാണ്. മനുഷ്യന്റെ ജനിതക വ്യവസ്ഥയിൽ അത്തരം അഗാധമായ മാറ്റങ്ങളുണ്ടാക്കാൻ ഒരു ചെറിയ മനുഷ്യായുസ്സ് തീരെ അപര്യാപ്തവും ചെറുതുമാണ്. തലമുറ തലമുറകൾ കഴിഞ്ഞാൽ പോലും ഒരു ജനതയുടെ നന്മകൾ അടുത്ത തലമുറയിലേക്ക് ജനിതകപരമായി പകരാൻ സാദ്ധ്യമല്ല. ഒരുപക്ഷേ, മനുഷ്യജീനിൽ ഒരു പുതിയ സ്വഭാവമുദ്ര പതിയാൻ ദശലക്ഷക്കണക്കിന് വർഷങ്ങൾ തന്നെ വേണ്ടിവന്നേക്കും.

ഭാവന വലിച്ചു നീട്ടുകയാണെങ്കിൽ മാത്രമേ അങ്ങേയറ്റം അസംബന്ധജഡിലവും അംഗീകരിക്കാൻ പറ്റാത്തതുമായ ഈ ആശയം (പാപം തലമുറകളിലേക്കു പകരുന്നു എന്ന ആശയം) ഒരാൾക്ക് ഉൾക്കൊള്ളാൻ കഴിയുകയുള്ളൂ. ഇതിനു വിരുദ്ധമായ കാര്യങ്ങളും (പാപം പോലെ നന്മയും തലമുറകളിലേക്ക് പകരുന്നു എന്ന തത്ത്വം) അതേ യുക്തി ഉപയോഗിച്ച് അംഗീകരിക്കപ്പെടേണ്ടി വരും. ഇതിന്റെ അർത്ഥം എന്താണെന്ന് വെച്ചാൽ, ഒരു പാപിയായ മനുഷ്യൻ പശ്ചാത്തപിച്ച് ദിവസത്തിന്റെ അന്ത്യയാമത്തിൽ പാപരഹിതനായിത്തീർന്നു എന്നു വെക്കുക. എങ്കിൽ മുൻ പാപഫലങ്ങൾ മുഴുവൻ റദ്ദാക്കപ്പെടുന്നു. നന്മയുടെ പ്രവൃത്തിയും ജനിതക വ്യവസ്ഥയിൽ രേഖപ്പെടുത്തപ്പെടണമല്ലോ. ശാസ്ത്രീയമായി ഇത് സംഭവ്യമല്ലായിരിക്കാം. എങ്കിലും തിന്മ മാത്രം ജനിതക കോഡിൽ രേഖ

പ്പെടുത്തിവെക്കുകയും നന്മകൾ രേഖപ്പെടുത്താതിരിക്കുകയും ചെയ്യുന്നു എന്നു കരുതുന്നതിനേക്കാൾ യുക്തിപൂർണ്ണമായ ഒരു സന്തുലനചിത്രം ഇത് നൽകുന്നുണ്ട്.

ആദമിന്റെ പാപം ഭാവി സന്തതികളിലേക്ക് ജനിതകപരമായി കൈമാറ്റം ചെയ്യപ്പെടും എന്ന് സിദ്ധാന്തിച്ചുകൊണ്ട് ആദമിന്റെ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുമ്പോൾ പാപത്തിന്റെയും പാപപരിഹാരത്തിന്റെയും സിദ്ധാന്തത്തിൽ കെട്ടിപ്പടുത്ത ക്രിസ്തീയ തത്ത്വങ്ങളുടെ അടിസ്ഥാന ശില തകർന്നടിയുകയാണ്. അതായത് ആദമും ഹവ്വയും ക്ഷണനേരത്തേക്ക് ചെയ്യുകയും പിന്നീട് പശ്ചാത്തപിക്കുകയും ചെയ്ത പാപത്തിന്റെ പേരിൽ അവരുടെ സന്തതി പരമ്പര മുഴുവൻ ശാശ്വതമായി ശപിക്കപ്പെടുകയുണ്ടായി. ദൈവം നീതിമാനാണെങ്കിൽ ഈ സന്ദർഭത്തിൽ ദൈവത്തിന്റെ നീതിബോധം എവിടെയായിരുന്നു? അവർ രണ്ടു പേരും ചെയ്തുപോയ കുറ്റത്തിന്റെ പേരിൽ അതികഠിനമായി ദൈവം അവരെ ശിക്ഷിക്കുകയും സ്വർഗ്ഗത്തിൽ നിന്ന് വളരെ നിന്ദ്യമായ രീതിയിൽ ബഹിഷ്കൃതരാക്കുകയും ചെയ്തു. തികച്ചും വ്യക്തിപരമായ ഒരു കുറ്റത്തിന്റെ കാരണത്താൽ ആദമിനെയും ഹവ്വയെയും ശിക്ഷിച്ചതിന് ശേഷവും നിസ്സഹായരായ മനുഷ്യവംശത്തെ മുഴുവൻ ജന്മജാത പാപികളാക്കി ശപിച്ചു നിന്ദ്യരാക്കുംവരെ പ്രതികാരത്തിന്റെ കലിയടങ്ങാത്ത ഒരു ദൈവത്തെ സംബന്ധിച്ചിടത്തോളം ഇത് ഏത് തരത്തിലുള്ള നീതിയാണ്? ആദം സന്തതികൾക്ക് ഈ പാപത്തിൽ നിന്നു രക്ഷപ്പെടാൻ എന്ത് അവസരമാണ് ഉണ്ടായിരുന്നത്? മാതാപിതാക്കൾ ചെയ്ത കുറ്റത്തിന് എന്തുകൊണ്ട് നിരപരാധികളായ അവരുടെ കുട്ടികൾ കാലാകാലത്തേക്കും അതിന്റെ ശിക്ഷ സഹിക്കേണ്ടി വരുന്നു?

പാപത്തെ സംബന്ധിച്ചും അതിന്റെ അനന്തരഫലത്തെ സംബന്ധിച്ചും ക്രിസ്ത്യാനികൾക്കുള്ള ധാരണകളും വിശുദ്ധ ഖുർആന്റെ പ്രഖ്യാപനങ്ങളും തമ്മിൽ എത്രമാത്രം അന്തരമാണുള്ളത്. ഖുർആൻ പറയുന്നു:

وَلَا تَزِرُ وَازِرَةٌ وِزْرَ أُخْرَىٰ

“ഒരാളുടെ ഭാരം മറ്റൊരാൾ വഹിക്കുന്നില്ല” (35:19).

لَا يُكَلِّفُ اللَّهُ نَفْسًا إِلَّا وُسْعَهَا

“ദൈവം ഒരുവന്റെ പരിധിയിൽ കവിഞ്ഞ യാതൊരു ഉത്തരവാദിത്തവും ഒരാളിൽ ചുമത്തുന്നില്ല.” (2:287).

**പാപവും പാപപരിഹാരവും**

ക്രിസ്ത്യാനികളുടെ പാപവും പാപപരിഹാര സങ്കൽപങ്ങളുമായി വിശുദ്ധ ഖുർആന്റെ ഈ പ്രഖ്യാപനങ്ങൾ താരതമ്യം ചെയ്തു നോക്കുമ്പോൾ ഖുർആനിക വചനങ്ങൾ ആത്മാവിന്റെ നിർമല സംഗീതമായി നമുക്കനുഭവപ്പെടുന്നു.

ശിക്ഷക്ക് കാരണമാക്കിയ ആദമിന്റെയും ഹവ്വയുടെയും പാപസമയത്ത് വാസ്തവത്തിൽ എന്തായിരുന്നു സംഭവിച്ചതെന്ന് പരിശോധിക്കാൻ നമുക്ക് ബൈബിൾ വിവരണങ്ങളിലേക്ക് കടക്കാം. ബൈബിളിലെ ഉൽപത്തിയിലെ വിവരണപ്രകാരം ദൈവം അവരുടെ മാപ്പപേക്ഷ ഭാഗികമായി സ്വീകരിക്കുകയും ശിക്ഷ കൃത്യമായ അളവിൽ ശാശ്വതമായി നൽകുകയുമാണ് ചെയ്തത്. ബൈബിൾ വിവരണം ഇങ്ങനെയാണ്.

*''സ്ത്രീയോട് കൽപിച്ചത്, ഞാൻ നിനക്ക് കഷ്ടവും ഗർഭധാരണവും ഏറ്റവും വർദ്ധിപ്പിക്കും; നീ വേദനയോടെ മക്കളെ പ്രസവിക്കും; നിന്റെ ആഗ്രഹം നിന്റെ ഭർത്താവിനോട് ആകും; അവൻ നിന്നെ ഭരിക്കും. മനുഷ്യനോട് കൽപിച്ചതോ: നീ നിന്റെ ഭാര്യയുടെ വാക്കു അനുസരിക്കുകയും തിന്നരുതെന്നു ഞാൻ കൽപിച്ച വൃക്ഷഫലം തിന്നുകയും ചെയ്തതുകൊണ്ട് നീ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു; നിന്റെ ആയുഷ്ക്കാലമൊക്കെയും നീ കഷ്ടത്തോടെ അതിൽ നിന്ന് അഹോവൃത്തി കഴിക്കും. മുള്ളും പറക്കാരയും നിനക്കു അതിൽ നിന്നു മുളക്കും; വയലിലെ സസ്യം നിനക്കു ആഹാരമാകും. നിലത്തുനിന്നും നിന്നെ എടുത്തിരിക്കുന്നു; അതിൽ തിരികെ ചേരുവോളം മുഖത്തെ വിയർപ്പോടെ നീ ഉപജീവനം കഴിക്കും; നീ പൊടിയാകുന്നു, പൊടിയിൽ തിരികെ ചേരും." (ഉല്പത്തി 3:16-19).*

ആദമും ഹവ്വയും ജനിക്കുന്നതിന് വളരെ മുമ്പ് തന്നെ മാനവകുലം നിലനിന്നിരുന്നു. പാശ്ചാത്യ ശാസ്ത്ര പണ്ഡിതന്മാർ പ്രാക്തന മനുഷ്യന്റെ ധാരാളം ചരിത്രാവശിഷ്ടങ്ങൾ കണ്ടെത്തുകയും ആ പുരാതന മനുഷ്യരെയെല്ലാം വിവിധങ്ങളും വ്യതിരിക്തങ്ങളുമായ രീതിയിൽ വർഗ്ഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഒരുപക്ഷേ, നിയാണ്ടർതാൽ (Neanderthal) മനുഷ്യനായിരിക്കും അവരിൽ ഏറ്റവും കൂടുതൽ അറിയപ്പെടുന്നത്. യൂറോപ്പിലേയും പൂർവ്വേഷ്യയിലേയും മദ്ധ്യേഷ്യയിലേയും ഭൂമേഖലകളിൽ 100,000 മുതൽ 35,000 വരെ വർഷങ്ങൾക്കിടയിൽ നിയാണ്ടർതാൽ മനുഷ്യർ ജീവിച്ചു. ആദമിന്റെയും ഹവ്വയുടെയും പറുദീസയിലെ താൽക്കാലിക വാസത്തിനും 29,000 വർഷങ്ങൾക്ക് മുമ്പ് തന്നെ ഭൂമുഖത്ത് അലഞ്ഞ് നടന്നിരുന്ന പൂർണകായിക വളർച്ചയെത്തിയ മനുഷ്യന്റെ ഒരു മൃതശരീരം (Carcass) കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. ആ സമയത്ത് മനുഷ്യൻ ഏറെക്കുറെ നമ്മെപ്പോലെ തന്നെ കായിക വളർച്ച പ്രാപിക്കുകയും യൂറോപ്പ്,

ആഫ്രിക്ക, ഏഷ്യ എന്നിവിടങ്ങളിൽ ജീവിക്കുകയും ചെയ്തു. ഹിമയുഗം ആരംഭിച്ചപ്പോൾ അവർ അമേരിക്കയിലേക്ക് വ്യാപിക്കുകയുണ്ടായി. ആസ്ത്രേലിയയിലേക്ക് വ്യാപിച്ച പുരാതന മനുഷ്യരായ അബോറി ജിൻസിനെ പറ്റിയുള്ള ആധികാരിക സാംസ്കാരിക ചരിത്രം 40,000 വർഷം മുമ്പത്തെതാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

2.9 ദശലക്ഷം വർഷങ്ങൾക്ക് മുമ്പുള്ള ഒരു മനുഷ്യന്റെ അസ്ഥി ക്കൂടം ഏത്യോപ്യയിലെ ഹെദാർ (Hedar) എന്ന സ്ഥലത്ത് നിന്നും കണ്ടെ ടുക്കപ്പെട്ടിട്ടുണ്ട്. അതുമായി താരതമ്യം ചെയ്യുമ്പോൾ മേൽപ്പറഞ്ഞ കണ്ടെ ത്തലുകൾ സമീപകാലത്തേതാണ്. ബൈബിൾ കാലാനുക്രമപ്രകാരം ആദമും ഹവ്വയും ജീവിച്ചിരുന്നത് ഏകദേശം 6,000 വർഷങ്ങൾക്ക് മുമ്പാണ്. ബൈബിളിലെ ഈ കാലഗണന മനസ്സിൽ വെച്ച് ചരിത്രത്തി ലേക്ക് തിരിഞ്ഞു നോക്കുമ്പോൾ ഹോമാസാപിയൻസ് (Homo Sapi- ens) എന്ന ശാസ്ത്രീയ സാങ്കേതിക സംജ്ഞയിൽ അറിയപ്പെടുന്ന ഈ പുരാതന മനുഷ്യനെ കാണുമ്പോൾ നാം വിസ്മയിച്ചുപോവുന്നു.

## പാപപരിഹാരത്തിനു ശേഷവും മനുഷ്യദുരിതം തുടരുന്നു

ആദമും ഹവ്വയും എങ്ങനെ ശിക്ഷിക്കപ്പെട്ടു എന്ന ബൈബിൾ വിവ രണം വായിക്കുമ്പോൾ അവരുടെ കാലഘട്ടം വരെ പ്രസവവേദനയും പ്രയാസവും സ്ത്രീകൾക്ക് അജ്ഞാതമായിരുന്നു എന്ന കാര്യമറിഞ്ഞ് വായനക്കാരൻ അത്ഭുതപ്പെടാതിരിക്കില്ല. ഒരു ശാസ്ത്രജ്ഞന് അത്തരം സങ്കൽപകഥകൾ വിശ്വസിക്കുക പ്രയാസകരമായിരിക്കും. ആദമും ഹവ്വയും ജനിക്കുന്നതിന് വളരെ മുമ്പ് തന്നെ എല്ലാ ഭൂഖണ്ഡങ്ങളിലും എന്തിനധികം വിദൂരമായ പെസഫിക്ക് ദ്വീപുകളിൽ പോലും മനുഷ്യൻ അധിവസിച്ചിരുന്നു എന്നതിന് അനിഷേധ്യമായ അനേകം തെളിവുകളു ണ്ട്. അവിടങ്ങളിലെല്ലാം വംശവർദ്ധനവിന് വേണ്ടി സ്ത്രീകൾ പ്രയാസ പ്പെട്ടു പ്രസവിച്ചു പോന്നു. അതുകൊണ്ട് ആദമും ഹവ്വയും ആദ്യമായി പാപം ചെയ്തതിന് ശേഷമാണ് ശിക്ഷ എന്ന നിലക്ക് വേദനയോടുകൂ ടിയ പ്രസവം നിലവിൽ വന്നത് എന്ന സിദ്ധാന്തം തികച്ചും തെറ്റാണെന്ന് ജീവികളെപ്പറ്റിയുള്ള പഠനത്തിൽ നിന്നും തെളിയുന്നു. മനുഷ്യനേക്കാൾ താഴ്ന്ന ജീവികൾ പോലും വേദന സഹിച്ചുകൊണ്ടാണ് പ്രസവിക്കുന്ന ത്. ഒരു പശുവിന്റെ പ്രസവം നിരീക്ഷിക്കുകയാണെങ്കിൽ മനുഷ്യസ്ത്രീ സഹിക്കുന്നത് പോലെയുള്ള വേദന ആ മൃഗവും സഹിക്കുന്നതായി നമുക്ക് കാണാൻ സാധിക്കും. അത്തരത്തിലുള്ള കോടാനുകോടി ജീവി കൾ ആദമിനേക്കാളും ഹവ്വയേക്കാളും മുമ്പേ ഭൂമിയിൽ ജീവിച്ചുവരുന്നു എന്ന് നമുക്കറിയാം.

പ്രയാസപ്പെട്ട് ഉപജീവനമാർഗം തേടുക എന്നത് എല്ലാ മനുഷ്യർക്കും പൊതുവായ ഒരു കാര്യമാണ്. ഇത് മനുഷ്യനിൽ മാത്രം പരിമിതമല്ല താനും. സ്ത്രീയും അവളുടെ ഉപജീവനത്തിനുവേണ്ടി പ്രയാസപ്പെടുന്നു. അതിനു മുമ്പും എല്ലാ ജീവജാലങ്ങളും ഉപജീവനത്തിന് വേണ്ടി കഷ്ട പ്പെടുന്നുണ്ട്. ജീവിപരിണാമത്തിലെ ഏറ്റവും മുഖ്യമായ പ്രേരകമാണിത് ഈ ജീവിത സമരം നിലനിൽക്കാനുള്ള ഈ അതിജീവന സമരം ജീവി ലോകവും അചേതനലോകവുമായുള്ള വ്യത്യാസത്തിന്റെ ഏറ്റവും പ്രാഥ മികമായ ഒരു വ്യതിരേകമാണ്. അതൊരു പ്രകൃതി പ്രതിഭാസമാണ്. പാപ വുമായി അതിന് യാതൊരു ബന്ധവുമില്ല.

ഇത് ആദമിന്റെയും ഹവ്വയുടെയും പാപത്തിന്റെ ഫലമായി ലഭിച്ച ശിക്ഷയാണെങ്കിൽ പാപപരിഹാരത്തിന്ന് ശേഷം എന്ത് സംഭവിക്കും എന്നതിനെ സംബന്ധിച്ച് അത്ഭുതപ്പെടേണ്ടിയിരിക്കുന്നു. പാപികളായ മനുഷ്യവർഗത്തിന്റെ മോചനത്തിന്നായി യേശുക്രിസ്തു പ്രായശ്ചിത്തം ചെയ്തെങ്കിൽ ക്രൂശീകരണത്തിന് ശേഷം പാപത്തിനുള്ള ശിക്ഷ റദ്ദാ ക്കേണ്ടതല്ലേ? യേശു ക്രിസ്തുവെ ദൈവപുത്രനായി വിശ്വസിച്ചവരിൽപ്പെട്ട സ്ത്രീകളുടെ പ്രസവവേദന ഇല്ലാതായോ? വിശ്വാസികളായ സ്ത്രീകൾക്ക് ഉപജീവനത്തിന്റെ പ്രയാസം കൂടാതെ ജീവിതവിഭവങ്ങൾ ലഭ്യമായി ട്ടുണ്ടോ? ഭാവിതലമുറയിലേക്ക് പാപസംക്രമണം തടഞ്ഞുകൊണ്ട് പാപ രഹിതമായ സന്തതികൾ ജനിച്ചിട്ടുണ്ടോ? ഈ ചോദ്യങ്ങൾക്കെല്ലാം 'അതെ' എന്ന ഉത്തരം ലഭിക്കുമെങ്കിൽ ക്രിസ്ത്യാനികൾ ഗൗരവപൂർവം പറയാറുള്ള പാപത്തിന്റെയും പാപപരിഹാരത്തിന്റെയും സിദ്ധാന്തങ്ങൾക്ക് തീർച്ചയായും സാധൂകരണമുണ്ട്. എന്നാൽ കഷ്ടമെന്ന് പറയട്ടെ, ഈ ചോദ്യങ്ങൾക്കെല്ലാം ഉത്തരം ഇല്ല, ഇല്ല, ഇല്ല എന്ന് മാത്രമാണ്. പാപപ രിഹാരാർത്ഥം നടന്ന ക്രൂശീകരണത്തിന് ശേഷം ക്രൈസ്തവരിലും അക്രൈസ്തവരിലും യാതൊരു സംഗതിയിലും ഒരു മാറ്റവും ദൃശ്യമാ യില്ല. പിന്നെ എന്താണ് പാപപരിഹാരത്തിന്റെ അർത്ഥം?

യേശുക്രിസ്തുവിന് ശേഷവും ലോകത്തു മുഴുവൻ മാനവരാശിയു ടെയും നീതിബോധം ആവശ്യപ്പെടുന്നത് ഒരാൾ ഒരു തെറ്റു ചെയ്താൽ അതിന്നുള്ള ശിക്ഷ ആ വ്യക്തിക്ക് മാത്രമാണ് നൽകേണ്ടത്, മറ്റാർക്കും നൽകാൻ പാടില്ല എന്നാണ്. സ്ത്രീയാകട്ടെ പുരുഷനാകട്ടെ അവനവൻ ചെയ്ത പാപത്തിനുള്ള ശിക്ഷ സ്വയം തന്നെ അനുഭവിക്കേണ്ടതുണ്ട്. അതുപോലെ കുഞ്ഞുങ്ങൾ എപ്പോഴും പാപരഹിതരായാണ് ജനിക്കുന്ന ത്. ഈ തത്ത്വങ്ങൾ ശരിയല്ലെങ്കിൽ പിന്നെ ദൈവത്തിന്റെ നീതിമാൻ എന്ന ഗുണം എടുത്ത് ദൂരെ കളയേണ്ടി വരും.

ഞങ്ങൾ മുസ്‌ലിംകൾ വിശ്വസിക്കുന്നത് എല്ലാ ദിവ്യഗ്രന്ഥങ്ങളും സനാതനമായ സത്യങ്ങളെ അധിഷ്ഠാനമാക്കിക്കൊണ്ടുള്ളതാണ് എന്നാണ്. ആർക്കും തന്നെ അതിന് വിരുദ്ധമായ ഒരു വാദം ഉന്നയിക്കുവാൻ സാധ്യമല്ല. അത്തരം ദിവ്യവെളിപാടു ഗ്രന്ഥങ്ങളിൽ സനാതന തത്വങ്ങൾക്ക് പൊരുത്തപ്പെടാത്തതും വൈരുദ്ധ്യാത്മകവുമായി എന്തെങ്കിലും കണ്ടെത്തുകയാണെങ്കിൽ നമ്മുടെ സമീപനം അതിന്റെ സമ്പൂർണനിരാകരണവും നിഷേധവുമല്ല. പ്രത്യുത ആ ഗ്രന്ഥങ്ങളുടെ അവധാനതയോടുകൂടിയ അനുകമ്പാപൂർണമായ പരിശോധനയായിരിക്കും. ബൈബിൾ പഴയ നിയമത്തിലും പുതിയ നിമയത്തിലും വന്ന നിരവധി പ്രസ്താവനകളിൽ പ്രകൃതി സത്യങ്ങളിൽ നിന്നും വ്യതിയാനം വന്നവയായി കാണാം. അത്തരം പ്രസ്താവനകൾ കണ്ടുമുട്ടുമ്പോൾ നാം ആ വചനങ്ങളിലെ ഗൂഢാർത്ഥപരമോ ആലങ്കാരികമോ ആയ സന്ദേശങ്ങൾ വായിച്ചെടുക്കുന്നു. അല്ലെങ്കിൽ വേദഗ്രന്ഥങ്ങളിൽ ദൈവത്തിനുപകരം മനുഷ്യകരങ്ങൾ എഴുതിച്ചേർത്ത കൃതിപ്പാണെന്ന് കരുതി ആ വേദഭാഗങ്ങളെ നിരാകരിക്കുന്നു. ക്രിസ്തുമതം അതിന്റെ സ്വഛരൂപത്തിൽ സത്യമായിരുന്ന കാലത്ത് അതിൽ യാതൊരുവിധ പ്രക്ഷിപ്തങ്ങളോ അസ്വീകാര്യമായ യാതൊരു വസ്തുതയോ വിശ്വാസമോ പ്രകൃതിയെ കളവാക്കുന്ന ഒന്നും തന്നെയോ ഇല്ലായിരുന്നു. അതുകൊണ്ടാണ് നാം പാഠപരമായ ഒരു പരിശോധനയ്ക്ക് (Textual examination) തുനിയാതെ അതിന്റെ മൂലതത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നത്. അതാകട്ടെ നൂറ്റാണ്ടുകളോളമായി ക്രിസ്തീയ തത്ത്വശാസ്ത്രത്തിന്റെ ചോദ്യം ചെയ്യപ്പെടാത്ത അവിഭാജ്യഘടകമായിത്തീർന്നിട്ടുള്ളതാണ്. അതിൽ ഏറ്റവും പ്രാഥമികമായത് പാപവും പാപപരിഹാരവും സംബന്ധിച്ച ക്രിസ്ത്യാനികളുടെ ധാരണകളാണ്. ക്രിസ്തീയ ചരിത്രത്തിന്റെ ഏതോ ഒരു ദശാസന്ധിയിൽ വെച്ച് ആരോ ഒരാൾ കാര്യങ്ങൾ തെറ്റായി ധരിക്കുകയും ആ ധാരണകൾ തന്റെ അറിവിന്റെ അടിസ്ഥാനത്തിൽ വ്യാഖ്യാനിക്കാൻ ശ്രമിക്കുകയും ഇതു കാരണം പിൽക്കാല തലമുറകൾ തെറ്റിലേക്ക് നയിക്കപ്പെടുകയും ചെയ്തു എന്നാണ് ഇത് സംബന്ധമായി ഞാൻ വിചാരിക്കുന്നത്.

## പാരമ്പര്യ പാപം

വാദത്തിനുവേണ്ടി ആദമും ഹവ്വയും പഴയനിയമത്തിൽ പ്രതിപാദിച്ചതുപോലെ അക്ഷരാർത്ഥത്തിൽ തന്നെ പാപികളാണെന്നും അവർ ഉചിതമായ രീതിയിൽ ശിക്ഷിക്കപ്പെട്ടുവെന്നും കരുതുക. കഥയിൽ വിവരിക്കുന്നത് പോലെ ശിക്ഷ അവരിൽ മാത്രം ഒതുങ്ങുന്നില്ല. അവരുടെ മുഴുവൻ സന്തതിപരമ്പരകളിലേക്കും ശിക്ഷ പരക്കുകയാണ്. ഒരിക്കൽ ശിക്ഷ വിധിക്കുകയും അത് നടപ്പാക്കുകയും ചെയ്തുകഴിഞ്ഞാൽ മറ്റു ശിക്ഷ

കളുടെ ആവശ്യമെന്ത്? ഒരിക്കൽ ഒരു കുറ്റത്തിന് ശിക്ഷിക്കപ്പെട്ടാൽ അത് അതോടെ കഴിഞ്ഞു. ഒരിക്കൽ ഒരു ശിക്ഷാവിധി പ്രസ്താവിച്ചുകഴിഞ്ഞാൽ വീണ്ടും വീണ്ടും ശിക്ഷകൾ അതിനോടുകൂട്ടി ചേർക്കാൻ ആർക്കും അവകാശമില്ല. ആദമിനേയും ഹവ്വയേയും അവർ ചെയ്ത കുറ്റത്തിന് ലഭിക്കേണ്ട ശിക്ഷയേക്കാൾ കൂടുതലായി ശാസിക്കപ്പെട്ടിരുന്നു. അതുകൂടാതെ ആ ശിക്ഷ അവരുടെ സന്താനപരമ്പരകളിലേക്ക് കൂടി വ്യാപിപ്പിക്കുന്ന രീതി അങ്ങേയറ്റം ചോദ്യം ചെയ്യപ്പെടേണ്ടതാണ്. നാം അതിനെപ്പറ്റി വേണ്ടവിധം പറഞ്ഞു കഴിഞ്ഞു. ഇത് കേവല നീതിയുടെ ഹീനമായ ലംഘനമാണെന്ന കാര്യം ചൂണ്ടിക്കാട്ടാനാണ് നാം ശ്രമിക്കുന്നത്. നമ്മുടെ പൂർവ്വ പിതാക്കന്മാരുടെ തെറ്റുകൾക്ക് നമ്മെ ശിക്ഷിക്കുക എന്നത് പോകട്ടെ, ആ പൂർവ്വ പിതാക്കന്മാർ ചെയ്ത തെറ്റുകൾക്ക് അനന്തരഫലമായിക്കൊണ്ട് നമ്മിൽ പാപം അടിച്ചേൽപ്പിക്കുന്നത് മിതമായി പറഞ്ഞാൽ നിന്ദാകരമാണ്.

മനുഷ്യാനുഭവങ്ങളുടെ പരുക്കൻ യാഥാർത്ഥ്യങ്ങളുടെ അടിസ്ഥാനത്തിൽ നമ്മുടെ ദൈനംദിന അനുഭവങ്ങളുമായി താരതമ്യം ചെയ്തുകൊണ്ട് കുറ്റത്തിന്റേയും ശിക്ഷയുടേയും ക്രിസ്തീയ തത്ത്വശാസ്ത്രം നമുക്കൊന്നു മനസ്സിലാക്കാൻ ശ്രമിക്കാം. ഒരു കുറ്റവാളിക്കെതിരെ ഒരു വിധി പുറപ്പെടുവിക്കുന്നുവെന്ന് കരുതുക. അയാൾ ചെയ്ത കുറ്റവുമായി താരതമ്യം ചെയ്യുമ്പോൾ വളരെ തീക്ഷ്ണവും കഠിനവുമായിരുന്നു ആ ശിക്ഷ. കുറ്റവും ശിക്ഷയും തമ്മിലുള്ള ഈ വമ്പിച്ച അനുപാതമില്ലായ്മ ഏതൊരു സാമാന്യബുദ്ധിയുള്ള ആളുടേയും ശക്തവും തീവ്രവുമായ അപലപനത്തിന് വിധേയമാവും. ഈ വീക്ഷണകോണിൽ നിന്നു നോക്കുമ്പോൾ ആദമിന് അദ്ദേഹം ചെയ്ത പാപത്തിനു മേൽ ചുമത്തിയ ശിക്ഷ നീതിമാനായ ദൈവത്തിൽ നിന്നുമുണ്ടായതാണോ എന്ന് വിശ്വസിക്കാൻ നമുക്ക് പ്രയാസമാണ്. കുറ്റത്തേക്കാൾ കവിഞ്ഞ ശിക്ഷ എന്ന സ്ഥിതിക്ക് ഇത് ഒരു അനുപാതമില്ലായ്മയുടെ പ്രശ്നം മാത്രമല്ല. ക്രിസ്ത്യൻ സങ്കല്പപ്രകാരമുള്ള ദൈവത്തിന്റെ പെരുമാറ്റം എന്ന നിലയിൽ ആ ശിക്ഷ ആദമിന്റേയും ഹവ്വയുടേയും ജീവിതകാലത്ത് മാത്രം പരിമിതപ്പെട്ടുനിൽക്കുന്നില്ല. അവരുടെ സന്തതികളുടെ തലമുറകളിലേക്ക് അത് വ്യാപിച്ചു നിൽക്കുന്നു. സന്തതികൾ അവരുടെ പിതാക്കൾക്ക് വേണ്ടി ശിക്ഷിക്കപ്പെടുക എന്നത് നീതിയുടെ ആത്യന്തികമായ ലംഘനമാണ്. നാം അത് മാത്രമല്ല പറയുന്നത്. ഒരു കുറ്റവാളിയുടെ സന്തതികൾക്കും അവരുടെ സന്തതികൾക്കും നിയമം മുഖേന നിർബന്ധപൂർവ്വം അനന്തമായി കുറ്റം ചെയ്യൽ തുടരാനും അതിനനുസരിച്ച് ശിക്ഷിക്കാനും ഇക്കാലത്തെ ഒരു ന്യായാധിപൻ വിധി പറഞ്ഞത് കാണാനുള്ള ദൗർഭാഗ്യം നമുക്കുണ്ടായി എങ്കിൽ, സംസ്കാരത്തിലൂടെ സാർവ്വത്രിക നീതി സങ്കല്പം ആർജിച്ച സമകാലിക സമൂഹത്തിന്റെ പ്രതികരണം എന്തായിരിക്കും?

### പാപവും പാപപരിഹാരവും

അഞ്ചാം നൂറ്റാണ്ടിൽ ഹിപ്പോയിലെ ബിഷപ്പായിരുന്ന അഗസ്റ്റിനും* പെലാജിയൻ (Pelagian) പ്രസ്ഥാനവും തമ്മിൽ ആദമിന്റെയും ഹവ്വയുടേയും വീഴ്ചകളെപ്പറ്റി വമ്പിച്ച വാദപ്രതിവാദം നടക്കുകയുണ്ടായി. ആദം ചെയ്ത പാപം അദ്ദേഹത്തിൽ മാത്രം പരിമിതമാണെന്നും മനുഷ്യവംശത്തിന്റെ മുഴുവൻ പാപമല്ലെന്നും പഠിപ്പിച്ച പെലാജിയൻ പ്രസ്ഥാനത്തിൽ ബിഷപ്പ് അഗസ്റ്റിൻ മതനിന്ദ ആരോപിച്ചു. ഓരോ മനുഷ്യനും പാപത്തിൽ നിന്നും വിമുക്തനായി നിർമ്മല പ്രകൃതിയോടെ ജനിക്കുന്നുവെന്നും പാപരഹിതമായ ജീവിതം നയിക്കാൻ ഓരോ വ്യക്തിക്കും അവന്റെ കഴിവുപയോഗിച്ചു സാധ്യമാണെന്നും അങ്ങനെ ജീവിച്ച് വിജയം വരിച്ചവർ ഉണ്ടെന്നുമായിരുന്നു പെലാജിയൻ വാദം. സത്യം പറഞ്ഞവരെ മതനിന്ദകരായി മുദ്രകുത്തുകയാണുണ്ടായത്. പകൽ രാത്രിയാണെന്നും രാത്രി പകലാണെന്നും പ്രഖ്യാപനമുണ്ടായി. സത്യം മതനിന്ദയാണെന്നും മതനിന്ദ സത്യമാണെന്നും വന്നു.

## പാപത്തിന്റെ കൈമാറ്റം

പാപിയെ ശിക്ഷിക്കാതെ പൊറുത്തുകൊടുക്കാൻ ദൈവത്തിന് സാധ്യമല്ല. അല്ലാത്തപക്ഷം അത് ദൈവത്തിന്റെ കേവല നീതി തത്ത്വങ്ങൾക്കെതിരാണ് എന്ന സിദ്ധാന്തം നമുക്കൊന്ന് പുന:പരിശോധിക്കാം. മനുഷ്യധിഷണക്ക് തീർച്ചയായും ഗ്രഹിക്കാൻ കഴിയാത്തതും മനുഷ്യമനസ്സാക്ഷിക്ക് കടകവിരുദ്ധവുമായ ഈ സിദ്ധാന്തം നൂറ്റാണ്ടുകളോളമായി ക്രിസ്ത്യാനികൾ വിശ്വസിച്ചു വരുന്നു എന്ന യാഥാർത്ഥ്യം തിരിച്ചറിയുമ്പോൾ ഒരാൾ ഭീതി കൊണ്ട് പ്രകമ്പനം കൊണ്ടുപോകും. ഭൂമിയിലോ ആകാശത്തോ ആകട്ടെ നിരപരാധിയായ ഒരു മനുഷ്യൻ സ്വയം ശിക്ഷ വരിക്കാൻ തയ്യാറായാൽ അതിനുപകരം എങ്ങനെയാണ് ഒരു പാപിക്ക് പൊറുത്തുകൊടുക്കുക? ദൈവം അങ്ങനെ ചെയ്യുന്ന നിമിഷം മുതൽ നീതിയുടെ ഒരു അടിസ്ഥാന തത്ത്വം ലംഘിക്കപ്പെടുകയാണ്. ഒരു പാപിയുടെ പാപത്തിന് പാപിയായ അയാൾ തന്നെ ശിക്ഷിക്കപ്പെടണം. ചുരുക്കത്തിൽ ശിക്ഷ ഒരാളിൽ നിന്നും മറ്റൊരാളിലേക്ക് മാറ്റപ്പെടുമ്പോൾ നിരവധി സങ്കീർണ്ണങ്ങളായ മാനുഷിക പ്രശ്നങ്ങൾ ഉദ്ഭവിക്കും.

ഒരു നിരപരാധി സ്വേച്ഛയാൽ മറ്റൊരാളുടെ ശിക്ഷ ഏറ്റെടുക്കുന്നതിനാൽ ശിക്ഷയുടെ അത്തരം കൈമാറ്റങ്ങൾ കേവലനീതി സങ്കല്പങ്ങ

*** സെന്റ് അഗസ്റ്റിൻ (എ.ഡി. 354–430):** വടക്കെ ആഫ്രിക്കയിലെ അൾജീരിയയിൽ ഹിപ്പോറിജീയസ് എന്ന സ്ഥലത്ത് ജനിച്ച പൗരാണിക ക്രൈസ്തവ ദാർശനികൻ. പുതിയ നിയമത്തിലെ വിശ്വാസസിദ്ധാന്തങ്ങളും യവനതത്ത്വമീംമാംസയുടെ കാതലായ ഭാഗങ്ങളും ഉരുകിച്ചേർത്ത ഒരു ധർമ്മസംഹിതയുടെ പ്രചാരകനാണ് സെന്റ് അഗസ്റ്റിൻ. ആഫ്രിക്കയിലെ അൾജീരിയായിലാണ് ജനിച്ചതെങ്കിലും - പാശ്ചാത്യ ക്രൈസ്തവ ദർശനത്തിന്റെ ഏറ്റവും ആധികാരിക വക്താവാണ് സെന്റ് അഗസ്റ്റിൻ. പതിനഞ്ച് നൂറ്റാണ്ടുകളായി അത് അഭംഗുരം തുടരുന്നു. (വിവ:)

ളുടെ തത്ത്വങ്ങൾ ലംഘിക്കുന്നില്ല എന്ന് ചില ക്രൈസ്തവ ദൈവശാസ്ത്രജ്ഞന്മാർ വാദിക്കുന്നു. പണം തിരിച്ചടക്കാൻ സാധിക്കാതെ കടം വന്നു കയറിയ ഒരാളുടെ കാര്യത്തിൽ മറ്റൊരു ദൈവഭക്തനായ മനുഷ്യസ്നേഹി വന്ന് മുഴുവൻ കടവും വീട്ടി അവനെ കടത്തിൽ നിന്നും മോചിപ്പിക്കുന്നു. ഈ ഋണബാധിതന്റെ കാര്യത്തിൽ നിങ്ങൾക്കെന്ത് പറയാനുണ്ട്? എന്നാണ് അവർ നമ്മോടു ചോദിക്കുന്നത്. ഞങ്ങളുടെ മറുപടി ഇപ്രകാരമായിരിക്കും. അത്തരം ദയ, ഔദാര്യം, ത്യാഗം എന്നിവയോടു കൂടിയ മനുഷ്യസ്നേഹപരമായ പ്രവർത്തനങ്ങൾ തീർച്ചയായും അഭിനന്ദനാർഹമാണ്. പക്ഷേ കോടിക്കണക്കിന് സ്റ്റെർലിംങ്ങ് കടക്കാരനായ ഒരാളുടെ മോചനത്തിന് വേണ്ടി ഒരു മനുഷ്യസ്നേഹി മുന്നോട്ടുവന്ന് അയാളുടെ പോക്കറ്റിൽ നിന്ന് ദയാവായ്പോടെ ഒരു പെന്നി (ഏറ്റവും മൂല്യം കുറഞ്ഞ നാണയം) എടുത്തുകൊണ്ട് ഈ കടക്കാരന്റെ എല്ലാ കടങ്ങളും ഇതിനുപകരമായി ഒഴിവാക്കിക്കൊടുക്കണമെന്ന് പറഞ്ഞാൽ ഒരാളുടെ പ്രതികരണമെന്തായിരിക്കും? മനുഷ്യരാശിയുടെ മുഴുവൻ പാപത്തിനും വേണ്ടി സ്വയം ശിക്ഷിക്കപ്പെട്ട യേശുവിന്റെ അർപ്പണം അതിനേക്കാൾ എത്രയോ യുക്തിഹീനവും അംശാനുപാതമില്ലാത്തതുമാണ്. ഒരു കടക്കാരന്റേയോ ഒരു തലമുറയിലെ കടക്കാരുടേയോ പ്രശ്നമല്ല നാം സംസാരിക്കുന്നത്. പ്രളയകാലം വരെ ജനിച്ചതും ജനിക്കാനിരിക്കുന്നതുമായ കോടികണക്കിന് കടക്കാരുടെ പ്രശ്നമാണ് നാം സംസാരിക്കുന്നത്.

മേൽപറഞ്ഞ ഉദാഹരണം കൊണ്ട് എല്ലാമായില്ല. കടബാദ്ധ്യതയുള്ള ഒരാളെ ഒരു പാപിയുമായി താരതമ്യം ചെയ്ത് പാപത്തെ നിർവ്വചിക്കുന്നത് ഏറ്റവും ബുദ്ധിശൂന്യമാണ്. കുറ്റത്തേയും ശിക്ഷയേയും കുറിച്ചുള്ള മറ്റു വശങ്ങളിലേക്ക് തിരിയുന്നതിന് മുമ്പ് ഇവിടെ വിവരിക്കപ്പെട്ട സംഗതികൾ കൂടി വിശദീകരണം അർഹിക്കുന്നുണ്ട്.

അ എന്ന കടക്കാരൻ ആ എന്നയാളിന്ന് ഒരു ലക്ഷം പൗണ്ട് കൊടുക്കാനുണ്ട് എന്നിരിക്കട്ടെ. ഒരു സമ്പന്നനായ മനുഷ്യസ്നേഹി അദ്ദേഹത്തിന്റെ പൂർണ്ണബോധത്തോടെ കടബാധിതനായ അയെ ആയിൽ നിന്നും മോചിപ്പിക്കാൻ ഗൗരവത്തോടെയും സത്യസന്ധമായും ആഗ്രഹിച്ചു എന്നും സങ്കൽപിക്കുക. പൊതു നിയമം അ എന്നയാൾ ആക്ക് കൊടുക്കാനുള്ള കടം മുഴുവൻ വീട്ടിത്തീർക്കണമെന്നാണ് അനുശാസിക്കുന്നത്. എന്നാൽ ഈ മനുഷ്യസ്നേഹി എന്ന സാങ്കല്പിക കഥാപാത്രം അക്ക് വേണ്ടി ആക്ക് കടം കൊടുത്തു വീട്ടുന്നതിനു പകരം താൻ കടബാധിതനായ അക്ക് പകരമായി ഏതാനും അടി സ്വീകരിക്കുകയോ അല്ലെങ്കിൽ മൂന്നു രാവും പകലും ജയിൽ ശിക്ഷ സ്വീകരിക്കുകയോ ചെയ്യാമെന്നും, അയെ കടത്തിൽ നിന്നും മോചിപ്പിക്കണമെന്നും ന്യായാധിപനോടു അഭ്യർത്ഥിക്കുമെന്നിരിക്കട്ടെ. യഥാർത്ഥ ലോകത്ത് അങ്ങനെയൊന്ന് സംഭ

വിച്ചെങ്കിൽ ന്യായാധിപൻ അന്തം വിട്ടുപോവുന്നതും പാവം പണം കിട്ടാനുള്ള കടക്കാരൻ ആശയക്കുഴപ്പത്തിലാവുന്നതും കാണാം. എന്നാൽ മനുഷ്യസ്നേഹി അദ്ദേഹത്തിന്റെ അഭ്യർത്ഥന മുഴുവനും സമർപ്പിച്ചു കഴിഞ്ഞിട്ടില്ല എന്നു പറഞ്ഞുകൊണ്ടു തുടരുന്നു: ഓ പ്രഭോ, എന്റെ ഈ ത്യാഗം കൊണ്ട് ആ കടം മാത്രമല്ല വീട്ടിക്കിട്ടേണ്ടത്. ഈ സാമ്രാജ്യത്തിൽ ഇന്ന് ജീവിച്ചിരിക്കുന്ന സകല കടക്കാരുടേയും ഇനി ജനിക്കാനിരിക്കുന്ന എല്ലാ കടക്കാരുടേയും കടബാദ്ധ്യതകൾ എന്റെ ഈ മൂന്ന് ദിവസത്തെ ത്യാഗം കൊണ്ട് ഇല്ലാതാവണം! തന്റെ അഭ്യർത്ഥന ഈ ഘട്ടത്തിലെത്തുമ്പോൾ ഏതൊരാളുടെയും മനസ്സ് മതിഭ്രമത്തിൽപ്പെട്ട് വലഞ്ഞുപോകുന്നതാണ്.

ഒരുവന്റെ അദ്ധ്വാനഫലമോ, സമ്പാദ്യമോ മുഴുവനും കവർന്നെടുത്ത കള്ളന്മാരെ അതിനേക്കാൾ വളരെ കുറഞ്ഞ തോതിലുള്ള പരിഹാരം കൊണ്ട് മോചിപ്പിക്കണമെന്ന് നീതിമാനായ ദൈവത്തോട് അപേക്ഷിക്കാനുള്ള ആഗ്രഹം എങ്ങനെയാണ് ദൈവത്തിനു മുമ്പിൽ സമർപ്പിക്കുക! പക്ഷേ കുറ്റവാളിയുടെ കൈകളാൽ പീഡിപ്പിക്കപ്പെട്ട നിരപരാധിയേക്കാൾ കൂടുതലായി ആ കുറ്റവാളിക്ക് ദയാദാക്ഷിണ്യം കാട്ടാനാണ് ക്രിസ്ത്യാനികളുടെ ദൈവം ശ്രമിക്കുന്നതായി കാണുന്നത്. തീർച്ചയായും വളരെ വിചിത്രമായ നീതിബോധമാണിത്. ഇതിന്റെ ഫലമായി കള്ളന്മാർക്കും, കൊള്ളക്കാർക്കും, ബാലപീഡകർക്കും, നിരപരാധികളെ ദ്രോഹിക്കുന്നവർക്കും മനുഷ്യവംശത്തിനെതിരെ മൃഗീയമായ കുറ്റകൃത്യങ്ങൾ നടത്തിയവർക്കുമെല്ലാം മരണസമയത്ത് യേശുക്രിസ്തുവിൽ വിശ്വസിച്ചാൽ മാപ്പ് നൽകപ്പെടുന്നതാണ്. ഈ കുറ്റവാളികൾക്ക് അവരുടെ കൈകളാൽ പീഡിതരായ നിരപരാധികളോടുള്ള കണക്ക് തീർത്താൽ തീരാത്തയത്ര ബാദ്ധ്യതകളെപ്പറ്റിയെന്തുപറയാനുണ്ട്? തലമുറ തലമുറയായ് ഉണ്ടാവുന്ന നീചരും ശിക്ഷിക്കപ്പെടാത്തവരുമായ ഇത്തരം കുറ്റവാളികളെ ശുദ്ധീകരിക്കാൻ യേശുവിന്റെ ഏതാനും നിമിഷത്തെ നരകവാസം മതിയാകുമോ?

## ശിക്ഷ പങ്കുവെക്കൽ തുടരുന്നു

ഒരു കുറ്റവാളിക്കുള്ള ശിക്ഷ മറ്റൊരാൾക്ക് മാറ്റിക്കൊടുക്കുന്നത് മനുഷ്യപ്രകൃതി ഒരിക്കലും അംഗീകരിക്കില്ല. അത്തരത്തിലുള്ള വ്യത്യസ്തവും ഗൗരവാവഹവുമായ മറ്റൊരു തരം കുറ്റങ്ങളെപറ്റി നമുക്ക് പര്യാലോചിക്കാം. ഉദാഹരണത്തിന് ഒരു കൊച്ചുകുട്ടിയെ ഒരു കശ്മലൻ ക്രൂരമായി പീഡിപ്പിക്കുകയോ ബലാൽസംഗം ചെയ്യുകയോ ചെയ്തതിനു ശേഷം അതിനെ വധിച്ചുകളയുകയും ചെയ്തു. മനുഷ്യത്വത്തിന്റെ സഹനീയതയുടെ എല്ലാ പരിധിയും ഇവിടെ ലംഘിക്കപ്പെടുമെന്ന കാര്യത്തിൽ

യാതൊരു സംശയവുമില്ല. അത്തരത്തിലുള്ള ഒരു കുറ്റവാളി അതുപോലെയുള്ളതും അതിനേക്കാൾ ഘോരവുമായ കുറ്റകൃത്യങ്ങൾ നീതിപീഠത്തിന്റെ കണ്ണു വെട്ടിച്ചുകൊണ്ട് അനുസ്യൂതം നിർവ്വഹിക്കുന്നു എന്ന് കരുതുക. ആ കുറ്റവാളി മനുഷ്യകരങ്ങളാൽ ശിക്ഷിക്കപ്പെടാതെ പോവുകയും ചെയ്യുന്നു എന്നും സങ്കല്പിക്കുക. മരണം സമാഗതമായപ്പോൾ അയാൾ വിധിനാളിലെ ശിക്ഷയിൽ നിന്നും രക്ഷപ്പെടാൻ നിശ്ചയിച്ചു. ഉടനെതന്നെ യേശുക്രിസ്തുവിനെ തന്റെ രക്ഷകനായി വിശ്വസിച്ചു. അയാളുടെ പാപമെല്ലാം ഉരുകിയൊലിച്ചുപോകുകയും അയാൾക്ക് ഒരു നവജാത ശിശുവിനെപോലെ പാപരഹിതനായി പരലോകത്ത് ഉല്ലസിച്ച് തത്തിക്കളിച്ച് നടക്കാനും സാധിക്കുമോ? ഒരുപക്ഷേ, മരണം ആസന്നമാകുന്നത് വരെ യേശുവിൽ വിശ്വസിക്കാതെ മാറിനിൽക്കുന്നയാളല്ലേ നേരത്തെ യേശുവിനെ വിശ്വസിച്ച ആളേക്കാൾ ബുദ്ധിമാൻ! നേരത്തെ വിശ്വസിക്കുന്നയാളെ സംബന്ധിച്ചേടത്തോളം വിശ്വസിച്ചതിന് ശേഷമുള്ള കാലയളവിൽ കുറ്റം ചെയ്യാനും പിശാചിന്റെ പിടിയലകപ്പെടുവാനുമുള്ള അവസരം കൂടുതലാണ്. അതുകൊണ്ട് യേശുവിലുള്ള നിങ്ങളുടെ വിശ്വാസം കവർന്നെടുക്കപ്പെടാനും പിശാചിന് അവസരം നൽകപ്പെടാതിരിക്കാനും നിങ്ങൾക്ക് മരണം വരെ എന്തുകൊണ്ട് കാത്തിരുന്നുകൂടാ? ഇവിടെ ഭൂമിയിൽ കുറ്റകൃത്യങ്ങളുടേയും ആസ്വാദനത്തിന്റെയും സ്വഛന്ദജീവിതവും പുനർജന്മത്തിൽ പാപവിമോചനത്തിന്റെ ശാശ്വത ജീവിതവും ലഭിക്കും. തീർച്ചയായും ഇതൊരു ലാഭക്കച്ചവടമാണ്.

ഇതാണോ ക്രിസ്ത്യാനികൾ ദൈവത്തിൽ ആരോപിക്കുന്ന നീതിബോധം? തെറ്റും ശരിയും വിവേചിച്ചറിയാൻ സാധ്യമാകാത്ത നീതിബോധവും മനസ്സാക്ഷിയും സൃഷ്ടിച്ച അത്തരം ദൈവം പൂർണമായും മനുഷ്യമനസ്സാക്ഷിക്ക് അസ്വീകാര്യനാണ്.

മനുഷ്യാനുഭവങ്ങളുടേയും ചിന്താശേഷിയുടേയും അടിസ്ഥാനത്തിൽ ഈ പ്രശ്നം പരിശോധിക്കുമ്പോൾ അടിസ്ഥാനമില്ലാത്ത നിരർത്ഥകമായ ഒരു സിദ്ധാന്തം എന്ന നിലക്ക് ഒരാൾക്ക് ഇതിനെ അപലപിക്കാനുള്ള എല്ലാ അവകാശങ്ങളുമുണ്ട്. യാഥാർത്ഥ്യമില്ലാത്തതും അന്തസ്സാരശൂന്യവുമാണിത്. മനുഷ്യാനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നത് ഒരാൾ മറ്റൊരാളുടെ കൈയ്യാൽ പീഡിപ്പിക്കപ്പെടുന്നുവെങ്കിൽ പീഡിപ്പിക്കപ്പെട്ട ആൾക്കാണ് പൊറുത്തുകൊടുക്കാനും പൊറുത്തു കൊടുക്കാതിരിക്കാനുമുള്ള വിശേഷാധികാരമുള്ളത്. ചിലപ്പോൾ ഭരണകൂടങ്ങൾ ദേശീയ ദിനങ്ങളായി ആഘോഷിക്കുമ്പോഴോ മറ്റു കാരണങ്ങളാലും വിവേചനം കൂടാതെ കുറ്റവാളികൾക്ക് പൊതുമാപ്പ് പ്രഖ്യാപിക്കാറുണ്ട്. പക്ഷേ നിരപരാധികളായ തന്റെ സഹപൗരന്മാർക്ക് അപരിഹാര്യവും ശാശ്വതവുമായ ദുഃഖങ്ങൾ സമ്മാനിച്ചവർക്ക് കൊടുക്കുന്ന ഈ പൊതുമാപ്പ് കൊണ്ടുമാത്രം അവർ

ചെയ്ത കുറ്റങ്ങൾ നീതീകരിക്കപ്പെടുന്നില്ല. മുഖം നോക്കാതെ നൽകുന്ന ഭരണകൂടങ്ങളുടെ ഈ പൊതുമാപ്പ് ഒരു വിധത്തിലും ന്യായീകരിക്കപ്പെടാവുന്നതല്ലെങ്കിൽ ഇത് ക്രിസ്ത്യൻ ദൈവശാസ്ത്രികൾ നീതി തത്ത്വത്തിന്റെ ലംഘനമാണെന്ന് ഗണിക്കുന്നില്ലെങ്കിൽ എന്തുകൊണ്ട് ഈ മര്യാദ തത്ത്വം ദൈവത്തിനു കൂടി ബാധകമാക്കിക്കൊണ്ട്, അവന് ഇഷ്ടമുള്ളവർക്ക് പൊറുത്തുകൊടുക്കാവുന്നതാണെന്ന തത്ത്വം അംഗീകരിച്ചുകൊടുത്തുകൂടാ? ദൈവം പരമാധികാരിയും എല്ലാറ്റിന്റെയും സ്രഷ്ടാവും, യജമാനനുമാണ്. തന്റെ സഹചരരോട് അപരാധം ചെയ്ത ഏതൊരു മനുഷ്യനും ദൈവം മാപ്പുനൽകുന്നുവെങ്കിൽ, അപരാധത്തിന് വിധേയനായവന് ഔദാര്യപൂർവ്വം പരിഹാരം ചെയ്ത് തൃപ്തിപ്പെടുത്താൻ അപരിമിതമായ കഴിവുകളുള്ള യജമാനനുമാണവൻ. അങ്ങനെയാവുമ്പോൾ അവന്റെ നിരപരാധിയായ പുത്രന്റെ ത്യാഗത്തിന്റെ ആവശ്യമെന്ത്? ഇത് നീതിതത്ത്വത്തെ പരിഹാസ്യമാക്കിത്തീർക്കുന്നു.നാം ദൈവത്തിന്റെ ഗുണങ്ങൾ സ്വാംശീകരിക്കാൻ സൃഷ്ടിക്കപ്പെട്ടവരാണ്. അതുകൊണ്ട് ദൈവം ബൈബിളിൽ പ്രഖ്യാപിക്കുന്നു.

“അനന്തരം ദൈവം അരുൾ ചെയ്തു: ‘നമ്മുടെ പ്രതിഛായയിൽ നമുക്കു സദൃശനായി മനുഷ്യനെ നാം നിർമിക്കട്ടെ’ (ഉൽപ: 1:28) ഈ വിഷയം വിശുദ്ധ ഖുർആൻ ഇങ്ങനെ പറയുന്നു:

فِطْرَتَ اللَّهِ الَّتِي فَطَرَ النَّاسَ عَلَيْهَا

അല്ലാഹു ഏതൊരു പ്രകൃതിയിൽ മനുഷ്യനെ സൃഷ്ടിച്ചുവോ ആ പ്രകൃതി (കൈക്കൊള്ളുക) (30:31)

ഈ സിദ്ധാന്തം മുസ്‌ലിംകൾക്കും ക്രിസ്ത്യാനികൾക്കും ഒരുപോലെ ബാധകമാണ്. അതായത് നിശ്ചിത സാഹചര്യത്തിൽ മനുഷ്യമനസ്സാക്ഷി ദൈവിക ഗുണങ്ങളുടെ പ്രതിഫലന ദർപ്പണമായി തീരേണ്ടതുണ്ട്. നമ്മുടെ ദൈനംദിന ജീവിതത്തിലെ അനുഭവസത്യങ്ങളാണവ. നാം നീതിയുടെ തത്ത്വങ്ങളെ തെല്ലുപോലും ലംഘിക്കാതെ പൊറുത്തു കൊടുക്കാറുണ്ട്. നമുക്ക് വ്യക്തിപരമായി നഷ്ടമുണ്ടാക്കിയ ഒരപരാധം ചെയ്തയാൾക്ക് പൊറുത്തുകൊടുക്കാൻ ഏതറ്റം വരെയും നമുക്ക് പോകാവുന്നതാണ്. ഒരു കുട്ടി അവന്റെ മാതാപിതാക്കളോട് അനുസരണക്കേട് കാട്ടുകയോ, അവരുടെ വിലപിടിപ്പുള്ള വീട്ടുപകരണങ്ങൾ കേടുവരുത്തുകയോ, അവരുടെ സൽപേരിന് കളങ്കം ചാർത്തുന്ന എന്തെങ്കിലും പ്രവർത്തിക്കുകയോ ചെയ്താൽ അവരോടു തെറ്റു ചെയ്തവനായിത്തീരുന്നു. മാതാപിതാക്കൾ അവർക്ക് മനസ്സാക്ഷിക്കുത്തില്ലാതെ ആ കുറ്റങ്ങൾ പൊറുത്തുകൊടുക്കുന്നു. നീതിയുടെ തത്ത്വം ഇവിടെ ലംഘിക്കപ്പെട്ടതായി ആരും അവരെ

കുറ്റപ്പെടുത്തില്ല. എന്നാൽ അവരുടെ കൂട്ടി അയൽവീട്ടുകാരുടെ വസ്തുക്കൾ നശിപ്പിക്കുകയും അവരുടെ കുട്ടികളെ പരിക്കേൽപ്പിക്കുകയും ചെയ്താൽ, മറ്റുള്ളവർക്ക് അവൻ മൂലമുണ്ടായ നഷ്ടത്തിന് പകരമായി അവന്റെ മാതാപിതാക്കൾ അവന് പൊറുത്തുകൊടുത്താൽ മതിയോ? അവരങ്ങനെ ചെയ്തുവെങ്കിൽ അതായിരിക്കും അവരുടെ മനസ്സാക്ഷിക്കനുസരിച്ചു തന്നെയുള്ള നീതിബോധത്തിന്റെ ലംഘനം.

കാര്യവും കാരണവും തമ്മിലുള്ള ബന്ധത്തിന് സമമാണ് കുറ്റവും ശിക്ഷയും തമ്മിലുള്ള ബന്ധം. ഇത് ഒരളവോളം ആനുപാതികമായിരിക്കേണ്ടതുണ്ട്. കുറ്റത്തിന്റെയും ശിക്ഷയുടെയും ഈ വശം സാമ്പത്തികമായ ഇടപാടുകളിൽ വീഴ്ച വരുത്തിയതിന്റെയടിസ്ഥാനത്തിൽ ഒരളവോളം നാം വിശദീകരിച്ചു കഴിഞ്ഞു. നിരപരാധികളെ പരിക്കേൽപ്പിക്കൽ, അംഗവിഛേദനം ചെയ്യൽ, കൊലപാതകം അല്ലെങ്കിൽ അവരുടെ സൽപേരിന് കളങ്കം ചാർത്തൽ മുതലായ ഗുരുതരമായ കുറ്റകൃത്യങ്ങളിലും ഇതേ വാദം തന്നെ ബാധകമാണ്. കുറ്റകൃത്യത്തിന്റെ ഭീകരത കൂടുന്നതിനനുസരിച്ച് ശിക്ഷയുടെ തീവ്രതയും കൂടണമെന്ന് ഒരാൾ പ്രതീക്ഷിക്കുന്നു. നാനാവിധത്തിലുള്ള എല്ലാ അപരാധങ്ങളും പൊറുത്തുതരുവാൻ ദൈവത്തിന് കഴിവുണ്ട്. എന്റെ വിശ്വാസപ്രകാരം അവന്ന് ഒരേ ഒരാൾക്ക് മാത്രമേ അതിന് കഴിയൂ. അപ്പോൾ പിന്നെ നിരപരാധിയായ ഒരു മനുഷ്യനെ ശിക്ഷിച്ചുകൊണ്ട് പാപപരിഹാരം നിർവ്വഹിക്കേണ്ടുന്ന പ്രശ്നം തന്നെ ഉദിക്കുന്നില്ല. എന്തായിരുന്നാലും ഒരു കുറ്റവാളിയുടെ ശിക്ഷ നിരപരാധിയായ മറ്റൊരാളിലേക്ക് അയാളുടെ സമ്മതപ്രകാരം മാറ്റുന്നതാണ് പ്രശ്നമെങ്കിൽ ആ കുറ്റത്തിന് തുല്യമായ ശിക്ഷ യാതൊരു ഏറ്റക്കുറച്ചിലും കൂടാതെ മാറ്റപ്പെടണമെന്നാണ് നീതി ആവശ്യപ്പെടുക. നാം അതിനെ പറ്റി വേണ്ടത്ര പ്രതിപാദിച്ചുകഴിഞ്ഞു.

നീതിയുടെ ഈ ആന്തരികപ്രേരണ പിതാവായ ദൈവത്തിന്റെ ആജ്ഞ പ്രകാരമാണ് പുത്രനായ യേശുവിൽ ആരോപിക്കപ്പെട്ടത് എന്നാണോ ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത്? അങ്ങനെയാണെങ്കിൽ യേശു ജനിച്ച അന്നുമുതൽ അന്ത്യനാൾവരെ ക്രിസ്തീയ രാജ്യങ്ങളിലുള്ള സകല കുറ്റവാളികളുടേയും കുറ്റങ്ങൾക്കുള്ള ശിക്ഷ ഒരുമിച്ചുകൂടി അതിഘോരമായ പൈശാചിക കാഠിന്യത്തിലേക്ക് അത് ആറ്റിക്കുറുക്കി കൊണ്ടുവന്നുവെങ്കിൽ യേശു മൂന്ന് രാവും മൂന്നു പകലും അനുഭവിച്ച ത്യാഗങ്ങൾ മേൽ വിവരിച്ച കുറ്റവാളികളുടെ കുറ്റകൃത്യങ്ങൾക്കും ഇനി ഭാവിയിൽ ചെയ്യാനിരിക്കുന്ന കുറ്റങ്ങൾക്കും പകരമായി തീരുമോ?! അങ്ങനെയാണെങ്കിൽ ഒരു ക്രിസ്ത്യൻ ഭരണകൂടവും ക്രിസ്ത്യാനിയെ ശിക്ഷിക്കാൻ പാടില്ല. ശിക്ഷിക്കുകയാണെങ്കിൽ അത് വമ്പിച്ച അനീതി ചെയ്യുന്നതിന് തുല്യമായിരിക്കും. ഒരു ക്രിസ്ത്യൻ കുറ്റവാളിക്കെതിരെ

വിധിന്യായം പൂർത്തിയാക്കിയതിന് ശേഷം നിയമക്കോടതി ആ കുറ്റവാളിയോട് ദൈവപുത്രനായ യേശുവിനോട് പ്രാർത്ഥിക്കാൻ പറയേണ്ടതുണ്ട്. അതോടുകൂടി പ്രശ്നം പരിഹരിക്കപ്പെടും. ആ അദ്ധ്യായം അടയുകയും ചെയ്തു. ആ കുറ്റവാളിയുടെ കുറ്റങ്ങളെല്ലാം യേശുവിന്റെ അക്കൗണ്ടിൽ വരവ് ചേർക്കപ്പെട്ട ഒരു കേസായി മാറും.

വിശദീകരണത്തിന് വേണ്ടി അമേരിക്കയിൽ നടക്കുന്ന കുറ്റകൃത്യങ്ങളുടെ അവസ്ഥയിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കാം. വഴിപോക്കനെ കൊള്ളയടിക്കുക, കൊലപാതകം തുടങ്ങി ഒരു കണക്കെടുക്കാൻ കഴിയാത്തയത്ര കുറ്റകൃത്യങ്ങൾ അവിടെ സാർവ്വത്രികമാണ്. ഒരിക്കൽ ഞാൻ ന്യൂയോർക്കിലുള്ളപ്പോൾ കൊലപാതകങ്ങൾ റിപ്പോർട്ട് ചെയ്യാൻവേണ്ടി മാത്രമുള്ള ഒരു റേഡിയോ ട്യൂൺ ചെയ്തതായി ഓർക്കുന്നു. അത് ഭയാനകമായൊരു അനുഭവമായിരുന്നു. ഹൃദയഭേദകമായ ആ പരിപാടി അരമണിക്കൂറിലകം സമയം കേട്ടുനിൽക്കാൻ എനിക്കായില്ല. മിക്കവാറും ഓരോ അഞ്ചുമിനിട്ടിലും ഒരു കൊലപാതകം വീതം അരങ്ങേറുന്നത് റിപ്പോർട്ടു ചെയ്യപ്പെട്ടിരുന്നു. ഘോരഭീകരമായ ആ കൃത്യങ്ങൾക്ക് സാക്ഷ്യം വഹിച്ചുകൊണ്ടുള്ള തൽസമയ പ്രക്ഷേപണങ്ങളായിരിക്കും ചിലപ്പോൾ നടക്കുക. അമേരിക്കയിലെ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് വിശദീകരിക്കലല്ല നമ്മുടെ ഉദ്ദേശ്യം. പക്ഷേ, ഇന്ന് അമേരിക്കയിൽ കുറ്റകൃത്യങ്ങൾ അതിശീഘ്രം പെരുകിക്കൊണ്ടിരിക്കുകയാണെന്ന കാര്യം ഒരുപൊതുവിവരമാണ്. പ്രത്യേകിച്ച് വലിയ നഗരങ്ങളായ ചിക്കാഗോ, ന്യൂയോർക്ക്, വാഷിംഗ്ടൺ മുതലായ സ്ഥലങ്ങളിൽ. ന്യൂയോർക്കിൽ നിരപരാധികളായ വഴിയാത്രക്കാരെ കൊള്ളയടിക്കുകയും അതിനെ ചെറുക്കുന്ന ആളുകളുടെ അവയവങ്ങൾ ഛേദിച്ചു കളയലും സർവ്വസാധാരണമാണ്. ചെറിയ നേട്ടങ്ങൾക്കുവേണ്ടി ദിനേന നടക്കുന്ന ഈ അംഗഛേദനത്തിന്റേയും കൊലപാതകങ്ങളുടേയും ചിത്രം അത്യന്തം അസുഖപ്രദമാണ്.

ലോകത്ത് നിരന്തരം വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ മാറ്റിനിർത്താം. അമേരിക്കയെ മാത്രം നാം എടുക്കുകയാണെങ്കിൽ ക്രിസ്ത്യൻ മതസങ്കല്പത്തിലെ പാപവും പാപപരിഹാരവും തമ്മിൽ അതിന്നുള്ള ബന്ധം കണ്ട് ആശ്ചര്യപ്പെടാതിരിക്കാൻ ആർക്കും സാധ്യമല്ല. പ്രായോഗിക ജീവിതത്തിൽ ക്രിസ്തീയ മൂല്യങ്ങളിൽ നിന്നും അവർ എത്രമാത്രം അകന്നു നിന്നാലും ചുരുങ്ങിയത് ക്രിസ്തീയ സിദ്ധാന്തമായ പാപത്തിലും പാപപരിഹാരത്തിലും അവർ വിശ്വസിക്കുന്നു. യേശുവിനെ രക്ഷകനായും അവർ വിശ്വസിക്കുന്നു. കഷ്ടം, അതുകൊണ്ട് എന്ത് കാര്യം! അമേരിക്കയിലെ ക്രിമിനലുകളിൽ ബഹുഭൂരിപക്ഷവും ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെടുന്നവരാണ്. മുസ്ലിംകളും മറ്റുള്ളവരും ഇല്ലാതില്ല. അതവിടെ നിൽക്കട്ടെ. വിശ്വാസികളായ പാപികൾക്ക് വേണ്ടി യേശു സേഛാപൂർവ്വം

വരിച്ച ബലിയിൽ വിശ്വസിക്കുന്നവരാണ് ഈ കുറ്റവാളികൾ എന്നതു കൊണ്ട് മാത്രം അവർക്ക് ദൈവം പൊറുത്തുകൊടുക്കുമോ? അങ്ങനെ യാണെങ്കിൽ ഏത് രീതിയിൽ? അന്തിമമായി അവരിൽ ഒരളവോളം കുറ്റ വാളികളെ ആ രാജ്യത്തെ നിയമം പിടികൂടി ശിക്ഷിക്കുന്നു. പക്ഷേ വർഷ ങ്ങളോളം കുറ്റകൃത്യങ്ങൾ തുടർച്ചയായി നടത്തിയിട്ടും പിടിക്കപ്പെ ടാത്തവരും ചെയ്ത കുറ്റങ്ങളിൽ ചിലതിന് മാത്രം ശിക്ഷിക്കപ്പെട്ടവരുമുണ്ട്.

ഈ ലോകത്ത് നിയമത്തിൽ ശിക്ഷിക്കപ്പെട്ടവർക്കും നിയമത്തിന്റെ പിടിയിലൊതുങ്ങാതെ കഴിയുന്നവർക്കും ക്രിസ്തുമതത്തിന് നൽകുവാ നുള്ള വാഗ്ദാനമെന്താണ്? ഇവർ രണ്ടു കൂട്ടരും തോത് വ്യത്യാസമനു സരിച്ച് ശിക്ഷിക്കപ്പെടുമോ? അതല്ല ഒരു പോലെ ശിക്ഷിക്കപ്പെടുമോ?

യേശുവിൽ വിശ്വസിക്കുന്ന കാരണത്താൽ കുറ്റവാളിയുടെ പാപ മോചനവുമായി ബന്ധപ്പെട്ട മറ്റൊരു സന്നിഗ്ധവും അവ്യക്തവുമായ പ്രഹേളിക ഇപ്രകാരമാണ്. ഉദാഹരണത്തിന് ഒരു ക്രിസ്ത്യാനി നിരപ രാധിയായ അക്രൈസ്തവനെതിരെ ഒരു കുറ്റം ചെയ്തുവെന്ന് വെക്കുക. യേശുവിലുള്ള വിശ്വാസത്തിന്റെ അനുഗ്രഹത്താൽ ആ കുറ്റവാളിക്കു തീർച്ചയായും ദൈവം പൊറുത്തു കൊടുക്കും. പക്ഷേ ആ കുറ്റത്തിന്റെ ശിക്ഷ യേശുവിന്റെ കണക്കിലേക്ക് മാറ്റപ്പെടും. പാപം നിരപരാധിയായ ആ അക്രൈസ്തവന്റെ ലാഭനഷ്ടക്കണക്കിന്റെ സ്ഥിതിയെന്തായിരിക്കും? പാവം ക്രിസ്തുവും പാവം നിരപരാധിയും അവർ ചെയ്യാത്ത കുറ്റത്തിന് വെറുതെ ശിക്ഷിക്കപ്പെടുന്നു.!

ക്രിസ്തുമതത്തിന്റെ ഉദയം മുതൽ പ്രളയകാലം വരെ മാനവചരി ത്രത്തിൽ അരങ്ങേറിയിട്ടുള്ള കുറ്റകൃത്യങ്ങളെപ്പറ്റി ചിന്തിക്കുകയാണെ ങ്കിൽ നമ്മുടെ ബുദ്ധി ഭ്രമിച്ചുപോകും. ഈ പാപകൃത്യങ്ങളെല്ലാം യേശു വിന്റെ കണക്കിൽ വരവ് വെക്കുകയാണോ? ദൈവത്തിന്റെ ശാന്തിയും അനുഗ്രഹവും യേശുവിൽ വർഷിക്കട്ടെ. അതിദീർഘമായ കാലം നടന്നു വന്ന ഈ കുറ്റകൃത്യങ്ങളെല്ലാം യേശു സഹിച്ചു എന്ന് പറയപ്പെടുന്ന ഹ്രസ്വമായ മൂന്ന് ദിവസത്തെ ത്യാഗത്തിന്നു പകരം വെക്കപ്പെടുമെ ന്നാണോ? പാപങ്ങളുടെ കൊടും വിഷം കൊണ്ട് മലീമസമായ കുറ്റകൃ ത്യങ്ങളുടെ ഈ മഹാസമുദ്രം മുഴുവനും യേശുവിൽ വിശ്വസിക്കുക എന്ന ഒറ്റ കൃത്യം കൊണ്ട് ശുദ്ധീകരിക്കപ്പെടുകയും മധുരതരമാകുകയും ചെയ്യുന്നു! ഇത് ഒരാളെ അത്ഭുതപ്പെടുത്തുന്നത് തന്നെയാണ്. വീണ്ടും ഒരാളുടെ ചിന്തയെ അതിപുരാതനകാലത്തേക്ക് പുറകോട്ടു കൊണ്ടുപോ കുകയാണ്. പാവം ആദമും ഹവ്വയും, സാത്താൻ സമർത്ഥമായി ചതിച്ച വലയിൽ വീഴ്ത്തിയത് കൊണ്ട് മാത്രം നിഷ്ക്കളങ്ക ബുദ്ധിയാൽ നട ത്തിയ ഒരപരാധമായിരുന്നു അത്. എന്തുകൊണ്ട് അവരുടെ പാപവും

പൂർണ്ണമായി കഴുകിക്കളഞ്ഞില്ല? അവർക്ക് ദൈവത്തിൽ വിശ്വാസമില്ലാ യിരുന്നോ? പിതാവായ ദൈവത്തിലുള്ള അവരുടെ വിശ്വാസം ഒരു നിസ്സാ രമായ സൽക്കർമ്മമായിരുന്നോ? ദൈവത്തിന് തന്നോടൊപ്പം ശാശ്വത നായി ഒരു പുത്രനുണ്ടെന്ന കാര്യം അവരെ അറിയിക്കാതിരുന്നത് അവ രുടെ കുറ്റംകൊണ്ടാണോ? എന്തുകൊണ്ട് ഈ 'ദൈവപുത്രൻ' ആദമി നോടും ഹവ്വയോടും അനുകമ്പകാണിക്കുകയോ അവരുടെ പാപത്തിനു കൂടി പകരമായി തന്നെ ശിക്ഷിക്കണമെന്ന് അഭ്യർത്ഥിക്കുകയോ ചെയ്തില്ല?

ആദമിന്റേയും ഹവ്വയുടേയും ഭാഗത്തുനിന്നുള്ള ഒരു മുഹൂർത്തത്തി ലുണ്ടായ ആ ഇടർച്ചക്ക് മാത്രം ശിക്ഷ നൽകപ്പെട്ടിരുന്നുവെങ്കിൽ എത്ര എളുപ്പമാകുമായിരുന്നുവെന്ന് ആരും ആഗ്രഹിച്ചുപോകും. അങ്ങിനെയാ യിരുന്നെങ്കിൽ വിധിയുടെ പുസ്തകത്തിൽ മുഴുവൻ മനുഷ്യരാശിയുടെ ചരിത്രവും മാറ്റിയെഴുതപ്പെടുമായിരുന്നു. അതായത് ആദമിനും ഹവ്വക്കും വേണ്ടി സ്വർഗ്ഗീയമായ ഒരു ഭൂമി പകരം സൃഷ്ടിക്കപ്പെടുമായിരുന്നു. അവ രുടെ അസന്തുഷ്ടരായ എണ്ണമറ്റ സന്തതികളോടൊപ്പം അവരെ ശാശ്വത മായി സ്വർഗ്ഗത്തിൽ നിന്നും പുറത്താക്കപ്പെടുമായിരുന്നില്ല. ആദമിന്റെ പാപ ത്തിന്റെ ഫലമായി യേശുവിനും മൂന്ന് രാവും പകലും സ്വർഗ്ഗം നിരാകരി ക്കപ്പെടുകയുണ്ടായി. സങ്കടകരമായ കാര്യം ദൈവമോ യേശുവോ ഇതിനെ പറ്റി ചിന്തിച്ചില്ല എന്നതാണ്. നിർഭാഗ്യകരമെന്ന് പറയട്ടെ, സ്നേഹയാ ഥാർത്ഥ്യമായ പരിശുദ്ധനായ യേശു എങ്ങനെയാണ് വിചിത്രവും അവി ശ്വസനീയവുമായ മിത്തായി മാറിയതെന്ന് നോക്കൂ.

## നീതിപാലനവും പൊറുത്തുകൊടുക്കലും

കുറ്റത്തെയും ശിക്ഷയേയും കുറിച്ചുള്ള ക്രിസ്തീയ സിദ്ധാന്തം നിഷ്പക്ഷനായ ഒരു ധിഷണാശാലിയെ ആശയക്കുഴപ്പത്തിലാക്കുമെന്ന് മാത്രമല്ല അവനിൽ അമ്പരപ്പിക്കുന്ന അനേകം സമസ്യകൾ ഉയർത്തു കയും ചെയ്യുന്നു. ക്രിസ്ത്യൻ പാപമോചനസിദ്ധാന്തത്തിലധിഷ്ഠിതമായ നീതിപാലനം, പൊറുത്തുകൊടുക്കൽ എന്നീ സങ്കൽപ്പങ്ങൾ എന്തു കൊണ്ട് ദൈവത്തിന് പൊറുത്തുകൊടുക്കാൻ കഴിയുന്നില്ല എന്ന കാര്യം വിശദീകരിച്ചു കൊടുക്കാൻ ശ്രമിക്കാറുണ്ട്. നീതിപാലനവും, പൊറുത്തു കൊടുക്കലും ഒപ്പത്തിനൊപ്പം കൊണ്ടുപോകാൻ സാധ്യമല്ല എന്ന തികച്ചും തെറ്റായതും കൃത്രിമമായതുമായ നീതിസങ്കൽപ്പത്തിന്റെ അടി സ്ഥാനത്തിലാണ് ഈ ക്രിസ്തീയ വിശദീകരണം. അതങ്ങനെയിരിക്കട്ടെ. പക്ഷേ മനുഷ്യബന്ധങ്ങളെ സംബന്ധിച്ചുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യു മ്പോൾ എന്തുകൊണ്ടാണ് ക്രിസ്തീയ സുവിശേഷങ്ങൾ പൊറുത്തുകൊ ടുക്കലിനെ സംബന്ധിച്ച് അത്യധികം ഊന്നൽ കൊടുക്കുന്നത്? ഞാൻ

വായിച്ച മതങ്ങളുടെ ദിവ്യഗ്രന്ഥങ്ങളിലൊന്നും തന്നെ ഏകപക്ഷീയമായ പൊറുത്തുകൊടുക്കലിനെ സംബന്ധിച്ച് ഇത്രയും ഊന്നിപ്പറയുന്ന അദ്ധ്യാപനങ്ങൾ കണ്ടിട്ടില്ല. യഹൂദരുടെ പരമ്പരാഗത മതാദ്ധ്യാപനങ്ങളിൽ കാണപ്പെടുന്ന നീതി തത്ത്വങ്ങളുമായി ഇതിന് അമ്പരപ്പിക്കുന്ന വൈരുദ്ധ്യമുണ്ട്. കണ്ണിന് പകരം കണ്ണ്, പല്ലിന് പകരം പല്ല് അതായിരുന്നു യഹൂദനീതി. കലർപ്പില്ലാത്തതും ലളിതവും തുലനാത്മകവുമായ നീതിയായിരുന്നു അത്. ഇതിൽ നിന്ന് നാടകീയമായ പിന്മാറ്റമാണ് നമുക്ക് ക്രിസ്തീയ സിദ്ധാന്തങ്ങളിൽ കാണാൻ സാധിക്കുക. അതായത് ഒരു ചെകിട്ടത്തടിച്ചാൽ മറ്റേ ചെകിടും കാണിച്ചുകൊടുക്കുക എന്ന അദ്ധ്യാപനം. തോറയുടെ പഴയ അദ്ധ്യാപനങ്ങൾക്കെതിരായി ആരാണ് പുതിയ അദ്ധ്യാപനങ്ങൾ അവർക്ക് നൽകിയത്? പിതാവായ ദൈവത്തിന്റെ തോറയിലെ ആദ്യത്തെ അദ്ധ്യാപനങ്ങൾക്ക് കടകവിരുദ്ധമാണ് ദൈവത്തിന്റെ പുത്രനായ ക്രിസ്തുവിന്റെ പുതിയ നിയമത്തിലെ അദ്ധ്യാപനം എന്നത് ആരിലും ആശ്ചര്യമുളവാക്കില്ലേ? അങ്ങനെയാണെങ്കിൽ എന്തുകൊണ്ട് ദൈവത്തിന്റെ പുത്രൻ തന്റെ പിതാവിന്റെ അദ്ധ്യാപനത്തിന് കടകവിരുദ്ധമായ നിലപാട് സ്വീകരിച്ചു? പ്രതികാരത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള യഹൂദനിയമത്തിന് എതിരായിക്കൊണ്ട് നിരുപാധിക മാപ്പിന്റെ ക്രിസ്തീയ സമീപനം ദൈവത്തിൽനിന്നുമുണ്ടായ നേർവിപരീതമായ ഒരു മാറ്റത്തിന്റെ ഉദാഹരണമാണ്. പുത്രനിലുണ്ടായ അത്തരത്തിലുള്ള മാറ്റം ജനിതകപരമായ വൈകല്യമോ പരിണാമത്തിലുണ്ടായ മാറ്റമോ ആകാമെന്നു കരുതേണ്ടിയിരിക്കുന്നു. മോസസിനും വേദക്കാർക്കും നൽകിയ അദ്ധ്യാപനങ്ങളെയോർത്ത് ദൈവം ആത്മാർത്ഥമായി പശ്ചാത്തപിച്ചതായും തനിക്ക് സ്വയം പറ്റിയ തെറ്റ് തിരുത്തുവാൻ വളരെ ആഗ്രഹിച്ചതായും കാണപ്പെടുന്നു.

മുസ്‌ലിംകൾ എന്ന നിലക്ക് മോസസിൽ നിന്നും യേശുവിലേക്കുള്ള ഈ അടിസ്ഥാനപരമായ വ്യതിയാനത്തിൽ ഞങ്ങൾ യാതൊരു വൈരുദ്ധ്യവും ദർശിക്കുന്നില്ല. കാരണം നീതിപാലനത്തിന്റെയും പൊറുത്തുകൊടുക്കലിന്റെയും രണ്ട് ഗുണങ്ങളും പരസ്പരം പൊരുത്തക്കേടില്ലാതെ സമന്വയിച്ചതായി ഞങ്ങൾ കാണുന്നു. ഞങ്ങളെ സംബന്ധിച്ചിടത്തോളം യഹൂദ നിയമത്തിൽ നിന്നുള്ള യേശുവിന്റെ ഈ മാറ്റം ഒരു തെറ്റുതിരുത്തലായിരുന്നില്ല. വാസ്തവത്തിൽ ആ ദൈവികനിയമങ്ങൾ യഹൂദികൾ തെറ്റായി നടപ്പാക്കുകയായിരുന്നു ചെയ്തത്. ദൈവം നീതിമാൻ മാത്രമല്ല പൊറുത്തു കൊടുക്കുന്നവനും കാരുണ്യവാനും കരുണാനിധിയുമാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. പാപം പൊറുത്തുകൊടുക്കാൻ ദൈവം ഉദ്ദേശിക്കുന്നുവെങ്കിൽ അതിന്നായി പുറത്ത് നിന്നുള്ള ആരുടെയും സഹായത്തിനുവേണ്ടി അവന് കാത്തുനിൽക്കേണ്ടതില്ല. എന്നാൽ

ക്രിസ്തീയ വീക്ഷണകോണിൽ കൂടി നോക്കുമ്പോൾ ഈ പ്രശ്നം വമ്പിച്ച വൈരുദ്ധ്യങ്ങൾ സൃഷ്ടിക്കുന്നു. അതായത് തോറയിലെ ദൈവത്തിന് നീതിപാലനത്തെക്കുറിച്ച് മാത്രമേ അറിയൂ എന്ന് കാണപ്പെടുന്നു. ആ ദൈവത്തിന്ന് കാരുണ്യത്തെക്കുറിച്ചോ അനുകമ്പയെക്കുറിച്ചോ അറിവില്ല. എത്ര തന്നെ ആഗ്രഹിച്ചാലും ശരി ദൈവത്തിന് പൊറുത്തുകൊടുക്കാനും കഴിയുമായിരുന്നില്ല. അപ്പോൾ സംഭവിച്ചത് കാണുക. ദൈവത്തിന്റെ സഹായത്തിനായി ദൈവത്തിന്റെ പുത്രൻ എത്തുന്നു. അങ്ങനെ ദൈവം അകപ്പെട്ട കൊടിയ വിഷമവൃത്തങ്ങളിൽ നിന്നു ദൈവപുത്രൻ ദൈവത്തെ മോചിപ്പിക്കുന്നു. അതായത് പ്രതികാരത്തിന്റെ ഉഗ്രമൂർത്തിയായ പിതാവിനെതിരെ കാരുണ്യത്തിന്റെ മൂർത്തിസാകല്യമായിരുന്നു പുത്രൻ എന്ന് നാം കാണുന്നു. മനുഷ്യമനസ്സാക്ഷിയെ അസ്വസ്ഥമാക്കുന്ന കേവലമൊരു അസംബന്ധം മാത്രമല്ല ഈ പുത്രസങ്കല്പം. അതിലുപരിയായി പിതാവിന്റെയും പുത്രന്റെയും 'വ്യക്തിത്വത്തിലുള്ള' വൈരുദ്ധ്യങ്ങൾ ഒരിക്കൽകൂടി അത് ഉയർത്തിക്കൊണ്ടുവരുന്നു. അതായത് യേശുക്രിസ്തു ദൈവത്തിന്റെ യഥാർത്ഥ ഗുണമുള്ള പുത്രനായി കാണപ്പെടുന്നില്ല. ഒരുപക്ഷേ ക്രിസ്തു ദൈവത്തിന്റെ ജനിതകപരമായ ഒരു അബദ്ധമായിരിക്കാം.

അന്വേഷണത്തിന്റെ മറ്റൊരു പ്രധാനപ്പെട്ട മേഖല പാപത്തെക്കുറിച്ചും അതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചുമുള്ള മതങ്ങളുടെ സമീപനത്തെപ്പറ്റിയാണ്. തീർച്ചയായും ക്രിസ്തുമതം മാത്രമാണ് ലോകത്തെ വെളിപാടുമതമെന്ന് കരുതാനാവില്ല. ജനസംഖ്യാപരമായി അക്രൈസ്തവരാണ് ക്രിസ്ത്യാനികളെക്കാൾ കൂടുതൽ. യേശുക്രിസ്തു ജനിക്കുന്നതിന് ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് തന്നെ നിരവധി മതങ്ങൾ ജന്മം കൊള്ളുകയും ലോകത്തിന്റെ വിവിധഭാഗങ്ങളിലെ മനുഷ്യസമൂഹങ്ങളിൽ വേരുപിടിക്കുകയും ചെയ്തിട്ടുണ്ട്. ഈ മതങ്ങളൊന്നും ക്രിസ്ത്യാനികളുടെ പ്രായശ്ചിത്ത സിദ്ധാന്തവുമായി അൽപ്പമെങ്കിലും ബന്ധമുള്ള പാപമോചനത്തെ സംബന്ധിച്ച് എപ്പോഴെങ്കിലും സംസാരിച്ചിട്ടുണ്ടോ? ദൈവത്തെ സംബന്ധിച്ച് അല്ലെങ്കിൽ അവർ ഇന്ന് വിശ്വസിക്കുന്ന ബഹുദൈവങ്ങളെ സംബന്ധിച്ച് അവരുടെ സങ്കൽപ്പമെന്താണ്? പാപികളായ മനുഷ്യസമുദായങ്ങളോട് ദൈവം എങ്ങനെ പെരുമാറുമെന്നാണ് ഈ മതങ്ങൾ വിശ്വസിക്കുന്നത്?

മതങ്ങളെ പരസ്പരം താരതമ്യം ചെയ്യുമ്പോൾ ഒരുപക്ഷേ ക്രിസ്തുമതവുമായി ഏറ്റവും അടുത്ത് നിൽക്കുന്നത് ഹിന്ദുമതമാണ്. ഇതും ഭാഗികമായി മാത്രമാണ് ശരി. ഹിന്ദുക്കൾ ദൈവത്തിന്റെ കേവലനീതിപാലകത്വത്തിൽ വിശ്വസിക്കുന്നു. പാപം ചെയ്ത മനുഷ്യനെ അതിന്റെ അളവനുസരിച്ചു ശിക്ഷിക്കണമെന്ന് ഹിന്ദുക്കളുടെ ദൈവത്തിന് നിർബന്ധമാണ്.

പക്ഷേ ഈ സാമ്യത ഇവിടെ അവസാനിക്കുന്നു. ലോകത്തുള്ള എല്ലാ പാപികളുടേയും പാപം, ചുമലിലേറ്റുന്ന ഒരു പുത്രനെപ്പറ്റി വളരെ വിദൂര മായി പോലും ഹിന്ദുമതം പ്രതിപാദിക്കുന്നില്ല. അതിനുപകരം മനുഷ്യാ ത്മാവ് മൃഗത്തിന്റെ ശരീരത്തിൽ പ്രവേശിച്ച് നടത്തുന്ന പാപത്തിന്റേയും ശിക്ഷയുടേയും അനന്തവും എണ്ണമറ്റതുമായ വിവിധങ്ങളായ പുനർജന്മ ങ്ങളെ കുറിച്ചാണ് ഹിന്ദുമതം പറയുന്നത്. ചെയ്തു തീർത്ത കുറ്റ ങ്ങൾക്കെല്ലാം ശിക്ഷ അനുഭവിച്ചശേഷമേ ആത്മാവിന് മോചനം ലഭ്യമാ കുന്നുള്ളൂ. ഇത് തീർച്ചയായും ഭയാനകവും സ്തോഭജനകവുമാണ്. പക്ഷേ ഇതിൽ നീതിപാലനത്തിന്റെ തത്ത്വശാസ്ത്രം ഉൾപ്പെട്ടിട്ടുണ്ട്. കേവല നീതിയുടെ സങ്കൽപ്പത്തിന്റെ സമ മിതി (Symmetry) വളരെ തുലനാത്മകമായി പരിപൂർണ്ണ നിലയിൽ ഇതിൽ അടങ്ങിയിരിക്കുന്നു.

കാര്യകാരണ ബന്ധത്തിന്റെ സകലവിധ സങ്കീർണ്ണതകളും ഉൾക്കൊ ള്ളുന്ന പുനർജന്മത്തിന്റെ തത്ത്വശാസ്ത്രം പറയുന്ന ഹിന്ദുമതത്തേയും അതുപോലെ മറ്റെല്ലാ മതങ്ങളേയും വെറുതെ വിടുക. ലോകത്ത് അവ ശേഷിക്കുന്ന വലുതും ചെറുതുമായ മറ്റു മതങ്ങൾ ദൈവത്തിന്റെ ഭാഗ ത്തുനിന്നുമുണ്ടാകുന്ന പൊറുത്തുകൊടുക്കുക എന്ന ഗുണത്തെ സംബ ന്ധിച്ച് എന്ത് പറയുന്നു? നൂറുകോടിയിലധികം വിശ്വാസികളുള്ള ഹിന്ദുമ തവും അതുപോലെയുള്ള മറ്റു മതങ്ങളും പാപമോചനം എന്ന പ്രഹേളി കയെപ്പറ്റി ഒന്നും പറയാതെ പൂർണ്ണമായും അവഗണിച്ചിരിക്കുന്നു. ഇത് തീർച്ചയായും തികച്ചും വിചിത്രമാണ്. മതചരിത്രത്തിൽ മറ്റിടങ്ങളിലെ മനുഷ്യസമൂഹവുമായി സംവദിച്ച ദൈവം പിന്നെ ആരായിരുന്നു? ക്രിസ്തു മതത്തിൽ പറയുന്നതുപോലെ പിതാവായ ദൈവം അല്ലായിരുന്നുവോ? യേശുക്രിസ്തുവിന്റെ നേതൃത്വം അംഗീകരിക്കുന്നവരൊഴികെ മറ്റെല്ലാ മത ങ്ങളുടേയും നായകത്വം പിശാചിന്റെ ശിഷ്യർക്കാണോ? പിതാവായ ദൈവം അപ്പോൾ എവിടെയായിരുന്നു? ക്രിസ്ത്യാനികളല്ലാത്ത മറ്റു മനു ഷ്യസമൂഹങ്ങളെ ദൈവത്തിന്റെ പേരിൽ തിന്മയിലേക്ക് നയിച്ചുകൊണ്ടി രുന്നപ്പോൾ എന്തുകൊണ്ട് ദൈവം രക്ഷക്കായി ഇറങ്ങിവന്നില്ല? പിതാവെന്ന് വിളിക്കപ്പെടുന്ന ദൈവത്തിന്റെ വേറെ വല്ല സൃഷ്ടികളു മാണോ ക്രിസ്ത്യാനികളല്ലാത്ത മറ്റു മനുഷ്യർ? എന്തുകൊണ്ട് അവരോട് പിതാവായ ദൈവം ഒരു രണ്ടാനച്ഛനെപ്പോലെ പെരുമാറി? എന്തുകൊണ്ട് അവരെ പിശാചിന്റെ ക്രൂരമായ വിളയാട്ടത്തിനു വിട്ടുകൊടുത്തു?

ഈ വിഷയം നമുക്ക് മനുഷ്യന്റെ സാമാന്യാനുഭവങ്ങളുമായി ബന്ധ പ്പെടുത്തി ചർച്ച ചെയ്യാം. മനുഷ്യജീവിതത്തിൽ പൊറുത്തുകൊടുക്കലും നീതിപാലനവും സമതുലനാവസ്ഥയിൽ പോവുന്നത് കാണാം. ഈ രണ്ട് ഗുണങ്ങളും പരസ്പരം സഹകരിച്ച് നീങ്ങുന്നു. അത് എല്ലായ്പ്പോഴും പരസ്പരം എതിരു നിൽക്കുന്നില്ല. ചിലപ്പോൾ നീതിപാലനം പൊറുത്തു

കൊടുക്കാൻ ആവശ്യപ്പെടുന്നു. ചിലപ്പോൾ അത് പൊറുത്തുകൊടുക്കാൻ അനുവദിക്കുന്നില്ല. ഒരു കുട്ടിക്ക് പൊറുത്തുകൊടുക്കുകയാണെങ്കിൽ ഒരു പക്ഷേ അവൻ കൂടുതൽ തെറ്റു ചെയ്തെന്ന് വരും. അപ്പോൾ പൊറുത്തുകൊടുക്കൽ സ്വയംതന്നെ കുറ്റത്തിന്ന് പ്രേരകമാവും. അത് നീതിപാലനതത്ത്വത്തിന്നെതിരാണ്. ഒരു കുറ്റവാളിക്ക് പൊറുത്തുകൊടുക്കുകയും അവൻ കൂടുതൽ കുറ്റകൃത്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുകയാണെങ്കിൽ അത് ഫലത്തിൽ മറ്റുള്ളവർക്ക് പ്രയാസകരമായിത്തീരുന്നു. കാരണം പൊറുത്തുകൊടുത്തത് മൂലം അവനിൽ കുറ്റവാസന കൂടുകയാണ് ചെയ്തത്. അത് മറ്റു നിരപരാധികളായ പൗരന്മാർക്കെതിരെ ചെയ്യുന്ന ക്രൂരതക്ക് സമമാണ്. ഇത് നീതിപാലന തത്ത്വങ്ങൾക്ക് വിരുദ്ധവുമാണ്. യേശുവിന്റെ പാപപ്പൊറുതി സിദ്ധാന്തത്തിന്റെ ആനുകൂല്യം അനുഭവിക്കുന്ന നിരവധി ക്രിമിനലുകൾ ഇവിടെയുണ്ട്. അത് സ്വയം തന്നെ നീതിക്കെതിരാണ്. ഉദാഹരണത്തിന് ഒരു കുട്ടി താൻ ചെയ്ത തെറ്റിന് പശ്ചാത്തപിക്കുമ്പോൾ മാതാവിന്ന് ആ കുട്ടി വീണ്ടും തെറ്റ് ചെയ്യില്ല എന്ന് ബോധ്യം വരുന്നു. എങ്കിൽ ആ കുട്ടിയെ ശിക്ഷിക്കുക എന്നത് നീതി സങ്കൽപ്പത്തിന്നെതിരാണ്. ഒരു കുറ്റവാളി പശ്ചാത്തപിക്കുമ്പോൾ അത് തന്നെ അവന് ശിക്ഷയാണ്. ചിലപ്പോൾ അവന് നൽകുന്ന ബാഹ്യശിക്ഷയേക്കാൾ എത്രയോ അധികം വേദനാജനകമായിതീരും ആ പശ്ചാത്താപം. ഒരു കുറ്റം ചെയ്തുപോയാൽ ഏതൊരു മനസ്സാക്ഷിയുള്ള വ്യക്തിയും വേദനിക്കും. മനസ്സാക്ഷിയുടെ ആവർത്തിച്ചുകൊണ്ടുള്ള പാപബോധവും, തെറ്റിലേക്കും പശ്ചാത്താപത്തിലേക്കും ഇടക്കിടെ വഴുതിവീഴുന്ന ദുർബലനായ അടിയാനെ പൊറുത്തുകൊടുക്കപ്പെടാനുള്ള ഒരു ബിന്ദുവിലെത്തിക്കുന്നു. അങ്ങനെ ദൈവം അവന് പൊറുത്തുകൊടുക്കുന്നു. ഇതാണ് പാപപ്പൊറുതിയുടെ നീതിപാഠം. മഹാബുദ്ധിമാന്മാർക്ക് മുതൽ സാധാരണക്കാർക്ക് വരെ ദൈനംദിന ജീവിതത്തിൽ നിന്ന് ഈ പാഠം മനസ്സിലാക്കാം. ക്രിസ്തുമതത്തിന്റെ മതസിദ്ധാന്തങ്ങൾ (ഡോഗ്മ) ബുദ്ധിപരമായി യാതൊരു വിശകലനങ്ങളും കൂടാതെ സ്വീകരിക്കുന്ന ക്രിസ്ത്യാനികൾ ആലസ്യത്തിൽ നിന്ന് ഉണരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

ക്രിസ്തുമതസിദ്ധാന്തങ്ങളെ സാമാന്യ ബുദ്ധിയുടേയും യുക്തിബോധനത്തിന്റേയും അടിസ്ഥാനത്തിൽ പുനപ്പരിശോധനക്ക് വിധേയമാക്കുകയാണെങ്കിൽ അത് ക്രിസ്ത്യാനികളെ തികച്ചും വിഭിന്നവും യാഥാർത്ഥ്യബോധവുമുള്ള നല്ല ക്രിസ്ത്യാനികളാക്കി മാറ്റും. അവരുടെ ഭാവനയിലുള്ള ദൈവപുത്രനായ ക്രിസ്തു വെറും മിഥ്യയിൽ കവിഞ്ഞ് ഒന്നുമല്ല. ക്രിസ്തുവിന്റെ മനുഷ്യയാഥാർത്ഥ്യത്തിൽ വിശ്വസിക്കുമ്പോൾ അവർക്ക് കൂടുതൽ ദൃഢതയോടെ സ്നേഹത്തിലും സമർപ്പണത്തിലും വിശ്വസി

ക്കാൻ കഴിയും. യേശുവിന്റെ അതിമഹത്തായ ത്യാഗം നിലനിൽക്കുന്നത് ഇതിഹാസരൂപിയായ ക്രിസ്തുവിലല്ല. മനുഷ്യനും ദൈവദൂതനും എന്ന നിലക്ക് അദ്ദേഹം അനുഭവിച്ച മഹാത്യാഗത്തിലാണ്. യേശു അനുഭവിച്ച ഏതാനും മണിക്കൂറികളിലെ ഭീകരപീഡനത്തിന് ശേഷം കുരിശിൽ മരിച്ചു എന്ന മിത്തിനെക്കാളും മരണാനന്തരം മരണത്തിൽ നിന്നുള്ള അദ്ദേഹ ത്തിന്റെ ഉയിർത്തെഴുന്നേൽപ്പിനേക്കാളും മനുഷ്യഹൃദയങ്ങളെ പിടിച്ചു കുലുക്കുകയും ആർദ്രപൂരിതമാക്കുകയും ചെയ്യുന്നത് മനുഷ്യനായ ക്രിസ്തുവിന്റെ ആ മഹാത്യാഗങ്ങൾ തന്നെയല്ലേ?

## യേശുവിന് പാപപരിഹാരം സാധ്യമല്ല

അവസാനത്തേതും എന്നാൽ പ്രധാനപ്പെട്ടതുമായ പ്രശ്നം ഒരു മനു ഷ്യസ്ത്രീയുടെ മകനായി പിറന്ന യേശുവിന് എങ്ങനെ പാപരഹിതനാ യിരിക്കാൻ കഴിയും എന്നതാണ്. ആദമിന്റെയും ഹവ്വയുടെയും പാപം നിർഭാഗ്യവാന്മാരായ ഈ ദമ്പതികളുടെ മുഴുവൻ സന്തതിപരമ്പരകളേയും പാപപങ്കിലമാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ സ്വാഭാവിക പരിണതി എന്ന നിലയ്ക്ക് എല്ലാ ആൺപെൺ സന്തതികളിലേക്കും ഈ പാപവാസന സംക്രമിച്ചിട്ടുണ്ടാകും. ഒരുപക്ഷേ, സ്ത്രീജനങ്ങൾ ഈ പാപസംക്രമ ത്തിന് കൂടുതൽ വിധേയമായിട്ടുണ്ടാകും. കാരണം ആദമിനെ പ്രലോഭി പ്പിക്കുവാൻ പിശാച് ഉപകരണമാക്കിയത് സ്ത്രീയെയായിരുന്നുവല്ലോ. ആയതിനാൽ പാപത്തിന്റെ ഉത്തരവാദിത്വം ആദമിനേക്കാൾ കൂടുതലായി ഹവ്വയുടെ ചുമലിലാണ് വന്നുവീഴുക. യേശുവിന്റെ ജനനത്തെ (പിതാ വില്ലാത്ത ജനനം) സംബന്ധിച്ചിടത്തോളം വ്യക്തമായും ഹവ്വായുടെ പുത്രി യായിരുന്നു (കന്യാമറിയം) ബഹുഭൂരിപക്ഷം പങ്കും നിർവ്വഹിച്ചത്. ഇവിടെ ശക്തമായി ഉയർന്നുവരുന്ന ചോദ്യമിതാണ്: മനുഷ്യ മാതാവിന്റെ ജീൻ വഹിക്കുന്ന യാതൊരു ക്രോമോസോമും ജനിതകപരമായി യേശുവിന് നൽകപ്പെട്ടിട്ടില്ലേ? നൽകപ്പെട്ടിട്ടുണ്ടെങ്കിൽ ആദമിന്റെ സന്തതിപരമ്പരക ളിലേക്ക് പകർന്ന പാപത്തിൽ നിന്നു രക്ഷപ്പെടാൻ യേശുവിന് സാധ്യമല്ല. യേശുവിന് തന്റെ മാതാവിൽ നിന്ന് യാതൊരുവിധ ക്രോമോസോമും നൽകപ്പെട്ടിട്ടില്ലെങ്കിൽ തീർച്ചയായും അദ്ദേഹത്തിന്റെ ജനനത്തിലെ അത്ഭുതം ഇരട്ടിക്കുന്നു. മാതാവിൽ നിന്നും പിതാവിൽ നിന്നും ക്രോമോ സോമുകൾ പകർന്നു ലഭിക്കാതെ ഒരു കുഞ്ഞ് ജനിക്കുക എന്നത് അതിശ യകരം തന്നെയാണ്. ഹവ്വയിൽ നിന്ന് ദാനം ചെയ്യപ്പെട്ട ആ ക്രോമോ സോം ഉണ്ണിയേശുവിന് പകർന്നു നൽകിയപ്പോൾ എന്തുകൊണ്ട് സഹജ മായ പാപപ്രലോഭനം അത് സംവഹിച്ചില്ല എന്നത് ദുരൂഹമായിരിക്കുന്നു! ക്രിസ്തീയ സഹോദരന്മാരുടെ വിശ്വാസമനുസരിച്ച് യേശുവിന് മാനവ രാശിയുടെ പാപം വഹിക്കാൻ അത്തരമൊരു പാപരഹിതത്വം ആവശ്യ മാണ്. ഈ ഒരേയൊരു ഉപാധിയിലാണ് ക്രിസ്ത്യാനികൾ യേശുവിൽ

വിശ്വസിക്കുന്നത്. ഏതായാലും യേശു അങ്ങനെ പാപരഹിതനായി ജനിച്ചു എന്നുതന്നെ കരുതുക. അപ്പോൾ മറ്റൊരു പ്രശ്നം ഉത്ഭവിക്കുന്നു. ക്രിസ്തുമതം ആവിർഭവിക്കുന്നതിന് മുമ്പ് മരിച്ച് മണ്ണടിഞ്ഞ ആദം സന്തതികളുടെ കാര്യത്തിൽ എന്താണ് സംഭവിക്കുക എന്ന് ഒരാൾക്ക് ചോദിക്കാവുന്നതാണ്.

അഞ്ചു ഭൂഖണ്ഡങ്ങളിലായി തലമുറതലമുറയായി ലോകം മുഴുവൻ പരന്നുകിടന്നിരുന്ന ആ മനുഷ്യർ കോടാനുകോടിയായിരുന്നു. അതുവരെ ജനിച്ചിട്ടില്ലാത്ത തങ്ങളുടെ രക്ഷകനായ യേശുവിനെ സംബന്ധിച്ച് കേൾക്കുക പോലും ചെയ്യാൻ യാതൊരു സാധ്യതയോ, പ്രതീക്ഷയോ ഇല്ലാതെ, യേശുവിന് മുമ്പുള്ള ജനസമൂഹം ജീവിച്ചുമരിച്ചിട്ടുണ്ടാവും. വാസ്തവത്തിൽ ആദമിനും യേശുവിനും ഇടയിലുള്ള മനുഷ്യസമൂഹം തീർച്ചയായും കാലാകാലത്തേക്കായി നരകത്തിലെറിയപ്പെടുന്നതായിട്ടാണ് കാണപ്പെടുന്നത്. എന്തുകൊണ്ട് അവർക്ക് പാപപ്പൊറുതിയുടെ വിദൂരമായ അവസരം പോലും നൽകപ്പെട്ടില്ല? പൂർവ്വകാല പ്രാബല്യത്തോടെ അവർക്ക് യേശുക്രിസ്തുവിനാൽ പൊറുത്തുകൊടുക്കപ്പെടുമോ? അങ്ങനെയാണെങ്കിൽ എങ്ങനെയാണ് പൊറുത്തുകൊടുക്കുക?

കൊച്ചുദേശമായ ജൂദിയയെ അപേക്ഷിച്ച് ലോകത്തുള്ള ബഹുഭൂരിഭാഗം സ്ഥലങ്ങളിലെ ജനങ്ങളും യേശു ജീവിച്ചിരിക്കുന്ന കാലത്ത് തന്നെ അദ്ദേഹത്തെപ്പറ്റി അറിഞ്ഞിട്ടില്ല. അവർക്ക് എന്ത് സംഭവിക്കും? അവരാരും തന്നെ യേശുവിന്റെ ദൈവപുത്രത്വത്തിൽ വിശ്വസിക്കുകയോ അവർക്ക് വിശ്വസിക്കാനുള്ള അവസരം ലഭിക്കുകയോ ചെയ്തിട്ടില്ല. അവരുടെ പാപം ശിക്ഷിക്കപ്പെടാതെ പോകുമോ? അതല്ല അവർ ശിക്ഷിക്കപ്പെടുമോ? അവർ ശിക്ഷിക്കപ്പെടുന്നില്ലെങ്കിൽ എന്തു കാരണത്താലാണ് ശിക്ഷിക്കപ്പെടാതിരിക്കുക? ഇനി അവർ ശിക്ഷിക്കപ്പെടുകയാണെങ്കിൽ അതിന്റെ യുക്തിശാസ്ത്രമെന്ത്? അവർക്ക് എന്ത് അവസരമാണ് നൽകപ്പെട്ടിട്ടുള്ളത്? അവർ തികച്ചും നിസ്സഹായരായിരുന്നുവല്ലോ. കേവലനീതിയെ കുറിച്ച് എന്തൊരു വികലമായ ഭാവന!

## ആഗ്രഹിക്കാത്ത ത്യാഗം

നമുക്ക് ക്രൂശീകരണ സംഭവത്തിലേക്ക് കടക്കാം. ഇവിടെ നാം പരിഹരിക്കപ്പെടാൻ കഴിയാത്ത ഒരു വിഷമസന്ധി അഭിമുഖീകരിക്കേണ്ടി വരുന്നു. യേശുവിൽ വിശ്വസിക്കുന്നുവെങ്കിൽ യേശുവിനെ സംബന്ധിച്ച് നമ്മോട് ദൃഢമായി പറയപ്പെട്ടത് പിതാവായ ദൈവത്തിനുവേണ്ടി സ്വയം സമർപ്പിക്കപ്പെട്ടു എന്നാണ്. അതായത് മാനവരാശിയുടെ പാപത്തിന് വേണ്ടി അദ്ദേഹം സ്വയം ബലിയാടായി എന്ന്. യേശുവിന്റെ ആഗ്രഹസാ

ഫല്യത്തിന്റെ ആ നിമിഷം സമാഗതമായപ്പോൾ പാപികളായ മാനവരാശിയുടെ ഒളിമങ്ങിയ പ്രതീക്ഷകൾക്ക് ഒരു പുതിയ യുഗത്തിന്റെ പൊൻപുലരിയുടെ ആരംഭമായിരുന്നു അത്. മാനവചരിത്രത്തിലെ അനർഘമായ ഈ നിർണായക മുഹൂർത്തം അത്യധികം ആഹ്ലാദത്തോടെയും ആമോദത്തോടെയും ഹർഷോന്മാദത്തോടെയും യേശു വരവേൽക്കുന്നത് കാണാൻ നാം പ്രതീക്ഷയോടെ അദ്ദേഹത്തിന്റെ നേരെ തിരിയുമ്പോൾ നാം അത്യഗാധമായി നിരാശരായിത്തീരുകയും നമ്മുടെ സങ്കൽപ്പങ്ങളെല്ലാം വീണടിയുകയും ചെയ്യും. വിജയോന്മാദത്തിന്റെ ആ അസുലഭ നിമിഷങ്ങൾക്ക് അക്ഷമനായി കാത്തിരിക്കേണ്ട യേശുവിന് പകരം നാം കാണുന്നത് പിതാവായ ദൈവത്തോട് മരണമെന്ന കൈപ്പേറിയ പാനപാത്രം തന്നിൽ നിന്നകറ്റേണമേ എന്ന് ഏങ്ങലടിച്ചു തേങ്ങിക്കരഞ്ഞു പ്രാർത്ഥിക്കുന്ന യേശുവിനെയാണ്.

അസഹ്യദുഃഖത്തിന്റെ യാതനാപൂർണ്ണമായ ആ കാളരാത്രിയിൽ പ്രാർത്ഥനാപൂർവ്വം ചെലവഴിച്ച യേശു, ഉറങ്ങിപ്പോയ തന്റെ ശിഷ്യരിലൊരാളെ ശകാരിക്കുകയുണ്ടായി. ബൈബിളിൽ ആ സംഭവം ഇങ്ങനെ വിവരിക്കുന്നു:

*"അനന്തരം യേശു അവരുമായി ഗെത്ത്ശെമന എന്ന തോട്ടത്തിൽ വന്നു. ശിഷ്യന്മാരോട്: ഞാൻ അവിടെ പോയി പ്രാർത്ഥിച്ചുവരുവോളം ഇവിടെ ഇരിപ്പിൻ എന്നു പറഞ്ഞു, പത്രോസിനെയും സെബെദി പുത്രന്മാർ ഇരുവരെയും കൂട്ടിക്കൊണ്ട് ചെന്നു. ദുഃഖിച്ചും വ്യാകുലപ്പെട്ടും തുടങ്ങി: എന്റെ ഉള്ളം മരണവേദനപോലെ അതിദുഃഖിതമായിരിക്കുന്നു; ഇവിടെ താമസിച്ചു എന്നോടുകൂടെ ഉണർന്നിരിപ്പിൻ എന്നു അവരോടു പറഞ്ഞു. പിന്നെ അവൻ അൽപ്പം മുന്നോട്ടു ചെന്നു. കമിഴ്ന്നു വീണു: പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽ നിന്ന് നീങ്ങിപ്പോകേണമേ; എങ്കിലും ഞാൻ ഇച്ഛിക്കുംപോലെ അല്ലാ, നീ ഇച്ഛിക്കും പോലെ ആകട്ടെ എന്നു പ്രാർഥിച്ചു. പിന്നെ അവൻ ശിഷ്യന്മാരുടെ അടുക്കൽ വന്നു, അവർ ഉറങ്ങുന്നതു കണ്ടു. പത്രോസിനോട്: എന്നോട് കൂടെ ഒരു നാഴികപോലും ഉണർന്നിരിപ്പാൻ നിങ്ങൾക്ക് കഴിഞ്ഞില്ലെയോ? പരീക്ഷയിൽ അകപ്പെടാതിരിക്കാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കിൻ; ആത്മാവ് ഒരുക്കമുള്ളത്, ജഡമോ ബലഹീനമത്രേ എന്നുപറഞ്ഞു രണ്ടാമതും പോയി: പിതാവേ ഞാൻ കുടിക്കാതെ അത് നീങ്ങിക്കൂടാ എങ്കിൽ നിന്റെ ഇഷ്ടം ആകട്ടെ എന്നു പ്രാർത്ഥിച്ചു." (മത്തായി 26:36-43).*

ക്രിസ്തീയ കഥ സ്വയം തന്നെ വെളിപ്പെടുത്തുന്ന വസ്തുതയിതാണ്. യേശുവിന്റെയും അദ്ദേഹത്തിന്റെ ശിഷ്യന്മാരുടെയും പ്രാർത്ഥനകളും അഭയയാചനകളും പിതാവായ ദൈവം സ്വീകരിച്ചില്ലെന്നു മാത്രമല്ല, യേശു

വിന്റെ ശക്തമായ പ്രതിഷേധം നിലനിൽക്കേ അവസാനം അദ്ദേഹം ക്രൂശിതനുമായി. മാനവരാശിയുടെ സകല പാപഭാരങ്ങളും സുധീരം സ്വന്തം ചുമതലിൽ വഹിച്ച ത്യാഗമൂർത്തിയും നിഷ്ക്കളങ്കതയുടെ രാജകുമാരനുമായ യേശു ക്രിസ്തീയ കഥനങ്ങളിൽ കാണുന്ന അതേ യേശു തന്നെയായിരുന്നോ? അതല്ല മറ്റേതെങ്കിലും വ്യക്തിയോ? ക്രൂശീകരണത്തിനായി പിടിക്കപ്പെട്ട വേളയിലും ക്രൂശിപ്പിന്റെ അവസരത്തിലും അദ്ദേഹത്തിന്റെ പെരുമാറ്റം യേശുക്രിസ്തുവിന്റെ വ്യക്തിത്വത്തിലോ അതല്ല യേശു എന്ന വ്യക്തിക്കു ചുറ്റും നെയ്തെടുത്ത മിത്തിന്റെ യാഥാർത്ഥ്യത്തിലേക്കോ ഇതിലേതെങ്കിലുമൊന്നിനുമേൽ സംശയത്തിന്റെ കരിനിഴൽ വീഴ്ത്തുന്നു. അതിനെപറ്റി പിന്നീട് പറയാം. നമ്മുടെ വിമർശന പഠനം നിർത്തിവെച്ച സ്ഥലത്തേക്ക് തന്നെ മടങ്ങാം.

കഠിന ദുഃഖത്താൽ യേശുവിൽ നിന്നുയർന്ന വിലാപങ്ങൾ ഉയർത്തുന്ന മറ്റു സന്ദേഹങ്ങൾ ഇപ്രകാരമാണ്. ആരാണ് അഗാധ വേദനയുടെ ഹൃദയസ്പർശിയായ ആ വാക്കുകൾ ഉച്ചരിച്ചത്? മനുഷ്യനായ ക്രിസ്തുവോ അതല്ല ദൈവപുത്രനായ ക്രിസ്തുവോ?

അത് മനുഷ്യനായ ക്രിസ്തുവായിരുന്നുവെങ്കിൽ ആരാണ് അദ്ദേഹത്തെ ഉപേക്ഷിച്ചത്? ആരാലാണ് അദ്ദേഹം ഉപേക്ഷിക്കപ്പെട്ടത്? എന്തുകൊണ്ട് ഉപേക്ഷിക്കപ്പെട്ടു? വ്യക്തിപരമായ ചിന്തയും സ്വന്തമായ അനുഭവങ്ങളുമുള്ള സ്വതന്ത്രവും വ്യത്യസ്തവുമായ ഒരു വ്യക്തിത്വം യേശു എന്ന മനുഷ്യൻ അവസാനം വരെ നിലനിർത്തിയിരുന്നു എന്നു സമ്മതിക്കേണ്ടി വരും.

ദൈവപുത്രനായ യേശുവിന്റെ ആത്മാവ് അതുവരെ വസിച്ചിരുന്ന മനുഷ്യശരീരത്തിൽ നിന്നു വേർപെടുന്ന ആ നിമിഷത്തിൽ അദ്ദേഹം മരിച്ചിരുന്നുവോ? അങ്ങനെയാണെങ്കിൽ എങ്ങനെ മരിച്ചു? എന്തുകൊണ്ട് മരിച്ചു? മരിച്ചിരുന്നുവെങ്കിൽ ദൈവാത്മാവ് വേർപിരിഞ്ഞ ശേഷം മനുഷ്യശരീരമായിരുന്നു മരിച്ചിരിക്കുക. അപ്പോൾ അവശേഷിക്കുന്ന ചോദ്യമിതാണ്. മരിച്ചുകഴിഞ്ഞ അതേ മനുഷ്യശരീരത്തിലേക്ക് ദൈവത്തിന്റെ ആത്മാവ് വീണ്ടും തിരിച്ചെത്തിയപ്പോൾ ഉയിർത്തെഴുന്നേറ്റത് ആരാണ്?

വീണ്ടും ഉയർന്നുവരുന്ന പ്രശ്നങ്ങൾ നമ്മെ ചില നിഗമനങ്ങളിലേക്ക് നയിക്കുന്നു. അതായത് യേശു എന്ന ദൈവപുത്രനായിരുന്നില്ല ഈ പീഡനങ്ങളെല്ലാം സഹിച്ചത്. യേശുവിലെ മനുഷ്യനായിരുന്നു അത്രയും അനുഭവിച്ചത്. അങ്ങേയറ്റത്തെ ആകുലാവസ്ഥയിൽ വിലാപങ്ങൾ പൊഴിച്ച് യേശു കരഞ്ഞപ്പോൾ ദൈവപുത്രനായ യേശു നിർവികാരനും അനുഭാവശൂന്യനുമായി നോക്കിനിൽക്കുകയായിരുന്നു. അപ്പോൾ മനുഷ്യരാശിക്കുവേണ്ടി പീഡനങ്ങൾ ഏറ്റുവാങ്ങിയത് മനുഷ്യനായ യേശു

വല്ല മറിച്ച് ദൈവപുത്രനായ യേശുവാണെന്ന അവകാശവാദം എങ്ങനെ ന്യായീകരിക്കാനാകും?

ഇനി മറ്റൊരു സാധ്യത, മനുഷ്യനായ യേശുവിൽ ഉണ്ടായിരുന്ന ദൈവപുത്രനായിരിക്കാം വിലപിച്ചതെന്ന് കരുതുക. ഒരുപക്ഷേ പുതിയൊരു ജീവിതം തനിക്ക് കൂടി ലഭിക്കുമല്ലോ എന്ന പ്രതീക്ഷയിൽ യേശുവിലുള്ള മനുഷ്യനും ആൾതാരയിൽ പുത്രനോടൊപ്പം ബലിയായിരുന്നിരിക്കാം. പുത്രനായ യേശുവിനോടൊപ്പം ബലി അനുഭവിച്ച യേശുവിലെ മനുഷ്യന് സാക്ഷാൽക്കാരത്തെപ്പറ്റിയുള്ള പ്രതീക്ഷക്ക് വലിയ ഉറപ്പൊന്നുമില്ലായിരുന്നു. അദ്ദേഹം ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും താനും ബലിയാവും. ഒരു വെടിക്ക് രണ്ട് പക്ഷികളെ കൊന്ന ദൈവത്തിന്റെ നീതിബോധം ഏത് തരത്തിലുള്ളതായിരുന്നു എന്നത് ചർച്ച ചെയ്യപ്പെടേണ്ട മറ്റൊരു പ്രഹേളികയാണ്.

കുരിശിൽ ബലിയായ യേശു ദൈവപുത്രനാണെന്നാണ് ക്രിസ്തു സഭകൾ പൊതുവെ വിശ്വസിക്കുന്നത്. അത് ദൈവപുത്രനായ യേശുതന്നെയാണെങ്കിൽ ഈ ആദ്യത്തെ ചോദ്യത്തിന് ലഭിക്കുന്ന ഉത്തരത്തിൽ നിന്നാണ് രണ്ടാമത്തെ ചോദ്യം ഉത്ഭവിക്കുന്നത്. അതായത്, യേശുവിന്റെ ആത്മഗതത്തിലെ “പിതാവേ കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നും നീങ്ങിപ്പോകേണമേ; എങ്കിലും ഞാൻ ഇച്ഛിക്കും പോലെ അല്ല. നീ ഇച്ഛിക്കുംപോലെ ആകട്ടെ എന്നു പ്രാർത്ഥിച്ചു... രണ്ടാമതും പോയി പിതാവേ, ഞാൻ കുടിക്കാതെ അത് നീങ്ങിക്കൂടാ. എങ്കിൽ, നിന്റെ ഇഷ്ടം ആകട്ടെ എന്നു പ്രാർത്ഥിച്ചു. അനന്തരം അവൻ വന്നു” (മത്താ: 26:39, 42) ഈ വചനങ്ങളിൽ രണ്ട് കക്ഷികളെ വ്യക്തമായി കാണാം. അതിൽ രണ്ടാം കക്ഷി ആരാണെന്നതിനെക്കുറിച്ചുള്ളതാണ് ആദ്യത്തെ ചോദ്യം. നമുക്ക് അതിനെ സംബന്ധിച്ച് രണ്ട് സാധ്യതകൾ തുറന്നു കിടപ്പുണ്ട്.

ഒന്നാമത്തേത് വിപത് ഘട്ടത്തിൽ താൻ ഉപേക്ഷിക്കപ്പെട്ടു എന്ന് പിതാവിനെ അഭിസംബോധന ചെയ്തുകൊണ്ടുള്ള ദൈവപുത്രന്റെ പരാതിയായിരുന്നു ഇത്. മറ്റൊന്ന്, അവർ രണ്ടുപേരും യാതൊരു യോജിപ്പുമില്ലാത്ത രണ്ട് വ്യക്തിത്വങ്ങളായിരുന്നു എന്ന വസ്തുത വിശ്വസിക്കാനേ ഇവിടെ നിർവാഹമുള്ളൂ. അതായത്, എല്ലാ ഗുണങ്ങളും അവയുടെ പ്രവർത്തനങ്ങളും ഒരുപോലെ പങ്കുവെച്ച് ഒരു ആളത്വത്തിൽ പരസ്പരം ലയിച്ചുചേർന്ന് സഹവസിക്കാൻ കഴിയാത്ത രണ്ട് വിഭിന്ന വ്യക്തികളായിരുന്നു അവർ എന്ന യാഥാർത്ഥ്യത്തിലേക്ക്. ഇവിടെ ഒരാൾ പരമോന്നത വിധി കർത്താവും സകല കാര്യങ്ങളുടെയും അന്തിമ തീരുമാനമെടുക്കാൻ കഴിവുള്ള സർവ്വശക്തനായ വിധാതാവുമാണ്. മറ്റയാൾ പാവം

'പുത്രനും'. അതായത്, പിതാവിന്റെ സകല ഗുണങ്ങളും അപഹരിക്കപ്പെട്ട, ഒരുപക്ഷേ താൽക്കാലികമായെങ്കിലും എടുത്തുമാറ്റപ്പെട്ട പാവം പുത്രൻ. അവർ ഇരുവരുടെയും ഉപദേശങ്ങളും ആഗ്രഹങ്ങളും പരസ്പര വിരുദ്ധമായും വിയോജിച്ച നിലയിലും ഏറ്റവും കൂടുതൽ പ്രകടമായിക്കാണുന്നത് ക്രൂശീകരണ നാടകത്തിലെ ഈ അവസാനരംഗത്താണ്. ഈ മുഖ്യമായ കേന്ദ്രബിന്ദു നാം മനസ്സിൽ സൂക്ഷിക്കേണ്ട ഒരു വസ്തുതയാണ്.

രണ്ടാമത്തെ ചോദ്യം ഇതാണ്: വ്യക്തിപരമായ ചിന്തയും വ്യക്തിപരമായ മൂല്യബോധവും വ്യക്തിപരമായ കഴിവുകളുമുള്ള രണ്ട് വിഭിന്ന വ്യക്തികളായ ഇവർ രണ്ടുപേർ വേദനയും യാതനയും അനുഭവിക്കുന്നത് അവർ രണ്ടുപേരും ഒന്നായിരിക്കുമ്പോഴോ അതല്ല ഒന്ന് രണ്ടായിരിക്കുമ്പോഴോ? ക്രിസ്ത്യൻ ദൈവശാസ്ത്രിമാരുമായി സുദീർഘമായ സംവാദം ആവശ്യമായ വേറൊരു ചോദ്യം, ദൈവത്തിന് വേദനയും ശിക്ഷയും അനുഭവിക്കേണ്ടിവരുന്ന സാധ്യതകളെ സംബന്ധിച്ചാണ്. അങ്ങനെയാണെങ്കിൽത്തന്നെ ദൈവത്തിന്റെ ഒരു പാതി മാത്രമായിരിക്കുമല്ലോ അത് സഹിച്ചിട്ടുണ്ടാകുക. മനുഷ്യനായ മറുപാതിക്ക് തന്റെ പ്രകൃതിയും സൃഷ്ടിയുടെ പ്രത്യേകതയും മൂലം ഈ ശിക്ഷ അനുഭവിക്കാനുള്ള കഴിവുണ്ടായിരുന്നില്ല. ദുരൂഹവും വക്രീകൃതവുമായ ഈ തത്ത്വശാസ്ത്രത്തിലൂടെ നാം വീണ്ടും മുന്നേറുമ്പോൾ പ്രകാശം വീണ്ടും വീണ്ടും മങ്ങിപ്പോകുന്നു. ആശയക്കുഴപ്പങ്ങൾക്ക് മേൽ ആശയക്കുഴപ്പങ്ങൾ കുമിഞ്ഞുകൂടുകയും ചെയ്യുന്നു.

മറ്റൊരു പ്രശ്നം, യേശു സ്വയം ദൈവമായിരുന്നെങ്കിൽ അദ്ദേഹം ആരെയാണ് അഭിസംബോധന ചെയ്തത്? യേശു പിതാവിനോടാണ് അഭയയാചനകൾ നടത്തിയിരുന്നതെങ്കിൽ അദ്ദേഹം അപ്പോൾ പിതാവിന്റെ അവിഭാജ്യമായ ഘടകമാണെന്നായിരുന്നു നമ്മോട് പറയപ്പെട്ടത്. ഈ ചോദ്യത്തിന്ന് ഡോഗ്മയിൽ (ചോദ്യം ചെയ്യാൻ പാടില്ലാത്ത ക്രിസ്തീയ മതസിദ്ധാന്തങ്ങൾ) അഭയം തേടാതെ മനസ്സാക്ഷിക്കനുസൃതമായി ഉത്തരം പറയണം. മനുഷ്യയുക്തിക്ക് മനസിലാകും വിധം വിശദീകരിക്കാൻ കഴിയാതെ വരുമ്പോഴാണ് അതൊരു ഡോഗ്മയാകുന്നത്. ബൈബിൾ പ്രകാരം അദ്ദേഹത്തെ പരിശുദ്ധാത്മാവ് കൈവെടിഞ്ഞപ്പോൾ അദ്ദേഹം ദൈവത്തോടായി വിലപിച്ചു: 'എന്തുകൊണ്ട് നീ എന്നെ കൈവെടിഞ്ഞു?' എന്ന്. ആർ ആരെ കൈവെടിഞ്ഞുവെന്നാണ് പറയുന്നത്? ദൈവത്തിന് ദൈവത്തെ കൈവെടിയാൻ സാധ്യമാണോ?

**പാപവും പാപപരിഹാരവും**

## ആരാണ് ബലിയാക്കപ്പെട്ടത്?

നാം മനസ്സിലാക്കേണ്ട മറ്റൊരു പ്രശ്നം യേശുവിലുള്ള മനുഷ്യൻ ശിക്ഷിക്കപ്പെട്ടിരുന്നില്ല എന്നാണ്. ഏതൊരു താർക്കിക യുക്തിയുടെയും അടിസ്ഥാനത്തിൽ അദ്ദേഹം ശിക്ഷിക്കപ്പെടുന്നില്ല. കാരണം അദ്ദേഹം മനുഷ്യവംശത്തിന്റെ പാപഭാരം വഹിക്കാൻ ഒരിക്കലും ആഗ്രഹിച്ചിട്ടില്ല. ഈ പുതിയ വിഷയം ചർച്ചയിലേക്ക് കടന്നുവരുമ്പോൾ അത് ഇതിനു മുമ്പ് നാം പരിഗണിച്ചിട്ടില്ലാത്ത ഒരു പ്രത്യേക സാഹചര്യത്തിലേക്ക് നമ്മെ ആനയിക്കുന്നു. അതായത് പാപം ചെയ്യാൻ ആദമിന്റെയും ഹവ്വ യുടേയും സന്തതികൾക്ക് പൊതുവെ പാരമ്പര്യമായി ലഭിച്ച പ്രവണത യുണ്ടല്ലോ. ആ പാപ പ്രവണതക്ക് യേശുവിലുള്ള മനുഷ്യനുമായുള്ള ബന്ധത്തെപ്പറ്റി ചിന്തിക്കുമ്പോൾ ഒരാൾ തീർച്ചയായും അത്ഭുതപ്പെട്ടു പ്പോകും. ദൈവപുത്രനും മനുഷ്യനും വസിക്കുന്ന യേശുവിന്റെ ശരീര ത്തിലെ ദ്വയാത്മകാവസ്ഥയിൽ വിശ്വസിക്കുമ്പോൾ യേശുവിലെ ദൈവി കപുത്രൻ മാത്രമായിരുന്നു പാപരഹിതൻ എന്ന് വിശ്വസിക്കുന്നതാവും ഏറ്റവും നല്ലത്. ദൈവപുത്രനോടൊപ്പം വസിക്കുന്ന മനുഷ്യന്റെ സ്ഥിതി യെന്തായിരിക്കും? മനുഷ്യനായ യേശു ജനിച്ചത്, ദൈവം പ്രദാനം ചെയ്ത ജീനിൽ നിന്നും സ്വഭാവഗുണങ്ങളിൽ നിന്നുമായിരിക്കുമോ? അങ്ങനെ യാണെങ്കിൽ അദ്ദേഹം യേശുവിലുള്ള ദൈവത്തെപോലെ പെരുമാറണം. മനുഷ്യനാണ് എന്ന പേരിൽ അദ്ദേഹം അതുമിതും ചെയ്ത് കൃത്യവി ലോപം കാട്ടിക്കൊണ്ടുള്ള യാതൊരു ഒഴിവുകഴിവും സ്വീകാര്യമല്ല. അദ്ദേ ഹത്തിൽ ദൈവാംശം ഇല്ല എങ്കിൽ അദ്ദേഹം വെറുമൊരു സാധാരണ മനുഷ്യനായിരുന്നുവെന്ന് നാം സമ്മതിക്കേണ്ടതുണ്ട്. ഒരുപക്ഷേ അർദ്ധ മനുഷ്യനാണെന്നെങ്കിലും സമ്മതിക്കേണ്ടതാണ്. എന്നാൽ യേശുവുമായി കൂടിച്ചേർന്ന ആ മനുഷ്യവ്യക്തിക്ക് മനുഷ്യസഹജമായ പാപം ചെയ്യാ നുള്ള പ്രവണതയുണ്ടാകും. ഉണ്ടാവുന്നില്ല എങ്കിൽ എന്താണ് അതിന്റെ കാരണം?

സംഗതി വളരെ വ്യക്തമാണ്, തന്റെ ദൈവപങ്കാളിയിൽ നിന്നും തികച്ചും വിഭിന്നനായ യേശുവിലെ മനുഷ്യനെ പറ്റി പറയുന്നത് കൊണ്ട് യാതൊരു നേട്ടവുമില്ല. യേശുവിലുള്ള മനുഷ്യൻ സ്വതന്ത്രനായി തന്നെ പാപിയാകേണ്ടതുണ്ട്. പാപത്തിന്റെ എല്ലാ ഭാരവും അദ്ദേഹത്തിന്റെ ചുമ ലിലിടാമല്ലോ. എല്ലാറ്റിനും പുറമെ മനുഷ്യവംശത്തിന്നുവേണ്ടി കുരിശിൽ വെച്ച് മരിച്ച ദൈവപുത്രനായ ക്രിസ്തു അത്ര സ്വാർത്ഥരഹിതനായിട്ടല്ല മരിച്ചത് എന്ന കാര്യം കൂടി അവതരിപ്പിച്ചാൽ മാത്രമേ ഈ ചിത്രം പൂർത്തി യാവുകയുള്ളൂ. മരിക്കുമ്പോൾ അദ്ദേഹത്തിനുള്ള മുഖ്യമായ ഉൽക്കണ്ഠ അദ്ദേഹത്തിന്റെ പകുതി സഹോദരനെ കുറിച്ചായിരുന്നു. ഈ വിശ്വാസ ങ്ങളെല്ലാം ബുദ്ധിപരമായി ദഹിക്കാൻ അതീവ ദുഷ്ക്കരമാണ്. പക്ഷേ, നമ്മുടെ വീക്ഷണകോണിൽ നിന്ന് നോക്കുമ്പോൾ യാതൊരു പ്രശ്നവു

മില്ല. അമ്പരപ്പിന്റേയും അതീവദുഃഖത്തിന്റേയും വിലാപം നടത്തിയ നിഷ്ക്കളങ്കനായ യേശു ദ്വന്ദവ്യക്തിത്വം വഹിച്ചിട്ടില്ലാത്ത കേവലം മനുഷ്യൻ മാത്രമായിരുന്നു.

## യേശുവിന്റെ പ്രഹേളിക

ഞാൻ യേശുവിൽ അവിശ്വസിക്കുന്നില്ല എന്ന കാര്യം ഒരിക്കൽ കൂടി വ്യക്തമാക്കട്ടെ. അസാധാരണമായ മഹൽത്യാഗങ്ങൾ വരിച്ച ദൈവത്തിന്റെ പ്രവാചകൻ എന്ന നിലയിൽ അദ്ദേഹത്തോട് എനിക്ക് അതിരറ്റ ബഹുമാനമുണ്ട്. അഗ്നിപരീക്ഷകളുടെ ഒരു കാലഘട്ടത്തിലൂടെ കടന്നുപോയ ഒരു പുണ്യാത്മാവായിട്ടാണ് ഞാൻ യേശുവിനെ കാണുന്നത്. എന്നാൽ ക്രൂശീകരണത്തിന്റെ വിവരണങ്ങൾ മാറാതെ വെളിപ്പെടുത്തുന്ന ഒരു കാര്യം യേശു സ്വേച്ഛയാൽ കുരിശിൽ മരിക്കുന്നത് ഇഷ്ടപ്പെട്ടില്ല എന്ന് വിശ്വസിക്കുകയല്ലാതെ മറ്റുമാർഗങ്ങളൊന്നുമില്ല എന്നാണ്. ശത്രുക്കൾ അദ്ദേഹത്തെ ക്രൂശിച്ച് വധിക്കാൻ ശ്രമിക്കുന്നതിന് തലേന്ന് തന്റെ അനുയായികളോടൊപ്പം രാത്രിയിലുടനീളം അദ്ദേഹം പ്രാർത്ഥിച്ചിരുന്നതായി നാം കേൾക്കുന്നു. കാരണം അദ്ദേഹത്തിന്റെ വാദത്തിന്റെ (താൻ മിശിഹാ ആണെന്ന വാദം) സത്യസാക്ഷ്യം ഈ പരീക്ഷണത്തിനു (കുരിശു സംഭവത്തിന്റെ) മുമ്പിൽ തെളിയിക്കപ്പെടേണ്ടതുണ്ടായിരുന്നു. ദൈവത്തിന്റെ മേൽ കറ്റുകെട്ടി പറയുന്ന ഒരു കള്ളവാദി മരത്തിൽ തൂക്കപ്പെടുമെന്നും അതിൽ ശാപമൃത്യു വരിക്കപ്പെടുമെന്നും ബൈബിൾ പഴയനിയമത്തിൽ പറഞ്ഞിരിക്കുന്നു.

*"എന്റെ നാമത്തിൽ സംസാരിക്കാൻ ഞാൻ ആജ്ഞാപിച്ചിട്ടില്ലാത്ത ഒരു വാക്കെങ്കിലും സംസാരിക്കാൻ മുതിരുകയോ മറ്റു ദേവന്മാരുടെ നാമത്തിൽ സംസാരിക്കുകയോ ചെയ്താൽ ആ പ്രവാചകൻ മരിക്കും." (ആവ: 18:20)*

*'വധശിക്ഷ അർഹിക്കുന്ന കുറ്റം ചെയ്തവനെ വധിച്ചു മരത്തിൽ തൂക്കിക്കഴിഞ്ഞാൽ അയാളുടെ ജഡം രാത്രി മുഴുവൻ ആ മരത്തിൽ കിടത്തരുത്. ആ ദിവസം തന്നെ അയാളെ സംസ്കരിക്കണം. തൂക്കിക്കൊല്ലപ്പെട്ടവൻ ദൈവത്താൽ ശപിക്കപ്പെട്ടവനാണ്. (ആവ: 21:22, 23).*

ഈ കുരിശുമരണം സംഭവിക്കുമെങ്കിൽ യഹൂദർ അത് ആഹ്ലാദപൂർവ്വം ആഘോഷിക്കുമെന്നും സംശയത്തിന്റെ നിഴൽപോലുമില്ലാത്ത രീതിയിൽ കള്ളം തെളിഞ്ഞതായി വേദപുസ്തകങ്ങൾ സാക്ഷിക്കുന്നുവെന്ന് അവർ പ്രഖ്യാപിക്കുമെന്നും യേശുവിന്നറിയാമായിരുന്നു. ഇതായിരുന്നു അദ്ദേഹം മരണത്തിന്റെ കയ്പേറിയ പാനപാത്രത്തിൽ നിന്നും രക്ഷപ്പെടാൻ ഉത്കണ്ഠപ്പെട്ടത്. അല്ലാതെ ഭീരുത്വം കൊണ്ടായിരുന്നില്ല.

അതായത് താൻ കുരിശിൽ മരണപ്പെട്ടാൽ തന്റെ ജനത വഴിതെറ്റിപ്പോകുമോ എന്നും സത്യം തിരിച്ചറിയുന്നതിൽ പരാജയപ്പെടുമോ എന്നുമായിരുന്നു അദ്ദേഹത്തിന്റെ ഭീതി. രാത്രി മുഴുവൻ അതീവ ദൈന്യതയോടെയും നിസ്സഹായാവസ്ഥയിലും പ്രാർത്ഥനയിൽ യേശു മുഴുകിയതിന്റെ വിവരണങ്ങളിൽ നിന്നും അദ്ദേഹം അനുഭവിച്ച മാനസിക സംഘർഷവും, ദുഃഖവും ഹൃദയഭേദകമായിരുന്നുവെന്ന് നമുക്ക് വായിച്ചെടുക്കാം. പക്ഷേ, യഥാർത്ഥമായ ഈ ജീവിതനാടകം അവസാനത്തോടടുക്കുമ്പോൾ വികാര വിക്ഷുബ്ധിയുടേയും വിഷാദത്തിന്റേയും നിസ്സഹായതയുടേയും പരമകോടിയിൽ അദ്ദേഹത്തിൽ നിന്നുമുയർന്ന അവസാനത്തെ ദീനവിലാപത്തിൽ ഇതെല്ലാം നിഴലിക്കുന്നു.

*'ഏലി, ഏലി, ലമാ സബക്താനി' 'എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്താണ് എന്നെ കൈവിട്ടത്?' (മത്തായി 27:46)*

ആ വിലാപം കേവലമൊരു മാനസിക വ്യഥയുടെ പ്രകടനം മാത്രമായിരുന്നില്ല. വ്യക്തമായും അത് ഭയാനകതയുടെ അതിരോളം വരുന്ന ആശ്ചര്യത്തിന്റെ ഘടകം കൂടി കലർന്നതായിരുന്നു. ക്രൂശീകരണത്തിന് മുമ്പ് തന്നെ വേദന ശമിപ്പിക്കാനും മുറിവുണങ്ങാനുമുള്ള കൂട്ടുകളടങ്ങിയ ലേപനം തന്റെ സമർപ്പിതരായ ശിഷ്യന്മാർ തയ്യാർ ചെയ്തിരുന്നു. ആ ലേപനം പുരട്ടി യേശു ബോധത്തിലേക്ക് തിരിച്ചുവന്നു. അദ്ദേഹം അത്ഭുതത്തോടെയും ആഹ്ലാദത്തോടെയും വിസ്മയഭരിതനായി തീർന്നിരിക്കണം. സത്യദൈവത്തിലുള്ള അദ്ദേഹത്തിന്റെ സ്നേഹം അത്യപൂർവ്വമായി മാത്രം മനുഷ്യർക്ക് അനുഭവപ്പെടാറുള്ളതുപോലെ അതിരുകളില്ലാതെയും അതിതീവ്രമായും പുന:സ്ഥാപിക്കപ്പെടുകയും കരുത്താർജ്ജിക്കുകയും ചെയ്തിട്ടുണ്ടാവും. ലേപനൗഷധം നേരത്തെ തന്നെ തയ്യാറാക്കപ്പെട്ടു എന്ന വസ്തുതയിൽ നിന്നും യേശുവിന്റെ ശിഷ്യന്മാർ അദ്ദേഹം കുരിശിൽ നിന്നും ജീവനോടെ രക്ഷപ്പെടുമെന്ന് തീർച്ചയായും പ്രതീക്ഷിച്ചിരുന്നു എന്നു മനസ്സിലാക്കാം. മരുന്നുകൊണ്ടുള്ള ചികിത്സ അദ്ദേഹത്തിന് ആവശ്യമാണെന്നും അവർ മനസ്സിലാക്കിയിരുന്നു.

മുകളിൽ പ്രസ്താവിച്ച വസ്തുതകളിൽ നിന്നും പാരമ്പര്യപാപത്തിന്റെ സങ്കല്പവും, ക്രൂശീകരണവും പിൽക്കാലത്തുണ്ടായ ക്രിസ്ത്യൻ ദൈവശാസ്ത്രികളുടെ മിഥ്യാവിശ്വാസവും വ്യാമോഹവും മാത്രമാണെന്ന് വളരെ വ്യക്തമായി. ക്രിസ്തുമതത്തിന്നു മുമ്പുണ്ടായിരുന്ന സമാനസ്വഭാവമുള്ള മിത്തുകളിൽ നിന്നും രൂപപ്പെട്ടതാണ് ആ വിശ്വാസമെന്ന് വളരെ വ്യക്തം. ഇത്തരം മിത്തുകൾ യേശുവിന്റെ സാഹചര്യത്തിൽ ആരോപിക്കുകയും അവ തമ്മിലുള്ള പൊരുത്തങ്ങൾ വായിച്ചെടുത്ത് പുതിയൊരെണ്ണം സൃഷ്ടിക്കുകയുമാണ് ചെയ്തത്. നാം കണ്ടത് പോലെ അത് നിഗൂഢതയോ, വൈരുദ്ധ്യമോ എന്തായിരുന്നാലും ശരി ക്രിസ്തീയ തത്ത്വ

ശാസ്ത്രത്തിലെ പാപവും പാപ പരിഹാരവും യേശു പഠിപ്പിച്ചതോ, പ്രവർത്തിച്ചതോ, പറഞ്ഞതോ അല്ല. മനുഷ്യബുദ്ധിക്ക് കടകവിരുദ്ധവും അതിനോട് വിയോജിപ്പുള്ളതുമായ യാതൊന്നും തന്നെ അദ്ദേഹം പ്രബോധനം ചെയ്തിട്ടില്ല.

## പിതാവായ ദൈവവും പീഡനം സഹിച്ചിരുന്നുവോ?

പുത്രന്റെ പ്രകൃതിയിലേക്ക് വരുമ്പോൾ അദ്ദേഹം നരകാഗ്നിയിൽ എറിയപ്പെട്ടു എന്നു വിശ്വസിക്കാൻ നമുക്കാവില്ല. അതിനർത്ഥം യേശുവിനകത്ത് തന്നെ ഒരു ആഭ്യന്തര വൈരുദ്ധ്യമുണ്ട് എന്നാണ്. ക്രിസ്ത്യാനികളുടെ അടിസ്ഥാനമതസങ്കല്പത്തിലേക്ക് തിരിച്ചുവരുമ്പോൾ ദൈവവും പുത്രനും രണ്ട് വ്യക്തികളാണെങ്കിലും രണ്ടാളുടെ സത്തയും പ്രകൃതവും ഒരുപോലെയാണെന്ന് പറയപ്പെടുന്നു. ഒരാൾ ഏതെങ്കിലും ഒരനുഭവത്തിലൂടെ കടന്നുപോകുമ്പോൾ മറ്റെയാൾക്ക് അതിന്റെ പങ്ക് പറ്റാതിരിക്കാൻ സാധ്യമല്ല. ദൈവത്തിന്റെ ഒരു ഭാഗമായ പുത്രൻ പീഡിപ്പിക്കപ്പെടുമ്പോൾ പിതാവായ ദൈവം യാതൊരു പീഡയുമേൽക്കാതെ ഇരിക്കുക എന്നത് എങ്ങനെ നമുക്ക് വിശ്വസിക്കാൻ കഴിയും? അദ്ദേഹം അത് അനുഭവിക്കാതിരിക്കുക എന്നതിന്നർത്ഥം ദൈവത്തിന്റെ ഏകത ഭഞ്ജിക്കപ്പെടുക എന്നതിന് തുല്യമാണ്. ഒരാളിൽ മൂന്നുപേർ ഉണ്ട് എന്ന് വരുമ്പോൾ അത് ഗ്രഹിക്കാൻ കൂടുതൽ പ്രയാസകരമാണ്. കാരണം ത്രിത്വത്തിലെ മൂന്ന് പേർക്കുണ്ടാകുന്ന അനുഭവങ്ങൾ തികച്ചും വ്യത്യസ്ഥവും മറ്റൊരാളിൽ നിന്നും വിദൂരസ്ഥവുമാണ്. ദൈവങ്ങളിൽ ഒരാൾ നരകത്തിന്റെ കോപാഗ്നിയിൽ ആയിരിക്കുമ്പോൾ മറ്റു രണ്ടു പേരും അസ്പൃശ്യരും അകന്നിരിക്കുന്നവരുമായിരിക്കുക എന്നത് അസാധ്യമാണ്. ഇന്നത്തെ ക്രിസ്ത്യാനികൾ ഒന്നുകിൽ ഏക ദൈവവിശ്വാസം ഉപേക്ഷിച്ചുകൊണ്ട് പ്രാകൃത റോമൻ ഗ്രീക്ക് ഗോത്രമതങ്ങളിലേത് പോലെ മൂന്ന് വ്യത്യസ്ത ദൈവങ്ങളിൽ വിശ്വസിക്കണം. അല്ലെങ്കിൽ അവർ അവരോട് തന്നെ നീതി പുലർത്തി മറ്റു ദൈവങ്ങളുടെ വൈരുദ്ധ്യാത്മകതയിലേക്ക് പോകാതെ ദൈവം ഏകൻ മാത്രമാണെന്ന് വിശ്വസിക്കുക. ഒരു കുട്ടി വേദന കൊണ്ട് പുളയുമ്പോൾ അതിന്റെ മാതാവിന് ശാന്തിയിലും സമാധാനത്തിലും ഇരിക്കാൻ സാധ്യമല്ല. അവരും ആ സഹനത്തിൽ പങ്കെടുക്കുന്നു. ചിലപ്പോൾ കുട്ടിയേക്കാൾ കൂടുതലായി വേദന അനുഭവിക്കുന്നു. പുത്രൻ മൂന്നുദിവസത്തെ നരകയാതന അനുഭവിച്ചപ്പോൾ പിതാവായ ദൈവത്തിന് എന്തായിരുന്നു സംഭവിച്ചുകൊണ്ടിരിക്കുന്നത്? പുത്രനായ ദൈവത്തിന് എന്തായിരുന്നു സംഭവിച്ചുകൊണ്ടിരുന്നത്? അദ്ദേഹം രണ്ട് രൂപങ്ങളും രണ്ട് സത്തയുമുള്ള രണ്ട് വ്യക്തികളായി വിഭജിക്കപ്പെട്ടിരുന്നുവോ? ഒരാൾ നരകത്തിൽ യാതന സഹിക്കുക. മറ്റെയാൾ പൂർണ്ണ

മായും പുറത്ത് യാതൊന്നും സഹിക്കാതെയിരിക്കുക. പിതാവായ ദൈവത്തിന് സ്വയം നരകയാതന സഹിക്കാനാവുമെങ്കിൽ പിന്നെ ഒരു 'പുത്രനെ' സൃഷ്ടിക്കേണ്ട ആവശ്യമെന്തായിരുന്നു? അദ്ദേഹത്തിന് സ്വയം തന്നെ അത് സഹിക്കാമായിരുന്നില്ലേ? അപ്പോൾ നേർക്ക് നേരെയുള്ള ചോദ്യം ഇതാണ്. എന്തുകൊണ്ട് അദ്ദേഹം അത് സഹിച്ചില്ല? പാപപ്പൊറുതിയുടെ പ്രശ്നം പരിഹരിക്കാൻ എന്തിനിത്ര പ്രയാസകരമായ പദ്ധതി ആവിഷ്കരിച്ചു?

## അഗ്നി കൊണ്ടുള്ള ശിക്ഷ

ക്രിസ്ത്യാനികളുടെ സിദ്ധാന്തപ്രകാരമുള്ള നരകമാണ് ഒരു പ്രശ്നം. യേശു പ്രവേശിച്ച ഈ നരകത്തെക്കുറിച്ച് നമുക്ക് വിശദമായി പരിശോധിക്കേണ്ടതുണ്ട്. ആ നരകം ഏത് തരത്തിലുള്ളതായിരുന്നു?* ബൈബിൾ പുതിയ നിയമത്തിൽ നാം വായിച്ച അതേ നരകം തന്നെയാണോ അത്?

*''മനുഷ്യപുത്രൻ തന്റെ മാലാഖമാരെ അയക്കും. അവർ അവന്റെ രാജ്യത്തിൽ നിന്നും എല്ലാ പാപകാരണങ്ങളേയും അധർമ്മം പ്രവർത്തിക്കുന്നവരെയും കൂട്ടിച്ചേർത്തു തീച്ചൂളയിൽ ഇട്ടുകളയും. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും" (മത്തായി 13:41,42).*

നാം കൂടുതൽ മുന്നോട്ട് പോകുന്നതിന് മുമ്പ് തീ കൊണ്ടുള്ള ശിക്ഷയെ സംബന്ധിച്ച് അല്ലെങ്കിൽ നരകത്തിലെ ശിക്ഷയെ സംബന്ധിച്ച് ബൈബിൾ പുതിയ നിയമം അർത്ഥമാക്കുന്നതെന്താണെന്ന് വ്യക്തമായി മനസ്സിലാക്കേണ്ടതുണ്ട്. ആ നരകാഗ്നി ആത്മാവിനെ ദഹിപ്പിക്കുന്നതാണോ? അതല്ല ശരീരത്തെ എരിച്ചുകളയുന്നതും അതു മുഖേന ആത്മാവിനെ ശിക്ഷിക്കുകയും ചെയ്യുന്ന ഭൗതികാഗ്നിയാണോ? മരണാനന്തരം നമുക്ക് എന്ത് സംഭവിക്കുമെന്നാണ് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത്? മരണത്തിന് ശേഷം ജീർണനത്തിനു വിധേയമായി പഞ്ചഭൂതങ്ങളിൽ ലയിക്കുന്ന നമ്മുടെ ശരീരത്തിലേക്കു തന്നെയാണോ നമ്മുടെ ആത്മാവ് തിരിച്ചുചെല്ലുക എന്നാണോ ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത്? അതല്ല, മരണത്തിനുശേഷം ഓരോ ആത്മാവിനും പുതിയ ശരീരം സൃഷ്ടിക്കപ്പെടുകയും പുനരുത്ഥാനം ചെയ്ത വ്യക്തിക്ക് പുനരവതാരം പോലെയുള്ള അനുഭവമുണ്ടാകുകയും ചെയ്യുമോ?

നരകം ഭൗതികാഗ്നിയും ശാരീരിക ശിക്ഷയുമാണെങ്കിൽ യേശുവിൽ സംഭവിച്ച സംഗതികളെ ആധാരമാക്കി ഒരാളുടെ ഭാവന വലിച്ചു നീട്ടാവുന്നതാണ്. നരകാഗ്നിക്ക് വിധേയമാക്കുന്നതിന് മുമ്പ് യേശുവിന്റെ ആത്മാ

* ക്രിസ്തു നരകത്തിൽ അഥവാ പാതാളത്തിൽ പ്രവേശിച്ചതായി ബൈബിൾ പുതിയ നിയമം. പത്രോ: 3:19 എഫേ 4;9 എന്നീ വചനങ്ങൾ സൂചിപ്പിക്കുന്നു (വിവ:)

വിനെ ഭൂമിയിൽ ജീവിതകാലം മുഴുവൻ പീഡനമേറ്റുവാങ്ങുന്ന ഒരു ശരീരത്തിൽ ബന്ധനസ്ഥനാക്കിയിരുന്നുവോ? അതല്ലെങ്കിൽ നരകം അനുഭവിപ്പാൻ അദ്ദേഹം ഒരു സൂക്ഷ്മ ശരീരത്തിലേക്ക് തരംതാഴ്ത്തപ്പെട്ടിരുന്നുവോ? രണ്ടാമത് പറഞ്ഞതാണ് നടന്നിരുന്നതെങ്കിൽ ഭൗതികാഗ്നിക്ക് സൂക്ഷ്മശരീരത്തെ എരിക്കാനോ ശിക്ഷിക്കാനോ നശിപ്പിക്കാനോ സാധ്യമല്ല. അതല്ല, യേശുവിന്റെ ആത്മാവ് വസിച്ച മനുഷ്യശരീരത്തെ നരകം അനുഭവിക്കാനുള്ള ഒരു മാധ്യമം എന്ന നിലക്ക് അദ്ദേഹത്തിന് വേണ്ടി പുനർനിർമ്മിക്കപ്പെട്ടതാണെന്ന സങ്കൽപ്പം നാം അംഗീകരിക്കുകയാണെങ്കിൽ ദൈവികനീതിക്ക് അത് മറ്റൊരു ആഘാതമേൽപ്പിക്കുന്നത് നാം കാണേണ്ടി വരും. പാവം മനുഷ്യൻ! അദ്ദേഹത്തിന്റെ ശരീരം തികച്ചും അന്യമായ ഒരു ആത്മാവിനുവേണ്ടി ജീവിതകാലം മുഴുവൻ ഹൈജാക്ക് ചെയ്യപ്പെടുകയായിരുന്നു. മറ്റൊരു ആത്മാവിന് ആതിഥേയത്വം നൽകാൻ നിർബ്ബന്ധിക്കപ്പെട്ട ശരീരത്തിന് പ്രതിഫലം ലഭിച്ചതാകട്ടെ ആ ശരീരം ചെയ്യാത്ത കുറ്റത്തിന് നരകാഗ്നിയിൽ എരിയുന്ന ശിക്ഷയും! ത്യാഗത്തിന്റെ എല്ലാ ബഹുമതിയും അദ്ദേഹത്തിൽ (മനുഷ്യശരീരത്തിൽ) വസിച്ച അന്യമായ ആത്മാവിന് മാത്രം അവകാശപ്പെട്ടതുമാണ്. ആ മനുഷ്യന്റെ ആത്മാവിനെക്കുറിച്ച് എന്താണ് പറയാനുള്ളത്? ഒരുപക്ഷേ, യേശുവിന് സ്വന്തമായി മനുഷ്യന്റെ ആത്മാവ് ഇല്ലായിരിക്കാം. അങ്ങനെ ആത്മാവ് ഇല്ല എങ്കിൽ യേശുവിലുള്ള മനുഷ്യനും യേശുവിലുള്ള ദൈവവും ഒരേയൊരാളായിരിക്കണം. യേശു നടത്തിയ അർത്ഥനകൾ ചിലപ്പോൾ മനുഷ്യപ്രചോദനത്താലും ചിലപ്പോൾ ദൈവേച്ഛയാലും ആയിരിക്കാമെന്നത് തികച്ചും ഒരു കബളിപ്പിക്കൽ തന്ത്രമാണ്. ബുദ്ധിയുള്ള മനുഷ്യനെ സംബന്ധിച്ചിടത്തോളം സ്വീകാര്യമായ ഒരേയൊരു ഫോർമുല ഒരു ശരീരവും ഒരു ആത്മാവും ചേർന്നതാണ് ഒരു വ്യക്തി എന്നതാണ്. രണ്ട് ആത്മാവും ഒരു ശരീരവും എന്നത് വിചിത്രമായ ആശയമാണ്. പ്രേതബാധയിലോ അതുപോലുള്ള കാര്യങ്ങളിലോ വിശ്വസിക്കുന്നവർക്ക് മാത്രമേ ഇത് വിശ്വസിക്കുവാൻ സാധിക്കൂ.

## ബലിയും ആത്മീയ ഹർഷവും

രണ്ടാമത് പറഞ്ഞ അഭിപ്രായമാണ് ക്രിസ്ത്യൻ ദൈവശാസ്ത്രിമാർക്ക് കൂടുതൽ സ്വീകാര്യമായിരിക്കുക. അതായത് യേശുവിന്റെ ആത്മാവ് ആത്മീയമായ നരകത്തിലായിരിക്കും പ്രവേശിപ്പിക്കപ്പെട്ടിരിക്കുക എന്നത്. അങ്ങനെയാണെങ്കിൽ അസംബന്ധം എന്നു പറഞ്ഞ് അതിനെ തള്ളിക്കളയാൻ നമുക്ക് പറ്റാതെ വരും. ഏതു പ്രകാരത്തിലായിരുന്നാലും ശരി, ആത്മീയനരകം എന്നത് തീവ്രമനോവ്യഥയാലോ കുറ്റബോധത്താലോ മാത്രം സൃഷ്ടിക്കപ്പെടുന്ന ഒന്നാണ്. യേശുക്രിസ്തുവിന്റെ കാര്യത്തിൽ ഇതൊന്നും ആരോപിക്കാൻ സാധ്യവുമല്ല. മറ്റൊരാ

ളുടെ കുറ്റത്തിനുള്ള ശിക്ഷ നിരപരാധിയായിരിക്കെ നിങ്ങൾ ഏറ്റുവാങ്ങുമ്പോൾ അത് തീവ്രമനോവേദനയല്ല മറിച്ച് അതിന് നേർവിപരീതഫലമാണ് സൃഷ്ടിക്കപ്പെടുക. അത്തരം ഒരു വ്യക്തിയുടെ ആത്മാവ് മഹിത ചേതനകൊണ്ടും ആത്മത്യാഗത്താലും ത്രസിക്കുകയായിരിക്കും ചെയ്യുക. നരകത്തേക്കാൾ സ്വർഗ്ഗത്തിന് തുല്യമാണ് ഈ അവസ്ഥ.

നമുക്ക് യേശു അധിവസിച്ച ശരീരത്തിലേക്ക് തന്നെ തിരിച്ചുപോകാം. ശരീരവുമായി താരതമ്യം ചെയ്യുമ്പോൾ മരണത്തിന്റെ അർത്ഥവും അതേ വീക്ഷണകോണിൽ തന്നെ പുനരുത്ഥാനത്തിന്റെ അർത്ഥവും നമുക്ക് പരിശോധിക്കാം. നമ്മുടെ അറിവനുസരിച്ച് യേശുവിന്റെ ശരീരം അദ്ദേഹത്തിന്റെ പുത്രത്വത്തിന്റെ അവിഭാജ്യ ഘടകമായിരുന്നു. ഈ ശരീരമല്ലാതെ യേശുവിന്റെ മേലുള്ള ദൈവത്വവുമായി സന്ധിയിലാകുന്ന മറ്റൊരു പൊതുഘടകവും അദ്ദേഹത്തിൽ അവശേഷിക്കുന്നില്ല. അതുപോലെ യേശുവിലെ ദൈവത്വവും ആളത്വവും ലയിച്ചുചേർന്ന് ചില നിശ്ചിത സന്ദർഭങ്ങളിൽ വിവിധങ്ങളായ റോളുകളിൽ ഒത്തുചേർന്ന് പ്രവർത്തിക്കാനുള്ള പൊതുവേദി ഉണ്ടാകുമായിരുന്നില്ല. വ്യതിരിക്തവും സ്വന്തവുമായ ആത്മാവുള്ള മനുഷ്യന് കാര്യനിർവ്വഹണം നടത്തുന്നതിനും മറ്റും ദൈവത്വം അവകാശപ്പെടുന്നതായും നാം കാണുന്നു. എന്നിട്ട് മനുഷ്യന്റെ ഹൃദയമസ്തിഷ്ക്കങ്ങളുടെ നിയന്ത്രണം ഏറ്റെടുത്തതായും കാണുന്നു. നാം വീണ്ടും ഊന്നിപ്പറയുന്നതിതാണ്. രണ്ട് വ്യത്യസ്തമായ വ്യക്തിത്വങ്ങൾ ഒരു അസ്തിത്വത്തിൽ ബന്ധിപ്പിക്കപ്പെട്ടാൽ മാത്രമേ ഇത്തരത്തിലൊന്ന് സംഭവിക്കാൻ സാധ്യതയുള്ളൂ.

## 'മരണം' എന്ന പദത്തിന് യേശുവിനെ സംബന്ധിച്ച അർത്ഥം

ദൈവവും മനുഷ്യനും യേശുവിൽ എങ്ങനെ പ്രവർത്തിച്ചിരിക്കണമെന്നു നാം വ്യക്തമായി മനസ്സിലാക്കിയിരിക്കെ മരണം എന്ന പദത്തിന്റെ പ്രയോഗവും അർത്ഥവും യേശുവിനെ സംബന്ധിച്ച് എങ്ങനെ ബാധകമാക്കിയിരിക്കുമെന്നും നാം നല്ലതുപോലെ ഗ്രഹിക്കേണ്ടതുണ്ട്.

മൂന്ന് രാവും മൂന്ന് പകലും അദ്ദേഹം മരിച്ചിരുന്നുവെങ്കിൽ ശരീരത്തിൽ നിന്ന് ആത്മാവ് വിട്ട് പിരിഞ്ഞു പോയതായി നാം കണക്കാക്കണം. അതിനർത്ഥം ശരീരത്തിൽ നിന്ന് എല്ലാ ബന്ധങ്ങളും വിഛേദിച്ചുകൊണ്ട് മൃതശരീരത്തെ ബാക്കിയാക്കി ആത്മാവ് പിരിഞ്ഞു പോയി എന്നാണ്. ശരീരവുമായുള്ള സകല ബന്ധങ്ങളും പൂർണമായും വിഛേദിച്ച് മൃതശരീരം മാത്രം അവശേഷിച്ചുകൊണ്ട് ആത്മാവ് വേർപിരിഞ്ഞുപോയി. അത്രവരെ കാര്യങ്ങളെല്ലാം ശരി തന്നെ. അതായത് അവസാനമെങ്കിലും മനുഷ്യന്റെ ലൗകിക ശരീരത്തിൽ ബന്ധനസ്ഥനായ യേശുവിന് മോചനം ലഭിച്ചല്ലോ. എങ്ങനെയായിരുന്നാലും ബന്ധനത്തിൽ നിന്നു

മുള്ള ഈ മോചനം ഒരിക്കലും ഒരു ശിക്ഷയായി കണക്കാക്കാനാവില്ല. പുത്രന്റെ ദിവ്യാത്മാവ് അതേ പരിശുദ്ധാസ്തിത്വത്തിലേക്ക് തന്നെ തിരിച്ചു വരിക എന്നത് യാതൊരർത്ഥത്തിലും സാധാരണ രീതിയിലുള്ള ഒരു മനുഷ്യമരണമല്ല. മനുഷ്യന്റെ മരണം ഭയജനകമാകുന്നത് അവന്റെ ആത്മാവ് ശരീരത്തിൽ നിന്ന് വേർപ്പെട്ടു പുതിയൊരു ബോധത്തിൽ പ്രവേശിക്കുന്നത് കൊണ്ടല്ല. മറിച്ച്, മരണം മനുഷ്യനെ ഭയചകിതനാക്കുന്നതിന് കാരണം അവന്റെ പ്രിയപ്പെട്ട വസ്തുക്കളെല്ലാം ഭൂമിയിൽ ഉപേക്ഷിച്ചുകൊണ്ട് കാലാകാലത്തേക്കുമായി വേർപിരിയുന്നു എന്നതുകൊണ്ടാണ്. ഇഷ്ടപ്പെടുവാൻ ഒന്നുമില്ലാതെ ജീവിതം ശൂന്യമാവുന്ന സമയത്ത് മരണം വരിക്കാൻ ഒരാൾ ആഗ്രഹിക്കുന്നതായി കാണാം.

യേശുവിന്റെ കാര്യത്തിൽ പശ്ചാത്താപം പ്രകടമാവാൻ സാധ്യതയില്ല. അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം മരണത്തിന്റെ വാതായനങ്ങൾ ഒരേയൊരു ദിശയിലേക്ക് മാത്രം തുറന്ന് വെക്കപ്പെട്ടതാണ്. അത് നേട്ടത്തിന്റേതാണ്. ഒരിക്കലും നഷ്ടത്തിന്റേതല്ല. അപ്പോൾ അദ്ദേഹത്തിന്റെ ശരീരത്തിൽനിന്നും ആത്മാവിന്റെ വേർപാട് എന്തുകൊണ്ട് അതീവ ദുഃഖകരവും യാതനാ നിർഭരവുമായിരുന്നുവെന്ന് കരുതണം? ക്രിസ്ത്യാനികൾ നമ്മെ പറഞ്ഞ് വിശ്വസിപ്പിക്കുന്നത്പോലെ യേശു ആലങ്കാരികാർത്ഥത്തിലല്ല, അക്ഷരാർത്ഥത്തിൽ തന്നെ ആത്മാവ് ഉപേക്ഷിച്ച് മരിച്ചിരുന്നുവെങ്കിൽ അതേ ശരീരത്തിൽ തന്നെ അദ്ദേഹത്തിന്റെ ആത്മാവ് തിരിച്ചുവരിക എന്നത് യേശുവിനെ സംബന്ധിച്ചേടത്തോളം ഏറ്റവും ബുദ്ധിശൂന്യമായ ഒരു വിശേഷണമാണ്. മരണസമയത്ത് വേർപ്പെട്ടുപോയ ആത്മാവ് വീണ്ടും ശരീരത്തിലേക്ക് തിരിച്ചുവന്നപ്പോൾ അദ്ദേഹം പുനർജ്ജനിക്കുകയായിരുന്നുവോ? ഈ പ്രതിഭാസത്തെ യേശുവിന്റെ പുനരുജ്ജീവനമെന്നോ പുനരുത്ഥാനമെന്നോ വിളിക്കുകയാണെങ്കിൽ ശരീരവും കാലാകാലത്തേക്കായി ശാശ്വതീകരിക്കപ്പെടേണ്ടതുണ്ട്. എന്നാൽ ബൈബിളിൽ നാം വായിക്കുന്നത് തികച്ചും വ്യത്യസ്തമായ മറ്റൊരു കഥയാണ്. ബൈബിൾ കഥ പ്രകാരം യേശു മരിച്ചവർക്കിടയിൽ നിന്നും ഉയിർത്തെഴുന്നേറ്റു എന്നാണ്. അതായത് ക്രൂശീകരിക്കപ്പെട്ട അതേ ശരീരത്തിൽ തന്നെ അദ്ദേഹം വീണ്ടും പ്രവേശിച്ചു. ഇതിനെയാണ് വീണ്ടും ജീവനിലേക്ക് വന്നു എന്ന് പറയുന്നത്. അതങ്ങനെയാണെന്നു തന്നെ കരുതുക. അപ്പോൾ അദ്ദേഹത്തിന്റെ ആത്മാവ് ശരീരത്തെ ഒരിക്കൽകൂടി ഉപേക്ഷിക്കുകയാണെങ്കിൽ അതിന്റെ അർത്ഥം എന്തായിരിക്കണം? അത് രണ്ടാം മരണത്തിന് തുല്യമായിരിക്കില്ലേ? ശരീരത്തിൽ നിന്നും ആത്മാവ് ഒന്നാം തവണ വേർപിരിയലാണ് മരണമെങ്കിൽ തീർച്ചയായും രണ്ടാം തവണയെങ്കിലും അദ്ദേഹത്തിന്റെ ആത്മാവ് വേർപിരിയുമ്പോൾ അദ്ദേഹം ശാശ്വതമായി മരിച്ചവനായി പ്രഖ്യാപിക്കണം.

### പാപവും പാപപരിഹാരവും

ആത്മാവ് ശരീരത്തെ ആദ്യതവണ ഉപേക്ഷിക്കുമ്പോൾ നിങ്ങൾ അതിനെ മരണമെന്ന് വിളിക്കുന്നു. അതേ ശരീരത്തിലേക്ക് തന്നെ ആത്മാവ് തിരിച്ചുവരുമ്പോൾ മരണാനന്തര ജീവിതം എന്നു വിളിക്കുന്നു. എന്നാൽ ആത്മാവ് അതേ ശരീരത്തെ ഒരിക്കലും തിരിച്ചുവരാത്തവിധം എന്നന്നേക്കുമായി വിട്ടുപിരിയുമ്പോൾ നിങ്ങൾ അതിനെ എന്ത് വിളിക്കും? ക്രിസ്തീയ വിശേഷണം പോലെ നിത്യജീവിതം എന്നോ 'നിത്യ മരണം' എന്നോ എന്താണ് വിളിക്കേണ്ടത്? നിത്യമരണമെന്നല്ലാതെ മറ്റെന്താണ് അതിനെ വിളിക്കുക? ഇത് മരണമല്ലാതെ മറ്റൊന്നുമല്ല. വൈരുദ്ധ്യങ്ങൾക്ക് മേൽ വൈരുദ്ധ്യങ്ങൾ കുമിഞ്ഞു കൂടുകയാണിവിടെ. തീർച്ചയായും ഇത് ഞരമ്പുരോഗമുണ്ടാക്കുന്ന ഒരു അനുഭവം തന്നെയാണ്. രണ്ടാം തവണ യേശുവിന്റെ ആത്മാവ് ശരീരം ഉപേക്ഷിക്കുന്നില്ല എന്നു കരുതുകയാണെങ്കിൽ മറ്റൊരു വിചിത്ര രംഗം നമുക്ക് ദർശിക്കേണ്ടി വരും. അതായത് പിതാവായ ദൈവം അനന്തവും അലൗകികവുമായ ഒരു ആത്മീയസത്തയായി നിലനിൽക്കുമ്പോൾ പുത്രൻ പരിമിതവും നശ്വരവുമായ ശരീരത്തിൽ കുടുങ്ങിക്കിടക്കുന്ന ഒരു അവസ്ഥയാണത്.

## അപരിമിതമായ പാപത്തിന് പരിമിതമായ ശിക്ഷ

ചെയ്തുപോയ തെറ്റിനെ സംബന്ധിച്ച് ബോധമുള്ളയാളുടെ വിക്ഷുബ്ധ മനസ്സാക്ഷി പലപ്പോഴും അയാളുടെ ഹൃദയത്തിലും മനസ്സിലും ആകുലാവസ്ഥ സൃഷ്ടിക്കുന്നില്ല എന്ന് പറയാം. അതേസമയം നിരപരാധിയോ, ഭാഗികമായി അപരാധിയോ ആയ ഒരാൾക്കുണ്ടാവുന്ന യാതനകളിൽ മറ്റൊരാൾക്കുണ്ടാകുന്ന തീവ്രമായ അനുകമ്പ അയാളുടെ ജീവിതം തന്നെ ദുഃഖപൂർണ്ണമാക്കുന്നു. അന്യരുടെ ദുഖങ്ങളുടെ നേരെ കാട്ടുന്ന പാവനമായ ആത്മീയഗുണമാണിത്. ഈ അനുതാപപ്രകടനവും നരകതുല്യമായ ഒരവസ്ഥ ഒരാളിൽ സൃഷ്ടിക്കുന്നു. മാതാക്കന്മാർ അവരുടെ കുഞ്ഞുങ്ങൾക്കുണ്ടാകുന്ന അസുഖം മൂലം വേദന അനുഭവിക്കാറുണ്ട്. തങ്ങളുടെ മക്കൾക്കുണ്ടാകുന്ന സ്ഥിരമായ വൈകല്യങ്ങൾ മൂലം മാതാക്കന്മാരുടെ ജീവിതം മുഴുവൻ നരകതുല്യമായി മാറുന്ന മനുഷ്യാനുഭവങ്ങൾക്ക് നാം സാക്ഷികളാകാറുണ്ട്. ആയതിനാൽ എന്തുകൊണ്ട് ആ വിധത്തിൽ മറ്റുള്ളവർക്ക് വേണ്ടി വേദന സഹിക്കുന്ന സ്വഭാവശീലം യേശുവിലുണ്ടായിരുന്നു എന്ന് നമുക്ക് സമ്മതിച്ചുകൂടാ? തീർച്ചയായും എന്തുകൊണ്ടത് പാടില്ല? പക്ഷേ അത് മൂന്ന് പകലും മൂന്നു രാത്രിയുമായി എന്തുകൊണ്ട് പരിമിതപ്പെട്ടു? എന്തുകൊണ്ട് ഭൂമിയിലെ അദ്ദേഹത്തിന്റെ ജീവിതകാലമത്രയും അല്ലെങ്കിൽ അതിനു മുമ്പും ശേഷവും ദുഃഖം സഹിച്ചില്ല? മഹാന്മാരായ വ്യക്തികൾ ഏതാനും മണിക്കൂറോ ദിവസങ്ങളോ മാത്രം യാതന സഹിക്കുന്നവരല്ല. മനുഷ്യദുഃഖങ്ങൾ പൂർണ്ണ

മായും വിപാടനം ചെയ്യാതെ അവരുടെ ഹൃദയങ്ങൾ ശാന്തികൊള്ളില്ല. നാം പരിഗണിക്കുന്ന ഈ നരകം നിഷ്ക്കളങ്കനായ ഒരു ദിവ്യപുത്രനോടൊപ്പം ഉണ്ടായതല്ല. വന്യജീവികൾ കൂടി അവയുടെ സമീപസ്ഥരോട് കാട്ടുന്ന പാവനമായ ഒരു സ്വഭാവഗുണമാണിത്.

കുറച്ച് കാര്യങ്ങൾ കൂടി പ്രതിപാദിച്ച് ഞാനീ സംഗതി അവസാനിപ്പിക്കാം. എനിക്ക് മറ്റൊരു സുപ്രധാന സംഗതി സ്പർശിച്ചു പോവാനുണ്ട്. ദൈവം യേശുവിന്ന് നിശ്ചയിച്ച ശിക്ഷ വെറും മൂന്ന് പകലും മൂന്ന് രാത്രിയുമാണ്. അതേസമയം പാപം ചെയ്ത പാപികൾക്ക് ബൈബിൾ പ്രകാരം ദൈവം നൽകുന്ന ശിക്ഷ അതിഭയാനകവും ദീർഘമേറിയതുമാണ്. എന്ത് തരത്തിലുള്ള നീതിയാണിത്? ദൈവത്താൽ തന്നെ സൃഷ്ടിക്കപ്പെട്ടവരും അവന്റെ പുത്രന്മാരോ പുത്രികളോ അല്ലാത്തവരുമായാൽ അവർക്കുള്ള ശിക്ഷ കാലാകാലത്തേക്കും ശാശ്വതമായുള്ളതാണ്. എന്നാൽ സ്വന്തം പുത്രന്റെ കാര്യത്തിൽ ശിക്ഷ അദ്ദേഹം സ്വയം തിരഞ്ഞെടുക്കുന്നതാക്കി മാറ്റി. പെട്ടെന്ന് ശിക്ഷ വെട്ടിക്കുറക്കുകയും ചെയ്തു. വെറും മൂന്നു പകലും മൂന്ന് രാത്രിയും മാത്രം. എന്തുതന്നെയായിരുന്നാലും ഇത് യാതൊന്നുമായും താരതമ്യപ്പെടുത്താനാവില്ല. ഇത് നീതിയാണെങ്കിൽ നീതി നീതിയല്ലാതെയായി മാറും. തന്റെ വലത് കരം കൊണ്ട് സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവത്തിൽ നിന്നും പഠിച്ച ഈ നീതി നടപ്പാക്കിയാൽ ദൈവം മനുഷ്യന്റെ പെരുമാറ്റത്തെ എങ്ങനെയായിരിക്കും കാണുക? നീതിയുടെ അളവുകോൽ സ്വന്തം മക്കൾക്ക് ഒരു വിധത്തിലും മറ്റുള്ളവർക്ക് മറ്റൊരു വിധത്തിലും!! നീതിയെ ഈ വിധം അനുകരിച്ചാൽ പിതാവായ ദൈവം ഹർഷപുളകിതനായി കാണുമോ? അതോ ഭീകരമായ അപരാധമായി കാണുമോ? തീർച്ചയായും ഉത്തരം നൽകാൻ വളരെ ബുദ്ധിമുട്ടുള്ള ചോദ്യമാണിത്.

## എന്തുകൊണ്ട് പാപപരിഹാരം മാറ്റി?

പാപത്തിന്റെ ശിക്ഷയുമായി ബന്ധപ്പെട്ട് യേശുവിന്റെ ക്രൂശീകരണത്തെ കാണുമ്പോൾ യേശുവിലുള്ള വിശ്വാസം കൊണ്ടൊന്നും ആദം സന്തതികൾക്ക് ദൈവം നിശ്ചയിച്ച ശിക്ഷ യാതൊരുവിധത്തിലും ലഘൂകരിക്കപ്പെടുകയില്ല എന്നു നാം സ്ഥാപിച്ചുകഴിഞ്ഞു. എല്ലാ മനുഷ്യമാതാക്കളും ഇപ്പോഴും പ്രസവവേദന സഹിക്കുന്നു. മനുഷ്യൻ അവന്റെ ആഹാരത്തിനുവേണ്ടി പാടുപെടുന്നു. യേശുവിന്റെ കാലം മുതൽക്കുള്ള ക്രൈസ്തവ-അക്രൈസ്തവ ജനതകളെ താരതമ്യം ചെയ്തുകൊണ്ട് നാമിത് മറ്റൊരു വീക്ഷണകോണിൽ നോക്കുകയാണെങ്കിൽ കഴിഞ്ഞ ചരിത്രകാലഘട്ടത്തിൽ യേശുവിലുള്ള വിശ്വാസം കൊണ്ട് ആരിലും യാതൊരു നിർണ്ണായകമായ മാറ്റങ്ങളും ഉണ്ടായതായി കാണാൻ സാധി

ച്ചിട്ടില്ല. അവരുടെ സ്ത്രീകൾ വേദന കൂടാതെ പ്രസവിക്കുന്നതായോ അവരുടെ പുരുഷന്മാർക്ക് അദ്ധ്വാനം കൂടാതെ ആഹാരം ലഭിക്കുന്നതായോ നാം കണ്ടിട്ടില്ല. അക്രൈസ്തവ ലോകവുമായി താരതമ്യപ്പെടുത്തുമ്പോൾ ക്രിസ്ത്യാനികളിൽ ഇക്കാര്യത്തിൽ യാതൊരു മാറ്റവും നാം ദർശിച്ചിട്ടില്ല.

കുറ്റം ചെയ്യാനുള്ള പ്രവണതയെ സംബന്ധിച്ചാണെങ്കിൽ അക്രൈസ്തവ വിശ്വാസികളുമായി ക്രിസ്ത്യാനികളെ താരതമ്യം ചെയ്യുമ്പോൾ പാപം ചെയ്യാനുള്ള പ്രവണത അവരിൽ നിന്നും ദൈവം പൂർണ്ണമായും തുടച്ചുനീക്കിയതായി കാണുന്നില്ല. ഇത് കൂടാതെ അത്ഭുതകരമായ മറ്റൊരു കാര്യം ദൈവപുത്രനിൽ വിശ്വസിക്കുന്നതിനേക്കാൾ നിലവാരം കുറഞ്ഞ ഒരു വിശ്വാസമാണോ ദൈവത്തിൽ മാത്രം വിശ്വസിക്കുക എന്നത്? ഇത് ഏറ്റവും കൂടുതൽ പ്രസക്തമാവുന്നത് ഭദ്രമായി സൂക്ഷിക്കപ്പെട്ട ചിരപുരാതനമായ ഈ രഹസ്യം (ദൈവത്തിന് പുത്രനുണ്ടെന്ന രഹസ്യം) വെളിവാക്കപ്പെടുന്നതിന് മുമ്പുള്ള കാലഘട്ടത്തെ സംബന്ധിച്ചാണ്. തീർച്ചയായും ദൈവത്തിലും അവന്റെ ഏകത്വത്തിലും വിശ്വാസമുണ്ടായിരുന്ന ജനങ്ങൾ അക്കാലത്തുണ്ടായിരുന്നു. അതുപോലെ ക്രിസ്തുവിന് ശേഷവും എല്ലാ മതത്തിലുംപെട്ട എണ്ണമറ്റ ജനങ്ങൾ ഭൂമിയിൽ ജനിക്കുകയും അവർ ഏകദൈവത്തിൽ വിശ്വസിക്കുകയും ചെയ്യുന്നു. ദൈവത്തിലുള്ള വിശ്വാസം എന്തുകൊണ്ട് ആളുകളുടെ കുറ്റത്തിലും ശിക്ഷയിലും യാതൊരു സ്വാധീനവും ചെലുത്തുന്നില്ല? എന്തുകൊണ്ട് പിതാവായ ദൈവം തന്റെ പരിശുദ്ധനായ പുത്രൻ പാപികൾക്ക് വേണ്ടി നടത്തിയത് പോലെയുള്ള ഒരു ബലി പ്രദർശിപ്പിക്കാനുള്ള സന്മനസ്സ് കാണിച്ചില്ല? തീർച്ചയായും പിതാവായ ദൈവം സംസ്കാരം കുറഞ്ഞവനായും പുത്രൻ കൂടുതൽ ധാർമ്മിക മൂല്യങ്ങൾ ഉള്ളവനായും ഇവിടെ കാണപ്പെടുന്നു (ദൈവം പൊറുത്തുതരട്ടെ). അപ്പോൾ ദൈവത്വം എന്നത് ഇപ്പോഴും പൂർണ്ണതയിലേക്കുള്ള പ്രക്രിയയുടെ പാതയിലാണോ എന്ന് ഇവിടെ വെച്ച് ഏതൊരാൾക്കും ചോദിച്ചുകൂടേ?

# അദ്ധ്യായം 3

# പരിശുദ്ധാത്മാവിന്റെ പങ്ക്

ഇതു വരെ നാം പുത്രനെന്ന് വിളിക്കപ്പെടുന്ന യേശുവിന്റേയും യേശുവിന്റെ അക്ഷരാർത്ഥത്തിലുള്ള പിതാവ് എന്നു കരുതപ്പെടുന്ന ദൈവത്തിന്റേയും പ്രശ്നങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്തു. എന്നാൽ ക്രിസ്തുമത സിദ്ധാന്തത്തിൽ പരിശുദ്ധാത്മാവ് എന്ന പേരിൽ അറിയപ്പെടുന്ന മൂന്നാമതൊരു വ്യക്തിത്വം കൂടിയുണ്ട്. ഈ പരിശുദ്ധാത്മാവ് പിതാവിനോടും പുത്രനോടും ശാശ്വതമായും സമ്പൂർണ്ണമായും കൂടിച്ചേർന്ന് ഈ മൂന്ന് അസ്തിത്വങ്ങളും ഒന്നായിത്തീർന്നുവെങ്കിലും, പരിശുദ്ധാത്മാവ് വ്യതിരിക്തമായ ഒരു വ്യക്തിത്വമാണ്. നമ്മുടെ ശ്രദ്ധ പരിശുദ്ധാത്മാവിനെ സംബന്ധിച്ച ഈ പ്രശ്നത്തിലേക്ക് തിരിക്കാം. അതായത് പരിശുദ്ധാത്മാവിന് യേശുവിൽ നിന്നും ദൈവത്തിൽ നിന്നും വേറിട്ട ഒരു അഹം ബോധം ഉണ്ടോ? അതല്ല അവർ മൂന്ന് പേരും കൂടി ഒരു അഹംബോധം പങ്കിടുകയായിരുന്നോ? അന്തിമവിശകലനത്തിൽ 'ഇഗോ' (Ego) എന്നാൽ പരമമായ ബോധമാണ്. അതായത് ഓരോ വ്യക്തിയുടേയും അവിഭാജ്യവും അയാൾക്ക് മാത്രം പ്രത്യേകവുമായ തന്റെ ബോധത്തിന്റെ പരമമായ അവസ്ഥയാണ് അഹംബോധം എന്നറിയപ്പെടുന്നത്. 'അവൻ', 'അവന്റേത് ' എന്നും 'നീ' 'നിന്റേത്' എന്നുമുള്ള ഭാവങ്ങൾക്കെതിരായി 'ഞാൻ', 'എന്റെ', 'എന്റേത്' എന്നീ ബോധം ജനിപ്പിക്കുന്നതും മറ്റൊരാളിൽ നിന്ന് തികച്ചും വ്യതിരിക്തവുമായ ഒരാളുടെ പരമമായ അഹംബോധം തന്നെയാണ് ഇവിടെ പരാമർശിക്കുന്നത്.

ദിവ്യത്വത്തിന്റെ മൂന്ന് ഭാഗങ്ങളെ കേന്ദ്രീകരിച്ച് പരിശോധിക്കുമ്പോൾ മൂന്ന് പേർക്കും വേറിട്ട അഹംബോധമുണ്ടെന്നോ ഇല്ലെന്നോ ഉള്ള കാര്യം നമുക്ക് തീരുമാനിക്കേണ്ടതുണ്ട്. അവർക്ക് വേറിട്ട രീതിയിൽ വ്യതിരിക്തമായ അസ്തിത്വം ഇല്ലെങ്കിൽ അവരിൽ ആരോപിക്കപ്പെട്ട വ്യക്തിത്വം ഗ്രഹിക്കാൻ സാധിക്കാതെ വരും. ഓരോ വ്യക്തിയും മറ്റൊരു വ്യക്തിയോടു എത്ര തന്നെ അടുപ്പമുണ്ടായാലും ശരി അവരവരുടെ ഉണ്മയെപ്പറ്റി അവബോധമുണ്ടായിരിക്കേണ്ടതുണ്ട്.

ദൈവത്തിന്റെ മൂന്ന് സത്തകളിൽ ഓരോന്നിനും അതാതിന്റെ വ്യത്യസ്തമായ വ്യക്തിത്വങ്ങളുണ്ട് എന്ന കാര്യത്തിൽ മിക്ക ക്രിസ്തീയ സഭകളുടേയും ഔദ്യോഗിക നിലപാട് വളരെ വ്യക്തവും സുനിശ്ചിതവുമാണ്. അതുകൊണ്ട് അവ കേവലം ഒന്നിലെ മൂന്നല്ല (Three in one). മറിച്ച് അത് മൂന്ന് വ്യക്തികൾ സമ്മേളിച്ച ഒരു വ്യക്തിയാണ്. മരണവുമായുള്ള

യേശുവിന്റെ കയ്പേറിയ അഭിമുഖീകരണവും അതിനോടനുബന്ധിച്ചുള്ള ദുരന്തപൂർണമായ സംഭവപരമ്പരകളുമെല്ലാം തന്നെ പരിശുദ്ധാത്മാവും തുല്യമായി പങ്കിട്ടിട്ടുണ്ടാവണം. യേശുവിനോടൊപ്പം പരിശുദ്ധാത്മാവും ഈ ത്യാഗങ്ങളെല്ലാം സഹിച്ചിട്ടുണ്ടായിരിക്കും. പിതാവായ ദൈവത്തോടും യേശുവിനോടുമൊപ്പം നരകവും അദ്ദേഹം അനുഭവിച്ചിട്ടുണ്ടാകും. അങ്ങനെയല്ലെങ്കിൽ അവർ മൂന്ന് പേരും വ്യത്യസ്തമായതും വേറിട്ടതുമായ മൂന്ന് വ്യക്തിത്വങ്ങളാണെന്ന് പറയേണ്ടിവരും എന്നു മാത്രമല്ല, മസ്തിഷ്കവും ഹൃദയവുമായി ബന്ധപ്പെട്ട അവരുടെ കഴിവുകളും വികാരങ്ങളും വ്യത്യസ്തവും വേറിട്ടതും പരസ്പരം ബന്ധമില്ലാത്തതുമാണെന്നുമുള്ള നിഗമനത്തിൽ അനിവാര്യമായും നാം എത്തിച്ചേരേണ്ടി വരും.

ത്രിത്വത്തെ സംബന്ധിച്ച നമ്മുടെ കാഴ്ചപ്പാട് കൂടുതൽ വിശാലമാവണമെങ്കിൽ മൂന്ന് വ്യക്തികൾ ഒന്നായി കൂടിച്ചേരുന്നതിന്റേയോ അല്ലെങ്കിൽ ശാശ്വതമായി ഒരു വ്യക്തിയായിത്തീർന്ന മൂന്നു വ്യക്തികളേയോ വിഭാവന ചെയ്യേണ്ടതുണ്ട്. അവർ മൂന്നുപേരുടേയും ചിന്തകളും വികാരങ്ങളും എങ്ങനെ ഒന്നായിത്തീർന്നു എന്നു കണ്ടെത്തുന്നതിൽ ഇതുവരെ നാം പരാജയപ്പെട്ടുനിൽക്കുകയാണ്.

ഈ ത്രിത്വഭാവന സാക്ഷാൽക്കരിക്കാൻ ഒരേയൊരു വഴി മാത്രമേ അവശേഷിക്കുന്നുള്ളൂ. അത് ശരീരത്തിലെ സംയോജനമാണ്. ഇത് ഗ്രീക്ക് ഇതിഹാസങ്ങളിൽ പരാമർശിച്ചിട്ടുള്ള ഹൈഡ്ര(Hydra)യുടെ തലയുള്ള ഒരു ഭീകരജീവിയുടെ സ്മരണ നമ്മുടെ ഓർമ്മയിലേക്ക് കൊണ്ടുവരുന്നു. നിരവധി തലയുള്ള ആ ജീവിയുടെ തലകൾ വെട്ടി മാറ്റുമ്പോഴെല്ലാം വീണ്ടും മുളച്ചുവരും. തീർച്ചയായും മനുഷ്യന് ദൈവത്തിന്റെ യഥാർത്ഥ പ്രകൃതി എന്താണെന്ന് ഗ്രഹിക്കാൻ സാധ്യമല്ല. എങ്ങനെയാണ് ദൈവികഗുണങ്ങൾ പ്രവർത്തിക്കുന്നതെന്നും നമുക്കറിയില്ല. തല, ഹൃദയം, കിഡ്നി മുതലായ അവയവങ്ങൾ വ്യത്യസ്ത മേഖലകളിൽ വ്യത്യസ്ത ധർമ്മങ്ങളോടെ പ്രവർത്തിക്കുന്നു. അങ്ങനെ വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കാത്ത ഏക സത്തയാണ് ദൈവം എന്ന് വിശ്വസിക്കലാണ് ലളിതവും എളുപ്പവും. എന്നാൽ വ്യത്യസ്തമായ വൈയക്തിക ചിന്തകളും വികാരങ്ങളുമുള്ള ഈ ദൈവസങ്കല്പം മേൽപറഞ്ഞ ദൈവത്തിന്റെ 'ഏകസത്താ' സങ്കല്പത്തിൽ നിന്നും തീർച്ചയായും വ്യത്യസ്തമായ മറ്റൊരു ആശയമാണ്. ഇത് ദൈവത്തെക്കുറിച്ച് മനുഷ്യന് വിശ്വസിക്കാനും ഉൾക്കൊള്ളാനും പ്രയാസകരമായ ഒരു ധാരണയുണ്ടാക്കുന്നു. ക്രിസ്തീയ വിശ്വാസത്തിൽ കഴിയുന്ന ബഹുഭൂരിപക്ഷവും ഇതിനെ ചോദ്യം ചെയ്യാതെ ദീർഘകാലം ജീവിച്ചു. ദൈവം സ്വന്തം കരങ്ങൾ കൊണ്ട് സൃഷ്ടിച്ചു നൽകിയത് എന്ന് കരുതപ്പെടുന്ന മനുഷ്യയുക്തിയെ നഗ്നമായി ലംഘിക്കുന്ന ഈ സിദ്ധാന്തത്തിന്നെതിരെ പലരും കണ്ണടച്ചിരിക്കുന്നു.

## പരിശുദ്ധാത്മാവിന്റെ പങ്ക്

## സൃഷ്ടിപ്പിൽ പരിശുദ്ധാത്മാവിന്റെ പങ്ക്

സൃഷ്ടിയുടെ ദൈവിക പദ്ധതിയിലോ യേശുവിന്റെ കാര്യങ്ങളിലോ പരിശുദ്ധാത്മാവ് എന്തെങ്കിലും ഭാഗം നിർവ്വഹിച്ചതായി നമുക്ക് കാണാൻ സാധിക്കുന്നില്ല.

*'ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു.' (ഉല്പത്തി1:1)*

ഇവിടെ ബൈബിൾ പഴയ നിയമത്തിൽ പിതാവായ ദൈവത്തെപ്പറ്റി യല്ലാതെ യേശുവിനെ പറ്റിയോ പരിശുദ്ധാത്മാവിനെ സംബന്ധിച്ചോ യാതൊരു പരാമർശമോ സൂചനയോ ഇല്ല. ക്രിസ്തുമതം ആവിർഭവി ക്കുന്നതിന് മുമ്പ് ബൈബിൾ പഴയനിമയത്തിൽ വിശ്വസിച്ചിരുന്ന സകല യഹൂദികളും പതിനായിരക്കണക്കിന് തവണ ഈ വചനം കേട്ടിട്ടുണ്ടാ വണം. അവരിലാരും തന്നെ പ്രപഞ്ചത്തിന്റെ സൃഷ്ടിപ്രക്രിയയിൽ യേശുവോ പരിശുദ്ധാത്മാവോ പങ്കെടുത്തതായി കേട്ടിരിക്കാനിടയില്ല. യോഹന്നാൻ അദ്ദേഹത്തിന്റെ സുവിശേഷത്തിൽ 'വചനം' എന്ന വാക്ക് യേശുവിനെ പ്രതിനിധീകരിക്കുന്നതാണെന്ന് അഭിപ്രായപ്പെടുകയുണ്ടാ യി.* അത്തരം പരമപ്രധാനമായ ഒരു വിഷയം സുവിശേഷകാരന്മാരിൽ ഒരാളായ യോഹന്നാൻ മാത്രമാണ് പരിഗണിച്ചത് എന്ന കാര്യം വിചിത്ര മായിരിക്കുന്നു. അദ്ദേഹമാകട്ടെ യേശുവിന്റെ ശിഷ്യൻ പോലുമായിരുന്നില്ല. ഒരാൾ അദ്ദേഹത്തിന്റെ വചനങ്ങൾ ദൈവത്തിന്റെ വചനമായി പരിഗണി ക്കുകയാണെങ്കിൽ തന്നെ 'ദൈവത്തിന്റെ ഇച്ഛ' എന്ന അർത്ഥത്തിലാണ് അത് മനസ്സിലാക്കാൻ കഴിയുക. ഇതാകട്ടെ മിക്ക മതങ്ങളിലുമുള്ള സൃഷ്ടി പ്പിനെക്കുറിച്ചുള്ള ഒരു സങ്കല്പവുമാണ്.

അത്ഭുതകരമെന്നു പറയട്ടെ, സൃഷ്ടി പ്രക്രിയയിൽ ക്രിസ്തുവും പരിശുദ്ധാത്മാവും പങ്കെടുത്തിരുന്നു എന്ന ദീർഘകാലത്തെ രഹസ്യം യേശുവിന് മാത്രമറിയുന്ന ഒരു രഹസ്യമായി നിലനിന്നു. 'വചനം' ഞാനാണ് എന്ന് അവകാശപ്പെടുന്ന യേശുവിന്റെതായ ഒരു പ്രസ്താവന പോലും നാം വായിച്ചിട്ടില്ല. അതുകൊണ്ട് പ്രപഞ്ചം സൃഷ്ടിക്കുന്നതിലും അതിനെ രൂപപ്പെടുത്തി എടുക്കുന്നതിലും യേശുവിനും പരിശുദ്ധാത്മാ വിനും യാതൊരു പങ്കുമില്ലായിരുന്നു എന്നു മനസ്സിലാക്കാം. മറ്റൊരു കാര്യം നമ്മോടു പറയപ്പെട്ടത്, പിതാവായ ദൈവം മാത്രമാണ് തന്റെ സ്വന്തം കൈകൊണ്ട് പൊടിമണ്ണിൽ നിന്നും മനുഷ്യനെ സൃഷ്ടിച്ചത് എന്നാണ്. യേശുവിന്റേയും പരിശുദ്ധാത്മാവിന്റേയും രണ്ട് കൈകളെപ്പറ്റി ഒരു ക്രിസ്ത്യൻ സാഹിത്യത്തിലും ഞാൻ വായിച്ചിട്ടില്ല. അതുകൊണ്ട് യേശുവിന്റേയും പരിശുദ്ധാത്മാവിന്റേയും സഹായമോ പങ്കാളിത്തമോ

---

* ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെ ആയിരുന്നു. വചനം ദൈവം ആയിരുന്നു. (യോഹ: 1:1).

ഇല്ലാതെയാണ് ദൈവം എല്ലാ സൃഷ്ടികർമ്മങ്ങളും നിർവ്വഹിച്ചത്. സൃഷ്ടി കർമ്മം നടക്കുമ്പോൾ സമ്മതഭാവത്തിൽ അവർ വെറുതേ നോക്കിയിരുന്നതാണോ? അതോ വാസ്തവത്തിൽ സൃഷ്ടിപ്രക്രിയയിൽ അവർ സജീവമായി പങ്കെടുത്തിരുന്നുവോ? സൃഷ്ടികർമ്മത്തിൽ അവരും സജീവമായി പങ്കെടുത്തുവെന്നാണ് ക്രിസ്ത്യൻ ശാസ്ത്രിമാരുടെ ഉത്തരമെങ്കിൽ മറ്റൊരു ചോദ്യം ഉടനെ ഉയരും. അവർ ഓരോരുത്തർക്കും മറ്റൊരാളുടെ സഹായമില്ലാതെ സ്വതന്ത്രമായി പ്രപഞ്ചം സൃഷ്ടിക്കാൻ കഴിവുണ്ടായിരുന്നുവോ? അതല്ല, അവർ മൂന്നുപേരുടെയും സഹയോഗത്തിൽ മാത്രമേ സൃഷ്ടി നടത്താൻ കഴിയുമായിരുന്നുള്ളുവോ? സമസ്യകൾ വീണ്ടും ഉയരുകയാണ്. ഇവർ മൂന്നുപേരുടേയും അനിവാര്യമായ പങ്കാളിത്വം സൃഷ്ടികർമ്മത്തിന് ആവശ്യമായിരുന്നുവെങ്കിൽ അവരുടെ ഓരോരുത്തരുടേയും പങ്ക് തുല്യമായിരുന്നുവോ? അതല്ല ഒരാളുടെ അദ്ധ്വാനം മാത്രം അധികമായിരുന്നുവോ? അവർ മൂന്ന് പേരുടേയും കഴിവുകൾ തരത്തിലും അളവിലും വ്യത്യസ്തമാണോ? അവർ മൂവരും ആ കഴിവുകൾ തുല്യമായാണോ വിനിയോഗിച്ചത്? ഇതിൽ രണ്ടിൽ ഏതെങ്കിലുമൊന്നു സമ്മതിച്ചാൽ ത്രിത്വത്തിലെ ഓരോ ഘടകത്തിനും ഒന്നും തന്നെ സൃഷ്ടിക്കാൻ സാധ്യമല്ലാതായിത്തീരും.

മറ്റു ദൈവിക പ്രവർത്തനങ്ങളിലേക്കും ഈ വാദഗതി വ്യാപിപ്പിക്കുകയാണെങ്കിൽ ഒരു പകർച്ചവ്യാധിയെന്നോണം ഇതേ പ്രശ്നങ്ങളും ചോദ്യങ്ങളും ക്രിസ്തുമത ശാസ്ത്രികളെ വേട്ടയാടുന്നതായിരിക്കും. ഒരു ഏകകേന്ദ്ര ശക്തിയും അധികാരവും അതിന്റെ മൂന്ന് വിഭിന്ന ഭാവങ്ങളും പ്രകടനങ്ങളുമുള്ള ലളിതമായ ഏകസത്തയുള്ള ദൈവത്തിൽ ഞങ്ങൾ വിശ്വസിച്ചിട്ടില്ല എന്ന് അന്ത്യനാളിൽ ക്രിസ്ത്യാനികൾക്ക് സമ്മതിക്കേണ്ടി വരും. പരസ്പരപൂരകങ്ങളായ ദൈവത്തിന്റെ മൂന്ന് ഘടകങ്ങൾ എന്നതിനേക്കാൾ ദൈവശരീരത്തിന്ന് മൂന്ന് ഖണ്ഢങ്ങളുണ്ട് എന്നാണ് അവർ വിശ്വസിക്കുന്നത്. ഈ മൂന്ന് ഖണ്ഡങ്ങൾ തുല്യങ്ങളാണോ അല്ലയോ എന്ന പ്രശ്നം താരതമ്യേന നിസ്സാരവിഷയമായി അവർ അവഗണിക്കുന്നു.

ഉദാഹരണത്തിന് നീതിയുടേയും പാപപ്പൊറുതിയുടേയും കാര്യമെടുക്കുക. പുത്രൻ വളരെയേറെ കാരുണ്യവാനായി കാണപ്പെടുമ്പോൾ പിതാവായ ദൈവം നീതിയുടെ കാര്യത്തിൽ പരിശുദ്ധാത്മാവിനേക്കാൾ താഴെയായി കാണപ്പെടുന്നു. പരിശുദ്ധാത്മാവിന് പിതാവായ ദൈവത്തിന്റെ ഭാഗത്തു നിന്നുള്ള അനീതിയിൽ യാതൊരു പങ്കുമില്ല.

നാം പരാമർശിച്ച രണ്ടാമത്തെ സാധ്യത യേശുവും പരിശുദ്ധാത്മാവും സൃഷ്ടികർമ്മത്തിന്റെ കാര്യത്തിലും പ്രപഞ്ചഭരണത്തിന്റെ കാര്യത്തിലും കാണിക്കുന്ന ഉദാസീനതയാണ്. ഈ ഉദാസീനത മറ്റു പല സമസ്യകളുമുയർത്തുന്നു. ഒന്നാമതായി ദൈവികമായ പ്രവർത്തനങ്ങളിൽ

**പരിശുദ്ധാത്മാവിന്റെ പങ്ക്**

ദൈവത്തിന്റെ പങ്കാളികളായ മറ്റ് രണ്ടു പേരുടേയും പങ്കെന്താണ്? സ്ളീപിംഗ് പാർട്ട്ണറെപോലെ അവർ നിഷ്ക്രിയരും നിശബ്ദരുമായ കാഴ്ചക്കാരാണെങ്കിൽ സ്വാഭാവികമായും അവർ രണ്ടാം തരക്കാരായി തരംതാഴ്ത്തപ്പെടുന്നു. ദൈവത്തിന്റെ പ്രവർത്തനങ്ങളിലും ശക്തിയിലും പങ്കുകാരാവാതെ ദൈവത്തേക്കാൾ ഒരു പടി താഴ്ന്ന നിലയിൽ ദൈവ ത്തോടൊപ്പം അവർ സഹവർത്തിച്ചുനിൽക്കുന്നു. പ്രവർത്തനരഹിതമായ രണ്ട് ഉപാംഗങ്ങളുള്ള (Appendices) ഈ ദൈവസങ്കല്പം മിതമായി പറഞ്ഞാൽ അത്യന്തം വിചിത്രമാണ്. ഞാൻ അത്ഭുതപ്പെടുകയാണ് ആരുടെ മനസ്സാക്ഷിയാണ് ഇതുകൊണ്ട് തൃപ്തിപ്പെടുക? 'മൂന്നിൽ ഒന്ന്' എന്നും 'ഒന്നിൽ മൂന്ന്' എന്നുമുള്ള ക്രിസ്ത്യൻ ദൈവസങ്കല്പം യുക്തി ബോധത്തിന് തികച്ചും അസ്വീകാര്യവും അതുമായി പൊരുത്തപ്പെടു ത്താൻ സാധിക്കാത്തതുമാണ്. ചിന്തയും ശക്തിയും അതുപോലെ ഏക ജീവിസത്തക്കുണ്ടായിരിക്കേണ്ട നമ്മുടെ ജീവിതാനുഭവത്തിലുള്ള മറ്റെല്ലാം ഗുണങ്ങളും സമ്പൂർണമായി ലയിക്കാതെ മൂന്നെണ്ണത്തിന്റെ ഏക ത്വം വിദൂരമായിപ്പോലും ഗ്രഹിക്കാൻ നമുക്ക് സാധ്യമല്ല. ഒരു വേറിട്ട വ്യക്തിത്വമായ പരിശുദ്ധാത്മാവ് തന്റെ വ്യക്തിത്വം മറ്റു രണ്ട് വ്യക്തിത്വ ങ്ങളുമായി, വിഭജിക്കാനാവാത്തവിധം പൂർണ്ണമായും തന്റെ സ്വന്തം സത്താ ഗുണങ്ങൾ ഉപേക്ഷിച്ചു പൂർണ്ണമായും ലയിച്ചുചേരുന്നില്ലെങ്കിൽ, ഒരേ ചിന്തയും ഒരേ ശരീരത്തോടും കൂടിയ ഹൈഡ്രയുടെ തലയുള്ള ദൈവ ത്തെപ്പോലെ ഒരു ദൈവം പോലും ഉണ്ടാകുമെന്ന പ്രതീക്ഷക്ക് തന്നെ വകയില്ലാതായിത്തീരുന്നു.

## നിഗൂഢ രഹസ്യങ്ങളോ വിരോധാഭാസമോ?

ഒരാൾക്ക് പൂർണ്ണമായി മനസ്സിലാക്കാൻ സാധിച്ചിട്ടില്ലാത്ത സംഗതി കൾ അനിഷേധ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ വിശ്വസിക്കാ വുന്നതാണ്. ഉദാഹരണത്തിന് റേഡിയോ പ്രക്ഷേപണവും അത് പിടി ച്ചെടുക്കുന്ന റേഡിയോ സെറ്റിന്റെ സാങ്കേതിക പ്രവർത്തനങ്ങളും എന്താ ണെന്ന് മിക്ക പേർക്കും അറിയില്ല. അതുപോലെ ശബ്ദവും ചിത്രവും വിദ്യുത് കാന്തിക തരംഗങ്ങളാക്കി മാറ്റി പ്രക്ഷേപണം ചെയ്ത് റേഡി യോവും ടെലിവിഷനും പ്രവർത്തിപ്പിക്കുന്നതിനെപ്പറ്റിയും സാധാരണക്കാ രിൽ ബഹുഭൂരിപക്ഷത്തിനും അറിയില്ല. എങ്കിലും റേഡിയോവിനേയും ടെലിവിഷനേയും യാഥാർത്ഥ്യത്തിൽ ഏറ്റവും നിരക്ഷരനായ വ്യക്തി പോലും വിശ്വസിക്കുന്നു. അതുപോലെ നമ്മിൽ പലർക്കും കമ്പ്യൂട്ടർ എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്നറിയില്ല. പക്ഷേ ഈ ആധുനിക യുഗത്തിൽ അതിന്റെ പ്രവർത്തനം അറിയില്ല എന്ന ഒരൊറ്റ കാരണം കൊണ്ടുമാത്രം അതിന്റെ അസ്തിത്വം ആരും നിഷേധിക്കുമെന്ന് തോന്നു ന്നില്ല. അത്തരം വിഷയങ്ങൾ നമുക്ക് നിഗൂഢരഹസ്യങ്ങൾ (Mysteries)

എന്ന പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ്. ഇവിടെ അതിന്റെ അസ്തിത്വത്തെ നിഷേധിക്കുന്ന പ്രശ്നം ഉത്ഭവിക്കുന്നില്ല. അതിൽ വിശ്വസിക്കുന്നവരെ പരിഹസിക്കേണ്ട കാര്യവുമില്ല. തീർച്ചയായും അവർ അനിഷേധ്യമായ തെളിവുകളുടെ പിൻബലത്തിലാണ് അങ്ങനെ വിശ്വസിക്കുന്നത്. മതവിശ്വാസങ്ങളുടെ രൂപത്തിൽ നിലനിൽക്കുന്ന ഇത്തരം നിഗൂഢരഹസ്യങ്ങളോടു നമുക്ക് കുറെ കൂടി അയവുള്ള സമീപനം സ്വീകരിക്കാവുന്നതാണ്. വിശദീകരിക്കാൻ കഴിയാതെയും മനസ്സിലാവാതെയും വളരെയധികം ആളുകൾ ഇത്തരം നിഗൂഢാത്മകമായ മതസിദ്ധാന്തങ്ങളിൽ വിശ്വസിക്കുന്നു. പാരമ്പര്യമായി തലമുറയിൽ നിന്ന് തലമുറയിലേക്ക് കൈമാറുന്ന ഇത്തരം വിശ്വാസങ്ങൾ സത്യമാണെന്ന സങ്കല്പത്തിൽ വിശ്വസിക്കപ്പെടുന്നു. പക്ഷേ, മതവിശ്വാസങ്ങളിൽ വൈരുദ്ധ്യങ്ങളും വിരോധാഭാസങ്ങളും കാണുമ്പോൾ അതിനെ അനുകൂലിക്കുന്ന സമീപനം അംഗീകരിക്കാൻ സാധ്യമല്ല. അമ്പരപ്പിക്കുന്ന നിഗൂഢതകളിൽ ആളുകൾ വിശ്വസിക്കുന്നുവല്ലോ എന്ന ന്യായത്തിന്മേൽ ഇത്തരം വിരോധാഭാസങ്ങളിൽ വിശ്വസിക്കുന്നതിനെ ന്യായീകരിക്കാൻ സാധ്യമല്ല. ഇവിടെ പ്രശ്നം അത്യന്തം സങ്കീർണമാണ്. എനിക്ക് പൂർണ്ണമായും ഗ്രഹിക്കാൻ സാധിക്കാത്ത സംഗതികൾ എനിക്ക് വിശ്വസിക്കാൻ സാധിക്കും. പക്ഷേ, ഒരു കാര്യം സ്വയം തന്നെ വൈരുദ്ധ്യാത്മകമാണെങ്കിൽ എനിക്കതിൽ വിശ്വസിക്കാൻ സാധ്യമല്ല. യുക്തിബോധമുള്ള എല്ലാവരും ഇങ്ങനെയായിരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഉദാഹരണത്തിന് ഒരു വാച്ച് എങ്ങനെയാണ് നിർമ്മിക്കപ്പെട്ടതെന്ന് എനിക്കറിയില്ല. അത് ശരി തന്നെ, സമ്മതിക്കാം. പക്ഷേ, ആ വാച്ച് കുരക്കുകയും, മാന്തുകയും ചെയ്യുന്ന ഒരു പട്ടിയാണെന്ന് വിശ്വസിക്കാനുള്ള അവകാശം എനിക്കില്ല. ഇത് നിഗൂഢാത്മകമായ സിദ്ധാന്തമല്ല. കേവലം നഗ്നമായ വിരോധാഭാസമാണ്.

ദൈവത്തിന്റെ രണ്ടോ അതിലധികമോ ഗുണങ്ങളു (Attribute) മായും പരസ്പരം വൈരുദ്ധ്യമോ ദൈവത്തിന്റെ പ്രവൃത്തികളും വചനങ്ങളുമായി പൊരുത്തമില്ലായ്മയോ ഉണ്ടാവുകയാണെങ്കിൽ നിഗൂഢരഹസ്യങ്ങളുടെ പരിധി ലംഘിക്കപ്പെടുന്നു. അപ്പോൾ നിഗൂഢരഹസ്യങ്ങളുടെ മേഖലയിൽ നിന്നും അവ കെട്ടുകഥകളുടെ ലോകത്ത് എത്തിയതായി ഒരുവൻ സ്വയം മനസ്സിലാക്കണം. വിശ്വാസത്തിലെ അത്തരം വിരുദ്ധോക്തികൾ തെളിയിക്കപ്പെട്ടാൽ അത് അവരുടെ വിശ്വാസത്തിൽ മാറ്റങ്ങൾ വരുത്തുമെന്ന് പ്രതീക്ഷിക്കുന്നത് സ്വാഭാവികമാണ്. ഈ മാറ്റങ്ങൾ അവരുടെ വിശ്വാസത്തെ പരിഷ്കരിക്കുകയും ചെയ്യേണ്ടതുണ്ട്. നിർഭാഗ്യകരമെന്നു പറയട്ടെ, ഞങ്ങളുമായി നടത്തുന്ന സംവാദങ്ങളിൽ ക്രിസ്ത്യൻ പുരോഹിതന്മാർ യേശുവിനെ ഒരേസമയം ദൈവവും മനുഷ്യനുമായി വിശ്വസിക്കുന്നതിൽ യാതൊരു വൈരുദ്ധ്യവുമില്ല എന്ന തീരുമാനത്തിൽ അടിയുറച്ച് നിൽക്കുന്നവരായി ഞങ്ങൾ കാണുന്നു. ഒരാൾക്ക് ഒരേ സമയം

അവരുടെ സ്വഭാവത്തിൽ യാതൊരു മാറ്റവും വരുത്താതെ തന്നെ മൂന്ന് പേരാകാമെന്നതിൽ അവർ യാതൊരു വൈരുദ്ധ്യവും കാണുന്നില്ല. അവർ നമ്മെ ഏകദൈവത്തിൽ വിശ്വസിക്കാനും അതേസമയം ദൈവം, ദൈവ പുത്രൻ പരിശുദ്ധാത്മാവ് എന്നീ മൂന്ന് മുഖങ്ങളുള്ള ദൈവത്തിൽ വിശ്വ സിക്കാനും നിർബന്ധിക്കുന്നു. ഇത് ഒരു വൈരുദ്ധ്യമല്ലെന്നും ലളിതമായ ഒരു നിഗൂഢരഹസ്യമാണെന്ന് പറയുകയും ചെയ്യുന്നു. പിതാവായ ദൈവ ത്തിന്റേയും, ദൈവപുത്രന്റേയും, പരിശുദ്ധാത്മാവിന്റേയും വ്യക്തിത്വം വിഭി ന്നമാണ് എന്നത് ഒരു വസ്തുതയാണെന്നതോടൊപ്പം തന്നെ ദൈവം ഒന്നാണ് എന്നാണ് അവരുടെ അവകാശവാദം. ഈ അവകാശവാദത്തിലെ നഗ്നമായ വൈരുദ്ധ്യത്തിനു നേരെ അവർ കണ്ണടക്കുകയാണ്. നാം സംസാ രിക്കുന്നത് മൂന്ന് വിഭിന്ന വ്യക്തികളെക്കുറിച്ചാണ്. ഒരു വ്യക്തിയുടെ വിഭിന്ന പ്രത്യേകതകളെക്കുറിച്ചോ, ഭാവങ്ങളെക്കുറിച്ചോ, ഗുണങ്ങളെക്കു റിച്ചോ അല്ല. മാത്രമല്ല, ആ ദൈവം 'മൂന്നിൽ ഒന്നും' 'ഒന്നിൽ മൂന്നു'മായി നിലകൊള്ളുകയും ചെയ്യുന്നു. ഇത് തീർച്ചയായും നിഗൂഢാത്മക രഹ സ്യമല്ല. നഗ്നമായ വൈരുദ്ധ്യമാണെന്ന് നാം അവർക്ക് ചൂണ്ടിക്കാണി ക്കുമ്പോൾ നമ്മോടു സഹതപിച്ചുകൊണ്ട് അവർ തലയാട്ടും. എന്നിട്ട് വൈരുദ്ധ്യത്തിന്റെ മറ്റൊരു മേഖലയിലേക്ക് കാൽവെക്കാൻ വളരെ വിനീ തമായി നമ്മോടു ആവശ്യപ്പെടും. അവിശ്വസനീയമായ കാര്യങ്ങളിൽ വിശ്വ സിക്കാനാണ് അവർ ആദ്യം തന്നെ നമ്മോടു ആവശ്യപ്പെടുന്നത്. എന്നിട്ടു അവിടെ നിന്നും വൈരുദ്ധ്യത്തിലധിഷ്ഠിതമായ ഒരു വിശ്വാസത്തിലേക്ക് നമ്മെ കൊണ്ടു പോകുന്നു. അതിനെ വൈരുദ്ധ്യം എന്നതിനേക്കാൾ നിഗൂഢ രഹസ്യം എന്ന് വിളിക്കാനാണ് അവർ ഇഷ്ടപ്പെടുന്നത്. കണ്ണും പൂട്ടി വിശ്വസിക്കണം എന്ന് പറയുന്ന കാരണത്താൽ ഒരു അക്രൈസ്ത വന് ക്രിസ്ത്യൻ മതസിദ്ധാന്തങ്ങളിലെ വൈരുദ്ധ്യങ്ങൾ എന്താണെന്ന് മനസ്സിലാക്കാൻ സാധ്യമല്ല. ഒരാൾക്ക് വിശ്വസിക്കാൻ കഴിയാത്തത് അയാൾ ഗ്രഹിക്കണം, ഗ്രഹിക്കാൻ കഴിയാതെ അയാൾ വിശ്വസിക്കു കയും വേണം. ഇതാണ് അവർ അക്രൈസ്തവരോട് ആവശ്യപ്പെടുന്ന ത്. ഇതാണ് അക്രൈസ്തവരായ നാം പ്രവേശിക്കണമെന്ന് ക്രിസ്ത്യാ നികൾ ഉപദേശിക്കുന്ന ക്രിസ്തുമതത്തിന്റെ ഭ്രമാത്മകമായ മായികലോ കം. പക്ഷേ, ഭ്രമാത്കമായ മാന്ത്രിക പരവതാനിയിൽ അവിശ്വാസി കാലെ ടുത്തുവച്ചാൽ പറന്നുപോകാൻ അത് വിസമ്മതിക്കുന്നു.

## അദ്ധ്യായം 4

# ക്രൂശീകരണം

യേശുവിനോടും അദ്ദേഹത്തിന്റെ ക്രൂശീകരണത്തോടും ബന്ധപ്പെട്ട ബൈബിൾ വിവരണങ്ങളിൽ നിന്നും ശ്രദ്ധ തിരിക്കുന്നതിനുമുമ്പായി യേശുവിന്റെ ക്രൂശീകരണ വേളയിലും അതിനു ശേഷവും അദ്ദേഹത്തിനു എന്തു സംഭവിച്ചു എന്ന കാര്യത്തെപ്പറ്റിയുള്ള അഹ്മദിയ്യാ വീക്ഷണം ചുരുക്കി വിവരിക്കുന്നത് അസ്ഥാനത്താവില്ല എന്ന് കരുതുന്നു. ഈ വിഷയം ഹ്രസ്വമായി ഇവിടെ പരാമർശിച്ച ശേഷം പിന്നീട് വിശദമായി ചർച്ച ചെയ്യാവുന്നതാണ്.

യേശുവിന്റെ ക്രൂശീകരണം എന്നത് മറ്റേതൊരു വധശ്രമവും പോലെ ഒരു വധോദ്യമമായിരുന്നു എന്നാണ് നാം വിശ്വസിക്കുന്നത്. ആ വധശ്രമത്തിനു വേണ്ടിയുള്ള ഒരു ഉപാധിയായിരുന്നു ക്രൂശീകരണം. എന്തു തന്നെയായിരുന്നാലും യേശുവിനെ കൊലപ്പെടുത്തുന്ന കാര്യത്തിൽ ക്രൂശീകരണം ഒരു പരാജയമായിരുന്നു. അവർ അദ്ദേഹത്തെ കുരിശിക്കുന്നതിൽ പരാജിതരായി എന്നു പറയുന്നതിന് തുല്യമാണിത്. മറ്റേതൊരു വധോദ്യമത്തെക്കുറിച്ചും നാമിങ്ങനെ പറയാറുണ്ട്. ഒരാൾ മറ്റൊരാളെ കൊല്ലാൻ ശ്രമിച്ചുവെന്നിരിക്കട്ടെ. ആ വധശ്രമം പരാജയപ്പെടുകയും ചെയ്തു. അപ്പോൾ കൊലപാതകശ്രമത്തിനു വിധേയനായ ആൾ കൊല്ലപ്പെട്ടുവെന്ന് പറയാൻ സാധ്യമല്ല. ഉദാഹരണത്തിന് അത്തരത്തിലുള്ള ഒരു വധശ്രമം വാളുകൊണ്ട് നടത്തുകയും കൊലപ്പെടുത്തുന്നതിൽ പരാജയപ്പെടുകയും ചെയ്തുവെന്നിരിക്കട്ടെ. രക്ഷപ്പെട്ട ആളെപ്പറ്റി ആരും തന്നെ അയാൾ വാളിന്നിരയായി എന്ന് പറയാറില്ല. അപ്രകാരം ഞങ്ങൾ അഹ്മദികൾ വിശ്വസിക്കുന്നത് യേശുവിന് നേരെ ഒരു വധശ്രമം മാത്രമാണ് നടന്നതെന്നാണ്. ആ വധശ്രമത്തിന് ക്രൂശീകരണം ഒരുപകരണം മാത്രമായിരുന്നു. കുരിശിൽ വെച്ച് ഏതാനും മണിക്കൂർ നേരത്തെ തീവ്രമായ പീഡനത്തിന് ശേഷം മരണമെത്തുന്നതിന് മുമ്പേ അദ്ദേഹത്തെ അഗാധമായ ബോധരഹിതാവസ്ഥയിൽ കുരിശിൽ നിന്നും എടുത്ത് മാറ്റപ്പെടുകയും പിന്നീട് അദ്ദേഹം ആ ബോധശൂന്യാവസ്ഥയിൽ നിന്നും ഉണരുകയുമുണ്ടായി. മരണത്തിന് വിധിക്കപ്പെടുകയും പിന്നീട് വധശിക്ഷയിൽ നിന്ന് എങ്ങനെയോ രക്ഷപ്പെടുകയും ചെയ്ത ഒരാൾക്ക് ഒരു ഭരണകൂടത്തിനും പിന്നീട് നിയമപരിരക്ഷ നൽകാൻ കഴിയില്ല. അപ്രകാരം റോമൻ നിയമത്തിനു കീഴിലും ക്രൂശീകരണത്തിനുശേഷം അദ്ദേഹത്തിന് നിയമപരിരക്ഷയും സംരക്ഷണവും നൽകാൻ കഴിയുമായിരുന്നില്ല. ഈ സാഹചര്യം റോമൻഭരണപ്രദേശത്ത് നിന്നും ഏതെങ്കിലും സ്വതന്ത്രദേശത്ത് പ്രവാസം ചെയ്യാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതിന് മതിയായ കാരണമാ

യിരുന്നു. അത് മാത്രമായിരുന്നില്ല. അദ്ദേഹത്തിന് ഒരു ദൗത്യം നിർവ്വഹിക്കാനും ഒരു പ്രവചനം പൂർത്തീകരിക്കാനുമുണ്ടായിരുന്നു. ബാബിലോണിയൻ, പേർഷ്യൻ ഭരണകൂടത്തിന്റെ അധിനിവേശത്തിനുശേഷം കിഴക്കൻ രാജ്യങ്ങളിലേക്ക് ചിതറിപ്പിരിഞ്ഞു താമസിക്കുന്ന ഇസ്രായേൽ ഗൃഹത്തിലെ കാണാതെ പോയ ഗോത്രങ്ങൾ യേശുവിന്റെ ദൗത്യം പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. അദ്ദേഹം ജൂദിയായിൽ നിന്നും നൂറ്റാണ്ടുകളായി യഹൂദികൾ കുടിയേറിപ്പാർത്തുവരുന്ന അന്യദേശങ്ങളിലേക്ക് ദേശാടനം ചെയ്തു എന്നതിന് ഇത് ശക്തമായ ഒരു കാരണമായിത്തീർന്നു.

കുരിശിൽ നിന്നും രക്ഷപ്പെട്ടതിനുശേഷം സാധാരണ നിലയിൽ യേശു മരിച്ചു എന്നതിന് ഞങ്ങളോട് തെളിവ് ആവശ്യപ്പെടുന്നവരോടു ഒരു കാര്യം വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു. യാതൊരു നീതികരണവുമില്ലാതെ തെളിവു നൽകുന്നതിന്റെ ബാദ്ധ്യത അവർ ഞങ്ങളുടെ ചുമലിൽ കെട്ടിവെക്കുകയാണ്. ഒരു മനുഷ്യൻ മരിക്കുക എന്നത് സാധാരണഗതിയിൽ സാർവത്രികമായി എല്ലാവർക്കുമറിയുന്ന ഒരു പ്രകൃതി പ്രതിഭാസമാണ്. അതായത് ഭൂമിയിൽ മനുഷ്യായുസ്സ് പരമാവധി നൂറ്റമ്പത് വയസ്സിൽ കവിയില്ല. അത് ആയിരം വർഷമോ അതിനപ്പുറമോ ഒരിക്കലും നീളാറില്ല. ഭൂമിയിൽ മനുഷ്യായുസ്സുമായി ബന്ധപ്പെട്ട നമ്മുടെ അനുഭവമാണിത്. ഈ നിയമത്തിനു വിരുദ്ധമായി മനുഷ്യൻ ജീവിക്കുന്നുവെന്ന് ആരെങ്കിലും അവകാശപ്പെടുന്നുവെങ്കിൽ തെളിവ് നൽകേണ്ട ചുമതല അങ്ങനെ പറയുന്നവരുടെ ചുമലിലായിരിക്കും. മറിച്ച്, ഈ പ്രകൃതി നിയമം ലംഘിക്കപ്പെട്ടില്ല എന്ന് വിശ്വസിക്കുന്നവർക്കല്ല. യേശുവിന്റെ മരണത്തേയും ജീവിതത്തേയും ചൂഴ്ന്നു നിൽക്കുന്ന സമസ്യകളുടെ കാര്യത്തിലും ഇത് തന്നെയാണ് ബാധകമാക്കേണ്ടത്. അദ്ദേഹം മരിച്ചിട്ടില്ല എന്ന് വിശ്വസിക്കുന്നവർ അവരുടെ തെളിവുകൾ കൊണ്ടുവരേണ്ടതുണ്ട്. എന്നാൽ അദ്ദേഹം മരിച്ചിരിക്കുന്നു എന്നു പറയുന്നവർ പ്രകൃതി നിയമത്തെ ആധാരമാക്കുകയേ വേണ്ടൂ. അതിലുപരിയായി അവർ ഒരു തെളിവും കൊണ്ടുവരേണ്ടതില്ല. അല്ലാത്തപക്ഷം ഒരാൾക്ക് അയാളുടെ പിതാവിന്റെ പിതാവിന്റെ പിതാവിന്റെ പിതാവ് മരിച്ചിട്ടില്ല എന്ന് വാദിക്കാവുന്നതാണ്. അങ്ങനെ വാദിക്കുന്ന ഒരാൾ തന്റെ വാദത്തിന്നെതിരായി പ്രസ്തുത വ്യക്തി മരിച്ചിരിക്കുന്നു എന്നതിന്ന് എന്തെങ്കിലും തെളിവ് ആർക്കെങ്കിലും സമർപ്പിക്കാൻ കഴിയുമോ എന്ന് ചുറ്റുമുള്ളവരെ വെല്ലുവിളിക്കുകയും ചെയ്യുന്നു എന്നിരിക്കട്ടെ: എന്തായിരിക്കും ചുറ്റുമുള്ളവരുടെ പ്രതികരണം? പാവം കേൾവിക്കാരൻ ഈ വെല്ലുവിളിയെ എങ്ങനെ നേരിടും? പ്രകൃതിനിയമം എല്ലാ മനുഷ്യരിലും ഒരേ രീതിയിലാണ് പ്രവർത്തിക്കുക. അതിൽ നിന്നും ആരും തന്നെ അതീതരല്ല എന്നും എന്നാൽ ആരെങ്കിലും പ്രകൃതിനിയമത്തിന്നെതിരെ അവകാശവാദമുന്നയിക്കുന്നുവെങ്കിൽ അത് തെളിയിക്കേണ്ട ബാധ്യത ആ അവ

കാശവാദമുന്നയിച്ചയാൾക്കായിരിക്കുമെന്നും കേൾവിക്കാരന് മറുപടി പറയാം. ഇതാണ് അതിന്നുള്ള ഒന്നാമത്തെ ഉത്തരം. പക്ഷേ, മറ്റൊരു വീക്ഷണകോണിൽ വസ്തുതകൾ വ്യക്തമാക്കാനാണ് എന്റെ വിനീതശ്രമം.

ദൈവവുമായി യേശുവിന്നുള്ള ബന്ധം എന്തുതന്നെയായിരുന്നാലും അത് യേശുവിനെ മരിക്കുന്നതിൽ നിന്നും അതീതനാക്കിയിരുന്നുവോ? ക്രിസ്ത്യാനികൾ സ്വയം തന്നെ അദ്ദേഹം മരിച്ചതായി വിശ്വസിക്കുന്നുണ്ടുതാനും. മരിക്കുക എന്നത് യേശുവിന്റെ പ്രകൃതിക്ക് എതിരാണെങ്കിൽ പ്രാഥമികമായി ഒരിക്കലും അത് സംഭവിക്കാൻ പാടില്ല. പക്ഷേ ചുരുങ്ങിയത് ഒരു തവണയെങ്കിലും അദ്ദേഹം മരിച്ചതായി നാമെല്ലാം സമ്മതിക്കുന്നു. തുടർന്നുള്ള അന്വേഷണങ്ങൾ എപ്പോഴാണ് അദ്ദേഹം മരിച്ചതെന്നതിനെപ്പറ്റിയാണ്. അതായത് കുരിശിൽ വെച്ചാണോ അതല്ല കുരിശ് സംഭവത്തിനുശേഷമാണോ?

## യോനായുടെ അടയാളം

ദൈവം യേശുവിനെ കൈവിട്ടില്ല എന്നും കുരിശിലെ ഹീനമരണത്തിൽ നിന്നും അദ്ദേഹത്തെ രക്ഷപ്പെടുത്തിയെന്നും നമുക്ക് ബൈബിളിൽ നിന്നും തെളിയിക്കാനാവും. ക്രൂശീകരണത്തിനു മുമ്പും ക്രൂശീകരണവേളയിലും, ക്രൂശീകരണത്തിനുശേഷവുമായി ബൈബിൾ പുതിയനിയമത്തിൽ വിവരിച്ച വസ്തുതകളെ അടിസ്ഥാനമാക്കിയുള്ള പഠനങ്ങളിൽ നിന്നും നമുക്കിത് തെളിയിക്കാനാവും.

കുരിശ് സംഭവത്തിന് വളരെ മുമ്പു തന്നെ ജനങ്ങൾക്ക് തന്റെ അടയാളം യോനായുടെ അടയാളമല്ലാതെ മറ്റൊരടയാളവുമുണ്ടായിരിക്കില്ല എന്ന് അദ്ദേഹം വാഗ്ദാനം നൽകുകയുണ്ടായി.

*“അപ്പോൾ ശാസ്ത്രിമാരിലും പരീശന്മാരിലും ചിലർ അവനോടു; ഗുരോ, നീ ഒരു അടയാളം ചെയ്തു കാണ്മാൻ ഞങ്ങൾ ഇച്ഛിക്കുന്നു എന്നു പറഞ്ഞു. അവൻ അവരോടു ഉത്തരം പറഞ്ഞതു: ‘ദോഷവും വ്യഭിചാരവുമുള്ള തലമുറ അടയാളം തിരയുന്നു; യോനാ പ്രവാചകന്റെ അടയാളമല്ലാതെ അതിനു അടയാളം ലഭിക്കില്ല. യോന വലിയ മത്സ്യത്തിന്റെ വയറ്റിൽ മൂന്നു രാവും മൂന്നു പകലും ഇരുന്നതുപോലെ മനുഷ്യപുത്രൻ മൂന്നുരാവും മൂന്നു പകലും ഭൂമിയുടെ ഉള്ളിൽ ഇരിക്കും’ (മത്തായി 12:38-41)*

യേശുവിന് എന്ത് സംഭവിച്ചു എന്ന് നാം തീരുമാനിക്കുന്നതിന് മുമ്പ് യോനാക്ക് എന്ത് സംഭവിച്ചു എന്ന് നാം മനസ്സിലാക്കണം. കാരണം യോനാക്ക് സംഭവിച്ച അതേ അത്ഭുതം തന്നിലും ആവർത്തിക്കുമെന്നാണ് യേശു അവകാശപ്പെട്ടിരുന്നത്. എന്തായിരുന്നു യോനായുടെ അടയാളം? യോനാ വലിയ മത്സ്യത്തിന്റെ വയറ്റിൽ മരിക്കുകയും അതിനുശേഷം

മരണത്തിൽ നിന്നും അദ്ദേഹം പുനരുജ്ജീവിപ്പിക്കുകയുമാണോ ഉണ്ടായത്? ക്രിസ്ത്യൻ യഹൂദ മുസ്ലിം പണ്ഡിതന്മാരുടെ ഏകീകരിച്ചുള്ള അഭിപ്രായം യോന മത്സ്യത്തിന്റെ വയറ്റിൽ വെച്ച് മരിച്ചിട്ടില്ല എന്നാണ്. ജീവിതത്തിനും മരണത്തിനും മദ്ധ്യേ യോനാ അപായകരമാംവിധത്തിൽ തൂങ്ങി നില്ക്കുകയും അത്ഭുതകരമാം വിധം അദ്ദേഹം മരണത്തിൽ നിന്നും രക്ഷപ്പെടുകയും ചെയ്തു. അദ്ദേഹത്തിന്റെ സ്ഥാനത്ത് മറ്റേതെങ്കിലും ഒരു വ്യക്തിയായിരുന്നെങ്കിൽ മരിക്കുമായിരുന്നു. എന്നാൽ ദൈവത്തിന്റെ കല്പനയിൽ അതിസൂക്ഷ്മമായ ചില പ്രകൃതിനിയമങ്ങളുടെ യാദൃശ്ചികമായ കൂടിച്ചേരലിൽ യോന മരണത്തിൽ നിന്നും രക്ഷപ്പെട്ടു. അങ്ങനെയൊരു സംഭവത്തിന്റെ സാധ്യതയുണ്ടോ ഇല്ലയോ എന്നതല്ല നാം ചർച്ച ചെയ്യുന്നതെന്നോർക്കണം. യേശു പറഞ്ഞ ഒരു വസ്തുത ഇവിടെ ചൂണ്ടിക്കാട്ടുക മാത്രമാണ് ചെയ്യുന്നത്. യോനായിൽ സംഭവിച്ചതെന്താണോ അതുപോലെ തന്നിലും സംഭവിക്കുമെന്ന് യേശു പറഞ്ഞപ്പോൾ അദ്ദേഹം അർത്ഥമാക്കിയത് യോനായുടെ കാര്യത്തിൽ എന്ത് സംഭവിച്ചുവെന്നാണോ എല്ലാവരും മനസ്സിലാക്കിയത് അതുതന്നെ അദ്ദേഹത്തിന്റെ കാര്യത്തിലും സംഭവിച്ചിരിക്കും എന്നതാണ്. ജൂദിയായിൽ താമസിച്ചിരുന്ന യഹൂദികൾക്കോ, ജൂദിയക്ക് പുറത്ത് ചിതറിത്തെറിക്കലിന് ശേഷം പ്രവാസികളായി കഴിഞ്ഞിരുന്ന യഹൂദികൾക്കോ യഹൂദലോകത്തെ ഏതെങ്കിലുമൊരു വ്യക്തിക്കോ യേശു പറഞ്ഞ അടയാളത്തെപറ്റിയുള്ള അവകാശവാദത്തിൽ നിന്നും വിഭിന്നമായി മറ്റൊരു സന്ദേശം ലഭിച്ചിരിക്കാനിടയില്ല. ആ യഹൂദികളെല്ലാം തന്നെ യോന അത്ഭുതകരമായോ അതല്ല മറ്റു വിധേനയോ മൂന്ന് രാവും മൂന്നു പകലും മത്സ്യത്തിന്റെ വയറ്റിൽ കഴിഞ്ഞു എന്നാണ് വിശ്വസിച്ചത്. ഈ മൂന്ന് രാവിനും മൂന്ന് പകലിനുമിടയിൽ ഒരു നിമിഷം പോലും അദ്ദേഹം മരിച്ചിരുന്നില്ല. തീർച്ചയായും ഈ സംഭവത്തിൽ ഞങ്ങൾക്ക് ഞങ്ങളുടേതായ വീക്ഷണമുണ്ട്. യോനായുടെ സംഭവം വിവരിച്ച ഖുർആനിൽ എവിടെയും മൂന്ന് ദിവസവും മൂന്ന് രാവും യോന മത്സ്യത്തിന്റെ വയറ്റിൽ പരീക്ഷിക്കപ്പെട്ടു എന്നു പറഞ്ഞിട്ടില്ല എന്ന കാര്യം പ്രത്യേകം ഓർക്കണം. അതിരിക്കട്ടെ, നമുക്ക് വിഷയത്തിലേക്ക് തിരിച്ചുവരാം. യോനായുടേയും യേശുവിന്റെയും കാര്യത്തിൽ പൊതുവായി സംഭവിച്ചതും യേശു പ്രവചിച്ചതുമായ യഥാർത്ഥത്തിലുള്ള സാദൃശ്യങ്ങൾ എന്തായിരുന്നുവെന്നതിലേക്ക് വെളിച്ചം വീശാൻ നമുക്ക് ശ്രമിക്കാം. ആ സാദൃശ്യങ്ങളിൽ വ്യക്തമായും പറയുന്നത് മൂന്ന് പകലും മൂന്ന് രാവും മരണത്തോടടുത്തുള്ള അത്യന്തം അപകടകരമായ അവസ്ഥയിൽ യോന കഴിഞ്ഞിരുന്നുവെന്നും ആ ആസന്ന മരണാവസ്ഥയെ അത്ഭുതകരമായി അതിജീവിക്കുകയുമാണ് ചെയ്തത് എന്നുമാണ്. അല്ലാതെ മരിച്ചതിനുശേഷം ജീവിച്ചു എന്നല്ല. ഇത് തന്നെ തന്റെ കാര്യത്തിലും സംഭവിക്കുമെന്നാണ് യേശു അവകാശപ്പെട്ടതും.

### ക്രൂശീകരണം

## ഇസ്രായേൽ ഗൃഹത്തോടുള്ള യേശുവിന്റെ വാഗ്ദാനം

രണ്ടാമത്തെ ഏറ്റവും പ്രധാനമായ തെളിവ് ജൂദിയക്ക് ചുറ്റും താമസിക്കുന്ന ആടുകളുടെ (ഇസ്രയേൽ ഗോത്രങ്ങൾ) അടുത്തേക്ക് മാത്രമല്ല താൻ അയക്കപ്പെട്ടതെന്നും അതേ ഗോത്രത്തിൽപ്പെട്ട മറ്റു ആടുകളുണ്ടെന്നും യേശു തന്റെ ജനതയോടു പറഞ്ഞിരുന്നു. തന്റെ ജനതയിലേക്കു വന്നതുപോലെ തന്നെ താൻ അവരുടെ വീണ്ടെടുപ്പിനുവേണ്ടി അവരുടെ അടുക്കൽ പോകേണ്ടതാണെന്നും യേശു തന്റെ ജനതയോടു പറയുകയുണ്ടായി.

*"ഈ തൊഴുത്തിൽപ്പെടാത്ത വേറെയും ആടുകൾ എനിക്കുണ്ട്. അവയേയും ഞാൻ നടത്തേണ്ടതാകുന്നു. അവ എന്റെ ശബ്ദം കേൾക്കും ഒരാട്ടിൻക്കൂട്ടവും ഒരിടയനുമാകും" (യോഹന്നാൻ 10:16).*

പൊതുവായ അറിവനുസരിച്ച് യേശു അദ്ദേഹത്തിന്റെ വാഗ്ദാനം നൽകിയ സന്ദർഭത്തിനും ക്രൂശീകരണത്തിന്നുമിടക്കുള്ള സമയത്ത് ജൂദിയ വിട്ട് എങ്ങോട്ടും പോയിട്ടില്ല. ചോദ്യമിതാണ്. യേശു ശാശ്വതമായി ആകാശത്തിലേക്ക് ആരോഹണം ചെയ്തുവെങ്കിൽ കാണാതെപോയ ഇസ്രയേൽ ഗോത്രത്തിലെ ആടുകളും അതിനു മുമ്പേതന്നെ ആകാശത്തിലേക്ക് പോയിട്ടുണ്ടാവേണ്ടതല്ലേ?... ക്രിസ്ത്യാനികൾ വിശ്വസിക്കുന്നതു പോലെ യേശുവിനെ കുരിശിൽ നിന്നും മരിച്ച നിലയിൽ എടുക്കപ്പെട്ടതിനുശേഷം മൂന്ന് ദിവസം കഴിഞ്ഞ് അദ്ദേഹത്തിന്റെ ആത്മാവ് മൃതദേഹത്തിൽ മടങ്ങിയെത്തുന്നു. അതിനുശേഷം അദ്ദേഹം മേഘത്തിലൂടെ മേല്പോട്ടേക്ക് കയറിപ്പോകുകയും ആകാശത്തിലെ അജ്ഞാത വിശ്രമകേന്ദ്രത്തിലേക്ക് അപ്രത്യക്ഷനാകുന്നതുമാണ് കണ്ടത്. അവിടെ അവസാനമായി തന്റെ പിതാവിന്റെ സിംഹാസനത്തിനു വലത് വശത്ത് വെറുതെ ശാശ്വതമായി കുത്തിയിരിക്കാൻ വേണ്ടി മാത്രം! ഇത് സത്യമാണെങ്കിൽ തീർച്ചയായും നാം ഗുരുതരമായ ഒരു പ്രശ്നം നേരിടേണ്ടതായി വരും. അതായത് നാം രണ്ട് സ്ഥാനങ്ങളിലൊന്ന് തിരഞ്ഞെടുക്കേണ്ടതായി വരും. ഒന്ന് യേശു സ്വയം തിരഞ്ഞെടുത്ത സ്ഥാനം. മറ്റൊന്ന് തന്റെ അനുയായികൾ തിരഞ്ഞെടുത്ത സ്ഥാനം. ഈ രണ്ട് സ്ഥാനങ്ങളും പരസ്പരം യാതൊരു പൊരുത്തവുമില്ലാത്തതാണ്. അതായത് ഒരു സ്ഥാനം സ്വീകരിക്കുകയാണെങ്കിൽ മറ്റേ സ്ഥാനം നിരാകരിക്കേണ്ടി വരും. നാം വിശ്വസിക്കുന്നത് പ്രകാരം യേശു സത്യസന്ധനായിരുന്നെങ്കിൽ ആകാശത്തിലേക്ക് കയറിപ്പോകുന്നതിനു മുമ്പ് അദ്ദേഹം തന്റെ വാഗ്ദാനം ഓർക്കേണ്ടതായിരുന്നു. പിതാവായ ദൈവത്തോട് ഭൂമിയിൽ തനിക്ക് കുറച്ചുകൂടി സമയം അനുവദിക്കണമെന്ന് ആവശ്യപ്പെടാമായിരുന്നു. അങ്ങനെയായിരുന്നെങ്കിൽ യേശു ജനിക്കുന്നതിന് മുമ്പ് തന്നെ വിദൂരദേശങ്ങളിൽ പ്രവാസികളായി പോവുകയും അവിടെ കുടിയേറി പാർക്കുകയും ചെയ്ത ഇസ്ര

യേൽ ഗോത്രങ്ങളുടെ അടുത്തേക്ക് അദ്ദേഹം പറഞ്ഞത് പ്രകാരം പോകാനും കഴിയുമായിരുന്നു. അദ്ദേഹത്തിന്റെ വാഗ്ദാനവും വിശ്വസ്ത തയും തകർക്കുകയും അദ്ദേഹത്തിന്റെ പൂർണ്ണ ദൈവത്വത്തിലും പൂർണ്ണ ആളത്വത്തിലും അപരിഹാര്യമായ വൈകൃതങ്ങൾ ഏല്പിക്കുകയും ചെയ്തുകൊണ്ടല്ലാതെ യേശുവിന് ആകാശത്തേക്ക് കയറിപ്പോകാൻ സാധ്യമല്ല. യേശു ഇസ്റായേൽ ഗൃഹത്തിനു നൽകിയ വാഗ്ദാനം അദ്ദേഹം വിസ്മരിച്ചുവെന്നും ക്രിസ്ത്യൻ ദൈവശാസ്ത്രിമാർ പറയുന്നത് പോലെ അദ്ദേഹം നേരെ കുത്തനെ ആകാശത്തേക്ക് കയറിപ്പോയി എന്നും വിശ്വസിക്കുകയാണെങ്കിൽ വളരെ ദുഃഖഹൃദയത്തോടെ ക്രിസ്ത്യൻ ദൈവശാസ്ത്രിമാർ പറഞ്ഞത് ശരിയാണെന്നും, അഹോ കഷ്ടം, ക്രിസ്തുമതം കളവാണെന്നുമുള്ള നിഗമനത്തിൽ നമുക്ക് എത്തി ച്ചേരേണ്ടി വരും. കാരണം ക്രിസ്തു കളവാണ് പറഞ്ഞതെങ്കിൽ ക്രിസ്തു മതം ശരിയായിരിക്കില്ലല്ലോ. ഞങ്ങൾ വിശ്വസിക്കുന്നത് യേശു ഒരു സത്യ പ്രവാചകനാണ് എന്നാണ്. അദ്ദേഹം ഒരിക്കലും ഒരു വ്യാജ വാഗ്ദാനം നൽകില്ല. കാണാതെ പോയ പത്തു ഗോത്രങ്ങൾ എന്ന് അദ്ദേഹം പറ ഞ്ഞത്, ഇസ്രായേൽ ഗൃഹത്തിലെ പത്തു ഗോത്രങ്ങളെപ്പറ്റിയാണ്. അവർ ജൂദിയായിൽ നിന്ന് പലായനം ചെയ്യുകയും വിദൂരങ്ങളായ കിഴക്കൻ ദേശ ങ്ങളിൽ പാർപ്പുറപ്പിക്കുകയും ചെയ്തിരുന്നു.താൻ കുരിശിൽ വെച്ച് കൊല്ല പ്പെടുകയില്ലെന്നും തന്റെ ദൗത്യപൂർത്തീകരണത്തിന്നായി ദീർഘായുസ്സ് നൽകപ്പെടുമെന്നുമായിരുന്നു അദ്ദേഹം നൽകിയ വാഗ്ദാനത്തിലെ സന്ദേശം. തനിക്കു ചുറ്റും താമസിച്ചിരുന്ന രണ്ട് ഇസ്രായേൽ ഗോത്ര ങ്ങൾക്ക് മാത്രമായിരുന്നില്ല അദ്ദേഹം പ്രവാചകനായി വന്നത്. മുഴുവൻ ഇസ്രയേൽ ഗോത്രങ്ങൾക്കും അദ്ദേഹത്തിന്റെ പ്രവാചകത്വ ദൗത്യമുണ്ടാ യിരുന്നു. മേൽ പ്രസ്താവിച്ച ഈ രണ്ടു വസ്തുതകൾ കൂടി ക്രൂശീകര ണത്തിന് ശേഷം യേശുവിന് എന്തുസംഭവിച്ചു എന്നതിലേക്ക് സുനിശ് ചിതമായ തെളിവുകൾ നൽകുന്നു.

## കുരിശുസംഭവം

പ്രധാനപ്പെട്ട മറ്റൊരു വസ്തുത പിലാത്തോസിനാൽ നിശ്ചയിക്ക പ്പെട്ട ക്രൂശീകരണം നടക്കേണ്ട തിയ്യതിയും സമയവുമായി ബന്ധപ്പെട്ട താണ്. ക്രൂശീകരണത്തിന്റെ തീയതിയും സമയവും നിശ്ചയിക്കുന്നതിന് തൊട്ടുമുമ്പ് പോലും പിലാത്തോസിന്റെ അന്തിമതീരുമാനത്തെ സ്വാധീ നിക്കും വിധം ചില കാര്യങ്ങൾ നാം ബൈബിളിൽ വായിക്കുന്നു. ഇത് അദ്ദേഹത്തിന്റെ തീരുമാനങ്ങളെ സ്വാധീനിച്ചിരുന്നതായി ഒരാൾ വിശ്വ സിക്കുന്നുവെങ്കിൽ അതിലത്ഭുതപ്പെടാനില്ല. ഒന്നാമതായി യേശുവിനെ തിരെ പീലാത്തോസ് നടപ്പാക്കുന്ന ശിക്ഷയെ സംബന്ധിച്ച് അദ്ദേഹ ത്തിന്റെ ഭാര്യക്ക് കടുത്ത അസംതൃപ്തിയുണ്ടായിരുന്നതായി നാം ബൈബിൾ പുതിയ നിയമത്തിൽ വായിക്കുന്നു. യേശുവിന്റെ വിചാരണക്ക്

തലേദിവസം അവർ കണ്ട സ്വപ്നത്തിന്റെ സ്വാധീനമായിരുന്നു ഈ അസംതൃപ്തിക്ക് കാരണം.* യേശു നിരപരാധിയാണെന്ന് വിശ്വസിക്കത്തക്ക വിധത്തിൽ അത്രയും ശക്തിമത്തായ സ്വാധീനം അവരിൽ ആ സ്വപ്നം ഉണ്ടാക്കിയിരുന്നു. തൽഫലമായി കോടതി നടപടിക്രമങ്ങൾക്ക് ഭംഗം വരുത്തിയിട്ടായാൽ പോലും ഈ സ്വപ്നത്തിലെ സന്ദേശം തന്റെ ഭർത്താവിന് എത്തിക്കേണ്ടത് തന്റെ കർത്തവ്യമാണെന്നു അവർക്ക് തോന്നി. ഒരുപക്ഷേ, തന്റെ ഭാര്യയുടെ ശക്തമായ പ്രതിഷേധം കൊണ്ടു കൂടിയായിരിക്കാം അദ്ദേഹം യേശുവിനെ തള്ളിപ്പറയുന്നതിൽ നിന്നും കൈ കഴുകി രക്ഷപ്പെട്ടത്.

*'ആരവാരം അധികമാകുന്നതല്ലാതെ ഒന്നും സാധിക്കുന്നില്ല എന്നു പിലാത്തോസ് കണ്ടിട്ടു വെള്ളം എടുത്തു പുരുഷാരം കാൺകെ കൈ കഴുകി. ഈ നീതിമാന്റെ രക്തത്തിൽ എനിക്കു കുറ്റം ഇല്ല; നിങ്ങൾ തന്നെ നോക്കിക്കൊൾവിൻ എന്നു പറഞ്ഞു' (മത്താ: 27:24).*

തീർച്ചയായും യേശു നിരപരാധിയാണെന്നും അദ്ദേഹത്തിനു മേൽ താൻ പാസാക്കിയ ക്രൂരമായ ശിക്ഷാവിധി നിർബന്ധത്തിനു വഴങ്ങിയാണെന്നുമുള്ള പിലാത്തോസിന്റെ കുറ്റസമ്മതം മേൽപ്രസ്താവനയിൽ പ്രതിഫലിക്കുന്നു. ശക്തരായ യഹൂദ സമുദായം യേശുവിനെതിരെ ഗൂഢാലോചന നടത്തുകയും അദ്ദേഹത്തെ ശിക്ഷാപാത്രമാക്കാൻ തീരുമാനിക്കുകയും ചെയ്തിരുന്നു എന്ന കാര്യം ബൈബിൾ പുതിയ നിയമത്തിൽ നിന്നും തികച്ചും വ്യക്തമാണ്. അതുകൊണ്ട് യഹൂദികളുടെ ആഗ്രഹത്തിന്നെതിരായുള്ള പിലാത്തോസിന്റെ ഏതൊരു തീരുമാനവും അവിടെ കടുത്ത ക്രമസമാധാനപ്രശ്നം ഉണ്ടാക്കുമായിരുന്നു. അദ്ദേഹത്തെ നിസ്സഹായനാക്കിത്തീർത്ത നിർബന്ധിതാവസ്ഥ ഇതായിരുന്നു. പിലാത്തോസ് കൈകഴുകിയ നടപടിയിൽ നിന്നും വ്യക്തമാകുന്നതും ഇതു തന്നെയാണ്. യേശുവിനെ രക്ഷിക്കാൻ പിലാത്തോസ് മറ്റൊരു നീക്കം കൂടി നടത്തിയിരുന്നു. രോഷാകുലരായ ജനക്കൂട്ടത്തെനോക്കി പിലാത്തോസ് രണ്ടിലൊന്ന് തിരഞ്ഞെടുക്കാനുള്ള ഒരു അവസരം അവർക്ക് നൽകി. അതായത് യേശുവിനെയോ അതല്ല കുപ്രസിദ്ധ കുറ്റവാളിയായ ബറബ്ബാസിനെയോ ആരെയാണ് മോചിപ്പിക്കേണ്ടതെന്ന് അദ്ദേഹം ജനക്കൂട്ടത്തോടു ചോദിച്ചു.(1) ഇത് പിലാത്തോസിന്റെ ആ സമയത്തെ മാനസിക നിലയുടെ അവസ്ഥയെ സംബന്ധിച്ച് സൂചനകൾ നൽകുന്നു. യേശുവിന് ശിക്ഷ നൽകുന്ന കാര്യത്തിൽ അദ്ദേഹം തികച്ചും എതിരായിരുന്നു എന്ന് വ്യക്തമാണ്. ഈ മാനസികാവസ്ഥയിലാണ് യേശുവിനെ വധിക്കാൻ വെള്ളിയാഴ്ച ദിവസവും ഉച്ച തിരിഞ്ഞുള്ള സമയവും അദ്ദേഹം തിര

* 'അവൻ (പിലാത്തോസ്) ന്യായാസനത്തിൽ ഇരിക്കുമ്പോൾ അവന്റെ ഭാര്യ ആളയച്ചു. ആ നീതിമാന്റെ കാര്യത്തിൽ ഇടപെടരുത്; അവൻ നിമിത്തം ഞാൻ ഇന്നു സ്വപ്നത്തിൽ വളരെ കഷ്ടം സഹിച്ചു എന്നു പറയിച്ചു' (മത്തായി : 27:19)

ഞ്ഞെടുക്കുന്നത്. എന്തായിരുന്നു വാസ്തവത്തിൽ സംഭവിച്ചത്? വെള്ളിയാഴ്ച ഉച്ചതിരിഞ്ഞ് ശബ്ബത്ത് ദിനം* ആരംഭിക്കാൻ ഏറെ സമയമില്ല എന്നും അപ്പോഴേക്കും യേശുവിന്റെ ശരീരം കുരിശിൽ നിന്നും എടുത്തു മാറ്റുമെന്നും നീതിപാലകൻ എന്ന നിലക്ക് പിലാത്തോസിന്നറിയാമായിരുന്നു. അസ്തമയത്തിനുശേഷമാണ് ശബ്ബത്ത് ആരംഭിക്കുന്നത്. അദ്ദേഹം ഇത് ബോധപൂർവ്വം തീരുമാനിച്ചതായിരുന്നു. അത് തന്നെയായിരുന്നു വാസ്തവത്തിൽ സംഭവിച്ചതും. ഏകദേശം മൂന്ന് രാവും മൂന്നു പകലും കുരിശ് പീഡനമേറ്റശേഷമേ ശിക്ഷക്ക് പാത്രമായ വ്യക്തി മരിക്കാറുള്ളൂ. എന്നാൽ യേശുവിന് പരമാവധി ഏതാനും മണിക്കൂർ മാത്രമേ കുരിശ് പീഡനമേൽക്കേണ്ടി വന്നിട്ടുള്ളൂ. കഠിനജീവിതം കൊണ്ട് ബലിഷ്ഠമായ ശരീരമുള്ള യേശുവിനെപ്പോലെ ഒരാളെ കൊല്ലാൻ ഇത് തികച്ചും അപര്യാപ്തമാണ്.

ഈ സംഭവം യോനായുടെ സംഭവത്തിലെ നിഗൂഢതകളിലേക്ക് വിരൽ ചൂണ്ടുന്നില്ലേ? സാധാരണഗതിയിൽ കുരിശ് മരണത്തിന് വിധിക്കപ്പെട്ടവർ മൂന്ന് പകലും രാത്രിയും കുരിശിന്മേൽ തൂങ്ങിക്കിടക്കും. നേരത്തെ സൂചിപ്പിച്ചതു പോലെ ഇത് യേശുവും യോനായും തമ്മിലുള്ള സാദൃശ്യം ഒരാളുടെ മനസ്സിലുയർത്തും. യോന മത്സ്യത്തിന്റെ വയറ്റിൽ മൂന്ന് രാവും മൂന്നു പകലും കഴിഞ്ഞു എന്ന് കരുതപ്പെടുന്നു. 3 ദിവസത്തിനു പകരം ദൈവഹിതത്താൽ മൂന്ന് മണിക്കൂറുകൾക്കുള്ളിൽ യോനായും മത്സ്യത്തിന്റെ വയറ്റിൽ നിന്നും മോചിതനായിരിക്കാം. യേശുവിന്റെ ജീവിതത്തിൽ സംഭവിക്കുകയും അരങ്ങേറുകയും ചെയ്തത് യോനായുടെ ദുരന്തനാടകത്തിന്റെ സംഭവത്തിലെ ധർപ്പണപ്രതിഫലനമായിരുന്നു.

നമുക്ക് ക്രൂശീകരണ വേളയിലെ സംഭവങ്ങളിലേക്ക് തന്നെ തിരിയാം. അവസാന നിമിഷം വരെ യേശു തന്റെ പ്രതിഷേധവുമായി ശക്തമായി നിലകൊണ്ടു. 'ഏലി, ഏലി ലമാശബക്താനി' നിതാന്തദുഃഖത്തിന്റെയും നിരാശയുടേയും എന്തൊരു വേദനാജനകമായ പ്രകടനം! പിതാവായ ദൈവം തനിക്ക് ഇതിനുമുമ്പ് നൽകിയ വാഗ്ദാനങ്ങളും ഉറപ്പുകളും പാലിക്കേണ്ടതിനെപ്പറ്റി എത്ര സൂക്ഷ്മമായിട്ടാണ് അദ്ദേഹം ഇവിടെ ഉണർത്തുന്നത്. ഈ ഉൽക്കണ്ഠാകുലമായ വിലാപത്തിൽ നിന്നും മറ്റെന്താണ് നമുക്ക് വായിച്ചെടുക്കാൻ കഴിയുക? ജനങ്ങളുടെ പാപഭാരം

(1) 'എന്നാൽ ഉത്സവസമയത്തു പുരുഷാരം ഇച്ഛിക്കുന്ന ഒരു തടവുകാരനെ നാടുവാഴി വിട്ടയക്കുക പതിവുണ്ടായിരുന്നു. അന്നു ബറബ്ബാസ് എന്ന് ശ്രുതിപ്പെട്ട ഒരു തടവുകാരൻ ഉണ്ടായിരുന്നു. അവർ കൂടി വന്നപ്പോൾ പിലാത്തോസ് അവരോടു ചോദിച്ചു: നിങ്ങൾക്ക് വേണ്ടി ആരെ ഞാൻ മോചിപ്പിക്കണം എന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നത്? ബറബ്ബാസിനേയോ ക്രിസ്തു എന്ന് വിളിക്കപ്പെടുന്ന യേശുവിനേയോ' (മത്താ: 27:15-17)

* **ശബ്ബത്ത് ദിനം:** വെള്ളിയാഴ്ച സന്ധ്യമുതൽ ആരംഭിച്ച് ശനിയാഴ്ച സന്ധ്യവരെ നീണ്ടുനിൽക്കുന്ന യഹൂദന്മാരുടെ വിശുദ്ധ ദിനം. (വിവ:)

സ്വന്തം ഇഷ്ടപ്രകാരം വഹിക്കാനുള്ള അദ്ദേഹത്തിന്റെ ആഗ്രഹത്തിന്റെയും ഇച്ഛയുടേയും നിഷേധമാണ് 'ദൈവമേ നീ എന്നെ കൈവിട്ടതെന്ത്' എന്ന വചനത്തിൽ നിന്നും വ്യക്തമാകുന്നത്. ആസന്നമരണാവസ്ഥയിൽ അദ്ദേഹം ചിന്തിച്ചത് അതായിരുന്നു. അദ്ദേഹത്തിന്റെ ആവശ്യപ്രകാരമാണ് ശിക്ഷയെങ്കിൽ പിന്നെയെന്തിന് അഗാധദുഃഖത്തിന്റേതായ ഈ വിലാപം? എന്തിന് പിന്നെ അദ്ദേഹം പിതാവായ ദൈവത്തെ കുറ്റപ്പെടുത്തുകയും തന്റെ മോചനത്തിനായി അർത്ഥന നടത്തുകയും ചെയ്തു? യേശുവിന്റെ ഈ പ്രസ്താവനകളെല്ലാം അതിനു മുമ്പ് സംഭവിച്ച കാര്യങ്ങളുടെ പശ്ചാത്തലത്തിൽ വായിക്കേണ്ടതുണ്ട്. ആ സമയത്തുടനീളം കയ്പേറിയ ഈ പാനപാത്രം തന്നിൽ നിന്നെടുത്തുമാറ്റേണമേ എന്നദ്ദേഹം പ്രാർത്ഥിക്കുകയായിരുന്നു.

ഞങ്ങൾ അഹ്മദികൾ വിശ്വസിക്കുന്നത് സാത്വികനും വിശുദ്ധനുമായ യേശുവിനെ പോലെയൊരാളുടെ പ്രാർത്ഥന ദൈവത്തിന് സ്വീകരിക്കാതിരിക്കാൻ സാധ്യമല്ലായിരുന്നു എന്നാണ്. പ്രാർത്ഥന സ്വീകരിക്കപ്പെട്ടിരിക്കുന്നു എന്ന് ദൈവം തീർച്ചയായും അദ്ദേഹത്തെ അറിയിച്ചിട്ടുണ്ടായിരിക്കും. അദ്ദേഹം കുരിശിൽ വെച്ച് മരിച്ചിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നില്ല. എന്നെ സംബന്ധിച്ചേടത്തോളം യാതൊന്നും തന്നെ വൈരുദ്ധ്യമായിട്ടില്ല. എല്ലാം പരസ്പരപൂരകങ്ങളാണ്. യേശു മരിച്ചതായി കാണപ്പെട്ടത് വൈദ്യശാസ്ത്ര വൈദഗ്ധ്യമൊന്നുമില്ലാത്ത ഒരു സാധാരണക്കാരന്റെ നിരീക്ഷണം മാത്രമാണ്. യേശുവിന്റെ ശരീരത്തെ വൈദ്യശാസ്ത്രപരമായി പരിശോധന നടത്താനുള്ള യാതൊരവസരവും അയാൾക്ക് ലഭിച്ചിരിക്കില്ല. തന്റെ പ്രിയപ്പെട്ട ഗുരുവിന് മരണം സംഭവിക്കുമെന്ന ആശങ്കയാൽ ഉത്കണ്ഠാകുലനായി ആ രംഗം നോക്കിപ്പാർത്തുകൊണ്ടിരുന്ന ഒരു ശിഷ്യൻ ഗുരുവിന്റെ തളർന്ന ശിരസ്സ് താടിയുടെ പാർശ്വം ചേർന്ന് നെഞ്ചിലേക്ക് വീണപ്പോൾ നിലവിളിച്ചു; 'ഓ! അദ്ദേഹം ജീവൻ വെടിഞ്ഞു.' നേരത്തെ വ്യക്തമാക്കിയതുപോലെ പ്രാമാണികമായ വീക്ഷണകോണിൽകൂടി ബൈബിളിന്റെ ആധികാരികത ചർച്ച ചെയ്യുകയോ അല്ലെങ്കിൽ അതിലെ ഏതെങ്കിലുമൊരു വ്യാഖ്യാനത്തെപ്പറ്റി തർക്കമുന്നയിക്കുകയോ ചെയ്യുന്ന ഒരു പ്രബന്ധമല്ല ഇത്. ക്രിസ്തീയ മതതത്ത്വശാസ്ത്രത്തേയും അവരുടെ മതസിദ്ധാന്തങ്ങളേയും യുക്തിയും സാമാന്യജ്ഞാനവും ഉപയോഗിച്ച് വിമർശനാത്മകമായി വിലയിരുത്തുകയാണ് ഇവിടെ ചെയ്യുന്നത്.

യേശു കുരിശിൽ വെച്ചു ബോധരഹിതനാവുകയോ അതല്ല മരിക്കുകയോ ചെയ്തുവെന്ന് തെളിയിച്ചുവെന്നാണെങ്കിൽ തന്നെ കുരിശിൽ സംഭവിച്ച കാര്യത്തെ സംബന്ധിച്ച് അദ്ദേഹം പ്രകടിപ്പിച്ച വേദന കലർന്ന അത്ഭുതം അദ്ദേഹം പ്രതീക്ഷിക്കാത്തതാണ് സംഭവിച്ചതെന്ന് വ്യക്തമായി തെളിയിക്കുന്നു. യേശു മരണമാണ് പ്രതീക്ഷിച്ചിരുന്നുവെങ്കിൽ അദ്ദേഹ

ത്തിന്റെ അത്ഭുത പ്രകടനത്തിന് യാതൊരു ന്യായീകരണവുമില്ല. അഹ്മദി മുസ്‌ലിംകൾ എന്ന നിലക്ക് ഞങ്ങളുടെ വ്യാഖ്യാനം ഇങ്ങനെയാണ്. യേശു തലേന്ന് രാത്രി ദൈവത്തോടു നടത്തിയ അഭയയാചനകളുടെ സന്ദർഭത്തിൽ അദ്ദേഹം കുരിശിൽ നിന്നും വിമോചിതനാവുമെന്ന വാഗ്ദാനം ദൈവത്തിൽ നിന്ന് ലഭിച്ചിരുന്നു. അതുകൊണ്ടാണ് അദ്ദേഹം വ്യാകുലനായത്. പക്ഷേ ദൈവത്തിന് മറ്റു ചില പദ്ധതികൾ കൂടിയുണ്ടായിരുന്നു. ദൈവം യേശുവിനെ ബോധരഹിതനാക്കിയത് കാവൽ നിന്ന ഭടന്മാർ അദ്ദേഹം മരിച്ചതായി തെറ്റിദ്ധരിക്കാനും അത് പ്രകാരം യേശുവിന്റെ ശരീരം ബന്ധുക്കൾക്ക് നൽകാനുള്ള ഉദ്ദേശത്തോടെ ജോസഫ് അരിമത്യക്കാരന് കൈമാറാനും വേണ്ടിയായിരുന്നു. യേശുവിന്റെ അവസാന വചനത്തിൽ നാം ശ്രദ്ധിച്ച അത്ഭുതം പിലാത്തോസും പങ്കിടുന്നു. യേശു മരിച്ചു എന്ന വിവരം പിലാത്തോസിനെ അറിയിച്ചപ്പോൾ 'അവൻ മരിച്ചുവോ!' എന്ന് അദ്ദേഹം സ്വയം അത്ഭുതം കൂറുകയുണ്ടായി.* ജൂദിയായിലെ ഗവർണർ എന്ന നിലക്ക് സുദീർഘമായ ഭരണകാലയളവിൽ അനേകം പേരെ കുരിശ് മരണത്തിന് വിധേയമാക്കിയതിന്റെ പരിചയവും അനുഭവവും അദ്ദേഹത്തിനുണ്ടായിരിക്കുമല്ലോ. ഏതാനും മണിക്കൂറുകളിലെ കുരിശ് പീഡനം കൊണ്ടുമാത്രം ക്രൂശിതനായ ഒരാൾ മരിക്കുക എന്നത് അസാധാരണമാണ് എന്ന വസ്തുത അദ്ദേഹത്തിന് വളരെ വ്യക്തമായി അറിയാമായിരുന്നു. അതുകൊണ്ടായിരിക്കണം യേശു മരിച്ചു എന്നറിഞ്ഞപ്പോൾ അദ്ദേഹം ആശ്ചര്യം പ്രകടിപ്പിച്ചത്. എന്നിട്ടുപോലും നിഗൂഢാത്മകമായ ഈ സാഹചര്യത്തിൽ ശരീരം വിട്ടുതരണമെന്ന അഭ്യർത്ഥന (യേശുവിന്റെ ശിഷ്യനായ അരിമത്യക്കാരൻ ജോസഫിന്റെ അഭ്യർത്ഥന) അദ്ദേഹം സ്വീകരിക്കുകയാണുണ്ടായത്. അതുകൊണ്ടാണ് അദ്ദേഹത്തിന് ഈ ഗൂഢാലോചനയിൽ പങ്കുണ്ടെന്ന ആരോപണം എക്കാലത്തും ഉയരുന്നത്.

പിലാത്തോസ് തന്റെ ഭാര്യയുടെ സ്വാധീനത്തിന്നടിമപ്പെട്ടുകൊണ്ട് ശബ്ബത്ത് ദിനത്തോടടുത്ത നാഴികയിലാണ് യേശുവിനെ കുരിശിക്കാനുള്ള സമയം നിശ്ചയിച്ചതെന്ന ആരോപണമുണ്ട്. രണ്ടാമതായി യേശുവിന്റെ മരണസംബന്ധമായി സംശയകരമായ റിപ്പോർട്ടുകളുണ്ടായിരിക്കേ തന്നെ അദ്ദേഹം ശരീരം വിട്ടുകൊടുക്കാൻ തയ്യാറായി. പിലാത്തോസിന്റെ ഈ തീരുമാനം യഹൂദികളിൽ കടുത്ത ആശങ്ക ഉളവാക്കിയിരുന്നു. അവർ യേശുവിന്റെ മരണത്തെ സംബന്ധിച്ച് സംശയങ്ങളും സന്ദേഹങ്ങളും പ്രകടിപ്പിക്കുകയും പിലാത്തോസിനോടു ആവലാതി ബോധിപ്പിക്കുകയും ചെയ്തിരുന്നു.*

* അവൻ മരിച്ചുകഴിഞ്ഞുവോ എന്ന് പിലാത്തോസ് ആശ്ചര്യപ്പെട്ടു. ശതാധിപനെ വിളിച്ചു: അവൻ മരിച്ചിട്ടു ഒട്ടുനേരമായോ എന്ന ശതാധിപനോടു വസ്തുത ചോദിച്ചറിഞ്ഞ ഉടൻ യോസേഫിനു കൈമാറി (മാർക്കോസ് 15:44).

യേശുവിനെ കുരിശിൽ നിന്ന് എടുത്തപ്പോൾ അദ്ദേഹത്തിന്റെ കാലുകൾ ഒടിച്ചിരുന്നില്ല എന്നും നാം ബൈബിളിൽ നിന്നും വായിക്കുന്നു. അതേസമയം യേശുവിനോടൊപ്പം കുരിശിലേറ്റിയിരുന്ന രണ്ട് കള്ളന്മാരുടെ കാലൊടിച്ചുകൊണ്ട് അവരുടെ മരണം ഉറപ്പ് വരുത്തിയിരുന്നുതാനും.**

യേശുവിനെ കാലൊടിക്കാതെ ഒഴിവാക്കിയത് അദ്ദേഹത്തിന്റെ ബോധരഹിതാവസ്ഥയിൽ നിന്നും ഉണരുവാൻ തീർച്ചയായും സഹായിച്ചിട്ടുണ്ടായിരിക്കും. പിലാത്തോസിന്റെ ദൂതന്മാർ മുഖേന കാവൽക്കാരോട് യേശുവിന്റെ കാൽ ഒടിക്കരുതെന്ന കല്പന കൊടുത്തിട്ടുണ്ടാകുമെന്ന വസ്തുതയും നിഷേധിക്കാൻ സാധ്യമല്ല. അദ്ദേഹത്തോടും നിരപരാധികളായ ക്രിസ്തീയ സമൂഹത്തോടുമുണ്ടായിരുന്ന ആദരം കാരണം പിലാത്തോസ് അങ്ങനെ ചെയ്തിരിക്കാനും സാധ്യതയുണ്ട്.

യേശുവിന്റെ വിലാപുറത്ത് കുന്തം കൊണ്ട് കുത്തിയപ്പോൾ വെള്ളവും രക്തവും തുളിച്ചു വന്നു എന്നും നാം വീണ്ടും ബൈബിളിൽ വായിക്കുന്നു.

“അവർ യേശുവിന്റെ അടുക്കൽ ചെന്നു. അവൻ മരിച്ചുപോയി എന്നു കണ്ടതിനാൽ അവന്റെ കാൽ ഒടിച്ചില്ല. എങ്കിലും, പടയാളികളിൽ ഒരുത്തൻ കുന്തം കൊണ്ട് അവന്റെ വിലാപുറത്ത് കുത്തി. ഉടനെ രക്തവും വെള്ളവും തുളിച്ചുവന്നു! (യോഹ:19: 33, 34)

യേശു മരിച്ച് അദ്ദേഹത്തിന്റെ ഹൃദയസ്പന്ദനം നിലച്ചിരുന്നുവെങ്കിൽ അത്തരത്തിൽ രക്തത്തിന്റെ ശക്തമായ പ്രവാഹം അസാധ്യമായിരുന്നേനെ. ഏറിയാൽ കട്ട പിടിച്ച രക്തവും നീരും മന്ദഗതിയിൽ പുറത്തേക്ക് ഒലിച്ചിറങ്ങുകയായിരിക്കും ചെയ്യുക. പക്ഷേ ബൈബിൾ പുതിയ നിയമം നൽകുന്ന ചിത്രമതല്ല. അത് പറയുന്നത് രക്തവും വെള്ളവും തുളിച്ചു വന്നു എന്നാണ്. വെള്ളം തുളിച്ചുവന്നതിനെപ്പറ്റി പറയുമ്പോൾ ക്രൂശിത

---

* ‘ഒരുക്കനാളിന്റെ പിറ്റെ ദിവസം മഹാപുരോഹിതന്മാരും പരീശന്മാരും പിലാത്തോസിന്റെ അടുക്കൽ ചെന്നുകൂടി; യജമാനനേ, ആ ചതിയൻ ജീവനോടെയിരിക്കുമ്പോൾ: മൂന്നുനാൾ കഴിഞ്ഞു താൻ ഉയിർത്തെഴുന്നേൽക്കുമെന്ന് പറഞ്ഞപ്രകാരം ഞങ്ങൾക്ക് ഓർമ്മവന്നു. അതുകൊണ്ടു അവന്റെ ശിഷ്യന്മാർ ചെന്നു അവനെ മോഷ്ടിച്ചിട്ടു, അവൻ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേറ്റു എന്നു ജനത്തോടു പറയുകയും ഒടുവിലത്തെ ചതിവു മുമ്പിലത്തേതിലും വിഷമമായി തീരാതിരിക്കേണ്ടതിനു മൂന്നാം നാൾ വരെ കല്ലറ ഉറപ്പാക്കുവാൻ കല്പിക്ക എന്നു പറഞ്ഞു. (മത്തായി: 27: 62–65).

** അന്നു ഒരുക്കനാളും ആ ശബ്ബത്ത് നാൾ വലിയതും ആകകൊണ്ട് ശരീരങ്ങൾ ശബ്ബത്തിൽ ക്രൂശിന്മേൽ ഇരിക്കരുത് എന്നുവെച്ച് അവരുടെ കാൽ ഒടിച്ചു എടുപ്പിക്കേണം എന്നു യഹൂദന്മാർ പിലാത്തോസിനോടു അപേക്ഷിച്ചു. ആകയാൽ പടയാളികൾ വന്ന് ഒന്നാമത്തവന്റേയും അവനോടു കൂടെ ക്രൂശിക്കപ്പെട്ട മറ്റവന്റേയും കാൽ ഒടിച്ചു. (യോഹ: 19:31–32).

നായ നിലയിൽ അനുഭവിച്ച ഏറ്റവും തീക്ഷ്ണമായ ആ ശിക്ഷയുടെ സമയത്ത് അദ്ദേഹത്തിന് ശ്വാസകോശവീക്ക (pleurisy) ബാധയുണ്ടായി എന്ന് പറഞ്ഞാൽ അതിൽ അത്ഭുതപ്പെടേണ്ടതില്ല. ശാരീരികമായ കടുത്ത സമ്മർദ്ദാവസ്ഥ ശ്വാസകോശാവരണത്തിൽ (pleura) നീർക്കെട്ടിനു കാരണമായേക്കാം. ഒരർത്ഥത്തിൽ അപകടകരമായ ഈ അവസ്ഥ യേശുവിന് ഗുണകരമായി ഭവിച്ചതായി കാണുന്നു. അദ്ദേഹത്തിന്റെ പാർശഭാഗം കുന്തം കൊണ്ട് കുത്തിയപ്പോൾ വീങ്ങിയ പ്ളൂറ അഥവാ ശ്വാസകോശാവരണം ഒരു കുഷൻ പോലെ നെഞ്ചിനകത്തെ അവയവങ്ങളെ നേരിട്ട് ക്ഷതപ്പെടുത്തുന്നതിൽ നിന്നും രക്ഷപ്പെട്ടുത്തുകയുണ്ടായി. ശക്തമായി സ്പന്ദിച്ചുകൊണ്ടിരിക്കുന്ന ഹൃദയമുള്ളത് കാരണമാണ് രക്തം കലർന്ന വെള്ളം യേശുവിന്റെ ശരീരത്തിൽ നിന്നും പുറത്തേക്ക് കുതിച്ചു ചാടിയത്.

മറ്റൊരു തെളിവ് ഇപ്രകാരമാണ്. ബൈബിൾ വിവരണപ്രകാരം യേശുവിന്റെ ശരീരം അരിമത്യക്കാരനായ ജോസഫിന് കൈമാറിയപ്പോൾ ഉടൻ തന്നെ അത് സംസ്കരിക്കാൻ വേണ്ടി ഒരു രഹസ്യസ്ഥലത്തേക്ക് കൊണ്ടുപോയിരുന്നു. അത് ഒരു കല്ലറയായിരുന്നു. യേശുവിനെ കൂടാതെ മറ്റു രണ്ടുപേർക്ക് ഇരിക്കാനും ശുശ്രൂഷിക്കാനും കൂടി വലിപ്പമുള്ള വിസ്താരമേറിയ ഒരു കല്ലറയായിരുന്നു അത്.

*“എന്നാൽ മറിയ കല്ലറക്കൽ പുറത്ത് കരഞ്ഞുകൊണ്ടു നിന്നു. കരയുന്നതിനിടയിൽ അവർ കല്ലറയിൽ കുനിഞ്ഞു നോക്കി. യേശുവിന്റെ ശരീരം കിടന്നിരുന്ന ഇടത്തു വെള്ള വസ്ത്രം ധരിച്ച് രണ്ട് ദൂതന്മാർ ഒരുത്തൻ തലക്കലും ഒരുത്തൻ കാൽക്കലും ഇരിക്കുന്നത് കണ്ടു.” (യോഹ 20:10)*

ബൈബിൾ പുതിയ നിയമത്തിൽ നിന്നും ഇക്കാര്യം മാത്രമല്ല യേശുവിന്റെ മുറിവുകളിൽ പുരട്ടാൻ ഒരു ലേപന ഔഷധം അവിടെ മുൻകൂട്ടി തയ്യാർ ചെയ്യപ്പെട്ടിരുന്നതായും നാം അറിയുന്നു.* വ്രണങ്ങൾ ഉണക്കാനും വേദന ശമിപ്പിക്കാനും ഉള്ള ഔഷധകൂട്ടുകളുള്ള ഈ ലേപനൗഷധം യേശുവിന്റെ ശിഷ്യന്മാരാണ് തയ്യറാക്കിയത്. പന്ത്രണ്ടോളം ഔഷധക്കൂട്ടുകളുള്ള ഈ ലേപനം തയ്യാറാക്കാൻ അവർ ഇത്രമാത്രം പാടുപെട്ടതെന്തിനായിരുന്നു.? ഇബ്നുസീനയുടെ* വിശ്വപ്രസിദ്ധമായ ‘അൽഖാനൂൻ’ എന്ന വൈദ്യശാസ്ത്രഗ്രന്ഥത്തിലും മറ്റു നിരവധി ക്ലാസിക് വൈദ്യശാസ്ത്രഗ്രന്ഥങ്ങളിലും ഈ ഔഷധച്ചാർത്തിനെ പററി പ്രതിപാദനമുണ്ട്. (അത്തരം ഗ്രന്ഥങ്ങളുടെ അനുബന്ധം അന്യത്ര ചേർത്തിട്ടുണ്ട്). ഒരു

---

* ആദ്യം രാത്രിയിൽ അവന്റെ അടുക്കൽ വന്ന നിക്കൊദേമൊസും ഏകദേശം നൂററാത്തൽ മൂറും അകിലും കൊണ്ടുള്ള ഒരു കൂട്ടുകൊണ്ടുവന്നു. (യോഹ: 19:39, 40).

മൃതശരീരത്തിന് ഔഷധലേപനം പുരട്ടേണ്ട ആവശ്യം എന്തുണ്ട്? യേശു മരിക്കാതെ ജീവനോടെ തന്നെ കുരിശിൽ നിന്നും മോചിതനാവുമെന്ന് ശിഷ്യന്മാർ വിശ്വസിച്ചിരുന്നിരിക്കണം, എങ്കിൽ മാത്രമേ അവരുടെ ഈ പ്രവൃത്തി സാർത്ഥകമാകുകയുള്ളൂ. ലേപനൗഷധം ഉണ്ടാക്കിയതിനും യേശുവിന്റെ ശരീരത്തിൽ ലേപനം പുരട്ടിയതിനും ഒരു വിശദീകരണം നൽകാൻ പണിപ്പെട്ടത് യോഹന്നാൻ മാത്രമാണ്. മൃതശരീരത്തിന്മേൽ ഔഷധലേപനം പുരട്ടുക എന്നത് തികച്ചും അസാധാരണമായ ഒരു പ്രവൃത്തിയാണ്. യേശു മരിച്ചു എന്ന് വിശ്വസിക്കുന്നവർക്ക് ഇത് വിശദീകരിക്കാൻ പ്രയാസമാണ്. ഇതുകൊണ്ടാണ് സുവിശേഷകാരനായ യോഹാന്നൻ ഇതിന് വിശദീകരണം നൽകേണ്ടിവന്നത്. മൃതദേഹത്തിൽ സുഗന്ധതൈലമോ, ലേപനമോ പുരട്ടുക എന്നത് ഒരു യഹൂദസമ്പ്രദായമാണെന്നും അതുകൊണ്ടാണ് അപ്രകാരം ചെയ്യാൻ കാരണമെന്നുമുള്ള അഭിപ്രായമാണ് യോഹന്നാൻ പ്രകടിപ്പിക്കുന്നത്. ആധുനിക ഗവേഷകന്മാർ ഇത് സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ നടത്തിയപ്പോൾ യോഹാന്നാൻ ജൂതവംശജനായിരുന്നില്ല എന്ന അഭിപ്രായത്തിലാണ് എത്തിച്ചേർന്നത്. യോഹാന്നാന്റെ യഹൂദസമ്പ്രദായത്തെപ്പറ്റിയുള്ള അജ്ഞതയാർന്ന ഈ പ്രസ്താവന ഇത് തെളിയിക്കുന്നു. യഹൂദരോ, ഇസ്രായേൽ ഗോത്രത്തിലെ ഏതെങ്കിലുമൊരു വിഭാഗമോ ഒരിക്കലും തന്നെ യാതൊരു തരത്തിലുള്ള ലേപനങ്ങളും മൃതദേഹത്തിൽ പൂശിയിരുന്നില്ല. അതുകൊണ്ടാണ് പണ്ഡിതന്മാർ യോഹന്നാൻ യഹൂദവംശജനല്ല എന്ന അഭിപ്രായത്തിലെത്തിച്ചേർന്നത്. യഹൂദനായിരുന്നുവെങ്കിൽ യഹൂദാചാരത്തെ സംബന്ധിച്ച് ഇത്രമാത്രം അജ്ഞത അദ്ദേഹം പ്രകടിപ്പിക്കുമായിരുന്നില്ല..

മരണത്തോടടുത്തു കടുത്ത ബോധശൂന്യാവസ്ഥയിൽ നിന്നും യേശുവിനെ രക്ഷപ്പെടുത്താനായിരുന്നു ലേപനൗഷധം പുരട്ടിയത്. ഇതു സംബന്ധിച്ച് സത്യസന്ധമായ ഒരേയൊരു വിശദീകരണം ഇത് മാത്രമാണ്. അതായത് യേശു കുരിശിൽ വെച്ചു മരിക്കുമെന്ന് അദ്ദേഹത്തിന്റെ ശിഷ്യന്മാർ ഒരിക്കലും പ്രതീക്ഷിച്ചിട്ടില്ല, യഥാർത്ഥത്തിൽ കുരിശിൽ വെച്ച് അദ്ദേഹം മരിച്ചിട്ടുണ്ടായിരുന്നില്ല. കുരിശിൽ നിന്നും എടുക്കപ്പെട്ട ശരീരത്തിന് ലേപനം പുരട്ടുന്നതിനു മുമ്പ് ജീവന്റെ ലക്ഷണമുണ്ടായിരുന്നിരിക്കണം.

* **ഇബ്നുസീന** (980-1037): അവിസെന്ന എന്ന പേരിൽ യൂറോപ്പിൽ അറിയപ്പെടുന്ന വിശ്വപ്രസിദ്ധനായ വൈദ്യശാസ്ത്രപ്രതിഭ. തുർക്കിസ്ഥാനിലെ ബുഖാറക്ക് സമീപമുള്ള അഫ്ഷാനയിൽ ജനിച്ചു. തത്ത്വചിന്ത, ഗോളശാസ്ത്രം, ഗണിതം, ഊർജ്ജതന്ത്രം എന്നീ വിജ്ഞാന ശാഖകളിലെല്ലാം ആധികാരിക ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. 'അൽഖാനൂനു ഫി ത്തിബ്ബ്' എന്ന വൈദ്യശാസ്ത്ര ഗ്രന്ഥം ഇബ്നുസീനയെ ലോകപ്രശസ്തനാക്കി. വൈദ്യശാസ്ത്രത്തിലെ അവസാന വാക്ക് എന്ന് കരുതപ്പെട്ടിരുന്ന ഈ ഗ്രന്ഥം 18ാം നൂറ്റാണ്ടുവരെ യൂറോപ്പിലെ സർവ്വകലാശാലകളിൽ പാഠപുസ്തകമായിരുന്നു. പതിനെട്ടാം വയസ്സിൽ കൊട്ടാരവൈദ്യനായിത്തീർന്ന ഇബ്നുസീന 10ാം വയസ്സിൽ ഖുർആൻ മനഃപ്പാഠമാക്കിയ മതപണ്ഡിതൻ കൂടിയായിരുന്നു. (വിവ:)

അല്ലാത്തപക്ഷം ആ പ്രവൃത്തി അങ്ങേയറ്റം വിഡ്ഢിത്തവും നീതികരണ മില്ലാത്തതും നിഷ്പ്രയോജനകരവുമായിത്തീരുന്നു. യേശു കുരിശിൽ മരിക്കില്ലെന്നും എന്നാൽ ഗുരുതരമായി പരിക്കേറ്റ നിലയിൽ കുരിശിൽ നിന്ന് എടുക്കപ്പെടുമെന്നുമുള്ള ശക്തമായ സൂചന ലഭിച്ചെങ്കിലല്ലാതെ വീര്യവത്തായ ശമനകാരികളുപയോഗിച്ച് ഇത്തരത്തിൽ ഒരു ഔഷധക്കൂട്ട് തയ്യാറാക്കൻ സ്വാഭാവികമായും സാധ്യതയില്ല.

മറ്റൊരു കാര്യം മനസ്സിൽ സൂക്ഷിക്കേണ്ടത് കല്ലറയുള്ള സ്ഥലം യേശുവിന്റെ ശിഷ്യന്മാരിൽ കുറച്ച് പേർക്ക് മാത്രം അറിയാവുന്ന ഒരു രഹസ്യസങ്കേതമായിരുന്നു എന്നതാണ്. അവിടെ സുരക്ഷിതമായ കാവലുണ്ടായിരുന്നു. യേശുവിന് ഈ അവസരത്തിൽ ജീവനുണ്ടായിരുന്നെന്നും അപകടനില തരണം ചെയ്യാത്ത അവസ്ഥയിലായിരുന്നുവെന്നും വ്യക്തമായും ഇതിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

കല്ലറയിൽ സംഭവിച്ചതെന്താണ്? ഈ വിഷയം പലവിധത്തിലും ചർച്ച ചെയ്യാവുന്നതാണ്. കല്ലറയിൽ നിന്നും നടന്നുപോയ മനുഷ്യൻ യഥാർത്ഥത്തിൽ അതിനുമുമ്പ് കുരിശിൽ വെച്ച് മരിച്ചിരുന്നുവെന്നും അതിനുശേഷം കല്ലറയിൽ വെച്ച് ഉയിർത്തെഴുന്നേറ്റതാണെന്നുമുള്ള ക്രിസ്തീയ വാദം വിമർശനാത്മകമായി പരിശോധനയ്ക്ക് വിധേയമാക്കാനോ തെളിയിക്കാനോ ഒരിക്കലും സാധ്യമല്ല. ക്രിസ്ത്യാനികളുടെ വിശ്വാസത്തിൽ തന്നെ നമുക്കുവേണ്ട ഒരേയൊരു തെളിവുണ്ട്. അതായത് കല്ലറയിൽ നിന്നു നടന്നുപോയ യേശുവിന്റെ ശരീരം മൂന്ന് ദിവസം മുമ്പ് ക്രൂശീകരണത്തിന് വിധേയമായ അതേ ശരീരം തന്നെയായിരുന്നു എന്നതാണ് ആ തെളിവ്. ആ ശരീരത്തിൽ ക്രൂശീകരണവേളയിലെ മുറിവുകളും അടയാളങ്ങളുമുണ്ടായിരുന്നു. അതേ ശരീരവുമായി അദ്ദേഹം നടന്നുപോകുന്നത് കണ്ടുവെങ്കിൽ നമുക്ക് എത്തിച്ചേരാവുന്ന ഒരേയൊരു നിഗമനം അദ്ദേഹം കുരിശിൽ മരിച്ചിരുന്നില്ല എന്നാണ്.

യേശുവിന്റെ ജീവിതം പഴയതിന്റെ തുടർച്ച തന്നെയായിരുന്നുവെന്ന് തെളിയിക്കുന്ന മറ്റൊരു തെളിവ് ഇപ്രകാരമാണ്. കുരിശ് സംഭവത്തിനു ശേഷം മൂന്ന് രാവും മൂന്ന് പകലും അദ്ദേഹത്തെ ശിഷ്യന്മാരല്ലാതെ പൊതുജനങ്ങളാരും കണ്ടിട്ടില്ല. മറ്റൊരർത്ഥത്തിൽ അദ്ദേഹത്തിന്റെ വിശ്വസ്തരായവർ മാത്രമേ കണ്ടിട്ടുണ്ടായിരുന്നുള്ളൂ. പകൽനേരം അദ്ദേഹം സഞ്ചരിച്ചിരുന്നില്ല. ഇരുളിന്റെ മറവുകളിൽ വെച്ചായിരുന്നു കൂടിച്ചേരലുകൾ നടത്തിയിരുന്നത്. അപകടം പതിയിരുന്ന സ്ഥലങ്ങളിൽ നിന്നെല്ലാം അദ്ദേഹം രഹസ്യത്തിലും പെട്ടെന്നും ഒഴിഞ്ഞുമാറുകയാണുണ്ടായിരുന്നതെന്ന് ബൈബിൾ വിവരണങ്ങളിൽ നിന്നും നമുക്ക് നിരൂപിച്ചെടുക്കാം. ചോദ്യമിതാണ്: യേശുവിന്റെ ആദ്യത്തെ മരണത്തിന് ശേഷം രണ്ടാമതൊരു മരണം അനുഭവിക്കേണ്ടതില്ലാത്ത വിധം പുതിയതും അനശ്വരവുമായ ഒരു ജീവിതമാണ് അദ്ദേഹത്തിന് നൽകപ്പെട്ടതെങ്കിൽ എന്തുകൊണ്ട്

യേശു ഭരണകൂടത്തിലും പൊതുജനങ്ങളിലും പെട്ട ശത്രുക്കളുടെ കണ്ണിൽപ്പെടാതെ ഒളിഞ്ഞു നടന്നു? അദ്ദേഹം യഹൂദികൾക്കും റോമൻ സാമ്രാജ്യത്തിന്റെ പ്രതിനിധികൾക്കും മുമ്പിൽ പ്രത്യക്ഷപ്പെട്ടുകൊണ്ട് 'ഇതാ ഞാൻ ഇവിടെ അനശ്വരജീവിതവുമായി നിൽക്കുന്നു. കഴിയുമെങ്കിൽ നിങ്ങൾ എന്നെ വീണ്ടും കൊല്ലാൻ ശ്രമിക്കുക. നിങ്ങൾക്കതിന് ഒരിക്കലും സാധ്യമല്ല' എന്ന് പറയുകയായിരുന്നു വേണ്ടത്. പക്ഷേ അദ്ദേഹം ഒളിഞ്ഞു താമസിക്കാനാണ് ഇഷ്ടപ്പെട്ടത്. പൊതുജനങ്ങൾക്ക് മുന്നിൽ പ്രത്യക്ഷപ്പെടുവാൻ ആരും യേശുവിനോടു ആവശ്യപ്പെട്ടിരുന്നില്ല. പ്രത്യേകമായി ലോകത്തിന് സ്വയം വെളിപ്പെടാൻ നിർദ്ദേശിക്കപ്പെട്ടപ്പോൾ തന്നെ അദ്ദേഹം അത് നിരസിക്കുകയും ജൂദിയായിൽ നിന്നും അകന്ന് മാറിക്കഴിയുകയുമാണുണ്ടായത്. അത് കാരണം ആർക്കും അദ്ദേഹത്തെ പിന്തുടരാനായില്ല.

*'യൂദാ (ഇസ്കരിയാത്ത് അല്ല) അവനോടു ചോദിച്ചു: 'കർത്താവേ ലോകത്തിനു വെളിപ്പെടുത്താതെ ഞങ്ങൾക്കായിട്ടു നീ സ്വയം വെളിപ്പെടുത്തുന്നത് എന്തുകൊണ്ട്?' (യോഹ: 14:22)*

*'അവർ പോവുന്ന ഗ്രാമത്തോടു അടുത്തപ്പോൾ അവർ മുന്നോട്ടു പോകുന്ന ഭാവം കാണിച്ചു. അവരോ; ഞങ്ങളോടു കൂടെ പാർക്കുക: നേരം വൈകി അസ്തമിപ്പാറായല്ലോ എന്നു പറഞ്ഞു അവനെ നിർബന്ധിച്ചു. അവൻ അവരോടു കൂടെ പാർപ്പാൻ ചെന്നു.' (ലൂക്കോസ് 24:28,29).*

മരണത്തിനും പരുക്കുകൾക്കും വിധേയനാകുന്ന ഒരു നശ്വരമനുഷ്യന്റെ ചിത്രമാണ് ഇവിടെ വരച്ചുകാട്ടിയിരിക്കുന്നത്. യേശു തന്നിലുള്ള മനുഷ്യാംശത്തിൽ നിന്നും മോചിതനായി എന്ന അർത്ഥത്തിൽ മരണം വരിച്ചിട്ടില്ല എന്നാണ് ഇത് സൂചിപ്പിക്കുന്നത്. എന്നാൽ അദ്ദേഹം ഏതൊരവസ്ഥയിൽ ആദ്യം ഉണ്ടായിരുന്നുവോ അതേ പ്രകൃതിയിൽ തന്നെ യാതൊരു മാറ്റവും കൂടാതെ തുടരുകയാണുണ്ടായത്. അദ്ദേഹത്തിന്റെ പഴയ വ്യക്തിത്വവും പുതിയ വ്യക്തിത്വവും വേർതിരിക്കുന്ന ഒരു മരണം അദ്ദേഹത്തിൽ സംഭവിച്ചിട്ടില്ല. സാധാരണഗതിയിൽ ഇതിനെയാണ് നമ്മുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ ജീവിതത്തിന്റെ തുടർച്ച എന്ന് വിളിക്കുന്നത്. യേശു തന്റെ അടുത്ത അനുയായികളേയും സുഹൃത്തുക്കളേയും രാത്രിയുടെ ഇരുളിൽ വെച്ച് രഹസ്യമായി സന്ധിച്ചത് പോലെ തീർച്ചയായും പരലോകത്ത് നിന്നുള്ള ഭൂതമോ ആത്മാവോ പെരുമാറുകയില്ല.

യേശു ഒരു ഭൂതാത്മാവായിരുന്നുവോ എന്ന ചോദ്യം അർത്ഥശങ്കക്കിടയില്ലാത്തവിധം നിഷേധിച്ചത് യേശുവല്ലാതെ മറ്റാരുമായിരുന്നില്ല. അദ്ദേഹം തന്റെ ശിഷ്യന്മാരിൽ ചിലർക്ക് പ്രത്യക്ഷനായപ്പോൾ അത്

യേശു തന്നെയാണോ എന്ന ഭയം അവർക്കുണ്ടായിരുന്നു. അത് ഒരു ഭൂതാത്മാവാണെന്ന് അവർ വിശ്വസിച്ചു. അക്കാര്യം അവർ മറച്ചുവെച്ചില്ല. അവരുടെ വിഷമം കണ്ടറിഞ്ഞ യേശു താൻ ഭൂതമല്ല എന്ന് പറഞ്ഞ് അവരുടെ ഭയം അകറ്റുകയും താൻ ക്രൂശീകരണത്തിനു വിധേയനായ അതേ യേശു തന്നെയാണെന്ന് ഉറപ്പിച്ചു പറയുകയും ചെയ്തു. അപ്പോഴും ഉണങ്ങാത്ത തന്റെ മുറിവുകൾ പരിശോധിച്ച് നോക്കാൻ പോലും അദ്ദേഹം ശിഷ്യന്മാരെ ക്ഷണിച്ചു.* ശിഷ്യന്മാർക്ക് മുൻപിലുള്ള യേശുവിന്റെ പ്രത്യക്ഷപ്പെടൽ യാതൊരർത്ഥത്തിലും അദ്ദേഹത്തിന്റെ മരണത്തിൽ നിന്നുള്ള ഉയിർത്തെഴുന്നേൽപ്പാണെന്ന് സ്ഥാപിക്കപ്പെടുന്നില്ല. എല്ലാ അർത്ഥത്തിലും അദ്ദേഹം മരണത്തെ അതിജീവിച്ചുവെന്നാണ് സ്ഥാപിക്കപ്പെടുന്നത്.

അവരുടെ മനസ്സിൽ ഇപ്പോഴും പതിഞ്ഞുകിടക്കുന്ന സംശയം നീക്കാനെന്ന വണ്ണം അവർ എന്താണ് ഭക്ഷിച്ചുകൊണ്ടിരിക്കുന്നതെന്ന് യേശു ചോദിക്കുകയുണ്ടായി. അവർ റൊട്ടിയും മീനും തിന്നുകൊണ്ടിരിക്കുകയാണെന്ന് പറഞ്ഞു. അപ്പോൾ യേശു വിശപ്പ് കാരണം അവരോട് അപ്പവും വീഞ്ഞും വാങ്ങി കഴിക്കുകയും ചെയ്തു.** യേശു മരിച്ചതിന് ശേഷം ഉയിർത്തെഴുന്നേറ്റതല്ല എന്ന് വീണ്ടും അണുമണിത്തൂക്കം സംശയത്തിന് ഇട നൽകാത്തവിധം ഇത് വ്യക്തമാക്കുന്നു. അതായത് മരിച്ച ഒരാൾ വീണ്ടും ജീവിതത്തിലേക്ക് തിരിച്ചുവന്നു എന്ന അവകാശവാദ

---

* 'ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ആയ ആ ദിവസം, നേരം വൈകിയപ്പോൾ ശിഷ്യന്മാർ ഇരുന്ന സ്ഥലത്തു യഹൂദന്മാരെ പേടിച്ചു വാതിൽ അടച്ചിരിക്കെ യേശുവന്നു നടുവിൽ നിന്നുകൊണ്ടു: നിങ്ങൾക്ക് സമാധാനം എന്നു അവരോടു പറഞ്ഞു. ഇതു പറഞ്ഞിട്ടു കയ്യും വിലാപ്പുറവും അവരെ കാണിച്ചു; കർത്താവിനെ കണ്ടിട്ടു ശിഷ്യന്മാർ സന്തോഷിച്ചു. യേശു പിന്നെയും അവരോടു: നിങ്ങൾക്കു സമാധാനം; പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു എന്നു പറഞ്ഞു. ഇങ്ങനെ പറഞ്ഞശേഷം അവൻ അവരുടെ മേൽ ഊതി അവരോടു; പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ. ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവർക്കു മോചിക്കപ്പെട്ടിരിക്കുന്നു; ആരുടെ പാപങ്ങൾ നിർത്തുന്നുവോ അവർക്കു നിർത്തിയിരിക്കുന്നു എന്നു പറഞ്ഞു'.

'എന്നാൽ യേശു വന്നപ്പോൾ പന്തിരുവനിൽ ഒരുവനായി ദിദിമോസ് എന്ന തോമസ് അവരോടുകൂടെ ഉണ്ടായിരുന്നില്ല. മറ്റേ ശിഷ്യന്മാർ അവനോടു; ഞങ്ങൾ കർത്താവിനെ കണ്ടു എന്നുപറഞ്ഞാറെ; ഞാൻ അവന്റെ കൈകളിൽ ആണിപ്പഴുതു കാണുകയും ആണിപ്പഴുതിൽ വിരൽ ഇടുകയും ചെയ്തിട്ടല്ലാതെ വിശ്വസിക്കയില്ല എന്ന് അവൻ അവരോടു പറഞ്ഞു'.

'എട്ടു ദിവസം കഴിഞ്ഞിട്ടു ശിഷ്യന്മാർ പിന്നെയും അകത്തുകൂടിയിരിക്കുമ്പോൾ തോമസും ഉണ്ടായിരുന്നു. വാതിൽ അടച്ചിരിക്കെ യേശു വന്നു നടുവിൽ നിന്നുകൊണ്ടു: നിങ്ങൾക്കു സമാധാനമെന്നുപറഞ്ഞു. പിന്നെ തോമസിനോടു നിന്റെ വിരൽ ഇങ്ങോട്ടു നീട്ടി എന്റെ കൈകളെ കാൺകെ നിന്റെ കൈ നീട്ടി എന്റെ വിലാപുറത്തു ഇടുക. അവിശ്വാസി ആകാതെ വിശ്വാസിയായിരിക്കുക എന്നുപറഞ്ഞു'. (യോഹ: 20;19-27)

** 'അവർ സന്തോഷത്താൽ വിശ്വസിക്കാതെ അതിശയിച്ചു നിൽക്കുമ്പോൾ അവരോടു: 'തിന്നാൻ വല്ലതും ഇവിടെ നിങ്ങളുടെ പക്കൽ ഉണ്ടോ എന്നു ചോദിച്ചു. അവർ ഒരു ഖണ്ഡം വറുത്ത മീനും തേൻ കട്ടയും അവനു കൊടുത്തു' (ലൂക്കോസ് ; 24: 41, 42).

ത്തിന്നെതിരാണിത്. യേശു അത്തരത്തിൽ പുനരുജ്ജീവിപ്പിക്കപ്പെട്ടു എന്നു വിശ്വസിക്കാമെങ്കിൽ ഇരട്ടി പ്രശ്നങ്ങളാണുണ്ടാവുക.

മുൻപ് അവകാശപ്പെട്ടിരുന്നത് പോലെ യേശു ഇപ്പോഴും ഒരു മനുഷ്യദൈവസങ്കര ജീവിയായിരുന്നെങ്കിൽ അദ്ദേഹത്തിന്നുള്ളിലെ മനുഷ്യനിൽ നിന്നും അദ്ദേഹം മോചിതനായിട്ടില്ല. ഇത് അത്യന്തം പ്രശ്നസങ്കീർണമായ ഒരു സാഹചര്യം സൃഷ്ടിക്കുന്നു. മരണം എങ്ങനെയാണ് അദ്ദേഹത്തിൽ അല്ലെങ്കിൽ അവരിൽ (ദൈവം + മനുഷ്യൻ) പ്രവർത്തിച്ചത്? യേശുവിലെ മനുഷ്യനാണോ മരണം വരിച്ചത് അതോ യേശുവിലെ ദൈവമോ? യേശുവിന്റെ ആ മൺശരീരത്തിൽ നിന്നും ദൈവത്തിന്റേയും മനുഷ്യന്റേയും ആത്മാവ് ഒരേസമയം വേർപിരിഞ്ഞു പോകുകയും പിന്നീട് ഒരേ സമയം തിരിച്ചു വരികയുമാണോ ചെയ്തത്? അവർ രണ്ടു പേരുടെ ആത്മാവ് ഒരുമിച്ചായിരുന്നോ നരകസന്ദർശനം നടത്തിയത്? അതല്ല മനുഷ്യാത്മാവിനെ കൂടാതെ യേശുവിലുള്ള ദൈവാത്മാവ് മാത്രമാണോ യേശുവിന്റെ ശരീരത്തിൽ തിരിച്ചുവന്നത്? ആളുകളെ അത്ഭുതപരതന്ത്രരാക്കിക്കൊണ്ട് ആ ഒരാത്മാവ് എങ്ങോട്ടേക്കാണ് കടന്നുകളഞ്ഞത്? നരകത്തിലേക്കായിരുന്നോ ആ യാത്ര? അതായത് നരകത്തിലേക്കുള്ള അവസാനയാത്രയായിരുന്നുവോ?! മൂന്ന് പകലും മൂന്ന് രാവും മാത്രമായിരുന്നോ അദ്ദേഹത്തിനകത്തെ ദൈവാത്മാവ് ബന്ധനസ്ഥനായിരുന്നത്? യേശുവിനകത്തെ പിതാവായ ദൈവമോ അതല്ല പുത്രനായ യേശുവോ ആരാണ് ബന്ധനസ്ഥനായത്? ഈ പ്രശ്നം ശാശ്വതമായി പരിഹരിച്ച് ഇതു സംബന്ധമായി ഞങ്ങൾക്ക് വ്യക്തമായ ഒരു ചിത്രം നൽകേണ്ടതുണ്ട്. യേശുവിന്റെ ശരീരം ഭാഗികമായി ദൈവത്തിന്റേതും ഭാഗികമായി മനുഷ്യന്റേതുമായിരുന്നോ?

ബൈബിൾ പഴയനിയമവും പുതിയ നിയമവും പഠിക്കുമ്പോൾ നമുക്ക് ലഭിക്കുന്ന ദൈവസങ്കല്പം ദൈവം എന്നത് ശരീരമില്ലാത്ത അരൂപിയും അനശ്വരസത്തയുമാണെന്നാണ്. ദൈവത്തിന്റെ വ്യക്തിസത്തയെ രൂപപ്പെടുത്തുന്നതിൽ ഭൗതികപദാർത്ഥങ്ങൾക്ക് യാതൊരു പങ്കുമില്ല. ഈ സ്ഥിതിയിൽ മറിയയുടെ ഗർഭപാത്രത്തിൽ ഭ്രൂണാവസ്ഥയിൽ യേശു കടന്നുപോയ വിവിധ ഘട്ടങ്ങളെക്കുറിച്ച് നമുക്കൊന്ന് അവലോകനം ചെയ്യാം. യേശുവിനെ പ്രത്യുൽപാദിപ്പിക്കാനാവശ്യമായ സകല പദാർത്ഥങ്ങളും അദ്ദേഹത്തിന്റെ മനുഷ്യമാതാവാണ് പ്രദാനം ചെയ്തത്. ഒരു അണു മാത്രപോലും പിതാവായ ദൈവത്തിന്റേതായില്ല. തീർച്ചയായും ദൈവം അദ്ദേഹത്തെ അത്ഭുതകരമായ രീതിയിൽ സൃഷ്ടിച്ചതായിരിക്കാം. പക്ഷേ എന്റെ വീക്ഷണപ്രകാരം അത്ഭുതകരമായി കാണപ്പെട്ടാലും അല്ലെങ്കിലും മനുഷ്യസൃഷ്ടിപ്പ് മനുഷ്യസൃഷ്ടിപ്പ് തന്നെയാണ്. പിതാവിന്റേയും മാതാവിന്റേയും ഭാഗത്തു നിന്നുള്ള പദാർത്ഥങ്ങൾ തുല്യമായോ ഭാഗികമായോ പങ്കിട്ടുകൊണ്ടാണ് മനുഷ്യശിശു ജനിക്കുന്നത്. ചുരുങ്ങിയ പക്ഷം ശിശു

വിന്റെ ശരീരത്തിലെ എതെങ്കിലും ഒരു ഭാഗം പിതാവിൽ നിന്ന് ലഭിക്കേണ്ടിയിരിക്കുന്നു. ഈ പുംദാതാവിനെയാണ് നമുക്ക് പിതാവായി അംഗീകരിക്കാൻ കഴിയുക.

ഈ മനുഷ്യഭ്രൂണം രൂപപ്പെടുത്തുന്നതിൽ പിതാവ് യാതൊരു പങ്കും വഹിച്ചിട്ടില്ല എന്നത് ഇതിൽ നിന്നും വായനക്കാരന് വളരെ വ്യക്തമായി മനസ്സിലാവുന്നു. ഹൃദയ വ്യവസ്ഥ, ശ്വസനവ്യവസ്ഥ, പ്രാഥമികവ്യവസ്ഥ, സിരാവ്യവസ്ഥ, കോശവ്യവസ്ഥ, കേന്ദ്രനാഡീവ്യവസ്ഥ മുതലായവയെല്ലാം രൂപപ്പെട്ടത് മനുഷ്യമാതാവിന്റെ ഭാഗത്തു നിന്നു മാത്രമാണ്. യേശുവിന്റെ ശരീരഘടനയിൽ ദൈവത്തിന്റെ ആത്മാവല്ലാതെ മറ്റൊന്നും യേശു സ്വീകരിച്ചിട്ടില്ല എന്നിരിക്കെ, എവിടെയാണ് യേശുവിൽ ദൈവത്തിന്റെ പുത്രത്വത്തിന്റെ ഘടകമുള്ളത്? യേശുവും ദൈവവും തമ്മിലുള്ള ബന്ധത്തെപറ്റിയുള്ള ഈ നൂതന സങ്കല്പത്തിന് ആളുകൾക്ക് മനസ്സിലാവുന്ന മറ്റെന്തെങ്കിലും വിശദീകരണം നൽകിയാലും ഒരിക്കലുമത് പിതൃപുത്രബന്ധമാണെന്ന് പറയാൻ സാധ്യമല്ല.

## അദ്ധ്യായം 5

# പുനരുജ്ജീവനമോ പുനരുത്ഥാനമോ?
# (REVIVAL OR RESURRECTION)

മരണത്തിൽ നിന്നുമുള്ള യേശുവിന്റെ പുനരുജ്ജീവനം എന്ന സങ്കല്പം നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. അതിൽ ചിലതെല്ലാം കഴിഞ്ഞ അദ്ധ്യായത്തിൽ ചർച്ച ചെയ്തുകഴിഞ്ഞു. ഇപ്പോൾ നാം മറ്റു ചില പ്രശ്നങ്ങളിലേക്കും സങ്കീർണ്ണതകളിലേക്കും ശ്രദ്ധ തിരിക്കുക യാണ്.

ക്രൂശീകരണത്തിന് മുമ്പും മരണത്തിൽ നിന്നു പുനരുജ്ജീവിച്ചതിന് ശേഷവുമുള്ള അദ്ദേഹത്തിന്റെ മനസ്സിന്റെ പ്രകൃതിയാണ് നാമിപ്പോൾ ചർച്ച ചെയ്യുന്നത്. മൂന്ന് പകലും മൂന്ന് രാത്രിയും പ്രവർത്തനരഹിതമാ യതിന് ശേഷം അദ്ദേഹത്തിന്റെ മനസ്സ് വീണ്ടും സജീവമാകുകയായി രുന്നു. ചോദ്യമിതാണ്, മരിക്കുമ്പോൾ യേശുവിന്റെ മസ്തിഷ്കത്തിന് വാസ്തവത്തിൽ എന്താണ് സംഭവിച്ചത്? മസ്തിഷ്കം ഏതാനും മിനുട്ട് നേരത്തേക്കു മരിച്ചുപോയെങ്കിൽ അത് കാലാകാലത്തേക്കും നിശ്ചേത നമാവും എന്നാണ് ചുരുങ്ങിയ പക്ഷം ക്രൈസ്തവ-അക്രൈസ്തവ വൈദ്യശാസ്ത്ര വിദഗ്ദ്ധന്മാരുടെ എല്ലാവരുടെയും പൊതുവെയുള്ള അഭി പ്രായം. രക്തചംക്രമണം നിലക്കുന്നതോടെ മസ്തിഷ്ക കോശങ്ങൾ വിഘടനത്തിന് വിധേയമാവും.

യേശു ക്രൂശീകരണവേളയിൽ മരിച്ചുവെങ്കിൽ അതിന്നർത്ഥം അദ്ദേ ഹത്തിന്റെ ഹൃദയം പ്രവർത്തനരഹിതമാവുകയും മസ്തിഷ്കത്തിലേക്ക് രക്തം വിതരണം ചെയ്യുന്ന പ്രവർത്തനം നിലക്കുകയും ഉടൻ തന്നെ മസ്തിഷ്ക മരണം (Brain Death) സംഭവിക്കുകയും ചെയ്തുവെന്നാ ണ്. അദ്ദേഹത്തിന്റെ മുഴുവൻ ജൈവിക പ്രവർത്തനങ്ങളും നിലച്ചുപോ യാലല്ലാതെ അദ്ദേഹത്തെ മരിച്ചവനായി പ്രഖ്യാപിക്കാൻ സാധ്യമല്ല. അങ്ങനെയാണെങ്കിൽ യേശുവിന്റെ ജീവിതത്തേയും മരണത്തേയും കുറി ച്ചുള്ള നിരവധി സമസ്യകൾ നാം അഭിമുഖീകരിക്കേണ്ടി വരും.

യേശുവിന് മരണം സംഭവിച്ചാൽ അതിനർത്ഥം അദ്ദേഹത്തിന്റെ പ്രാണശരീരം അഥവാ നാം വിളിക്കുന്ന ആത്മാവ് അദ്ദേഹത്തിന്റെ സ്ഥൂല പഞ്ജരം ആകുന്ന ഭൗതിക ശരീരത്തിൽ നിന്നും എന്നെന്നേക്കുമായി വേർപ്പെട്ടു എന്നാണർത്ഥം. അപ്രകാരം തന്നെ അദ്ദേഹത്തിന്റെ പുനരു

ജ്ജീവനം എന്നാൽ മൂന്ന് ദിവസങ്ങൾക്കു മുമ്പ് വേർപ്പെട്ടുപോയ പ്രാണൻ അതേ ഭൗതികശരീരത്തിലേക്ക് തിരിച്ചുവരികയും ചെയ്തിരിക്കണം എന്നുമാണ്. അത്തരത്തിൽ തിരിച്ചുവന്ന പ്രാണൻ ഭൗതിക ശരീരമാകുന്ന ജീവഘടികാരത്തെ വീണ്ടും സ്പന്ദിപ്പിച്ചു തുടങ്ങുകയും വേണം. അങ്ങനെ സംഭവിക്കുമ്പോൾ വിഘടനം ആരംഭിച്ച് മൃതപിണ്ഡമായിക്കഴിഞ്ഞ മസ്തിഷ്ക കോശങ്ങൾക്ക് ജീവൻ വെക്കുകയും, മരിച്ചതിനുശേഷം വേഗത്തിൽ തുടങ്ങിയ രാസപ്രവർത്തനം മൂലമുള്ള ജീർണ്ണന പ്രക്രിയ പൂർണമായും നേർവിപരീത ദിശയിൽ പ്രവർത്തിക്കാൻ ആരംഭിക്കുകയും ചെയ്തിരിക്കണം. ഇത് അനവധി പ്രശ്നങ്ങളുമായി കെട്ടുപിണഞ്ഞു കിടക്കുന്നു. ഈ സമസ്യ ക്രൈസ്തവ ജൈവ രസതന്ത്ര ശാസ്ത്രജ്ഞർക്കെല്ലാം ഒരു വെല്ലുവിളിയായി അവശേഷിക്കുകയും ചെയ്യും. കേന്ദ്രനാഡീ വ്യവസ്ഥയിൽ സംഭവിച്ച ജീർണ്ണനത്തിന്റെ മുഴുവൻ ജൈവരാസപ്രവർത്തനങ്ങളും നേർ വിപരീത ദിശയിൽ പ്രവർത്തിക്കുന്നത് എങ്ങനെയാണ് വിശദീകരിക്കുക? ശാസ്ത്രജ്ഞന്മാരുടെ വിദൂരഭാവനകൾക്കുപോലും അപ്പുറത്താണിത്. അങ്ങനെയാണ് സംഭവിച്ചതെങ്കിൽ തീർച്ചയായും അതൊരു അത്ഭുതം ആണ്. ശാസ്ത്രജ്ഞന്മാരെ പരാജയപ്പെടുത്തുകയും ദൈവം തന്നെ സൃഷ്ടിച്ച പ്രകൃതി നിയമത്തെ പരിഹസിക്കുകയുമായിരിക്കും അത്. ഇനി അതൊരു അത്ഭുതമാണെങ്കിൽ തന്നെ പ്രശ്നം അതുകൊണ്ടൊന്നും പരിഹൃതമാവുന്നതുമല്ല.

അത്തരത്തിലൊരു പുനരുജ്ജീവനമെന്നാൽ കേന്ദ്രനാഡീവ്യവസ്ഥയിലെ കോശങ്ങളുടെ പുനരുജ്ജീവനം മാത്രമല്ല. അത് വാസ്തവത്തിൽ അവയുടെയെല്ലാം പ്രവർത്തന സംയോജനം കൂടിയാണ്. അങ്ങനെ അതേ കോശങ്ങൾ പുനർസൃഷ്ടിക്കപ്പെടുകയും പഴയതുപോലെ വീണ്ടും സജീവമാകുകയും ചെയ്താൽ പോലും അത് പഴയ ഓർമ്മകളൊന്നും അവശേഷിക്കാത്ത പുതിയ ഒരു കൂട്ടം കോശങ്ങളായിരിക്കും. യേശുവിന്റെ ജീവിതവുമായി ബന്ധപ്പെട്ടതും അദ്ദേഹത്തിന്റെ മനസ്സിന്റെ മരണത്തോടെ മസ്തിഷ്കത്തിൽ നിന്ന് തുടച്ചുമാറ്റപ്പെട്ടതുമായ ആ ഓർമ്മകളെല്ലാം വീണ്ടും പൂർണരൂപത്തിൽ പുനർസൃഷ്ടിക്കേണ്ടി വരും.

ജീവിതമെന്നാൽ നമുക്കറിയുന്നത് പോലെ മസ്തിഷ്കത്തിലെ കോടിക്കണക്കിന് ന്യൂറോണുകളിൽ ഉള്ളടക്കം ചെയ്ത വിവരങ്ങൾ നൽകുന്ന ബോധം ഉൾക്കൊള്ളുന്നതാണ്. ആ വിവരങ്ങളെല്ലാം പഞ്ചേന്ദ്രിയങ്ങളിൽ നിന്നും ലഭിക്കുന്ന അതീവ സങ്കീർണ്ണമായതും കമ്പ്യൂട്ടർ ബിറ്റുകളെ പോലെ പരസ്പരം ബന്ധപ്പെട്ട വിവരങ്ങളുമാണ്. അവ ഉപവിഭാഗങ്ങളായി വിഭജിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ആ വിവരങ്ങളടങ്ങിയ ഡാറ്റകളെല്ലാം തുടച്ചുനീക്കപ്പെട്ടാൽ അതോടൊപ്പം ജീവിതവും സ്വയം തന്നെ തുടച്ചുനീക്കപ്പെടും. ആയതിനാൽ യേശുവിന്റെ മസ്തിഷ്കത്തിന്റെ പുനരുജ്ജീവനമെന്നാൽ, ഒരു പുതിയ സോഫ്റ്റ്വെയർ

ഉപയോഗിച്ചുള്ള തികച്ചും ഒരു പുതിയ ബ്രെയ്ൻ കമ്പ്യൂട്ടറിന്റെ സംരചനയും നിർമ്മാണവും എന്നാണ്. ഈ സങ്കീർണതകൾ യേശുവിന്റെ മസ്തിഷ്കത്തിനു പുറമേയുള്ള ശരീരത്തിന്റെ രസതന്ത്രവുമായി കൂടി ബന്ധപ്പെട്ടതാണ്. ശരീരത്തെ പുനരുജ്ജീവിപ്പിക്കാൻ ജീർണ്ണന പ്രക്രിയയിൽ നഷ്ടപ്പെട്ടുപോയ എല്ലാ വസ്തുക്കളേയും വീണ്ടെടുത്തുകൊണ്ട് അതിബൃഹത്തായ ഒരു രാസപുനസ്സംഘടനാപ്രക്രിയ പ്രാവർത്തികമാക്കേണ്ടതുണ്ട്. അത്തരത്തിലുള്ള വമ്പിച്ച ഒരു അതിശയം സംഭവിക്കുമ്പോൾ ഉടലെടുക്കുന്ന ചോദ്യമിതാണ്. ആരാണ് പുനരുജ്ജീവിച്ചത്? അത് യേശുവിലെ മനുഷ്യനായിരുന്നുവോ? അതോ യേശുവിലുള്ള ദൈവമോ? ഇതുകൊണ്ടാണ് യേശുവിന്റെ വ്യക്തിത്വം ആരുടേതാണെന്ന് മനസ്സിലാക്കുന്നതിൽ ഞങ്ങൾ ഊന്നൽ നൽകുന്നത്.

യേശു ദൈവപുത്രൻ എന്ന നിലക്കുള്ള തന്റെ മഹാശക്തി പ്രകടിപ്പിക്കുന്നതിൽ ഇടറുകയോ പരാജയപ്പെടുകയോ ചെയ്താൽ മനുഷ്യൻ എന്ന നിലക്ക് മാത്രമാണ് യേശു പരാജയപ്പെട്ടതെന്ന് പറഞ്ഞ് ക്രിസ്ത്യാനികൾ യേശുവിന്റെ ദൈവത്വത്തിൽ അഭയം തേടും. അതുകൊണ്ട് യേശുവിന്റെ ഏത് ഭാഗമാണ് ദൈവമെന്നും ഏത് ഭാഗമാണ് മനുഷ്യനെന്നും വ്യക്തമായി വ്യവച്ഛേദിച്ചു നിർവ്വചിച്ചുതരണമെന്ന് ക്രിസ്ത്യാനികളോട് ആവശ്യപ്പെടാൻ നമുക്ക് എല്ലാ അവകാശങ്ങളുമുണ്ട്. മനുഷ്യനെന്ന നിലയിൽ യേശുവിന് തുടർച്ച ഉണ്ടാവണമെങ്കിൽ അദ്ദേഹത്തിന്നകത്ത് ദൈവത്തിൽ നിന്നും വിഭിന്നമായി മനുഷ്യന്റെ ഒരു മനസ്സ് ആവശ്യമായുണ്ട്. യേശുവിന്റെ മസ്തിഷ്കം പുനരുജ്ജീവിക്കപ്പെട്ടപ്പോൾ അത് യേശുവിനകത്തെ മനുഷ്യാംശത്തിന്റെ പുനരുജ്ജീവനമായിരുന്നു. കാരണം ദൈവാംശത്തിന് നിലനിൽക്കാൻ ഭൗതിക മസ്തിഷ്കത്തിന്റെ ആവശ്യമില്ലല്ലോ. യേശുവിന്റെ ദൈവികസത്ത ഇതിനുമുമ്പ് ഭൂമിയിൽ താൽക്കാലിക വാസം നടത്തിയപ്പോൾ അദ്ദേഹത്തിന്റെ മസ്തിഷ്കം ഒരു സ്വീകരണപാത്രം പോലെയായിരുന്നു വർത്തിച്ചത്. അതായത് ആത്മാവിന്റെ ഒരു മാധ്യമം പോലെ. അതുകൊണ്ട് യേശുവിന്റെ പുനരുജ്ജീവനം എന്നത് യേശുവിലെ മനുഷ്യനു മാത്രം ബാധകമാണ്. അദ്ദേഹത്തിലെ മനുഷ്യാംശം അതേ ശരീരത്തിലേക്ക് മടങ്ങിവരാതെയുള്ള പുനരുജ്ജീവനം അസാധ്യമാണ്.

ഈ സങ്കല്പം അസ്വീകാര്യമാണെങ്കിൽ നമുക്ക് മറ്റൊരു ഗുരുതരമായ പ്രശ്നം അഭിമുഖീകരിക്കേണ്ടി വരും. അതായത് യേശുവിന്റെ ഭൂലോകവാസവേളയിൽ അദ്ദേഹത്തിൽ രണ്ട് സ്വതന്ത്രമനസ്സുകൾ വർത്തിച്ചിരുന്നുവെന്ന് കരുതേണ്ടി വരും. ഒന്ന് മനുഷ്യന്റേതും മറ്റൊന്ന് ദൈവത്തിന്റേയും. രണ്ട് പേരും ഒരേ ശരീരത്തിൽ സഹവസിക്കുകയും അതേസമയം പരസ്പരം ബന്ധമില്ലാത്തവിധം സ്വതന്ത്രമായി വർത്തിക്കുകയും ചെയ്യുക. അങ്ങനെയാണെങ്കിൽ പുനരുജ്ജീവനത്തിന്റെ യഥാർത്ഥ

പ്രകൃതി എന്താണെന്ന് വ്യക്തമായി മനസ്സിലാക്കാൻ ഈ പ്രശ്നം പുന പ്പരിശോധനക്ക് വിധേയമാക്കേണ്ടി വരും. ഈ സങ്കല്പത്തിൽ, മനുഷ്യ നായ യേശുവിന്റെ മനസ്സിന് ഇരിപ്പിടമേകാൻ വേണ്ടി മസ്തിഷ്കത്തെ അനിവാര്യമായും പുനസ്സംഘടിപ്പിക്കേണമെന്ന സങ്കല്പത്തിന്റെ ആവ ശ്യമില്ല. പണ്ട് യേശു പാർത്തിരുന്ന ജീർണിച്ച മസ്തിഷ്കത്തിന്റെ അവ ശേഷിപ്പുള്ള തലയോടിൽ യേശു വീണ്ടും സന്ദർശനം നടത്തി എന്ന് ഭാവനയിൽ കണ്ടാൽ മാത്രം മതി.

കൂടുതൽ ആഴത്തിൽ ഈ പ്രശ്നത്തിലേക്ക് നാം ചുഴിഞ്ഞുനോ ക്കുമ്പോഴെല്ലാം ഓരോ അന്വേഷണതലത്തിലും പുതിയ പുതിയ പ്രശ്ന ങ്ങൾ തലപൊക്കുന്നതായി കാണാം. മനുഷ്യന്റെ ചിന്താപ്രക്രിയക്ക് ഒരു പകരണമായിക്കൊണ്ട് ഒരു മസ്തിഷ്കത്തിന്റെ ആവശ്യമുണ്ട്. മനുഷ്യ ശരീരത്തിന്റെ പ്രവർത്തനരീതിയെ സംബന്ധിച്ചേടത്തോളം, മനസ്സ് സ്വയം പ്രവർത്തിക്കുന്ന വേറിട്ട ഒരു അസ്തിത്വമാണെന്ന് സങ്കല്പിക്കുകയാണെ ങ്കിൽ ആ സങ്കല്പം മനസ്സും ആത്മാവും ഒന്നാണെന്ന ഒരു സൂചന നൽകുന്നു. മനസ്സെന്നോ ആത്മാവെന്നോ എന്ത് പേരിട്ട് നാമതിനെ വിളി ച്ചാലും അതിന് മനുഷ്യ മസ്തിഷ്കവുമായുള്ള ബന്ധം വേർപെടുത്തി യാലും സ്വതന്ത്രമായി ജീവിക്കാൻ കഴിയുമെന്ന് കരുതാവുന്നതാണ്. പക്ഷേ അതിന് മനുഷ്യശരീരത്തെ നിയന്ത്രിക്കണമെങ്കിലോ അതിനുമേൽ എന്തെങ്കിലും സ്വാധീനം ചെലുത്തണമെങ്കിലോ മനസ്സും മസ്തിഷ്കവു മായോ ആത്മാവും ശരീരവുമായോ ഗാഢമായ ഒരു ബന്ധം ആവശ്യമാ ണ്. അല്ലാത്തപക്ഷം അവർക്ക് തമ്മിൽ പരസ്പരം സ്വാധീനിക്കാനോ മനുഷ്യനിലെ ശാരീരികവും മാനസികവും വൈകാരികവുമായ പ്രക്രിയ കളിൽ അഭിപ്രേരണ ചെലുത്താനോ സാധ്യമല്ല. ഒരുപക്ഷേ ഈ വിഷ യത്തിനുമേൽ വിവാദം നടത്താൻ സാധ്യമല്ല

ഇതിൽ നിന്നും നാം മറ്റൊരു ഗുരുതരമായ പ്രശ്നത്തിലേക്ക് ആന യിക്കപ്പെടുന്നു. ദൈവപുത്രനെന്ന് വിളിക്കപ്പെടുന്ന അദ്ദേഹത്തിന് മസ്തി ഷ്കത്തിലൂടെ നിയന്ത്രിക്കപ്പെടുന്ന ഒരു ശരീരത്തിന്റെ ആവശ്യമുണ്ടോ? അദ്ദേഹത്തിന്റെ ചിന്താപ്രക്രിയക്ക് ആശ്രയിക്കാൻ ഒരു ഭൗതിക മസ്തി ഷ്കത്തിന്റെ ആവശ്യമുണ്ടോ? സൃഷ്ടിലോകത്ത് സമാനതകളില്ലാത്ത വിധം സകല മാനുഷിക പരിമിതികളേയും അതിജയിക്കുന്നവിധം അതു ല്യവും സ്വതന്ത്രവുമായ ഒരു ചിന്താപ്രക്രിയയാണ് ദൈവപുത്രന്റേതെ ങ്കിൽ മനുഷ്യന്റെ മനസ്സുള്ള ഒരു ശരീരത്തിലേക്ക് ദൈവത്തിന്റെ ആത്മാവ് തിരിച്ചുവരിക എന്നത് പരസ്പരവിരുദ്ധമായ ചിന്താപ്രക്രിയകളുള്ള ഇരട്ട വ്യക്തിത്വങ്ങളുടെ വിചിത്രമായ ഒരവസ്ഥയുടെ പുനഃസൃഷ്ടി ആയിരി ക്കും. ഇതുകാരണം മനുഷ്യന്റെ ആത്മാവും മനസ്സുമായി ദൈവത്തിന്റെ ആത്മാവിനും സത്തക്കും പൂർണ്ണമായി ഒന്നായിത്തീരാൻ സാധ്യമല്ല. മസ്തിഷ്കത്തിൽ അത്യധികം അലോരസങ്ങളുണ്ടാക്കുന്ന ചിന്താതരം

ഗങ്ങളോടുകൂടിയ സ്ഥിരം വ്യതിയാനങ്ങളുള്ള രണ്ട് ചിന്താപ്രക്രിയകളാ യിരിക്കും ഉണ്ടാവുക. അത്തരത്തിലുള്ള ഒരു മാനസികാവസ്ഥ അതിമാ നുഷനായ മനോരോഗവിദഗ്ധന് ചികിത്സിക്കാൻ പറ്റിയതായിരിക്കും. ഒരു പക്ഷേ അത് ഒരു പുതിയ തരം ആത്മീയ സ്കിറ്റ്സോഫ്രീനിയ*യുമായി രിക്കും.

ഇത്രയും പറഞ്ഞ സ്ഥിതിക്ക് ഈ സങ്കല്പങ്ങളെല്ലാം തന്നെ നമുക്ക് മറ്റൊരു വീക്ഷണകോണിൽ പുനർസൃഷ്ടിക്കാം. ക്രിസ്തുമതത്തെപ്പറ്റി ആഴത്തിൽ പഠിച്ചപ്പോൾ സാങ്കേതിക പദങ്ങൾ മനസ്സിലാക്കുന്നതിലും അത് പ്രയോഗിക്കുന്നതിലും ചില ആശയക്കുഴപ്പങ്ങൾ നിലനിൽക്കുന്നു എന്ന യാഥാർത്ഥ്യത്തിൽ ഞാൻ എത്തിച്ചേർന്നു. ആ പദങ്ങളുടെ സാഹ ചര്യങ്ങൾക്കനുസരിച്ചുള്ള വിവക്ഷാർത്ഥം പൂർണ്ണമായും മനസ്സിലാ ക്കാതെയാണ് അവർ അത് അസ്ഥാനത്ത് ഉപയോഗിക്കുന്നത്.

അത്തരത്തിലുള്ള സാങ്കേതിക പദങ്ങളുടെ ദുരുപയോഗം കൊണ്ട് ക്രിസ്തീയ തത്വശാസ്ത്രം നിറയെ ആശയക്കുഴപ്പങ്ങളാൽ അവ്യക്തമാ യിരിക്കുന്നു. പുനരുജ്ജീവനം (Revival) അതിലൊന്നാണ്. മറ്റൊന്ന് പുന രുത്ഥാനം അഥവാ ഉയിർത്തെഴുന്നേൽപ്പ് (Resurrection) ആണ്. രണ്ട് പദങ്ങൾക്കും വ്യത്യസ്ത അർത്ഥങ്ങളാണുള്ളത്. യേശു ജീവനിലേക്ക് തിരിച്ചുവരുന്നതിന്നുള്ള സാധ്യതയെക്കുറിച്ച് പ്രതിപാദിച്ചപ്പോയെല്ലാം പുന രുജ്ജീവനം (Revival) എന്ന പദമാണ് നാം ബോധപൂർവ്വം ഉപയോഗി ച്ചുവന്നത്. മുൻചർച്ചകളിൽ നാം വ്യക്തമായി കണ്ടതുപോലെ പുനരു ജ്ജീവനം എന്ന് പറയുന്നത് മരണത്തിനുശേഷം ശരീരത്തിന്റെ എല്ലാ ജൈവപ്രവർത്തനങ്ങളും തിരിച്ചുവരുന്നതിനെയാണ്. എന്നാൽ പുനരു ത്ഥാനം എന്നത് പൂർണ്ണമായും മറ്റൊരു പ്രതിഭാസമാണ്.

നിർഭാഗ്യകരമെന്ന് പറയട്ടെ, ഈ സാങ്കേതിക പദങ്ങൾ പരസ്പരം മാറ്റി ദുരുപയോഗം ചെയ്തോ ചുരുങ്ങിയ പക്ഷം ഒന്നിന്റെ അർത്ഥം മറ്റൊരു പദത്തിന്ന് നൽകിക്കൊണ്ട് ക്രിസ്ത്യാനികളുടെ മനസ്സിൽ അവർ ആശയക്കുഴപ്പം ഉണ്ടാക്കിയിരിക്കുന്നു. ഇതിന് ലോകമെങ്ങുമുള്ള ക്രിസ്തു സഭകൾ ഉത്തരവാദികളാണ്. പുനരുത്ഥാനം (Resurrection) എന്നത് ജീവൻ ഉപേക്ഷിച്ച ക്രിസ്തുവിന്റെ ശരീരത്തിലേക്ക് അഥവാ മരിച്ചു എന്ന് പറയപ്പെടുന്ന ക്രിസ്തുവിന്റെ ശരീരത്തിലേക്ക് ജീവൻ രണ്ടാമതും അങ്കു രിക്കുന്നതിന് ഉപയോഗിക്കുന്ന പദമായിട്ടാണ് മിക്ക ക്രിസ്ത്യാനികളും മനസ്സിലാക്കുന്നത്. തീർച്ചയായും നാം ഇതിനോടു വിയോജിക്കുന്നു. അത് അഗാധമായൊരു ബോധമൂർച്ച (Coma) അഥവാ ബോധരഹിതാവസ്ഥയാ

* **സ്കിറ്റ്സോഫ്രീനിയ** (Schizophrenia) ധിഷണാപരവും ചിന്താപരവും വൈകാരികവുമായ പ്രക്രിയകൾ പരസ്പരം ഒത്തുപോകാത്തത് കൊണ്ട് സംഭവിക്കുന്ന ഒരുതരം മനോരോഗം. അഥവാ വിഭക്ത വ്യക്തിത്വം (വിവ :)

**പുനരുജ്ജീവനമോ പുനരുത്ഥാനമോ?**

യിരുന്നുവെന്നും മരണമായിരുന്നില്ല എന്നും വിശദീകരിക്കാനുള്ള അവകാശം ഞങ്ങൾക്കുണ്ട്. ശരിയായ രീതിയിൽ മനസ്സിലാക്കി ശരിയായ രീതിയിൽ പ്രയോഗിച്ചാൽ യേശുവിന്റെ പുനരുത്ഥാനം എന്നതിന് മരണത്തോടെ ശരീരത്തിൽ നിന്നും വേർപിരിഞ്ഞ ആത്മാവ് വീണ്ടും അതേ ശരീരത്തിലേക്ക് തിരിച്ചുവരുന്നു എന്ന അർത്ഥം കല്പിക്കാൻ സാധ്യമല്ല. പുനരുത്ഥാനം എന്ന സാങ്കേതിക പദത്തിന് പുതിയ ഒരു ആത്മീയ ശരീരത്തിന്റെ സൃഷ്ടിപ്പ് എന്ന് മാത്രമാണ് അർത്ഥം. ആത്മീയ പ്രകൃതിയുള്ള ഇത്തരം ശരീരം ആത്മാവിനെ ശുദ്ധീകരിച്ചെടുക്കുന്ന മൂശപോലെ വർത്തിക്കുന്നു. മരണത്തിനുശേഷമുള്ള ശാശ്വതമായ ജീവിതത്തിനുവേണ്ടിയാണ് അത് സൃഷ്ടിക്കപ്പെടുന്നത്. ചിലർ അതിനെ നക്ഷത്രശരീരം (Sideral body) എന്നു പറയുന്നു. ചിലർ പ്രാണശരീരം (Astral) എന്നു വിളിക്കുന്നു. മറ്റു ചിലർ 'ആത്മാവ്' എന്നും പറയുന്നു. എന്ത് പേരിട്ട് വിളിച്ചാലും അതിന്റെ അന്തസ്സാരം ഒന്നുതന്നെയാണ്. പുനരുത്ഥാനം എന്നത് ആത്മാവിന് വേണ്ടി പുതിയ ഒരു ശരീരത്തിന്റെ സൃഷ്ടിപ്പിനെ സൂചിപ്പിക്കുന്നു. ആ ശരീരത്തിന്റെ പ്രകൃതി സൂക്ഷ്മമാണ്, സ്ഥൂലമല്ല. മരിക്കുമ്പോൾ സ്ഥൂലശരീരത്തിൽ നിന്നും വേർപിരിഞ്ഞ ആത്മാവ് ജീർണ്ണതക്ക് വിധേയമാവുന്ന അതേ ശരീരത്തിലേക്ക് മടങ്ങിവരുന്നതിന് ഉപയോഗിക്കുന്ന പദമല്ല 'പുനരുത്ഥാനം' എന്ന് നാം ആവർത്തിച്ചു പറയുന്നു.

വിശുദ്ധ പൗലോസ് വളരെ ദീർഘമായി യേശുവിന്റെ പുനരുത്ഥാനത്തെ പറ്റി ശരിയായ അർത്ഥത്തിൽ പറഞ്ഞിട്ടുണ്ട്. പുനരുത്ഥാനം എന്നതുകൊണ്ട് യേശുവിന്റെ പുനരുത്ഥാനത്തിൽ മാത്രമായിരുന്നില്ല അദ്ദേഹം വിശ്വസിച്ചത്. മരിച്ചതിന് ശേഷം എല്ലാവർക്കും പൊതുവായി ഓരോരുത്തർക്കും അനുയോജ്യമായ രീതിയിൽ ദൈവം നൽകുന്ന ഒരു പുതിയ അസ്തിത്വത്തേയും ജീവിതത്തേയും കുറിച്ചാണ് പുനരുത്ഥാനം എന്നതുകൊണ്ട് പൗലോസ് വിശ്വസിച്ചിരുന്നത്. ആത്മാവിന്റെ വ്യക്തിത്വത്തിന്ന് യാതൊരു മാറ്റവുമുണ്ടാകുന്നില്ല. പക്ഷേ ആത്മാവിന്റെ വാസസ്ഥലം മാറുന്നു. പൗലോസിനെ സംബന്ധിച്ചേടത്തോളം പുനരുത്ഥാനം എന്നത് ഒരു പൊതു പ്രതിഭാസമാണ്. ഇത് എല്ലാവരും അംഗീകരിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ക്രിസ്തീയതക്കോ മതത്തിന്നോ യാതൊരു അർത്ഥവും ഇല്ലാതാകും. വിശുദ്ധ പൗലോസ് കൊരിന്ത്യർക്കെഴുതിയ കത്തുകൾ ആഴത്തിൽ പഠിക്കേണ്ടതുണ്ട്. കാരണം ആ കത്തുകൾ ഈ വിഷയത്തെ അധികരിച്ചെഴുതിയതാണ്. ചുരുങ്ങിയപക്ഷം ക്രൂശീകരണത്തിനുശേഷം യേശുവിനെ ജീവനോടെ കണ്ടു എന്ന് സെന്റ് പൗലോസ് പറഞ്ഞ സ്ഥലത്തെല്ലാം വ്യക്തമായും അസന്നിഗ്ധമായും പുനരുത്ഥാനത്തെക്കുറിച്ച് മാത്രമാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത് എന്ന കാര്യത്തിൽ എനിക്ക് അണു മണിത്തൂക്കം പോലും സംശയമില്ല. യേശുവിന്റെ ആത്മാവ് അദ്ദേഹത്തിന്റെ മരണത്തിനുശേഷം നശ്വരശരീരത്തിലേക്ക് തിരിച്ചുവന്നു വീണ്ടും അദ്ദേഹം ജീവിത

ത്തിലേക്കു വന്നു എന്ന സാധാരണ ഭൗതികാർത്ഥം പൗലോസ് ഒരിക്കലും ഭാവനയിൽ പോലും ചിന്തിച്ചിട്ടുണ്ടാവില്ല. എന്റെ ഈ അഭിപ്രായം ക്രിസ്തീയ ശാസ്ത്രിമാർക്ക് അസ്വീകാര്യമാണെങ്കിൽ പൗലോസിന്റെ വചനങ്ങളിൽ പൂർവ്വാപര വൈരുദ്ധ്യങ്ങളുണ്ടെന്ന് അവർക്ക് സമ്മതിക്കേണ്ടി വരും. ചുരുങ്ങിയപക്ഷം യേശുവിന്റെ പുതിയ ജീവിതത്തെപ്പറ്റി വിവരിച്ച ചില വചനങ്ങളിലെങ്കിലും അർത്ഥശങ്കക്കിടയില്ലാത്തവിധം പൗലോസ് മനസ്സിലാക്കിയത് യേശുവിന്റെ പുനരുത്ഥാനമായിരുന്നു, യേശുവിന്റെ ആത്മാവ് ഒരിക്കൽ കുടികൊണ്ടിരുന്ന ശരീരത്തിന്റെ പുനരുജ്ജീവനമായിരുന്നില്ല എന്നുറപ്പാണ്. അതായത് മരണത്തിനുശേഷമുള്ള ശരീരത്തിന്റെ പുനരുജ്ജീവനമായിരുന്നില്ല.

താഴെകൊടുത്ത ബൈബിളിലെ ചില പ്രസക്ത വചനങ്ങൾ സ്വയം തന്നെ സംസാരിക്കുന്നതാണ്.

*'എന്നാൽ ദൈവം കർത്താവിനെ ഉയിർപ്പിച്ചതുപോലെ നമ്മെയും തന്റെ ശക്തിയാൽ ഉയിർപ്പിക്കും' (കൊരിന്ത്യർ 16:14).*

*'മരിച്ചവരുടെ പുനരുത്ഥാനത്തിലും ഇങ്ങനെയാണ്. വിതയ്ക്കുന്നതു നശ്വരമായതാണ്. ഉയിർപ്പിക്കപ്പെടുന്നത് അനശ്വരമായതും. അപമാനത്തിൽ വിതക്കപ്പെടുന്നു; മഹിമയിൽ ഉയിർപ്പിക്കപ്പെടുന്നു. ദൗർബല്യത്തിൽ വിതക്കപ്പെടുന്നു. ശക്തിയിൽ ഉയിർപ്പിക്കപ്പെടുന്നു. ഭൗതികശരീരമാണ് വിതക്കപ്പെടുന്നത്. ആത്മീയശരീരമാണ് ഉയിർപ്പിക്കപ്പെടുന്നത്" (കൊരിന്ത്യർ: 1, 15:42:44).*

*'എന്നാൽ അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്നു കണ്ണിമെക്കുന്നിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും കാഹളം ധ്വനിക്കും, മരിച്ചവർ അക്ഷമരായി ഉയിർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും. ഈ ദ്രവത്വമുള്ള അദ്രവത്വത്തേയും ഈ മർത്ത്യമായതു അമർത്യത്വത്തെയും ധരിക്കുമ്പോൾ മരണം നീങ്ങി ജയം വന്നിരിക്കുന്നു." എന്ന് എഴുതിയ വചനം നിവൃത്തിയാകും (കൊരിന്ത്യർ 1, 15:52-54) "ഇങ്ങനെ ഞങ്ങൾ ധൈര്യപ്പെട്ടു ശരീരം വിട്ടു. കർത്താവിനോടു കൂടെ വസിപ്പാൻ ഞങ്ങൾ ഒരുക്കമാണ്.' (കൊരിന്ത്യർ 2, 5:8).*

ക്രൂശീകരണത്തിന് ശേഷം യേശു തന്റെ ശരീരത്തിൽ ജീവനോടെ എങ്ങനെ കാണപ്പെട്ടു എന്ന് ആദിമ ക്രിസ്ത്യാനികൾ വിവരിക്കുന്നുണ്ട്. പൗലോസ് അപ്പോസ്തലൻ പരാമർശിക്കുന്ന പ്രതിപാദ്യങ്ങളിൽ നിന്നും ഈ പ്രശ്നം പരിഹൃതമാവേണ്ടതുണ്ട്. യേശു പുനരുത്ഥാനം ചെയ്തു എന്ന് പൗലോസ് മനസ്സിലാക്കിയിരുന്നുവെങ്കിൽ തീർച്ചയായും അദ്ദേഹം കരുതിയത് ശരിയായിരിക്കണം. പൗലോസിന്റെ യേശുവുമായുള്ള കൂടിക്കാഴ്ചയും അദ്ദേഹത്തിന്റെ വ്യക്തിപരമായ ദർശനവും അദ്ദേഹം മന

സ്സിലാക്കിയ 'പുനരുത്ഥാന'ത്തിന്റെ അടിസ്ഥാനത്തിൽ വിശദീകരിക്കാൻ കഴിയും. അതായത് പരലോകത്ത് നിന്നുള്ള ഒരു പരേതാത്മാവിന്റെ സന്ദർശനം പോലെ മരണത്തിനു മുമ്പുള്ള .യേശുവിന്റെ രൂപത്തിലും ഭാവത്തിലുമുള്ള ഭൂതാത്മാവിന്റെ ഒരു ആത്മീയ സന്ദർശനം പോലെ എന്ന് വിശദീകരിക്കാൻ കഴിയുന്നതാണ്. പക്ഷേ, രണ്ട് വിധത്തിലുള്ള തെളിവുകളുടെ കൂടിക്കലർത്തൽ ഇവിടെ ആശയക്കുഴപ്പമുണ്ടാക്കുന്നു. ആദ്യമായി യേശുവിനെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന ശിഷ്യന്മാരുടെ പ്രാഥമിക തെളിവുകളാണ് നാം പരിഗണിക്കേണ്ടത്. അവർ ഔദ്യോഗികമായി ക്രിസ്തുമതം സ്വീകരിച്ചവരാകണമെന്നില്ല. ആ തെളിവുകൾ പൗലോസ് അപ്പോസ്തലൻ തെറ്റിദ്ധരിച്ചിട്ടുണ്ടാവണം. കാരണം ആ തെളിവുകളിൽ യേശു മനുഷ്യരൂപത്തിൽ സ്ഥൂലശരീരത്തോടുകൂടി വന്നു എന്ന് വളരെ വ്യക്തമായി പറയുന്നു. അതൊരിക്കലും പുനരുത്ഥാനമായി വ്യാഖ്യാനിക്കാൻ സാധ്യമല്ല. ഇത് തെളിയിക്കാൻ യേശുവിന്റെ ശിഷ്യന്മാരിൽ ചിലർ അത്ഭുതപ്പെട്ട കഥ മാത്രം പരിശോധിച്ചാൽ മതി.

*"അവർ ഞെട്ടി ഭയപ്പെട്ടു; ഒരു ഭൂതത്തെ കാണുന്നു എന്നവർക്ക് തോന്നി. അവൻ അവരോട് നിങ്ങൾ കലങ്ങുന്നത് എന്ത്? നിങ്ങളുടെ ഹൃദയത്തിൽ സംശയം പൊങ്ങുന്നതും എന്ത്? ഞാൻ തന്നെ ആകുന്നു എന്നു എന്റെ കൈയ്യും കാലും നോക്കി അറിവിൻ; എന്നെ തൊട്ടുനോക്കുവീൻ; എന്നിൽ കാണുന്നത് പോലെ ഭൂതത്തിനു മാംസവും അസ്ഥിയും ഇല്ലല്ലോ എന്നു പറഞ്ഞു. (ഇങ്ങനെ പറഞ്ഞിട്ടു അവൻ കൈയ്യും കാലും അവരെ കാണിച്ചു) അവർ സന്തോഷത്താൽ വിശ്വസിക്കാതെ അതിശയിച്ചു നിൽക്കുമ്പോൾ അവരോടു: തിന്നുവാൻ വല്ലതും ഇവിടെ നിങ്ങളുടെ പക്കൽ ഉണ്ടോ എന്നു ചോദിച്ചു. അവർ ഒരു ഖണ്ഡം വറുത്ത മീനും തേൻ കട്ടയും അവനു കൊടുത്തു. അതു അവൻ വാങ്ങി അവർ കാൺകെ തിന്നു." (ലൂക്കോസ് 24:37-43).*

ഈ സംഭവം പുനരുത്ഥാനത്തിന്റെ ആശയം അസന്നിദ്ധമായി നിരാകരിക്കുകയാണ്. ഇവിടെ യേശു വ്യക്തമായും പ്രകടിപ്പിക്കാനാഗ്രഹിക്കുന്നത് അദ്ദേഹം അതേ ശരീരമുള്ള അതേ വ്യക്തി തന്നെയാണെന്നും, ഒരു ഭൂതാത്മാവല്ല എന്നും തനിക്ക് ഭക്ഷണമില്ലാതെ ദീർഘനേരം നിലനിൽക്കാൻ കഴിയുകയില്ലായെന്നുമാണ്. ആദിമ ക്രിസ്ത്യാനികൾ രണ്ട് വ്യത്യസ്ത കാര്യങ്ങളെ സംബന്ധിച്ചാണ് സംസാരിക്കുന്നതെന്ന് ഇത് കൂടുതൽ വ്യക്തമായി മനസ്സിലാക്കിത്തരുന്നു. മരിച്ചവരിൽ നിന്നുള്ള യേശുവിന്റെ പുനരുജ്ജീവനത്തെ (Revival)പ്പറ്റി അവർ പറഞ്ഞപ്പോഴെല്ലാം സംശയാലുക്കളെല്ലാം അത് അസംബന്ധമായ ഒരു കാര്യമാണെന്ന് പറഞ്ഞ് വിയോജിച്ചിരുന്നു. അവർ അപ്പോഴെല്ലാം തത്ത്വശാസ്ത്രപരമായും യുക്തിപരമായും വിശദീകരണം നൽകിക്കൊണ്ട് പുനരുത്ഥാനമെന്ന സങ്കല്പത്തിൽ അഭയം കണ്ടെത്തുകയാണുണ്ടായത്.

**പുനരുജ്ജീവനമോ പുനരുത്ഥാനമോ?**

ഇക്കാര്യത്തിൽ രണ്ട് തോണിയിൽ കാല് വെച്ച് പ്രഹേളികയിലകപ്പെട്ടവരെപ്പറ്റി പഠിക്കാൻ കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനം ഒരു സുവർണാവസരം സമ്മാനിക്കുന്നു.

അവസാനമായി, യേശുവുമായി കണ്ടുമുട്ടിയ ആദിമ ക്രിസ്ത്യാനികളുടെ തെളിവുകളിലേക്ക് വരാം. ക്രൂശീകരണം കഴിഞ്ഞതിന് ഉടനെ തന്നെ യേശു തന്റെ ശിഷ്യന്മാരിലും സ്നേഹിതന്മാരിലും പെട്ട പലർക്കും പ്രത്യക്ഷനായി എന്ന് വിശ്വസിക്കുകയല്ലാതെ മറ്റു വഴിയില്ല. അദ്ദേഹം അവരോട് സംസാരിച്ചു. അവരെ അനുഗമിച്ചു. രാത്രിയുടെ മറവിൽ ക്രൂശികരണം നടന്ന സ്ഥലത്ത് നിന്നും അദ്ദേഹം അകലങ്ങളിലേക്ക് നീങ്ങുകയും ചെയ്തു. ഇത് ഒരിക്കലും പുനരുത്ഥാനം ചെയ്ത ഒരാളല്ല. എന്നാൽ മരണത്തിൽ നിന്നും സ്ഥൂലശരീരത്തോടെ പുനരുജ്ജീവിച്ച ആളായിരിക്കാം. അതല്ലെങ്കിൽ മരിക്കാതെ മരണത്തോടടുത്ത അവസ്ഥയിൽ നിന്നും രക്ഷപ്പെട്ട ഒരാളുടേതായിരിക്കാം. അതായത് ഈ അവസ്ഥ യോനാ മത്സ്യത്തിന്റെ വയറ്റിൽ കഴിഞ്ഞ അവസ്ഥയുമായി താരതമ്യം ചെയ്യാവുന്നതാണ്. ഇതിൽ രണ്ടാമത് പറഞ്ഞ അഭിപ്രായമാണ് സ്വീകാര്യമായത് എന്നതിൽ ഞങ്ങൾക്ക് യാതൊരു സംശയവുമില്ല.

ക്രിസ്ത്യാനികൾക്ക് ഇത് എളുപ്പത്തിൽ മനസ്സിലാവാൻ വേണ്ടി ഞാനൊരു സാങ്കല്പിക കഥ പറയാം. ഇതേ കഥ യഥാർത്ഥ ജീവിതത്തിൽ ഇക്കാലത്ത് സംഭവിച്ചിട്ടുമുണ്ട്. ഒരാളുടെ മേൽ വധശിക്ഷ നടപ്പാക്കാൻ വേണ്ടി ക്രൂശിച്ചു കൊല്ലാൻ ശ്രമം നടത്തി എന്നിരിക്കട്ടെ. ക്രൂശീകരണത്തിന്റെ ഫലമായി അയാൾ മരിച്ചെന്നു കരുതി. പക്ഷേ കുറച്ച് നാളുകൾക്ക് ശേഷം വധിക്കപ്പെട്ടയാളെ അദ്ദേഹത്തെ അടുത്തറിയുന്ന ചില ആളുകൾ കണ്ടു. അവർ അദ്ദേഹത്തിന്റെ ശരീരത്തിലെ ക്രൂശീകരണത്തിന്റെ അടയാളങ്ങൾ തിരിച്ചറിയുകയും ചെയ്തു. അതിനുശേഷം അയാളെ പിടികൂടി നിയമപാലകന്മാർ കോടതിക്ക് മുമ്പാകെ ഹാജരാക്കി. വധശിക്ഷക്ക് വിധേയമാക്കാൻ ആവശ്യപ്പെട്ടു. അതായത് അയാളെ വീണ്ടും ക്രൂശിക്കണം എന്ന് ആവശ്യപ്പെട്ടു. രക്ഷപ്പെട്ടയാൾ തന്റെ ന്യായവാദങ്ങൾ നിരത്തി അവരുടെ വാദങ്ങളെ എതിരിട്ടു. താൻ തീർച്ചയായും ഒരു തവണ മരിച്ചതാണ്. നിയമം അതിന്റെ ലക്ഷ്യം സാധിച്ചു കഴിഞ്ഞു. ഇപ്പോൾ താൻ ദൈവത്തിന്റെ പ്രത്യേക ഇച്ഛപ്രകാരം വീണ്ടും മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റതാണ്. അതുകൊണ്ട് വധിച്ചുകളയാനുള്ള പഴയ വിധി വീണ്ടും നടപ്പാക്കാൻ സാധ്യമല്ല. കാരണം നിയമം നടപ്പാക്കുന്നതിനെതിരെ ഞാൻ യാതൊരു എതിരും പ്രവർത്തിക്കാതിരിക്കെ എനിക്ക് സുഖകരമായി ജീവിക്കാനുള്ള അവസരം വീണ്ടും ലഭിച്ചിരിക്കുകയാണ്. അയാളുടെ ഈ വാദമുഖങ്ങൾ കോടതി സ്വീകരിച്ചെങ്കിൽ അയാൾ ഒരിക്കൽ ശിക്ഷിക്കപ്പെട്ടു കഴിഞ്ഞ കുറ്റത്തിന് വീണ്ടും ശിക്ഷിക്കപ്പെടില്ല. ഒരു ക്രിസ്തീയ രാജ്യത്ത് ക്രിസ്ത്യൻ കോടതിയിൽ

ക്രിസ്ത്യൻ ന്യായാധിപനു മുമ്പിൽ ഇത്തരം ഒരു കേസ് വരികയാണെങ്കിൽ എന്ത് വിധിന്യായമാണ് അവർ പാസാക്കേണ്ടതെന്നാണ് വായനക്കാരന് നിർദ്ദേശിക്കാനുള്ളത്? വധശിക്ഷയിൽ നിന്നും രക്ഷപ്പെട്ട് വിചാരണ അഭിമുഖീകരിക്കുന്ന പ്രസ്തുത വ്യക്തിയുടെ ന്യായവാദങ്ങൾ തള്ളിക്കൊണ്ട് വീണ്ടും അയാളെ വധിക്കാൻ വിധിക്കപ്പെടുകയുമാണ് ചെയ്യുക. ഏതെങ്കിലും വിവേകമുള്ള ക്രിസ്ത്യൻ ന്യായാധിപനോ അക്രൈസ്തവനോ അതല്ല പക്വതയുള്ള ഏതെങ്കിലും നീതിപീഠമോ ഒരിക്കൽ വധിക്കപ്പെട്ട കുറ്റവാളി രണ്ടാമതും ജീവിച്ചതാണ് അതുകൊണ്ട് അയാളെ ശിക്ഷയിൽ നിന്ന് ഒഴിവാക്കണം എന്ന അഭ്യർത്ഥന യാതൊരർത്ഥത്തിലും സ്വീകരിക്കുകയില്ല എന്ന് സ്പഷ്ടമാണ്. അങ്ങനെ വിധിക്കുന്നത് പ്രാദേശികമോ മതപരമോ വംശീയമോ ഗോത്രീയമോ ആയ പക്ഷപാതിത്വത്തിന്റെ പേരിലൊന്നുമല്ല. വിവേകമുള്ള യാതൊരാൾക്കും മറിച്ചൊരു വിധി ഇക്കാര്യത്തിലെടുക്കുക സാധ്യമല്ല. ഈ വിധി സാർവത്രികാംഗീകാരമുള്ള യുക്തിയുടെ അടിസ്ഥാനത്തിലുള്ളതാണ്. അതുകൊണ്ട് സാർവ്വത്രികമായ മനുഷ്യാവബോധം മരണത്തിൽ നിന്നും ഒരാൾ പുനരുജ്ജീവിച്ചതിന്റെ പേരിലുള്ള ഈ അഭ്യർത്ഥന നിരസിക്കുക തന്നെ ചെയ്യും. എന്നിട്ട് മരണത്തെ അതിജീവിച്ച (Survival) അഥവാ മരണത്തിൽ നിന്നും രക്ഷപ്പെട്ടതിന്റെ അടിസ്ഥാനത്തിലുള്ള ഒരു വിധി പ്രസ്താവിക്കുകയും ചെയ്യും. ഇതാണ് യേശുവിന്റെ കാര്യത്തിൽ യഥാർത്ഥത്തിൽ സംഭവിച്ചത്. അത് പുനരുജ്ജീവനത്തിന്റേയോ പുനരുത്ഥാനത്തിന്റേയോ കേസല്ല. വ്യക്തമായും അത് മരണത്തെ അതിജീവിച്ച (Survive) ഒരു കേസാണ്.

യേശുവിന്റെ മൃതശരീരത്തിന് ജീവൻ തിരിച്ചു ലഭിച്ചു എന്ന കാര്യം ക്രിസ്തു മതത്തെ സംബന്ധിച്ചേടത്തോളം പരമപ്രധാനമാണ്. അതുകൊണ്ട് അതിന്റെ പിന്നിലെ യഥാർത്ഥ കാരണത്തെ സംബന്ധിച്ച് ഒരാൾ ഗവേഷണം നടത്തേണ്ടതുണ്ട്. ഈ കഥയിലുടനീളം വളരെ വ്യക്തമായും യുക്തിയുടെ ഒരു കണിക പോലുമില്ല. ദൈവത്തിന്റെ പുത്രനെന്ന് വിളിക്കപ്പെടുന്ന അദ്ദേഹം എന്തിന് ഒരിക്കൽ മാനുഷികമായ ശരീരബന്ധനത്തിൽ നിന്നും മോചിതനായി? വീണ്ടും അതിലേക്ക് തന്നെ എന്നെന്നേക്കുമായി മടങ്ങി വരാൻ തീരുമാനിച്ചു? അദ്ദേഹം യഥാർത്ഥത്തിൽ മരിച്ചുവെന്നും പിന്നീട് ജീവിതത്തിലേക്ക് തിരിച്ചു വന്നതാണെന്നും ഉള്ള കാര്യം സംശയാതീതമായ ഒരു തെളിവാണെന്ന നിലക്ക് നമുക്കെങ്ങനെ സ്വീകരിക്കാനാവും? ഒരു പരിധി വരെ ആ കാര്യങ്ങളെല്ലാം ചർച്ച ചെയ്തുകഴിഞ്ഞു. വീണ്ടും ഞാനതിൽ ഊന്നിനിൽക്കാനാഗ്രഹിക്കുന്നില്ല. വായനക്കാരുടെ ശ്രദ്ധ മറ്റൊരു പ്രസക്തമായ വിഷയത്തിലേക്ക് തിരിച്ചുവിടാൻ ഞാനാഗ്രഹിക്കുന്നു.

**പുനരുജ്ജീവനമോ പുനരുത്ഥാനമോ?**

ഇത്തരത്തിൽ അസംബന്ധജഡിലമായ ഒരു ആശയം ക്രിസ്തീയ ദൈവശാസ്ത്രത്തിൽ വേരുപിടിക്കുകയും യേശുവിനുശേഷം ഏതാനും നൂറ്റാണ്ടുകൾക്കുള്ളിൽ ഈ അബദ്ധസിദ്ധാന്തം ക്രൈസ്തവവിശ്വാസ ത്തിന്റെ നെടുംതൂണായി എങ്ങനെ മാറുകയും ചെയ്തു? ഈ സിദ്ധാന്ത ത്തിന്റെ അഭാവത്തിൽ മുഴുവൻ ക്രിസ്തുമതവും തകർന്നു തരിപ്പണ മായി പോകുന്ന വിധത്തിൽ എങ്ങനെ അതിന് പ്രാബല്യം സിദ്ധിച്ചു? യാഥാർത്ഥ്യത്തിൽ നിന്നും വിഭിന്നമായിക്കൊണ്ട് ക്രിസ്തുമതം പുനർസൃ ഷ്ടിക്കപ്പെട്ട സാഹചര്യത്തെപ്പറ്റി പഠിക്കാൻ വേണ്ടി ചില സമസ്യകളെ അഭിമുഖീകരിച്ചിരുന്ന ആദിമക്രിസ്ത്യാനികളുടെ മനസ്സുകളിലേക്ക് നാം ഇറങ്ങിച്ചെല്ലേണ്ടതുണ്ട്. ആ സമസ്യകൾ അവർക്ക് പരിഹരിക്കാൻ സാധ്യ മല്ലായിരുന്നു. ഈ വഴിക്ക് ക്രിസ്തുമതത്തെ രൂപപ്പെടുത്തിയതും രൂപ പ്പെടുത്താതെ പോയതുമായ വസ്തുതകൾ ആഴത്തിലും എളുപ്പത്തിലും നമുക്ക് പഠിക്കാൻ സാധിക്കും. എല്ലാറ്റിന്റേയും കേന്ദ്രബിന്ദുവായി തുറ ന്നുകാട്ടേണ്ട ഏറ്റവും കടുപ്പമേറിയ വസ്തുത ഇതാണ്. യേശു (ദൈവ ത്തിന്റെ ശാന്തി അദ്ദേഹത്തിനു മേൽ ഉണ്ടാവട്ടെ) യഥാർത്ഥത്തിൽ കുരി ശിൽ വെച്ച് മരിക്കുകയാണെങ്കിൽ യഹൂദരുടെ കണ്ണിൽ അദ്ദേഹം വ്യക്ത മായും ഒരു വ്യാജവാദി ആകുമായിരുന്നു എന്നതാണ് ആ കേന്ദ്രബിന്ദു.

## വിശുദ്ധർക്കെതിരെയുള്ള ഹീനവിമർശം

നേരത്തെ പ്രതിപാദിച്ചതുപോലെ ദൈവം പറയാത്തത് ദൈവം പറ ഞ്ഞുവെന്ന് ഒരു വ്യാജവാദി കെട്ടുകെട്ടി പറയുകയാണെങ്കിൽ അയാൾ മരത്തിൽ തൂക്കപ്പെടും എന്ന് വേദഗ്രന്ഥങ്ങൾ (ബൈബിൾ പഴയനിയ മം) പ്രവചിച്ചതാണ്. അതുകൊണ്ട് യേശുവിന്റെ, കുരിശിൽ വെച്ചുള്ള മരണം ക്രിസ്തുമതത്തിന്റെ മരണത്തിനു തുല്യമാണ്. ആധികാരിക യഹൂദ സാഹിത്യങ്ങളിലെല്ലാം തന്നെ യേശു കുരിശിൽ മരിച്ചതിൽ ഗൂ ഢമായ ആനന്ദം അനുഭവിക്കുന്നത് കാണാം. ബൈബിളിലെ ആ പ്രത്യേ കവിധി പ്രകാരം യേശു കള്ളവാദിയാണെന്ന് സംശയാതീതമായി തെളി ഞ്ഞതായി അദ്ദേഹത്തിന്റെ സമകാലികരും ശത്രുക്കളുമായ യഹൂദികൾ കരുതുന്നു. അദ്ദേഹത്തോടു ബാഹ്യമാത്രമായ ബഹുമാനം പോലും അവർക്ക് നഷ്ടപ്പെടുകയും അദ്ദേഹത്തിനെതിരെ അങ്ങേയറ്റം നിന്ദാക രവും ഹീനവുമായ ഭാഷ ഉപയോഗിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ പ്രിയപ്പെട്ടവനും പരിശുദ്ധനും സത്യാത്മാവുമായ ഒരു പ്രവാചകനായി രുന്നു യേശുവെന്ന് ഞങ്ങളെപ്പോലെ വിശ്വസിക്കുന്ന യാതൊരാൾക്കും വായിക്കാൻ പറ്റാത്തയത്ര അസഹനീയമാണ് അവരുപയോഗിച്ച ഭാഷ. യേശുവിനെ ഒരു ദിവ്യാത്മാവും ദൈവത്തിന്റെ പ്രവാചകനാകും മസീഹ് എന്ന വിശേഷണ സ്ഥാനത്തിന്നഹർഹനായ ആൾ എന്നും അറിഞ്ഞിരു

ന്നവരായിരുന്നു ആദിമ ക്രിസ്ത്യാനികൾ. ഇത്തരം നിന്ദ്യമായ പ്രയോഗങ്ങൾക്കെതിരെ അവർക്കുണ്ടായിരുന്ന നിതാന്തമായ നൊമ്പരങ്ങളും തീവ്രമായ വേദനകളും ഊഹിക്കാവുന്നതേയുള്ളൂ. ഇക്കാലത്ത് സൽമാൻ റുഷ്ദി എഴുതിയ 'സാത്താനിക് വേഴ്സസ്' എന്ന കുപ്രസിദ്ധമായ പുസ്തകം വായിക്കുമ്പോൾ അനുഭവപ്പെടുന്ന വൈകൃതം നമ്മുടെ സ്മൃതി പഥത്തിലെത്തുന്നു. ഇത്തരം ഭാഷക്കെതിരെ ആദിമ ക്രിസ്ത്യാനികൾ എങ്ങനെയായിരിക്കാം പ്രതികരിച്ചിരിക്കുക?

ഇത്തരത്തിലുള്ള അനാദരവും സഭ്യതയില്ലായ്മയും മനുഷ്യന്റെ അഗാധമായ അധഃപതനാവസ്ഥയിൽ നിന്നും സംജാതമാവുന്നതാണ്. ദിവ്യാത്മാക്കളെ തിരഞ്ഞുപിടിച്ച് ആഭാസകരവും അശ്രീകരവുമായ പുലഭ്യങ്ങൾക്ക് കുറിമാനമാക്കുന്നവരുടെ മാനവീയ മൂല്യങ്ങൾക്ക് എന്ത് സംഭവിച്ചു എന്നറിയാൻ താഴെ കൊടുത്ത ഏതാനും ഉദ്ധരണികൾ വായിച്ചാൽ വായനക്കാരന് മനസ്സിലാവും.

യഹൂദജനതയുടെ മതപരമായ സകലജ്ഞാനങ്ങളും വിശ്വാസങ്ങളും വ്യാഖാനിക്കുന്ന ഒരു സൈദ്ധാന്തിക പുസ്തകമാണ് 'തൽമൂദ്'. അതിന്റെ അദ്ധ്യാപന പ്രകാരം യേശുവിന്റെ ജനനം ജാര മാർഗ്ഗത്തിലുള്ളതാണ് എന്ന് മാത്രമല്ല യേശുവിന്റെ മാതാവ് ഋതുമതിയായിരുന്നപ്പോൾ പിശാചുമായുണ്ടായ വേഴ്ചയിലാണ് അദ്ദേഹം ജന്മം കൊണ്ടത് എന്നു എഴുതുന്നു. വീണ്ടും തൽമൂദ് അക്കാര്യം വിശദീകരിക്കുന്നുണ്ട്. യേശുവിന്ന് ഈസാവു (Esau) വിന്റെ ആത്മാവാണുണ്ടായിരുന്നത്; അയാൾ ഒരു വിഡ്ഢിയായിരുന്നു. ഒരു ആഭിജാരകൻ, ലൈംഗികമായി വഴി പിഴപ്പിക്കുന്നവനുമായിരുന്നു അയാൾ. അതുകൊണ്ട് അയാളെ ക്രൂശിച്ചു നരകത്തിൽ തള്ളി. അനുയായികളാൽ അയാൾ എക്കാലത്തേക്കും ഒരു ബിംബമായി നാട്ടപ്പെട്ടു. താഴെ കാണുന്ന ഉദ്ധരണി റവ: ഐ.ബി.പ്രാനൈറ്റിസ് എഴുതിയ The Thalmud Unmasked (തൽമൂദ് മുഖം മൂടിയില്ലാതെ) എന്ന പുസ്തകത്തിൽ നിന്നും എടുത്തിട്ടുള്ളതാണ്.

'കല്ലാഹ്' (Kallah Ib (18b) എന്ന ലഘുലേഖ വിവരിക്കുന്നു:

"ഒരിക്കൽ മുതിർന്നവർ പടിവാതിൽക്കൽ ഇരിക്കുകയായിരുന്നു. രണ്ട് യുവാക്കൾ കടന്നുപോയി. ഒരാളുടെ തലമറച്ചിരുന്നു. മറ്റയാൾ തല മറച്ചിരുന്നില്ല. റബ്ബി ഏലീസർ രേഖപ്പെടുത്തുന്നു, തല മറക്കാത്തവൻ ജാരസന്താനമായിരുന്നു. അതായത് ഒരു മംമ്സർ (Mumzer). റബ്ബി ജോഷ്വാ പറയുന്നു: അവനെ ഗർഭം ധരിച്ചത് ആർത്തവ സമയത്തായിരുന്നു. അതായത് 'ബൻ നിദ്ദാഹ്' (Beniddah) ആയിരുന്നു അവൻ. റബ്ബി അകിബാഹ് പറയുന്നു: 'അയാൾ ഇത് രണ്ടുമായിരുന്നു'. ഇത് പറഞ്ഞ ഉടനെ റബ്ബി അകിബാഹിനോട് മറ്റുള്ളവർ ചോദിച്ചു: 'താങ്കൾ എന്തു

കൊണ്ട് മറ്റുള്ളവരിൽ നിന്നും വിഭിന്നമായി ഇത് പറയുന്നു? അദ്ദേഹം മറുപടി പറഞ്ഞു: 'ഞാൻ പറയുന്നത് എന്താണെന്ന് എനിക്ക് തെളിയിക്കാൻ സാധിക്കും'. ചന്തയിൽ പച്ചക്കറി വിറ്റുകൊണ്ടിരുന്ന ആ ചെക്കന്റെ അമ്മയുടെ അടുത്ത് ഞാൻപോയിരുന്നു. ഞാനവളോട് പറഞ്ഞു : 'എന്റെ മകളേ, ഞാൻ ചോദിക്കുന്നതിന് നീ സത്യസന്ധമായി ഉത്തരം പറഞ്ഞാൽ പരലോകത്ത് നീ രക്ഷിക്കപ്പെടും.' വാഗ്ദാനം പാലിക്കണമെന്ന് അദ്ദേഹത്തോടു അവൾ ആവശ്യപ്പെട്ടിരുന്നു, റബ്ബി അകിബാഹ് അപ്രകാരം സമ്മതിച്ചു. പക്ഷേ, അദ്ദേഹത്തിന്റെ ചുണ്ടുകൾ മാത്രമായിരുന്നു അത് പറഞ്ഞത്. അയാളുടെ ഹൃദയം ആ വാഗ്ദാനം നിഷേധിച്ചിരുന്നു. അതിന്ശേഷം അവളോട് ചോദിച്ചു: 'ഇനി പറയൂ, നിന്റെ ഈ പുത്രൻ ഏത് തരത്തിൽപ്പെട്ടവനാണ്. അതിന് അവൾ ഉത്തരം പറഞ്ഞു: 'ഞാൻ വിവാഹം കഴിച്ച ദിവസം ആർത്തവകാരിയായിരുന്നു. ഇത് കാരണം എന്റെ ഭർത്താവ് എന്നെ വിട്ടകന്നിരുന്നു. പക്ഷെ ഒരു പിശാച് എന്റെ അരികിൽ വരികയും എന്നോടൊപ്പം ശയിക്കുകയും ചെയ്തു. ഈ വേഴ്ചയിലാണ് എനിക്ക് ഇവൻ ജനിച്ചത്' അങ്ങനെയാണ് ഈ യുവാവ് ജാരനാണെന്ന് മാത്രമല്ല ആർത്തവകാരിയായിരിക്കുമ്പോൾ ജനിച്ചവനുമാണ് എന്ന് തെളിഞ്ഞത്. റബ്ബിയോട് ചോദ്യം ചോദിച്ച ആളുകൾ ഇത് കേട്ടപ്പോൾ ഒന്നടങ്കം പ്രഖ്യാപിച്ചു. "റബ്ബി അകിബാഹ് മഹാനാണ്, അദ്ദേഹം തന്റെ പൂർവ്വികരെ സത്യപ്പെടുത്തിയിരിക്കുന്നു'. അവർ ആശ്ചര്യപ്പെട്ടു. 'ജോസഫിന്റെ, മകനെപ്പറ്റി രഹസ്യം വെളിപ്പെടുത്തിയ ഇസ്രായേലിന്റെ ദൈവത്തിന് സ്തുതിയായിരിക്കട്ടെ!"

യഹൂദർ നമ്മുടെ രക്ഷകനായ "യേശുവിനെപ്പറ്റിയും അദ്ദേഹ" ത്തിന്റെ മാതാവ് മറിയയെപ്പറ്റിയും മനസ്സിലാക്കിയ ജനന കഥ അവരുടെ 'തൊൽ ദാത്ത് ജേഷാ' (Toldath Jescha = യേശുവിന്റെ തലമുറ)' എന്ന പുസ്തകത്തിലും ഇതേ വാക്കുകളിൽ തന്നെ (1) വിവരിച്ചിരിക്കുന്നു.

മഹാനായ യേശുവിന്റെ വിശുദ്ധ നാമത്തിനും പ്രതിഛായക്കും മേൽ അദ്ദേഹത്തോട് കൊടുംപകയുള്ള ശത്രുക്കൾ വാരിയെറിഞ്ഞ കെട്ടുനാറുന്ന മാലിന്യങ്ങൾക്കെതിരെ മനുഷ്യനിലുള്ള മാന്യത പ്രതിഷേധിക്കാതിരിക്കില്ല. തീർച്ചയായും യേശുവിനെ ഗർഭം ധരിച്ചത് ചാരിത്ര്യവതിയും വിശുദ്ധ കന്യകയുമായ മറിയമാണ്. നമ്മുടെ ദൈവത്തിന്റെ, പിരിധിയില്ലാത്ത സൃഷ്ടി ലീലകളല്ലാതെ മറ്റൊന്നും തന്നെ യേശുവിന്റെ ഗർഭധാരണത്തിൽ സംഭവിച്ചിട്ടില്ല. ഋതുമതിയായിരിക്കുമ്പോൾ പിശാചുമായി വേഴ്ച നടത്തി ഗർഭിണിയായി എന്ന പരാമർശം കൂടുതൽ നന്നായിച്ചേരുക പകയുടെ ഗർഭം ധരിക്കുന്ന മനസ്സുകൾക്കാണ്. കഷ്ടം!

(1) ."The Thalmud Unmasked' by Rev. I. B. Pranaitis, Chap. I, P.30.

വിശുദ്ധാത്മാക്കളുടെ ധർമ്മ പത്നിമാരെക്കുറിച്ച് മാത്രമല്ല അവരുടെ വിശുദ്ധമാതാക്കൾക്കെതിരെയും മനോവൈകൃതം ബാധിച്ചവരുടെ നാവും തൂലികയും വിഷവും മാലിന്യവും ഒഴുക്കുകയാണ്. ഇത്തരം ചിത്തരോഗികൾ രണ്ടായിരം വർഷംമുമ്പ് ജീവിച്ചിരുന്നവരാകട്ടെ, സമകാലീന ലോകത്ത് ജീവിച്ചിരിക്കുന്നവരാകട്ടെ അവർ തമ്മിൽ യാതൊരു വ്യത്യാസവുമില്ല. നാവിന്റേയും പേനയുടെയും സ്വാതന്ത്ര്യത്തിന്റെ പേരിൽ ഇത്തരം മൃഗീയതയ്ക്ക നേരെ ആധുനിക നാഗരിക സമൂഹങ്ങൾക്ക് എങ്ങനെയാണ് കണ്ണടക്കാൻ കഴിയുന്നത് എന്ന കാര്യം അത്ഭുതകരം തന്നെ.

ഉദാഹരണത്തിന് ഇസ്‌ലാമിന്റെ, തിരുദൂതരുടെ ധർമ്മപത്നിമാർക്കെതിരെ സൽമാൻ റുഷ്ദി ഉപയോഗിച്ച ഭാഷക്ക് സമാനമാണ് ക്രിസ്തുവിന്റെ പരിശുദ്ധ മാതാവിനെതിരെയും പ്രയോഗിച്ചിട്ടുള്ള ഭാഷ.

സനേന്ദ്രിനിലും (Sanhedrin) ഇത്തരം വിവരണമുണ്ട് 67 a.

'ലുദ്ദിൽ വെച്ച് സ്റ്റാഡയുടെ മകനോട് അവർ ഇത് തന്നെയാണ് ചെയ്തത്. പെസഹായുടെ തലേന്ന് അവർ അവനെ തൂക്കിക്കൊന്നു. സ്റ്റാഡയുടെ ഈ പുത്രൻ പാന്തിറയുടെ പുത്രനായിരുന്നു. റബ്ബി ചസ്ദയുടെ വാക്കുകൾ പ്രകാരം പാന്തിറ സ്റ്റാഡയുടെ ഭർത്താവായിരുന്നു. അവനും അവന്റെ മാതാവും യഹൂദയുടെ മകനുമായ പാപൂസി (Paphus)ന്റെ കാലത്താണ് ജീവിച്ചിരുന്നത്!'

Thalmud Unmasked (തൽമൂദ് മുഖം മൂടിയില്ലാതെ) എന്ന ഗ്രന്ഥത്തിന്റെ കർത്താവായ ഐ.ബി. പ്രണൈറ്റിസ് മേൽ വചനത്തിന് ഇപ്രകാരം വ്യാഖ്യാനമെഴുതി:

'ഇതിന്റെ അർത്ഥം ഈ മറിയം സ്റ്റാഡയെന്ന് വിളിക്കപ്പെട്ടിരുന്ന ഒരു വേശ്യയായിരുന്നു എന്നാണ്. കാരണം പുമ്പടിതയിൽ വെച്ച് അവൾക്ക് പഠിപ്പിക്കപ്പെട്ടത് പ്രകാരം അവളുടെ ഭർത്താവിനെ ഉപേക്ഷിച്ചുകൊണ്ട് വ്യഭിചാരം നടത്തിയിരുന്നു. ഇത് ജെറുസെലേം തൽമൂദിലും മെയ്മോനിദിലും (Maimonides) രേഖപ്പെടുത്തിയിട്ടുണ്ട്.'

'ഇത്തരം പൈശാചികമായ കളവുകളിൽ വിശ്വസിക്കുന്നവർ വമ്പിച്ച വെറുപ്പോ അതോ സഹതാപമോ ഏതാണ് അർഹിക്കുന്നത്, എനിക്കൊന്നും പറയാൻ സാധിക്കുന്നില്ല (Thalmud Unmasked - Rev. I.B. Pranaitis)

തന്റെ ഏറ്റവും പ്രിയങ്കരനായ യജമാനൻ ഭ്രാന്തമായ പരിഹാസത്തിന് വിധേയമായപ്പോൾ വ്രണിത ചിത്തനും നിസ്സഹായനുമായ ഒരാളുടെ ഹൃദയത്തിൽ നിന്നും ഉയർന്ന വേദന നിറഞ്ഞ വിലാപമാണ് ഇത്.

**പുനരുജ്ജീവനമോ പുനരുത്ഥാനമോ?**

ആദിമ ക്രിസ്ത്യാനികൾ അക്കാലത്തെ യഹൂദികളുടെ പരിഹാസങ്ങളാൽ തീവ്രമായ ദുഃഖങ്ങളും നാരകീയ അനുഭവങ്ങളും സഹിക്കുകയുണ്ടായി. കടുത്ത ശകാരവാക്കുകൾ അവർ സഹിച്ചു. ഏതോ വിദൂരഭൂതകാലത്ത് വിസ്മൃതനായ ഒരാളെക്കുറിച്ചായിരുന്നില്ല ആ ശകാരവാക്കുകൾ; അവരോടൊപ്പം ജീവിക്കുകയും, അവരുമായി പങ്കിട്ട ചേതോഹര സ്മരണകൾ നിറഞ്ഞു നിൽകുകയും ചെയ്ത ഒരു മഹാവ്യക്തിയെക്കുറിച്ചായിരുന്നു. അവരാൽ അഗാധമായി സ്നേഹിക്കപ്പെട്ട അവരുടെ പ്രിയപ്പെട്ട ഗുരുവിനെക്കുറിച്ചായിരുന്നു ആ ശകാരവാക്കുകൾ. അവർ രണ്ട് വിധത്തിൽ പീഡിതരായിരുന്നു. അവരുടെ ഹൃദയത്തെ വ്രണപ്പെടുത്തിയത് യേശുവിനെ സംബന്ധിച്ച ഹീനമായ പരിഹാസങ്ങൾ മാത്രമായിരുന്നില്ല. വിചാരണ വേളയിലും ക്രൂശിച്ചു കൊല്ലാൻ ശ്രമിച്ചപ്പോഴും അദ്ദേഹം സഹിച്ച ഭത്സനങ്ങൾ അവരുടെ വ്രണിത ചിത്തത്തെ കൂടുതൽ വേദനിപ്പിച്ചു. ഇത്തരത്തിൽ മനുഷ്യോചിതമല്ലാത്ത, ജുഗുപ്സാവഹമായ ഭാഷ ഉപയോഗിച്ചു മുസ്ലിംകളുടെ പ്രിയപ്പെട്ട വിശുദ്ധ പ്രവാചകനേയും അദ്ദേഹത്തിന്റെ അനുയായികളേയും എതിർക്കുമ്പോൾ, അവരുടെ പരിശുദ്ധകർത്താവിനെ വിമർശിക്കുമ്പോഴുണ്ടാകുന്നതിനേക്കാൾ ഒട്ടും കുറയാത്ത രീതിയിൽ കോടിക്കണക്കിന് മുസ്ലിംകളും തീർച്ചയായും വേദനിക്കുന്നു എന്ന് പാശ്ചാത്യ ലോകത്തെ ക്രൈസ്തവ സമൂഹം മനസ്സിലാക്കാൻ ശ്രമിക്കണമെന്ന് ഞാനാഗ്രഹിക്കുന്നു.

യഹൂദികൾ അഹങ്കാരപൂർവ്വം അവകാശപ്പെടുന്നത് പോലെ, യേശു കുരിശിൽ വെച്ച് മരിച്ചിരുന്നില്ല. കുരിശ് സംഭവത്തിനുശേഷവും അദ്ദേഹം ജീവിച്ചിരുന്നുവെന്നുള്ളതിന് അനുഭവപരമായ അറിവും അനിഷേധ്യമായ തെളിവുകളും ആദിമ ക്രിസ്ത്യാനികളുടെ പക്കലുണ്ടായിരുന്നിട്ടും ഈ നിന്ദ അവർ ഏറ്റുവാങ്ങി. അവർ സ്വയം തന്നെ യേശുവിന്റെ മുറിവുകൾ ചികിത്സിച്ചു. അദ്ദേഹത്തിന്റെ ശരീരം അവർക്ക് കൈമാറിയതിൽ പിന്നെ അത്ഭുതകരമായ രീതിയിൽ അഗാധമായ അബോധാവസ്ഥയിൽ നിന്നും യേശു സുഖം പ്രാപിക്കുന്നത് അവർ സ്വന്തം കണ്ണുകൊണ്ട് നോക്കിക്കണ്ടു. അത് ഭൂത രൂപത്തിലോ പ്രേതരൂപത്തിലോ ആയിരുന്നില്ല. സാധാരണ മനുഷ്യശരീരത്തോടുകൂടിത്തന്നെ. സത്യത്തിനുവേണ്ടി സമുജ്ജ്വലമായ ത്യാഗങ്ങൾ വരിച്ച അതേ ദുർബലമായ മനുഷ്യശരീരത്തോടുകൂടിത്തന്നെ അദ്ദേഹം മരണത്തെ അതിജീവിച്ചു. അവർ അദ്ദേഹത്തോട് സംസാരിച്ചു. അദ്ദേഹത്തോടൊപ്പം ഭക്ഷണം കഴിച്ചു. കുരിശ് സംഭവം നടന്ന സ്ഥലത്ത് നിന്നും രാവുതോറും രഹസ്യമാർഗ്ഗത്തിൽ അദ്ദേഹം അടിവെച്ചടിവെച്ച് നീങ്ങുന്നതും അവർ കണ്ടു.

## സ്വർഗ്ഗാരോഹണം (Ascension)

### പുനരുജ്ജീവനമോ പുനരുത്ഥാനമോ?

യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണവിഷയം മത്തായിയും, യോഹന്നാനും അവരുടെ സുവിശേഷങ്ങളിൽ പരമാർശിച്ചിട്ടില്ല. അത്തരം ഒരു പരമപ്രധാനസംഭവത്തിന്റെ പ്രതിപാദനമില്ലാത്തത് എന്തുകൊണ്ടാണെന്ന കാര്യം ആരേയും അത്ഭുതപ്പെടുത്തും. സമാനസുവിശേഷങ്ങളിൽ* (സിനോപ്റ്റിക്ക് സുവിശേഷങ്ങൾ) മാർക്കോസും(1) ലൂക്കോസും (2) മാത്രമാണ് സ്വർഗ്ഗാരോഹണത്തെപറ്റി പരാമർശിക്കുന്നത്. ഈയടുത്തകാലത്ത് നടന്ന ശാസ്ത്രീയവും പണ്ഡിതോചിതവുമായ ഗവേഷണങ്ങൾ തെളിയിക്കുന്നത് ഈ രണ്ടു സുവിശേഷങ്ങളിലും കാണുന്ന ഈ പരാമർശങ്ങൾ പിൽക്കാലത്ത് കൂട്ടിചേർക്കപ്പെട്ട പ്രക്ഷിപ്തങ്ങളാണെന്നാണ്. മൂലഗ്രന്ഥത്തിൽ ഈ വചനങ്ങളില്ല.

ബൈബിൾ പഴയ നിയമവും പുതിയ നിയമവും ഒന്നിച്ച് ഏകദേശം പൂർണ്ണമായ നിലയിൽ കണ്ടെത്തിയ ഏറ്റവും പഴക്കമേറിയ ആധികാരിക ഗ്രന്ഥമാണ് കോഡക്സ് സിനിയാറ്റിക്കസ് ** (Codex Siniaticus) സ്വർഗാരോഹണത്തെപറ്റി മാർക്കോസും ലൂക്കോസും രേഖപ്പെടുത്തിയ വചനങ്ങൾ കോഡക്സ് സിനിയാറ്റിക്സിൽ ഇല്ല എന്ന് ആ ഗ്രന്ഥം തന്നെ സാക്ഷ്യം വഹിക്കുന്നു. പിൽക്കാലത്ത് ഏതെങ്കിലും എഴുത്തുകാർ (Scribe) സ്വന്തം നിലക്ക് അതിൽ കൂട്ടിച്ചേർത്തതായിരിക്കും പ്രസ്തുത വചനങ്ങൾ. കോഡക്സ് സിനിയാറ്റിക്കസിൽ മാർക്കോസിന്റെ സുവി

---

*** സമാനസുവിശേഷങ്ങൾ:** Synoptic Gospels: മത്തായി മാർക്കോസ്, ലൂക്കോസ് എന്നീ മൂന്ന് സുവിശേഷങ്ങളെയാണ് ഇപ്രകാരം വിളിക്കുക. പ്രധാനസംഭവങ്ങൾ രേഖപ്പെടുത്തിയതിൽ ഈ മൂന്നു സുവിശേഷങ്ങളിലും വളരെയേറെ സാമ്യതയുള്ളത് കൊണ്ടാണ് ഇങ്ങനെ വിളിക്കുന്നത്. - യോഹന്നാൻ ഇതിൽപ്പെടുന്നില്ല. സിനോപ്റ്റിക് എന്ന ഗ്രീക്ക് വാക്കിന്റെ അർത്ഥം Syn: ഒരുമിച്ച് Opsis കാണുക - സമവീക്ഷണം എന്ന് മനസ്സിലാക്കാം. (വിവ :)

(1) "അവരോട് സംസാരിച്ച് കഴിഞ്ഞശേഷം കർത്താവായ യേശു സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു. അവൻ അവിടെ ദൈവത്തിന്റെ വലതുവശത്ത് ഉപവിഷ്ടനായി." (മാർക്കോസ് : 16:19).

(2) 'അവരെ ആശീർവദിച്ചുകൊണ്ടിരിക്കേ അവൻ അവരെ വിട്ടുപിരിഞ്ഞു. സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു.' (24:50-51).

**** കോഡക്സ് സിനിയാറ്റിക്കസ്:** കടലാസ് കണ്ടുപിടിക്കുന്നതിന് മുമ്പ് പുരാതന കാലത്ത് മെഴുകുപുരട്ടിയ മരത്തോലിലായിരുന്നു ഗ്രന്ഥങ്ങളുടെ കയ്യെഴുത്തുപ്രതികൾ എഴുതി സൂക്ഷിച്ചിരുന്നത്. ഇപ്രകാരം എഴുതിക്കോർത്തിണക്കിയ പുസ്തകങ്ങളെയാണ് കോഡക്സ് എന്നു വിളിക്കുന്നത്. 'കോഡക്സ് സിനിയാറ്റിക്സ്' ആണ് ഏറ്റവും പുരാതനമായ ബൈബിൾ കൃതി. ഗ്രീക്ക് ഭാഷയിൽ 4-ാം നൂറ്റാണ്ടിലാണ് ഇത് എഴുതപ്പെട്ടത്. ജർമ്മൻ പുരോഹിതനായിരുന്ന കോൺസ്റ്റന്റയിൻ വോൺ ടീസ്ഷൻഡോർഫ് (Konstantin Von Tischendorf 1815-1874) സീനാ പർവ്വതത്തിന്റെ (Mount Sinai) അടിവാരത്തിലുള്ള ഒരു മൊണാസ്ട്രിയിൽ നിന്നാണ് ഈ കൃതി കണ്ടെടുത്തത്. സീനാപർവ്വതത്തിന്റെ അടിഭാഗത്തു നിന്നും കണ്ടെടുത്തതുകൊണ്ടാണ് കോഡക്സ് സിനിയാറ്റിക്കസ് എന്നു പേര് വന്നത്. 1933-ൽ ബ്രിട്ടീഷ് ഗവൺമെന്റ് റഷ്യയിൽ നിന്നും ഒരു ലക്ഷം പൗണ്ടിന് അത് വിലക്ക് വാങ്ങി ബ്രിട്ടീഷ് മ്യൂസിയത്തിലെ പ്രദർശനശേഖരത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (വിവ:)

**പുനരുജ്ജീവനമോ പുനരുത്ഥാനമോ?**

ശേഷം അവസാനിക്കുന്നത് 16-ാം അദ്ധ്യായം 8-ാം വചനത്തോടെയാണ്. ഈ വസ്തുത ചില ആധുനിക ബൈബിൾ പതിപ്പുകളിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. (1) ലൂക്കോസിന്റെ സുവിശേഷത്തിലെ 'സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു' എന്ന വചനം കോഡക്സ് സിനിയാറ്റിക്കസിൽ കാണുന്നില്ല*.

സി.എസ്.സി. വില്ല്യംസ് എന്ന ബൈബിൾ വിമർശകന്റെ അഭിപ്രായപ്രകാരം കോഡക്സ് സിനിയാറ്റിക്കസിൽ വിട്ടുപോയത് ശരിയാണെങ്കിൽ സ്വർഗ്ഗാരോഹണത്തെപ്പറ്റി മൂലകൃതിയിൽ മറ്റു യാതൊരു പരാമർശവുമില്ല.(2) യേശുവിന്റെ പുത്രത്വവും പിതാവിലേക്കുള്ള സ്വർഗ്ഗാരോഹണവും ഏറ്റവും ശക്തിയായി വാദിക്കുന്ന യഹോവ സാക്ഷികൾ പോലും മൂലകൃതിയിൽ ഇല്ലാത്തതാണ് മാർക്കോസ്, ലൂക്കോസ് സുവിശേഷങ്ങളിലെ ഈ വചനങ്ങളെന്ന് ആത്യന്തികമായി സമ്മതിക്കുന്നു.(3)

## യേശുവിന്റെ ശരീരത്തിന് എന്തുസംഭവിച്ചു?

ഇന്നത്തെ ക്രിസ്ത്യാനികൾ അവതരിപ്പിക്കുന്ന ക്രൂശീകരണം, സ്വർഗ്ഗാരോഹണം എന്നീ ഉപാഖ്യാനങ്ങളെ യുക്തിയുടേയും സാമാന്യബുദ്ധിയുടേയും അടിസ്ഥാനത്തിൽ സൂക്ഷ്മമായി പരിശോധിച്ചാൽ അവയിൽ കൂടുതൽ നിരർത്ഥകമായ കാര്യങ്ങൾ അടങ്ങിയിരിക്കുന്നതായി കാണാം. യേശുവിന്റെ മനുഷ്യശരീരത്തിലേക്കുള്ള തിരിച്ചുവരവിനെപ്പറ്റി വേണ്ടുവോളം പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. യേശു അന്തിമമായി സ്വർഗ്ഗാരോഹണം നടത്തിയിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ ശരീരത്തിന് എന്ത് സംഭവിച്ചു എന്ന കാര്യമെടുത്താൽ മാത്രം മതി ഇത് വ്യക്തമാവാൻ.

യേശുവിന്റെ ശരീരത്തിന് എന്ത് സംഭവിച്ചു എന്ന ചോദ്യത്തെ അഭിമുഖീകരിക്കുമ്പോൾ ചില ക്രിസ്ത്യാനികൾ പറയാറുള്ളത്, ക്രിസ്തുവിന്റെ

---

(1) The Holy Bible : New International Version (1984) by - International Bible Society.

* സി.എൽ.ആർ. സൊസൈറ്റി, ഓശാനാ മൗണ്ട്, എടമറ്റം, കോട്ടയം പ്രസിദ്ധീകരിച്ച മലയാളം ബൈബിളിലും (സെപ്റ്റംബർ 2000) ലൂക്കോസിന്റെ സുവിശേഷത്തിൽ 24:51 വചനത്തിന് കൊടുത്ത അടിക്കുറിപ്പിൽ ഇങ്ങനെ കാണാം. 'സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു' എന്ന് ചില കൈയ്യെഴുത്തു പ്രതികളിൽ കാണുന്നില്ല' എന്നു രേഖപ്പെടുത്തിയിരിക്കുന്നു. അതുപോലെ ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ ആന്റ് സിലോൺ, ബാംഗ്ലൂർ പ്രസിദ്ധീകരിച്ച (1963) ബൈബിളിലും 'സ്വർഗ്ഗാരോഹണം ചെയ്തു' എന്ന ഭാഗം മൂലകൃതിയിലില്ലാത്തത് കൊണ്ടായിരിക്കാം ബ്രാക്കറ്റിലാണ് കൊടുത്തിരിക്കുന്നത് (വിവ:)

(2) The Secrets of Mount Sinai, the story of finding the world's oldest Bible Codex Siniaticus by - James Bently P. 131.

(3) New World Translation

സ്ഥൂല ശരീരം ഒരു പ്രകാശത്തോടെ വിഘടനത്തിനു വിധേയമായി അപ്ര ത്യക്ഷമാവുകയും സ്വർഗ്ഗസ്ഥനായ തന്റെ പിതാവിലേക്ക് കരേറുകയും ചെയ്തു എന്നാണ്. ഇത് മൗലികമായ ഒരു പ്രശ്നം ഉയർത്തുന്നു. തന്റെ സ്ഥൂല ശരീരത്തിൽ നിന്നുമുള്ള ഒഴിഞ്ഞുപോക്കിന്റെ ഫലമായി ഇത്ര വലിയ് സ്ഫോടനം സംഭവിച്ചുവെങ്കിൽ എന്തുകൊണ്ട് ഈ പ്രതിഭാസം അദ്ദേഹത്തിന്റെ ആദ്യത്തെ മരണസമയത്ത് സംഭവിച്ചില്ല? കുരിശിൽ തൂങ്ങിക്കിടക്കുന്ന യേശുവിന്റെ മരണത്തെപ്പറ്റിയുള്ള ഒരേയൊരു പരാ മർശം മത്തായിയുടെ വാക്കുകളിൽ കാണുന്നത് ഇപ്രകാരമാണ്. *'ഉറക്കെ നിലവിളിച്ചു പ്രാണനെ വിട്ടു'* എന്ന്. ശരീരത്തിൽ നിന്നും സാധാരണ പോലെ ആത്മാവിന്റെ വേർപെടലല്ലാതെ മറ്റൊന്നും സംഭവിച്ചിട്ടില്ല എന്ന് ഇവിടെ വ്യക്തമാണ്. യേശുവിന്റെ ശരീരം ഒരു പ്രകാശ വിസ്ഫോടന ത്തോടെ അപ്രത്യക്ഷമാകാത്തത് കാരണം അദ്ദേഹം കുരിശിൽ വെച്ച് മരിച്ചിട്ടില്ല എന്ന് നമുക്ക് ഊഹിച്ചുകൂടേ? എന്തുകൊണ്ട് യേശു തന്റെ ശരീരത്തിൽ നിന്നും രണ്ടാം തവണ മോചിതനായപ്പോൾ മാത്രം ഇങ്ങനെ സംഭവിച്ചു? ഈ സാഹചര്യത്തിൽ രണ്ടേ രണ്ട് വഴികളിലൂടെ മാത്രമേ നമുക്ക് മുന്നോട്ടുപോകാൻ സാധ്യമാകൂ.

1 – ഒന്നാമത്തെ വഴി ഇപ്രകാരമാണ്: യേശുവിന്റെ ആത്മാവ് ശരീ രത്തിലേക്ക് തിരിച്ചുവന്നതിനുശേഷം (കുരിശിൽ മരിച്ചുകഴിഞ്ഞുള്ള ഉയിർപ്പിന് ശേഷം) ശരീരത്തിൽ ശാശ്വതമായി നിലനിന്നിട്ടില്ല. സ്വർഗ്ഗാ രോഹണ സന്ദർഭത്തിൽ അദ്ദേഹത്തിന്റെ ശരീരം ഉപേക്ഷിക്കുകയും ശുദ്ധ മായ ആത്മാവായിക്കൊണ്ട് ദൈവത്തിലേക്ക് കരേറുകയും ചെയ്തു.

ഇത് വസ്തുതകൾക്ക് നിരക്കുന്നതോ ഗ്രഹിക്കാൻ സാധിക്കുന്നതോ അല്ല. കാരണം യേശു രണ്ട് തവണ മരിച്ചു എന്ന മൂഢവിശ്വാസത്തിന്റെ അന്ധമായ പാതയിലേക്കാണ് അത് നമ്മെ നയിക്കുന്നത്. ആദ്യതവണ കുരിശിലും രണ്ടാം തവണ സ്വർഗ്ഗാരോഹണ വേളയിലും!

2 – രണ്ടാമത്തെ വഴി: മനുഷ്യശരീരത്തിൽ തന്നെ യേശു ശാശ്വത മായി നിലനിന്നിരുന്നുവെന്നതാണ്.

ദൈവത്തിന്റെ മഹത്വത്തിനും, പ്രതാപത്തിനും അനുയോജ്യമല്ലാ ത്തതും അവനെ സംബന്ധിച്ച് അറപ്പുണ്ടാക്കുന്നതുമായ ഈ സങ്കൽപ്പം ഒരിക്കലും അംഗീകരിക്കാൻ സാധ്യമല്ല.

മറ്റൊരുതരത്തിൽ പറഞ്ഞാൽ സാമാന്യബുദ്ധിയുടെതായ കാഴ്ച പ്പാടാണ് നമുക്കുള്ളത്. അതായത് 'പുരാതന കാലത്തെ ബഹിരാകാശ യാത്രാസങ്കൽപ്പം പോലെ മനസ്സിലാക്കുന്നതിൽ പറ്റിയ ഒരു പ്രമാദമായി രിക്കണം യേശുവിന്റെ സ്വർഗ്ഗാരോഹണകഥ. ആകാശം എന്നത് സൂര്യനും ചന്ദ്രനും, ഗാലക്സിക്കും അകലെയുള്ള ഒരു സ്ഥലമാണ് എന്ന് അവർ

തെറ്റിദ്ധരിച്ചു.1 സത്യം ഇപ്പറഞ്ഞതൊന്നുമല്ല. പിൽക്കാലത്ത് ക്രിസ്തുമതത്തിന്റെ രൂപീകരണവേളയിൽ അഭിമുഖീകരിച്ചതും ഉത്തരം നൽകാൻ സാധിക്കാത്തതുമായ പ്രഹേളികകൾക്ക് പ്രതിവിധിയെന്നോണമായിരിക്കണം അത്തരം കെട്ടുകഥകൾ ആവിർഭവിക്കാൻ കാരണം. യേശു ദൃഷ്ടിയിൽ നിന്നും അപ്രത്യക്ഷനായപ്പോൾ സ്വാഭാവികമായും പിന്നീട് അദ്ദേഹത്തിന് എന്ത് സംഭവിച്ചു എന്ന ചോദ്യം ഉയർന്നുവന്നിട്ടുണ്ടായിരിക്കും. അദ്ദേഹത്തിന്റെ ശരീരം അവിടെ ഇല്ലാത്തത് കാരണം യേശു മരിച്ചിരുന്നില്ല എന്ന് പ്രചരിപ്പിച്ച് ഈ പ്രശ്നത്തിൽ നിന്നും തലയൂരാൻ ആദിമ ക്രിസ്ത്യാനികൾ ശ്രമിച്ചിരുന്നില്ല. വാസ്തവത്തിൽ തന്റെ ശരീരത്തോടൊപ്പം അദ്ദേഹം ദൂരെ ദിക്കുകളിലേക്ക് നടന്നുനീങ്ങുകയായിരുന്നു. ഈ യഥാർത്ഥ സംഗതി പറഞ്ഞ് ശരീരം അവിടെ കാണാതായത് സംബന്ധിച്ച പ്രശ്നം പരിഹരിക്കാമായിരുന്നു. പക്ഷേ അവർക്ക് ഈ വാസ്തവം പറയാൻ സാധ്യമല്ലായിരുന്നു. യേശു ജുദിയായിൽ നിന്നും വിദൂരദിക്കുകളിലേക്ക് സഞ്ചരിക്കുന്നത് കണ്ടതായി സമ്മതിക്കുന്ന പക്ഷം നീതിപീഠത്തിന്റെ ശിക്ഷയിൽ നിന്നും രക്ഷപ്പെട്ട ഒരു അപരാധിയെ സഹായിക്കുന്നയാൾ എന്ന നിലക്ക് റോമൻ നിയമം അവരുടെ മേലും കുറ്റം വിധിച്ചേക്കുമോ എന്ന് അവർ ഭയപ്പെട്ടിട്ടുണ്ടാവും.

ആശയം എത്രതന്നെ വിചിത്രമായിരുന്നാലും യേശുവിന്റെ സ്വർഗ്ഗാരോഹണകഥ അവർക്ക് ചോദ്യങ്ങളിൽ നിന്നും രക്ഷപ്പെടാനുള്ള സുരക്ഷിതമായ ഒരു പോംവഴിയായിരുന്നു. പക്ഷേ അതിൽ അവാസ്തവം കലർന്നിരുന്നു. ഘോരമായ സാഹചര്യത്തിലും അത്തരം അസത്യപ്രസ്താവങ്ങളിൽ അഭയം തേടാതിരുന്ന യേശുവിന്റെ ആദ്യകാല ശിഷ്യന്മാരുടെ സത്യസന്ധതക്ക് മുമ്പിൽ നാം നമ്മുടെ ആദരങ്ങൾ അർപ്പിക്കേണ്ടതുണ്ട്. വ്യാജപ്രസ്താവനകൾ നടത്തി പുകമറക്കുള്ളിൽ അഭയം തേടുന്നതിന് പകരം എല്ലാ സുവിശേഷകന്മാരും ഈ വിഷയത്തിൽ മൗനം പാലിക്കുകയാണ് ചെയ്തത്. ശത്രുക്കളുടെ തീക്ഷ്ണമായ പരിഹാസവചനങ്ങൾ ആദിമ ക്രിസ്ത്യാനികൾ തീർച്ചയായും സഹിച്ചിട്ടുണ്ടാവും. പക്ഷേ അവർ മൗനം പാലിക്കുകയാണുണ്ടായത്.

യേശുവിന്റെ അപ്രത്യക്ഷമാകലിലെ ആന്തരരഹസ്യങ്ങളറിയുന്നവരുടെ ഭാഗത്ത് നിന്നുള്ള നിഗൂഢാത്മകമായ ഈ മൗനമാണ് പിൽക്കാല ക്രിസ്തീയ തലമുറകളിൽ സംശയത്തിന്റെ വിത്ത് വിതക്കാൻ കാരണം. യേശുവിന്റെ ആത്മാവ് ശരീരത്തിൽ നിന്നും വേർപെട്ടതിനുശേഷം അദ്ദേഹത്തിന്റെ ശരീരത്തെ സംബന്ധിച്ച് യാതൊരു പരാമർശവും എന്തുകൊണ്ട് ഉണ്ടായില്ല എന്നത് സംബന്ധിച്ച് അവർ അത്ഭുതപ്പെട്ടിട്ടുണ്ടാവണം. ആ ശരീരം എവിടെ? അതിന് എന്ത് സംഭവിച്ചു? ആ ശരീരത്തിലെ

1. The Lion Hand book of Christian Belief, Lion, London (1982) P. 120

യേശുവിന്റെ ആത്മാവ് വീണ്ടും തിരിച്ചുവന്നെങ്കിൽ എന്തുകൊണ്ട് അത് അതേ ശരീരത്തിൽ തന്നെ വന്നുചേർന്നു? ഈ ചോദ്യം നിർണ്ണായകവും ഉത്തരമില്ലാത്തതുമായ മറ്റനേകം ചോദ്യങ്ങളുയർത്തുന്നു. അതേപൂർവ്വ ശരീരത്തിലേക്ക് തന്നെയുള്ള മടക്കമാണ് പുനരുത്ഥാനമെങ്കിൽ രണ്ടാമതും ആ സ്ഥൂലശരീരത്തിൽ ബന്ധനസ്ഥനായതിനുശേഷം യേശുക്രിസ്തുവിന് എന്താണ് സംഭവിച്ചത്? അദ്ദേഹം ശാശ്വതനായി പ്രസ്തുത ശരീരത്തിൽ ബന്ധനസ്ഥനായോ? ഒരിക്കലും ആ ശരീരത്തിൽ നിന്നും മോചനമില്ലേ?

മറിച്ച്, മരിച്ച യേശുവിന്റെ ആത്മാവ് വീണ്ടും ശരീരത്തിൽ നിന്നു വിട്ടുപോയിട്ടുണ്ടെങ്കിൽ പുനരുത്ഥാനം ശാശ്വതമായിരുന്നുവോ അതോ താൽക്കാലികമോ? അദ്ദേഹം ശരീരത്തിൽ ബന്ധനസ്ഥനായിരുന്നിട്ടില്ലെങ്കിൽ അദ്ദേഹത്തിന്റെ രണ്ടാം മരണത്തിനുശേഷം ശരീരത്തിന് എന്തു സംഭവിച്ചു? എവിടെയാണ് അത് അടക്കം ചെയ്തത്? ഏതെങ്കിലും പുരാരേഖകളിലോ പുരാവൃത്തങ്ങളിലോ അത് സംബന്ധിച്ച രേഖകളുണ്ടോ?

ആദ്യകാലങ്ങളിൽ ഇത്തരത്തിലുള്ള ചോദ്യങ്ങൾ ഉയർന്നു വന്നില്ലെങ്കിലും യേശുവിന്റെ പ്രഹേളികയെ സംബന്ധിച്ചും അദ്ദേഹത്തെ സംബന്ധിച്ചുമുള്ള എല്ലാ ചോദ്യങ്ങൾക്കും ക്രിസ്ത്യൻ വൈദികന്മാർ താത്വികമായ വിശദീകരണങ്ങളുമായി മൽപ്പിടുത്തം നടത്തിയതിന് പിൽക്കാല നൂറ്റാണ്ടുകൾ സാക്ഷ്യം വഹിച്ചതായി കാണുന്നു. യേശുവിന്റെ ശരീരത്തിന് എന്ത് സംഭവിച്ചു എന്നതിനെപറ്റിയുള്ള ഈ ചോദ്യങ്ങളിൽ നിന്നും തലയൂരാൻ യേശു ആകാശത്തേക്ക് സശരീരം ഉയർന്നു പോകുന്നത് കണ്ടുവെന്ന് മാർക്കോസിന്റെ സുവിശേഷത്തിൽ അവസാനത്തെ പന്ത്രണ്ട് വചനങ്ങൾ യാതൊരു മനസ്സാക്ഷിക്കുത്തുമില്ലാതെ കൃത്രിമമായി എഴുത്തുകാർ എഴുതിച്ചേർത്തതാണ്. എന്നിട്ട് യേശുവിന്റെ സ്വർഗ്ഗാരോഹണം അവസാനമായി കണ്ടു എന്ന പ്രസ്താവം മാർക്കോസിന്റെ സുവിശേഷത്തിൽ അദ്ദേഹത്തിന്റെ പേരിൽ വ്യാജമായി ആരോപിക്കുകയും ചെയ്യുന്നു. കൂട്ടിച്ചേർപ്പുകൾ ലൂക്കോസിന്റെ സുവിശേഷത്തേയും വെറുതെ വിട്ടില്ല. അതിൽ അവർ 'സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു' (ലൂക്ക്: 24:51) എന്ന ഭാഗം വളരെ തന്ത്രപൂർവ്വം എഴുതിച്ചേർത്തു. ഇപ്രകാരം യേശുവിനെ സംബന്ധിച്ചുള്ള എല്ലാ ചോദ്യങ്ങൾക്കും എന്നെന്നേക്കുമായി അറുതിവരുത്തി. ചുരുക്കത്തിൽ ക്രിസ്തുമതത്തെ അലട്ടിയിരുന്ന ഈയൊരു പ്രഹേളിക ഇപ്രകാരം പരിഹരിക്കപ്പെട്ടു. എന്നാൽ അഹോ, പരിതാപകരം! എന്ത് വിലയാണ് അവർ അതിന് നൽകിയത്? യേശുവിന്റെ യഥാർത്ഥ ജീവിതത്തെ സംബന്ധിച്ച ഏറ്റവും പവിത്രമായ വസ്തുതകളെ ബലികഴിച്ചുകൊണ്ടാണ് അവർ ഈ കൃത്യം നിർവ്വഹിച്ചത്. കെട്ടുകഥകളുടെ ബലിവേദിയിൽ യേശുവിന്റെ സത്യങ്ങൾ ഹോമി

ക്കപ്പെട്ടു. അന്നു മുതൽ ക്രിസ്തുമതം അതിന്റെ സത്യത്തിൽ നിന്ന് കെട്ടു കഥകളിലേക്കുള്ള അപ്രതിരോധ്യവും അതിനിശിതവുമായ പരിണാമ മുന്നേറ്റം തുടർന്നുകൊണ്ടിരിക്കുന്നു.

നമുക്ക് തീർച്ചയായും അറിയാം യേശുവിന്റെ ശരീരം കാണാത്ത തിൽ യഹൂദികൾ അസന്തുഷ്ടരും അസ്വസ്ഥരുമായിരുന്നു (1) യേശു മരിച്ചു എന്നതിന് പൂർണ്ണമായ തെളിവ് അവർക്ക് ആവശ്യമായിരുന്നു. ഇതിന്നായി സർവ്വാംഗീകൃതമായ ഒരു തെളിവ് അവർക്ക് വേണ്ടതുണ്ട്. അത് അദ്ദേഹത്തിന്റെ മൃതശരീരത്തിന്റെ സാന്നിദ്ധ്യമായിരുന്നു. പിലാ ത്തോസിന്റെ മുമ്പിൽ യഹൂദികൾ സമർപ്പിച്ച പരാതിയിൽ യേശു അപ്ര ത്യക്ഷനാകും എന്ന ഭീതി അവർ പ്രകടിപ്പിച്ചിരുന്നു (2)

ഏറ്റവും സത്യസന്ധവും ലളിതവുമായ ഉത്തരമിതാണ്. എങ്ങനെ യായിരുന്നാലും ഇന്ന് വ്യാപകമായി വിശ്വസിക്കപ്പെടുന്നതുപോലെ യേശു കുരിശിൽ മരിച്ചിട്ടില്ല എന്ന സത്യമാണ് നമുക്ക് മനസ്സിലാവുന്നത്. അതു കൊണ്ട് ശരീരം എവിടെപ്പോയി എന്ന ചോദ്യം തികച്ചും അപ്രസക്ത മാണ്.

'ഇസ്രായേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകളുടെ അടു ക്കലേക്ക് ഞാൻ പോകും' എന്ന യേശുവിന്റെ വാഗ്ദാനം പാലിക്കാൻ വേണ്ടി അദ്ദേഹം ജൂദിയ വിടേണ്ടതുണ്ട്. തീർച്ചയായും അദ്ദേഹം പിന്നീട് അവിടെ കാണപ്പെടാൻ സാധ്യതയില്ല.

## അഹ്മദിയ്യാ വീക്ഷണം

യേശുവിന്റെ ശരീരത്തിന് എന്ത് സംഭവിച്ചു എന്നതിനെപ്പറ്റിയുള്ള അഹ്മദിയ്യാ വീക്ഷണം വളരെ വ്യക്തവും, യുക്തിപരവും, വസ്തുതാ പരവുമാണ്. യേശുവിന്ന് എന്ത് സംഭവിച്ചു എന്ന കാര്യം അതിന്റെ മഹ ത്വത്തിന്റെ പരിവേഷത്തോടെ സത്യത്തിന്റെ വെളിച്ചത്തിൽ അഹ്മദിയ്യാ

(1) അവർ യാത്രയായപ്പോൾ കാവൽക്കാരിൽ ചിലർ നഗരത്തിൽ ചെന്നു സംഭവി ച്ചതെല്ലാം മുഖ്യപുരോഹിതരെ അറിയിച്ചു. അവർ മൂപ്പന്മാരെ വിളിച്ചുകൂട്ടി ആലോചിച്ച ശേഷം പടയാളികൾക്കു വളരെയേറെ പണം കൊടുത്തിട്ടു പറഞ്ഞു: "രാത്രിയിൽ ഞങ്ങൾ ഉറങ്ങിയപ്പോൾ അവന്റെ ശിഷ്യന്മാർ വന്ന് അവനെ മോഷ്ടിച്ചുകൊണ്ടുപോയി" എന്നു ജനങ്ങളോടു പറയുക. ഇത് ദേശാധികാരിയുടെ ചെവിയിൽ എത്തിയാൽ ഞങ്ങൾ അയാളെ സ്വാധീനിച്ചുകൊള്ളാം. നിങ്ങൾക്ക് ഉപദ്രവം ഉണ്ടാകാതെ നോക്കിക്കൊള്ളുകയും ചെയ്യാം. അവർ പണം വാങ്ങി നിർദ്ദേശിച്ചതുപോലെ പ്രവർത്തിച്ചു. - ഈ കഥ ഇന്നോളം യഹൂദ രുടെ ഇടയിൽ പ്രചരിച്ചുപോരുന്നു. (മത്താ: 28:11.15)

(2) "അടുത്തദിവസം അതായത് ഒരുക്കനാളിന്റെ പിറ്റേന്ന് മുഖ്യപുരോഹിതന്മാരും ഫരിസേയരും ഒത്തുചേർന്നു പിലാത്തോസിനെ സമീപിച്ചു പറഞ്ഞു: 'യജമാനനേ, ആ വഞ്ചകൻ ജീവിച്ചിരുന്നപ്പോൾ "മൂന്നു ദിവസത്തിനുശേഷം ഞാൻ ഉയിർത്തെഴുന്നേൽക്കും" എന്ന് പറഞ്ഞത് ഞങ്ങൾ ഓർമ്മിക്കുന്നു. അതിനാൽ മൂന്നാം ദിവസം വരെ ശവകുടീര ത്തിന് കാവൽ ഏർപ്പെടുത്താൻ ഉത്തരവാകണം' (മത്തായി: 27:58-62).

പ്രസ്ഥാനം അവതരിപ്പിച്ചിരിക്കുന്നു. യേശുവിനെപ്പറ്റിയുള്ള യാഥാർത്ഥ്യം ഏറ്റവും ഹൃദയഹാരിയാണ്. ഇതിഹാസത്തിന്റെ കൃത്രിമ പരിവേഷങ്ങൾ അദ്ദേഹത്തിന്റെ മേൽ അണിയിക്കേണ്ടതില്ല. പാപപങ്കിലമായ മനുഷ്യ സമുദായത്തിനുവേണ്ടി ജീവിതം മുഴുവൻ അദ്ദേഹം അനുഭവിച്ച കടുത്ത യാതനകൾ അവസാനം ക്രൂശീകരണത്തിൽ വന്നുനിൽക്കുന്നു. കുരിശിൽ നിന്നും അദ്ദേഹത്തിന്റെ മോചനവും അതിനെ തുടർന്ന് കാണാതെ പോയ പത്ത് ഇസ്രയേൽ ഗോത്രങ്ങളെത്തേടിയുള്ള യാത്രയും പരമകാരുണി കനും കരുണാനിധിയുമായ ദൈവത്തിന്റെ വാഗ്ദാനമനുസരിച്ചുള്ളതാണ്. അതായത് ക്രൂശീകരണത്തിന് മുമ്പ് അദ്ദേഹം ദൈവികസന്ദേശങ്ങൾ പ്രേഷണം ചെയ്തിരുന്ന രണ്ട് ഇസ്രയേലീ ഗോത്രങ്ങൾക്കിടയിൽ മാത്ര മല്ല, പുറത്ത് പ്രവാസികളായിക്കഴിഞ്ഞിരുന്ന ബാക്കി പത്ത് ഗോത്രങ്ങ ളിലും ദൈവികസന്ദേശം എത്തിക്കേണ്ട ചുമതല അദ്ദേഹത്തിന്നുണ്ടാ യിരുന്നു. അപ്പോൾ മാത്രമേ അദ്ദേഹത്തിന്റെ ദൗത്യത്തിന് പരിപൂർണ്ണത കൈവരികയുള്ളൂ. ഇതാണ് യേശുവിന്റെ ജീവിതത്തിന്റെ സംഭവബഹു ലവും പരിശുദ്ധവുമായ യാഥാർത്ഥ്യങ്ങൾ.

നൂറു വർഷങ്ങൾക്കു മുമ്പ് അഹ്മദിയ്യാ മുസ്‌ലിം സമൂഹത്തിന്റെ സ്ഥാപകനായിരുന്ന ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) യേശു തന്റെ ആദ്യകാല പ്രഭാഷണങ്ങളിൽ സൂചിപ്പിച്ചത് പോലെ കുരി ശിൽ നിന്ന് രക്ഷപ്പെടുകയുണ്ടായി എന്ന് പ്രഖ്യാപിച്ചു. ദുരൂഹതകൾക്കി ടയിൽ കഴിഞ്ഞിരുന്ന യേശുവിന്റെ ജീവിതത്തിലെ സമുജ്ജ്വല സത്യ ങ്ങൾ ഇസ്‌ലാമിക ചരിത്രത്തിലാദ്യമായി ദൈവനിയോഗിതനായ അദ്ദേഹം മറ നീക്കി പുറത്തുകൊണ്ടുവന്നു. ഭൂരിപക്ഷീയരായ യാഥാസ്ഥിതിക മുസ്‌ലിംകളുടെ രോഷം നിറഞ്ഞ മുഖത്ത് നോക്കി യേശു കുരിശിൽ മരിക്കുകയോ ആകാശത്തേക്ക് കയറിപ്പോകുകയോ ചെയ്തിട്ടില്ല എന്നും ദൈവികവാഗ്ദാനപ്രകാരം കുരിശ് പീഡനത്തിൽ നിന്നും അത്ഭുതകര മായി രക്ഷപ്പെടുകയാണുണ്ടായതെന്നും ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) പ്രഖ്യാപിച്ചു. അതിനുശേഷം യേശു സ്വയം വാഗ്ദാനം ചെയ്തത് പ്രകാരം കാണാതെ പോയ ഇസ്രായേൽ ഗോത്രങ്ങളെ തേടിപ്പോയി. ഇന്ത്യയിലെ കാശ്മീരിലും മറ്റു പ്രദേശങ്ങളിലും കുടിയേറിപ്പാർത്ത ഇസ്ര യേലി ഗോത്രങ്ങളുടെ ഏറ്റവും സാധ്യമായ സഞ്ചാരപാത അഫ്ഗാനി സ്ഥാൻ വഴിയാണെന്ന് ഒരാൾക്ക് ന്യായമായും ഊഹിക്കാൻ കഴിയും. അവിടങ്ങളിലെല്ലാം ഇസ്രായേലി ഗോത്രങ്ങൾ അധിവസിച്ചിരുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അഫ്ഗാനിസ്ഥാനിലേയും കാശ്മീരിലേയും ജനങ്ങൾ, കുടിയേറിപ്പാർത്ത ഇസ്രായേലീ ഗോത്രങ്ങളിൽ നിന്നുള്ള ശാഖ കളാണെന്നതിന് ചരിത്രപരമായ ശക്തമായ തെളിവുകളുണ്ട്. യേശു അവ സാനം സാധാരണ നിലയിൽ മരിക്കുകയും കാശ്മീരിലെ ശ്രീനഗറിൽ കബറടക്കം ചെയ്യപ്പെട്ടുവെന്നും ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദി

യാനി (അ) വെളിപ്പെടുത്തുകയും ചെയ്തു.

യേശുവിന്റെ ശരീരം ജന്മസ്ഥലത്തുനിന്നും കാണാതായ പ്രഹേളിക സംബന്ധിച്ച് ഏറ്റവും ന്യായയുക്തവും വാസ്തവികവുമായ വിശദീകരണമാണ് അഹ്മദികൾ മുന്നോട്ടു വെക്കുന്നത്. നിരവധി തവണ അവർ ഈ വിശദീകരണത്തിന് ഖണ്ഡനം അഭിമുഖീകരിച്ചിട്ടുണ്ട്. കുരിശിൽ നിന്ന് രക്ഷപ്പെട്ടെന്നാൽപോലും ജൂദിയായിൽ നിന്നും കാശ്മീർ വരെയുള്ള ദീർഘവും ദുർഘടവുമായ യാത്ര അവിശ്വസനീയമാണെന്നാണ് അവരുടെ ഖണ്ഡനം. ഈ എതിർവാദം കേൾക്കുന്ന അഹ്മദികൾ ചോദിക്കാറുണ്ട്: 'ഏതു ദൂരമാണ് ദൈർഘ്യമേറിയത്? ഫലസ്തീനിൽ നിന്ന് കാശ്മീരിലേക്കുള്ള ദൂരമോ? ഭൂമിയിൽ നിന്ന് അതിവിദൂരമായ ആകാശദേശത്തേക്കുള്ള ദൂരമോ?'* വീണ്ടും അഹ്മദികൾ അവരോടു അത്ഭുതം കൂറി ചോദിക്കാറുണ്ട്, കാണാതെ പോയ ഇസ്രയേൽ ഗോത്രങ്ങളെത്തേടി താൻ പോകുമെന്ന് പറഞ്ഞ യേശുവിന്റെ വാഗ്ദാനത്തിന് എന്ത് സംഭവിച്ചു? യേശു ഫലസ്തീനിൽ നിന്നും യാത്ര പറഞ്ഞ് നേരെ ചൊവ്വേ ആകാശത്ത് പോയി ദൈവത്തിന്റെ വലത് ഭാഗത്ത് ഇരിക്കുകയാണെങ്കിൽ അദ്ദേഹം തന്റെ വാഗ്ദാനം മറന്നുപോകുകയല്ലേ ചെയ്തത്? അതല്ല, അദ്ദേഹത്തിന്റെ വാഗ്ദാനം പാലിക്കാൻ അദ്ദേഹത്തിന് കഴിയാതെ പോയോ? അല്ലാത്തപക്ഷം നാം നേരത്തെ പറഞ്ഞത്പോലെ ഇസ്രയേൽ ഗോത്രത്തിലെ കാണാതെ പോയ ഗോത്രങ്ങൾ ആദ്യമേ ആകാശത്തേക്ക് കയറിപ്പോവുകയും അവരെ അന്വേഷിച്ച് പിന്നാലെ യേശുവും പോയതാണെന്ന് കരുതാമോ.'?

## മരണത്തിൽ നിന്ന് രക്ഷപ്പെട്ട സംഭവങ്ങൾ

യേശു കുരിശിൽ നിന്നു ജീവനോടെ രക്ഷപ്പെട്ടുവെന്ന് വിശ്വസിക്കാൻ ഇപ്പോഴും ചിലർക്ക് പ്രയാസമാണ്. അത് അസംഭവ്യവും അസ്വീകാര്യവുമാണെന്ന് അവർ പറയുന്നു. അത്യന്തം അപകടകരമായ അവസ്ഥ പോലും മനുഷ്യൻ തരണം ചെയ്ത സംഭവങ്ങൾ ചരിത്രത്തിൽ രേഖ

---

*യേശുവിന്റെ ശിഷ്യനായ സെന്റ് തോമസ് കേരളത്തിൽ വന്ന് ഏഴു സ്ഥലങ്ങളിൽ പള്ളി പണിതതായി കേരളത്തിലെ മാർത്തോമാ ക്രിസ്ത്യാനികൾ ഒന്നടങ്കം വിശ്വസിക്കുന്നു. ഫലസ്തീനിൽ നിന്നും കരവഴി വരികയാണെങ്കിൽ കശ്മീർ കേരളത്തെക്കാൾ ഏകദേശം 3500 കി.മീററർ കുറവാണ് എന്ന കാര്യം നാം പ്രത്യേകം ഓർക്കണം. അഫ്ഗാനിസ്താനിലെ ഗൊണ്ടാഫറാസ് രാജാവിന്റെ രാജധാനി സന്ദർശിച്ചു കര വഴിയാണ് സെന്റ് തോമസ് ഇന്ത്യയിലേക്ക് വന്നതെന്ന് 'തോമായുടെ പ്രവൃത്തികൾ' (Act of Thomas) എന്ന വേദപുസ്തകത്തിലെ സൂചനകളിൽ നിന്നും മനസ്സിലാവുന്നു. യേശുവും, സന്തത സഹചാരിയായിരുന്ന തോമസും കൂടി സിറിയ, ഇറാഖ്, ഇറാൻ, അഫ്ഗാനിസ്ഥാൻ , കശ്മീർ വഴിയാണ് ഇന്ത്യയിലേക്ക് വന്നതെന്നും, സിന്ധിലെ കറാച്ചി തുറമുഖത്ത് നിന്ന് സെന്റ് തോമസ് കടൽ വഴി ഗുജറാത്ത്, കൊങ്കൺ, മലബാർ, തീരം വഴി കേരളത്തിലേക്ക് വന്നതെന്നും ചില ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. (വിവ : )

പ്പെട്ടതും അറിയപ്പെട്ടതുമാണ്. നാം ഇവിടെ വിവരിച്ച യേശുവിന്റെ സംഭവം വിചിത്രമോ വിശ്വസിക്കാൻ പ്രയാസമുള്ളതോ അല്ല. മരണത്തിന് സമാന അവസ്ഥയിൽ ആളുകൾ ജീവിതത്തിലേക്ക് തിരിച്ചുവന്നതിനനുകൂലമായ നിരവധി തെളിവുകൾ വൈദ്യശാസ്ത്രം റിപ്പോർട്ട് ചെയ്യുകയും സ്വീക രിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

അവിഭക്ത ഇന്ത്യയിലെ ഒരു നാട്ടുരാജ്യത്തെ മഹാരാജാവിന്റെ കാര്യം ഇതു സംബന്ധിച്ച് പരാമർശിക്കാവുന്ന ഒരു ആധികാരിക സംഭവമാണ്. അദ്ദേഹത്തിന് ഇത്പോലെ മരണത്തിൽ നിന്നും രക്ഷപ്പെടാൻ സാധ്യ മല്ല എന്ന് പറയാവുന്ന ഒരു ഘട്ടം വന്നു. മഹാരാജാവിന് തന്റെ ഭാര്യ വിഷം നൽകിയതാണെന്ന് കരുതപ്പെടുന്നു. അദ്ദേഹത്തിന്റെ മൃതശരീരം സംസ്കരിക്കാൻ വേണ്ടി അതിനുമേൽ ചിത കൂട്ടി തീകൊളുത്തി. പൊടു ന്നനെ ഒരു കൊടുംങ്കാറ്റ് പ്രത്യക്ഷമായി. അവസാനം അദ്ദേഹം മരണ ത്തിൽ നിന്ന് രക്ഷപ്പെട്ടുവെന്ന് മാത്രമല്ല. ഒരുപാടു കാലത്തെ നിയമയു ദ്ധത്തിന് ശേഷം അദ്ദേഹത്തിന് സിംഹാസനം തിരിച്ചുലഭിക്കുകയും ചെയ്തു. സംഭവം ഇപ്രകാരമാണ്:

രാമേന്ദ്ര നാരായൺ റോയ്, ബേവൻ എസ്റ്റേറ്റിലെ കോടതിയുടെ സംര ക്ഷണ ചുമതലയിലുള്ള (Court of Ward) ഒരു രാജകുമാരനായിരുന്നു. ഭരണതലസ്ഥാനമായ ജോയ് ദേവ്പൂരിൽ വെച്ച് 1909 മേയ് മാസത്തിൽ അദ്ദേഹത്തിന് വിഷം കൊടുക്കപ്പെടുകയും തുടർന്ന് മരണപ്പെട്ടതായി പ്രഖ്യാപിക്കപ്പെടുകയും ചെയ്തതായി ആരോപിക്കപ്പെട്ടു. മരണപ്രഖ്യാ പനത്തിനുശേഷം മൃതശരീരം പട്ടടയിൽ വെച്ചു. സാഹചര്യത്തെളിവു കൾ സൂചിപ്പിക്കുന്നത് അദ്ദേഹത്തിന്റെ ഭാര്യയായിരുന്നു ഈ വധശ്രമ ത്തിലെ മുഖ്യപ്രതി എന്നായിരുന്നു. അലറി ശബ്ദിച്ച ഇടിനാദം കാരണം ചിതയൊരുക്കാൻ പോയവരെല്ലാം ചിതക്ക് തീകൊളുത്തിയശേഷം തിരി ച്ചുപോന്നു. തുടർന്നു തകർത്തുപെയ്ത മഴയിൽ ചിതകെട്ടു. നാരായൺ റോയ് മരിക്കാതെ രക്ഷപ്പെടുകയും ചെയ്തു. അതുവഴി പോയ ഒരു കൂട്ടം ഹിന്ദു സന്യാസിമാർ ചിതയിൽ വെച്ച മനുഷ്യന് ജീവനുണ്ടെന്ന് മനസ്സിലാക്കുകയും അദ്ദേഹത്തെ രക്ഷിക്കുകയും ചെയ്തു. അടുത്ത ദിവസം ഗൂഢാലോചനക്കാർ ശരീരം അപ്രത്യക്ഷമായത് തിരിച്ചറിഞ്ഞു. അവർ മറ്റൊരു മൃതശരീരം ദഹിപ്പിച്ചു. അത് രാജകുമാരന്റേതാണെന്ന് വരുത്തിത്തീർത്തു.

രാജകുമാരനെ രക്ഷിച്ച ഒരു സന്യാസി അദ്ദേഹത്തെ ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്ക് നിരന്തരം മാറ്റി മാറ്റി താമസിപ്പിച്ചു. മരണ ത്തോടടുത്ത അനുഭവങ്ങൾ രാജകുമാരന്റെ ഓർമ്മശക്തിയെ നശിപ്പിച്ചി രുന്നു. പക്ഷേ, അദ്ദേഹത്തിന് ക്രമേണ ഓർമ്മ തിരിച്ചുകിട്ടുകയും 12 വർഷ ത്തിനുശേഷം ജോയ് ദേവ്പൂർ സന്ദർശിക്കുകയും ചെയ്തു. അദ്ദേ ഹത്തിന് ചിരപരിചിതമായ വാസസ്ഥലത്തിന്റെയും പട്ടണത്തിന്റെയും

പരിസരം അദ്ദേഹത്തിന്റെ ഓർമ്മയെ പൂർണ്ണമായും പുന:സ്ഥാപിക്കാൻ സഹായകമായി. രാജകുമാരൻ യഥാർത്ഥ അവകാശി എന്ന നിലക്ക് ബോവർ എസ്റ്റേറ്റിന്റെ സംരക്ഷണച്ചുമതലയുള്ളവരിൽ നിന്നും അത് വീണ്ടുകിട്ടാൻ ഒരു സിവിൽ കേസ് ഫയൽ ചെയ്തു. അദ്ദേഹത്തിന്റെ ഭാര്യയും മറ്റുള്ളവരും എതിർപക്ഷത്തും. ഈ കോടതിവ്യവഹാരം രണ്ട് കക്ഷികൾ തമ്മിൽ രൂക്ഷമായി മുന്നേറി. ആയിരത്തിലധികം ആളുകൾ രാജകുമാരന് അനുകൂലമായി തെളിവ് നൽകി. നാനൂറ് പേർ അദ്ദേഹത്തിന്റെ ഭാര്യക്ക് അനുകൂലമായും തെളിവ് നൽകി. സാമാന്യവിവരപ്രകാരം പന്ത്രണ്ട് വർഷം മുമ്പ് മരിച്ചു എന്നറിയപ്പെടുന്ന രാജകുമാരൻ തന്നെയാണോ ഇദ്ദേഹം എന്നതായിരുന്നു യഥാർത്ഥ തർക്കവിഷയം.

രാജകുമാരൻ അവസാനം കേസ് ജയിക്കുകയാണുണ്ടായത്. അദ്ദേഹത്തിന്റെ ഭാര്യയുടെ ശരീരത്തിലെ ഒരു അടയാളം പറഞ്ഞുകൊടുത്തു കൊണ്ടായിരുന്നു അദ്ദേഹം കേസ് ജയിച്ചത്. ഒരു ഭർത്താവിന് മാത്രം കാണാൻ പറ്റുന്ന രഹസ്യസ്ഥാനത്തായിരുന്നു ആ അടയാളം. അദ്ദേഹത്തിന് ഭൂമി തിരിച്ചു ലഭിക്കുകയും ചെയ്തു!' (1)

ഇത്തരത്തിലുള്ള ആയിരക്കണക്കിന് കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടാതെ പോവുന്നുണ്ടാവാം. ആധുനിക വൈദ്യശാസ്ത്രത്തിനും വാർത്താമാധ്യമങ്ങൾക്കും നന്ദി പറയുക. ഇത്തരത്തിൽ മരണവക്ത്രത്തിൽനിന്നും രക്ഷപ്പെട്ട അനേകം സംഭവങ്ങൾ അവർ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ സമൂഹത്തിലെ എല്ലാവിഭാഗം ജനങ്ങൾക്കും എല്ലാ മതവിഭാഗങ്ങളിൽപ്പെട്ട ധർമ്മചിന്തയുള്ളവർക്കും ന്യായയുക്തമായി തോന്നുന്നുവെങ്കിൽ എന്തുകൊണ്ട് അത് യേശുവിന്റെ കാര്യത്തിൽ സാധ്യമല്ലാതെ പോവുന്നു? അതിജീവിക്കാൻ അസാധ്യമെന്ന് തോന്നുന്ന അവസരങ്ങളെ വെല്ലുവിളിച്ചുകൊണ്ട് ആർക്കെങ്കിലും അതിജീവിക്കാനുള്ള അവസരം ലഭിച്ചിട്ടുണ്ടെങ്കിൽ തീർച്ചയായും യേശുവിനും മഹത്തായ ഒരവസരം ലഭിച്ചിരുന്നു. അദ്ദേഹത്തിന് ചുറ്റും അങ്ങനെയുള്ള പ്രത്യേക സാഹചര്യം നിലവിലുണ്ടായിരുന്നു. കുരിശിൽ വെച്ച് കൊല്ലുവാനുള്ള ശ്രമത്തിൽ നിന്നും യേശു രക്ഷപ്പെട്ടു എന്ന വസ്തുത വിശ്വസിക്കാൻ സംശയാലുക്കൾ വിസമ്മതിക്കുന്നു. അത് അത്ഭുതാവഹം തന്നെ. അതേസമയം യേശു മരിച്ചതിന് ശേഷം പുനർജ്ജീവിച്ചുവെന്നുള്ള അയഥാർത്ഥവും യുക്തിഹീനവും പ്രകൃതിനിയമങ്ങൾക്ക് വിരുദ്ധവുമായ ഒരു കഥയിലാണ് അവർ വിശ്വസിക്കുന്നത്. അതായത് അവരെ സംബന്ധിച്ചേടത്തോളം മൂന്ന് പകലും മൂന്ന് രാത്രിയും നീണ്ടുനിന്ന ഒരു മരണം.

ആസന്ന മരണാവസ്ഥ (Near Death Phenomenon) വൈദ്യശാസ്ത്ര

---

1. The Bhowal Case, compiled by J.M Mitra and R.C. Chakravarthy, published by Pear & Sons, Calcutta.

ത്തിനും ഏറെ താൽപര്യമുള്ള വിഷയമാണ്. ഒരു വൈദ്യശാസ്ത്രപഠന ഗവേഷണസംഘം എഴുപത്തെട്ട് ആസന്നമരണാവസ്ഥ പരിശോധിക്കുകയുണ്ടായി. അതിൽ എൺപത് ശതമാനം കേസിലും വൈദ്യശാസ്ത്ര വിദഗ്ദ്ധന്മാരുടെ സാന്നിദ്ധ്യമുണ്ടായിരുന്നു. അല്ലെങ്കിൽ സംഭവം കഴിഞ്ഞ ഉടനെ അവരുടെ സാന്നിദ്ധ്യമുണ്ടായിട്ടുണ്ട്. കൗതുകരമെന്ന് പറയട്ടെ. നാൽപത്തൊന്ന് ശതമാനം ആളുകളും ആസന്നമരണാവസ്ഥയിൽ കഴിഞ്ഞിരുന്നപ്പോൾ മരിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടവരാണ്! (2)

എല്ലാ വൈദ്യശാസ്ത്ര ഉപകരണങ്ങളും വെച്ച് പരിശോധിച്ചതിന് ശേഷമേ വൈദ്യ വിദഗ്ധന്മാർക്ക് ഒരു ജീവനുള്ള മനുഷ്യൻ മരിച്ചതായി പ്രഖ്യാപിക്കാനാവൂ എന്നിരിക്കെ ഉത്കണ്ഠാഭരിതനായ ഒരു കാഴ്ചക്കാരൻ യേശുവിന്റെ ബോധം നശിക്കുന്നത് കണ്ട് അദ്ദേഹം മരിച്ചുപോയി എന്ന് ഊഹിച്ചാൽ അതെത്രത്തോളം വിശ്വസനീയമാകും? അതിനേക്കാളുപരിയായി യേശുവിനെ വീണ്ടും കാണുമ്പോൾ അദ്ദേഹം പുനരുജ്ജീവിച്ചതായുള്ള ഊഹത്തിലെത്തിച്ചേരുകയും ചെയ്യുന്നത് നീതീകരിക്കാൻ കഴിയാത്തതാണ്.

---

2. The Phenomenology of Near-Death Experiences' by Bruce Greyson. MD and Ian Stevenson MD, A.M. Psychiatry Page 137, 10th Oct. 1980.

# അദ്ധ്യായം 6

# ത്രിത്വം

യേശുവിനെ ദൈവമാക്കി മാറ്റുന്ന മിത്തുകളെ സൃഷ്ടിക്കുന്നതിന്റെ അന്തർധാരകളെക്കുറിച്ചും ദൈവത്തിന്റെ പുത്രൻ എന്ന നിലക്ക് ത്രിത്വ സിദ്ധാന്തത്തിൽ യേശുവിന്റെ സ്ഥാനത്തെക്കുറിച്ചുമാണ് നാം ഇതുവരെ പരിശോധിച്ചത്. എന്നാൽ ക്രിസ്ത്യാനികളുടെ ത്രിത്വ സിദ്ധാന്തത്തിലെ മൂന്നാമത്തെ വ്യക്തിയായ പരിശുദ്ധാത്മാവ് (Holy Ghost)ഒരു സമസ്യ യാണ്. ക്രിസ്ത്യാനികളുടെ ഈ അടിസ്ഥാന സിദ്ധാന്തത്തിൽ ഒന്നിൽ രണ്ട് (Two in one) തന്നെ മതിയാകുമായിരുന്നില്ലേ? മൂന്നാമതൊരു അസ്തിത്വത്തെ ഉൾപ്പെടുത്തേണ്ട ആവശ്യമുണ്ടായിരുന്നോ? യുക്തിപ രമായി പറയുകയാണെങ്കിൽ ക്രിസ്തുമതത്തിന്റെ ദൈവ സങ്കല്പത്തിൽ മൂന്നാമതൊരു വ്യക്തി സത്തക്ക് ഇടം നൽകാൻ യാതൊരു നീതികരണ വുമില്ല. ഈ പ്രശ്നത്തിൽ ഭാഷ്യകാരനായ ഹർനേക്ക് 1 (Harnack) പറയുന്നത്, തുടക്കത്തിൽദൈവത്തിലും, യേശുവിലും ക്രിസ്തുമതം ഒരു വനദേവത (Dryad) യാൽ പ്രതിനിധീകരിക്കപ്പെടുകയായിരുന്നു എന്നാണ് അർത്ഥശൂന്യവും അയഥാർത്ഥവുമായ ഒരു മൂന്നാം പങ്കുകാരന്റെ (പരി ശുദ്ധാത്മാവ്) ദിവ്യഘടകം കൂട്ടിച്ചേർക്കാനായിരുന്നു ആത്മാവ് (The Spirit) എന്ന് വിശേഷിപ്പിച്ചുകൊണ്ട് ഈ വനദേവതാ സങ്കല്പം ക്രിസ്തു സഭയെ വലയം ചെയ്തത്. ഇത് തികച്ചും യഹൂദ വിരുദ്ധമായ ഒരു ആശ യമായിരുന്നു.1 റവ: കെ. ഇ.കിർക്ക് (K.E. Kirk) തന്റെ 'ത്രിത്വ സിദ്ധാ ന്തത്തിന്റെ പരിണാമം' (The Evolution of the Doctrine of Trinity) എന്ന പ്രബന്ധത്തിൽ ഇതേ വിഷയത്തെപ്പറ്റി ഇപ്രകാരം പറയുന്നു:

'ഈ വിശ്വാസത്തിന് അവർക്കുണ്ടായിരുന്ന അവലംബത്തെ സംബ ന്ധിച്ച് അറിയാൻ സ്വാഭാവികമായും നാം അക്കാലത്തെ എഴുത്തുകാർക്കു നേരെ തിരിയുന്നു. അവർക്ക് ഒരു ആധാരവും അതു സംബന്ധിച്ചില്ല എന്ന കാര്യം നമ്മെ അത്ഭുതപ്പെടുത്തുന്നു. ഇതാണ് നമ്മെ അമ്പരപ്പിക്കുന്നത്. എന്തുകൊണ്ട് മൂന്ന് പേർ? എന്തുകൊണ്ട് അതിൽക്കൂടുതൽ പേർ ഇല്ല? എന്നീ ചോദ്യങ്ങളൊന്നും അതേപടി അവർക്കു മുമ്പിൽ സമർപ്പിക്കപ്പെ ട്ടിരുന്നില്ല.

'ത്രിത്വ സിദ്ധാന്തം യുക്തിപരമായി നീതീകരിക്കുന്നതിൽ ക്രിസ്തീയ ദൈവശാസ്ത്രം സമ്പൂർണ്ണമായും പരാജയപ്പെട്ടതായി അദ്ദേഹം ചൂണ്ടി ക്കാട്ടുന്നു. ക്രിസ്ത്യൻ ത്രിത്വ സിദ്ധാന്തം അടിസ്ഥാനപരമായി ഒരു ദ്വന്ദാ

---

1. Harnack, 'Constitution and law of the Church ' ET P. 264

ത്മക സിദ്ധാന്തമായി അവതരിപ്പിക്കപ്പെടാമായിരുന്നു. പൂർണത വരുത്തുവാൻ വേണ്ടിയാണ് തികച്ചും യോജിക്കാത്ത മൂന്നാമതൊരു അസ്തിത്വത്തെ അതുമായി കോർത്തുകെട്ടിയത്.'1

പണ്ടുകാലത്ത് റോമൻ സാമ്രാജ്യത്തിൽ സമൃദ്ധമായുണ്ടായിരുന്ന പ്രാകൃത മത തത്ത്വങ്ങളുടെയും മിത്തുകളുടെയും സ്വാധീന ഫലമായിട്ടാണ് ഈയൊരു മൂന്നാം അസ്തിത്വം ക്രമേണ ക്രിസ്തുമതത്തിലേക്ക് സ്വാംശീകരിക്കപ്പെട്ടതെന്ന് നാം വിശ്വസിക്കുന്നു. ഇങ്ങനെ ആശയ കൈമാറ്റങ്ങളുടെ ഫലമായിട്ടായിരിക്കാം ക്രിസ്തീയ ദൈവ ശാസ്ത്രികൾ 'പരിശുദ്ധാത്മാവ്' എന്ന സങ്കല്പത്തിന് തങ്ങളുടെ വിശ്വാസത്തിൽ ഇടം നൽകിയത്. മൂന്ന് അസ്തിത്വങ്ങൾ ഒന്നിൽ സന്നിവേശിപ്പിച്ചുകൊണ്ടുള്ള ദൈവ സങ്കല്പങ്ങളെ ഉദാഹരിക്കാൻ പറ്റിയ വിശ്വാസങ്ങളുടെയും ആരാധനാ സമ്പ്രദായങ്ങളുടേയും സാന്നിദ്ധ്യം നമ്മുടെ ചുറ്റുമുണ്ട്. ക്രിസ്തുമതത്തിന്റെ ത്രിത്വ സിദ്ധാന്തത്തിന്റെ ഉറവിടം കണ്ടെത്താൻ അത്ര വലിയ പ്രയാസങ്ങളൊന്നുമില്ല. എല്ലാറ്റിനുമുപരിയായി രണ്ട് ഒന്നും, ഒന്ന് രണ്ടും ആകാമെങ്കിൽ പിന്നെ അപ്രകാരം മൂന്നിന് എന്തുകൊണ്ട് ഒന്നായിക്കൂടാ? ക്രിസ്ത്യൻ മിത്തോളജിയിലെ ദൈവസങ്കല്പത്തിൽ ഈ മൂന്നാം അസ്തിത്വം വേരുറപ്പിച്ചത് എപ്പോഴാണെന്നും എങ്ങനെയാണെന്നും കൃത്യമായി ഗവേഷണം ചെയ്ത് കണ്ടുപിടിക്കേണ്ട ചുമതല ഗവേഷണ പണ്ഡിതന്മാർക്കാണ്. അത്തരം വിഷയങ്ങൾ ഇപ്പോൾ ഈ ചർച്ചയുടെ പരിധിക്ക് പുറത്താണ്. മനുഷ്യ ബുദ്ധി നിരാകരിക്കുന്ന ത്രിത്വ വാദത്തിലെ നിരർത്ഥകത വിശകലനം ചെയ്യാൻ മാത്രമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. സ്വയം തന്നെ പരസ്പര വിരുദ്ധമായതും വിരോധാഭാസം ജനിപ്പിക്കുന്നതുമായ സിദ്ധാന്തങ്ങളോട് മനുഷ്യ പ്രകൃതി വിരക്തി പ്രകടിപ്പിക്കുന്നു.

## ത്രിത്വ സങ്കല്പത്തിലെ പരസ്പര ബന്ധങ്ങൾ

ക്രിസ്തുമതത്തിലെ ത്രിത്വ സിദ്ധാന്തത്തിലെ മൂന്ന് ഘടകങ്ങളുടെ പാരസ്പര്യം ഭാവനയിൽ കാണുകയാണെങ്കിൽ താഴെ വിവരിച്ചത് പ്രകാരമുള്ള ഒരു ചിത്രം ലഭിക്കാനായിരിക്കും സാധ്യത.

**എ.** അവർ മൂന്നു പേർക്കും ഒരു വ്യക്തിയുടെ വിഭിന്ന ഭാവങ്ങളും അവസ്ഥകളുമായിരിക്കും ഉണ്ടായിരിക്കുക.

**ബി.** അവർ മൂന്നുപേരും അനശ്വരത തുല്യമായി പങ്കുവെക്കുന്ന മൂന്നു വിഭിന്ന വ്യക്തികളായിരിക്കും.

**സി.** അവർ മൂന്നുപേരുടെയും എല്ലാ സ്വഭാവങ്ങളും വ്യക്തിത്വവും പരസ്പരം പങ്കുവെക്കാതെ, ചില സ്വഭാവങ്ങളിലും വ്യക്തിത്വത്തിലും വിഭിന്നത പുലർത്തുന്നുണ്ടായിരിക്കും.

1. Essays on the Trinity and Incarnation. Edited by AEJ Rawlinson, Longmans, London (1928)

**ഡി.** അവർ മൂന്നുപേരും പൂർണമായും ഒരേ സ്വഭാവമുള്ളവരും തുല്യ ശക്തിയുള്ളവരും പരസ്പരം ലയിച്ചവരും ഒരാൾക്ക് മറ്റൊരാളിൽ നിന്നും വിഭിന്നമായ യാതൊരു പ്രവർത്തനങ്ങളുമില്ലാത്തവരുമായിരിക്കും.

മേൽപറഞ്ഞ ഓരോ സാധ്യതകളേയും സംബന്ധിച്ച് യഥാക്രമം നമുക്ക് പരിശോധിക്കാം.

## വിഭിന്ന ഭാവങ്ങളോ അവസ്ഥകളോ ഉള്ള ഏക വ്യക്തി

ഈ സാധ്യതയെ സംബന്ധിച്ച് ഇവിടെ ചർച്ച ചെയ്യേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. യേശു ദൈവത്തിൽ നിന്നും സ്വതന്ത്രനായ ഒരു വ്യക്തി എന്നതിനേക്കാൾ ദൈവത്തിന്റെ ഒരു ഭാവമോ അവസ്ഥയോ ആണ് എന്ന് വിശ്വസിക്കുന്ന ഒരു ക്രിസ്ത്യാനിയും ഇന്നില്ല. ത്രിത്വ വിശ്വാസികൾ ദൈവം, ഒന്നായിത്തീർന്ന മൂന്ന് വ്യക്തികളാണ് എന്നതിലാണ് ഊന്നൽ നൽകുന്നത്.

ത്രിത്വ സങ്കല്പമനുസരിച്ച് മൂന്ന് ദൈവങ്ങൾ ഒന്നിച്ചു ചേർന്നതാണല്ലോ. അപ്പോൾ മൂന്ന് വ്യത്യസ്തഭാവങ്ങളുള്ള ഒരു വ്യക്തി ഒരേ സമയം അത് പ്രകടിപ്പിക്കുന്നുവെന്ന് അംഗീകരിക്കുമ്പോൾ ആ നിമിഷം ത്രിത്വ സങ്കല്പം അപ്രത്യക്ഷമാകുകയാണ് ചെയ്യുക. പിന്നെ അവിടെ ത്രിത്വമില്ല. മറ്റൊന്ന് പിതാവായ ദൈവം സ്വയം തന്നെ തന്റെ കാരുണ്യത്താൽ പ്രചോദിതനായി പാപിയായ മനുഷ്യന് വേണ്ടി മരിക്കുകയാണ്. അങ്ങനെ മരിക്കുകയാണെങ്കിൽ ആ വ്യക്തിയുടെ അതായത് ദൈവത്തിന്റെ ക്ഷണിക നേരത്തേക്കുള്ള അവസ്ഥയെ സൂചിപ്പിക്കുന്നു. ഭാവങ്ങൾ ഒരിക്കലും സ്വതന്ത്ര വ്യക്തികളാവുന്നില്ല. അതുപോലെ അവസ്ഥകൾ പ്രത്യേകമായ അസ്തിത്വങ്ങളെ സൃഷ്ടിക്കുന്നുമില്ല. ഒരു വ്യക്തിയെ രണ്ടോ മൂന്നോ അല്ലെങ്കിൽ അതിലധികമോ വ്യക്തികളായി വേർപ്പെടുത്താതെ തന്നെ ഏതൊരാൾക്കും അനേകായിരം ഭാവങ്ങളിലൂടെയും അവസ്ഥകളിലൂടെയും കടന്നു പോകാവുന്നതാണ്. അതുകൊണ്ട് ദൈവം മനുഷ്യവംശത്തിന്റെ പാപത്തിന് പരിഹാരമായി മരിക്കുവാൻ തീരുമാനിച്ചെങ്കിൽ അതിനുവേണ്ടി ദൈവം തന്നെ മരിക്കേണ്ടതുണ്ട്. ദൈവത്തിന്റെ ഒരു ഭാവം മരിച്ചാൽ പോരാ.

ഈ വിഷയത്തിലെ വസ്തുതകൾ നാം പരിശോധിക്കുമ്പോൾ, മനുഷ്യ വംശത്തിന്റെ പാപത്തിനു പരിഹാരമായിക്കൊണ്ട് ദൈവത്തിന്റെ ഒരു ഭാവം (കാരുണ്യം) പ്രവർത്തനോന്മുഖമായതായി നാം മനസ്സിലാക്കേണ്ടതുണ്ട്. ദൈവത്തിന്റെ കാരുണ്യമെന്ന ആ ഗുണത്തെ മാത്രം നമുക്ക് ഒരു വ്യക്തിയായി പരിഗണിക്കുകയും ആ വ്യക്തിക്ക് യേശുക്രിസ്തു എന്ന് നാമകരണം ചെയ്യുകയുമാണെങ്കിൽ മരിച്ചത് ദൈവത്തിന്റെ കാരുണ്യമായിരുന്നു. മനുഷ്യകുലത്തിന്റെ പാപത്തിൽ സഹതപിച്ചുകൊണ്ട് ദൈവത്തിന്റെ കാരുണ്യമെന്ന ഭാവം ആത്മഹത്യ ചെയ്തു

എന്നത് അത്യന്തം വിചിത്രമായ ഒരു വിരോധാഭാസം തന്നെ! മൂന്ന് രാവും പകലും ദൈവത്തിന്റെ കാരുണ്യമുണ്ടായിരുന്നില്ല എന്ന കാര്യം കൂടി ഇതിൽ അന്തർഭവിച്ചിട്ടുണ്ട്.

ഇവിടെ നാം ഓർക്കേണ്ടത്, യേശു വേറിട്ട സ്വതന്ത്രനായ ഒരു വ്യക്തിത്വമായല്ല ഇവിടെ കണക്കാക്കപ്പെടുന്നത്. ദൈവത്തിന്റെ ഒരു സ്വഭാവ ഗുണം അഥവാ ഭാവം മാത്രമായിട്ടാണ് കരുതപ്പെടുന്നത്. അതായത് ദൈവത്തിന്റെ കാരുണ്യം എന്ന ഗുണത്തിന്റെ ആൾ രൂപമായിട്ട്. ദൈവത്തിന്റെ ആ ആൾ രൂപം ഏത് വിധേനയെങ്കിലും ദൈവത്തിന്റെ അവിഭാജ്യമായ ഏക സത്തയായി നിലനിൽക്കേണ്ടതുണ്ട്.

ഈ പ്രക്രിയയിൽ എന്തെങ്കിലും ഒന്ന് മരിച്ചിട്ടുണ്ടെങ്കിൽ അത് ദൈവങ്ങളിലൊരാളോ അതല്ല ഈ സംഭവങ്ങളിൽ പ്രമുഖ പങ്കുവഹിച്ച ദൈവത്തിന്റെ കാരുണ്യം എന്ന ഭാവമോ ആയിരിക്കും. എന്ത് തന്നെയായാലും ഒന്നുകിൽ ദൈവത്തിന്റെ കാരുണ്യമെന്ന ഗുണമോ അല്ലെങ്കിൽ കാരുണ്യവാനായ ദൈവം തന്നെയോ മരിച്ചെന്ന് വിശ്വസിക്കാതെ നിവൃത്തിയില്ല.

അല്പസമയത്തേക്കാകട്ടെ, അല്ലെങ്കിൽ ശാശ്വതമായിട്ടാകട്ടെ, ഒരു വ്യക്തിയുടെ സ്വഭാവ ഗുണങ്ങൾ തുടച്ചു നീക്കപ്പെട്ടെന്നു വാദിക്കുകയാണെങ്കിൽ നിരവധി സങ്കീർണതകൾ ഉടലെടുക്കും. മനുഷ്യന്റെ അനുഭവങ്ങളുടെ വെളിച്ചത്തിൽ മാത്രമേ ഈ രംഗാവിഷ്കാരങ്ങൾ നമുക്ക് മനസ്സിലാക്കാൻ സാധിക്കൂ. ഒരു മനുഷ്യന്റെ കാഴ്ചയോ കേൾവിയോ താൽക്കാലികമായോ സ്ഥിരമായോ നഷ്ടപ്പെട്ടാൽ പോലും അയാൾക്ക് അതേ മനുഷ്യനായി തന്നെ ജീവിക്കുവാൻ കഴിയും. മനുഷ്യന്റെ ഒരു കഴിവ് മരിക്കുക അഥവാ നഷ്ടപ്പെടുക എന്നത് വാസ്തവത്തിൽ ആ വ്യക്തിയുടെ ഭാഗിക മരണമാണ്. അന്തിമ വിശകലനത്തിൽ കഴിവുകൾ നഷ്ടപ്പെട്ടവനും അഥവാ യാതന അനുഭവിക്കുന്നവനും പഴയ അതേ വ്യക്തിത്വമുള്ള വ്യക്തി തന്നെയായി തുടരുന്നു.

## അനന്തത പങ്കുവെക്കുന്ന വ്യത്യസ്ത വ്യക്തികൾ

അനന്തത ഒരേസമയം പങ്കുവെക്കുന്ന മൂന്ന് വിവിധ വ്യക്തികളാണ് അവരെങ്കിൽ അവർ തമ്മിലുള്ള ആഭ്യന്തര ബന്ധങ്ങളെപ്പറ്റി സംശയങ്ങളുയരുന്നതാണ്. അവർ മൂന്നു പേരും അനന്തമായി നിലകൊള്ളുകയും അതേ സമയം ഒരു ദൈവമായിരിക്കുകയുമാണെങ്കിൽ അവർ മൂന്നു പേർക്കും വ്യത്യസ്തമായ മൂന്ന് സ്വത്വങ്ങൾ ഉണ്ടായിരിക്കേണ്ടതുണ്ട്. അതായത് ഒരാൾ യാതന സഹിക്കുകയാണെങ്കിൽ അയാൾ തന്നെ അത് സഹിക്കണം. അത് അയാളുടെ സ്വകാര്യ അനുഭവമായിരിക്കും. മറ്റുള്ളവർക്ക് അയാളോട് സഹതാപം പ്രകടിപ്പിക്കാം പക്ഷേ യാതനയിൽ പങ്കുകൊള്ളാൻ സാധ്യമാവുന്നതല്ല. ദൈവത്തിന്റെ ചിന്താ പ്രക്രിയയെ സംബ

ഡിച്ചും അഭിപ്രായ രൂപീകരണ രീതിയെക്കുറിച്ചും തീർച്ചയായും നമു ക്കറിയില്ല. പക്ഷേ, അവർ യഥാർത്ഥത്തിൽ മൂന്ന് പേരാണെന്നും മൂന്നു പേർ കൂടിച്ചേർന്ന് ഒന്നായതാണെന്നുമാണ് വാദം. അങ്ങനെ വരുമ്പോൾ ഇത് പരസ്പര ബന്ധമുള്ള മൂന്ന് സ്വതന്ത്ര ചിന്താ പ്രക്രിയകളുടെ ഒരു സംരംഭമാണെന്ന് പറയാവുന്നതാണ്.

മൂന്നു തലയുമായി ഒരു മനുഷ്യശിശു ജനിക്കുന്നുവെന്ന് കരുതുക. നാല് അവയവങ്ങളുണ്ടെങ്കിലും ഒരു ശരീരമുള്ളതുകൊണ്ട് ഈയൊരു ഭീകര സൃഷ്ടിയെ ഒരു വ്യക്തിയെന്ന് നമുക്ക് പറയാൻ സാധിക്കും. പക്ഷേ മൂന്ന് തലകളുള്ളതുകൊണ്ട് അതിന്റെ യഥാർത്ഥ വ്യക്തിത്വമെന്ത് എന്ന് വിവരിക്കാൻ സാധ്യമല്ലാതെ വരും. പ്രകൃതിയുടെ അത്തരം ഒരു വിലക്ഷണ സൃഷ്ടി കുറച്ചു കാലം ജീവിക്കുകയും അതിന് സംസാരി ക്കാനും സ്വയം ആരാണെന്ന് വെളിപ്പെടുത്താനും കഴിയുമെങ്കിൽ അതിന്റെ മൂന്ന് വ്യത്യസ്ത ശിരസ്സുകളിൽ എന്താണ് സംഭവിക്കുന്നതെന്ന് നമുക്ക് അന്വേഷിച്ച് അറിയാൻ കഴിയുമായിരുന്നു. അത്തരം ഒരു അറിവിന്റെ അഭാവത്തിൽ ഒരു വ്യക്തി മൂന്ന് മനസ്സുകൾ പങ്കിടുന്നുവെന്നോ അല്ലെ ങ്കിൽ മൂന്ന് വ്യക്തികൾ ഒരു ശരീരം പങ്കിടുന്നുവെന്നോ പറയാൻ സാധ്യ മല്ല.

മറ്റൊരു വിചിത്രമായ കാര്യം ഈ പ്രധാനപ്പെട്ട ക്രൈസ്തവ സിദ്ധാന്തം അവരുടെ വേദപുസ്തകത്തിൽ വിവരിക്കപ്പെട്ടിട്ടില്ല എന്നതാ ണ്. യേശുവിനെക്കുറിച്ചും പരിശുദ്ധാത്മാവിനെക്കുറിച്ചും പരാമർശിക്ക പ്പെട്ട സന്ദർഭങ്ങളിലെല്ലാം അവർ രണ്ടുപേരും വ്യത്യസ്ത വ്യക്തിത്വങ്ങ ളാണെന്നതിന് തെളിവുകൾക്ക് യാതൊരു ക്ഷാമവുമില്ല. അവർ രണ്ടു പേരും ഒരേ ചിന്തയും വികാരവും പങ്കുവെച്ചിട്ടില്ല. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ക്രിസ്തുവിൽ നിന്നും വിഭിന്നമായതാണ് പരിശുദ്ധാത്മാവിന്റെ വിഭാവനകൾ എന്ന കാര്യം നമുക്ക് മനസിലാക്കാൻ സാധിക്കുന്നില്ല. വിശേഷിച്ച് യേശു മനുഷ്യശരീരത്തിൽ ബന്ധനസ്ഥനായി ജീവിച്ചിരുന്ന കാലത്ത്.

വാസ്തവത്തിൽ മറ്റു രണ്ടു ദൈവ ഘടകങ്ങളുമായുള്ള ബന്ധത്തിൽ യേശു എന്ന വ്യക്തിക്ക് എന്താണ് സംഭവിച്ചത് എന്ന പ്രശ്നമുയർത്തുന്ന ചോദ്യമിതാണ്.

1. പിതാവായ ദൈവം, പരിശുദ്ധാത്മാവ് എന്നീ രണ്ടു ഘടകങ്ങൾ യേശുവിന്റെ ശരീരമോ അനുഭവങ്ങളോ എന്തെങ്കിലും വിധത്തിൽ പര സ്പരം പങ്കിട്ടിരുന്നുവോ?

2. ആ ശരീരത്തിൽ വസിച്ചിരുന്നത് യേശുമാത്രമായിരുന്നുവോ അതു പ്രകാരം യേശു തന്റെ ശാരീരികാനുഭവങ്ങൾ ത്രിത്വത്തിലെ മറ്റ് രണ്ട് ദൈവഘടകങ്ങളുമായി പങ്കിട്ടിരുന്നില്ലേ?

**ത്രിത്വം**

ആദ്യത്തേതിന്റെ സങ്കീർണ്ണതകൾ നാം ചർച്ച ചെയ്തു കഴിഞ്ഞു. രണ്ടാമത്തെ വിഷയത്തിൽ ത്രിത്വത്തിലെ മറ്റു രണ്ടു ഘടകങ്ങളുമായുള്ള യേശുവിന്റെ ബന്ധത്തിൽ കൂടുതൽ സങ്കീർണതകൾ ഉയർന്നുവരുന്നു. ഭൂമിയിലെ ജീവിതത്തിൽ യേശുവിന് പൂർണ്ണവും വ്യത്യസ്തവുമായ അസ്തിത്വം ഉണ്ടായിരുന്നുവോ? അങ്ങനെയല്ല എങ്കിൽ ആ സന്ദർഭത്തിൽ യേശു മനുഷ്യശരീരത്തിന്റെ രൂപമായി മാത്രം ഇരിക്കുകയും മറ്റു രണ്ടു ഘടകങ്ങളുടേയും അവിഭാജ്യഘടകമായി വർത്തിക്കുകയുമാണോ ചെയ്തിരുന്നത്? ഇപ്പോൾ മറ്റൊരു ചോദ്യത്തിന്ക്കൂടി ഉത്തരം നൽകേണ്ടതുണ്ട്.

3. യേശുവിന്റെ ദിവ്യമായ ദൈവികാസ്തിത്വം അദ്ദേഹത്തിന്റെ മുഴു ശരീരത്തിലും ചൂഴ്ന്നു നിന്നിരുന്നുവോ? അതല്ലെങ്കിൽ പിതാവായ ദൈവവും പരിശുദ്ധാത്മാവും പൊതുവായി പങ്കുവെക്കപ്പെട്ട രൂപത്തിൽ അമീബയുടെ ശരീരത്തിലെ പുറമേക്ക് തള്ളി നിൽക്കുന്ന ഭാഗം പോലെ ഒരു പ്രക്ഷേപമായി (Projection)ട്ടായിരുന്നുവോ നിലക്കൊണ്ടത്?

ഈയൊരു ചിത്രീകരണത്തിൽ പ്രസ്തുത ഘട്ടത്തിൽ യേശു മറ്റു രണ്ടു സഹപങ്കാളികളേക്കാൾ മഹത്വമുള്ളവനാണ് എന്ന് നാം വിശ്വസിക്കേണ്ടതായി വരും. കാരണം യേശു ആ സമയത്തെല്ലാം പിതാവായ ദൈവത്തിന്റേയും പരിശുദ്ധാത്മാവിന്റേയും അസ്തിത്വം പേറി നടക്കുന്നു. അതേസമയം യേശുവിന്റെ മനുഷ്യാസ്തിത്വം മറ്റു രണ്ട് ദൈവങ്ങളും പേറി നടക്കുന്നില്ല. കാര്യങ്ങൾ എളുപ്പത്തിൽ മനസ്സിലാവാനും ഇതിലടങ്ങിയിരിക്കുന്ന പരസ്പര വൈരുദ്ധ്യങ്ങളും അസംബന്ധങ്ങളും കൂടുതൽ വ്യക്തമാക്കാനും ഈ സങ്കല്പങ്ങൾ ദൃശ്യവൽക്കരിക്കേണ്ടതുണ്ട്. തീർച്ചയായും വായനക്കാരൻ ഈ ചിത്രീകരണം അക്ഷരാർത്ഥത്തിലെടുക്കരുത്.

ഒരേ വ്യക്തിതന്നെ വിവിധ ഗുണങ്ങൾ പ്രദർശിപ്പിക്കുകയും വിവിധ ഭാവങ്ങളിലും കടന്നുപോകുകയും ചെയ്യുന്നതാണ് നമ്മുടെ മുമ്പിൽ ഉയർന്നുവരുന്ന പ്രശ്നം. ഒന്ന് മൂന്നാവുമ്പോഴും മൂന്ന് ഒന്നാവുമ്പോഴും ഓരോ ഘടകത്തിന്റെയും അനുപാതത്തിന്റെ തോത് എത്രയുണ്ടെന്ന ചോദ്യം നാം പരിഗണിക്കേണ്ടതുണ്ട്. പ്രത്യേകിച്ച് ഒന്നിനൊന്ന് വ്യത്യസ്തമായ ഭാവങ്ങളുള്ള വ്യക്തികളുടെ കോണുകളിലൂടെ നോക്കുമ്പോൾ ഈ അനുപാതം എത്രയുണ്ടെന്ന് വിലയിരുത്തേണ്ടതുണ്ട്. കഴിഞ്ഞ അദ്ധ്യായത്തിൽ ഇക്കാര്യം സുദീർഘമായി ചർച്ച ചെയ്തിട്ടുണ്ട്. ഒരു വ്യക്തിയോ അസ്തിത്വമോ വിവിധ ഭാവങ്ങൾ പ്രകടിപ്പിക്കുന്നുവെങ്കിൽ വിവിധ ഭാവങ്ങളായി സ്വയം വേർപിരിയാതെ അത് ഒരേ സമയം പ്രകടിപ്പിക്കാൻ സാധ്യമല്ല എന്ന് ഇവിടെ ആവർത്തിച്ചു വ്യക്തമാക്കേണ്ടിയിരിക്കുന്നു.

ഉദാഹരണത്തിന്, നിശ്ചിത അളവ് ജലമെടുക്കാം. വെള്ളം മുഴുവനും അതിന്റെ സത്തയുടെ ഏകതാനതക്ക് ഭംഗം വരുത്താതെ ജലബാഷ്പമായോ, ഐസ് ആയോ മാറ്റാൻ കഴിയും. വെള്ളത്തിന്റെ ഈ മൂന്ന് അവസ്ഥകളും ഒരേ സമയം നിരീക്ഷിക്കപ്പെടണമെങ്കിൽ അതിന്റെ മൂന്നിലൊരുഭാഗം ജലബാഷ്പമായും മുന്നിലൊരു ഭാഗം ദ്രാവകമായും മൂന്നിലൊരുഭാഗം ഐസ് ആയും അതിനെ വിഭജിക്കേണ്ടതായി വരും. ഓരോ അവസ്ഥാ രൂപവും മറ്റുള്ളവയിൽ നിന്നും പരസ്പരം വ്യത്യസ്തമായിരിക്കും. ഓരോ അവസ്ഥാ രൂപങ്ങളും മറ്റ് രണ്ട് അവസ്ഥകളും ഒരേ സമയം പങ്കിടുന്നില്ല. വെള്ളം മുഴുവനും ഇങ്ങനെ ഖരം, ദ്രാവകം, വാതകം എന്നീ അവസ്ഥകളിൽ വിഭജിക്കുക. ഓരോ അവസ്ഥകളുടെയും വ്യാപ്തം മൊത്തമുണ്ടായിരുന്ന വ്യാപ്തത്തെ അപേക്ഷിച്ച് ചെറുതായിരിക്കുമെങ്കിലും വെള്ളത്തിന്റെ അവസ്ഥകൾ ഒന്നാണെന്നും ഒന്ന് മൂന്നാണെന്നും പ്രഖ്യാപിക്കാൻ സാധ്യമല്ല. അതുപോലെ മനുഷ്യനായ യേശുവിനും പിതാവായ ദൈവത്തിനുമിടയിലുള്ള ബന്ധത്തിൽ യാതൊരു കുറവും വരുത്താതെ നിലനിർത്തിക്കൊണ്ട് ക്രിസ്തു മനുഷ്യ ശരീരത്തിൽ യേശുവിന്റെ രൂപത്തിൽ അവതരിക്കുക എന്നത് ഗ്രഹിക്കുവാൻ സാധ്യമല്ല.

എല്ലാ മനുഷ്യരും ഒരേ പദാർത്ഥം കൊണ്ടാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. പക്ഷേ, അവരുടെ സാമ്യതകളും സാദൃശ്യങ്ങളും അവരെ ഒരൊറ്റ വ്യക്തിയാക്കി മാറ്റുന്നില്ല. അവരുടെ സ്വഭാവങ്ങളും വ്യക്തിത്വങ്ങളും വ്യതിരിക്തതകളും അവരെ അനവധി അസ്തിത്വങ്ങളാക്കി മാറ്റുന്നു. സ്വഭാവിമായും അവർ ഒരേ പദാർത്ഥം കൊണ്ട് സൃഷ്ടിക്കപ്പെട്ടിട്ടും അവർ വ്യത്യസ്തമായി നിലകൊള്ളുന്നു. മനുഷ്യരെല്ലാം തന്നെ പൊതുവായി മാനുഷികത പങ്കിടുന്നുണ്ടായിട്ടും അഞ്ഞൂറു കോടി ഒന്നാണെന്നോ ഒന്ന് അഞ്ഞൂറു കോടിയാണന്നോ ഒരാൾക്ക് എങ്ങനെ വിശേഷിപ്പിക്കാൻ സാധിക്കും?

ഈ ചോദ്യം നമുക്ക് മറ്റൊരു വീക്ഷണകോണിൽ നോക്കാം. ഏതെങ്കിലും പ്രത്യേക കാലത്തേക്ക് യേശു പിതാവായ ദൈവത്തിൽ നിന്നും പരിശുദ്ധാത്മാവിൽ നിന്നും തിരിച്ചറിയപ്പെടും വിധം വിട്ടുനിന്നു എന്നു കരുതുകയാണെങ്കിൽ ഏതെല്ലാം മേഖലയിലായിരിക്കും യേശുവിന്റെ ഈ സ്വതന്ത്ര വ്യക്തിത്വം നിലനിന്നിരിക്കുക? തന്റെ സഹജീവികളായ മനുഷ്യർക്ക് വേണ്ടി, അഥവാ തന്റെ ഭാഗികമായ മനുഷ്യസഹോദരങ്ങൾക്ക് വേണ്ടി, ദൈവത്തിൽ നിന്നും പരിശുദ്ധാത്മാവിൽ നിന്നും സമ്പൂർണ്ണമായി വേർപ്പെട്ടുകൊണ്ടാണ് പീഡനങ്ങൾ സഹിച്ചത്. ആയതിനാൽ നാം ഒരു കാര്യമോർക്കണം. ഈ അനുഭവം യേശുവിന്റെ മാത്രം സ്വകാര്യ അനുഭവമാണ്. ദൈവം തന്റെ മനസ്സോ അല്ലെങ്കിൽ ചിന്തയോ മാത്രമാണ് യേശുവിന്റെ ശരീരത്തിലേക്ക് മാറ്റിയതെന്നുള്ളതിന് ഇത് പ്രകടമായ തെളിവാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ യേശുവിന്റെ ഈയൊരു

ജീവിതാനുഭവം ത്രിത്വത്തിലെ മറ്റു രണ്ടു ഘടകങ്ങളുമായി പങ്കുവെക്കപ്പെട്ടിട്ടില്ല. മനസ്സിന് വിഭ്രമം ജനിപ്പിക്കുന്നതല്ലേ ഇത്?!

## വ്യത്യസ്തവും വ്യതിരിക്തവുമായ വ്യക്തിത്വമുള്ള വിഭിന്ന വ്യക്തികൾ

പിതാവായ ദൈവം, പുത്രനായ യേശു, പരിശുദ്ധാത്മാവ്, ഇവർ മൂന്നു പേർ പരസ്പരം പൂർണ്ണമായും പങ്കിടാത്ത വ്യതസ്ത വ്യക്തിത്വങ്ങളുള്ള മൂന്നു പേരായിരുന്നുവെങ്കിൽ അവരെ മൂന്നിൽ ഒന്നായും ഒന്നിൽ മൂന്നായും കണക്കാക്കാൻ സാധ്യമല്ല. മൂന്നു വ്യക്തികളുടെയും സ്വഭാവ ഗുണങ്ങൾ, പ്രവർത്തനങ്ങൾ, തുടങ്ങി എല്ലാ കഴിവുകളും പരസ്പരം യാതൊരു വ്യത്യാസവുമില്ലാതെ ഒന്നിനോടൊന്ന് സമാസമമാണെങ്കിൽ മാത്രമേ ത്രിത്വത്തിലെ മൂന്നുപേരും ഒരു വ്യക്തിയായി സമ്പൂർണ്ണമായി ലയിച്ചു ചേരുകയുള്ളൂ.

മനസ്സ്, ഹൃദയം, വികാരം, അവയവങ്ങളുടെ പ്രവർത്തനം ഇവയെല്ലാം തികവുറ്റ രീതിയിൽ ഏകീഭാവത്തോടെ പ്രവർത്തിക്കുന്ന മൂന്നുപേരുടെ തൽസമ (Identical Triplets) ചിത്രമാണ് ഇത് അവതരിപ്പിക്കുന്നത്. മൂന്നു പേരിൽ ഓരോരുത്തരുടെയും അനുഭവങ്ങൾ മൂന്നു പേരും പൂർണമായും പങ്കു വെക്കുകയും ചെയ്യുന്നു. ഇത് സംഭവിക്കുകയാണെങ്കിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് ഇവർ ചേർന്ന് രൂപം നൽകുന്ന ത്രിത്വത്തെ പ്പറ്റി എന്തെങ്കിലും നമുക്ക് കൂടുതലായി മനസ്സിലാക്കാമായിരുന്നു. എന്നാൽ മൂന്നുപേരും മൂന്ന് സ്വതന്ത്ര വ്യക്തിത്വങ്ങളായി നിൽക്കുന്നതുകൊണ്ടാണ് പ്രശ്നങ്ങളുണ്ടാവുന്നത്. അത്തരം ഒരു സങ്കല്പം ക്രിസ്തുമതത്തിലെ ത്രിത്വം എന്ന ആശയത്തിന് ചേരുന്നതല്ല. ഇനി മൂന്ന് വ്യക്തിത്വങ്ങളുള്ള ഒരു വ്യക്തി എന്ന് ഒരു വിശ്വാസിയെക്കൊണ്ട് നിർബന്ധിച്ച് അംഗീകരിപ്പിക്കുകയാണെങ്കിൽ തന്നെ ഒരു വ്യക്തിയിൽ മൂന്ന് വ്യക്തികൾ ഉൾക്കൊള്ളുമ്പോൾ മാത്രമേ അത്തരം ഒരു സങ്കല്പം സാക്ഷാൽക്കരിക്കാൻ സാധിക്കൂ. അതു തന്നെ നിരവധി പ്രശ്നങ്ങൾ ഉൾക്കൊള്ളുന്നതാണ്. ഇവിടെ പറഞ്ഞതുപോലെ മനുഷ്യശരീരത്തോടു ഉപമിക്കും വിധം ദൈവത്തിന് ഒരു ശരീരമില്ല. അതുകൊണ്ട് അത് ഇവിടെ യോജിക്കുന്നതല്ല എന്ന വാദവും ചൂണ്ടിക്കാട്ടാവുന്നതാണ്. തീർച്ചയായും മനുഷ്യശരീരം പോലെയൊരു ശരീരം ദൈവത്തിനില്ല എന്ന് നമുക്കറിയാം. ഇനി അത് മൂന്ന് തൽസമങ്ങളും സ്വന്തമായ വ്യക്തിത്വങ്ങളുമുള്ള ആത്മീയാസ്തിത്വമാണെങ്കിൽ തന്നെ പ്രശ്നം പിന്നെയും അവശേഷിക്കുന്നു.

സാങ്കല്പികമായ ഈ ത്രൈത്വാവസ്ഥ അഭിമുഖീകരിക്കുന്ന മറ്റൊരു പ്രശ്നം ആരാധനാ സംബന്ധമായ അവർ തമ്മിലുള്ള ബന്ധത്തെക്കുറിച്ചാണ്. മൂന്നിൽ ഒന്ന് എന്ന ഈ ദൈവ സങ്കല്പത്തിലെ ആത്മീയ വ്യക്തി

ത്വങ്ങൾ ഒരാൾ മറ്റൊരാളെ ആരാധിക്കുമോ? ഇവർ മൂവരും തമ്മിലുള്ള പരസ്പര ബന്ധത്തിന്റെയടിസ്ഥാനത്തിൽ പ്രാർത്ഥന നടത്താതെ ഇവരുടെ സൃഷ്ടികൾ നടത്തുന്ന പ്രാർത്ഥന ത്രിത്വത്തിലെ മൂന്ന് ദൈവങ്ങളും സ്വീകരിക്കുമോ?

പുതിയ നിയമത്തിൽ യേശു ക്രിസ്തു പിതാവായ ദൈവത്തെ ആരാധിക്കുന്നതായി ആവർത്തിച്ചു പ്രതിപാദിക്കുന്നു. അപ്രകാരം ചെയ്യാൻ മറ്റുള്ളവരെ ഉപദേശിക്കുകയും ചെയ്യുന്നു. എന്നാൽ അത്തരത്തിൽ പരിശുദ്ധാത്മാവിനെ ആരാധിക്കാൻ യേശു ആരെയും ഉപദേശിച്ചതായി പുതിയ നിയമത്തിൽ കാണുന്നുമില്ല. പിതാവായ ദൈവമൊഴികെ തന്നെയോ പരിശുദ്ധാത്മാവിനെയോ ആരാധിക്കാൻ യേശു പറഞ്ഞതായി ഒരിക്കലും പുതിയ നിയമത്തിൽ കാണിച്ചു തരുവാൻ സാധ്യമല്ല. ഇക്കാര്യത്തിൽ ത്രിത്വത്തിലെ മറ്റു രണ്ടുപേരുടെയും അഭാവം ഏതൊരാളിലും കൗതുകമുണർത്തും.

പിതാവിനോടൊപ്പം പുത്രനായ ദൈവത്തെ ആരാധിക്കുക എന്നത് ക്രിസ്ത്യാനികൾക്കിടയിൽ വ്യാപകമായ ഒരു സമ്പ്രദായമാണ്. പക്ഷേ, യേശുവിന്റെ ഭൂവാസത്തിനിടയിൽ തന്റെ ശിഷ്യന്മാരിലാരെങ്കിലും അദ്ദേഹത്തെ ആരാധിച്ചതായോ യേശു അവരോട് അപ്രകാരം ഉപദേശിച്ചതായോ രേഖപ്പെടുത്തപ്പെട്ടിട്ടില്ല. അദ്ദേഹം അപ്രകാരം ചെയ്തിരുന്നുവെങ്കിൽ തന്നെ അത് ഉത്തരമില്ലാത്ത അനേകം ചോദ്യങ്ങൾ ഉയർത്തുമായിരുന്നു. ഇതേ ദൈവത്വം പരിശുദ്ധാത്മാവിൽ ആരോപിച്ചുകൊണ്ട് വീണ്ടും ചോദ്യമുയരുന്നു. എന്തുകൊണ്ട് പരിശുദ്ധാത്മാവിന് ആരുടെയും ആരാധന ആവശ്യമില്ലാതെ വന്നു?

ഒന്നിൽ മൂന്ന് എന്ന അവസ്ഥയിൽ മൂന്ന് വ്യക്തിത്വങ്ങളുടെയും അസ്തിത്വത്തിന്റെ അഹംബോധം അഥവാ സ്വാത്മാ ബോധം ഒന്നായിരുന്നപ്പോൾ പോലും ഭാവത്തിലും അവസ്ഥയിലും അവർ മൂന്നായി വിഭജിതമായിരുന്നു എന്ന കാര്യം വിശദമായി നാം പരിശോധിച്ചു കഴിഞ്ഞു. അത്തരം വിവരണത്തിലെ ഒരു അസ്തിത്വത്തെ (Being) യുക്തിപരമായി 'ഒന്നിലെ മൂന്നു വ്യക്തികൾ' എന്ന് വിശേഷിപ്പിക്കാൻ സാധ്യമല്ല. ത്രിത്വത്തിലെ ഭാവങ്ങളും ഗുണങ്ങളും ആരാധിക്കപ്പെടുന്നില്ല. അവരുടെ കേന്ദ്രബോധത്തെ തന്നെ അവർ ആരാധിക്കുകയും ചെയ്യുന്നുമില്ല. ഓരോ വ്യത്യസ്ത വ്യക്തികളായി ഈ ത്രിത്വ സങ്കല്പം മനസ്സിലാവണമെങ്കിൽ ഒരു ആത്യന്തിക വ്യക്തിബോധം നിലനിർത്തിക്കൊണ്ട് അവർക്ക് ഓരോരുത്തർക്കും സ്വതന്ത്രയായ വ്യക്തിത്വം ഉണ്ടായിരിക്കേണ്ടതാണ്. ആ വ്യക്തിബോധമാകട്ടെ, ഒരു വ്യക്തിയുടെ ബോധം പോലെ തിരിച്ചറിയപ്പെടുകയും വേണം.

അല്ലാത്തപക്ഷം 'ഞാൻ' 'നീ', 'അവൻ' എന്നിങ്ങനെ അവർ തന്നെ

സംബോധന ചെയ്യുന്ന പ്രശ്നം ഉത്ഭവിക്കുന്നില്ലല്ലോ. ത്രിത്വത്തെ ഗുണത്തിലല്ലാതെ മറ്റൊന്നിലും ഒന്നായി കാണാൻ സാധ്യമല്ല. ദൈവത്തിന്റെ ഗുണത്തെ സംബന്ധിച്ചാണെങ്കിൽ അതൊരിക്കലും മൂന്നിൽ പരിമിതപ്പെടുത്താൻ സാധ്യമല്ല. നാം അറിഞ്ഞാലും ഇല്ലെങ്കിലും ദൈവത്തിന് എണ്ണിയാലൊടുങ്ങാത്ത ഗുണങ്ങളുണ്ട്.

ഈ ചർച്ച നമുക്ക് ഉപസംഹരിക്കാം. ത്രിത്വത്തിലെ മൂന്നു പേരും തുല്യ പദവികളോ സ്വഭാവ ഗുണങ്ങളോ ഇല്ലാത്ത മൂന്ന് വ്യത്യസ്ത വ്യക്തികളാണെങ്കിൽ മാത്രമെ ഒരാൾ മറ്റൊരാളെ ആരാധിക്കുന്ന പ്രശ്നം ഉദ്ഭവിക്കുന്നുള്ളൂ. ഇവിടെ ഒരാൾ മാത്രമേ ആരാധനക്ക് അർഹനായുള്ളൂ. മറ്റു രണ്ടുപേരും ഒന്നാമനെ ആരാധിക്കുന്നവരാണെന്നതിനാൽ അവരുടെ സ്ഥാനം അല്പം താഴെയാണെന്ന് കരുതാം. ഇതിൽ നിന്നെല്ലാം വീണ്ടും ലഭിക്കുന്ന ഉത്തരം 'ത്രിത്വത്തിലെ ഏകത്വം' (Oneness in Trinity) അപ്രത്യക്ഷമാകുന്നു എന്നതാണ്. ഏതായാലും നിങ്ങൾക്ക് 'മൂന്നിൽ ഒന്ന്' 'ഒന്നിൽ മൂന്ന്' എന്ന് ഒരേസമയം സങ്കല്പിക്കാൻ സാധ്യമല്ല.

ഇത്തരുണത്തിൽ എന്റെ ഓർമ്മയിൽ വരുന്ന ഒരു ഫലിതം നിങ്ങളുമായി പങ്കിടാനാഗ്രഹിക്കുന്നു. അമീർ തിമൂറിനെ ഏറെ രസിപ്പിച്ച ജോഹ എന്നൊരു പ്രശസ്തനായൊരു കൊട്ടാരവിദൂഷകനുണ്ടായിരുന്നു. ബാഗ്ദാദ് ആക്രമണകാലത്ത് യുദ്ധമുതലിനോടൊപ്പം ലഭിച്ച ജോഹയെ തിമൂർ കൂടെ കൊണ്ടുവരികയും മുഖ്യകൊട്ടാര വിദൂഷകനായി നിയമിക്കുകയും ചെയ്തു. മാംസഭക്ഷണം ജോഹയുടെ ഒരു ദൗർബല്യമായിരുന്നു. അത് മതിവരുവോളം ഒറ്റക്ക് തന്നെ കഴിക്കണമെന്ന് അദ്ദേഹത്തിന് ആഗ്രഹമുണ്ടായി. മാംസ വിൽപനക്കാരനിൽ നിന്നും ജോഹ രണ്ട് കിലോ ഇറച്ചി വാങ്ങിക്കൊണ്ടുവന്നു. സ്വാദിഷ്ടമായ രീതിയിൽ ഇറച്ചി പാകം ചെയ്യാൻ ഭാര്യയോടു പറഞ്ഞു. ഭാര്യയടക്കം ആരും തന്നെ ഇറച്ചിതൊട്ടുനോക്കാൻ കൂടി പാടില്ല എന്ന് ജോഹ തന്റെ പത്നിയോട് ആജ്ഞാപിച്ചു. നിർഭാഗ്യകരമെന്ന് പറയട്ടെ, മാംസഭക്ഷണം പാകം ചെയ്തു കഴിഞ്ഞ നേരം നോക്കി ജോഹയുടെ ഭാര്യയുടെ സഹോദരങ്ങൾ യാദൃശ്ചികമായി കയറിവന്നു. തീർച്ചയായും സഹോദരങ്ങളുടെ സന്ദർശനം ഭാര്യക്ക് ആഹ്ലാദകരമായിരുന്നുവെങ്കിലും ജോഹക്ക് അത് പിന്നീട് ദുഃഖകരമായി ഭവിക്കുകയാണുണ്ടായത്. ജോഹയുടെ ഭാര്യയുടെ സഹോദരന്മാർക്ക് വറുത്ത മാംസത്തിന്റെ പ്രലോഭനീയമായ ഗന്ധം സഹിക്കാൻ കഴിഞ്ഞില്ല. പിന്നെയെന്ത് സംഭവിച്ചുവെന്ന കാര്യം പറയാനില്ലല്ലോ. അത് മുഴുവൻ അവർ തിന്നു തീർത്തു. അവസാനത്തെ കഷ്ണം വറുത്ത ഇറച്ചിയും കഴിച്ച് ആഹ്ലാദഭരിതരായ സഹോദരന്മാർ തങ്ങളുടെ സഹോദരിയോടു യാത്ര പറഞ്ഞു. ജോഹയുടെ പ്രിയപത്നി ആകുലചിത്തയായി. എന്നിരുന്നാലും ജോഹ വരുമ്പോൾ പറഞ്ഞു സമാധാനിപ്പിക്കാൻ വിശ്വസനീയമായ ഒരു

ഒഴിവുകഴിവ് കണ്ടെത്തി. കൊതിയൂറുന്ന മാംസാഹാരത്തിന്റെ ഗന്ധവും ആസ്വദിച്ചു വന്ന ജോഹ തന്റെ രണ്ട് കിലോ ഇറച്ചിയെപ്പറ്റി ഭാര്യയോടു തിരക്കി. ഭാര്യ ജോഹയുടെ പ്രിയപ്പെട്ട പൂച്ചയെ ചൂണ്ടിക്കാട്ടി പറഞ്ഞു: 'ഇതാ നോക്കു, നിങ്ങൾക്ക് ഈ പൂച്ചയിൽ നിന്നും രണ്ട് കിലോ മാംസം എടുക്കാൻ കഴിയുമെങ്കിൽ എടുക്കുക; ഞാൻ ജോലിത്തിരക്കിലായിരുന്നപ്പോൾ മാംസം മുഴുവൻ അവൻ അകത്താക്കി.' ഇതു കേട്ടയുടനെ ജോഹ തന്റെ പൂച്ചയെ ഒരു ത്രാസിലിരുത്തി തൂക്കിനോക്കി. പൂച്ചയുടെ തൂക്കം കൃത്യം രണ്ട് കിലോ മാത്രം! ജോഹ തന്റെ പ്രിയതമയുടെ നേരെ തിരിഞ്ഞു: "അല്ലയോ ഭവതീ, ഞാൻ നിന്നെ തീർച്ചയായും വിശ്വസിക്കാം. എന്നാൽ ഇത് എന്റെ ഇറച്ചിയാണെങ്കിൽ എന്റെ പൂച്ച എവിടെപ്പോയി? ഇത് എന്റെ പൂച്ചയാണെങ്കിൽ എവിടെ എന്റെ ഇറച്ചി?!'

തമാശ അവിടെയിരിക്കട്ടെ, യേശുവിന്റെ യഥാർത്ഥവും സത്യസന്ധവുമായ അദ്ധ്യാപനങ്ങളുടെ വെളിച്ചത്തിൽ ഞാനിത് ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. ഇത് യേശുവിന്റെ യഥാർത്ഥ അദ്ധ്യാപനത്തിൽ നിന്നും ബഹുദൂരം വ്യതിചലിച്ച ക്രിസ്ത്യാനികളുടെ ഒരു സങ്കല്പം മാത്രമാണ് എന്ന വസ്തുത തുറന്നുകാട്ടാനാണ് പ്രസ്തുത തമാശ കഥ ഞാനുദ്ധരിച്ചത്.

യേശുവിനെ ആരാധിക്കണമെന്ന് സൂചിപ്പിക്കുന്ന യാതൊരു വചനവും ബൈബിളില്ല എന്ന് പറയുമ്പോൾ ഇതുമായി ബന്ധപ്പെട്ട ലൂക്കോസ് 24;52*ലെ ഒരേയൊരു പരമാർശം നമുക്ക് വിശദീകരിക്കേണ്ടതായി വരുന്നു. യേശു തന്നെ ആരാധിക്കാൻ അനുയായികളെ ഉൽബോധിപ്പിച്ചു എന്നതിന് ഈ വചനം തെളിവാണെന്ന് പലരും അവകാശപ്പെടാറുണ്ട്. ഈ വചനം ലൂക്കോസിന്റെ യഥാർത്ഥ സുവിശേഷത്തിലെ വചനമാണന്ന് അവകാശപ്പെടാൻ തെളിവില്ല; പ്രസ്തുത വചനം കൃത്രിമമായി പുതിയ നിയമത്തിൽ കൂടിച്ചേർത്തതാണ്. ഇക്കാര്യത്തെ സംബന്ധിച്ച് ആധുനിക ക്രൈസ്തവ പണ്ഡിതന്മാർ ബോധവാന്മാരാണ്.

സുവിശേഷത്തിലെ തെളിവുകൾ പിന്തുണച്ചാലും ഇല്ലെങ്കിലും പൊതുവായ ക്രൈസ്തവ ആചാരസമ്പ്രദായങ്ങൾ എന്താണെന്ന് നമുക്ക് പരിശോധിക്കാം. ഇന്ന് കാണുന്ന ക്രൈസ്തവ വിഭാഗത്തിലെ ബഹുഭൂരിപക്ഷവും യേശുവിനെ ദൈവത്തിന്റെ പുത്രനായി ആരാധിക്കുന്നു. അവർ ആരാധിക്കുന്ന അതേ യേശു പിതാവായ ദൈവത്തെ ആരാധിച്ചിരുന്നതായി എല്ലാവരും സമ്മതിക്കുകയും ചെയ്യുന്നു. യേശു സ്വയം ദൈവത്തിന്റെ അവിഭാജ്യഘടകമാണ്. മാത്രമല്ല മൂന്നുവ്യക്തികളാണെങ്കിലും ഏകാത്മകമാണെന്ന ബോധം ജനിപ്പിച്ചുകൊണ്ട് യേശു അവരിൽ

* അവർ അവനെ ആരാധിച്ചിട്ട് വളരെ സന്തോഷത്തോടുകൂടി ജെറുസലേമിലേക്കു മടങ്ങിപ്പോയി (ലൂക്കോസ് : 24:52)

സമ്പൂർണ്ണമായും ലയിച്ചുചേർന്നതുമാണ്. എന്നിരിക്കെ പിതാവായ ദൈവത്തെ യേശു ആരാധിക്കുന്നതിന്റെ യുക്തിയെന്താണ്? ഉത്തരം ലഭിക്കില്ലെന്നറിയാമെങ്കിലും ക്രിസ്തീയ പണ്ഡിതന്മാരോട് ഞാൻ ഇടക്കിടെ ഇത്തരം ചോദ്യങ്ങൾ വൃഥാ ചോദിക്കാറുണ്ട്.

ത്രിത്വത്തിലെ പരിശുദ്ധാത്മാവ് എന്ന് വിളിക്കപ്പെടുന്ന മൂന്നാമത്തെ വ്യക്തിയെ യേശു എപ്പോഴെങ്കിലും ആരാധിച്ചിട്ടുണ്ടോ? എപ്പോഴെങ്കിലും യേശു അദ്ദേഹത്തെ സ്വയം ആരാധിച്ചിട്ടുണ്ടോ? പരിശുദ്ധാത്മാവ് എപ്പോഴെങ്കിലും യേശുവിനെ ആരാധിച്ചിട്ടുണ്ടോ? പിതാവായ ദൈവം മറ്റു രണ്ടു പേരെയും ആരാധിച്ചിട്ടുണ്ടോ? ആരാധിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ട്? ത്രിത്വത്തിലെ മറ്റു രണ്ട് വ്യക്തികളുടെ മേലും പിതാവായ ദൈവത്തിന് മേൽകൈ ഉണ്ടെന്ന് സമ്മതിക്കാൻ ഒരുപക്ഷേ ഇത്തരം ചോദ്യങ്ങൾക്ക് മുമ്പിൽ ക്രിസ്ത്യാനികൾ നിർബന്ധിതരാവും. അവിടം മുതൽ ത്രിത്വത്തിലെ മൂന്ന് വ്യക്തികളും അവരുടെ പദവികളുടെ അടിസ്ഥാനത്തിൽ തൽസമങ്ങളല്ല എന്നു വരുന്നു. അതായത് അവർ 'മൂന്നിൽ മൂന്ന്' തന്നെയായി നിൽക്കുന്നു. (Three in Three) മൂവരും മൂന്നായി വേറിട്ടുനിൽക്കുന്നുവെങ്കിൽ ഒരിക്കലും അവർ 'മൂന്നിൽ ഒന്നായി'രിക്കില്ല.

പിതാവായ ദൈവത്തെ ആരാധിച്ചിരുന്ന പുത്രനായ യേശുവിനെപ്പറ്റിയുള്ള ചോദ്യം അഭിമുഖീകരിക്കുമ്പോൾ ക്രിസ്ത്യൻ പണ്ഡിതന്മാർ അവകാശപ്പെടുന്നത് യേശുവിലുള്ള മനുഷ്യനാണ് പിതാവായ ദൈവത്തെ ആരാധിച്ചിരുന്നത്, ദൈവത്തിന്റെ പുത്രനായ യേശുവല്ല എന്നാണ്. ഈ ഉത്തരം നാം ഇതിന് മുമ്പ് ചർച്ച ചെയ്തു കഴിഞ്ഞ കാര്യങ്ങളിലേക്ക് തന്നെ നമ്മെ തിരിച്ചു കൊണ്ടുപോകുന്നു. അതായത് യേശുവിന്റെ ശരീരത്തിൽ എങ്ങനെ മനുഷ്യന്റെയും ദൈവ പുത്രന്റേതുമായ രണ്ട് ബോധങ്ങൾ നിലകൊണ്ടു? മാത്രമല്ല എന്തുകൊണ്ട് യേശുവിലുള്ള മനുഷ്യാത്മാവ് അദ്ദേഹത്തിൽ തന്നെ കുടികൊണ്ടിരുന്ന ദൈവ പുത്രനെ അവഗണിച്ചു? ദൈവാംശമായ ക്രിസ്തുവിനോടൊപ്പം ഒരേ ശരീരത്തിൽ വസിച്ചിരുന്ന അതേ യേശു എന്തുകൊണ്ട് മൂന്നാം ഘടകമായ പരിശുദ്ധാത്മാവിനെ ആരാധിച്ചില്ല?

ആരാധന എന്നത് ശരീരത്തിന്റെ പ്രതീകാത്മക ചലനങ്ങളിലൂടെ പ്രകടിപ്പിക്കുന്ന മനസ്സിന്റേയും ആത്മാവിന്റെയും അനുഷ്ഠാനങ്ങളാണ്. അത് വ്യക്തിയുടെ വൈകാരികവും മാനുഷികവുമായ വ്യക്തിത്വത്തിലധിഷ്ടിതമായ ഒരു കർമ്മമാണ്. ആയതിനാൽ യേശുക്രിസ്തു ദൈവത്തെ ആരാധിച്ചപ്പോൾ ആരാണ് പ്രാർത്ഥിച്ചതെന്ന് തീരുമാനിക്കപ്പെടണം. ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആരാധിക്കപ്പെടുന്നതിലെ സങ്കീർണതകളെ സംബന്ധിച്ച് നാം വേണ്ടത് പോലെ ചർച്ച ചെയ്തുകഴിഞ്ഞു. അതിനു വിപരീതമായി യേശു എന്ന മനുഷ്യൻ പിതാവായ ദൈവത്തെ മാത്രം

ആരാധിക്കുകയും ക്രിസ്തുവിനെ ആരാധിക്കാതിരിക്കുകയും ചെയ്തു വെങ്കിൽ യേശു ഭൂമിയിൽ സ്വയം കാണിച്ചു തന്ന ഈ പരിശുദ്ധമാതൃക എന്തിന് ക്രിസ്ത്യാനികൾ നിരാകരിക്കണം.? ഏറ്റവും അടുത്ത് തന്റെ പങ്കാളിയായി ഒരേ ശരീരത്തിൽ വസിച്ചിട്ടും മനുഷ്യനായ യേശു തന്റെ പങ്കാളിയായ ക്രിസ്തുവിനെ ആരാധിച്ചിട്ടില്ല. പിന്നെയെന്തിന് അവർ ദൈവത്തെ കൂടാതെ ക്രിസ്തുവിനെ ആരാധിക്കണം?

## തൽസമങ്ങളും പരസ്പരം തുല്യങ്ങളുമായ ഗുണങ്ങളോടു കൂടിയ വ്യത്യസ്ത വ്യക്തിത്വങ്ങൾ

ഒന്നിനോടൊന്ന് വ്യത്യസ്തമായതും, സമ്പൂർണ്ണവും, തൽസമങ്ങളും മൂന്ന് വ്യക്തിത്വങ്ങളുള്ളതുമായ ത്രിത്വത്തിലെ ഒന്നിൽ മൂന്ന് എന്ന ഫോർമുല മറ്റൊരു വീക്ഷണ കോണിലൂടെ നമുക്ക് വീണ്ടുമൊന്ന് പരിശോധിക്കാം. നാം ഇപ്പോൾ മൂന്ന് വ്യത്യസ്ത രൂപങ്ങളുള്ളതും ഒന്നിൽ യോജിപ്പിക്കപ്പെട്ടതുമായ ഒരു വ്യക്തിയെക്കുറിച്ചല്ല ഇവിടെ പരാമർശിക്കുന്നത്. സമാന രൂപങ്ങളുള്ള മൂന്ന് വ്യക്തിത്വങ്ങളെക്കുറിച്ചാണ് അഥവാ ത്രൈത്വ (Triplet) ങ്ങളെക്കുറിച്ചാണ്. ഈ ത്രൈത്വ വ്യക്തിത്വങ്ങൾ സമ്പൂർണ്ണ തൽസമങ്ങളാണ്. ഈ സമ്പൂർണ്ണ തൽസമങ്ങൾ അതിന്റെ രൂപത്തിൽ മാത്രം അവസാനിക്കുന്നില്ല. അതിന്റെ എല്ലാ ചിന്തകളിലും വൈകാരിക പ്രക്രിയകളിലും ഈ തൽസമത നിറഞ്ഞു നിൽക്കുന്നു. അവർ തങ്ങളുടെ ചിന്തകളേയും വികാരങ്ങളേയും അനുഭവങ്ങളേയും തൽസമങ്ങളായി പങ്കുവെക്കുന്നു. ഈ കാര്യത്തിൽ ത്രിത്വത്തിലെ മൂന്നിൽ രണ്ടെണ്ണം അനാവശ്യമാണെന്ന് ഒരാൾക്ക് സമ്മതിക്കേണ്ടിവരും. ഈ മൂന്നിൽ രണ്ട് ഇല്ലാതായാൽ പോലും ത്രിത്വത്തിൽ അവശേഷിക്കുന്ന ആ ഒന്നിനെ അശേഷം ബാധിക്കില്ല. ആ ഒന്ന് പരിപൂർണ്ണനായി തന്നെ നിലനിൽക്കുന്നു.

വിശുദ്ധ ഖുർആൻ ഇതേ ചോദ്യം ഉയർത്തുന്നുണ്ട്. ദൈവം യേശുക്രിസ്തുവിനേയും പരിശുദ്ധാത്മാവിനേയും നശിപ്പിച്ച് തുടച്ചു മാറ്റിക്കഴിഞ്ഞാൽ പ്രതാപവാനം അനശ്വരനും സമ്പൂർണ്ണനുമായ ദൈവത്തിന് എന്ത് മാറ്റമാണുണ്ടാവുക? അങ്ങനെ ചെയ്യുന്നതിൽ നിന്നും ആർക്കാണ് അവനെ തടയാനാവുക? (5:18) ദൈവത്തിന്റെ എല്ലാ ഗുണങ്ങളും ശാശ്വതമായി തുടരുന്നതാണെന്ന് ഈ വചനം ഉദ്ഘോഷിക്കുന്നു. അതിനാൽ ഇവിടെ വിവരിക്കപ്പെട്ട ത്രിത്വം നിരർത്ഥകവും അനാവശ്യവുമായി ഭവിക്കുന്നു.

എങ്ങനെ കരുതിയാലും ശരി, ത്രിത്വത്തിലെ മൂന്ന് വ്യക്തികളും മൂന്ന് വ്യത്യസ്ത പ്രവൃത്തികളാണ് നിർവ്വഹിക്കുന്നത്. ഈ ദൈവ സങ്കല്പം സ്ഥാപിച്ചെടുക്കാൻ ഈ മൂന്നു ഘടകങ്ങളും അത്യാവശ്യമാണു താനും.

ഇവിടെ മൂന്നു വ്യത്യസ്ത ദൈവങ്ങൾ പരസ്പരം സഹകരിച്ചുകൊണ്ട് പരിപൂർണ്ണ രമ്യതയോടെ സഹജീവനം നടത്തുകയാണ്. ആയതിനാൽ അവർ മൂന്നെണ്ണത്തിലെ മൂന്ന് ദൈവങ്ങളാണ് (Three Gods in three) മറിച്ച് ഒന്നിലെ മൂന്ന് ദൈവങ്ങളല്ല (Not Three Gods in one).

വിവിധ അവയവങ്ങളും പ്രവർത്തനങ്ങളും ഒരു വ്യക്തിയിൽ സംയോജിക്കപ്പെട്ടതു പോലെ ഒന്നാണ് ത്രിത്വമെങ്കിൽ തീർച്ചയായും ഏകത നില നിർത്താമായിരുന്നു. പക്ഷേ, അത് ത്രിത്വമാവില്ല. എന്നാൽ ഇവിടെ നാം ചർച്ച ചെയ്യുന്നത് വിവിധ അവയവങ്ങളുള്ള ഒരു വ്യക്തിയെക്കുറിച്ചല്ല. മറിച്ച് തികച്ചും വ്യത്യസ്തമായ മൂന്ന് വ്യക്തികളെക്കുറിച്ചാണ്. ഒരേ പോലെ പ്രവർത്തിക്കുമ്പോൾ തന്നെ അവർ തങ്ങളുടെ ഓരോരുത്തരുടെയും വ്യക്തിത്വങ്ങൾ നിലനിർത്തുന്നു. വിവിധ അവയവങ്ങളോടുകൂടിയ ഒരു വ്യക്തിയെ അവതരിപ്പിക്കുകയാണ് ഈ ചർച്ചയിലൂടെ ചെയ്യുന്നതെങ്കിൽ അതിൽ യാതൊരു അയുക്തികതയുമില്ല. പക്ഷേ ഓരോ അവയവങ്ങളും ഓരോ വ്യക്തികളായി കണക്കാക്കുകയും അതേസമയം അവയെല്ലാം കൂടി സമഗ്രമായി ഒരു വ്യക്തിയായിത്തീരുകയും ചെയ്യുക എന്നത് യുക്തിക്ക് വിരുദ്ധവും ഇത് സംബന്ധമായ എല്ലാ ചർച്ചകളും അസ്വീകാര്യമായിത്തീരുകയും ചെയ്യും. തീർച്ചയായും അവയവങ്ങൾക്ക് അതിന്റേതായ വൈയക്തികതയുണ്ട്. പക്ഷേ അവയുടെ വ്യക്തിത്വം സമഗ്രമായ ഒരു വ്യക്തിത്വത്തിന്റെ ഒരു ഘടകം മാത്രമാണ്. ആ വ്യക്തി ഒരു അവയവം മാത്രമല്ല ഉൾക്കൊള്ളുന്നത്. മറ്റു അവയവങ്ങളും ആ വ്യക്തിയിലുണ്ട്. ഒരാളിലുള്ള അത്തരം അവയവങ്ങളുടെ സമഗ്രാവസ്ഥയിലാണ് ആ വ്യക്തിയെ നാം മനുഷ്യൻ എന്നു വിളിക്കുന്നത്. തീർച്ചയായും താരതമ്യേന ചെറിയ ധർമ്മങ്ങൾ നിർവ്വഹിക്കുന്ന അത്തരം അവയവങ്ങൾ ഇല്ലാതെയും മനുഷ്യന് മനുഷ്യനായി നിലനിൽക്കാൻ കഴിയും. പക്ഷേ ഒരു സമ്പൂർണ്ണ മനുഷ്യന് സാധാരണ മനുഷ്യന് ആവശ്യമായ എല്ലാ അവയവങ്ങളുമുണ്ടായിരിക്കണം. അങ്ങനെ ഈ അവയവങ്ങളുടെ സമ്പൂർണ്ണാവസ്ഥയിലാണ് ഒരാൾ ഒരു പൂർണ്ണ മനുഷ്യനാവുന്നത്.

പോൾ എന്ന് വിളിക്കുന്ന ഒരാളുടെ ഉദാഹരണം നമുക്കെടുക്കാം. പോളിന്റെ കരൾ, ഹൃദയം, ശ്വാസകോശം, കിഡ്നി മുതലായ അവയവങ്ങൾക്ക് പ്രത്യേക ധർമ്മങ്ങൾ നിർവ്വഹിക്കുന്ന വ്യക്തിത്വമുണ്ടെന്നിരിക്കെ അവയെല്ലാം പോളിനെ പൂർണമായും തിരിച്ചറിയാൻ സാധിക്കുന്ന വ്യക്തികളാണെന്ന് ആരും പറയാറില്ല. കിഡ്നിയിലൂടെ പോളിനെ പൂർണമായും തിരിച്ചറിയണമെങ്കിൽ കിഡ്നി സമഗ്രമായി തികച്ചും പോളിനെപോലെ

പ്രവർത്തിക്കണം. അത് പോലെ പ്രവർത്തിക്കുകയാണെങ്കിൽ മറ്റവയവ ങ്ങളെക്കുറിച്ചും അങ്ങനെ പറയാം. ഓരോ അവയവങ്ങളുടെയും അഭാ വമോ പകരം വെക്കലോ പോളിന്റെ സ്വഭാവത്തിൽ യാതൊരു മാറ്റവും വരുത്തുന്നില്ല എന്ന വസ്തുതയും പരിഗണിക്കേണ്ടതുണ്ട്. അതായത് പോളിന് അയാളുടെ ശ്വാസകോശം, ഹൃദയം, കിഡ്നി, മസ്തിഷ്കം എന്നീ അവയവങ്ങൾ മാറ്റിയാലും പോൾ പോളായിത്തന്നെ തുടരും. അന്തിമ വിശകലനത്തിൽ ആ അവയവങ്ങളെല്ലാം ഒരോന്നും ഉണ്ടെങ്കിലും ഇല്ലെങ്കിലും പോൾ എന്ന വ്യക്തിക്ക് യാതൊരു മാറ്റവും സംഭവിക്കുന്നില്ല ഒന്നിൽ മൂന്ന് (Three in one) എന്ന സങ്കല്പമുണ്ടെങ്കിൽ യുക്തി ഉപ യോഗിച്ച് ക്രിസ്തുമതത്തെ വിമർശിക്കുന്നത് തെറ്റാണ്. ഇക്കാലത്തെ ക്രിസ്തുമതത്തിൽ യുക്തി ആരോപിക്കുക എന്നാൽ ആ യുക്തി മാക്ബ ത്തിലെ യക്ഷികൾ പറഞ്ഞ യുക്തിപോലെയിരിക്കും. അതായത് നന്മ തിന്മയാണ്, തിന്മ നന്മയുമാണ്. (Fair is foul and foul is fair)[1]

1. Macbeth - By William Shakespeare

## അദ്ധ്യായം 7

# ക്രിസ്തുമതത്തിന്റെ പരിണാമം

ക്രിസ്തുമതത്തിന്റെ അടിസ്ഥാന സിദ്ധാന്തമായ ത്രിത്വം ക്രിസ്തുവിന്റെ ജീവിത കാലത്ത് ക്രിസ്തുമതത്തിൽ ഇല്ലാത്ത ഒന്നാണ്. ഈ സിദ്ധാന്തം രൂപപ്പെട്ടുവരാൻ തുടങ്ങിയത് ക്രിസ്തുവിന്റെ ക്രൂശീകരണത്തിനു ശേഷം മാത്രമാണെന്നേ പരമാവധി പറയാൻ സാധ്യമാവൂ. വ്യക്തമായി നിർവ്വചിക്കപ്പെട്ട രൂപത്തിലും ഭാവത്തിലും ക്രിസ്തുമതം രൂപപ്പെട്ടുവരാൻ നൂറ്റാണ്ടുകൾ എടുത്തിട്ടുണ്ട്. വ്യത്യസ്ത മതത്തിലും സംസ്കാരത്തിലും പാരമ്പര്യത്തിലും ഉൾപ്പെട്ട ക്രിസ്ത്യൻ ദൈവശാസ്ത്രജ്ഞരുടേയും തത്വശാസ്ത്ര വിദഗ്ധരുടേയും തീക്ഷ്ണവും വിവാദാത്മകവുമായ സുദീർഘ സംവാദപ്രക്രിയകളിലൂടെയാണ് ത്രിത്വവാദം കടന്നുവന്നത്.

ആദ്യകാലത്ത് ക്രിസ്തുമതത്തിനെ വരവേറ്റ പല ദേശങ്ങളിലെയും മിത്തുകളും പാരമ്പര്യങ്ങളും വമ്പിച്ച തോതിൽ ക്രിസ്തുമതത്തെ സ്വാധീനിക്കുകയുണ്ടായി. ക്രിസ്തുമതത്തിന്റെ മുഖ്യമായ താഴ്ത്തടി ജൂതമത പാരമ്പര്യത്തിന്റേതാണ്. ക്രിസ്തുമതം രൂപപ്പെട്ടുവന്ന ആദ്യകാലങ്ങളിൽ അതിന്റെ വിശ്വാസവും തത്ത്വശാസ്ത്രവുമെല്ലാം വളർന്നു വികസിച്ചത് ജൂതമതത്തിന്റെ വിലാസത്തിലായിരുന്നു. ക്രിസ്തുമതത്തിന്റെ ആദ്യകാല ചരിത്രത്തിലുടനീളം ഈ ജൂതമത സ്വാധീനം ഏറ്റവും പ്രബലമായിരുന്നു. ജൂതമത വിഭാഗത്തിൽപെട്ടവരാണ് യേശുവിൽ നിന്ന് നേരിട്ട് ക്രിസ്തുമതം പഠിക്കുകയും യേശുവിന്റെ ജീവിതത്തിന് സാക്ഷ്യം വഹിക്കുകയും ചെയ്തത്. യേശുവിന്റെ വിശുദ്ധമായ അദ്ധ്യാപനങ്ങളുടെയും, ജീവിത പാഠങ്ങളുടെയും ഭൂമികയിൽ ആഴത്തിൽ വേരുകളുള്ളവർ അവരാണ്. യേശുവിനെ സ്വീകരിച്ച ഈ ജൂതമതസ്ഥർ തന്നെയായിരുന്നു യേശുവിന്റെ ക്രൂശീകരണത്തിന് സാക്ഷ്യം വഹിച്ചതും ആ വധശ്രമത്തിൽ നിന്നും യേശുവിന്റെ അതിജീവനം നോക്കിക്കണ്ടതും.

## യേശുവിന്റെ ആദ്യശിഷ്യന്മാർ

ആദിമ ക്രിസ്ത്യാനികൾ, യേശുവിന്റെ പ്രകൃതത്തെ അടിസ്ഥാനമാക്കിയും മോസസിന്റെ നിയമങ്ങളെ പിന്തുടരുന്നതിനെ ആധാരമാക്കിയും അടിസ്ഥാനപരമായി വിഭജിക്കപ്പെട്ടതായി കാണുന്നു. ക്രിസ്തുമതത്തിന്റെ രണ്ടാമത്തെ വികാസഘട്ടം, പുതിയൊരു ആശയഗതിയും തത്ത്വശാ

സ്ത്രവും ക്രിസ്തുമതത്തിന് നൽകിയ സെന്റ് പോളിനെ ആധാരമാക്കിക്കൊണ്ടുള്ളതാണ്. സെന്റ് പോളും സാത്വികനായ യാക്കോബും (James) തമ്മിൽ മൗലികമായി അഭിപ്രായ വ്യത്യാസങ്ങളുണ്ടായിരുന്നു. യാക്കോബ് ജെറുസലേം സഭ പരിപാലിച്ചപ്പോൾ പോൾ പാശ്ചാത്യ രാജ്യങ്ങളിലാണ് സുവിശേഷം പ്രസംഗിച്ചത്. മുഖ്യമായും പുറംജാതികൾ (Gentile)ക്കിടയിലാണ് അദ്ദേഹം പ്രചാരണം നടത്തിയത്. പാശ്ചാത്യ സഭ പോളിന്റെ ആദർശങ്ങളാണ് പിന്നീട് സ്വീകരിച്ചത്. എന്നാൽ ജെറുസലേം സഭ ഏകദൈവസിദ്ധാന്തത്തിലധിഷ്ഠിതമായ അദ്ധ്യാപനങ്ങളാണ് അവലംബിച്ചത്.

യാക്കോബിന്റെ സഭാശുശ്രൂഷയുടെ ഫലമായിട്ടായിരുന്നു എബിയോണൈറ്റ് (Ebionites) എന്ന വിഭാഗം ഉടലെടുത്തത്. സാധു (The meek), ദരിദ്രർ (The poor) എന്നീ അർത്ഥങ്ങളുള്ള 'എബിയോനിം' എന്ന ഹിബ്രു വാക്കിൽ നിന്നാണ് എബിയോണൈറ്റ് എന്ന നാമം ഉത്ഭൂതമായത്. ജൂത ക്രിസ്ത്യാനികളായിരുന്ന എബിയോണൈറ്റുകൾ യേശുവിനെ മിശിഹാ (മസീഹ്) ആയിട്ടാണ് സ്വീകരിച്ചത്, ദൈവപുത്രനായിട്ടല്ല. അവർ മോസസിന്റെ നിയമങ്ങൾ കർശനമായി പിന്തുടർന്നു. ഹിബ്രു സുവിശേഷം, എബിയോണൈറ്റ് സുവിശേഷം, നസാറായരുടെ സുവിശേഷം എന്നീ പേരുകളിലാണ് എബിയോണൈറ്റുകളുടെ സുവിശേഷം അറിയപ്പെടുന്നത്. എബിയോണൈറ്റുകളെക്കുറിച്ച് പല സ്രോതസ്സുകളിൽ നിന്നും ലഭ്യമായ വിവരങ്ങൾ ഇപ്രകാരമാണ്.

4ാം നൂറ്റാണ്ടിൽ ജീവിച്ച സീസറായിലെ (Cesaraea) ഇയൂസിബസ് എഴുതിയ 'സഭയുടെ ചരിത്രം' (The History of Church) എന്ന ഗ്രന്ഥത്തിലെ 'വെസ്പാസിയനിൽ നിന്നും ട്രാജനിലേക്ക്' (Vespasian to Trajan) എന്ന മൂന്നാം പുസ്തകത്തിൽ എബിയോണൈറ്റുകളെ സംബന്ധിച്ച് പരാമർശമുണ്ട്. യേശുവിന്റെ നിലവാരമില്ലാത്തതും നിസ്സാരവുമായ അഭിപ്രായങ്ങളിൽ നിന്നാണ് 'എബിയോണൈറ്റുകൾ' എന്ന നാമം ഉത്ഭവിച്ചതെന്ന് പറഞ്ഞ് ഗ്രന്ഥകാരൻ അവരുടെ വീക്ഷണങ്ങളെ പരിഹസിക്കുന്നുണ്ട്. സ്വഭാവഗുണങ്ങളുടെ മഹത്വത്തിലൂടെ അങ്ങേയറ്റം സാത്വികനായിത്തീർന്ന ഒരു സാധാരണ മനുഷ്യനാണ് യേശു എന്നാണ് എബിയോണൈറ്റുകൾ വിശ്വസിക്കുന്നത്. ജൂതന്മാരെപോലെ അവർ മുറപ്രകാരം ശാബ്ബത്ത് ആചരിച്ചു. വിശ്വാസത്തിലൂടെ മാത്രം മോക്ഷം കിട്ടുമെന്ന പോളിന്റെ ആശയം അവർ തള്ളിക്കളഞ്ഞു. പ്രസ്തുത ഗ്രന്ഥകാരൻ മറ്റൊരു എബിയോണൈറ്റ് ഗ്രൂപ്പിനെക്കുറിച്ചും പരാമർശിക്കുന്നുണ്ട്. അവർ കന്യകാപ്രസവത്തിലും പരിശുദ്ധാത്മാവിലും വിശ്വസിച്ചവരായിരുന്നു. പക്ഷേ, ദൈവം എന്ന നിലക്ക് ജനിക്കുന്നതിന് മുമ്പേ വചനവും ജ്ഞാനവുമായി യേശു നിലനിന്നിരുന്നു എന്ന സിദ്ധാന്തത്തെ അവർ നിരാകരിച്ചു. മത്തായിയുടെ സുവിശേഷമായിരിക്കാൻ സാധ്യതയുള്ള 'ഹിബ്രൂ

സുവിശേഷം' ആയിരുന്നു അവർ പിന്തുടർന്നത്. ശാബ്ബത്തും മറ്റു ജൂത ആചാരങ്ങളും പാലിച്ചുപോന്ന അവർ ഉയിർത്തെഴുന്നേൽപ്പും ആചരിച്ചു പോന്നു. (1)

ആർ. ഈസ്മാൻ തന്റെ 'Dead Sea Scrolls Uncovered' (ചാവുകടൽ ചുരുളുകൾ മറനീക്കുന്നു) എന്ന പുസ്തകത്തിൽ എബിയോണൈറ്റുകളുടെ പശ്ചാത്തലം വിവരിക്കുന്നുണ്ട്. യാക്കോബ് (ജെയിംസ് - സാദിക്ക്, സദോക്ക് - സാത്വികൻ എന്ന് അർത്ഥം) ആദ്യ നൂറ്റാണ്ടിന്റെ മധ്യഘട്ടത്തിൽ (ഏകദേശം എ.ഡി. 40-60) ജെറുസലേം സഭയുടെ നേതാവായിരുന്നയാളാണ്. ഭൂതകാലത്തെ സ്മരിച്ചുകൊണ്ട് പറയുകയാണെങ്കിൽ ഈ സമൂഹം പലസ്തീനിലെ ജൂത ക്രിസ്ത്യാനികളായിരുന്നു. എബിയോണൈറ്റുകൾ ഈ ശാഖയിൽ നിന്നാണ് രൂപം കൊണ്ടത്.(2)

യാക്കോബിനെ പിൻപറ്റിയ ഈ സമൂഹം 'ദരിദ്രർ' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. (ഗലാത്തിയർ. 2:10, യാക്കോബ്. 2:3-5) 'ദരിദ്രർ' എന്ന വിശേഷണം യേശുവിന്റെ ഗിരിപ്രഭാഷണത്തിലും ചാവുകടൽ ചുരുളുകളിലും കാണാം. ചാവുകടൽ ചുരുൾ എഴുതിയവർക്ക് സമന്മാരാണ് എബിയോണൈറ്റുകൾ എന്ന് പല രീതിയിലും ഈസ്മാൻ കരുതുന്നു. ന്യായപ്രമാണത്തിന്റെ വിശ്വാസം ത്യജിച്ചവനാണ് പോൾ എന്ന് കരുതിയിരുന്ന എബിയോണൈറ്റുകൾ സാത്വികനായ ജെയിംസിനെ ആദരിക്കുകയും യേശു അവരുടെ മനുഷ്യനായ മസീഹാണെന്ന് വിശ്വസിക്കുകയും ചെയ്തു. അവർ നിയമവും ശാബ്ബത്തും കർശനമായി അത്യുൽസാഹത്തോടെ പാലിച്ചു പോന്നു. യാക്കോബിനെ അവർ ഏറ്റവും ഉന്നതനായി ഗണിക്കുകയും പോളിനെ ശത്രുവായി (മത്തായി 13:25-40) കരുതുകയും ചെയ്തു. (3)

ബെയ്ഗന്റ്, ലേഹ്, ലിൻകോളിൻ എന്നിവർ ചേർന്നെഴുതിയ 'മെസിയാനിക് ലീഗസി' (The Messianic Legacy) എന്ന പുസ്തകത്തിൽ എബിയോണൈറ്റുകൾ, ഗ്നോസ്റ്റിക്കുകൾ (Gnostics), മാനിക്കേയന്മാർ (Manicheans), സാബിയന്മാർ (Sabians), മാൻഡിയൻ മതക്കാർ (Mandeans), നെസ്റ്റോറിയൻസ് (Nestorians), എൽക്കാസൈറ്റസ് (Elkasites) എന്നിവരുടെ അദ്ധ്യാപനങ്ങളുടെ യഥാർത്ഥ സ്രോതസ്സ് നസ്റീൻ തത്ത്വശാസ്ത്ര (Nazarene Philosophy) മാണെന്ന് വിവരിക്കപ്പെട്ടിട്ടുണ്ട്. അവർ നസ്റീൻ തത്ത്വശാസ്ത്രത്തെപ്പറ്റി പരാമർശിക്കുന്നത് ഇപ്രകാരമാണ്:

'യേശുവിനെക്കുറിച്ചും അദ്ദേഹത്തിന്റെ അദ്ധ്യാപനങ്ങളെക്കുറിച്ചും പഠിക്കുമ്പോൾ അവയുടെ അന്തിമ സ്രോതസ്സ് നസ്റീനുകളിൽ നിന്നാണെന്ന് കാണാം. അതായത് യേശുവിനാൽ വെളിവാക്കപ്പെട്ടതും യാക്കോ

(1) Eusebius: The History of the Church' Page: 90-91 (Penguin 1989).
(2) Dead sea scrolls uncovered', R - Eisehman and M. Wise, P. 186 [Element Books, 1992] (3) Ibid - 233-34

ബ്, യൂദാ അഥവാ യൂദാ തോമസ് എന്നിവരും അവരെ തുടർന്നുള്ളവരും പ്രബോധിച്ചതുമാണ് അവ. അവരുടെ വിശ്വാസങ്ങൾ ഇവയാണ്:

1. മോസസിന്റെ നിയമത്തോടുള്ള കർശനമായ വിധേയത്വം.
2. യേശു മസീഹാണെന്ന വിശ്വാസം.
3. യേശുവിന്റെ സാധാരണ ജനനത്തിലുള്ള വിശ്വാസം
4. പോളിന്റെ വീക്ഷണങ്ങളോടുള്ള എതിർപ്പ്.

ഇസ്താംബൂളിലെ ഒരു ലൈബ്രറിയിൽ സൂക്ഷിക്കപ്പെട്ട ഒരു അറബി ലിഖിത ശേഖരമുണ്ട്. ഇറാഖ് അതിർത്തിയോടു ചേർന്ന തെക്ക് പടിഞ്ഞാറൻ ഇറാനിലെ ഖൂസിസ്ഥാൻ (Khuzistan) എന്ന സ്ഥലത്ത് നിന്നുള്ള ഒരു സന്യാസി മഠത്തിൽ നിന്ന് ലഭിച്ചതാണ് ഈ കൃതി. അഞ്ച് ആറ് നൂറ്റാണ്ടുകളിൽ സുറിയാനി ഭാഷയിൽ എഴുതപ്പെട്ടതും 'അൽ നസാറ' എന്ന് വിവരിക്കപ്പെട്ടതുമായ ഒരു ഗ്രന്ഥത്തിൽ നിന്നുള്ള ഉദ്ധരണികൾ ഈ കൃതിയിലുണ്ട്. ഏ.ഡി. 66-ൽ ജെറുസെലം നശിപ്പിക്കപ്പെട്ടപ്പോൾ അവിടെ നിന്നും രക്ഷപ്പെട്ട നസ്റീൻ സംഘത്തിന്റെ വീക്ഷണങ്ങളാണ് ഇതിൽ പ്രതിഫലിക്കുന്നത്. യേശു ഒരു മനുഷ്യനാണെന്നാണ് അതിൽ പരാമർശിക്കുന്നത്. മോസസിന്റെ നിയമങ്ങൾ പിന്തുടരാനും അതിൽ ഊന്നൽ നൽകുന്നുണ്ട്. പോളിന്റെ അനുയായികൾ യേശുവിന്റെ മതം ഉപേക്ഷിക്കുകയും റോമാക്കാരുടെ മതസിദ്ധാന്തങ്ങൾ സ്വീകരിക്കുകയുമാണ് ചെയ്തത്.' (1)

ക്രിസ്തുമതം രൂപപ്പെടുത്തുന്നതിൽ പങ്കെടുത്ത എല്ലാവിധ സിദ്ധാന്തങ്ങളിലും വെച്ച് നസ്റീൻ തത്വങ്ങളിൽ വിശ്വസിച്ചവരുടെ സിദ്ധാന്തങ്ങൾക്ക് മുൻഗണന നൽകുന്നതാണ് നീതിപൂർവ്വകമായിട്ടുള്ളത്. ഈ ആദിമ ക്രിസ്ത്യാനികൾ ക്രിസ്തീയ തത്ത്വങ്ങളുടെ അർത്ഥം യേശുവിൽ നിന്നുതന്നെ നേരിട്ടുപഠിച്ചതാണ്.

## സെന്റ് പോളിന്റെ പങ്ക്

സെന്റ് പോളും അദ്ദേഹത്തിന്റെ ചിന്താസരണിയും വ്യക്തമായും യേശുവിന്റെ ജീവിത കാലത്ത് അവിടെയില്ലായിരുന്നു. വാസ്തവത്തിൽ സെന്റ് പോളിന്റെ കാലം മുതൽക്കാണ് ക്രിസ്തുമതം റോമൻ സാമ്രാജ്യത്തിന്നു കീഴിലുള്ള മറ്റു ദേശങ്ങളിലും, പ്രാകൃത ഗോത്ര മതവിശ്വാസികൾക്കിടയിലും (പേഗൻസ്) പ്രചരിച്ചത്. അക്കാലത്ത് അതാത് ദേശങ്ങളിൽ നിലനിന്നിരുന്ന സംസ്കാരത്താലും, ഇതിഹാസങ്ങളാലും ക്രിസ്തുമതം ശക്തമായി സ്വാധീനിക്കപ്പെടുകയും അതിലേക്ക് ചായുകയും ചെയ്തു. അങ്ങനെ ക്രിസ്തുമതത്തിന്റെ ജന്മജാത പവിത്രതയിൽ നിന്നും അത് ബഹുദൂരം അകന്നുപോയി. സെൻറ് പോൾ തന്റെ സ്വന്തം

(1). The Messianic Legacy - M. Baigent, R. Leigh H. Lincoln. P. 135-138 (Corgi Books).

വകയായുള്ള മിസ്റ്റിസിസം കൂട്ടിക്കലർത്തിക്കൊണ്ട് ക്രിസ്തുമതത്തിന്റെ ഈ ശിഥിലീകരണത്തിന് ആക്കം കൂട്ടുകയുണ്ടായി. സെന്റ് പോൾ യഹൂദനായിരുന്നില്ല. താൻ കണ്ട ഒരു ദർശനമൊഴിച്ച് യേശുവുമായി നേരിട്ട് യാതൊരു ബന്ധവും അദ്ദേഹത്തിന്നില്ലായിരുന്നു. വൈദേശിക സംസ്കാരത്തിന്റെ ശക്തമായ സ്വാധീനത്തിന് പോൾ മുമ്പുതന്നെ വിധേയനായിക്കഴിഞ്ഞിരുന്നു. അതിനുശേഷമാണ് അദ്ദേഹം ആ ദർശനം കാണുന്നത്.

സെന്റ് പോളിന് രണ്ട് വഴികളാണുണ്ടായിരുന്നത്. ഒന്ന് അതിപുരാതന കാലം മുതൽക്ക് തന്നെ റോമൻ സാമ്രാജ്യത്തിൽ നിലനിന്നുപോന്നിരുന്ന അന്ധവിശ്വാസങ്ങൾ, മിത്തുകൾ, ഇതിഹാസങ്ങൾ എന്നിവക്കെതിരെ കഠിനമായി സമരം ചെയ്യുക. അല്ലെങ്കിൽ അവരുടെ ആവശ്യങ്ങൾക്കും ഇച്ഛകൾക്കും അനുസരിച്ച് ക്രിസ്തുമതത്തെ രൂപാന്തരപ്പെടുത്തിയെടുക്കുക. ഇതായിരുന്നു ആ രണ്ടു വഴികൾ. ക്രിസ്തുമതം റോമാക്കാരുടെ ഇതിഹാസങ്ങളിൽ നിന്നും മിത്തുകളിൽ നിന്നും വിഭിന്നമല്ല എന്ന സന്ദേശമാണ് റോമക്കാർക്ക് പോൾ നൽകിയത്. വളരെ ലാഭകരമായതും സൗകര്യപ്രദവുമായ രണ്ടാമത്തെ വഴിയാണ് അദ്ദേഹം സ്വീകരിച്ചത്. വിജാതീയരുടെ ലോകത്ത് വ്യാപകമായി നിലനിന്നിരുന്ന തത്ത്വങ്ങൾക്കും അഭിലാഷങ്ങൾക്കും അനുസരിച്ച് ക്രിസ്തുമതത്തെ അദ്ദേഹം മാറ്റിമറിച്ചു.

ഈ തന്ത്രം നന്നായി ഫലിച്ചു. പുതിയ മതത്തിലേക്ക് ധാരാളം പേർ പരിവർത്തനം ചെയ്തു വന്നു. മറ്റൊരു വിധത്തിലായിരുന്നുവെങ്കിൽ ഇത്രയെളുപ്പത്തിൽ ആളെ കിട്ടില്ലായിരുന്നു. പക്ഷെ എന്ത് ബലികഴിച്ചിട്ടാണ് ആ നേട്ടമുണ്ടാക്കിയത്? നിർഭാഗ്യകരമെന്ന് പറയട്ടെ, ഉദാത്തമായ ക്രൈസ്തവ മൂല്യങ്ങളും ബഹുദൈവവിശ്വാസികളായ പ്രാകൃതഗോത്ര മതങ്ങളിലെ മിത്തുകളുമായുള്ള അവിശുദ്ധമായ മത്സരത്തിലായിരുന്നു അത് കലാശിച്ചത്. സെന്റ് പോൾ ബഹുദൈവവിശ്വാസികളായ പ്രാകൃത മതത്തിലെ ദൈവങ്ങളുടെ പേരുകൾ മാറ്റി അതിനുപകരം യേശുവിനെയും പിതാവായ ദൈവത്തെയും, പരിശുദ്ധാത്മാവിനെയും പ്രതിഷ്ഠിച്ചു. വാസ്തവത്തിൽ ത്രിത്വത്തിലെ മിത്ത് സെന്റ് പോൾ കണ്ടുപിടിച്ച് അത് ക്രിസ്തുമതത്തിന്റെ പേരിൽ പ്രാകൃതമതവിശ്വാസലോകത്ത് അവതരിപ്പിച്ചതായിരുന്നില്ല. മറിച്ച് ത്രിത്വമെന്ന മിത്ത് ബഹുദൈവവിശ്വാസികളുടെ പ്രാകൃതമതത്തിൽ നിന്ന് കടമെടുത്ത് ക്രിസ്തുമതവുമായി സംയോജിപ്പിക്കുകയാണ് അദ്ദേഹം ചെയ്തത്. അന്നുമുതൽ ക്രിസ്തുമതം ആ പഴയ പ്രാകൃത ബഹുദൈവ വിശ്വാസം തന്നെയായി മാറിക്കഴിഞ്ഞു. പക്ഷേ പുതിയ പേരും പുതിയ മുഖഭാവവും സ്വീകരിച്ചെന്നു മാത്രം.

അതുകൊണ്ട് പ്രാകൃത മതലോകത്തെ സിദ്ധാന്തങ്ങളും മിത്തുകളും അന്ധവിശ്വാസങ്ങളും മാറ്റിയെടുക്കാൻ പോളിയൻ ക്രിസ്തുമതത്തിന് സാധിച്ചില്ല. മറിച്ച്, ആ മതവിശ്വാസത്തിനനുസരിച്ച് ക്രിസ്തുമതം മാറു

കയാണുണ്ടായത്. മല അദ്ദേഹത്തിന്നരികിലേക്ക് വന്നില്ല. മലയിലേക്ക് അദ്ദേഹം കയറിപ്പോകാൻ തീരുമാനിക്കുകയാണ് ചെയ്തത്.

## യേശുവിന്റെ യാഥാർത്ഥ്യം

പോളിയൻ ക്രിസ്തുമതമോ അതല്ല യേശുവിന്റെ ശിഷ്യനും ആദിമ ക്രിസ്ത്യാനികളുടെ നേതാവായിരുന്ന സാത്വികനായ യാക്കോബിന്റെ ക്രിസ്തുമതമോ ഏതാണ് തെരഞ്ഞെടുക്കേണ്ടത് എന്നത് തീർച്ചയായും ഒരാളുടെ വ്യക്തിപരമായ സ്വാതന്ത്ര്യത്തിൽപ്പെട്ടതാണ്. എന്നാൽ ക്രിസ്തു മതത്തിന്റെ മുഖ്യധാര ഏകദൈവ വിശ്വാസത്തിൽ വളരെയേറെ വികസിച്ചു മുന്നോട്ടുപോയിട്ടുണ്ട് എന്ന വസ്തുത നമുക്ക് ഇവിടെ സ്ഥാപി ക്കേണ്ടതുണ്ട്. പിൽക്കാലത്ത് ക്രിസ്തുമതത്തിൽ കൂട്ടിചേർക്കപ്പെട്ട യേശു വിന്റെ ദൈവപുത്രസങ്കല്പം, ത്രിത്വം, പാരമ്പര്യ പാപസിദ്ധാന്തം, പാപ വിമോചനം, യേശുവിന്റെ ശാരീരികമായ ഉയിർത്തെഴുന്നേൽപ് മുതലായ അർത്ഥശൂന്യമായ കഥകളിൽ നിന്നും സങ്കീർണ്ണമായ ക്രിസ്തുമത സിദ്ധാ ന്തങ്ങളിൽ നിന്നുമെല്ലാം അവർ വിദൂരസ്ഥരായി ഒഴിഞ്ഞുമാറി. ക്രിസ്തു സഭയുടെ ആദ്യകാല നേതാക്കന്മാരിലൊരാളായ സാത്വികനായ യാക്കോ ബിന്റെ വീക്ഷണങ്ങൾ അക്കൂട്ടത്തിൽ ഏറ്റവും പ്രമുഖമാണ്. അത് ലളി തവും, സത്യസന്ധവും, ആഭ്യന്തരവൈരുദ്ധ്യങ്ങളില്ലാത്തതും മിഥ്യയുടെ പുകമറക്കുള്ളിലെ വിരുദ്ധോക്തികളിൽ നിന്ന് മുക്തവുമായിരുന്നു. ക്രിസ്തുമതത്തിലെ ഏകദൈവവാദത്തിന്റെ (Unitarianism) ചരിത്രം പഠി ക്കുമ്പോൾ ത്രിത്വത്തിന്റെ മുദ്രാവാക്യത്തിൽ സങ്കീർണ്ണമാവാത്ത യേശു വിന്റെ സംശുദ്ധമായ യഥാർത്ഥ സഭയുടെ ഏറ്റവും ആധികാരികമായ സിദ്ധാന്തം ഏകദൈവതത്വമാണെന്ന് യാതൊരു സംശയത്തിനുമിടയി ല്ലാത്ത വിധം സ്ഥാപിക്കപ്പെടുന്നതാണ്.

ഈ ലഘു പ്രബന്ധം ക്രിസ്തു പ്രബോധിക്കാത്ത മറ്റേതെങ്കിലും വിശ്വാസത്തിലേക്ക് ക്രിസ്ത്യാനികളെ പരിവർത്തിപ്പിക്കാനുള്ള ശ്രമമല്ല. എന്ന് ദയവ് ചെയ്ത് ഓർക്കുക. ക്രിസ്തു തന്നെ പ്രബോധിച്ച പരിപാ വനവും സ്വച്ഛവുമായ വിശ്വാസത്തിലേക്കും കർമ്മത്തിലേക്കും മടങ്ങിവ രാൻ ക്രിസ്ത്യാനികളോടുള്ള സത്യസന്ധവും എളിയതുമായ ഒരു നിവേ ദനം മാത്രമാണിത്. കെട്ടുകഥകളിൽ നിന്നും ക്രിസ്തുമതത്തിന്റെ യാഥാർത്ഥ്യങ്ങളിലേക്ക് തിരിച്ചുവരാനുള്ള ആത്മാർത്ഥമായ ഒരു ശ്രമം മാത്രം. യാഥാർത്ഥ്യങ്ങളാവട്ടെ കെട്ടുകഥകളേക്കാൾ അതീവ മനോഹ രവും സത്യസന്ധവുമാണ്. അത് ഹൃദയത്തേയും മസ്തിഷ്കത്തേയും ഒരുപോലെ തൃപ്തിപ്പെടുത്തുന്നു.

യുക്തിബോധത്തേയും ശാസ്ത്രീയ പുരോഗതിയിൽ നിന്നും ഉത്ഭു തമാകുന്ന പ്രബുദ്ധതയേയും വെല്ലുവിളിച്ചുകൊണ്ട് കഴിഞ്ഞ രണ്ടായിരം വർഷമായി ക്രിസ്തുമതത്തെ നിലനിൽക്കാൻ സഹായിച്ചത് യേശുവിന്റെ

യാഥാർത്ഥ്യത്തിനു ചുറ്റും നെയ്തെടുത്ത ഇതിഹാസങ്ങളോ ത്രിത്വത്തിന്റെ മിഥ്യാ സങ്കല്പങ്ങളോ ആയിരുന്നില്ല; .യേശുവിന്റെ ആളത്വത്തിന്റെ സൗന്ദര്യവും അദ്ധ്യാപനങ്ങളുടെ ചാരുതയുമാണ് ക്രിസ്തുമതത്തിന്റെ സത്യത്തേയും സാരത്തേയും നിലനിർത്തിയത്. ആളുകളെ ക്രിസ്തുമതത്തിൽ ചേർത്തു നിർത്തിയത് യേശുവിന്റെ ദൈവിക വ്യക്തിത്വമായിരുന്നില്ല. മറിച്ച്, ഹൃദയഹാരിയായ അദ്ദേഹത്തിന്റെ ദിവ്യമായ സ്വഭാവ ശീലങ്ങളാണ്. തന്റെ വിശ്വാസാദർശങ്ങൾ മാറ്റാൻ വേണ്ടി അതി ഭയാനകമായ സകല പീഡനങ്ങൾ നടത്തപ്പെട്ടിട്ടും അതിനെയെല്ലാം തൃണവൽഗണിച്ച് ഉദാത്ത മൂല്യങ്ങൾക്ക് വേണ്ടിയുള്ള യേശുവിന്റെ ഉജ്ജ്വലമായ ത്യാഗവും സഹനവും സ്ഥൈര്യവുമായിരുന്നു യഥാർത്ഥത്തിൽ ക്രിസ്തുമതത്തിന്റെ നട്ടെല്ലായി വർത്തിച്ചത്. ഇന്നും അത് വശ്യമനോഹരവും സ്നേഹാർദ്രവുമാണ്. എക്കാലത്തും അത് അങ്ങനെയായിരുന്നു. അത് ക്രിസ്ത്യാനികളുടെ മനസ്സിനേയും ഹൃദയത്തേയും വമ്പിച്ച തോതിൽ സ്വാധീനിച്ചു. ആയതിനാൽ അവർ വഴിപിരിഞ്ഞു പോവാതെ ക്രിസ്തു മതത്തിന്റെ യുക്തിഭംഗങ്ങൾക്ക് നേരെ കണ്ണടച്ചുകൊണ്ട് ക്രിസ്തുമതവുമായി കൂടിച്ചേർന്നു നിന്നു.

കേവലം ദുർബലനായ ഒരു മനുഷ്യൻ മാത്രമായിരുന്നു യേശു. അതിൽകവിഞ്ഞ് അദ്ദേഹം ഒന്നുമല്ലായിരുന്നു. തന്നെ പരാജയപ്പെടുത്താൻ ഗൂഢാലോചന നടത്തിയ ഇരുട്ടിന്റെ ശക്തികളെ യേശു അതിജയിക്കുകയും പരാജയപ്പെടുത്തുകയും ചെയ്തു എന്നതിലാണ് യേശുവിന്റെ മഹത്വം കുടികൊള്ളുന്നത്. യേശുവിന്റെ വിജയം ആദം സന്തതികൾക്കാകമാനം അഭിമാനപൂർവ്വം പങ്കിടാവുന്ന ഒന്നാണ്. അതിഘോരമായ അഗ്നി പരീക്ഷകൾക്കും തീവ്ര വേദനകൾക്കും മുമ്പിൽ അചഞ്ചലനായി സഹനപൂർവ്വം നിന്നുകൊണ്ട് മനുഷ്യത്വം പഠിപ്പിച്ച യേശു ആദമിന്റെ മഹാന്മാരായ സന്താനങ്ങളിലൊരാളാണെന്ന വസ്തുത മുസ്ലിം വീക്ഷണ കോണിലൂടെ നാം കണ്ടുകഴിഞ്ഞു. അങ്ങേയറ്റം തീഷ്ണമായ പരീക്ഷകളുടെ ദ്രംഷ്ടങ്ങൾക്കിടയിലും അദ്ദേഹം കീഴടങ്ങാതെ സ്ഥൈര്യപൂർവ്വം നിലകൊണ്ടു. അതായിരുന്നു യേശുവിന്റെ പാവനമായ നേട്ടം. യേശു സഹിച്ച യാതനയും വേദനയുമാണ് മനുഷ്യത്വത്തെ വീണ്ടെടുക്കാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയത്. അതുപോലെ മരണത്തിൽ നിന്നും രക്ഷപ്പെടാൻ അദ്ദേഹത്തിന് കഴിഞ്ഞതും അതുകൊണ്ടാണ്. അദ്ദേഹം സ്വേച്ഛയാൽ മരണം തിരഞ്ഞെടുത്തിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ യാതനാപൂർണമായ അവസ്ഥയിൽ നിന്നുള്ള ഒളിച്ചോട്ടത്തിനു സമമായി അത് തീരുമായിരുന്നു. എങ്ങനെയാണ് ഒരാൾക്ക് അതിനെ ഒരു ധീരകൃത്യമായി കണക്കാക്കാൻ സാധിക്കുക? സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ പോലും ഒരാൾ ആത്മഹത്യ ചെയ്യുകയാണെങ്കിൽ അതൊരു ഭീരുവിന്റെ കൃത്യമായി മാത്രമേ കണക്കാക്കാനാവൂ. പരീക്ഷകൾക്ക് മുമ്പിൽ മരണ

ത്തിലൂടെ രക്ഷപ്പെടുക എന്നതിനേക്കാൾ യാതനകൾ അഭിമുഖീകരിച്ചു കൊണ്ട് ജീവിക്കലാണ് ഏറ്റവും ഉത്തമമായിട്ടുള്ളത്. മനുഷ്യവംശത്തിന് വേണ്ടി മരണം സ്വയം സ്വീകരിച്ചുകൊണ്ടുള്ള യേശുവിന്റെ പരമോന്നത ത്യാഗം എന്നത് വെറും പൊള്ളയായ വൈകാരികത മാത്രമാണ്. അന്ത സ്സാര ശൂന്യമാണ് ആ സങ്കല്പം.

യേശുവിന്റെ മഹത്വം അദ്ദേഹത്തിന്റെ ജീവിതകാലത്തുള്ള പരമമായ ത്യാഗത്തിലാണ് നിലകൊള്ളുന്നത് എന്ന കാര്യം നാം വീണ്ടും ഊന്നി പറയുന്നു. സുഖത്തിനും എളുപ്പത്തിനും പകരമായി ജീവിതത്തിലുടനീളം കടുത്ത യാതനകൾ ഏറ്റുവാങ്ങി അദ്ദേഹം പ്രലോഭനങ്ങളെ അതിജീവി ച്ചു. ദിനേന അദ്ദേഹം മരണവുമായി ഏറ്റുമുട്ടി. പക്ഷേ, അദ്ദേഹം മരണ ത്തിനു മുമ്പിൽ നിന്നു കൊടുത്തില്ല. പാപികളെ പരിശുദ്ധ ജീവിതത്തി ലേക്ക് ആനയിക്കാൻ വേണ്ടി അദ്ദേഹം ജീവിച്ചു. മരണത്തിനു മുമ്പിൽ സ്വയം അടിയറവ് പറഞ്ഞു കൊണ്ടല്ല അദ്ദേഹം മരണത്തെ കീഴടക്കിയ ത്. മറിച്ച് മരണത്തിന് മുമ്പിൽ തലകുനിക്കാൻ വിസമ്മതിച്ചുകൊണ്ടാണ് അദ്ദേഹം മരണത്തെ കീഴടക്കിയത്. ഒരു സാധാരണ മനുഷ്യൻ തകർന്നു പോകുമായിരുന്ന മരണത്തിന്റെ കരാളവക്ത്രത്തിൽ നിന്നും അദ്ദേഹം ജീവിതത്തിലേക്ക് വന്നു. മരണത്തെ അദ്ദേഹം വ്യക്തമായും തോൽപ്പിച്ചു. അങ്ങനെ യേശു തന്റെ സത്യം സ്ഥാപിച്ചു. സന്ദേഹത്തിന്റെ ഒരു നിഴൽ പോലുമില്ലാത്ത വിധത്തിൽ അദ്ദേഹത്തിന്റെ വചനങ്ങളെല്ലാം സത്യമാ ണെന്ന് തെളിയിച്ചു. ഇങ്ങനെയാണ് നാം യേശുവിനെ കാണുന്നത്. അതു കൊണ്ടാണ് നാം യേശുവിനെ സ്നേഹിക്കുന്നത്. അദ്ദേഹത്തിന്റെ വചനം ദൈവത്തിന്റെ വചനമായിരുന്നു. ആ വചനങ്ങൾ അദ്ദേഹത്തിന്റെ ദേഹേ ഛയുടെ വചനങ്ങളായിരുന്നില്ല. ദൈവം അദ്ദേഹത്തോട് പറയാൻ കല്പി ച്ചതെന്തോ അത് മാത്രമാണ് അദ്ദേഹം പറഞ്ഞത്. അതിൽ കൂടിയോ കുറച്ചോ അദ്ദേഹം പറഞ്ഞില്ല. ജീവിതത്തിലുടനീളം അദ്ദേഹം ദൈവത്തെ ആരാധിച്ചു. ദൈവത്തെ മാത്രം ആരാധിച്ചു. ഒരു മനുഷ്യനോടും തനിക്ക് മുമ്പിലോ തന്റെ മാതാവിന്റെയോ, പരിശുദ്ധാത്മാവിന്റെയോ മുമ്പിലോ ശിരസ്സ് കുനിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടിട്ടില്ല. ഇതാണ് യേശു വിനെപറ്റിയുള്ള യാഥാർത്ഥ്യം. ഈ യാഥാർത്ഥ്യത്തിലേക്ക് എല്ലാ വിഭാ ഗങ്ങളിലും എല്ലാ വിശ്വാസത്തിലും പെട്ട ക്രിസ്ത്യാനികളെ ഞങ്ങൾ ക്ഷണിക്കുന്നു.

## മതത്തിന്റെ തുടർച്ച

മതങ്ങളുടെ അനസ്യൂതമായ തുടർച്ചയിലും അതിന്റെ സാർവ്വത്രിക തയിലും ഞങ്ങൾ വിശ്വസിക്കുന്നു. അതുകൊണ്ടാണ് പ്രവാചകത്വം എന്നത് ലോകത്ത് എല്ലായിടത്തുമുള്ള ഒരു സാർജനീന പ്രതിഭാസമാ ണെന്ന കാര്യത്തിൽ ഇസ്ലാം ഊന്നൽ നൽകുന്നത്. പ്രവാചകന്മാർ അവരുടെ സാകല്യാവസ്ഥയിലാണ് സ്വീകരിക്കപ്പെടുന്നത് എന്നാണ് ഇതു

കൊണ്ട് അർത്ഥമാക്കപ്പെടുന്നത്. പ്രവാചക സമൂഹത്തിൽപ്പെട്ട ഒരാളെ നിഷേധിച്ചാൽ അവരെ മുഴുവനും നിഷേധിച്ചതിന് തുല്യമാണ്. പ്രവാചകന്മാരെല്ലാം ഒരേ സ്രോതസ്സിൽ നിന്നുള്ളവരാണെന്ന പരിപേക്ഷ്യത്തിലാണ് ഒരാൾ പ്രവാചകന്മാരെയെല്ലാം അനുസരിക്കുന്നത്. പ്രവാചകന്മാരുടെ അനസ്യൂതമായ തുടർച്ച എന്നതുകൊണ്ട് സാദൃശ്യമുള്ളതിന്റെ ആവർത്തനം എന്നാണ് ഉദ്ദേശിക്കുന്നത്, അല്ലാതെ ജീവിപരിണാമം പോലെയുള്ള തുടർച്ച എന്ന നിലക്കല്ല. നാം പ്രവാചകന്മാരുടെ സന്ദേശത്തിന്റെ പുരോഗമനാത്മകതയിൽ വിശ്വസിക്കുന്നു. അതായത് സമസ്ത മാനവീയ മേഖലയെയും സ്പർശിക്കുന്ന മനുഷ്യ പുരോഗതിയിലേക്ക് ചുവടുവെച്ചു കൊണ്ടുള്ളതാണ് ആ പുരോഗതി. ആദിമ കാലത്തെ വെളിപാടു മതങ്ങളെല്ലാം ഒരേതരം മൗലിക അദ്ധ്യാപനങ്ങളാണ് ഉൾക്കൊള്ളുന്നത്. ആ മതങ്ങൾ താരതമ്യേന കുറഞ്ഞ മേഖലയിൽ മാത്രമേ വിശദമായ അദ്ധ്യാപനങ്ങൾ നൽകിയിട്ടുള്ളൂ. അതായത് കുറഞ്ഞ തോതിൽ മാത്രമേ വിധി വിലക്കുകൾ നടപ്പാക്കിയിട്ടുള്ളൂ എന്ന് ഇതിനെക്കുറിച്ച് പറയാം. ഈ വിധി വിലക്കുകൾ ക്രമേണ വിശാലമായ മനുഷ്യപ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന മേഖലയിലേക്ക് കൂടുതൽ വ്യാപിക്കുകയുണ്ടായി. പൗരാണിക സംസ്കാരങ്ങളിലെ മതങ്ങൾ സ്വയം തന്നെ താരതമ്യേന ഒരു പ്രത്യേക ഗോത്രത്തിലോ വർഗ്ഗത്തിലോ പ്രദേശത്തിലോ ഉള്ള ആളുകളെ മാത്രം അഭിസംബോധന ചെയ്യുന്നതായി കാണുന്നു. ഈ സന്ദേശങ്ങൾ ആ കാലഘട്ടത്തിലെ ആവശ്യങ്ങളിൽ മാത്രം പരിമിതമായിരുന്നു. അവയെ ഗോത്രീയമോ വർഗ്ഗപരമോ, ദേശീയമോ ആയ മതങ്ങൾ എന്ന് വിശേഷിപ്പിക്കുന്നതാവും കൂടുതൽ ഉചിതം. ഇസ്രയേൽ സന്തതികളും യഹൂദാദ്ധ്യാപനങ്ങളും ഇതിനു പറ്റിയ ഏറ്റവും നല്ല ഉദാഹരണമാണ്.

മതങ്ങളുടെ വികസനത്തിന്റെ ചരിത്രപരമായ പ്രവണതകൾ രണ്ടു വിധത്തിൽ സംഗ്രഹിക്കാം.

1. മതാദ്ധ്യാപനങ്ങളുടെ പുരോഗമനാത്മകമായ വിസ്താരണവും അതായത് മനുഷ്യൻ ഇടപഴുകുന്ന കൂടുതൽ വിശാലമായ മേഖലകളിൽ മതപരമായ വിധി വിലക്കുകൾ നടപ്പാക്കൽ. അദ്ധ്യാപനങ്ങളുടെ താരതമ്യാത്മകമായ പരിപൂർണതയും.

2. ചെറിയ ജനവിഭാഗങ്ങളിൽ നിന്നും വലിയ ജനവിഭാഗങ്ങളിലേക്കുള്ള പുരോഗമനാത്മകമായ മാറ്റം.

മതങ്ങളുടെ അനസ്യൂതമായ തുടർച്ച എന്നത്കൊണ്ട് ഉദ്ദേശിക്കുന്നത് ആദമിന് വെളിപ്പെട്ട അതേ മതം തന്നെ ആവർത്തിച്ചുകൊണ്ട് തുടർച്ചയായി മനുഷ്യ സമൂഹത്തിന് നൽകി പുരോഗമനാത്മകമായ മാറ്റവും വൈപുല്യവും വരുത്തുക എന്നല്ല. ലോകത്തിലെ വിവിധ ഭാഗങ്ങളിൽ വിവിധ തരത്തിലുള്ള നാഗരികതകൾ വേര് പിടിക്കുകയും പുഷ്ക്കലമാ

വുകയും ചെയ്തിട്ടുണ്ട്. ഈ സാമൂഹ്യ വികസനത്തിനനുസൃതമായ വിധത്തിൽ ദിവ്യവെളിപാടുകളിലൂടെ ലോകത്തിലെ വിവിധ ഭാഗങ്ങളിൽ മതങ്ങൾ ഉടലെടുക്കുകയും ചെയ്തു. മതങ്ങളെല്ലാം തന്നെ ഒരേ പൊതു ദിശയിലേക്കായിരുന്നു വികാസം പ്രാപിച്ചത്.

## മതവികാസത്തിന്റെ അഗ്രിമസ്ഥാനം

ലോക മതങ്ങളുടെ പരിണാമത്തിൽ മുഖ്യധാരയായി വർത്തിച്ച പ്രധാന മതങ്ങളെല്ലാം പിറന്നു വീണതും പരിപോഷിപ്പിക്കപ്പെട്ടതും പരിഷ്ക്കരിക്കപ്പെട്ടതും മധ്യപൗരസ്ത്യ ദേശത്തിലാണെന്ന് നാം വിശ്വസിക്കുന്നു. ഇക്കാര്യം മതങ്ങളുടെ ചരിത്ര പഠനത്തിൽ വളരെ പ്രകടമാണ്. യഹൂദ മതത്തെ പിന്തുടർന്ന് ക്രിസ്തുമതവും അതിനെ തുടർന്ന് വന്ന ഇസ്‌ലാം മതവും മതാദ്ധ്യാപനങ്ങളുടെ പരിണാമ ദിശാ മാർഗ്ഗം വ്യക്തമായും സൂചിപ്പിക്കുന്നു. ഈ മതങ്ങളുടെ വികാസ പരിണാമ ചരിത്രങ്ങൾ എളുപ്പത്തിൽ ഗ്രഹിക്കാവുന്നതാണ്. ആ മതങ്ങളെല്ലാം അഗാധമായി പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നതായി കാണാം. ഇത് ഏറ്റവും സുപ്രധാനമായൊരു കാര്യമാണ്. മതാദ്ധ്യാപനങ്ങളുടെ ക്രമപ്രവൃദ്ധമായ ഈ ബൃഹദ് പദ്ധതിയിലൂടെ സംഭവിക്കേണ്ടിയിരുന്നതും സംഭവിച്ചതും ഒരു സാർവ്വത്രിക മതത്തിന്റെ രൂപീകരണമായിരുന്നു. അതാണ് ഇസ്‌ലാം മതം.

ഈ പശ്ചാത്തലത്തിൽ ജൂതന്മാർ മുൻവിധിയില്ലാതെ ഗൗരവപൂർവ്വം യേശുക്രിസ്തുവിന്റെ പ്രാധാന്യം മനസ്സിലാക്കാൻ ശ്രമിക്കേണ്ടതുണ്ട്. അദ്ദേഹത്തെ മനസ്സിലാക്കുന്നതിൽ ജൂതമതസ്ഥർ പരാജയപ്പെടുമ്പോൾ പരിണാമ ചരിത്രത്തിൽ കണ്ണിയറ്റു കുഴിച്ചു മൂടപ്പെടുന്ന ജീവികളെപ്പോലെ പരിപൂർത്തിയിലേക്ക് കുതിക്കുന്ന പരിണാമ ശൃംഖലയിൽ സജീവമായ ഒരു കണ്ണിയായി വർത്തിക്കാൻ ജൂതമതത്തിന് കഴിയാതെ വരുന്നു. അങ്ങനെ അതിന്റെ സങ്കുചിതമായ അസ്തിത്വ വൃത്തത്തിൽ മാത്രം നില നിൽക്കുന്ന ചരിത്രത്തിന്റെ അവശേഷിപ്പായി ആ മതം തുടരുന്നു.

വീണ്ടും ക്രിസ്ത്യാനികളുടെ കാര്യം ഇവിടെ പരാമർശിക്കുകയാണ്. അവരുടെ കാര്യവും യഹൂദികളുടേത് പോലെ തന്നെയാണ്. കാലഗണനാ ക്രമത്തിൽ ക്രിസ്ത്യാനികൾ യഹൂദികളേക്കാൾ ഒരു പടികൂടി ഇസ്‌ലാമുമായി അടുത്ത് നിൽക്കുന്നു. എന്നാൽ മറ്റൊരു പ്രധാന കാര്യം ശ്രദ്ധേയമാണ്. യേശുവിന്റെ മാർഗ്ഗത്തിൽ നിന്നും ജീർണ്ണതയിലേക്കുള്ള വഴിയൊരുക്കിയത് വാസ്തവത്തിൽ സെന്റ് പോളായിരുന്നു. ഇത് എല്ലാ പ്രകാരത്തിലും അവരെ യഹൂദികളെക്കാൾ ഇസ്‌ലാമുമായി അകലാൻ പ്രേരിപ്പിച്ചു. കഴിഞ്ഞ നാലായിരം വർഷമായി നില നിൽക്കുന്ന യഹൂദികൾ മത്തിന്റേയും ആത്മീയ ജീവിതത്തിന്റെയും നിർണ്ണായക തത്ത്വം ദൈവത്തിന്റെ ഏകത്വമാണെന്ന് ചുരുങ്ങിയപക്ഷം ഗ്രഹിച്ചിട്ടുണ്ട്. അടി

സ്ഥാന തത്ത്വങ്ങളിൽ ഇങ്ങനെ ഇസ്ലാമുമായി അടുത്തുനിന്നിട്ടും ബഹുഭൂരിപക്ഷം യഹൂദികളും ഇസ്ലാമിനെ നിരാകരിച്ചുകൊണ്ടു കഠിനചിത്തരായി നിൽക്കുന്നതിന് മറ്റു ചില കാരണങ്ങൾ കൂടിയുണ്ട്.

യേശുവിനെ മനസ്സിലാക്കാനാവശ്യമായ മനോനിലപാടും സമീപനവും യഹൂദികൾ വികസിപ്പിച്ചെടുക്കാത്തപക്ഷം ഇസ്ലാമുമായി ആദർശപരമായി എത്ര തന്നെ സാമ്യ മുണ്ടായിരുന്നാലും ക്രിസ്ത്യാനികളെക്കാൾ അകലെ തന്നെ അവർ നിലകൊള്ളുമെന്നാണ് എന്റെ പഠനങ്ങളിൽ നിന്നും എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. മുഹമ്മദ് നബി (സ) യുമായി അവരെ ബന്ധിപ്പിച്ച സുപ്രധാന കണ്ണിയായിരുന്നു യേശു ക്രിസ്തു. ആ കണ്ണിയെ അവർ നഷ്ടപ്പെടുത്തി. ഈ സത്യത്തിന്റെ നിഷേധം മനശാസ്ത്രപരമായി പുതിയൊരു സന്ദേശം ഉൾക്കൊള്ളാൻ കഴിയാത്ത വിധം അവരുടെ ഹൃദയത്തെ കഠിനതരമാക്കിത്തീർത്തു. ക്രിസ്തു വരികയും പോവുകയും ചെയ്തിട്ടും അവർ മിശിഹായെ പ്രതീക്ഷിച്ചുള്ള കാത്തിരിപ്പ് തുടരുകയാണ്. ഒരിക്കൽ അവർ അദ്ദേഹത്തെ തിരിച്ചറിയുന്നതിൽ പരാജയപ്പെട്ടു. യേശുവിന്റെ രണ്ടാം വരവിലും അവർ അദ്ദേഹത്തെ തിരിച്ചറിയുന്നതിന്റെ വിദൂര സാധ്യത പോലുമില്ല. അവരുടെ സ്വപ്നത്തിലുള്ള യേശുവിനുവേണ്ടി കാത്തിരിക്കാൻ കാലാകാലവും വിധിക്കപ്പെട്ടവരാണവർ.

ഉന്നത മതസംവിധാനമായ ഇസ്ലാമിലേക്കുള്ള വഴിയൊരുക്കുകയായിരുന്നു യേശു ചെയ്തത്. ഈ പ്രസ്താവം സങ്കുചിതാർത്ഥത്തിൽ എടുക്കരുത്. യഹൂദികൾ ആദ്യം ക്രിസ്തുമതം സ്വീകരിച്ച് പിന്നീട് ഇസ്ലാം മതം സ്വീകരിക്കുക എന്നല്ല ഞങ്ങൾ അഭിപ്രായപ്പെടുന്നത്. അത് മതത്തിന്റെ പ്രഖ്യാപിത വീക്ഷണത്തിൽ നിരർത്ഥകമാണ്. ഞങ്ങൾ വെളിപ്പെടുത്താൻ ആഗ്രഹിക്കുന്ന വസ്തുത ഇതാണ്. യേശു ഒരു സാധാരണ പ്രവാചകനായിരുന്നില്ല. ജനങ്ങളുടെ മാനസികവും ആത്മീയവുമായ പരിശീലനത്തിൽ വളരെ നിർണായകമായ പങ്ക് വഹിച്ച മഹാനായ ഒരു പ്രവാചകനായിരുന്നു അദ്ദേഹം. അദ്ദേഹത്തെ നിഷേധിക്കുന്നവർ അങ്ങനെ ചെയ്യുന്നത് മാനസികവുമായും ആദ്ധ്യാത്മികമായും അവർ രോഗാവസ്ഥയിലായതുകൊണ്ടാണ്. ഈ ആതുരാവസ്ഥ അവർ ചികിത്സിച്ചു ഭേദമാക്കുകയോ സത്യത്തിനു നേരെയുള്ള ഈ ഹീനമായ സമീപനം മാറ്റുകയോ ചെയ്യാത്ത പക്ഷം അവർ വിഛേദിച്ചു കഴിഞ്ഞ ബന്ധങ്ങൾക്ക് പുറത്ത് വരുന്ന ഒരു പ്രവാചകനെ പിൻപറ്റുക എന്നത് ഏറെക്കുറെ അസംഭവ്യമാണ്.

ക്രിസ്ത്യാനികളെ സംബന്ധിച്ചേടത്തോളം അവർക്ക് മുഹമ്മദ് നബിയുടെ സത്യത്തിലേക്ക് നയിക്കപ്പെടണമെന്നുണ്ടെങ്കിൽ യേശുവിന്റെ സത്യത്തിലേക്കും യാഥാർത്ഥ്യത്തിലേക്കും അവർ തിരിയേണ്ടതുണ്ട്. അദ്ദേഹം ദൈവത്തിലേക്കുള്ള വഴി മാത്രമല്ല, മറ്റെല്ലാ പ്രവാചകന്മാരെയും

പോലെ മുഹമ്മദ് നബിയിലേക്കുള്ള വഴി കൂടിയായിരുന്നു. യേശുവിന്റെ ഭാഗധേയവും അതായിരുന്നു. മുന്തിരിത്തോട്ടത്തിലെ ഉപമയിലെ മധ്യ വർത്തിയായിരുന്നു യേശു. ദൈവത്തിന്റെ ഏറ്റവും പരിപൂർണ്ണനായ പ്രതി നിധി അപ്പോൾ വന്നിട്ടുണ്ടായിരുന്നില്ല. ക്രിസ്ത്യാനികൾ തങ്ങളുടെ പരിശുദ്ധ യജമാനനായ യേശുവിനെ സംബന്ധിച്ച് വെച്ച് പുലർത്തുന്ന അയഥാർത്ഥവും മിഥ്യയുമായ സങ്കല്പങ്ങളേക്കാൾ എത്രയോ ഉന്നതവും പാവനുമാണ് യേശുവിന്റെ സത്യം. അവരുടെ മിഥ്യാസങ്കല്പങ്ങളിൽ നിന്നും മാറാത്ത പക്ഷം മുഹമ്മദ് നബി (സ) യുമായി യേശു മുഖേന ബന്ധിക്കപ്പെട്ട പാതയിലേക്ക് അവർ നയിക്കപ്പെടുകയില്ല. പ്രവാചക നായ മുഹമ്മദ് (സ) ഒരു യഥാർത്ഥ്യമായിരുന്നു. കെട്ടുകഥയായിരുന്നില്ല. യാഥാർത്ഥ്യങ്ങൾക്ക് മാത്രമേ യാഥാർത്ഥ്യത്തിലേക്ക് നയിക്കുവാൻ സാധി ക്കുകയുള്ളൂ. അതുകൊണ്ട് യേശുവിനെ ചൂഴ്ന്നു നിൽക്കുന്ന കെട്ടുകഥ യേക്കാൾ അദ്ദേഹത്തിന്റെ യാഥാർത്ഥ്യങ്ങളാണ് പ്രവാചകനായ മുഹ മ്മദ് (സ) നെ തിരിച്ചറിയാൻ ക്രിസ്ത്യാനികൾക്ക് അനുഗ്രഹമായി ത്തീരുക.

# അദ്ധ്യായം 8
# ക്രിസ്തുമതം ഇന്ന്

ക്രിസ്തീയ ലോകം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം ധാരണാ ശക്തിയുടെ കുറവും അതുപോലെ സത്യം അറിയാനുള്ള വൈമുഖ്യവും അത് സ്വീകരിക്കാനുള്ള സന്നദ്ധതയില്ലായ്മയുമാണ്. ഐതിഹ്യപരമാകട്ടെ, വസ്തുനിഷ്ഠാപരമാകട്ടെ ക്രിസ്തുമതം പാശ്ചാത്യ നാഗരികതയുടെ അവിഭാജ്യഘടകമാണ്. അവരുടെ കോളനിവത്ക്കരണത്തിലും സാമ്രാജ്യത്വ വിജയങ്ങളിലും വളരെ പ്രമുഖമായ പങ്കാണ് ക്രിസ്തുമതം വഹിച്ചത്. സാമ്പത്തികവും രാഷ്ട്രീയവുമായ പാശ്ചാത്യ വ്യവസ്ഥകളെ അത് താങ്ങി നിർത്തുകയും അവർക്ക് ഏകീകൃതവും ബലവത്തായതുമായ ഒരു ഏകശിലാഘടന നൽകുകയും ചെയ്യുന്നു. സങ്കീർണമായ സാമൂഹ്യ രാഷ്ട്രീയ സാമ്പത്തിക വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന പാശ്ചാത്യ സംസ്കാരത്തെ നിർമ്മിക്കാനും ഒന്നിച്ചു നിർത്താനും ക്രിസ്തുമതം ഏറ്റവും പ്രധാനമായ ഒരു പങ്കാണ് വഹിക്കുന്നത്. പാശ്ചാത്യ സംസ്കാരത്തെക്കുറിച്ചും പാശ്ചാത്യ സാമ്രാജ്യത്വത്തെക്കുറിച്ചും അവരുടെ സാമ്പത്തികമേധാവിത്തെക്കുറിച്ചും നാം മനസ്സിലാക്കുന്ന കാര്യങ്ങളിലെല്ലാം ചില ക്രിസ്തീയ ഘടകങ്ങൾ ചൂഴ്ന്നു നിൽക്കുന്നു. പണ്ട് കാലത്ത് ക്രിസ്തുമത വിശ്വാസം പടുത്തുയർത്തുന്നതിനും ധാർമ്മിക മൂല്യങ്ങൾ വളർത്തിയെടുക്കുന്നതിനും വേണ്ടിയാണ് കൂടുതലായി ശ്രമിച്ചിരുന്നതെങ്കിൽ ഇന്ന് പാശ്ചാത്യരുടെ ആത്മീയ കാര്യങ്ങളെക്കാൾ ഭൗതിക കാര്യങ്ങളോടാണ് അത് ആഭിമുഖ്യം പുലർത്തുന്നത്.

എന്തായിരുന്നാലും ചരിത്രപരമായി ക്രിസ്തു മതം നിർവ്വഹിച്ച പങ്കിലേറെയും പാശ്ചാത്യ സാമ്രാജ്യത്തെ കെട്ടിപ്പടുക്കലും ശക്തിപ്പെടുത്തലുമായിരുന്നു. ക്രിസ്തീയമായ തീഷ്ണ വികാരത്തോടെയാണ് പൗരസ്ത്യ നാടുകളിലെ അധിനിവേശങ്ങൾ അരങ്ങേറിയത്. മുസ്‌ലിം സാമ്രാജ്യങ്ങളുമായി പാശ്ചാത്യ നാടുകൾ നടത്തിയ യുദ്ധങ്ങളുടെയെല്ലാം പ്രേരക ശക്തി ക്രിസ്തുമതത്തിന്റെ മുസ്‌ലിം വിദ്വേഷമായിരുന്നു.

## ക്രിസ്തുമതവും കൊളോണിയലിസവും

കൊളോണിയൽ ഭരണം ഏകദേശം മുഴുവൻ ആഫ്രിക്കൻ വൻകരയേയും അടിമുതൽ മുടിവരെ രാഷ്ട്രീയ അടിമച്ചങ്ങലയിൽ ബന്ധനസ്ഥരാക്കി. താമസം വിനാ അവരുടെ കൈകാലുകളിൽ സാമ്പത്തിക അടിമത്വത്തിന്റെ വിലങ്ങു വീണു. ജനങ്ങളെ സാമ്പത്തികമായി കീഴ്പ്പെടുത്താതെയുള്ള സാമ്രാജ്യത്വ അധിനിവേശങ്ങൾ അർത്ഥ രഹിതമാണ്. തങ്ങളുടെ രാഷ്ട്രീയ സാമ്പത്തിക യജമാനന്മാരുടെ പിന്നാലെ തന്നെ

വിനയത്തിന്റെയും ആത്മ ത്യാഗത്തിന്റെയും തിരുവസ്ത്രങ്ങളിഞ്ഞ് ക്രിസ്തീയ പുരോഹിതന്മാരും ആഫ്രിക്കയിലെത്തി. രാഷ്ട്രീയവും സാമ്പത്തികവുമായി ജനങ്ങളെ കൊള്ളയടിക്കാൻ ആഫ്രിക്കയിലെത്തിയ തങ്ങളുടെ പാശ്ചാത്യരായ മുൻഗാമികളെ എതിർത്തു കൊണ്ടാണ് ക്രിസ്തീയ മതപുരോഹിതന്മാരുടെ സന്ദർശനം എന്ന് ബാഹ്യമായി കാണപ്പെട്ടു. അവർ പറഞ്ഞത് : 'ഞങ്ങൾ വന്നത് അടിമപ്പെടുത്താനല്ല. ആഫ്രിക്കയുടെ ആത്മാവിനെ മോചിപ്പിക്കാനാണ്' എന്നാണ്. ദ്വയാർത്ഥങ്ങളുള്ള അവരുടെ ഈ വിശുദ്ധ ഉദ്ദേശത്തെ ആഫ്രിക്കക്കാർ ചോദ്യം ചെയ്തില്ല എന്നത് അത്ഭുതകരമാണ്. മനുഷ്യകാരുണ്യത്തിന്റെ ഈ ക്രിസ്തുസഭാ നേതാക്കന്മാരോട് എന്തുകൊണ്ട് 'നിങ്ങൾ ഞങ്ങളുടെ ആത്മാക്കളോട് മാത്രം സഹതാപം കാണിക്കുന്നു'? എന്ന് വിനയപുരസ്സരം ആഫ്രിക്കക്കാർ ചോദിച്ചില്ല. ആത്മാവിനോടല്ലാതെ മറ്റൊന്നിനോടും എന്തുകൊണ്ട് നിങ്ങൾക്ക് സഹതാപം തോന്നിയില്ല എന്നും അവർ ചോദിച്ചില്ല. ആഫ്രിക്കക്കാരുടെ ശരീരം എത്ര ദാരുണമായ രീതിയിലാണ് അടിമച്ചങ്ങലയിൽ ബന്ധിതമായിരിക്കുന്നതെന്ന് ക്രിസ്തീയ നേതാക്കന്മാർക്ക് കാണാമായിരുന്നില്ലേ? എത്ര പൈശാചികമായിട്ടാണ് അവരുടെ രാഷ്ട്രീയ സ്വാതന്ത്ര്യം അവരിൽ നിന്നും കവർന്നെടുത്തത്? സാമ്പത്തിക അടിമത്വത്തിന്റെ വിലങ്ങിൽ അവരെ തളച്ചിട്ടിരിക്കുന്നത് എങ്ങനെയാണെന്ന് അവർ അറിയുന്നില്ലേ? എന്തുകൊണ്ട് അവരുടെ ശരീരങ്ങൾക്ക് വന്നു ഭവിച്ച ദയനീയമായ ദാസ്യത്വത്തിൽ ക്രിസ്തുസഭ സഹതപിക്കുന്നില്ല? അടിമകളാക്കപ്പെട്ട ജനതയുടെ ആത്മാവിനെ മാത്രം മോചിപ്പിക്കുന്നതിൽ മാത്രം അവർ താല്പര്യം പ്രകടിപ്പിക്കുന്നത് എന്തുകൊണ്ടാണ്?

ഇതിൽ അന്തർഭവിച്ചിട്ടുള്ള വൈരുദ്ധ്യങ്ങൾ വളരെ പ്രകടമാണ്. പക്ഷേ അത്ഭുതകരമെന്ന് പറയട്ടെ, ക്രിസ്ത്യാനികളുടെ ഗൂഢതന്ത്രങ്ങൾക്ക് കുറിമാനമായിട്ടുള്ളവർക്ക് ഈ വൈരുദ്ധ്യങ്ങൾ അത്രത്തോളം വ്യക്തമായി മനസ്സിലായിട്ടില്ല. ആഫ്രിക്കക്കാർ തീർച്ചയായും നിഷ്കളങ്കരാണ്. ഇരുനൂറ് വർഷങ്ങൾക്ക് മുമ്പത്തേത് പോലെ അവർ ഇന്നും നിഷ്കളങ്കർ തന്നെയാണ്. വിദൂരസ്ഥലത്തിരുന്ന് അദൃശ്യഹസ്തങ്ങളാൽ നിയന്ത്രിക്കപ്പെടുന്ന നവ കൊളോണിയൽ വ്യവസ്ഥയുടെ സാമ്പത്തികവും രാഷ്ട്രീയവുമായ അടിമത്തത്തിലെ ചൂഷണം ആഫ്രിക്കക്കാർക്ക് ഇന്നും തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല. ക്രിസ്തുമതം അവരെ കീഴ്പ്പെടുത്താനുള്ള ഒരു ഉപകരണം മാത്രമാണെന്ന യാഥാർത്ഥ്യം അവർ ഇപ്പോഴും ഗ്രഹിച്ചിട്ടുമില്ല. വിസ്മൃതിയുടെ നിതാന്തമായ മയക്കം സമ്മാനിക്കുന്ന മയക്ക് മരുന്നു പോലെയാണ് അവർക്ക് ക്രിസ്തുമതം. അവരുടെ ഭരണാധികാരികൾ കൈവശം വെച്ചിരിക്കുന്ന സമ്പത്തിൽ അവർക്കും തുല്യ പങ്കാളിത്തം ലഭിക്കുമെന്ന മിഥ്യാബോധം അവരിൽ ഉണ്ടാക്കിയിരിക്കുന്നു. ആ മിഥ്യാബോധം തന്നെയാണ് പാശ്ചാത്യ രീതിയിലുള്ള ആഢം

ബരപപൂർണ്ണമായ ജീവിതശൈലി അനുകരിക്കാൻ അവരെ പ്രേരിപ്പിക്കുന്നത്. വൃക്ഷം നടപ്പെട്ടത് വിദേശത്താണ്. പക്ഷേ അതിന്റെ ഫലങ്ങളുടെ രുചിക്ക് അടിമപ്പെട്ടു പോയവരുടെ നാട്ടിലേക്ക് അത് കയറ്റുമതി ചെയ്യപ്പെടുക മാത്രമാണ് ചെയ്യുന്നത്. മൂന്നാം ലോകത്തിന് മേൽ രാഷ്ട്രീയ സാമ്പത്തിക സാമ്രാജ്യത്വ ശക്തിയായി നിൽക്കുന്ന പാശ്ചാത്യ കോയ്മയുടെ ഒഴിച്ചു കൂടാനാവാത്ത ഭാഗമായി ക്രിസ്തുമതം എങ്ങനെ ആയിത്തീരുന്നു എന്ന് കാണിക്കാനാണ് ഈ ചെറുവിവരണം നൽകിയത്.

പാശ്ചാത്യ ദേശത്തെ ഒരു സാധാരണക്കാരൻ അയാൾ ക്രിസ്തുമത സിദ്ധാന്തങ്ങളുടെ സങ്കീർണതകൾ മനസ്സിലാക്കിയിട്ടുണ്ടോ ഇല്ലയോ എന്ന കാര്യം നമുക്കവഗണിക്കാം, അയാൾ ക്രിസ്തുമതം തന്റെ സംസ്കാരത്തിന്റേയും നാഗരികതയുടെയും അവിഭാജ്യ ഘടകമായിക്കാണുന്നു. ക്രിസ്തുമതം എവിടെയെല്ലാമുണ്ടോ അവിടെയെല്ലാം അതിന്റെ യഥാർത്ഥ ശക്തി ഒരു കൂട്ടം മിത്തുകളിലുള്ള വിശ്വാസങ്ങളല്ല എന്ന് നാം പ്രത്യേകം ഓർക്കണം. അതിനു പകരം ക്രിസ്തു മതത്തിന്റെ പര്യായങ്ങൾ എന്നു കരുതുന്ന കാരുണ്യം, അനുകമ്പ, അശരണരുടെ സേവനം എന്നീ മൂല്യങ്ങളിൽ ഊന്നുന്നതിലാണ് അതിന്റെ യഥാർത്ഥ ശക്തി എന്നു നാം മനസ്സിലാക്കണം. ഈ മൂല്യങ്ങളെല്ലാം ലോകത്തിലുള്ള എല്ലാ മതങ്ങളുടെയും പൊതുമൂല്യങ്ങളാണ്. മാനവീയത നേടിയെടുക്കേണ്ട ലക്ഷ്യങ്ങളായിക്കൊണ്ട് ദൈവം സംവിധാനം ചെയ്തതാണ് ഇതെന്ന് നമുക്ക് കാണാം. പക്ഷേ, ക്രിസ്തുമതത്തിന്റെ അതിശക്തമായ നിരന്തര പ്രചാരണ തന്ത്രങ്ങളിലൂടെ ഈ മൂല്യങ്ങളെല്ലാം ക്രിസ്തുമതവുമായി മാത്രം ബന്ധപ്പെട്ടതാണെന്ന് വലിയൊരു ജനവിഭാഗത്തെ വിശ്വസിപ്പിക്കാൻ അവർക്കു സാധിച്ചു. അനുകമ്പയുടെയും കാരുണ്യത്തിന്റെയും ദിവ്യത്വത്തിന്റേയും മാന്യമായ പെരുമാറ്റത്തിന്റെയും ഈ സന്ദേശത്തിന്റെ ശ്രുതിമധുരമായ സംഗീതം കാതുകളിൽ ഒരു മാന്ത്രിക വശീകരണമുണ്ടാക്കുന്നു. ഈ മായിക പരിവേഷമാണ് പൊതുവേ ക്രിസ്തുമത വിശ്വാസത്തിലേക്ക് ജനങ്ങളെ ആകർഷിക്കുന്നത്. എന്തായിരുന്നാലും പാശ്ചാത്യരുടെ രാഷ്ട്രീയവും സാമ്പത്തികവുമായ തീഷ്ണയാഥാർത്ഥ്യങ്ങളും മറ്റു രാജ്യങ്ങളെ അടിമപ്പെടുത്തലും പ്രസ്തുത മൂല്യങ്ങളിൽ നിന്നുമുള്ള അവരുടെ വ്യതിചലനമാണ്.

ക്രിസ്തു മതത്തിനോടൊപ്പം നിലകൊള്ളുന്ന ഈ സൈദ്ധാന്തിക വൈരുദ്ധ്യങ്ങൾ ഒരളവോളം അവരുടെ ലൗകിക വ്യവഹാരങ്ങളിലും കാണപ്പെടുന്നു. ദയ, വിനയം, സഹിഷ്ണുത, ത്യാഗം മുതലായ നിരവധി ഉദാത്തമായ വാക്കുകളോടൊപ്പം ക്രൂരത, അടിച്ചമർത്തൽ വ്യാപകമായ നീതിനിഷേധം, ലോക ജനതയിൽ നിസ്സഹായരായ വലിയൊരു വിഭാഗത്തെ അടിമപ്പെടുത്തൽ എന്നിവയും ഒപ്പത്തിനൊപ്പം നിൽക്കുന്നതായി കാണാം. നിയമ വാഴ്ച, നീതി, നീതിപാലനും മുതലായവ

പാശ്ചാത്യ ക്രിസ്തീയ രാജ്യങ്ങളിൽ മാത്രം പ്രചാരണമൂല്യമുള്ള നാണയങ്ങളാണ്. സാർവ്വദേശീയ ബന്ധങ്ങളിൽ അവ വിഡ്ഢിത്തവും എടുക്കാത്ത നാണയങ്ങളുമാണ്. ഗൗരവ പൂർവ്വം എടുക്കേണ്ട അത്തരം വിഷയങ്ങൾ പാശ്ചാത്യ ലോകത്തിന് പുറത്ത് നിസ്സാരങ്ങളായി അവർ കാണുന്നു. അന്തർദ്ദേശീയ നയതന്ത്രത്തിലും സാമ്പത്തിക ബന്ധങ്ങളിലും നീതി എന്താണെന്ന് അവർക്കറിയില്ല. ആ രംഗത്തെല്ലാം ദേശീയ താല്പര്യങ്ങളല്ലാതെ അവർക്ക് മറ്റൊന്നുമില്ല. പാശ്ചാത്യരുടെ രാഷ്ട്രീയ സാമ്പത്തിക ആധിപത്യത്തിനകത്തേക്ക് ക്രിസ്ത്യൻ മൂല്യങ്ങൾക്ക് ചുവടു വെക്കാൻ അനുവാദമില്ല. അവ എത്ര നല്ലതാണെങ്കിലും ശരി. ഇതാണ് ആധുനിക ലോകത്തെ ദാരുണമായ വൈരുദ്ധ്യം.

ക്രിസ്തുമതം പ്രലോഭനീയമായ അതിന്റെ പാശ്ചാത്യ സംസ്കാരത്തേയും നാഗരികതയേയും എടുത്തുകാട്ടിക്കൊണ്ട് പൊതുവെ സങ്കുചിതവും ജീർണ്ണവുമായ മത സമൂഹങ്ങളായി കഴിയുന്ന പൗരസ്ത്യരെ ക്ഷണിക്കാറുണ്ട്. സുഖപ്രദവും, സർവ്വ സ്വതന്ത്രവും സ്വച്ഛന്ദസുന്ദരവുമായ ജീവിതത്തിലേക്കാണ് അവരുടെ ക്ഷണം. വിമോചനത്തിനായുള്ള ആഹ്വാനത്തിൽ അർദ്ധ സാക്ഷരരായ വലിയൊരു വിഭാഗം മൂന്നാം ലോക ജനത തെറ്റിദ്ധരിച്ചുകൊണ്ട് ആകർഷിക്കപ്പെടുന്നു. കൂടാതെ ക്രിസ്തുമതം എന്ന പൊതു ഘടകത്തിലൂടെ തങ്ങൾ പരിഷ്കൃത ലോകത്തിൽ നിന്നുള്ളവരായിത്തീരുന്നു എന്ന മാനസിക സംതൃപ്തി അവരിൽ ഉണ്ടാക്കുന്നു. ഈ മൂന്നാം ലോകജനതയാകട്ടെ ജാതിശ്രേണികളുള്ള സമൂഹത്തിലെ ഏറ്റവും അടിച്ചമർത്തപ്പെട്ടവരും താഴെക്കിടയിലുള്ളവരുമാണ്. ഇങ്ങനെ പരിഷ്കൃത ലോകത്തിലെത്താൻ ക്രിസ്തു മതത്തിനുള്ള സുപ്രധാനമായ പങ്ക് ആ മതത്തിലേക്ക് വലിയൊരു ജനവിഭാഗത്തെ ആകർഷിക്കുന്നു. ഇതാണ് പലപ്പോഴും സംഭവിക്കുന്നത്. ക്രിസ്തു മതത്തിന്റെ സിദ്ധാന്തങ്ങൾ മനസ്സിലാക്കുക എന്നത് അവരുടെ പരിധിക്ക് പുറത്തുള്ള കാര്യമാണ്. അവരുടെ മനുഷ്യാവസ്ഥ ഉയർത്തുത്തുന്നതിൽ മാത്രമാണ് ക്രിസ്തുമതം അവരെ സഹായിക്കുന്നത്. എന്നാൽ ആ വിമോചനമാകട്ടെ വ്യാജവുമാണ്.

ഇപ്പോഴത്തെ ക്രിസ്തുമതം യേശുവിന്റെ അദ്ധ്യാപനങ്ങളിൽ നിന്നും ബഹുദൂരം അകലെയാണെന്ന് മേൽ വിവരണങ്ങളിൽ നിന്നും തെളിയുന്നു. പാശ്ചാത്യ സംസ്ക്കാരമാണ് ക്രിസ്തുമതമെന്ന് മനസ്സിലാക്കുന്നത് പ്രകടമായ തെറ്റാണ്. സമകാലീന ലോകത്തെ വിവിധ തലങ്ങളിലുള്ള ക്രിസ്തുമത രൂപങ്ങളെ ക്രിസ്തുവിൽ ആരോപിക്കുകയാണെങ്കിൽ തീർച്ചയായും അത് ക്രിസ്തുവിനെ അപമാനിക്കലായിരിക്കും. എല്ലാ നിയമത്തിനും ചില നീക്കുപോക്കുകളൊക്കെയുമുണ്ട്. ഒരു ആരോപണവും ഒരു വലിയ സമൂഹത്തിന് ഒന്നടങ്കം ബാധകമാക്കാൻ സാധ്യമല്ല. ക്രൈസ്തവമായ ആത്മാർത്ഥത, സ്നേഹം, ത്യാഗം മുതലായ മൂല്യങ്ങൾ സത്യ

സന്ധമായി നടപ്പിൽ വരുത്തുന്ന വ്യക്തികളും ചെറുസംഘങ്ങളും പ്രതീക്ഷയുടെയും സജീവതയുടെയും കൊച്ചു തുരുത്തുകളായി ക്രിസ്തീയ ലോകത്ത് കാണപ്പെടുന്നു എന്ന കാര്യത്തിൽ സംശയമില്ല. അധാർമ്മികതയുടെ പ്രക്ഷുബ്ധമായ പാരാവാരത്തിൽ ഈ കൊച്ചു ദ്വീപുകൾ അരിക് നശിച്ച് മുങ്ങിത്താഴുകയാണ്. അവ എത്ര തന്നെ ചെറുതും വിദൂരസ്ഥവുമാണെങ്കിലും യേശു ക്രിസ്തുവിന്റെ ചൈതന്യത്താൽ സേവന നിരതരായ അത്തരം ജ്വലിക്കുന്ന മാതൃകകൾ ഇല്ലായിരുന്നുവെങ്കിൽ അന്ധകാരം പാശ്ചാത്യചക്രവാളത്തെ ഗ്രസിക്കുമായിരുന്നു. ഇതല്ലാതെ ക്രിസ്തീയ ലോകത്തെ അലങ്കരിക്കാൻ മറ്റൊന്നുമുണ്ടാകുമായിരുന്നില്ല. കഷ്ടമെന്ന് പറയട്ടെ, അത്തരം വെളിച്ചങ്ങൾ ദ്രുതഗതിയിൽ മങ്ങിക്കൊണ്ടിരിക്കുകയുമാണ്.

ക്രിസ്തീയ ലോകത്തിന്റെ വിഭക്തമായ വ്യക്തിത്വത്തിനും, അവരിൽ അന്തർഹിതമായ കാപട്യത്തിനും സ്വയം ചികിത്സിച്ച് സുഖം പ്രാപിക്കാൻ യേശുവിന്റെ യാഥാർത്ഥ്യത്തിലേക്ക് ക്രിസ്തീയ ലോകം തിരിച്ചുപോകേണ്ടത് അത്യാവശ്യമാണ്. മിത്തുകളുടെയും ഇതിഹാസങ്ങളുടെയും ലോകത്ത് ജീവിതം തുടരുക എന്നത് വിനാശത്തിനുള്ള വഴിയാണ്. ഈ എളിയശ്രമങ്ങളുടെയെല്ലാം മുഖ്യ ഉദ്ദേശം ക്രിസ്തീയ ലോകത്ത് അവരുടെ വിശ്വാസവും പ്രവർത്തനവും തമ്മിലുള്ള വർദ്ധിച്ചുവരുന്ന വൈരുദ്ധ്യങ്ങളെപ്പറ്റി അവരെ ബോധവാന്മാരാക്കുക എന്നതാണ്. സമൂഹ ശ്രേണിയിലെ താഴെക്കിടയിലുള്ളവരുടെ അജ്ഞത ചൂഷണം ചെയ്ത് മയക്കിക്കിടത്തി അവരെ കീഴ്പ്പെടുത്തി നിയന്ത്രിക്കുക എന്ന ഉദ്ദേശ്യത്തെ സഹായിക്കാൻ മിത്തുകൾ വളരെ നല്ലതാണ്. എന്നാൽ മൃതിയടഞ്ഞുപോയ ഒരു സമൂഹത്തെ ജീവനിലേക്ക് കൊണ്ടുവരുവാനും അതിശീഘ്രം ജീർണ്ണിക്കുന്ന അവരുടെ ധാർമ്മിക മൂല്യങ്ങളെ പുനർസൃഷ്ടിക്കാനും അത്തരം മിത്തുകൾക്ക് കഴിയില്ല. അവ വെറും മിഥ്യാഭാവനകൾ മാത്രമാണ്. മിഥ്യാഭാവനകൾക്ക് മാനുഷിക വ്യവഹാരങ്ങളിൽ അർത്ഥവത്തായി ഇടപെടാൻ സാദ്ധ്യമല്ല.

## യേശു ക്രിസ്തുവിന്റെ പുനരാഗമനം

ഇതുവരെയുള്ള നിരീക്ഷണങ്ങളുടെ പ്രായോഗിക വശങ്ങൾ ഇപ്പോൾ നമുക്ക് പ്രകടിപ്പിക്കാനാവും. മനുഷ്യവംശത്തിന്റെ പുനരുജ്ജീവനത്തെപ്പറ്റിയുള്ള പ്രധാന ചോദ്യം ഇന്ന് ക്രിസ്തുവിനെ കേന്ദ്രമാക്കി കറങ്ങുകയാണ്. അതുകൊണ്ട് അദ്ദേഹത്തിന്റെ യാഥാർത്ഥ്യമെന്താണ് എന്നതിനെപ്പറ്റി പഠിക്കൽ വളരെ നിർണ്ണായകമാണ്. ആരായിരുന്നു അദ്ദേഹം? ജീർണ്ണിച്ച യഹൂദ സമുദായത്തിൽ ക്രിസ്തുവായി അദ്ദേഹം ആദ്യം അവതരിച്ചപ്പോൾ അദ്ദേഹത്തിന്റെ പങ്കെന്തായിരുന്നു? അവസാന കാലത്ത് താൻ രണ്ടാമതും ആഗതനാവുമെന്ന അദ്ദേഹത്തിന്റെ വാഗ്ദാനം എത്ര ഗൗരവത്തിൽ നമുക്ക് കാണാൻ സാധിക്കും? ഈ നിർണ്ണായക

പ്രശ്നത്തെ തീർച്ചയായും നാം അഭിമുഖീകരിക്കേണ്ടതുണ്ട്.

യേശുക്രിസ്തു അയഥാർത്ഥവും മനുഷ്യന്റെ ഭാവനാസൃഷ്ടി മാത്രവുമാണെന്നും കരുതുകയാണെങ്കിൽ അദ്ദേഹത്തിന്റെ പുനരാഗമനം സങ്കല്പിക്കാൻ സാധ്യമല്ല. പക്ഷേ യേശു മനുഷ്യഭാവനയുടെ ഉത്പന്നമല്ല അദ്ദേഹം ഒരു യഥാർത്ഥ മനുഷ്യനായിരുന്നു. അതുപ്രകാരം അദ്ദേഹം യഥാർത്ഥ മനുഷ്യശിശുവായി തന്നെ പുനർജനിക്കേണ്ടതുണ്ട്. മായാരൂപം പോലെ ആകാശത്ത് നിന്നും ഇറങ്ങിവന്ന് മനഷ്യരെ വീണ്ടും സന്ദർശിക്കേണ്ടതില്ല. അത്തരം മായാരൂപങ്ങൾ ഒരിക്കലും മനുഷ്യന്റെ ജീവിത യാഥാർത്ഥ്യങ്ങൾക്ക് നിരക്കുന്നതല്ല. മിത്തുകളുടെയും ഇതിഹാസങ്ങളുടേയും ലോകത്ത് ജീവിക്കുന്നവർക്ക് തങ്ങളുടെ വിമോചകൻ വരുകയാണെങ്കിൽ തന്നെ അദ്ദേഹത്തെ തിരിച്ചറിയാൻ സാധ്യമല്ല. അവർ അവരുടെ വിശ്വാസത്തിൽ തുടരുക തന്നെ ചെയ്യും.

ക്രിസ്ത്യൻ സഹോദരന്മാർ നമ്മെ പറഞ്ഞ് വിശ്വസിപ്പിക്കുന്നത് പോലെ യേശു വാസ്തവത്തിൽ ദൈവത്തിന്റെ പുത്രനാണെങ്കിൽ തീർച്ചയായും യഥാർത്ഥ മാലാഖമാരുടെ ചുമലിൽ കൈവെച്ച് അദ്ദേഹം മഹത്വവാനായി തിരിച്ചുവരും. എന്നാൽ ഇത് ക്രിസ്ത്യാനികളുടെ പ്രതീക്ഷയുടെയും അഭിലാഷങ്ങളുടെയും ഒരു മായിക ഭ്രമം മാത്രമാണെങ്കിൽ ഈ സംഭവം ഒരിക്കലും നടക്കില്ല. ഒരിക്കലും തന്നെ മാലാഖമാരുടെ അകമ്പടിയോടെ ദൈവപുത്രന് സ്തുതിഗീതങ്ങൾ കീർത്തനം ചെയ്ത് മനുഷ്യരൂപത്തിൽ ദൈവം അവരോഹിയാവുന്ന കാഴ്ച ലോകം കാണുകയില്ല.

ഈ ആശയങ്ങളെല്ലാം യുക്തിക്കും മനുഷ്യധാരണകൾക്കും വിരുദ്ധമാണ്. മനുഷ്യ ധിഷണയെ നിശ്ചേതനമാക്കുന്ന എക്കാലത്തേയും വലിയ കാടുകയറിയ യക്ഷിക്കഥ പോലെയാണത്. ഈ ഭ്രമാത്മകമായ യക്ഷിക്കഥകൾക്ക് പകരം യേശുവിനെ പറ്റിയുള്ള അഹ്മദിയ്യാ തിരിച്ചറിവുകൾ സ്വീകരിക്കുകയാണെങ്കിൽ അത് മനുഷ്യബുദ്ധിക്ക് അനുയോജ്യം എന്ന് മാത്രമല്ല, മാനവരാശിയുടെ മുഴുവൻ മതചരിത്രത്തിന്റേയും പിന്തുണയും അതിനുണ്ടാകും. ആദ്യം വന്ന യേശുവിൽ നിന്നും വിഭിന്നനല്ലാത്ത രക്ഷകനെ നമുക്ക് പ്രതീക്ഷിക്കാം.

യേശു ആദ്യം പിറന്നതുപോലെ എളിയവനായികൊണ്ട് ഒരു വിനീതനായ മനുഷ്യനെ നമുക്ക് വീണ്ടും പ്രതീക്ഷിക്കാം. അദ്ദേഹം പണ്ട് ചെയ്തത് പോലെ അതേ ശൈലിയിൽ പ്രേഷിത പ്രവർത്തനങ്ങൾ ഇനി വരുന്നയാളും നിർവ്വഹിക്കണം. സ്വഭാവത്തിലും മറ്റു പശ്ചാത്തലങ്ങളിലും ജൂദിയായിലെ യഹൂദികളെ പോലെയുള്ള ഒരു ജനതയിൽ നിന്ന് അദ്ദേഹം വരണം. ദൈവത്തിൽ നിന്നും ഒരു രക്ഷകനെ പ്രതീക്ഷിച്ചിരുന്ന ആ ജനത, താൻ വാഗ്ദത്ത പരിഷ്ക്കർത്താവാണ് എന്ന അദ്ദേഹത്തിന്റെ വാദത്തെ നിഷേധിക്കണം. അദ്ദേഹത്തെ ഉന്മൂലനം ചെയ്യാൻ തങ്ങളെ

കൊണ്ട് ആവുന്നതെല്ലാം ചെയ്യണം. യേശുവിന്റെ ആദ്യത്തെ ജീവിതം പോലെയുള്ള ഒരു ജീവിതം അദ്ദേഹം രണ്ടാമതും ജീവിച്ചു തീർക്കണം. യേശു അനുഭവിച്ച അതേ വെറുപ്പിനും വിദ്വേഷത്തിനും അഹങ്കാരത്തിനും അദ്ദേഹവും കുറിമാനമാകണം. അദ്ദേഹം ഒരിക്കൽ കൂടി തന്റെ സ്വന്തം ജനതയുടെ കരങ്ങൾ കൊണ്ടല്ലാതെ തന്നെ എതിർത്തു കൊണ്ടിരുന്ന മറ്റൊരു ശക്തിയുടെ കൈകളാലും പീഡിതനാവണം. താൻ ജനിച്ച ജനതയെ അടിമകളാക്കിവെച്ച ഒരു വൈദേശിക സാമ്രാജ്യത്വപരമാധികാരിയുടെ കൈകളാൽ അദ്ദേഹം ശിക്ഷിക്കപ്പെടുകയും വേണം.

പി ഡി. ഔസ് പെൻസികി എന്ന പ്രമുഖനായ റഷ്യൻ പത്രപ്രവർത്തകൻ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ യേശുവിന്റെ രണ്ടാം വരവിനെക്കുറിച്ച് ഇതേ വീക്ഷണം പങ്കു വെച്ചുകൊണ്ട് എഴുതുകയുണ്ടായി.

*“യേശുവിനെ സംബന്ധിച്ച് അത് യാതൊരർത്ഥത്തിലും ഒരു നൂതന ആശയമേ ആയിരിക്കുകയില്ല. അതായത് യേശു രണ്ടാമതും ഭൂമിയിൽ വരികയാണെങ്കിൽ അദ്ദേഹം ക്രിസ്തുസഭയുടെ തലവനായിരിക്കുകയില്ല എന്നു മാത്രമല്ല ആ സഭയിൽ അംഗമായിരിക്കാനും സാധ്യതയില്ല. സഭയുടെ പ്രതാപവും ശക്തിയും നിറഞ്ഞ ആ കാലഘട്ടത്തിലായിരുന്നുവെങ്കിൽ അദ്ദേഹത്തെ ഒരു മതനിന്ദകനായി പ്രഖ്യാപിച്ചു ചുട്ടുകൊല്ലാനായിരിക്കും കല്പന പുറപ്പെടുവിക്കുക. വളരെ പ്രബുദ്ധമായ ഈ കാലഘട്ടത്തിൽ പോലും ക്രിസ്തുസഭ ക്രിസ്തു വിരുദ്ധമായ നിലപാടുകൾ ഉപേക്ഷിച്ചിട്ടില്ല. അവരത് മറച്ചു വെക്കാൻ ശ്രമിക്കുന്നുണ്ട്. പരീശികളുടേയും ശാസ്ത്രിമാരുടെയും പീഡനങ്ങളും മർദ്ദനങ്ങളുമില്ലാതെ അദ്ദേഹത്തിന് ജീവിക്കണമെങ്കിൽ അത് റഷ്യയിലെവിടെയെങ്കിലുമുള്ള ഒരു സന്യാസിമഠത്തിലായിരിക്കും സാധ്യമാവുക.”1*

ഈയൊരു യഥാർത്ഥ പരിഷ്ക്കരണ പ്രക്രിയയിലൂടെയാണ് എല്ലാ ദൈവദൂതന്മാരും പരിഷ്ക്കർത്താക്കളും കടന്നുവന്നത്. ഇതല്ലാതെ മറ്റെല്ലാ സങ്കല്പങ്ങളും പൊള്ളയും നിരർത്ഥകവും കൃത്രിമവുമാണ്.

പ്രവചനങ്ങളെ പൂർത്തീകരിച്ചുകൊണ്ട് ജനതകളിൽ ദൈവനിയുക്തനായ പരിഷ്ക്കർത്താക്കൾ ആഗതരാകുമ്പോൾ ഏതൊരു ജനതയുടെ വിമോചനത്തിനു വേണ്ടിയാണോ അദ്ദേഹം അയക്കപ്പെട്ടത് ആ ജനത അദ്ദേഹത്തെ തിരിച്ചറിയുന്നതിൽ പരാജയപ്പെടുന്നു. അതാണ് എപ്പോഴും സംഭവിക്കുന്നത്. ഈ കാലഘട്ടത്തിൽ പരിഷ്ക്കർത്താവിനെപ്പറ്റിയുള്ള സങ്കല്പങ്ങൾ യഥാർത്ഥ്യത്തിൽ നിന്ന് മായാ കഥയിലേക്ക് മാറിയിട്ടുണ്ടാകും. അവർ ഒരു മായാപുരുഷനെ പ്രതീക്ഷിക്കുകയും അതിന്റെ സാക്ഷാൽക്കാരത്തിനുവേണ്ടി കാത്തിരിക്കുകയും ചെയ്യും. മനുഷ്യവം

1. P.D. Ouspensky, 'A New Model of the Universe' P. 149-150, Kegan Paul, Trench, Trubener & Co; Ltd. 1938.

ശത്തിലെ ദൈവനിയുക്തനായ ആദ്യത്തെ പരിഷ്ക്കർത്താവിന്റെ കാലം മുതൽ മത ചരിത്രത്തിലുടനീളം ഈ ചരിത്രം പുനരാവർത്തിക്കപ്പെടുന്നു. സാധാരണ മനുഷ്യമാതാവിന്റെ പുത്രന്മാരായി വിനീതരായി പ്രത്യക്ഷപ്പെടുന്ന അവർ ജീവിതത്തിലുടനീളം മനുഷ്യരായിത്തന്നെയാണ് കണക്കാക്കപ്പെടുന്നത്. മരണത്തിനുശേഷം വളരെ കഴിഞ്ഞാണ് അവരെ ദൈവ പദവിയിലേക്കുയർത്തുന്ന പ്രക്രിയ ആരംഭിക്കുന്നത്. അക്കാരണത്താൽ അവരുടെ പുനരാഗമനത്തിൽ സ്വീകാര്യത അസാധ്യമായിത്തീരും.

അത്തരം മതസമൂഹങ്ങൾ ദിവ്യപരിഷ്കർത്താക്കളുടെ യാഥാർത്ഥ്യങ്ങളുമായി അഭിമുഖീകരിക്കുമ്പോൾ അവർ ഒറ്റയടിക്ക് നിഷേധിക്കപ്പെടുന്നു. ഒരു മായാപുരുഷനോ, അതിമാനുഷനോ ആഗതനാകുമെന്ന് പ്രതീക്ഷിച്ചു കൊണ്ടിരിക്കുന്നവർ അതിന് പകരം ഒരു സാധാരണക്കാരനെ എങ്ങനെ സ്വീകരിക്കും? യേശുവിന്റെ പുനരാഗമനം സംഭവിച്ചുകഴിഞ്ഞിട്ടും അത് കാണാനോ അംഗീകരിക്കാനോ കഴിയാതെ പോയത് അതുകൊണ്ടാണ്.

വേണ്ടവിധം തെളിവുകളില്ലാത്ത ഒരവകാശവാദം മിക്ക വായനക്കാരും തിരസ്ക്കരിച്ചേക്കാം. ലോകത്ത് ഒരു ശ്രദ്ധയും പിടിച്ചു പറ്റാതെ യേശു എങ്ങനെ വരികയും പോവുകയും ചെയ്തു? ക്രിസ്തീയ ലോകവും ഇസ്ലാമിക ലോകവും അറിയാതെ എങ്ങനെ യേശു വന്നുപോയി? ആധുനിക കാലത്ത് ഇത്തരം നിരവധി അവകാശവാദങ്ങളുമായി പലരും രംഗപ്രവേശനം ചെയ്യാറുണ്ട്. അവർ താൽക്കാലികമായി ചായക്കോപ്പയിൽ കാറ്റു കോളും സൃഷ്ടിക്കാറുമുണ്ട്. പക്ഷേ, അവരെല്ലാം പിന്നീട് എങ്ങോട്ടുപോയി എന്നറിയില്ല.

ഒരു കാലത്ത് പല രാജ്യങ്ങളിലും പലവിധ ഭക്തി പ്രസ്ഥാനങ്ങളും കൂണുകൾ പോലെ മുളച്ചു പൊന്തുകയുണ്ടായി. യേശു അയക്കപ്പെട്ടിരിക്കുന്നു അല്ലെങ്കിൽ യേശുവിന്റെ മുന്നൊരുക്കക്കാരനെ അയക്കുന്നുവെന്നോ ഉള്ള അവകാശവാദങ്ങൾ പല സന്ദർഭങ്ങളിലായി ഉണ്ടായിരുന്നു. ഈ വാദവും അത്തരത്തിലുള്ള ഒന്നായിരിക്കാം. ഗൗരവ ബുദ്ധിയോടെ ചിന്തിക്കുന്ന മനുഷ്യർ ഇത്തരം വിഷയത്തെപ്പറ്റി ചിന്തിച്ച് എന്തിന് സമയം കളയണം? ഇങ്ങനെ ഒരു വാദം പുറപ്പെടുവിക്കുമ്പോൾ തീർച്ചയായും വളരെ ഗൗരവാവഹമായ സംശയങ്ങൾ സൃഷ്ടിക്കപ്പെടുകയും അന്ധാളിപ്പിക്കുന്ന പ്രഹേളികകൾ അഭിമുഖീകരിക്കേണ്ടിവരികയും ചെയ്യും. യേശു യഥാർത്ഥത്തിൽ വന്നു എന്നത് ദൃശ്യവൽക്കരിക്കാൻ ഞങ്ങൾ വായനക്കാരോടു അഭ്യർത്ഥിക്കുന്നു. യേശുവിന്റെ പുനരാഗമനം ഒരു മായാക്കാഴ്ചയായിട്ടാണോ സംഭവിക്കുക അതല്ല അദ്ദേഹത്തിന് സ്ഥൂല ശരീരത്തോടെ ആഗതനാവാൻ കഴിയുമോ? അല്ലെങ്കിൽ മറ്റൊരു പ്രതിനിധിയെ അയച്ചായിരിക്കുമോ അത് നിറവേറ്റപ്പെടുക? ഇത്തരത്തിലുള്ള നിരവധി സംശയങ്ങൾക്ക് ഉത്തരം പറയുന്നതിന് മുമ്പായി തൊട്ടുമുക

ളിൽ കൊടുത്ത ചോദ്യത്തിന്റെ ഉത്തരമാണ് ലഭിക്കേണ്ടത്.

ക്രിസ്തീയ ലോകവും മുസ്‌ലിം ലോകവും യേശുവിന്റെ രണ്ടാം വരവിനെ വരവേൽക്കാൻ മാനസികമായി സന്നദ്ധമാണോ? അങ്ങിനെയാണെങ്കിൽ ഏതു രൂപത്തിൽ? ഏതു രീതിയിൽ? ക്രിസ്ത്യാനികളുടേയും മുസ്‌ലിംകളുടേയും വീക്ഷണ കോണിൽ നോക്കുകയാണെങ്കിൽ യേശു എപ്പോഴെങ്കിലും തിരിച്ചു വരികയാണെങ്കിൽ അത് പ്രൗഢഗംഭീരവും വ്യക്തവുമായ അടയാളങ്ങളോടുകൂടിയായിരിക്കും. പകൽ വെളിച്ചത്തിൽ മാലാഖമാരുടെ അകമ്പടിയോടെ അദ്ദേഹം ആകാശത്തു നിന്ന് അവരോഹിയാവുമ്പോൾ ഏറ്റവും വലിയ സംശയാലുവിനുപോലും അത് നിഷേധിക്കാൻ കഴിയാതെ വരും.

ദു:ഖകരമെന്നു പറയട്ടെ, വിചിത്ര കല്പിതനായ ഒരു യേശുവിനെയാണ് ഇന്നത്തെ ലോകത്തിനാവശ്യം. അത്തരത്തിലുള്ള ഒരു യേശുവോ അദ്ദേഹത്തെ പോലെ മറ്റാരെങ്കിലുമോ ഇതുവരെ ഇതിന് മുമ്പ് മനുഷ്യ ചരിത്രത്തിൽ ആഗതനായിട്ടില്ല. എന്നാൽ മതചരിത്രം ഗൗരവമായെടുത്ത് പഠിക്കുന്ന ഒരാൾക്ക് മതസ്ഥാപകരും മറ്റു ദിവ്യ പുരുഷന്മാരും ആകാശത്തേക്ക് സശരീരം കയറിപ്പോയ നിരവധി വിവരണങ്ങൾ കാണാൻ സാധിക്കും. ഇത്തരം അവകാശവാദങ്ങൾ വളരെ കൂടുതലും വളരെ വ്യാപകവുമാണ്. തങ്ങളുടെ മത പുരുഷന്മാരെ അതിമാനുഷരാക്കുവാനും അത്യുന്നതിയിലേക്കുയർത്തുവാനും ഇത്തരം കെട്ടുകഥകൾ ചമയ്ക്കുക എന്നത് ലോക വ്യാപകമായ ഒരു പ്രവണതയായി കാണുന്നു. ചോദ്യമിതാണ്, ഒരു പക്ഷേ, ലോകത്ത് ഇന്നുള്ള കോടിക്കണക്കിന് വിശ്വാസികൾ അംഗീകരിച്ച ഇത്തരം വിശ്വാസങ്ങളെ നമുക്കെങ്ങനെ നിഷേധിക്കാൻ കഴിയും? ക്രിസ്ത്യാനികളും മുസ്‌ലിംകളും കൂടി 200 കോടിയലിധികം വരുന്ന ജനങ്ങൾ ഇത്തരം വിശ്വാസങ്ങളിലും അതുപോലെ വിഭ്രമാത്മകമായ മറ്റു സംഭവങ്ങളിലും വിശ്വസിക്കുന്നു. അതുകൊണ്ടു നമുക്കോ മറ്റുള്ളവർക്കാർക്കെങ്കിലുമോ അയഥാർത്ഥവും ഭാവനാത്മാകവുമാണ് ഇത്തരം വിശ്വാസങ്ങളെന്നു പറഞ്ഞ് തള്ളിക്കളയാൻ എന്ത് അവകാശമാണ് ഉള്ളതെന്ന് വായനക്കാരൻ ചോദിച്ചേക്കാം. ഈ വീക്ഷണകോണിൽ നിന്ന് ഇത് പരിശോധിക്കുക എന്നത് വളരെ ശ്രമകരമായ ജോലിയാണ് എന്ന് ഞങ്ങൾ സമ്മതിക്കുന്നു. അതായത് ഒരോവിഭാഗം മത വിശ്വാസികളും അവർ വിശ്വസിക്കുന്ന മതഗ്രന്ഥങ്ങളുടെ പിന്തുണയില്ലാതെ അവരുടെ അത്തരം വിശ്വാസങ്ങളെ നിരാകരിക്കാൻ വളരെ പ്രയാസകരമാണ്. ഒരാൾ വ്യാഖ്യാനങ്ങളുടെ നൂലാമാലകളിലൂടെ മുന്നേറി അവസാനം മുൻഗണനയുടെയും തെരഞ്ഞെടുപ്പിന്റെയും പ്രശ്നത്തിൽ തന്നെയായിരിക്കും എത്തിച്ചേരുക. അങ്ങനെ ഒരാളുടെ വ്യാഖ്യാനകസറത്തിന് വിധേയമായിക്കഴിഞ്ഞ ആ മതഗ്രന്ഥമോ, മതചരിത്രമോ വാച്യാർത്ഥമാണെന്നോ ആലങ്കാരികാർത്ഥമാണെന്നോ വിധിയെഴുതപ്പെടും. പരസ്പരവിരുദ്ധമായ

വിശദീകരണങ്ങളുടെ ഈ ചതുപ്പ് നിലത്തേക്ക് കാലെടുത്ത് വെച്ചത് കൊണ്ട് യാതൊരു പ്രയോജനവുമില്ല. എങ്കിലും ഈ ഭാരിച്ച ശ്രമത്തിൽ നിന്നും രക്ഷപ്പെടാൻ ഒരു വഴിയുണ്ട്. നമുക്ക് വായനക്കാരന് അത് കാണിച്ചുകൊടുക്കാം. എന്നിട്ട് അദ്ദേഹത്തെ സ്വീകരണത്തിന്റെയോ തിരസ്കരണത്തിന്റേയോ വഴിയിലേക്ക് ക്ഷണിക്കാം.

വാദത്തിനു വേണ്ടി ആകാശത്തേക്ക് ഉയർന്നുപോയി എന്ന മതനേതാക്കന്മാരുടെ അവകാശവാദം മുഖവിലക്കെടുക്കാം. യേശു ആകാശത്തേക്ക് ഉയർന്നുപോയി എന്ന വാദം ബാഹ്യാർത്ഥത്തിൽ തന്നെയെടുക്കാം. അതുപോലെ അദ്ദേഹത്തിന്റെ ആകാശത്ത് നിന്നുള്ള ഇറക്കം അക്ഷരാർത്ഥത്തിലോ യാഥാർത്ഥ്യമായോ സംഭവിക്കും എന്നും കരുതുക. എങ്കിൽ, അതുപോലെയുള്ള മറ്റു സംഭവങ്ങൾ നിഷേധിക്കുന്നതിൽ യാതൊരു അർത്ഥവുമില്ല. ഏലിയാവിന്റേയും* ശാലോം രാജാവിന്റേയും** ഇസ്ലാമിലെ ശിയാ വിഭാഗത്തിന്റെ പന്ത്രണ്ടാമത്തെ ഇമാമിന്റേയും*** ആകാശാരോഹണവും അതുപോലെ ഹിന്ദു ദൈവങ്ങളുടെയും ദിവ്യ പുരുഷന്മാരുടെയും ദൈവത്വം ആരോപിക്കപ്പെട്ട ആളുകളുടെയും ആകാശ യാത്രകൾ എന്തിന് നാം ഒഴിച്ചുനിർത്തണം? ഇത്തരം വിശ്വാസങ്ങൾ പങ്കിടുന്നവർ തമ്മിൽ വിവാദങ്ങളിൽ ഏർപ്പെടുന്നത് അർത്ഥ ശൂന്യമാണ്. അത്തരം അന്ധ വിശ്വാസികളോട് ആരെങ്കിലും എപ്പോഴെങ്കിലും ആകാശത്തിന്റെ അനന്തതയിൽ സശരീരത്തോടു കൂടി അപ്രത്യക്ഷനായതായോ ആകാശത്തേക്ക് ഉയർന്നുപോയ ആ വ്യക്തി അതേ ശരീരത്തോടു

---

* **ഏലിയാവ് :** ബൈബിൾ പഴയ നിയമത്തിൽ പ്രതിപാദിച്ച പ്രമുഖനായ ഒരു ഇസ്റയേലീ പ്രവാചകൻ. ഗിലെ യാദിലെ തിഷ്ബെയിലാണ് ഈ പ്രവാചകൻ ജീവിച്ചതെങ്കിലും അദ്ദേഹത്തിന്റെ പൂർവ്വചരിത്രം എങ്ങും കാണുന്നില്ല. മൽക്കിസദേക്കിനെ പോലെ പിതാവോ മാതാവോ വംശ പരമ്പരയോ, തന്റെ ദിവസങ്ങൾക്ക് ആരംഭമോ ആയുസ്സിന്റെ അവസാനമോ ഇല്ലാത്തവനായി പഴയ നിയമത്തിൽ ഇദ്ദേഹം നിറഞ്ഞു നിൽക്കുന്നു. 'ഏലിയാവ് തന്റെ പ്രിയപ്പെട്ട ശിഷ്യനും പിൻഗാമിയുമായ ഏലീശയുമൊത്ത് ഗിൽഗാലിൽ നിന്ന് യാത്ര ചെയ്യുമ്പോൾ 'അഗ്നിരഥങ്ങളും അശ്വങ്ങളും വന്ന് അവരെ വേർപിരിക്കുകയും ഏലിയാവ് ചുഴലിക്കാറ്റിൽ സ്വർഗ്ഗത്തിലേക്ക് കയറുകയും ചെയ്തു.' (2 രാജാ: 2:1-15). മിശിഹാ അവതരിക്കുന്നതിന് മുമ്പായി ഏലിയാവ് ആകാശത്ത് നിന്നും വരുമെന്ന് യഹൂദന്മാർ പ്രവചനങ്ങളുടെ അടിസ്ഥാനത്തിൽ വിശ്വസിച്ചിരുന്നു. യേശു മിശിഹായായി വന്നപ്പോൾ അദ്ദേഹത്തെ യഹൂദികൾ നിരാകരിക്കാനുണ്ടായ കാരണങ്ങളിൽ പ്രധാനമായ ഒന്ന് ഏലിയാവ് ആകാശത്തുനിന്നും ഇറങ്ങി വരുന്നത് കാണാത്തത് കൊണ്ടായിരുന്നു (വിവ:)

** ***ശാലേം രാജാവ് :*** യരുശേലം തന്നെയാണ് ശാലേം എന്ന് ചില ബൈബിൾ പണ്ഡിതന്മാർ പറയുന്നു: മൽക്കിസദേക്കാണ് അവിടുത്തെ രാജാവ്. അദ്ദേഹം ആകാശത്ത് ജീവിച്ചിരിക്കുന്നു എന്ന് വിശ്വസിക്കുന്നു. (വിവ:)

*** **ശിയാക്കളുടെ 12-ാം ഇമാം:** പന്ത്രണ്ടുകാർ (ഇസ്നാ അശരിയ്യ) എന്നറിയപ്പെടുന്ന ശിയാ കക്ഷിയുടെ പന്ത്രണ്ടാമത്തെ ഇമാം മുഹമ്മദ് ഇബ്നു ഹസൻ അൽ അസ്കരി ചെറുപ്രായത്തിൽ അബ്ബാസിയ്യാ ഖിലാഫത്തിന്റെ പീഡനം സഹിക്കാൻ കഴിയാതെ ഒരു കിണറ്റിൽ അന്തർധാനം ചെയ്തുവെന്ന് ശിയാക്കൾ വിശ്വസിക്കുന്നു. അവസാന നാളിൽ അദ്ദേഹം പ്രത്യക്ഷനായി സൽഭരണം നടത്തുമെന്നും അവർ വിശ്വസിക്കുന്നു. (വിവ:)

കൂടിത്തന്നെ വീണ്ടും ഭൂമിയിൽ സന്ദർശിച്ചതായോ ഉള്ള ഒരു സംഭവം ലോക ചരിത്രത്തിലെവിടെയെങ്കിലും നടന്നതായി കാണിച്ചുതരാൻ പറ്റുമോ എന്ന് ചോദിക്കുക. അങ്ങനെയൊന്ന് എവിടെയെങ്കിലും സംഭവിച്ചിട്ടുണ്ടെങ്കിൽ അവർ അത് കാണിച്ചു തരട്ടെ.

അത്തരം അവകാശവാദങ്ങളുടെ സാക്ഷാൽക്കാരം എവിടെയും നടന്നിട്ടില്ല എന്നിരിക്കെ രണ്ട് മാർഗ്ഗങ്ങളാണ് ഒരാൾക്ക് മുമ്പിൽ തുറന്നുകിടക്കുന്നത്. ഒന്നുകിൽ വ്യാജമാണെന്ന് പറഞ്ഞു അത്തരം അവകാശ വാദങ്ങളെ നിരാകരിക്കാം. അല്ലാത്തപക്ഷം എലിയാവിന്റെ രണ്ടാം വരവിന്റെ കാര്യത്തിൽ യേശു ചെയ്തത് പോലെ അത് ആലങ്കാരിക അർത്ഥത്തിൽ സ്വീകരിക്കുക. ഇതിൽ നിന്നും ഒരു കാര്യം വളരെ വ്യക്തമാണ്. അക്ഷരാർത്ഥത്തിൽ ആകാശത്ത് നിന്നുമുള്ള യേശുവിന്റെ ഇറക്കം പ്രതീക്ഷിച്ചിരിക്കുന്നവർ യേശുവിന്റെ ജീവിതത്തിലെ യാഥാർത്ഥ്യങ്ങൾക്കും തങ്ങൾക്കുമിടയിൽ ഒരു തടസ്സം സൃഷ്ടിക്കുകയാണ്. യേശു രണ്ടാമതും വരികയാണെങ്കിൽ അദ്ദേഹത്തിന് മുമ്പ് വന്ന എല്ലാ ദിവ്യ പരിഷ്ക്കർത്താക്കളേയും പോലെ സാധാരണ മനുഷ്യനായിക്കൊണ്ടാണ് അദ്ദേഹവും വരിക. യേശു വിനീതനായ ഒരു സാധാരണക്കാരനായിക്കൊണ്ട് ഫലസ്തീനിലെ ജൂദിയ പോലെയുള്ള മറ്റൊരു സ്ഥലത്ത് വീണ്ടും പ്രത്യക്ഷനാവുകയും യേശുവിന് പണ്ട് ഭരമേൽപ്പിക്കപ്പെട്ടതുപോലെയുള്ള ദൗത്യം രണ്ടാമതും ഏല്പിക്കപ്പെടുകയും ചെയ്യുകയാണെങ്കിൽ ഫലസ്തീൻ ജനത അന്ന് യേശുവിനോട് പെരുമാറിയത് പോലെ ഇന്നും അദ്ദേഹം ആഗതനാവുന്ന നാട്ടിലെ ജനത അദ്ദേഹത്തോടു പെരുമാറുന്നതാണ്.

## വാഗ്ദത്ത മസീഹ്

ഇതു തന്നെയാണ് നാം വിശ്വസിക്കുന്ന മസീഹിന്റെ രണ്ടാം വരവിലും അടങ്ങിയിരിക്കുന്ന സംഗതി. ഏകദേശം നൂറ് വർഷം മുമ്പ് അത് സംഭവിച്ചു. മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) എന്ന സാധാരണക്കാരനായ ഒരു മനുഷ്യനിൽ അത് സംഭവിക്കുകയായിരുന്നു. ക്രിസ്ത്യാനികളും മുസ്‌ലിംകളും ഒരുപോലെ വരുമെന്ന് കാത്തിരുന്ന ദൈവത്തിന്റെ വിശിഷ്ടനായ പ്രവാചകൻ, നസ്റേത്തിലെ മറിയയുടെ പുത്രനായ യേശു മറ്റെല്ലാ പ്രവാചകന്മാരേയും പോലെ മരിച്ചു പോയിരിക്കുന്നതായി ദൈവം തന്നെ അറിയിച്ചിരിക്കുന്നുവെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. യേശു ശരീരത്തോടുകൂടി ജീവിച്ചിരിക്കുന്നില്ല. അദ്ദേഹം ഒരിക്കലും ശരീരത്തോടു കൂടി ആകാശത്തിലെവിടേക്കും ഉയർത്തപ്പെടുകയോ വീണ്ടും ഭൂമി സന്ദർശിക്കൻ വരികയോ ഇല്ല എന്ന് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) പ്രഖ്യാപിച്ചു. ദൈവത്തിന്റെ മറ്റെല്ലാ പ്രവാചകന്മാരെയും പോലെ യേശുവും മരണമടഞ്ഞു. അദ്ദേഹം ഒരു പ്രവാചകനിൽ കവിഞ്ഞ് ആരുമായിരുന്നില്ല. ക്രിസ്ത്യാനികളും മുസ്‌ലിംകളും ഒരു പോലെ പൊതുവായി വിശ്വസിക്കുന്ന യേശുവിന്റെ രണ്ടാം വരവ് ആത്മീയാർത്ഥത്തിലാണ്

സംഭവിക്കുക. അക്ഷരാർത്ഥത്തിലല്ല. ആ പ്രവചനത്തിന്റെ സാക്ഷാൽക്കാരമായിക്കൊണ്ടാണ് താൻ എഴുന്നേൽപ്പിക്കപ്പെട്ടതെന്ന് അദ്ദേഹം പറഞ്ഞു.

പഞ്ചാബിലെ കുലീനമായ ഒരു കുടുംബത്തിലാണ് മിർസാ ഗുലാം അഹ്മദ് (അ) ജനിച്ചത്. സമ്പൽ സമൃദ്ധിയും ബഹുമതിയും നേടിയെടുക്കാൻ അദ്ദേഹത്തിന്റെ കുടുംബം ബദ്ധ ശ്രദ്ധരായിരുന്നു. പക്ഷേ, ലൗകികാസക്തിയിൽ നിന്നും പരാങ്ങ്മുഖനായി ഹദ്റത്ത് അഹ്മദ് (അ) ലോകത്ത് നിന്നും ബഹുദൂരം വിട്ടു നിൽക്കുകയും കൂടുതൽ സമയവും ദൈവാരാധനയിലും മതപഠനങ്ങളിലും മുഴുകിയിരിക്കുകയും ചെയ്തു. ഏറെക്കുറെ ലോകത്തിന് നഷ്ടമായ ഒരു വ്യക്തിയായിരുന്നു അദ്ദേഹം. തന്റെ കൊച്ചു പട്ടണത്തിൽ പോലും അപൂർവ്വം പേർക്ക് മാത്രമേ അദ്ദേഹത്തെ അറിയാമായിരുന്നു. ക്രമേണ ഇസ്ലാമിന്റെ ജയശാലിയായ പോരാളിയായിക്കൊണ്ട് ഇന്ത്യയുടെ മതചക്രവാളത്തിൽ അദ്ദേഹം ഉദിച്ചുപൊങ്ങി. മുസ്ലിംകൾ മാത്രമല്ല അന്യമതസ്ഥരിൽ വരെ അത്യാദരമുളവാക്കുന്ന ഒരു ദിവ്യപുരുഷനായി അദ്ദേഹത്തിന്റെ കീർത്തി പരക്കാൻ തുടങ്ങി. അദ്ദേഹത്തിന്റെ പ്രാർത്ഥനകളെല്ലാം സഫലങ്ങളായി. ദൈവവുമായി ബന്ധമുള്ള ആൾ എന്നതിന് ജനങ്ങൾ സാക്ഷ്യം വഹിച്ചു. മനുഷ്യത്വത്തോടും മനുഷ്യദു:ഖത്തോടുമുള്ള അദ്ദേഹത്തിന്റെ അത്യഗാധമായ പ്രതിബദ്ധത ചോദ്യം ചെയ്യപ്പെടാത്തതായിരുന്നു.

നിർഭാഗ്യകരമെന്നു പറയട്ടെ, ഈ കാലഘട്ടത്തിൽ ഇസ്ലാമിന്റെ ഇന്ത്യയിലെ നില പരമദയനീയമായിരുന്നു. ബ്രിട്ടീഷ് സാമ്രാജ്യത്വ നയങ്ങളുടെ പിന്തുണയോടെ ക്രിസ്തീയ മതപ്രചാരകന്മാർ ഇസ്ലാമിനെതിരായി മാത്രമല്ല, ഇസ്ലാമിന്റെ സ്ഥാപകരായ പരിശുദ്ധ പ്രവാചകരെപ്പറ്റിയും അതിനിശിതമായ വിമർശനങ്ങൽ അഴിച്ചുവിട്ടു. ഇന്ത്യയിലെ ഏറ്റവും വലിയ മതമായ ഹിന്ദുമതത്തിൽ നിന്നും തീവ്രമായ ആവേശത്തോടെ ഇസ്ലാമിനെതിരെ ഒരു ദ്വിമുഖാക്രമണം ഉയർന്നു വരികയുണ്ടായി. ഹിന്ദു സംസ്കാരവും ആചാരങ്ങളും പുനരുജ്ജീവിപ്പിക്കുകയും അതേസമയം ഇസ്ലാമിനേയും മുസ്ലിംകളേയും ഇന്ത്യയിൽ നിന്ന് ഉന്മൂലനം ചെയ്യുകയുമായിരുന്നു അവരുടെ പരിപാടി. ഇന്ത്യയിൽ വേരിറക്കി നിൽക്കാൻ യാതൊരു അവകാശവുമില്ലാത്ത വിദേശികളാണ് മുസ്ലിംകൾ എന്ന് അവർ ചിത്രീകരിച്ചു. അതിൽ ഏറ്റവും അക്രമണോത്സുകർ 1875 ൽ പണ്ഡിറ്റ് ദയാനന്ദ സരസ്വതി (1824–1883) സ്ഥാപിച്ച ആര്യസമാജം പ്രസ്ഥാനമായിരുന്നു. ഒരു പക്ഷേ, ഇതായിരിക്കാം ഹദ്റത്ത് മിർസാ ഗുലാം അഹ്മദി(അ)ന് ഇസ്ലാമിനെ പ്രതിരോധിക്കാൻ വിശദമായ മത താരതമ്യ ഗവേഷണങ്ങൾ നടത്താൻ കൂടുതൽ പ്രചോദനമേകിയത്.

അദ്ദേഹത്തിന്റെ പഠന ഗവേഷണങ്ങൾ ഇസ്ലാമിന്റെ ഔന്നത്യത്തെ ഒന്നുകൂടി അരക്കിട്ടുറപ്പിക്കുകയാണുണ്ടായത്. മാനവീയ പ്രശ്നങ്ങളോടുള്ള ഖുർആന്റെ വ്യതിരിക്തമായ സമീപനം അദ്ദേഹത്തെ ഹഠാദാകർഷിച്ചു. വിശുദ്ധ ഖുർആൻ മനുഷ്യന് ഒരു സ്വഭാവ സംഹിത സമ്മാനിച്ചു

കൊണ്ട് അതിന്റെ അദ്ധ്യാപനങ്ങൾ സ്വേച്ഛാപരമായി അടിച്ചേൽപ്പിക്കുന്നില്ല. വളരെ യുക്തിസഹമായ വാദമുഖങ്ങളിലൂടെ തെളിവുകൾ നിരത്തിക്കൊണ്ട് നിർദ്ദിഷ്ടമായ ആ അദ്ധ്യാപനങ്ങൾ ഏറ്റവും ഉചിതമാണെന്ന് വ്യക്തമാക്കുന്നു.

അദ്ദേഹത്തിന്റെ പഠന ഗവേഷണങ്ങൾ, അക്കാലത്ത് നിസ്സഹായാവസ്ഥയിലായിരുന്ന ഇസ്‌ലാമിന്റെ ജയശാലിയായ പോരാളിയാക്കി അദ്ദേഹത്തെ മാറ്റി. ഇന്ത്യയിൽ ഇസ്‌ലാമിന് അക്കാലത്ത് ഏറ്റവും അവശ്യം വേണ്ടുന്ന പ്രതിരോധ പ്രവർത്തനങ്ങൾ അദ്ദേഹം നിർവ്വഹിച്ചു. മറ്റുള്ളവരുമായി ചെറിയ തോതിൽ മതസംവാദങ്ങൾ നടത്തിയായിരുന്നു അദ്ദേഹത്തിന്റെ പൊതു ജീവിതം ആരംഭിച്ചത്. ക്രമേണ അത് വിപുലമായ വൃത്തങ്ങളിലേക്ക് വ്യാപിക്കുകയുണ്ടായി. ഇസ്‌ലാമിന്റെ ഏറ്റവും കഴിവുറ്റ അപ്രതിരോധ്യനായ പോരാളി എന്ന നിലക്ക് അദ്ദേഹത്തിന്റെ യശസ്സ് വിദൂരങ്ങളിലേക്ക് പരക്കാൻ തുടങ്ങി.

ആ കാലഘട്ടത്തിലായിരുന്നു മതസാഹിത്യ ലോകത്തെ ഏറ്റവും ആധികാരികമായ ഒരു ഗ്രന്ഥത്തിന്റെ രചന അദ്ദേഹം നിർവ്വഹിച്ചത്. ബറാഹിനെ അഹ്മദിയ്യ എന്ന ആ ഗ്രന്ഥം 50 വാല്യങ്ങളിലായി എഴുതാനായിരുന്ന അദ്ദേഹം ഉദ്ദേശിച്ചത്. പക്ഷേ, പ്രക്ഷുബ്ധമായ സംഭവ പരമ്പരകളുടെ ആധിക്യം കാരണം ആ കൃത്യം തുടരാനും പൂർത്തീകരിക്കാനും അദ്ദേഹത്തിനു കഴിഞ്ഞില്ല. അഞ്ച് വാല്യങ്ങൾ മാത്രമേ അദ്ദേഹത്തിന് പൂർത്തിയാക്കാൻ സാധിച്ചുള്ളൂ. കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് അദ്ദേഹം ധാരാളം മറ്റു ഗ്രന്ഥങ്ങൾ എഴുതി. വാസ്തവത്തിൽ അദ്ദേഹം എന്താണോ എഴുതാൻ ഉദ്ദേശിച്ചത് ആ വിഷയങ്ങളും അതിൽ കൂടുതലായ വിഷയങ്ങളും ആ ഗ്രന്ഥങ്ങളിൽ ഉൾപ്പെട്ടിരുന്നു. യഥാർത്ഥത്തിൽ താൻ വാഗ്ദാനം ചെയ്തതിനേക്കാൾ കൂടുതൽ അദ്ദേഹം പൂർത്തിയാക്കുകയായിരുന്നു. ബറാഹിനെ അഹ്മദിയ്യാ എന്ന ആ ഗ്രന്ഥത്തിന്റെ നാമത്തിലായിരുന്നില്ല എന്നു മാത്രം. മതപുരോഹിതന്മാരുടെ സഹായമില്ലാതെ ഒരാൾ ഒറ്റക്ക് ഇത്രയധികം ഗ്രന്ഥരചനകൾ നിർവ്വഹിക്കുക എന്നത് അത്ഭുതകരമായിരുന്നു. ഗ്രന്ഥങ്ങൾ, ഗദ്യലേഖനം, പ്രബന്ധം മുതലായ 110 രചനകൾ അദ്ദേഹം നിർവ്വഹിച്ചു. സാഹിത്യരചനകൾ മാത്രമായിരുന്നില്ല ഉപഭൂഖണ്ഡത്തിന്റെ മുഴുവൻ അംഗീകാരം അദ്ദേഹത്തിന് നേടിക്കൊടുത്തത്. അദ്ദേഹത്തിന്റെ ആത്മീയ ഗുണങ്ങൾ കൂടി വൻതോതിൽ അദ്ദേഹത്തിന് കീർത്തിയും ബഹുമതിയും നേടിക്കൊടുക്കുന്നതിൽ നിർണ്ണായകമായ പങ്കു വഹിക്കുകയുണ്ടായി.

ഹദ്റത്ത് അഹ്മദിന്റെ (അ) യശസ്സ് ഉദിച്ചുയരുകയും പരന്നു വിശാലമാകുകയും ചെയ്തുകൊണ്ടിരുന്നു. ആ പ്രാരംഭ കാലഘട്ടത്തിൽ തന്നെ മിക്കവാറും എല്ലാ മതങ്ങളും അവസാന കാലത്ത് ആഗതനാകുമെന്ന് പ്രതീക്ഷിച്ചിരുന്ന അവസാനകാലത്തെ പരിഷ്ക്കർത്താവായിക്കൊണ്ട്

ഭാരിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിനായി അല്ലാഹു അദ്ദേഹത്തെ തിരഞ്ഞെടുത്തു. മുസ്‌ലിം വീക്ഷണ പ്രകാരം അദ്ദേഹം ദൈവത്താൽ മാർഗ്ഗദർശനം നൽകപ്പെട്ട പരിഷ്ക്കർത്താവായ 'അൽ മഹ്ദി' ആയിരുന്നു. മുസ്‌ലിംകളുടെയും ക്രിസ്ത്യാനികളുടെയും വീക്ഷണ കോണിൽ യേശുവിന്റെ രണ്ടാം വരവിനെ സംബന്ധിച്ചുള്ള പ്രവചനങ്ങൾ പൂർത്തീകരിക്കുന്ന വാഗ്ദത്ത മസീഹിന്റെ പദവിയിലേക്ക് അദ്ദേഹം അവരോധിതനായി. ഈ ദൈവിക നിയമനത്തിന് മുമ്പ് അദ്ദേഹം സമ്പാദിച്ച പ്രശസ്തിയും കീർത്തിയുമെല്ലാം അതോടെ നഷ്ടപ്പെട്ടു. കാലത്തിന്റെ പരിഷ്ക്കർത്താവായി ദൈവം നിയോഗിച്ച മിർസാ ഗുലാം അഹ്മദ് (അ) ഉടൻ തന്നെ പരിത്യക്തനായി. മറ്റു മതസ്ഥർ മാത്രമല്ല അദ്ദേഹത്തെ നിഷേധിച്ചത്. ആരുടെ മതത്തിനുവേണ്ടിയാണോ അദ്ദേഹം അതിഗംഭീരമായും അപ്രതിരോധ്യമായും പോരാടിയത് ആ ജനത തന്നെ അഥവാ ഇന്ത്യയിലെ മുസ്‌ലിംകൾ തന്നെ അദ്ദേഹത്തെ അതിരൂക്ഷമായി നിഷേധിച്ചു.

അത് അദ്ദേഹത്തിന് ആത്മീയമായി ഒരു നവജന്മം നൽകി. അദ്ദേഹം ഏകനായി ലോകത്ത് വരികയും ഏകനായിക്കൊണ്ട് തന്നെ മതലോകത്ത് ഒരു പുതിയ ജീവിതത്തിന് തുടക്കം കുറിക്കുകയും ചെയ്തപ്പോൾ തന്റെ ചുറ്റുമുള്ളവരെല്ലാം അദ്ദേഹത്തെ ഉപേക്ഷിച്ചു. പക്ഷേ ദൈവം അദ്ദേഹത്തെ കൈവെടിഞ്ഞില്ല. ആ തീക്ഷ്ണമായ എതിർപ്പിന്റെ കാലഘട്ടങ്ങളിൽ ദൈവത്തിൽ നിന്നും അദ്ദേഹത്തിന് സഹായവും പിന്തുണയും വാഗ്ദാനം ചെയ്തുകൊണ്ട് പലവിധത്തിലുള്ള വെളിപാടുകളും ലഭിച്ചു. ഒരിക്കൽ അദ്ദേഹത്തിന് ഇങ്ങനെയൊരു വെളിപാടുണ്ടായി.

'ലോകത്ത് ഒരു താക്കീതുകാരൻ വന്നു. പക്ഷേ ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. പക്ഷേ ദൈവം അദ്ദേഹത്തെ സ്വീകരിക്കുകയും ശക്തിമത്തായ ദൃഷ്ടാന്തങ്ങളാൽ അദ്ദേഹത്തിന്റെ സത്യം ലോകത്ത് സ്ഥാപിക്കുകയും ചെയ്തു'.

'ഭൂമിയുടെ കോണുകളിലോളം ഞാൻ നിന്റെ സന്ദേശത്തെ എത്തിക്കും.'

എതിരാളികളുടെ കൈയ്യാലുള്ള രൂക്ഷമായ എതിർപ്പുകളെ തുടർന്ന് അദ്ദേഹം ഏകാകിയും തിരസ്കൃതനുമായിത്തീർന്നപ്പോൾ അദ്ദേഹത്തിന് സാന്ത്വനമായി ലഭിച്ച ആദ്യകാല വെളിപാടുകളായിരുന്നു ഇവ. നൂറുവർഷങ്ങൾക്കുശേഷം അദ്ദേഹത്തിന്റെ വാദങ്ങളേയും പ്രവചനങ്ങളേയും വെളിപാട് സത്യങ്ങളേയും പൂർണമായും പിന്തുണച്ചുകൊണ്ട് സാവകാശത്തിൽ ചിത്രങ്ങൾ തെളിഞ്ഞുവരാനാരംഭിച്ചു

ആ ഒരു മനുഷ്യനിൽ നിന്നും അത് ലോകത്തെ അഞ്ചു ഭൂഖണ്ഡങ്ങളിലുള്ള 134 രാജ്യങ്ങളിൽ ഒരു കോടിയായി വർദ്ധിച്ചിരിക്കുന്നു.* അദ്ദേഹത്തിന്റെ സന്ദേശങ്ങൾ ഭൂമിയുടെ കോണുകളോളം എത്തിക്കഴിഞ്ഞു. പടിഞ്ഞാറിന്റെ ഏറ്റവും അറ്റത്ത് നിന്നും കിഴക്കിന്റെ വിദൂര കോണുകളി

ലോളം അത് ചെന്നെത്തുകയുണ്ടായി. അമേരിക്കയിലും, യൂറോപ്പിലും ആഫ്രിക്കയിലും ഏഷ്യയിലും ശാന്ത സമുദ്രത്തിന്റെ തെക്കുകിഴക്കൻ ഭാഗത്തുള്ള ദ്വീപുകളായ ഫിജി, തുവാലു, സോളമൻ ദ്വീപുകൾ മുതലായ സ്ഥലങ്ങളിലും വാഗ്ദാനം ചെയ്യപ്പെട്ട സന്മാർഗ്ഗദർശകനായ വാഗ്ദത്ത മസീഹിന്റെ രണ്ടാം വരവായിക്കൊണ്ട് അദ്ദേഹത്തിന്റെ ആഗമനം സ്വീകരിക്കപ്പെട്ടു. അദ്ദേഹത്തിന്റെ അനുയായികൾ മഹാസാഗരങ്ങൾ പോലെയുള്ള ക്രിസ്തീയ ലോകവുമായി താരമത്യം ചെയ്യുമ്പോൾ കൊച്ചു ജലാശയമാണെന്ന് വിശേഷിപ്പിക്കുന്നതായിരിക്കും ഏറ്റവും നല്ലത്.

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)ന്റെ പ്രസ്ഥാനത്തിന്റെ സുദീർഘമായ നേട്ടങ്ങൾ വിവരിക്കാൻ ഇവിടെയുള്ള ഈ ചെറിയ സ്ഥലം മതിയാവുകയില്ല. പക്ഷേ ഒരു സുപ്രധാനമായ കാര്യം, ആധുനിക ലോകത്ത് മറ്റൊരു മതപ്രസ്ഥാനവും ഇത്രയും ശക്തമായ ചുവടുവെപ്പുകളോടെ ഇത്രവേഗം പുരോഗമിക്കുകയും വ്യാപിക്കുകയും ചെയ്തിട്ടില്ല. എന്ന വസ്തുത പ്രത്യേകം എടുത്തു പറയേണ്ടതുണ്ട്. മറിച്ച് ഒരു കൾട്ട് വിശ്വാസമോ ജനപ്രിയമായ മതഭ്രമമോ അല്ല. ഗൗരവാവഹമായ സന്ദേശമാണ്. തികഞ്ഞ അച്ചടക്കവും ഭഗീരഥ യത്നവും അതിന്റെ അനുയായികളിൽ നിന്ന് ആവശ്യപ്പെടുകയും ഉന്നതിയിലേക്ക് കുതിക്കൊള്ളുകയും ചെയ്യുന്നു ഒരു പ്രസ്ഥാനമാണത്. അതിന്റെ അനുയായികൾ ജീവിതത്തിലുടനീളം ചെയ്തു തീർക്കേണ്ട ഭാരിച്ച ഉത്തരവാദിത്തങ്ങൾ സ്വയം സ്വീകരിക്കുന്നു. ആദ്യകാല എസ്സീൻ** സമൂഹത്തെപ്പോലെ അവർ ഏറെക്കുറെ വിരക്ത ജീവിതമാണ് നയിക്കുന്നത്. ഹദ്റത്ത് മിർസാ ഗുലാം അഹ്മദിനെ വാഗ്ദത്ത മസീഹായി സ്വീകരിക്കുക എന്നത് വെറുതെ വിനോദത്തിനും ഉല്ലാസത്തിനും വേണ്ടിയുള്ളതല്ല. ജീവിതത്തിലുടനീളമുള്ള പ്രതിബദ്ധതയാണത്. ഈ സമൂഹത്തിൽ അംഗമാവുന്നതോടെ

---

* ആഗോളാടിസ്ഥാനത്തിലുള്ള കൂട്ടായ പ്രചാരണ പദ്ധതികളുടെ ഫലമായി ഇന്ന് അഹ്മദിയ്യാ ജമാഅത്ത് 181 രാജ്യങ്ങളിൽ പ്രചരിക്കുകയും അംഗസംഖ്യ ഏകദേശം 20 കോടിയോളമായി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. (വിവ:)

**** എസ്സീനികൾ:** യേശുവിന്റെ കാലത്ത് ഫലസ്തീനിലുണ്ടായിരുന്ന ഒരു യഹൂദസമൂഹം. ഏകദൈവവിശ്വാസികളും, സാത്വികരും, കർശനമായ മതജീവിതം നയിച്ചവരും ലൗകിക വിരക്തരുമായിരുന്നു എസ്സീനികൾ. കൃഷി, തേനീച്ച വളർത്തൽ, ആശാരിപ്പണി എന്നീ ജോലികൾ ചെയ്തിരുന്ന ഇവർ നഗരങ്ങളിൽ നിന്ന് അകന്നുകഴിയുകയും ശുഭ്രവസ്തങ്ങൾ ധരിക്കുകയും ചെയ്തിരുന്നു. ബൈബിളിൽ ഇവരെക്കുറിച്ച് യാതൊരു പരാമർശവുമില്ല. യേശുവിനെ വിശ്വസിക്കുകയും ശക്തമായി പിന്തുണക്കുകയും, സഹായിക്കുകയും ചെയ്ത എസ്സീനികളെ കുറിച്ച് ഖുർആൻ (62:15, 5:112) അനുസ്മരിക്കുന്നു. 'ഹവാരികൾ (ശുഭ്രവസ്തധാരികൾ) എന്നാണ് ഖുർആൻ അവരെ വിശേഷിപ്പിച്ചത്. ജൂതചരിത്രകാരന്മാരായജോസഫസ്, പ്ളിനി, ഫിലോ എന്നിവരുടെ കൃതികളിൽ എസ്സിനീകളെകുറിച്ച് പരാമർശമുണ്ട്. 1947ൽ ചാവുകടലിന്നഭിമുഖമായി നിന്ന ഖുംറാൻ താഴ്വരയിലെ ഗുഹകളിൽ നിന്നും കണ്ടെടുത്ത ചാവുകടൽ ചുരുളുകൾ എന്നറിയപ്പെടുന്ന തോൽചുരുളുകളിലെ ലിഖിതങ്ങളിൽ നിന്നാണ് ഈ മതസമൂഹത്തെപറ്റി ആധുനികലോകത്തിന് കൂടുതൽ അറിവു ലഭിച്ചത് (വിവ:)

അനഭിലഷണീയമായ ജീവിതാസ്വാദനങ്ങളെല്ലാം നിഷേധിക്കപ്പെടുന്നു. പക്ഷേ ലോകവിരക്തനായ പരിവ്രാജകനെപ്പോലെ ഒരു സന്യാസി ജീവിതമല്ല അത്. അഗാധമായ ബോദ്ധ്യങ്ങളോടെയുള്ള പ്രതിബദ്ധതയും സംതൃപ്തിയും ഹൃദയശാന്തിയും അവരെ കൂടുതൽ ത്യാഗ സന്നദ്ധരാക്കുകയും അത്യുന്നതമായ നിലവാരത്തിൽ സ്ഥിരചിത്തരായി നിർത്തുകയും ചെയ്യുന്നു. സാമ്പത്തിക ത്യാഗത്തിൽ തുല്യതയില്ലാത്ത ഒരു സമൂഹത്തെയാണ് അദ്ദേഹം സൃഷ്ടിച്ചത്. പരിശുദ്ധമായ ലക്ഷ്യത്തിന് വേണ്ടി ഈ സമൂഹത്തിലെ വരുമാനമുള്ള എല്ലാ അംഗങ്ങളും ചുരുങ്ങിയത് പതിനാറിലൊന്നു വീതം ദാനം ചെയ്യുന്നു. അവർ അനുഷ്ഠിക്കുന്ന നിസ്വാർത്ഥമായ ത്യാഗങ്ങളും അദ്ധ്വാനത്തിന്റെ അളവും ആരേയും അമ്പരപ്പിക്കുന്നതാണ്. ഇതെല്ലാം അവർ നിർവ്വഹിക്കുന്നത് അണുമാത്ര പോലും നിർബന്ധമില്ലാതെയാണ്. സാമ്പത്തികമായും ശാരീരികാദ്ധ്വാനം മുഖേനയും അവരവരുടെ പങ്ക് ദാനം ചെയ്യുമ്പോൾ അങ്ങനെ ചെയ്യാൻ സാധിച്ചതിൽ തങ്ങൾ ഭാഗ്യവാന്മാരായി എന്ന് അവർ കരുതുന്നു.

ഈ സമൂഹം അതിന്റെ സാമ്പത്തിക കാര്യങ്ങളിൽ പരിപൂർണ്ണമായും സ്വാശ്രയരാണ്. ഈ ആഗോള സാമ്പത്തിക ദാന വ്യവസ്ഥ കഴിഞ്ഞ നൂറ് കൊല്ലമായി യാതൊരു കളങ്കവുമില്ലാതെ ധാർമ്മിക ബദ്ധതയോടെ പ്രവർത്തിച്ചുവരുന്നു. ഇതാണ് പുറമെ നിന്നുള്ള യാതൊരു സ്വാധീനവും ബാധിക്കാതെ ഒരു നൂറ്റാണ്ടു കാലം ഈ പ്രസ്ഥാനം നിലനിന്നുവന്നതിന്റെ വിജയരഹസ്യം. അത് ഒരു പാർശ്വ വീക്ഷണം മാത്രമാണ്. മറ്റു വീക്ഷണ കോണിൽ ഈ പ്രസ്ഥാനത്തിലെ അംഗങ്ങളുടെ സ്വഭാവ ഗുണ നിലവാരം വീക്ഷിക്കുമ്പോൾ അത് സാമ്പത്തിക ത്യാഗത്തേക്കാൾ മികച്ചു നിൽക്കുന്നു. അവർ തങ്ങളുടെ ധാർമ്മികബോധത്താലും സമാധാനപൂർവ്വമായ സഹവർത്തിത്വത്തിലും പരസ്പരമുള്ള അഗാധ സ്നേഹത്തിലും മാനുഷിക മൂല്യങ്ങളോടുള്ള ഉത്ക്കടമായ ആദരവിലും ജീവിച്ചു വരുന്നു. നിയമവാഴ്ച്ചയോടുള്ള ആദരവിലും, മതമോ, വിശ്വാസപ്രമാണമോ, നിറമോ നോക്കാതെ അന്തസ്സാർന്ന മാനുഷിക ബന്ധങ്ങൾ പുലർത്തുന്നതിലും ഈ സമൂഹം ലോകത്തിന്റെ വർദ്ധിച്ച ആദരവ് നേടിയിരിക്കുന്നു.

നാം പറഞ്ഞു കൊണ്ടിരുന്ന വിഷയത്തിൽ നിന്നും യാതൊരു ബന്ധവുമില്ലാത്ത മറ്റൊരു പാതയിലേക്ക് നാം കാലെടുത്തുവെച്ചുവോ എന്ന് വായനക്കാരൻ സംശയിച്ചേക്കാം. അങ്ങനെ വിചാരിക്കുന്ന വായനക്കാരൻ ഒരു കാര്യം കാണാതെ പോവുന്നു എന്ന് ബഹുമാനപുരസ്സരം ചൂണ്ടിക്കാട്ടട്ടെ . ഫലം കൊണ്ട് വൃക്ഷത്തെ തിരിച്ചറിയുന്നു.1 എന്ന യേശുവിന്റെ അഗാധമായ ഉൾക്കാഴ്ചയോടെയുള്ള വചനത്തിന്റെ അടിസ്ഥാനത്തിൽ ഈ ചർച്ചയുടെ പ്രസക്തി കൂടുതൽ ബോദ്ധ്യമാകുമെന്ന് കരുതുന്നു.

## ക്രിസ്തുമതം ഇന്ന്

ആരെങ്കിലും ഇക്കാലത്ത് ഹദ്റത്ത് മിർസാ ഗുലാം അഹ്മദി (അ)ന്റെ വാദത്തിന്റെ വിശ്വാസ്യത അളക്കാൻ ഗൗരവതരമായ താല്പര്യം കാണിക്കുന്നുവെങ്കിൽ അത് അവർക്ക് ഏറ്റവും നല്ലതും വിശ്വസനീയവുമായ മാനദണ്ഡമാണ്. അളവുകോലിന്റെ അടിസ്ഥാനത്തിൽ യേശു ക്രിസ്തുവിന്റേ മാത്രമല്ല, ഇസ്ലാം മതത്തിന്റെ സ്ഥാപകരുടേയും പ്രവചന പ്രകാരം ആഗതരായ വാഗ്ദത്ത മസീഹ് അദ്ദേഹം തന്നെയാണോ എന്ന് വിധിക്കാവുന്നതാണ്. ഏത് വിധത്തിലുള്ള അനുയായികളേയാണ് അദ്ദേഹം ഉൽപാദിപ്പിച്ചതെന്നും ഒരു നൂറ്റാണ്ടു കാലയളവ് എന്താണ് അവരോട് ചെയ്യപ്പെട്ടതെന്നുമുള്ള കാര്യം കണ്ടെത്തുമ്പോൾ അത് വളരെ സഹായകരമായിരിക്കും. ക്രിസ്തുമതത്തിന്റെ ആദ്യ നൂറ്റാണ്ടുകളിൽ യേശുവിന്റെ അനുയായികൾക്ക് ലഭിച്ച അതേ പെരുമാറ്റമാണോ ഇവരോടും അനുവർത്തിക്കപ്പെട്ടത് എന്ന ചോദ്യമുയർന്നുവരുന്നതാണ്. വീണ്ടും ചോദ്യമുയരാം. അതായത് യേശുവിനേയും അദ്ദേഹത്തിന്റെ സമൂഹത്തേയും നശിപ്പിക്കുവാനും നിഷ്ക്കാസനം ചെയ്യാനും ശ്രമം നടന്നപ്പോൾ ദൈവത്തിന്റെ പെരുമാറ്റമെന്തായിരുന്നു? മർദ്ദകർക്ക് അനുകൂലമായാണോ അതല്ല വേട്ടയാടപ്പെട്ടുകൊണ്ടിരുന്ന ആ സമൂഹത്തിന്നനുകൂലമായാണോ ദൈവം പെരുമാറിയത്? ആദിമ ക്രിസ്ത്യാനികളെപ്പോലെ മിർസാ ഗുലാം അഹ്മദ് (അ) ന്റെ അനുയായികൾക്കും എല്ലാ പ്രതിസന്ധി ഘട്ടങ്ങളിലും ദൈവത്തിന്റെ പിന്തുണ ലഭിച്ചിട്ടില്ലായിരുന്നുവോ? അവർ എപ്പോഴെങ്കിലും കഠിനമായ പീഢനങ്ങൾക്ക് വിധേയമാകുകയാണെങ്കിൽ, തുണ്ടം തുണ്ടമായി ധൂളിക്കപ്പെട്ടു പോകുന്നതിനു പകരം അവർ മറ്റൊരിടത്ത് അതിനേക്കാൾ കൂടുതലായി പെരുകുകയാണുണ്ടായത്, അവർ കൂടുതൽ ശക്തിശാലികളായി കൂടുതൽ ബഹുമാനിതരായി. അത്തരത്തിലുള്ള ഒരു വാദിയുടെ വാദങ്ങൾ നിസ്സാരമായി തള്ളുവാൻ സാധ്യമല്ല. അത് ഒരു ഭ്രാന്തന്റെ ഗീർവാണ ജൽപനങ്ങളല്ല. ഒരു ദിവാസ്വപ്നക്കാരന്റെ വിഭ്രമാത്മകമായ അസംബന്ധ ഭാവനയുമല്ല. ക്രിസ്തുമതത്തിന് അതിന്റെ ആദ്യ നൂറ്റാണ്ടുകളിൽ കൈവരിക്കാൻ കഴിയാത്തയത്ര വിപുലമായ ഒരു ചക്രവാളത്തിൽ ഒരു യാഥാർത്ഥ്യമായിത്തീർന്ന അഹ്മദിയ്യത്തിനെ ഗൗരവപൂർവ്വം കാണേണ്ടിയിരിക്കുന്നു.

മസീഹ് ചരിത്രത്തിലെ ഒരു യാഥാർത്ഥ്യമായിരുന്നു. അദ്ദേഹം കെട്ടുകഥകളുടെ ഉൽപന്നമല്ല. ആദ്യതവണ ദൈവ പ്രേഷിതനായ ഒരു ദിവ്യനായകനായി വന്നതുപോലെ അദ്ദേഹത്തിന്റെ രണ്ടാം വരവും ഒരു യാഥാർത്ഥ്യമായിരുന്നു. കാര്യങ്ങളെല്ലാം ഇക്കാലത്തെ ജനങ്ങൾക്ക് വിട്ടിരിക്കുന്നു. അവർക്ക് ഏത് വേണമെങ്കിലും തിരഞ്ഞെടുക്കാം. അവരുടെ മതങ്ങളുടേയും , വിശ്വാസങ്ങളുടേയും പരിഷ്ക്കരണത്തിനു വേണ്ടി

1. വൃക്ഷം നന്നെങ്കിൽ ഫലം നന്നായിരിക്കും. വൃക്ഷം ചീത്തയെങ്കിൽ ഫലം ചീത്തയായിരിക്കും. വൃക്ഷത്തെ അറിയുന്നത് ഫലം കൊണ്ടാണല്ലോ. (മത്താ: 1:12:33)

വാഗ്ദാനം ചെയ്യപ്പെട്ട പരിഷ്ക്കർത്താവിനെപ്പറ്റി ഇതിഹാസങ്ങളുടേയും കെട്ടുകഥകളുടേയും ലോകത്ത് ജീവിച്ചുകൊണ്ട് അവരുടെ അനന്തമായ കാത്തിരിപ്പ് തുടരാം. അല്ലെങ്കിൽ ഈ ജീവിതത്തിന്റെ തീഷ്ണമായ യാഥാർത്ഥ്യങ്ങൾ സ്വീകരിക്കാം. ഒരു കാര്യം നാം സമ്മതിക്കേണ്ടതുണ്ട്. അതായത് ധാരാളം മതനേതാക്കന്മാർ സാധാരണ മനുഷ്യരുടെ സ്ഥാനത്ത് നിന്നും ദേവന്മാരുടെ പദവിയിലേക്ക് ഉയർത്തപ്പെട്ടിട്ടുണ്ട്. ധാരാളം സന്ദർഭങ്ങളിലായി മതപുരുഷന്മാർ ആകാശത്തേക്ക് ഉയർന്നു പോയിട്ടുണ്ടെന്നും വാനലോകത്ത് ഏതെങ്കിലുമൊരു നിഗൂഢ സ്ഥലത്ത് ഭൂമിയിലേക്കുള്ള രണ്ടാം സന്ദർശനത്തിനുവേണ്ടി കാത്തു നിൽക്കുകയാണെന്ന് സങ്കല്പിക്കപ്പെടുകയും ചെയ്യുന്നു. അത്തരം വിശ്വാസങ്ങളിൽ ഒന്ന് കൈക്കൊള്ളുകയും മറ്റുള്ളതിനെ തിരസ്കരിക്കുകയും ചെയ്യുന്നതിന് യുക്തിപരമായ കാരണങ്ങളില്ല. അതെല്ലാം കേവലം അവകാശ വാദങ്ങൾ മാത്രമാണ്. ശാസ്ത്രീയമോ യുക്തിസഹമോ ആയ യാതൊരു തെളിവും അതിന്റെ സത്യത തെളിയിക്കാൻ അവർക്ക് സമർപ്പിക്കാനില്ല. ഒന്നുകിൽ ആകാശരോഹണ കഥകളെല്ലാം വിശ്വസിക്കണം. അല്ലാത്ത പക്ഷം അവയൊന്നടങ്കം നിഷേധിക്കണം. അല്ലാതെ മറ്റൊരു വഴിയില്ല. ഇതായിരിക്കണം ഏറ്റവും സത്യസന്ധവും നീതിപൂർവ്വകവുമായ തീരുമാനം. എന്തായിരുന്നാലും ഒരു കാര്യം വളരെ തീർച്ചയാണ്. ഈ ഭൂമുഖത്ത് നിന്നും ഒരാൾ മരിച്ച് വേർപ്പെട്ടാൽ, അയാളെപ്പറ്റി അനുയായികൾ കരുതുന്നത് എന്തുതന്നെയാകട്ടെ, അത്തരം ആളുകൾ ഒരിക്കലും ഭൂമിയിൽ തിരിച്ചു വന്നതായി മാനവ ചരിത്രത്തിൽ കാണാൻ സാധ്യമല്ല. മറ്റൊരു കാര്യം കൂടി വളരെ വ്യക്തമാണ്. ദേവ പദവിയലേക്കുയർത്തപ്പെട്ടവരും, ദൈവത്തിന്റെ പങ്കാളിയാക്കി മാറ്റപ്പെട്ടവരുമായ എല്ലാ ദിവ്യന്മാരും ആത്മീയ പുരുഷന്മാരും അവരുടെ ജീവിതം സാധാരണക്കാരായ മനുഷ്യരെപോലെ തന്നെയാണ് ആരംഭിച്ചത്. മരണം വരെ അവർ സാധാരണക്കാരായി ജീവിക്കുകയും ചെയ്തു. അവരുടെ അനുയായികളാണ് പിന്നീട് അവരെ ദൈവങ്ങളാക്കി മാറ്റിയത്. പക്ഷേ ഓർക്കുക, അവരാരും തന്നെ പ്രകൃതിയുടെ നടത്തിപ്പിൽ തങ്ങളുടെ പങ്ക് എന്താണെന്ന് പ്രകടിപ്പിച്ചിട്ടില്ല. പ്രകൃതി നിയമങ്ങളുടെ നടത്തിപ്പിന്നു പിന്നിൽ ഒരു കരം മാത്രമേ എപ്പോഴും നമുക്ക് കാണാൻ കഴിയുന്നുള്ളൂ. പ്രകൃതി നിയമങ്ങളുടെ എല്ലാ തലങ്ങളിലും ആകാശ ദർപ്പണത്തിലും ഒരു ദൈവത്തിന്റെ മുഖം മാത്രമേ പ്രതിഫലിപ്പിക്കുന്നുള്ളൂ. ഏകനായ ഒരേയൊരു ദൈവത്തിന്റെ മുഖം മാത്രം. വിശുദ്ധ ഖുർആൻ പറയുന്നു:

وَقَالُوا اتَّخَذَ الرَّحْمٰنُ وَلَدًا ﴿٨٨﴾ لَقَدْ جِئْتُمْ شَيْئًا إِدًّا ﴿٨٩﴾ تَكَادُ السَّمٰوٰتُ يَتَفَطَّرْنَ مِنْهُ وَ
تَنْشَقُّ الْأَرْضُ وَتَخِرُّ الْجِبَالُ هَدًّا ﴿٩٠﴾ أَنْ دَعَوْا لِلرَّحْمٰنِ وَلَدًا ﴿٩١﴾ وَمَا يَنْبَغِي لِلرَّحْمٰنِ
أَنْ يَتَّخِذَ وَلَدًا ﴿٩٢﴾

## ക്രിസ്തുമതം ഇന്ന്

“പരമ കാരുണികൻ ഒരു പുത്രനെ സ്വീകരിച്ചിരിക്കുന്നു എന്ന് അവർ പറയുന്നു. തീർച്ചയായും നിങ്ങൾ ഒരു ഭയങ്കര നിഷിദ്ധ കൃത്യം ചെയ്തിരിക്കുന്നു. അതിനാൽ ആകാശങ്ങൾ പൊട്ടിക്കീറുകയും ഭൂമി പിളർന്നു പോവുകയും പർവ്വതങ്ങൾ തകർന്നു വീഴുകയും ചെയ്തേക്കാം, പരമ കാരുണികന് ഒരു പുത്രനുണ്ടെന്ന് അവർ വാദിച്ച കാരണത്താൽ. ഒരു പുത്രനെ സ്വീകരിക്കുകയെന്നത് പരമകാരുണികന് ഒട്ടും ഭൂഷണമല്ല” (19:89-93)

## ഉപസംഹാരം

നമ്മുടെ ഇതുവരെയുള്ള അന്വേഷണത്തോട് നാം മതിയായ രീതിയിൽ നീതി പുലർത്തി എന്നു വിശ്വസിക്കുന്നു. വിഷയം ഇവിടെ വെച്ച് നിർത്തുന്നതിന് മുമ്പായി ക്രിസ്തീയ ലോകത്തോട് അത്യന്തം ഹൃദയസ്പൃക്കായി ഞങ്ങൾക്ക് അഭ്യർത്ഥിക്കാനുള്ളത്, നിങ്ങളുടെ വിശ്വാസങ്ങൾ തീർത്ത ദന്തഗോപുരങ്ങളിൽ നിന്ന് ജീവിതത്തിന്റെ തിക്ത യാഥാർത്ഥ്യങ്ങളിലേക്ക് ഇറങ്ങിവരണമെന്നാണ്.

യേശു ക്രിസ്തു അദ്ദേഹത്തിന്റെ കാലഘട്ടത്തിലെ പരിപൂർണ മനുഷ്യനാണ്. മനുഷ്യനിൽ കവിഞ്ഞ് അദ്ദേഹം ആരുമല്ല. മസീഹ് എന്ന് അഭിധാനമുള്ള ദൈവത്തിന്റെ വിശിഷ്ടനായ ഒരു പ്രവാചകൻ എന്ന സ്ഥാനത്ത് അദ്ദേഹം എത്തിച്ചേർന്നു. മോസസിന്റെ കാലം മുതൽ അദ്ദേഹത്തിന്റെ ആഗമനം വരെയുള്ള പ്രവാചക പരമ്പരകളിൽ ഈ സ്ഥാനം അദ്ദേഹത്തെ അതുല്യനാക്കി.

എല്ലാ പ്രവാചകന്മാരും തീർച്ചയായും പ്രയാസകരമായ ദൗത്യമാണ് നിർവ്വഹിച്ചത്. തിന്മയിൽ മുഴുകിയ ജനസമൂഹങ്ങൾക്കിടയിൽ അവർ പരിഷ്ക്കരണങ്ങൾ കൊണ്ടുവന്നു. യേശുവിന്റെ കാര്യത്തിൽ ഈ ദൗത്യം വളരെ പ്രയാസകരമായിരുന്നു. കാരണം അദ്ദേഹം സമൂഹത്തിന്റെ പൊതുവായ തിന്മകൾക്കെതിരായി മാത്രമല്ല പോരാടിയത്. അദ്ദേഹത്തിന് യഹൂദന്മാരുടെ പെരുമാറ്റത്തിൽ നാടകീയവും വിപ്ലവകരവുമായ ഒരു പരിവർത്തനം കൊണ്ടുവരേണ്ടതുണ്ടായിരുന്നു.

എല്ലാ മതാനുയായികളും കാലഘട്ടങ്ങൾ കഴിയുമ്പോൾ സത്യപാതയിൽ നിന്നും ക്രമേണ വ്യതിചലിക്കുകയും തിന്മയുടെ ഊഷര ഭൂമിയിൽ അലയുകയും ചെയ്യുന്നു. ഇതു തന്നെയാണ് ജൂത സമൂഹത്തിലും സംഭവിച്ചത്. യേശുവിന്റെ ആഗമന കാലത്ത് അവർ യഥാർത്ഥത്തിൽ ആത്മീയമായി മൃതിയടഞ്ഞിരുന്നു. ദിവ്യ ജീവിതത്തിന്റെ ജീവജലം വറ്റി വരണ്ടു. മൃതപ്പെട്ടു. കല്ലിന് സമാനമായ ഹൃദയം ബാക്കിയായി. അവരെ ജീവനുള്ളവരാക്കി മാറ്റുവാനും അവരുടെ ഹൃദയങ്ങളെ സ്പന്ദിപ്പിക്കുവാനും മനുഷ്യകാരുണ്യത്തിന്റെ നീരുറവ നിർഗമിപ്പിക്കാനുമുള്ള ദിവ്യ ദൗത്യം യേശു ക്രിസ്തുവിൽ അർപ്പിതമായി. ഇതായിരുന്നു യേശു ക്രിസ്

തു ചെയ്ത അത്ഭുത കൃത്യം. അതിലായിരുന്നു അദ്ദേഹത്തിന്റെ മഹത്വം.

ഇപ്പോൾ മുസ്ലിം ലോകവും ക്രൈസ്തവ ലോകവും ഒരുപോലെ ക്രിസ്തുവിന്റെ വരവും പ്രതീക്ഷിച്ചിരിക്കുകയാണ്. വരാനിരിക്കുന്ന യേശുവിന് സ്വഭാവത്തിലും ദൗത്യനിർവ്വഹണത്തിലും മാത്രമാണ് സാമ്യതയുള്ളതെന്ന കാര്യം അവർ തീർച്ചയായും മറക്കരുത്. ഏതു വിധത്തിലായാലും ഇസ്ലാം മതസ്ഥാപകനായ മുഹമ്മദ് നബി (സ) യുടെ പ്രവചനങ്ങളുടെ അടിസ്ഥാനത്തിൽ ഈ രണ്ടാം വരവ് മുസ്ലിം ലോകത്താണ് സംഭവിക്കുക. ക്രിസ്ത്യാനികൾക്കിടയിലല്ല. എങ്കിലും അദ്ദേഹം കൊണ്ടുവരേണ്ടിയിരുന്ന അത്ഭുതങ്ങളെല്ലാം ഒന്നുതന്നെയായിരിക്കുകയും വേണം. പക്ഷേ, ഈ രണ്ടാം വരവിൽ അവസാനകാലത്തെ മുസ്ലിംകളുടെ ഹൃദയമായിരുന്നു അദ്ദേഹത്തിന് മാറ്റിയെടുക്കേണ്ടത്. അദ്ദേഹത്തിന്റെ രണ്ടാം വരവിനെപ്പറ്റിയുള്ള ഈ പാഠങ്ങൾ തിരുനബി (സ) യുടെ മറ്റു പ്രവചനങ്ങൾ പൂർണ്ണമായും പിന്തുണക്കുന്നു. മുസ്ലിംകളുടെ അവസാന കാലത്തുള്ള അവസ്ഥ യഹൂദികളുടെ ജീർണകാലത്തുള്ള അവസ്ഥക്ക് തുല്യമായിരിക്കുമെന്ന് തിരുനബി (സ) ദീർഘദർശനം ചെയ്തിട്ടുണ്ട്. എങ്ങനെയെന്നാൽ ഒരു ജോടി പാദുകങ്ങൾ പരസ്പരം തുല്യമായിരിക്കുന്ന രീതിയിൽ അവർ തമ്മിൽ സാമ്യതയുണ്ടായിരിക്കുമെന്നാണ് പ്രവചനം.

രോഗം തുല്യമായതിനാൽ ചികിത്സയും അതുപോലെ തുല്യമായിരിക്കണം. മസീഹ് അതേ എളിമയിൽ ലോകത്ത് വീണ്ടും അവതരിക്കുകയുണ്ടായി. അതേ വ്യക്തിയായിക്കൊണ്ടല്ല. മറിച്ച് ചൈതന്യത്തിലും സ്വഭാവത്തിലും സദൃശ്യനായിക്കൊണ്ടാണ്. അത്തരം ആത്മീയ വിപ്ലവകാരികൾ അങ്ങേയറ്റം എളിമത്വത്തിലും അവഗണിതാവസ്ഥയിലും ജന്മം കൊള്ളുകയും താഴ്മയോടുകൂടിയ ജീവിതം നയിക്കുകയും ചെയ്യുന്നു. അദ്ധ്യാത്മികമായ അവരുടെ പുനരവതരണം ആദ്യത്തേത് പോലെ അതേ അവസ്ഥയിലായിരിക്കും. അതുപോലെ അവരോടു അതേ നിഷ്ഠൂരതയോടും മുൻവിധിയോടും ഭ്രാന്തമായ വിദ്വേഷത്തോടും പെരുമാറപ്പെടുകയും ചെയ്യുന്നു. വീണ്ടും വരുമെന്ന് വാഗ്ദാനം ചെയ്യപ്പെട്ടവർ എന്ന നിലക്ക് ഈ യഥാർത്ഥ പ്രതിനിധികളെയും ലോകം എളുപ്പത്തിൽ തിരിച്ചറിയുന്നില്ല.

ക്രിസ്തുവിന്റെ അവതരണ കാലത്ത് യഹൂദികളുടെ കരങ്ങളാൽ അദ്ദേഹത്തിന് എന്തെല്ലാം സഹിക്കേണ്ടിവന്നുവോ അതെല്ലാം രണ്ടാമത്തെ മസീഹിന്റെ വരവിലും ആവർത്തിക്കപ്പെട്ടു. പക്ഷേ, ഇത്തവണ അദ്ദേഹത്തെ പ്രതീക്ഷിച്ചിരുന്ന മുസ്ലിംകളുടെയും ക്രിസ്ത്യാനികളുടെയും കൈകൾ കൊണ്ടാണ് അദ്ദേഹം പീഡിപ്പിക്കപ്പെട്ടത്. ഇത്തവണ ആഗതനായപ്പോ വികലവും അയഥാർത്ഥവുമായ അതേ പ്രതീക്ഷകളായിരുന്നു അദ്ദേഹം അയക്കപ്പെട്ട ജനതയും വെച്ചു പുലർത്തിയിരുന്നത്. അതേ സാങ്കല്പിക ലക്ഷ്യങ്ങൾ അദ്ദേഹം നേടുമെന്നായിരുന്നു അവർ

കരുതിയിരുന്നത്. അതേ രീതിയിലുള്ള ദൗത്യ നിർവ്വഹണവും നേട്ടങ്ങളും ഭൂമിയിൽ കൈവരിക്കണമെന്ന് രണ്ടാം വരവ് കാലത്ത് യഹൂദികളെപ്പോലെ മുസ്‌ലിംകളും പ്രതീക്ഷ വെച്ചു പുലർത്തി. ഈ രീതിയിൽ ചരിത്രം പുനരാവർത്തിക്കപ്പെടുകയായിരുന്നു.

ഈ ചരിത്രം അവലോകനം ചെയ്യുമ്പോൾ യഹൂദികൾക്ക് അവരുടെ മസീഹിനെ തിരിച്ചറിയുന്നതിൽ വന്നു ഭവിച്ച പിഴവുകൾ എളുപ്പത്തിൽ ഗ്രഹിക്കാനും ആ ദുരന്തത്തിൽ നിന്നും പാഠങ്ങൾ ഉൾക്കൊള്ളാനും നമുക്ക് സാധിക്കുന്നു. വിശുദ്ധ പുസ്തകത്തിലെ പ്രതിപാദനങ്ങൾ അക്ഷരാർത്ഥത്തിൽ പുലരണമെന്ന ശാഠ്യമാണ് അവരെ വഴിപിഴപ്പിച്ചത്. ഇതെല്ലാം നാം ചർച്ച ചെയ്തുകഴിഞ്ഞു. ഈ സുപ്രധാന കാര്യം ഊന്നിപ്പറയാൻ നാം വീണ്ടും അത് സൂചിപ്പിക്കുകയാണ്. ജനങ്ങൾ പ്രതീക്ഷിക്കുന്ന മതപുരുഷന്മാരുടെ കാലത്ത് എപ്പോഴും സംഭവിച്ചിട്ടുള്ളത് അതാണ്. അവരെ തിരിച്ചറിയേണ്ടുന്ന അടയാളങ്ങളെ തെറ്റായി പാരായണം ചെയ്യുകയും തെറ്റിദ്ധരിക്കുകയും ചെയ്യുന്നത് കൊണ്ടാണ് ഇത് സംഭവിക്കുന്നത്. യാഥാർത്ഥ്യങ്ങളെ അത് മിഥ്യയാക്കി മാറ്റുന്നു. അലങ്കാരോക്തികളെ അക്ഷരാർത്ഥത്തിൽ എടുക്കുകയും ചെയ്യുന്നു.

മസീഹിന്റെ രണ്ടാം വരവ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) യിൽ പൂർത്തിയായപ്പോൾ ഏറെക്കുറെ യേശുവിന്റെ കാലത്ത് അരങ്ങേറിയ അതേ ചരിത്രം തന്നെയാണ് ആവർത്തിക്കപ്പെട്ടത്. യഹൂദികൾ കാത്തിരുന്ന ഏലിയാ പ്രവാചകൻ ആകാശത്ത് നിന്നും ഇറങ്ങിവരുമെന്ന് ക്രിസ്തുവിന്റെ കാലത്തെ യഹൂദികൾ പ്രതീക്ഷാപൂർവ്വം കാത്തിരുന്നു. അതുപോലെ മസീഹ് സ്വയം ആകാശത്തുനിന്നും ഇറങ്ങിവരുമെന്ന് ഇക്കൂട്ടരും കാത്തിരിക്കുന്നു.

യഹൂദരെ സംബന്ധിച്ചിടത്തോളം മസീഹ് പൂർണ്ണ മഹത്വം കൊണ്ടുവരുമെന്ന് അവർ പ്രതീക്ഷിച്ചിരുന്നു. അന്നത്തെ അവരുടെ റോമൻ മേധാവികൾക്ക് മീതെ മസീഹ് അവരെ അധിപരാക്കുമെന്ന് അവർ കരുതി. ഈ പ്രതീക്ഷകളെല്ലാം നസറേത്തുകാരനായ യേശു തകർത്തെറിഞ്ഞു. ഒടുവിൽ അദ്ദേഹം പ്രത്യക്ഷനായപ്പോൾ നൂറ്റാണ്ടുകളായി യഹൂദ ജനത നെഞ്ചിലേറ്റി നടക്കുകയും പ്രതീക്ഷാ പൂർവ്വം ആഹ്ലാദിക്കുകയും ചെയ്ത മസീഹിനെക്കുറിച്ചുള്ള സങ്കൽപ്പങ്ങൾ യാഥാർത്ഥ്യവുമായി യാതൊരു ബന്ധവും ഇല്ലാത്തതായി കലാശിച്ചു.

യേശുക്രിസ്തുവിന്റെ ആഗമനവും മിർസാ ഗുലാം അഹ്മദ് ഖാദിയാനിയുടെ ആഗമനവുമായി ബന്ധപ്പെട്ട സംഗതികളിൽ അനിഷേധ്യമായ സാമ്യതയാണുള്ളത്. ഇരുവരുടേയും ശത്രുക്കളുടെ സമീപനം ഒരുപോലെയായിരുന്നു, പേരുമാത്രമേ വ്യത്യസ്തമായിട്ടുള്ളൂ. മുസ്‌ലിംകളുടെയും ക്രിസ്ത്യാനികളുടെയും മുഖ്യധാരാ സമൂഹം യേശുവിന്റെ കാലത്തെ യഹൂദികളുടെതിനു തുല്യമായിരുന്നു. അവരുടെ എതിർപ്പുകൾക്ക് സാമ്യതയുണ്ട്. അവരുടെ നിഷേധ ന്യായങ്ങൾക്കും സാമ്യത

യുണ്ട്. എങ്കിലും ഈ എളിയവനായ മനുഷ്യന് ദൈവം യേശുവിന് നൽകിയതിനേക്കാൾ മഹത്തായ ദൃഷ്ടാന്തങ്ങൾ നൽകി സഹായിക്കുകയും അദ്ദേഹത്തിന്റെ സന്ദേശം എല്ലാ ഭൂഖണ്ഡങ്ങളിലും ദ്രുതഗതിയിൽ വ്യാപിക്കുകയും എല്ലാ ദേശങ്ങളിലും പ്രചരിക്കുകയും ചെയ്തു. വസ്തുതകളെല്ലാം സ്വയം സംസാരിക്കുന്നതാണ്. പക്ഷേ ഇതെല്ലാം ചിന്തിക്കുന്നവർക്ക് മാത്രമേ ഗ്രഹിക്കാൻ സാധിക്കൂ. കാലം കഴിയുംതോറും ഈ വസ്തുതകൾ കൂടുതൽ കൂടുതൽ വ്യക്തമായി വരുന്നു. പക്ഷേ, ബുദ്ധിപൂർവ്വം നിരീക്ഷിക്കുന്നവർക്കേ കാര്യങ്ങൾ മനസ്സിലാവുകയുള്ളൂ. അതിലുപരിയായി സമകാലീന ലോകത്തെ മുസ്‌ലിംകളുടേയും ക്രിസ്ത്യാനികളുടേയും യഹൂദ സമാനമായ ഇത്തരം സമീപനത്തിന്റെ പരിപ്രേക്ഷ്യത്തിൽ അവർക്കുള്ള മസീഹി സന്ദേശത്തിലും മാറ്റമില്ല. പക്ഷേ കണ്ണുകൾ അതിനുനേരെ അടച്ചിടാത്തവർ മാത്രമാണ് കാര്യങ്ങൾ ഗ്രഹിക്കുക.

നമുക്ക് അവസാനിപ്പിക്കാം, നൂറ്റാണ്ടുകളായി മസീഹിന്റെ രണ്ടാം വരവ് കാത്തിരിക്കുന്ന ക്രിസ്ത്യാനികളും മുസ്‌ലിംകളുമായവരെ ഉണർത്തിക്കൊണ്ട് ദൈവ നിയുക്തനായ മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) പറഞ്ഞ പ്രവചനാത്മകമായ ഒരു പ്രഖ്യാപനം കേൾക്കുക.

**"വാഗ്ദത്ത മസീഹിന്റെ ആകാശത്തു നിന്നുള്ള ഇറക്കം വെറും ഒരു വ്യാമോഹം മാത്രമാണ്. ആകാശത്ത് നിന്നും ആരും തന്നെ ഇറങ്ങി വരുന്നതല്ലെന്നു നല്ലവണ്ണം ധരിച്ചു കൊൾവിൻ. ഇന്നു ജീവിച്ചിരിക്കുന്ന എന്റെ എല്ലാ എതിരാളികളും മരിച്ചൊടുങ്ങും. എന്നാലവർക്കു ആകാശത്ത് നിന്ന് മറിയമിന്റെ മകൻ യേശു (ഇബ്നുമറിയം) ഇറങ്ങി വരുന്നതായി കാണാൻ സാധിക്കുന്നതല്ല. അതിനു ശേഷം അവരുടെ സന്താനങ്ങളും മർയമിന്റെ പുത്രൻ ഈസാ ഇറങ്ങുന്നതായി കാണാതെ മരണമടയുകയും പിന്നെ ആ സന്തതികളുടെ സന്താനങ്ങളും ഈസാനബിയെ കാണാതെ നിരാശരായി മരണമടയുന്നതാണ്. അപ്പോൾ അല്ലാഹു അവരുടെ ഹൃദയങ്ങളിൽ ഭയവും പരിഭ്രമവും ഇറക്കും. കാരണം അന്നു കുരിശിന്റെ മേധാവിത്വകാലം കഴിഞ്ഞുപോകുകയും ലോകം ഒരു നവീന ഘട്ടത്തിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ടായിരിക്കും. എന്നാലും മറിയമിന്റെ പുത്രൻ ഈസാ അതുവരെയും ഇറങ്ങിവന്നിരിക്കുകയില്ല. തദവസരത്തിൽ ചിന്താശീലർ ഇത്തരം വിശ്വാസത്തെ പാടേ വെറുത്തു തുടങ്ങും. അങ്ങനെ ഇന്നു മുതൽ മൂന്നു നൂറ്റാണ്ടു പൂർണ്ണമാവുന്നതിനു മുമ്പായി ഈസായെ കാത്തിരിക്കുന്നവർ മുസ്‌ലിംകളാവട്ടെ, ക്രിസ്ത്യാനികളാവട്ടെ എല്ലാവരും അദ്ദേഹത്തിന്റെ വരവിനെക്കുറിച്ച് നിരാശപ്പെടുകയും മനം മടുത്ത് ഈ വിശ്വാസം പരിത്യജിക്കുകയും ചെയ്യും." (തദ്കിറത്തുശ്ശഹാദതൈൻ പേജ്: 67) ***

ഒരു പുതിയ തലമുറ ജനിക്കുന്നത് വരെ നിങ്ങളും ഈ കാത്തിരിപ്പ് തുടരുമായിരിക്കാം. ആ തലമുറയും അവരുടെ അവധി കഴിഞ്ഞാൽ നിഷ്ക്രമിക്കുകയും മറ്റൊരു തലമുറ രംഗപ്രവേശം ചെയ്യുകയും ചെയ്യും. ഈ കാത്തിരിപ്പും അവസാനകാലം വരെ തുടരും. പക്ഷേ യേശു സശരീരം ആകാശത്ത് നിന്നും ഇറങ്ങി വരുന്നത് ആർക്കും കാണാൻ സാധ്യമല്ല. യേശുവിനോട് രണ്ടാമതും ഭൂമിയിൽ വരണമെന്ന് എത്ര കെഞ്ചി യാചിച്ചാലും അവരുടെ സ്വപ്നങ്ങൾ ഒരിക്കലും പൂവണിയില്ല. യഹൂദന്മാർ മൂവായിരം വർഷങ്ങൾക്ക് മുമ്പ് പണിത വിലപിക്കുന്ന ഭിത്തിയെപ്പോലെ ഒരെണ്ണം പണിത് ആ ഭിത്തിയിൽ അവർ തലയിട്ടടിച്ചാലും ആ സ്വപ്നങ്ങൾക്ക് സാക്ഷാൽക്കാരമുണ്ടാവില്ല. യഹൂദികളുടെ കാര്യത്തിൽ സംഭവിച്ചതെല്ലാം വീണ്ടും സംഭവിക്കുന്നതാണ്. വിലാപങ്ങളും സ്വയം പീഡകളും നടത്തിയാലും ശരി മസീഹ് ഇറങ്ങിവരുന്നത് അവർ കാണില്ല. തലമുറകൾക്ക് ശേഷം തലമുറകൾ കാത്തിരുന്നാലും ശരി. ഒരിക്കലും അവസാനിക്കാത്ത നിതാന്ത നിരാശയും ശൂന്യതയുമല്ലാതെ യേശുവിനെക്കുറിച്ചുള്ള ഭാവി പ്രതീക്ഷകൾ അവർക്കൊന്നും തന്നെ സമ്മാനിക്കില്ല. നിശ്ചയമായും അത് തികച്ചും ശൂന്യമായ ഒരു ദർശനമാകുന്നു.

തിരുനബിയുടെ അവതാരരോദ്ദേശ്യത്തെക്കുറിച്ച് പറയുന്ന വിശുദ്ധ ഖുർആൻ യേശു ദൈവത്തിന്റെ യഥാർത്ഥത്തിലുള്ള ജഡിക പുത്രനാണെന്ന് കരുതുന്ന ക്രിസ്ത്യാനികളോട് താക്കീതായി പറഞ്ഞ ഒരു വചനം ഉദ്ധരിച്ചുകൊണ്ട് ഈ ചർച്ച ഇവിടെ അവസാനിപ്പിക്കാം.

وَيُنذِرَ الَّذِينَ قَالُوا اتَّخَذَ اللَّهُ وَلَدًا ۝ مَّا لَهُم بِهِ مِنْ عِلْمٍ وَلَا لِآبَائِهِمْ ۚ كَبُرَتْ
كَلِمَةً تَخْرُجُ مِنْ أَفْوَاهِهِمْ ۚ إِن يَقُولُونَ إِلَّا كَذِبًا ۝

**"അല്ലാഹു തനിക്കായി ഒരു പുത്രനെ സ്വീകരിച്ചിരിക്കുന്നുവെന്നു പറയുന്നവർക്ക് മുന്നറിയിപ്പ് നൽകുന്നതിനുവേണ്ടിയാണ് (ഈ ഗ്രന്ഥം ഇറക്കിയിരിക്കുന്നത്). അവർക്കോ അവരുടെ പിതാക്കൾക്കോ അത് സംബന്ധിച്ച് യാതൊരറിവുമില്ല. അവരുടെ വായ്കളിൽ നിന്നും പുറപ്പെടുന്ന വാക്ക് ഗുരുതരമായതാണ്. കള്ളമല്ലാതെ അവർ പറയുന്നില്ല'. (18:5,6).**

* റൂഹാനി ഖസായീൻ (വാള്യം 20)

# അനുബന്ധം I

**'മർഹമെ ഈസ'** എന്ന ഔഷധത്തെപറ്റി പ്രതിപാദിച്ച പുസ്തകങ്ങളിൽ ചിലതിന്റെ പേരുകളാണ് താഴെ കൊടുത്തിട്ടുള്ളത്. യേശുവിന്റെ ശരീരത്തിലെ ക്ഷതത്തിന് ചികിത്സിക്കാൻ തയ്യാർ ചെയ്ത മരുന്നാണ് മർഹമെ ഈസാ. ആയിരത്തിലധികം ഗ്രന്ഥങ്ങളിൽ ഈ ഔഷധത്തെ പറ്റി പ്രതിപാദനമുണ്ട്.

**ഖാനൂൻ** - ശേഖൂർ റയീസ് ബു അലി സീനാ, വാല്യം 3, ഭാഗം 133

**ശറഹ്ഖാനൂൻ** - അല്ലാമാ കുത്ബുദ്ദീൻ ശീറാസി, വാല്യം 3.

**കാമിലുസ്സനാഅഃ** - അലിബിൻ അൽ അബ്ബാസ് അൽ മജൂസി, വാല്യം 3, ഭാഗം 602.

**കിതാബ് മജ്മുഅയെ ബഖായി** - മഹ്മൂദ് മുഹമ്മദ് ഇസ്മായിൽ, മുഖാത്തിബ് അസ് ഖാക്കാൻഖിതാബ് പിദർ മുഹമ്മദ് ബഖാ ഖാൻ, വാല്യം 2, ഭാഗം 497.

**കിതാബ് തദ്ക്കിറയെ ഉലിൽ അൽബാബ്** - ശേഖ്ദാവുദ്ദൽരീർ അൽ അന്താക്കീ, ഭാഗം 303.

**ഖറാബാദീനെ റൂമി** - യേശുവിന്നുശേഷം തൊട്ടടുത്ത കാലത്ത് രചിക്കപ്പെട്ടതും മാമുൻഅർറശീദിന്റെ ഭരണകാലത്ത് അറബിയിൽ വിവർത്തനം ചെയ്യപ്പെട്ടതുമാണിത്. ചർമ്മരോഗങ്ങൾ എന്ന ഭാഗം നോക്കുക.

**ഉംദത്തുൽ മുഹ്താജ്** - അഹ്മദ് ബിൻ ഹസൻ അർറാസിദി അൽഹകീം. നൂറോളം, ഒരുപക്ഷേ നൂറിലധികം തന്നെ പുസ്തകങ്ങളിൽ നിന്ന ''മർഹമെ ഇസാ"യും മറ്റു കൂട്ടുമരുന്നുകളും സംബന്ധിച്ച വിവരണങ്ങൾ ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്. ഈ പുസ്തകങ്ങളെല്ലാം ഫ്രഞ്ച് ഭാഷയിലുള്ളതുമാണ്.

**ഖറാബാദീൻ** - (പേർസ്യൻ) ഹകീം മുഹമ്മദ് അക്ബർ അറസാനീ- ചർമ്മരോഗങ്ങൾ.

**ശിഫാ ഉൽ അസ്ഖാം** - വാല്യം 2, ഭാഗം 230.

**മിർഅത്തുശ്ശിഫാ** - ഹക്കീം നാഥോഷാ (കൈയ്യെഴുത്തു രേഖ), - ചർമ്മരോഗങ്ങൾ

**സഖീറയെ ഖ്വാർസം ശാഹി** - ചർമ്മരോഗങ്ങൾ

**ശറങ് ഖാനൂൻ ജീലാനി** - വാല്യം 3

**ശറഹ് ഖാനൂൻ ഖർശീ** - വാല്യം 3

**ഖറാബാദീൻ** - ഉൽവീഖാൻ; ചർമ്മരോഗങ്ങൾ

**ഇലാജുൽ അംറാസ്** - ഹക്കീം മുഹമ്മദ് ശരീഫ്ഖാൻ സാഹിബ്, ഭാഗം 893.

**ഖറാബാദീൻ, (യൂനാനി)** - ചർമ്മരോഗങ്ങൾ

**തുഹ്ഫത്തുൽ മുഅ്മിനീൻ** - മഖ്സനുൽ അദവിയയുടെ മാർജിനിൽ, ഭാഗം 713.

**മുഹീത് ഫീ തിബ്ബ്** - ഭാഗം 367

**ഇക്സീറെ അഅ്സം** - വാല്യം 4, ഹക്കീം മുഹമ്മദ് അഅ്സംഖാൻ സാഹിബ്, അൽമുഖാത്തബ് ബനാസിമെ ജഹാൻ, ഭാഗം331

**ഖറാബാദീൻ മഅ്സൂമി** - മഅ്സും ബിൻ കരീമുദ്ദീൻ അൽശുസ്ത്രി ശീറാസി.

**ഉജാലയെ നാഫിയ** - മുഹമ്മദ് ശരീഫ് ദഹ്‌ലവി, ഭാഗം 410.

**തിബ്ബെ ശിബ്രീ** (ലവാമിഅ് ശിബ്രിയ എന്നും പേരുണ്ട്) - സയ്യിദ് ഹുസൈൻ ശിബ്ർ കാസിമി, ഭാഗം 471)

**മഖ്സനെ സുലൈമാനി** (ഇക്സീർ അറബി എന്ന ഗ്രന്ഥത്തിന്റെ വിവർത്തനം) - മുഹമ്മദ് ശംസുദ്ദീൻ സാഹിബ് ഭാവൽപുരി, ഭാഗം 599.

**ശിഫാഉൽ അംറാസ്** - മൗലാനാ അൽ ഹക്കീം മുഹമ്മദ് നൂർ കരീം, ഭാഗം 282.

**കിതാബ് അത്തിബ്ബ് ദാറാശക്കോഹി** - നൂറുദ്ദീൻ മുഹമ്മദ് അബ്ദുൽ ഹക്കീം ഐനുൽമുൽക്ക് അശ്ശീറാസ്സി, ഭാഗം 360.

**മിൻഹാജുദ്ദുകാൻ ബ ദസ്തൂറുൽഅഅ്യാൻ ഫീ അഅ്മാൽ വിതർക്കീ ബിന്നാഫിഅഃ ലിൽ അബ്ദാൻ** - അഫ്‌ലാത്തൂനെ സമാനവിറയീസെ അവാനാ അബുൽമിനാ ഇബ്നു അബീനസ്റിൽഅതാ അൽ ഇസ്റായീലി അൽഹാറൂനീ (ജൂതൻ) ഭാഗം 86.

**സുബദ്ത്തുത്തിബ്ബ്** - സയ്യിദുൽ ഇമാം അബൂ ഇബ്റാഹീം ഇസ്മായിൽ ബിൻ ഹസനുൽഹുസൈനി അൽ ജർജാനീ ഭാഗം182.

**തിബ്ബെ അക്ബർ** - മുഹമ്മദ് അക്ബർ അർസാനീ, ഭാഗം 242.

**മീസാനുത്തിബ്ബ്** - മുഹമ്മദ് അക്ബർ അർസാനീ, ഭാഗം 152.

**സദീദി** - റയീസുൽമുതകല്ലിമീൻ ഇമാമുൽ മുഹഖ്ക്കിഖീൻ അസ്സദീദുൽ കാദ്റൂനി, വാല്യം 2, ഭാഗം 283.

**ഹാവീ** - കബീർ ഇബ്നു സകരിയ്യ - ചർമ്മരോഗങ്ങൾ

**ഖറാബാദിൻ** - ഇബ്നു തൽമീദ് - ചർമ്മരോഗങ്ങൾ

**ഖറാബാദിൻ** - ഇബ്നു അബീസാദീഖ് - ചർമ്മരോഗങ്ങൾ

വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ)ന്റെ 'മസീഹ് ഹിന്ദുസ്ഥാൻ മെ' എന്ന ഗ്രന്ഥത്തിൽ നിന്നെടുത്തതാണ് പ്രസ്തുത ലിസ്റ്റ്. (പേ. 56, 27)

# അനുബന്ധം II

## പാർഥനോജെനസിസ് (Parthenogenesis)

**അലൈംഗിക പ്രത്യുൽപാദനം (Parthenogenesis):** അതായത് ഒരു ജീവിയിൽ പുരുഷബീജവുമായി (Spermatozoon) ബീജ സങ്കലനം നടക്കാതെ തന്നെ അണ്ഡം (Ovum) വികസിച്ച് പുതിയ ജീവിയുണ്ടാകൽ.

പാർത്ഥനോജെനിസിസ് പ്രാണിലോകത്തും മത്സ്യങ്ങൾക്കിടയിലും ആഫിഡ് (അുവശറ മുഞ്ഞ: ഹെമിപ്റ്ററ്റ വിഭാഗത്തിൽപ്പെട്ട ഒരു തരം നാശകാരിയായ ഷഢ്പദം)കൾക്കിടയിലും സാധാരണയാണ്. ചിലതരം ഉരഗങ്ങളിൽ അതായത് കുറഞ്ഞ തോതിലും അപ്രതീക്ഷിതവുമായി മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ ജീവിക്കുന്ന പല്ലികൾക്ക് പാർഥനോജെനസിസ് വിജയകരമായ ഒരു അതിജീവന തന്ത്രമാണ്.[1] 1955-ലെ ലാൻസെറ്റിൽ ഒരു സ്ത്രീക്ക് ജനിച്ച പെൺശിശു പാർഥനോജെനറ്റിക് അല്ലെന്ന് തെളിയിക്കാൻ സാധ്യമായിട്ടില്ലെന്ന് റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. പരീക്ഷണാത്മകമായി സസ്തനികളിലും പാർഥനോജെനസിസ് മുഖേന പ്രജനനം നടത്തിയിട്ടുണ്ട്. എന്നിരുന്നാലും സസ്തനികളിൽ പാർഥനോജെനസിസ് മുഖേന സന്തതി ജനിച്ചതായി അസന്നിഗ്ധമായി രേഖപ്പെടുത്തിയിട്ടില്ല. പരമാവധി നടന്നത് എലികളിലും മുയലുകളിലും പാർഥനോജെനറ്റിക് ഭ്രൂണങ്ങൾ വികസിപ്പിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നതാണ്. ഗർഭധാരണത്തിന്റെ പകുതിഘട്ടം വരെ സാധാരണഗതിയിൽ പിന്നിട്ടിട്ടുണ്ടെങ്കിലും പിന്നീടു ജീവൻ നഷ്ടപ്പെടുകയോ ഗർഭഛിദ്രം സംഭവിക്കുകയോ ആണ് ചെയ്തത്.

മനുഷ്യനിൽ പാർഥനോജെനസിസിന്റെ സംഭവ്യത സംബന്ധിച്ച് ഒരു ഗവേഷണ പഠനം ഈയ്യിടെ നടക്കുകയുണ്ടായി. 'പാർഥനോജെനറ്റിക് പ്രവർത്തനങ്ങൾ വികസിപ്പിക്കലും അത് സംബന്ധിച്ച വ്യവസ്ഥാപിത പഠനവും; മനുഷ്യനിൽ അണ്ഡകങ്ങളുടെ (Oocyte) ആദ്യകാല രൂപീകരണവും [2] (The development and systematic study of the Parthenogenetic activation and early development of human Oocyte) എന്നതായിരുന്നു ഗവേഷണ വിഷയം. ഈ പഠനത്തിൽ പുരുഷ ബീജത്തോട് സമ്പർക്കത്തിലേർപ്പെട്ടിട്ടും ബീജസങ്കലനം നടക്കാത്ത പുതുതായി എടുത്ത അണ്ഡകം ആൽക്കഹോളുമായോ കാൽസ്യം അയണോഫോറുമായോ സമ്പർക്കത്തിൽ

വരുത്തുകയും പാർഥെനോ ജെനസിസ് പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയുമുണ്ടായി. ഈ പരീക്ഷണ പഠനത്തിന്റെ ഫലം കാൽസ്യം അയണോഫോറുമായി സമ്പർക്കത്തിലേർപ്പെടുന്ന മനുഷ്യന്റെ അണ്ഡകം പാർഥെനോജെനറ്റിക്കലായി പ്രവർത്തനനിരതമാകുന്നു എന്നതായിരുന്നു. പക്ഷേ എലികളുടെ അണ്ഡകത്തേക്കാൾ വളരെ മന്ദഗതിയിലാണ് മനുഷ്യന്റെ അണ്ഡകത്തിൽ പ്രവർത്തനം നടന്നത്. മനുഷ്യന്റെ അണ്ഡകത്തിൽ എട്ട് തവണ മാത്രമേ കോശവിഭജനം നടന്നുള്ളൂ. സ്ത്രീകളിലുണ്ടാകുന്ന ചില ഗർഭധാരണങ്ങളിൽ തുടക്കത്തിൽത്തന്നെയുണ്ടാകുന്ന ഗർഭഛിദ്രങ്ങൾ, അണ്ഡകങ്ങൾ സ്വയം തന്നെ പാർഥനോജെനറ്റിക്കലായി പ്രവർത്തനനിരതമാവുകയും പിന്നീട് അവ ഛിദ്രിക്കപ്പെടുന്നതുമൂലവുമാവാമെന്ന സാധ്യത ഈ പരീക്ഷണ വിവരങ്ങൾ വെളിപ്പെടുത്തുന്നു.

1995 ഒക്ടോബർ 7-ാം തിയ്യതിയിലെ New Scientist-Â ഭാഗികമായി മനുഷ്യനിൽ നടന്ന ഒരു പാർഥെനോജെനസിസ് പ്രതിഭാസത്തെ പറ്റി 'The boy whose blood has no father' (രക്തത്തിൽ പിതാവിന്റെ അംശമില്ലാത്ത കുട്ടി)[3] എന്ന ശീർഷകത്തിൽ ഒരു വാർത്ത റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഈ ആൺകുട്ടികളുടെ കാര്യത്തിൽ അവരുടെ എല്ലാ കോശങ്ങളിലും Y ക്രോമോസോമുകളായിരുന്നു. പക്ഷേ, മൂന്ന് വയസ്സായ ഈ കുട്ടിയുടെ കാര്യത്തിൽ പ്രത്യേക പഠനങ്ങൾ നടത്തിയപ്പോൾ അവന്റെ ശ്വേതരക്താണുക്കളിൽ തത ക്രോമോസോമുകൾ മാത്രം കണ്ടെത്തി. ചിലപ്പോൾ ക്രോമോസോം പരമമായി സ്ത്രീയായ വ്യക്തി പുരുഷജീൻ ഉൾക്കൊണ്ട ഒരു X ക്രോമോസോം വഹിക്കാറുണ്ട്. ഇത്തരത്തിലുള്ള ഒരു പ്രതിഭാസമായിരിക്കാമിതെന്നാണ് ഗവേഷകന്മാർ ആദ്യം ധരിച്ചത് എന്നും ഈ റിപ്പോർട്ടിൽ കാണുന്നു. പക്ഷേ, അവർ അതിസൂക്ഷ്മമായ ഉചഅ സാങ്കേതിക വിദ്യ ഉപയോഗിച്ച് പരിശോധിച്ചപ്പോൾ കുട്ടിയുടെ ശ്വേതരക്തകോശങ്ങളിൽ Y ക്രോമോസോമുകൾ കാണാൻ അവർക്ക് സാധിച്ചില്ല. എങ്കിലും കുട്ടിയുടെ തൊലി ജനിതകപരമായി രക്തത്തിൽ നിന്നും വിഭിന്നമായിരുന്നു. അതിൽ Xഉം Yഉം ക്രോമോസോമുകൾ കാണപ്പെടുകയുണ്ടായി.

കുട്ടിയുടെ തൊലിയിലും രക്തത്തിലുമുള്ള X ക്രോമോസോമുകളെപ്പറ്റി കൂടുതലായി സൂക്ഷ്മപഠനങ്ങൾ നടത്തിയപ്പോൾ അവ തത്സമങ്ങളാണെന്ന് (Identical) കാണുകയുണ്ടായി. അതെല്ലാം അവന്റെ മാതാവിൽ നിന്നും ലഭിച്ചതായിരുന്നു. അതുപോലെ രക്തത്തിലുള്ള മറ്റ് 22 ക്രോമോസോമുകളിലെ എല്ലാ ജോടികളിലേയും അംഗങ്ങൾ തത്സമങ്ങളായിരുന്നു. അവ മുഴുവനും തന്നെ മാതാവിൽ നിന്നും വന്നവയായിരുന്നു. ഈ പ്രതിഭാസത്തിന് ഗവേഷകന്മാർ

നൽകിയ വിശദീകരണം, ബീജസങ്കലനം നടക്കാത്ത അണ്ഡം സ്വയം പ്രതിപ്രവർത്തിക്കുകയും അവ വിഭജിച്ച് തത്സമകോശങ്ങളായിത്തീരുകയും ചെയ്തു എന്നാണ്. അതിനുശേഷം ഇത്തരത്തിൽ വിഭജിക്കപ്പെട്ട ഒരു കോശം പിതാവിന്റെ ബീജവുമായി സങ്കലനത്തിലേർപ്പെടുകയും ഈ കോശമിശ്രിതം സാധാരണ ഭ്രൂണമായി വളരുകയുമാണുണ്ടായത്.

ഇത് തെളിയിക്കുന്നത് പാർഥെനോജെനസിസ് മുഖേന സസ്തനികളിൽ സൃഷ്ടിക്കപ്പെടുന്ന കോശങ്ങൾ എപ്പോഴും വൈകല്യങ്ങളുള്ളവയാകണമെന്നില്ല എന്നാണ്. ഈ കുട്ടിയുടെ കാര്യത്തിൽ സാധാരണമായ ഒരു രക്തചംക്രമണ വ്യവസ്ഥ സൃഷ്ടിക്കാൻ അവ പ്രാപ്തമായിരുന്നു.

## ഹെർമാഫ്രഡൈറ്റിസം (Hermaphroditism)

ആൺ പെൺ ജനന ഗ്രന്ഥികൾ ഒരേ ശരീരത്തിൽ കാണപ്പെടുന്ന അസാധാരണ ലൈംഗികത; ബാഹ്യ ലൈംഗികാവയവങ്ങൾ ഇരുലിംഗങ്ങളുടെയും സവിശേഷതകൾ പ്രദർശിപ്പിക്കുകയും ക്രോമോസോമുകളിൽ ആൺ പെൺ ദ്വന്ദത കാണപ്പെടുകയും ചെയ്യുന്ന അവസ്ഥ (XX/XY)

വളർത്തു മുയലുകളിലെ സംയോജിത ഉഭയലിംഗത്വവും സ്വയം ബീജസങ്കലനവും (Combined Hermaphroditism and Auto fertilization in Domestic Rabbit) എന്ന പേരിൽ 1990ൽ നെതർലണ്ടിൽ ഒരു പഠനം നടക്കുകയുണ്ടായി. ഈ പഠന പരീക്ഷണത്തിൽ യഥാർത്ഥത്തിൽ ഉഭയലിംഗജീവിയായ (ഹെർമാഫ്രഡൈറ്റ്) ഒരു മുയലിനെ മറ്റു പെൺ മുയലുകളുമായി ഇണചേരാനനുവദിക്കുകയും ആണും പെണ്ണുമായ 250 ഓളം മുയലുകളെ പ്രസവിക്കുകയും ചെയ്തു. അടുത്ത പ്രജനന കാലത്ത് ഒറ്റക്ക് താമസിപ്പിച്ച പ്രസ്തുത മുയൽ ആൺ പെൺ വർഗ്ഗത്തിൽപ്പെട്ട 7 ആരോഗ്യവാന്മാരായ മുയലുകളെ പ്രസവിച്ചു. ആ മുയലിന്റെ മൃതദേഹം പരിശോധിച്ചപ്പോൾ വീണ്ടും അത് ഗർഭിണിയായിരുന്നു. പ്രവർത്തനക്ഷമമായ രണ്ട് അണ്ഡാശയങ്ങളും (Ovaries) പ്രവർത്തനക്ഷമമല്ലാത്ത രണ്ട് വൃഷണങ്ങളും (Testes) കാണപ്പെട്ടു. ക്രോമോസോം സജ്ജീകരണം: ഡൈപ്ളോയിഡ് ക്രോമോസോമുകളിൽ (Diploid Chromosome) ചിലത് അലിംഗക്രോമോസോമും (Autosome) ചിലത് ദ്വിലിംഗ ക്രോമോസോമുകളുമായി നിശ്ചിതമല്ലാത്ത രീതിയിൽ വിന്യസിക്കപ്പെട്ടിരിക്കുന്നു.

ഇല്ലിനോയ് സംസ്ഥാനത്തിലെ ചിക്കാഗോയിൽ ലെയിംഗ് ഇൻ ഹോസ്പിറ്റലൽ ഡിപ്പാർട്ട്മെന്റ് ഓഫ് ഒബ്സ്റ്റെട്രിക്സ ആൻഡ് ഗൈനക്കോളജി മനുഷ്യനിലെ ഉഭയലംഗത്വത്തെപ്പറ്റി ഒരു പഠനം നട

ത്തിയിരുന്നു. 4 യഥാർത്ഥ ഉഭയലിംഗിയായ 46 XX, 46 XY യിൽ സംഭവിക്കുന്ന സാങ്കല്പിക സംഭവങ്ങളുടെ ഫലങ്ങൾ നിർണ്ണയിക്കാനും അതുപോലെ അണ്ഢ-വൃഷണങ്ങളുള്ള യഥാർത്ഥ ഉഭയലിംഗിയുടെ ആദ്യ ഗർഭധാരണം റിപ്പോർട്ട് ചെയ്യലുമായിരുന്നു ഈ പഠനഗവേഷണത്തിന്റെ ഉദ്ദേശ്യം.

ഈ പഠനസംവിധാനത്തിൽ രോഗിയുടെ ലിംഫോസൈറ്റ്, ഫൈബ്രോബ്ളാസ്റ്റ്, ചുവന്ന രക്താണുക്കളുടെ ആന്റിജനുകൾ, മനുഷ്യനിലെ ലോക്കോസൈറ്റ്ഡ് ആന്റിജനുകൾ Yക്രോമോസോമിലെ ഡി ഓക്സീ റൈബോ ന്യൂക്ലിക് ആസിഡ് എന്നിവയിൽ ക്രോമോസോമുകൾ എങ്ങനെ പ്രവർത്തിക്കുന്നു എന്നതിന്റെ വിശകലനം കൂടി ഉൾക്കൊള്ളിച്ചിരുന്നു. ഇതിന്റെ കണ്ടെത്തലുകൾ മാതൃപിതൃ രക്തഗ്രൂപ്പുകളിലേയും സന്തതികളുടെ രക്തഗ്രൂപ്പുകളിലെയും ഡാറ്റാകളുമായി താരതമ്യം ചെയ്യുകയുമുണ്ടായി.

ഈ പഠനങ്ങളുടെ ഫലമായി നമ്മുടെ ഈ രോഗി ഒരു 'ഷിമേറ' (Chimera) യാണെന്ന് വെളിപ്പെടുകയുണ്ടായി. മാതൃപരവും പിതൃപരവുമായി പ്രദാനം ചെയ്യപ്പെട്ട ചുരുങ്ങിയത് ഒന്നിലധികം ജനിതകഘടകങ്ങളുള്ള കോശകലകൾ കാണപ്പെടുന്ന ജീവികളെയാണ് 'ഷിമേറ' എന്നു പറയുന്നത്. അതുകൂടാതെ അണ്ഡ-വൃഷണങ്ങൾ (Ovotestis) ഉള്ളത് കൊണ്ട് അവൾ ഗർഭം ധരിക്കുകയും ഒരു കുഞ്ഞിനെ പ്രസവിക്കുകയും ചെയ്തു.

---

1. Genetics : 1991 Sept. 129 (1) 211-9.
2. "Fertility - Sterility - 1991 No 56 (5): 904-12
3. This report concerned the research of David Bonthron et al and refers to the Oct 1995 issue of 'Nature Genetics' where their report is to be found.
4. Journal of Fertility and Sterility - JC: evf 57 (2) : 346-9 1992 Feb.

*അഭ്യസ്തവിദ്യരായ പൊതുജനത്തിന് വേണ്ടി യുക്തമായ രീതിയിൽ ക്രിസ്തുമതത്തെ മയപ്പെടുത്തുക എന്നത് ക്രിസ്തീയ എഴുത്തുകാരന്റേയോ പ്രബോധകന്റേയോ ജോലിയല്ല. അവതാരസിദ്ധാന്തം യഹൂദർക്ക് ഒരു പ്രതിബന്ധവും ഗ്രീക്കുകാർക്ക് ഒരു അസംബന്ധവുമായിരുന്നുവല്ലോ. ആയതിനാൽ ക്രിസ്തുമതം എപ്പോഴും യുക്തിയെ അതിവർത്തിക്കുന്നുവെന്ന് മാത്രമല്ല, വിരോധാഭാസത്തിൽ അത് അതുല്യവുമായിരിക്കും. അത്യന്തം വികാരഭരിതവും മതാഭിമുഖ്യമുള്ളതുമായ ഹൃദയാന്തരങ്ങളിൽ വിശ്വാസത്താൽ മാത്രം പ്രഖ്യാപിക്കപ്പെടുന്നതാണ് ക്രിസ്തുമതം. വിശ്വാസത്തിന് പകരം യുക്തി എന്നതിന്റെ അർത്ഥം ക്രിസ്തുമതത്തിന്റെ മരണം എന്നാണ്.*

–കീർക്കിഗാദ്–